# വ്യാകരണപഠനം

Course Code: M21ML04DC
Discipline Core Course
Postgraduate Programme
Malayalam Language and Literature



SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

# SREENARAYANAGURU OPEN UNIVERSITY

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

# വ്യാകരണപഠനം

Course Code: M21ML04DC

Semester- I

## Master of Arts
## Malayalam Language & Literature
## Self Learning Material

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

# വ്യാകരണപഠനം

Course Code: M21ML04DC
Semester- I
Discipline Core Course
Postgraduate Programme in
Malayalam Language and Literature

SREENARAYANAGURU
OPEN UNIVERSITY

**Academic Committee**

Prof. Dr. V. A. Valsalan
Dr. K. M. Anil
Dr. Siddeek M. A.
Dr. Rajani N.
Dr. Lekshmi V.S.
Dr Sunilkumar P.V.
Dr. S. Nazeeb
Adheesh U.
Dr. A. Sheelakumari

**Development of the Content**

Dr. Deepam S., Dr. Letha Devi Amma G., Dr. Anoop V., Asaletha V., Dr. C. Udayakala, Dr. C.V. Sudheer, Dr. Soumia Dasan

**Review and Edit**

Dr. James G.
Prof. Reghunathan Pilla G.

**Linguistics**

Dr. C.V. Sudheer

**Scrutiny**

Dr Lathika A.C., Aswani A. P., Dr. Deepam S., Dr. Deepthi V.S., Dr. Thara S.S., Dr. Abdusammed K.T., Muraleedharan K.V., Dr. Soumia Dasan

**Design Control**

Azeem Babu T.A.

**Cover Design**

Jobin J.

**Co-ordination**

**Director, MDDC :**
Dr. I.G. Shibi
**Asst. Director, MDDC :**
Dr. Sajeevkumar G.
**Coordinator, Development:**
Dr. Anfal M.
**Coordinator, Distribution:**
Dr. Sanitha K.K.

Scan this QR Code for reading the SLM on a digital device.

**Revised Edition**
October 2025

**Copyright**
© Sreenarayanaguru Open University

ISBN 978-81-994027-9-9

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

Visit and Subscribe our Social Media Platforms

# MESSAGE FROM VICE CHANCELLOR

Dear learner,

I extend my heartfelt greetings and profound enthusiasm as I warmly welcome you to Sreenarayanaguru Open University. Established in September 2020 as a state-led endeavour to promote higher education through open and distance learning modes, our institution was shaped by the guiding principle that access and quality are the cornerstones of equity. We have firmly resolved to uphold the highest standards of education. setting the benchmark and charting the course.

The programmes offered by the Sreenarayanaguru Open University aim to strike a quality balance, ensuring students are equipped for both personal growth and professional excellence. The University embraces the widely acclaimed "blended format," a practical framework that harmoniously integrates Self-Learning Materials, Classroom Counselling, and Virtual modes, fostering a dynamic and enriching experience for both learners and instructors.

The university aims to offer you an engaging and thought-provoking educational journey. The MA Malayalam programme has been meticulously designed to meet rigorous academic and literary standards. This programme blends classical and modern approaches to Malayalam language and literature. We are confident that you will find it intellectually stimulating and personally fulfilling. The Self-Learning Material has been meticulously crafted, incorporating relevant examples to facilitate better comprehension.

Rest assured, the university's student support services will be at your disposal throughout your academic journey, readily available to address any concerns or grievances you may encounter. We encourage you to reach out to us freely regarding any matter about your academic programme. It is our sincere wish that you achieve the utmost success.

Regards,
Dr. Jagathy Raj V. P. 01-10-2025

# പ്രവേശിക

## BLOCK-01

# Unit 1

# വ്യാകരണനിർവചനം

## Learning Outcomes

- ഭാഷാഘടനയും പ്രയോഗവും വിശകലനം ചെയ്ത് വ്യാകരണനിയമങ്ങളുടെ പ്രസക്തിയെക്കുറിച്ച് അറിവുനേടുന്നു
- ശരിയായി ഭാഷ കൈകാര്യം ചെയ്യുന്നതിന് വ്യാകരണം അറിഞ്ഞിരിക്കണമെന്ന കാഴ്ചപ്പാട് വളർത്തുന്നു
- വ്യാകരണനിയമങ്ങൾ മനഃപാഠമാക്കുകയല്ല പ്രയോഗത്തിലൂടെ പഠിക്കുകയാണ് വേണ്ടതെന്ന തത്വം മനസ്സിലാക്കുന്നു
- വ്യാകരണത്തെക്കുറിച്ചും വ്യാകരണനിയമങ്ങളെക്കുറിച്ചുമുള്ള അവബോധം ജനിക്കുന്നു

## Background

സംസ്കൃതത്തിൽ ആദ്യകാലത്ത് രൂപപ്പെട്ട് വികസിച്ച വ്യാകരണപദ്ധതിയാണ് ഭാരതീയ ഭാഷകളിൽ മിക്കതും പിന്തുടരുന്നത്. ആധുനിക ഭാഷാശാസ്ത്രത്തിന്റെ വികസനത്തിന് പോലും വഴി തെളിച്ച ഗ്രന്ഥമാണ് പാണിനിമഹർഷിയുടെ 'അഷ്ടാദ്ധ്യായി' അഥവാ 'പാണിനീയം' എന്ന സംസ്കൃതവ്യാകരണം. ബി. സി. 600-നും 300-നും ഇടയ്ക്കാണ് ഇതിന്റെ രചനാകാലമെന്ന് കരുതുന്നു. മനുഷ്യമനീഷയുടെ ജീവത്തായ അത്ഭുതസ്മാരകമായാണ് പാശ്ചാത്യപണ്ഡിതനായ ബ്ലൂംഫീൽഡ് പാണിനീയത്തെ വിശേഷിപ്പിച്ചത്. നാലായിരത്തോളം സൂത്രങ്ങളോടുകൂടിയ ഈ ഗ്രന്ഥം സംസ്കൃതഭാഷയുടെ സമ്പൂർണ്ണമായ വ്യാകരണമാണ്. പിൽക്കാലത്ത് സംസ്കൃതത്തിലുണ്ടായ വ്യാകരണപഠനങ്ങളെല്ലാം അഷ്ടാദ്ധ്യായിയുടെതന്നെ വൃത്തികളും വാർത്തികങ്ങളും ഭാഷ്യങ്ങളുമാണ്. പാണിനീയസൂത്രങ്ങളുടെ വ്യാഖ്യാനമാണ് വൃത്തി, വൃത്തിയുടെ വ്യാഖ്യാനമാണ് വാർത്തികം. കാത്യായനന്റെ വാർത്തികം പാണിനീയത്തെ വിമർശിച്ചുകൊണ്ടുള്ളതാണ്. പാണിനീയത്തിനുശേഷം ഏറ്റവും പ്രമാണികമെന്ന് അംഗീകരിക്കുന്ന പതഞ്ജലിയുടെ 'മഹാഭാഷ്യം' പാണിനീയത്തിലെ വിവരണാത്മകപദ്ധതി ഭാരതീയഭാഷകളെ വലിയ നിലയിൽ സ്വാധീനിക്കുകയുണ്ടായി.

## Keywords

അഭ്യൂഹികവ്യാകരണം - വ്യാകരണനിർവചനം - പ്രസക്തി - വ്യാകരണബോധനരീതികൾ - നിർദ്ദേശാത്മകവ്യാകരണം

## Discussion

### 1.1.1 വ്യാകരണം എന്നാൽ എന്ത്?

മനുഷ്യഭാഷയുടെ സവിശേഷതകളിൽ പ്രധാനപ്പെട്ട ഒന്നാണ് അതിന്റെ ഘടന. മനുഷ്യബുദ്ധിയുമായി ബന്ധപ്പെട്ടുനിൽക്കുന്ന ഈ ഘടന ഭാഷയുടെ പ്രയോഗത്തിൽ കൃത്യമായ നിയമങ്ങൾ കൊണ്ടുവന്നു. ആശയവിനിമയത്തിനായി ഉപയോഗിക്കുന്ന മിക്ക വാക്കുകൾക്കും സവിശേഷമായ അർഥങ്ങൾ കല്പിക്കപ്പെട്ടിട്ടുണ്ട്. വാക്കുകളുടെ പ്രത്യേകമായ കൂടിച്ചേരലുകളിലൂടെ അതിനെ പരിഷ്കരിച്ചെടുക്കാനും കഴിയും. അത്തരം പ്രവർത്തനങ്ങൾക്കെല്ലാം ഭാഷകൾ ചില ചിട്ടകളും നിയമങ്ങളും സൂക്ഷിക്കുന്നുണ്ട്. ഇപ്രകാരം നമ്മുടെ വ്യവഹാരത്തിൽ, ഭൗതിക നിലവാരത്തിനനുസൃതമായി ഭാഷ ഒരു ഘടന നിർമ്മിച്ചെടുത്തിട്ടുണ്ട്. ഈ ഘടനയെ സൂക്ഷ്മമായി വിശകലനം ചെയ്യുകയാണ് വ്യാകരണത്തിൽ ചെയ്യുന്നത്. ഭാഷയ്ക്ക് പൊതുവേ 'വാമൊഴി' എന്നും 'വരമൊഴി' എന്നും രണ്ടു ഭേദങ്ങളുണ്ട്. സംസാരഭാഷയാണ് വാമൊഴി. എഴുത്തുഭാഷയെ വരമൊഴി എന്നും പറയുന്നു. വരമൊഴിയോട് ഏറെ അടുത്ത് നിൽക്കുന്നതായിരിക്കും മാനകഭാഷ. അത് ഔപചാരിക സന്ദർഭങ്ങളിൽ സാമാന്യമായി ഉപയോഗിക്കുന്നതും ദേശഭേദങ്ങൾക്കപ്പുറം സ്വീകാര്യമായ ഭാഷാരീതിയാണെന്നും പറയാം. പരമ്പരാഗത വ്യാകരണരീതികളിൽ ഭാഷയുടെ മാനകരൂപത്തെയാണ് വിശകലനം ചെയ്യുന്നത്.

▶ വാമൊഴി, വരമൊഴി

സംസ്കൃതവ്യാകരണപാരമ്പര്യമനുസരിച്ച് വേദപഠനത്തിനാവശ്യമായ അനുബന്ധപഠനശാഖകളായ വേദാംഗങ്ങളിൽ ഒന്നാണ് വ്യാകരണം. ശിക്ഷ, ഛന്ദസ്സ്, വ്യാകരണം, നിരുക്തം, കല്പം, ജ്യോതിശാസ്ത്രം എന്നിങ്ങനെ ആറു വേദാംഗങ്ങളാണുള്ളത്.

- ശിക്ഷ – ഉച്ചാരണനിയമങ്ങളെ വിധിക്കുന്നു.
- ഛന്ദസ്സ് – വൃത്തശാസ്ത്രനിയമങ്ങളെ പ്രതിപാദിക്കുന്നു.
- വ്യാകരണം – ഭാഷാപ്രയോഗനിയമങ്ങളെ വിശദമാക്കുന്നു.
- നിരുക്തം – പദങ്ങളുടെ നിഷ്പത്തി, അർഥം എന്നിവ വ്യക്തമാക്കുന്നു
- കല്പം – വൈദികകർമ്മങ്ങളെ വിവരിക്കുന്നു.
- ജ്യോതിശാസ്ത്രം – കർമ്മാനുഷ്ഠാനങ്ങൾക്കുള്ള മുഹൂർത്തങ്ങളെയും മറ്റും ചർച്ച ചെയ്യുന്നു.

ഇവയിൽ ശിക്ഷ, വ്യാകരണം, നിരുക്തം എന്നീ മൂന്നെണ്ണമാണ് ഭാഷയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നത്. സംസ്കൃതത്തിൽ വ്യാകരണം അഥവാ വ്യാകരിക്കുക എന്നതിന് അപഗ്രഥനം അല്ലെങ്കിൽ അഴിച്ചെടുത്ത് പരിശോധിക്കുക എന്നാണ് അർഥം. വാക്യത്തെ വിഭജിച്ച് ചെറിയ ചെറിയ ഘടകങ്ങളാക്കി പരിശോധിക്കുകയാണ് വ്യാകരണം ചെയ്യുന്നത്. വാക്യം എന്ന വലിയ തലം മുതൽ ഏറ്റവും ചെറിയ വർണ്ണത്തിൽ അവസാനിക്കുന്ന തലം വരെയുള്ള ഘടകങ്ങളെ വിശകലനം ചെയ്ത് അന്വേഷിക്കുന്നതാണ് അപഗ്രഥനം എന്ന് പറയാം.

അതായത് ഘടനയിൽ ഉൾച്ചേർന്ന ഘടകങ്ങളെയും അവയുടെ ഉപഘടകങ്ങളെയും വേർതിരിച്ച് പഠിക്കുകയാണ് അപഗ്രഥനത്തിൽ ചെയ്യുന്നത്. എന്നാൽ ഇപ്പോഴത്തെ വ്യാകരണപഠനം വർണ്ണങ്ങളിൽനിന്ന് തുടങ്ങി വാക്യത്തിൽ അവസാനിക്കുന്ന ഉദ്ഗ്രഥനരീതിയിലാണ് നടക്കുന്നത്. ഘടകങ്ങളായി വേർതിരിച്ചെടുത്ത് വിശകലനം നടത്തുന്നു എന്നതാണ് വ്യാകരണപഠനത്തിന്റെ സവിശേഷത.

▶ വേദാംഗങ്ങൾ, വ്യാകരണം

വളർന്നുവരുന്ന സാംസ്കാരിക പരിസരത്തിൽ പ്രയോഗത്തിലുള്ള ഭാഷയിൽ കാര്യങ്ങൾ കേട്ടു മനസ്സിലാക്കാനും പറഞ്ഞു മനസ്സിലാക്കാനും സാധാരണഗതിയിൽ ഒരാൾക്ക് പ്രയാസം അനുഭവപ്പെടാറില്ല. അങ്ങനെ ചുറ്റുപാടുകളിൽനിന്ന് സ്വയമേവ ആർജ്ജിച്ചെടുക്കുന്ന സ്വാഭാവിക ഭാഷയാണ് മാതൃഭാഷയെന്നു പറയുന്നത്. എന്നാൽ അതേ ഭാഷയെക്കുറിച്ചുതന്നെ അറിയാനും പഠിക്കാനും ഭാഷയുടെ ഘടനയെ മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളിലും ഭാഷ ഉപയോഗിച്ചുപോരുന്നു. അവിടെയെല്ലാം വ്യാകരണമില്ലാതെ ഫലപ്രദമായ ഭാഷാവിനിമയം സാധ്യമല്ല. സമൂഹം, വ്യക്തി ഇവയിൽ അധിഷ്ഠിതമായ മനുഷ്യനിർമ്മിതികൾക്കെല്ലാം ഭാഷ ആവശ്യമാണ്. അതിനാൽ ഭാഷയും ഭാഷയെ നിർണ്ണയിക്കുന്ന വ്യാകരണവും പ്രാധാന്യമർഹിക്കുന്നു. ഭാഷ പഠിക്കുക എന്നാൽ വ്യാകരണത്തെ തിരിച്ചറിയുകയെന്നു കൂടിയാണർഥം. അതുകൊണ്ട് എല്ലാ മേഖലകളിലെയും വിനിമയസാധ്യതകൾ സാമൂഹ്യകേന്ദ്രിതമായ വ്യാകരണത്തിൽ അടങ്ങിയിട്ടുണ്ട്. പദങ്ങൾ, വാക്യങ്ങൾ, വാക്യഘടകങ്ങൾ ഇതെല്ലാം തിരിച്ചറിയുന്നത് വ്യാകരണപഠനത്തിലൂടെയാണ്.

▶ വ്യാകരണപഠനത്തിന്റെ ആവശ്യകത

ഭാഷ കൈകാര്യം ചെയ്യുന്ന വ്യക്തി അറിഞ്ഞോ അറിയാതെയോ വ്യാകരണം പ്രയോഗിക്കുന്നുണ്ട്. എങ്കിലും പ്രയോഗിക്കാനറിയുന്നതും പ്രയോഗതത്ത്വങ്ങൾ ബോധ്യപ്പെടുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഭാഷാപ്രയോഗങ്ങളെ സാങ്കേതികമായി മനസ്സിലാക്കുകയാണ് വ്യാകരണപഠനത്തിന്റെ ലക്ഷ്യം. മനുഷ്യവ്യവഹാരങ്ങളെ സംബന്ധിച്ച് അത് പ്രധാനമായൊരു പഠനവിഷയം ആണെന്നർഥം. വ്യാകരണപഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കെ. എം. പ്രഭാകരവാര്യർ പറയുന്നത് ഇപ്രകാരമാണ്. “വ്യാകരണത്തിന്റെ ധർമ്മം നിയമപാലനമല്ല, നിയമബോധമാണ്. ഭാഷയുടെ സ്വച്ഛന്ദതയെയോ പരിണാമസ്വഭാവത്തെയോ കെട്ടിമുറുക്കി തളച്ചിടാൻ വ്യാകരണത്തിന് കഴിയില്ല. സഹവർത്തിത്വത്തിനു സാമൂഹികവ്യവസ്ഥകൾ എത്രത്തോളം ആവശ്യമാണോ അത്രത്തോളംതന്നെ ആശയവിനിമയത്തിന് വ്യാകരണവ്യവസ്ഥകളും ആവശ്യമാണ്. വ്യാകരണനിയമങ്ങളെ അടിസ്ഥാനമാക്കിയല്ല ഭാഷയുടെ ഘടന നിർമ്മിച്ചിരിക്കുന്നത്. മറിച്ച് ഭാഷയുടെ ഘടനയെ അടിസ്ഥാനമാക്കി വ്യാകരണനിയമങ്ങൾ ഉണ്ടാക്കിയെടുക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ ഭാഷ പരിണമിച്ചുകൊണ്ടിരിക്കും. ആ ഭാഷാപരിണാമങ്ങൾക്കനുസരിച്ച് വ്യാകരണനിയമങ്ങളും കാലക്രമേണ മാറ്റേണ്ടിവരുന്നു”.

▶ ഭാഷയുടെ ഘടന

ഒരു ഭാഷയിലെ വാക്കുകളെയും വാക്കുകൾ ചേർന്നുണ്ടാകുന്ന വാക്യങ്ങളെയും വിഭജിച്ച് അർഥം നിർണ്ണയിക്കുന്ന ശാസ്ത്രമെന്ന് വ്യാകരണത്തെ പൊതുവേ പറയാം. സംസ്കൃതം, തമിഴ്, യൂറോപ്പിൽ വളർന്നു വികസിച്ച ആധുനിക ഭാഷാശാസ്ത്രം എന്നീ മൂന്ന് വഴിക്കുള്ള

വ്യാകരണപദ്ധതികളെ സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു വ്യാകരണസമ്പ്രദായമാണ് മലയാളത്തിൽ വികസിച്ചത്. ഇത് സ്വാഭാവികമാണ്. സംസ്കൃത വ്യാകരണത്തിലും തമിഴ് വ്യാകരണത്തിലും പണ്ഡിതന്മാരായവരാണ് മലയാളവ്യാകരണം കൈകാര്യം ചെയ്തത്. യൂറോപ്യന്മാരായ ഭാഷാപണ്ഡിതന്മാരുടെ സംഭാവനകൾ കൂടി ചേർന്നപ്പോൾ അതൊരു ത്രിവേണീസംഗമമായി. 'കേരളപാണിനീയം' ഈ മൂന്നു വ്യാകരണപദ്ധതികളെയും അനുവർത്തിക്കുന്നുണ്ട്. ഒരു ഭാഷയ്ക്ക് ഒരു വ്യാകരണമുണ്ടാകും. അഥവാ, ഒരു ഭാഷയ്ക്ക് ഒരു വ്യാകരണമേ ഉള്ളൂ എന്നു പറയാം. വ്യാകരണമാണ് ഒരു ഭാഷയെ മറ്റൊരു ഭാഷയിൽനിന്ന് വേർതിരിക്കുന്നത്. രണ്ടു ഭാഷകൾക്ക് ഒരേ അക്ഷരമാല ആകാം. ഒരേ ലിപി ഏർപ്പെടുത്താം. അവയിലെ പദങ്ങൾ സമാനാർഥങ്ങളാകാം. പിന്നെ എന്താണ് രണ്ടു ഭാഷകളെ തമ്മിൽ വ്യത്യാസപ്പെടുത്തുന്ന മൗലിക ഘടകം. അതു വ്യാകരണമല്ലാതെ മറ്റൊന്നുമല്ല, വ്യാകരണം മാറിയാൽ ഭാഷ മാറും. മലയാളം ഒരു പ്രത്യേക ഭാഷയാണ് എന്നതിനർഥം മലയാളത്തിന് സ്വന്തമായ ഒരു വ്യാകരണപദ്ധതിയുണ്ടെന്നതാണ്.

▶ വ്യാകരണത്തിന്റെ പ്രസക്തി

ഒരു ഭാഷയുടെ വ്യാകരണം നിർണ്ണയിക്കുന്നതിന് പല പദ്ധതികൾ ഭാഷാശാസ്ത്രം നിർദേശിക്കുന്നു. ഇതിലൊന്നിനാണ് എ. ആർ. രാജരാജവർമ്മ (കേരളപാണിനി) അഭ്യൂഹിക പ്രസ്ഥാനമെന്ന് പേർ നൽകുന്നത്. 'കേരളപാണിനീയം' ഒന്നാം പതിപ്പിൽ പാണിനി മഹർഷിയുടെ അഷ്ടാദ്ധ്യായിയെ അനുകരിച്ച് അഭ്യൂഹികസമ്പ്രദായത്തിന് പ്രാധാന്യം നൽകിയിരുന്നു. നിശ്ചിതമായ കാലയളവിൽ ഒരു ഭാഷ എങ്ങനെ വ്യവഹരിക്കപ്പെടുന്നു എന്നു വിവരിക്കുന്നതുകൊണ്ട് ഇതിന് 'ഏകകാലികവ്യാകരണം' എന്നും പേരുണ്ട്. ചരിത്രത്തെ അതായത്,ആ ഭാഷയുടെ ഉൽപ്പത്തിവികാസപരിണാമങ്ങളെ-ആസ്പദമാക്കിയുള്ള വ്യാകരണമാണ് ചരിത്രാത്മകവ്യാകരണം. ഇതിനെ ആഗമികവ്യാകരണമെന്നും കേരളപാണിനി വിളിക്കുന്നു. വ്യാകരിക്കേണ്ടുന്ന ഭാഷയുടെ ഉൽപ്പത്തി മുതൽ നാളിതുവരെയുള്ള ചരിത്രം ആരാഞ്ഞറിഞ്ഞ് പല പഠനത്തിലും ഉണ്ടായിട്ടുള്ള വ്യത്യാസങ്ങളെ കണ്ടുപിടിച്ച് അവയുടെ പോക്കിനുചേർന്ന വ്യവസ്ഥകൾ ഏർപ്പെടുത്തുകയാണിത്. ഇതിനെ ബഹുകാലികവ്യാകരണം എന്ന് പറയാം.

▶ അഭ്യൂഹിക - ആഗമിക സമ്പ്രദായങ്ങൾ

'കേരളപാണിനീയം' രണ്ടാം പതിപ്പിൽ വന്ന മുഖ്യമായ പരിഷ്കാരം അത് ആഗമികരീതിയിലെഴുതപ്പെട്ടു എന്നതാണ്. മലയാളത്തിന്റെ ഉദ്ഭവവും വികാസപരിണാമങ്ങളും വിവരിക്കുന്ന പീഠിക ഈ പരിഷ്കരണത്തിന്റെ ഫലമാണ്. ഒന്നും രണ്ടും പതിപ്പുകൾ തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി കേരളപാണിനി പറയുന്നത് നോക്കുക. 'അഹർമ്മാനവും യോഗ്യാദിയും എല്ലാം കഴിച്ചാൽ കേരളപാണിനീയം എന്ന പേർ മാത്രമേ ശേഷിക്കുകയുള്ളൂ. അതിനാൽ പ്രകൃത പുസ്തകം (ഇന്നുള്ള കേരളപാണിനീയം) കൊല്ലവർഷം 1071-ൽ (1896) പ്രസിദ്ധപ്പെടുത്തിയ കേരളപാണിനീയത്തിന്റെ ഒരു രണ്ടാം പതിപ്പാണെന്ന് പറഞ്ഞറിയിക്ക തന്നെ വേണ്ടിയിരുന്നു.' പാണിനിയെ അനുകരിച്ച് ഒന്നാം പതിപ്പിൽ സ്വീകരിച്ച സൂത്രവൃത്തിശൈലി ഉപേക്ഷിച്ച് രണ്ടാം പതിപ്പിൽ കാരികയും വിവരണവും എന്ന രീതി സ്വീകരിച്ചതും കേരളപാണിനീയത്തിന്റെ നവീനതയ്ക്ക് കാരണമായി. ഒരേ കുടുംബ

ത്തിൽപ്പെട്ട ഭാഷകളുടെ താരതമ്യാത്മക വ്യാകരണമാണ് മൂന്നാമതൊരു രീതി. റവ. റോബർട്ട് കാൽഡ്വലിന്റെ A Comparative Grammar of the Dravidian or the South Indian Family of Languages 'ദ്രാവിഡഭാഷകളുടെ താരതമ്യവ്യാകരണം' (1856) ദ്രാവിഡഭാഷകളുടെ താരതമ്യവ്യാകരണത്തിന്റെ ഏറ്റവും നല്ല മാതൃകയാണ്. ഉത്തരേന്ത്യയിലുള്ള 'ബ്രാഹുയി' കൂടാതെ 12 ഭാഷകളെ ഉൾപ്പെടുത്തിക്കൊണ്ട് 'ദ്രാവിഡം' എന്നൊരു ഭാഷാഗോത്രം ലോകശ്രദ്ധയിൽ കൊണ്ടു വന്നത് കാൽഡ്വലാണ്.

▶ കേരളപാണിനീയം: കാരിക - വിവരണരീതി

## 1.1.2 മനുഷ്യഭാഷയും വ്യാകരണവും

ആശയവിനിമയോപാധിയായി ഭാഷയുടെ ഉപയോഗം വിവിധ രീതിയിൽ പ്രചരിച്ചപ്പോൾ ഉണ്ടായ സ്ഥായിയായ ലക്ഷണങ്ങൾക്ക് ഏകീകരണവും ദൃഢതയും വരുത്തുന്നതിന് രൂപപ്പെടുത്തിയ നിയമസംഹിതയാണ് വ്യാകരണം. വ്യാകരണം ഭാഷയ്ക്ക് മുമ്പല്ല, ശേഷമാണുണ്ടായത്. അതിനാൽ വ്യാകരണം പഠിച്ചിട്ട് ഭാഷ അഭ്യസിക്കുകയല്ല വേണ്ടത്. ഭാഷ അല്പമെങ്കിലും അഭ്യസിച്ചിട്ടേ വ്യാകരണത്തിന് സ്ഥാനമുള്ളൂ. വ്യാകരണം ഭാഷാശരീരത്തിൽത്തന്നെ ലയിച്ചു കിടക്കുന്നു. ഭാഷയുടെ ശാസ്ത്രമാണ് വ്യാകരണം. അത് വാക്യഘടനയെ പ്രായോഗികമായി അപഗ്രഥിക്കുന്നു. വാക്യത്തിന്റെ ഘടകങ്ങളെന്ന നിലയിൽ വാക്കുകളെയും വാക്കുകൾ തമ്മിലുള്ള പരസ്പരബന്ധത്തെയും അവയുടെ വ്യാപാരങ്ങളെയും വ്യാകരണമാണ് പരിശോധിക്കുന്നത്. വ്യാകരണം പഠിക്കുമ്പോൾ നാം ഭാഷയല്ല പഠിക്കുന്നത്. ഭാഷയെക്കുറിച്ചാണ് പഠിക്കുന്നത്. എല്ലാ ഭാഷകൾക്കും പൊതുവായി ഒരു വ്യാകരണമുണ്ട്; അതാണ് സാർവലൗകികവ്യാകരണം. ചിന്തയുടെ പ്രകടനമാണ് ഭാഷ. ആ ചിന്തയാകട്ടെ സർവലൗകികവും. വാക്യം ചിന്തയുടെ ഏകകമാണ്. കർത്താവ്, കർമ്മം, ക്രിയ എന്നിവ തമ്മിലുള്ള പരസ്പരബന്ധം എല്ലായിടത്തും ഒരുപോലെയാണ്. വിവിധ ശബ്ദവിഭാഗങ്ങളുടെ വ്യാപാരവും ഒട്ടൊക്കെ തുല്യമാണ്. വ്യത്യാസമുണ്ടെങ്കിൽ അത് വ്യാപാരത്തിലല്ല; രൂപഘടനയിലാണ്. അതിനാൽ വിവിധ ഭാഷകളിലെ വ്യാകരണ നിയമങ്ങൾ താരതമ്യം ചെയ്തു പഠിപ്പിക്കുന്നതും ഉത്തമമാണ്.

▶ സാർവലൗകിക വ്യാകരണം

## 1.1.3 വ്യാകരണപഠനത്തിന്റെ പ്രസക്തി

ഭാഷാദ്ധ്യാപനത്തിൽ വ്യാകരണത്തിനുള്ള പ്രാധാന്യം പണ്ടുമുതൽക്കേ ചർച്ചയ്ക്ക് വിധേയമാണ്. ഋജുരീതി (പ്രത്യക്ഷബോധനരീതി) നടപ്പാക്കുന്നതിനു മുൻപ്, ഭാഷ ശരിയായി സംസാരിക്കാനും എഴുതാനും ഉള്ള കഴിവു നേടുന്നതിനു പ്രാരംഭമായി വ്യാകരണനിയമങ്ങൾ പഠിച്ചുപോന്നു. വ്യാകരണനിയമങ്ങളിൽ അവഗാഹം നേടിയാൽ പില്ക്കാലത്തു ഭാഷണത്തിനും എഴുത്തിനും അത് ഫലപ്രദമായി പ്രയോജനപ്പെടുത്താമെന്നായിരുന്നു അന്നത്തെ വിശ്വാസം. വ്യാകരണനിഷ്ഠമായ ഒരു ഭാഷ ഉറപ്പിക്കാൻ അത് കാരണമാകുകയും ചെയ്തു. അതിനാൽ പണ്ടുള്ള വ്യാകരണാദ്ധ്യാപകർ വ്യാകരണവും സ്വതന്ത്രവിഷയമായി പഠിപ്പിച്ചുവന്നു. വ്യാകരണനിയമങ്ങൾ ഹൃദിസ്ഥമാക്കാൻ കുട്ടികളെ നിർബന്ധിക്കുകയും ചെയ്തിരുന്നു. പൊതുവേ ഭാഷാപഠനമെന്നു വച്ചാൽ വ്യാകരണപഠനമായിരുന്നു. പ്രത്യക്ഷ

രീതി പ്രയോഗത്തിൽ വന്നതോടെ വ്യാകരണത്തിന് ഭാഷയിലുള്ള സ്ഥാനം വളരെയേറെ കുറഞ്ഞു. ഭാഷ ഒരു കലയായതിനാൽ നിയമങ്ങൾകൊണ്ടല്ല പ്രയോഗംകൊണ്ടാണ് അത് വശമാക്കേണ്ടതെന്ന് അഭിപ്രായം ഉയർന്നു വന്നു. ഋജുരീതിയുടെ വക്താക്കൾ അഭിപ്രായപ്പെടുന്നത്, സ്വാഭാവികമായ മാർഗത്തിലൂടെ ഭാഷ പഠിക്കണമെന്നാണ്. അനുകരണം, ബോധപൂർവമല്ലാത്ത സ്വാംശീകരണം എന്നിവയിലൂടെ കുട്ടി ഭാഷ വശമാക്കുന്നുണ്ട്, പ്രത്യേകിച്ച് മാതൃഭാഷ.

▶ ഭാഷാസ്വാംശീകരണത്തിന്റെ ഋജുരീതി

വ്യാകരണത്തിന് പല പരിമിതികളുണ്ട്. ഭാഷാപഠനത്തിന്റെ പ്രാഥമിക ഘടകം എന്ന നിലയിൽ അതു നൽകുന്നത് ശരിയല്ല. വ്യാകരണനിയമങ്ങൾ ആവിർഭവിക്കുന്നതിന് എത്രയോകാലം മുൻപ് ഭാഷ നിലനിന്നുപോന്നു. അതിനാൽ ഭാഷ തെറ്റുകൂടാതെ കൈകാര്യം ചെയ്യാൻ വ്യാകരണനിയമങ്ങൾ അറിഞ്ഞിരിക്കണമെങ്കിലും ഭാഷാദ്ധ്യാപനത്തിലെ പ്രധാനഘടകം അതല്ല. ഭാഷ പഠിക്കുന്ന പ്രാരംഭദശയിൽ ഔപചാരികമായ വ്യാകരണം ആവശ്യമില്ല. എന്നാൽ ഭാഷാപഠനത്തിൽ ന്യായമായ സ്ഥാനം വ്യാകരണത്തിന് നൽകുകയും വേണം. ആശയപ്രകടനത്തിനുള്ള ഉപകരണം എന്ന നിലയിൽ ഭാഷയുടെ ഘടന, ശരിയായ പ്രയോഗം, വാക്കുകളുടെ പരസ്പരബന്ധം ഇവ മനസ്സിലാക്കാൻ വ്യാകരണം ഉപകരിക്കുന്നു. നമ്മുടെ ഭാഷണവും എഴുത്തും ഭാഷാപരമായി ശരിയാണോ എന്ന് പരിശോധിക്കാൻ നമ്മെ പ്രാപ്തരാക്കുന്നതു വ്യാകരണമാണ്. ഭാഷാബോധനം പരാജയപ്പെടുന്ന ഘട്ടത്തിൽ നമുക്ക് മാർഗനിർദ്ദേശം നൽകാൻ വ്യാകരണനിയമങ്ങൾ സഹായകമാകുന്നു. എന്തിന്? എന്തുകൊണ്ട്? എന്നിങ്ങനെ ഭാഷാപരമായി ഉദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നത് വ്യാകരണസംബന്ധമായ അറിവാണ്.

▶ വാക്യഘടനയുടെ അടിസ്ഥാനം വ്യാകരണമാണ്.

## 1.1.4 വ്യാകരണപഠനത്തിന്റെ ബോധനരീതികൾ

**നിഗമനരീതി** - വ്യാകരണധ്യാപനത്തിന് ആദ്യം സ്വീകരിച്ചുപോന്ന രീതിയാണിത്. പ്രയോഗങ്ങൾ അവതരിപ്പിക്കുകയോ ചൂണ്ടിക്കാണിക്കുകയോ ചെയ്യാതെ ആദ്യം പ്രമാണങ്ങൾ അവതരിപ്പിക്കുകയാണ് നിഗമനരീതിയുടെ സ്വഭാവം അധ്യാപകൻ, വ്യാകരണ സംബന്ധമായി നിർവചനങ്ങൾ ആദ്യം നൽകുന്നു. തുടർന്ന് പ്രമാണങ്ങൾ ശരിയാണെന്ന് തെളിയിക്കാനുതകുന്ന ഉദാഹരണങ്ങൾ നൽകുന്നു. നിർവചനം പറഞ്ഞു കൊടുത്താൽ അത് മനഃപാഠമാക്കാനുള്ള നിർദ്ദേശവും നൽകും. ഉദാ: നാമം എന്തെന്ന് പഠിപ്പിക്കാൻ എന്തിന്റെയെങ്കിലും പേരായ ശബ്ദത്തിന് നാമം എന്ന് പറയുന്നു. ഈ നിർവചനം ആദ്യം പഠിപ്പിച്ച് ഉദാഹരണങ്ങൾ പിന്നീട് നൽകുകയാണ് പതിവ്. ഉദാഹരണങ്ങൾ വിശദീകരിച്ച് നിർവചനങ്ങളിൽ അടങ്ങിയ തത്വം സമർഥിക്കേണ്ട ചുമതല അധ്യാപകനാണ്. ഒടുവിൽ ധാരാളം അഭ്യാസങ്ങൾ ചെയ്യിച്ച് പ്രമാണവും അതിന്റെ പ്രയോഗവും ഉറപ്പിക്കണം. ഈ രീതി അവലംബിക്കുമ്പോൾ കുട്ടികളേക്കാളേറെ അധ്യാപകനാണ് ചിന്തിക്കുന്നതും പ്രവൃത്തിക്കുന്നതും. കുട്ടികളിൽ അധികവും കേഴ്വിക്കാർ മാത്രമായിരിക്കും. പല സന്ദർഭങ്ങളിലും അവരുടെ ചിന്താശക്തിയ്ക്ക് സ്തംഭനം ഉണ്ടാകാം. തത്വങ്ങളിൽനിന്ന് ഉദാഹരണങ്ങൾ കണ്ടെത്തി അത് സമർഥിക്കുന്നതിനാൽ ഈ രീതിയ്ക്ക് നിഗമനരീതി അഥവാ തത്വസമർഥനരീതി എന്ന് പറയുന്നു. നിർവചനം, ഉദാഹരണം,

വിശദീകരണം, പരീക്ഷണം എന്നീ നാല് ഘട്ടങ്ങളാണ് ഈ രീതിയ്ക്കുള്ളത്. നിഗമനരീതി അഥവാ തത്ത്വസമർഥനരീതി എന്നും ഈ രീതി അറിയപ്പെടുന്നു. പൊതുവെ ഈ രീതി ഇപ്പോൾ പിന്തുടരാറില്ല.

**ആഗമനരീതി** - ഇന്ന് വ്യാകരണദ്ധ്യാപനത്തിന് പൊതുവെ സ്വീകരിക്കുന്നത് ആഗമനരീതിയാണ്. പ്രത്യക്ഷമായ ഒന്നിനെ ഊഹിച്ചെടുക്കുക എന്ന തത്ത്വത്തെ അവലംബമാക്കിയുള്ളതാണ് തത്വാനുമാനരീതി അഥവാ ആഗമനരീതി. സ്വാഭാവികമായ രീതിയാണിത്. 'വിശേഷ്യത്തിൽ നിന്ന് സാമാന്യത്തിലേയ്ക്ക്' എന്ന വിദ്യാഭ്യാസതത്വം ഇവിടെ പിന്തുടരുന്നു. ധാരാളം ഉദാഹരണങ്ങൾ നൽകി അവയ്ക്ക് പൊതുവായ പ്രമാണം കണ്ടെത്തുകയത്രേ ഈ രീതിയുടെ സ്വഭാവം. ഉദാഹരണമായി നാമം എന്തെന്ന് പഠിപ്പിക്കണമെന്നിരിക്കട്ടെ. ആദ്യം ചില നാമപദങ്ങൾ (നാമം എന്ന ശബ്ദം അവതരിപ്പിക്കാതെ) അധ്യാപകൻ അവതരിപ്പിക്കുകയോ കുട്ടികളെക്കൊണ്ട് പറയിക്കുകയോ ചെയ്യുന്നു. ഇങ്ങനെ ഉദാഹരണങ്ങളുമായി പരിചയപ്പെട്ട ശേഷം അവ ഉൾക്കൊള്ളുന്ന പൊതുതത്ത്വങ്ങൾ കുട്ടികൾ അനുമാനിച്ചെടുക്കുന്നു. അതിന് അധ്യാപകന്റെ സഹായം വേണ്ടിവരും എന്ന വസ്തുത വിസ്മരിക്കരുത്. പ്രമാണങ്ങൾ സ്വയം കണ്ടുപിടിക്കുന്നതിന് കുട്ടികളെ സഹായിക്കേണ്ടത് അധ്യാകനാണ്. ഇങ്ങനെ നിരീക്ഷണം, താരതമ്യപ്പെടുത്തൽ, പ്രമാണ രൂപവൽക്കരണം, അഭ്യാസങ്ങൾ എന്നീ നാലു ഘട്ടങ്ങൾ തത്വാനുമാനരീതിക്കുണ്ട്. യുക്തമായ കുറെ ഉദാഹരണങ്ങൾ നൽകി അവ നിരീക്ഷിക്കാനുള്ള അവസരം ആദ്യം കുട്ടികൾക്ക് നൽകുന്നു. അവ പരിശോധിച്ച് അവർ താരതമ്യപഠനം നടത്തുന്നു. താരതമ്യപഠനങ്ങളിലൂടെ പ്രമാണത്തിൽ എത്തിച്ചേരാം. അവസാനം പ്രമാണങ്ങളും പ്രയോഗങ്ങളും ഉറപ്പിക്കാൻ ധാരാളം അഭ്യാസങ്ങൾ നൽകണം. തത്വാനുമാനരീതിയുടെ അവസാനഘട്ടത്തിൽ തത്ത്വസമർഥന രീതിയും പ്രയോഗിക്കാം. അപ്പോഴേ പ്രയോഗങ്ങൾ ഉറപ്പിക്കാൻ കഴിയൂ. വ്യാകരണദ്ധ്യാപനത്തിൽ ഇന്ന് സർവസാധാരണമായി ഈ സമ്പ്രദായം സ്വീകരിച്ചിരിക്കുന്നു. വ്യാകരണനിയമങ്ങൾ തത്വാനുമാനരീതിയിൽ പഠിപ്പിക്കണം തുടർന്ന് തത്വസമർഥനരീതി അവലംബിച്ച് അഭ്യാസങ്ങൾ നൽകണം. കുട്ടികൾക്ക് വ്യാകരണപഠനത്തിൽ താല്പര്യം ജനിപ്പിക്കാൻ ഈ രീതി പര്യാപ്തമാണ്. വ്യാകരണം ഫലപ്രദമായി പഠിപ്പിക്കാൻ അധ്യാപകന്റെ ആത്മാർഥമായ പ്രയത്നം ആവശ്യമാണ്. മാത്രമല്ല വ്യാകരണത്തിൽ വേണ്ടത്ര അവഗാഹവും ബോധപൂർവമായ സമീപനവും ഉണ്ടെങ്കിലേ പഠനം വിജയിക്കുകയുള്ളൂ. ഗദ്യമോ കവിതയോ പഠിപ്പിക്കുന്നതിനേക്കാൾ വിഷമകരമാണ് വ്യാകരണാദ്ധ്യാപനം.

> ▶ 'വിശേഷ്യത്തിൽ നിന്ന് സാമാന്യത്തിലേയ്ക്ക്' എന്ന വിദ്യാഭ്യാസതത്വം ഇവിടെ പിന്തുടരുന്നു.

## 1.1.5 നിർദ്ദേശാത്മക വ്യാകരണം, അഭ്യൂഹികവ്യാകരണം എന്നീ സങ്കല്പനങ്ങൾ

### നിർദ്ദേശാത്മക വ്യാകരണം (Prescriptive Grammar)

ഒരു ഭാഷയുടെ ഘടനയെക്കുറിച്ച് അപഗ്രഥനം നടത്തി അതിലെ ശരിതെറ്റുകളെ വേർതിരിച്ച് കാണിച്ച് നിയമപരമായി ശരിയായ പ്രയോഗങ്ങളെ മാത്രം പ്രോത്സാഹിപ്പിക്കുന്ന സമീപനരീതിയാണ് നിർദ്ദേ

ശാത്മകവ്യാകരണത്തിന്റേത്. പാരമ്പര്യവ്യാകരണഗ്രന്ഥങ്ങളിലെല്ലാം സ്വീകരിച്ചിരിക്കുന്ന ഈ സമീപനരീതിയിൽ പ്രയോഗസാധ്യതയുള്ള ഭാഷാരൂപങ്ങളെ നിർദ്ദേശിക്കുന്നു. ഒരു ഭാഷ യഥാർഥത്തിൽ എങ്ങനെയെല്ലാം ഉപയോഗിക്കുന്നു എന്ന് വിശദീകരിക്കുന്നതിനു പകരം, ഒരു ഭാഷ എങ്ങനെ മാത്രമേ ഉപയോഗിക്കാവൂ അല്ലെങ്കിൽ എങ്ങനെയെല്ലാം ഉപയോഗിക്കാൻ പാടില്ലാ എന്ന് ഭാഷാപ്രയോഗങ്ങളെ ശരിയും തെറ്റുമായി വിധിക്കാനാണ് ഈ രീതിക്ക് താല്പര്യം. ഭാഷാപ്രയോഗങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങൾ നിർദ്ദേശിക്കുന്നതിനാലാണ് ഈ രീതിയെ നിർദ്ദേശാത്മകവ്യാകരണം എന്നു വിളിക്കുന്നത്. ഭാഷയുടെ പൊതുഘടനയിൽനിന്ന് മാനകീകരണം സംഭവിച്ച രൂപങ്ങളാണ് പ്രധാനമായും നിർദ്ദേശാത്മകവ്യാകരണം മുന്നോട്ടു വയ്ക്കുന്നത്. വ്യാകരണനിയമം അനുസരിച്ചുള്ളവ ശരി. അല്ലാത്തവ തെറ്റ്. പുതിയ രീതിയനുസരിച്ച് രണ്ടു രീതിയും ശരിയായി ഉപയോഗിക്കുന്നു.

▶ ഭാഷാപ്രയോഗങ്ങളെ നിയന്ത്രിക്കുന്ന നിയമനിർദ്ദേശം

ഉ ദ ാ :

| ശരി | തെറ്റ് |
|---|---|
| അധ്യാപകൻ | അധ്യാപകൻ |
| തത്ത്വം | തത്വം |
| ഓരോ പുസ്തകം | ഓരോ പുസ്തകങ്ങൾ |

## അഭ്യൂഹികവ്യാകരണം

നിലവിലുള്ള ഭാഷയുടെ പ്രയോഗങ്ങൾക്ക് അടിസ്ഥാനമാകുന്ന ഭാഷാനിയമങ്ങളെ രേഖപ്പെടുത്തുകയാണ് അഭ്യൂഹികവ്യാകരണം. എ. ആർ. രാജരാജവർമ്മ മലയാളത്തിന് വ്യാകരണം എഴുതാൻ ആശ്രയിച്ചത് സംസ്കൃതത്തിലെ പ്രഖ്യാതമായ 'പാണിനീയ'ത്തെയാണ്. 'കേരളപാണിനീയം' എന്ന പേരു തന്നെ ഇതിനുദാഹരണമാണ്. ഭാഷാനിയമങ്ങളെ വിവരിക്കുകയും ഭാഷാഘടനയെ വ്യക്തമാക്കുകയും ചെയ്യുന്ന സമീപനമാണ് 1896-ൽ പ്രസിദ്ധീകരിച്ച ആദ്യപതിപ്പിൽ അദ്ദേഹം സ്വീകരിച്ചത്. അതിന്റെ മുഖവുരയിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു. 'സൂത്രങ്ങളെ എല്ലാം ഈ ഗ്രന്ഥത്തിൽ പാണിനി മഹർഷിയുടെ പഴയ കരുവിൽ ഒഴിച്ച് വാർക്കാൻ പുറപ്പെട്ടത് ചിലർക്കു രസിച്ചില്ലെന്നു വരാവുന്നതാണ്. എന്നാൽ അവരോടു എന്റെ ഈ ബാലിശകുതൂഹലത്തെ ക്ഷമിക്കുന്നതിനും സൂത്രങ്ങളെ വകവയ്ക്കാതെ വൃത്തികളെ മാത്രം വായിച്ചുകൊള്ളുവാനും പ്രാർഥിക്കയേ നിർവാഹമുള്ളൂ. പാണിനീയവ്യാകരണത്തിന്റെ നേരെ എനിക്ക് ഒരുപക്ഷപാതം വന്നുപോയി എന്ന് വരാതിരിക്കാൻ ഞാൻ നല്ല വണ്ണം യത്നിച്ചിട്ടുണ്ടെന്ന് പൊതുവെ ചുരുക്കത്താൽ പറഞ്ഞാൽ മതിയല്ലോ' (കേരളപാണിനീയം ഒന്നാം പതിപ്പ്). ഈ ഗ്രന്ഥത്തിന്റെ പ്രതിപാദനശൈലിയും സംവിധാനവുമാണ് അദ്ദേഹം എടുത്തുപറയുന്നതെങ്കിലും അതിന്റെ ചിന്താപദ്ധതിയ്ക്കും 'പാണിനീയ'ത്തോടു ബന്ധമുണ്ട്.

▶ 'കേരളപാണിനീയ' മുഖവുര

രണ്ടു ദശകം കഴിഞ്ഞു 'കേരളപാണിനീയ'ത്തിന്റെ പരിഷ്ക്കരിച്ച പതിപ്പ് (1916) പ്രസിദ്ധീകരിക്കുമ്പോൾ അദ്ദേഹം ഈ രീതി ഉപേക്ഷിക്കുന്നുണ്ട്. അവിടെ തന്റെ വ്യാകരണരചനാപദ്ധതിയെത്തന്നെ മാറ്റിയതിന് അദ്ദേഹം സാക്ഷ്യം പറഞ്ഞിട്ടുണ്ട്. "ഒരു ഭാഷയ്ക്ക് വ്യാകരണം ചെയ്യുന്നത് രണ്ടു വിധം ആകാം. ആ ഭാഷയിലെ രൂപസിദ്ധിക്രമം, അന്വയസമ്പ്രദായം മുതലായത് തൽക്കാലത്തെ രീതിയനുസരിച്ച്

പരീക്ഷിച്ച് നോക്കിയിട്ട് അതിനെല്ലാം ഉൽപത്തി ഉണ്ടാക്കത്തക്കവിധം ചില സിദ്ധാന്തങ്ങളെ കല്പിച്ചുകൊള്ളുക. ഇത് അഭ്യൂഹം എന്നു പറയുന്ന കേവലയുക്തിയെ അടിസ്ഥാനമാക്കി പുറപ്പെടുന്ന മാർഗമാകയാൽ ഇതിന് അഭ്യൂഹികപ്രസ്ഥാനമെന്നുപേർ. ഇങ്ങനെ അല്ലെങ്കിൽ വ്യാകരിക്കേണ്ടുന്ന ഭാഷയുടെ ഉൽപ്പത്തി മുതൽ നാളിതുവരെയുള്ള ചരിത്രം ആരാഞ്ഞറിഞ്ഞ് പല പതനങ്ങളിലും ഉണ്ടായിട്ടുള്ള വ്യത്യാസങ്ങളെ കണ്ടുപിടിച്ച് അതുകളുടെ പോക്കിനുചേർന്ന വ്യവസ്ഥകൾ ഏർപ്പെടുത്തുക. ഇത് ആഗമത്തെ (ചരിത്രത്തെ) ആസ്പദമാക്കിയിട്ടുള്ള പുറപ്പാടാകയാൽ ഇതിന് ആഗമികപ്രസ്ഥാനമെന്നു പേർ. എളുപ്പത്തിൽ എഴുതിയുണ്ടാക്കാവുന്നത് അഭ്യൂഹികവ്യാകരണമായിരിക്കും, എന്നാൽ ഉപയോഗമധികം ആഗമികവ്യാകരണം കൊണ്ടാണ്. വ്യാകരണത്തെ ശാസ്ത്രങ്ങളുടെ കൂട്ടത്തിൽ ഗണിക്കണമെങ്കിൽത്തന്നെ അത് ആഗമികമാർഗത്തിലുള്ളതായിരിക്കണം."(കേരളപാണിനീയം രണ്ടാം പതിപ്പ് ആമുഖം).

- കേരളപാണിനീയം പരിഷ്ക്കരിച്ച രണ്ടാം പതിപ്പ്

## Summarised Overview

പരമ്പരാഗത വ്യാകരണരീതികളിൽ ഭാഷയുടെ മാനകരൂപത്തെയാണ് വിശകലനം ചെയ്യുന്നത്. വാമൊഴിയുടെ വർണ്ണപദവാക്യതലങ്ങളിൽ നിലനിൽക്കുന്ന അനവധി ഭേദങ്ങളെ വ്യാകരണചർച്ചകളിൽ കാര്യമായി പരിഗണിക്കാൻ ഉത്സാഹിക്കാത്തത് അതിന്റെ ലക്ഷണമായി എടുക്കാം. 'ഭാഷ പഠിക്കുക' എന്നാൽ വ്യാകരണത്തെ തിരിച്ചറിയുകയെന്നു കൂടിയാണർഥം. അതുകൊണ്ട് എല്ലാ മേഖലകളിലെയും വിനിമയസാധ്യതകൾ സാമൂഹ്യകേന്ദ്രിതമായ വ്യാകരണത്തിൽ അടങ്ങിയിട്ടുണ്ട് - പദങ്ങൾ, വാക്യങ്ങൾ, വാക്യഘടകങ്ങൾ ഇതെല്ലാം തിരിച്ചറിയുന്നത് വ്യാകരണപഠനത്തിലൂടെയാണ്. ഒരു ഭാഷയിലെ വാക്കുകളെയും വാക്കുകൾ ചേർന്നുണ്ടാകുന്ന വാക്യങ്ങളെയും വിഭജിച്ച് അർഥം നിർണ്ണയിക്കുന്ന ശാസ്ത്രമെന്ന് വ്യാകരണത്തെ പൊതുവേ പറയാം. ഒരു ഭാഷയുടെ വ്യാകരണം നിർണ്ണയിക്കുന്നതിന് പല പദ്ധതികൾ ഭാഷാശാസ്ത്രം നിർദ്ദേശിക്കുന്നു. ഇതിലൊന്നിനാണ് കേരളപാണിനി അഭ്യൂഹികപ്രസ്ഥാനമെന്ന് പേർ നൽകുന്നത്.

വ്യാകരണ അധ്യാപനത്തിന് നിഗമനരീതി, ആഗമനരീതി എന്നിങ്ങനെ രണ്ടുരീതികളുണ്ട്. തത്ത്വത്തിൽ നിന്ന് ഉദാഹരണത്തിലേക്ക് പോകുന്നതിനെ നിഗമനരീതി എന്നും ഉദാഹരണത്തിൽ നിന്ന് തത്ത്വങ്ങളിലേക്ക് പോകുന്നതിനെ ആഗമനരീതി എന്നും പറയുന്നു. വിവരണാത്മകം, നിർദ്ദേശാത്മകം, ചരിത്രാത്മകം, തുലനാത്മകം, വ്യതിരേകാത്മകം എന്നിവയാണ് പ്രധാനപ്പെട്ട ഭാഷാപഗ്രഥന രീതികൾ. പ്രാദേശികഭേദങ്ങളും ഭാഷാവൈവിധ്യങ്ങളും നിലനിൽക്കുന്ന പ്രദേശത്തെ ഒരുമിച്ചു ചേർക്കുന്നതും പൊതുവായ ആശയവിനിമയത്തിന് സഹായകമാകും വിധം പ്രയോഗത്തിൽ ഐക്യരൂപം വരുത്തിയ ഭാഷയെയാണ് മാനകഭാഷ എന്നു പറയുന്നത്.

## Assignments

1. ആധുനിക ഭാഷാശാസ്ത്രവും പാരമ്പര്യവ്യാകരണസമ്പ്രദായങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളെക്കുറിച്ച് വിവരിക്കുക.
2. ഭാഷാപഠനത്തിൽ വ്യാകരണത്തിന്റെ പ്രാധാന്യം വിശദമാക്കുക.
3. നിർദ്ദേശാത്മക വ്യാകരണം എന്നാലെന്ത്? വിവരിക്കുക.
4. പാരമ്പര്യവ്യാകരണം എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്- വ്യക്തമാക്കുക.
5. അഭ്യൂഹിക - ആഗമിക വ്യാകരണങ്ങൾ വിവരിക്കുക.
6. ഒരു വ്യാകരണഗ്രന്ഥം എന്ന നിലയിൽ 'കേരളപാണിനീയ'ത്തിന്റെ പ്രസക്തി ചർച്ച ചെയ്യുക.
7. വ്യാകരണപഠനത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം? ചർച്ച ചെയ്യുക
8. വിവരണാത്മക വ്യാകരണം എന്നാലെന്ത്? കുറിപ്പ് തയ്യാറാക്കുക.
9. വ്യാകരണപഠനത്തിലെ വിവിധ സമീപനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.
10. ഭാഷാപഠനത്തിൽ വ്യാകരണത്തിന്റെ പ്രാധാന്യം വിശദമാക്കുക.

## Reference


1. എ. ആർ. രാജരാജവർമ്മ, കേരളപാണിനീയം, ഡി. സി. ബുക്സ്, കോട്ടയം.
2. സി. എൽ. ആന്റണി, കേരളപാണിനീയഭാഷ്യം, ഡി. സി. ബുക്സ്, കോട്ടയം.
3. സി. എൽ. ആന്റണി, ഭാഷാപഠനങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ
4. കുട്ടികൃഷ്ണമാരാർ, ഭാഷാപരിചയം, പി.കെ. ബ്രദേഴ്സ്, കോഴിക്കോട്.
5. ഹെർമൻ ഗുണ്ടർട്ട്, മലയാള ഭാഷാവ്യാകരണം. ഡി. സി. ബുക്സ്, കോട്ടയം.
6. എൻ. ആർ. ഗോപിനാഥപിള്ള, ഭാഷാനിരീക്ഷണം, എസ്. പി. സി. എസ്, കോട്ടയം.
7. പി. കെ. നാരായണപിള്ള, വ്യാകരണപ്രവേശിക, കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
8. കെ. എം. പ്രഭാകരവാര്യർ, പൂർവകേരളഭാഷ, മദിരാശി സർവകലാശാല.


## Suggested Reading


1. പുതുശ്ശേരി രാമചന്ദ്രൻ (സമ്പാദനം), കേരളപാണിനീയവിമർശനം, കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. സി. വി. വാസുദേവഭട്ടതിരി, കേരളപാണിനീയപാഠങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.
3. കെ. ശ്രീകുമാരി, മലയാളത്തിലെ നാമവർഗം, താരതമ്യപഠനസംഘം, ചങ്ങനാശ്ശേരി.
4. എം. ശേഷഗിരിപ്രഭു, വ്യാകരണമിത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ.
5. കെ. സുകുമാരപിള്ള, ആധുനികമലയാളവ്യാകരണം, ഉഷാപബ്ലിക്കേഷൻ, ചടയമംഗലം.
6. എൻ. കെ. മേരി, മലയാളവ്യാകരണസിദ്ധാന്തങ്ങൾ: കേരളപാണിനീയത്തിനുശേഷം, താരതമ്യപഠനസംഘം, ചങ്ങനാശ്ശേരി.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# Unit 2

# വ്യാകരണചരിത്രം

## Learning Outcomes

- വ്യാകരണത്തിന്റെ ചരിത്രം മനസ്സിലാക്കുന്നു
- വിവിധ വ്യാകരണകൃതികളും അവയുടെ പാരമ്പര്യവും ഗ്രഹിക്കുന്നു
- വ്യത്യസ്ത വ്യാകരണകൃതികളുടെ പഠനത്തിലൂടെ ഓരോ കാലഘട്ടത്തിലുമുള്ള ഭാഷയുടെ മാറ്റങ്ങൾ ഉൾക്കൊള്ളുന്നു
- മലയാളഭാഷയുടെ ഉൽപ്പത്തിയെക്കുറിച്ച് മനസ്സിലാക്കുന്നു
- കേരളപാണിനിയുടെ ഭാഷോൽപ്പത്തി സിദ്ധാന്തത്തെക്കുറിച്ച് ഗ്രഹിക്കുന്നു

## Background

'തൊൽക്കാപ്പിയ'മാണ് കണ്ടുകിട്ടിയിട്ടുള്ളതിൽ വെച്ച് ഏറ്റവും പ്രധാന തമിഴ് വ്യാകരണഗ്രന്ഥം. അതിനു മുൻപ് അഗസ്ത്യമുനിയുടെ 'പേരകത്തിയം' രചിക്കപ്പെട്ടിട്ടുണ്ട് എന്ന് പറയുന്നുണ്ടെങ്കിലും കണ്ടുകിട്ടിയിട്ടില്ല. 'തൊൽക്കാപ്പിയ'ത്തിന്റെ കർത്താവ് തൊൽക്കാപ്പിയരാണെന്ന് പറയുന്നതല്ലാതെ വ്യക്തമായ തെളിവുകളൊന്നും ലഭ്യമല്ല. 'ലീലാതിലകം' പോലെ വ്യാകരണവും അലങ്കാരശാസ്ത്രവും കൈകാര്യം ചെയ്യുന്ന ഒരു ഗ്രന്ഥമാണ് 'തൊൽക്കാപ്പിയം'. 'പാണിനീയ'ത്തിന് മുൻപാണിത് എഴുതപ്പെട്ടതെന്ന് ചിലർ അഭിപ്രായപ്പെടുന്നു. 13-ാം ശതകത്തിൽ ഭവനന്ദി എഴുതിയ 'നന്നൂൽ' സൂത്ര-വൃത്തി മാതൃകയിലാണെങ്കിലും പാണിനീയ പദ്ധതിയിൽനിന്ന് സ്വതന്ത്രമാകാൻ ശ്രമിച്ചിട്ടുണ്ട്. എഴുത്തധികാരം, ചൊല്ലധികാരം എന്നീ രണ്ടു വകുപ്പുകളിലായി വ്യാകരണം മാത്രം കൈകാര്യം ചെയ്യുന്ന 'നന്നൂൽ' സംസ്കൃതവ്യാകരണ പദ്ധതിയിൽ നിന്ന് വേറിട്ട് നിൽക്കുന്നില്ല. 'തൊൽക്കാപ്പിയ'പാരമ്പര്യം സംസ്കൃതവ്യാകരണ പാരമ്പര്യത്തിന്റെ ഒരു ശാഖമാത്രമാണ്.

ആധുനിക രീതിയിലുള്ള ഭാഷാപഠനങ്ങൾ നമുക്ക് ആദ്യമായി ലഭിച്ചത് മിഷനറിമാരിൽനിന്നാണ്. പതിനാലാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടു എന്ന് കരുതപ്പെടുന്ന ലീലാതിലകത്തിലാണ് കേരളഭാഷയുടെ വ്യാകരണപരമായ കാര്യങ്ങളെക്കുറിച്ചുള്ള ആദ്യപരാമർശം കാണുന്നത്. മണിപ്രവാള ലക്ഷണഗ്രന്ഥമാണെങ്കിലും ആദ്യത്തെ മലയാളവ്യാകരണഗ്രന്ഥമായി 'ലീലാതിലക'ത്തെ കരുതാവുന്നതാണ്.

## Keywords

വ്യാകരണപ്രസക്തി - വ്യാകരണചരിത്രം-വ്യാകരണകൃതികൾ - മലയാള ഭാഷോല്പപ്പത്തിവാദം - സംസ്കൃതജന്യവാദം - തമിഴ് ജന്യവാദം - മിശ്രവാദം - സ്വതന്ത്രതാവാദം - ആറുനയങ്ങൾ

# Discussion

## 1.2.1 വ്യാകരണപാരമ്പര്യം

ഭാരതീയ പാരമ്പര്യമനുസരിച്ച് വ്യാകരണം വേദാംഗങ്ങളിൽ ഒന്നാണ്. വേദപഠനത്തിനാവശ്യമായ അനുബന്ധ പഠനശാഖകളെയാണ് വേദാംഗങ്ങൾ എന്ന് പറയുന്നത്. വേദാംഗങ്ങൾ ആറെണ്ണം -ശിക്ഷ, ഛന്ദസ്സ്, വ്യാകരണം, നിരുക്തം, കല്പം, ജ്യോതിശാസ്ത്രം. ഇതിൽ ശിക്ഷ, വ്യാകരണം, നിരുക്തം എന്നിവ ഭാഷാവിജ്ഞാനവുമായി നേരിട്ടു ബന്ധമുള്ളവയാണ്. സംസ്കൃതത്തിൽ വ്യാകരണം എന്ന പദത്തിന് അപഗ്രഥനം എന്നാണ് അർഥം. പിന്നീടത് ഭാഷാപഗ്രഥനം എന്ന വിശേഷാർഥത്തിൽ ഉപയോഗിക്കാൻ തുടങ്ങി. ഭാഷയുടെ വാക്യഘടനയിൽ തുടങ്ങി വർണ്ണത്തിലവസാനിക്കുന്നതാണ് ഭാഷാപഗ്രഥനം. എന്നാൽ പാരമ്പര്യ വ്യാകരണങ്ങൾ വർണ്ണങ്ങളിൽ തുടങ്ങി വാക്യതലത്തിലേയ്ക്ക് എത്തുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. വ്യാകരണപഠനത്തിന്റെ അടിസ്ഥാനം പദങ്ങളും വാക്യങ്ങളുമാണ്. കൂടാതെ പദഘടനയും വാക്യഘടനയും ഇതിൽ പഠിക്കുന്നു.

- മലയാളം ദ്രാവിഡ കുടുംബത്തിലെ ഒരു ഭാഷയാണ്.

മലയാളഭാഷയുടെ വ്യാകരണപരമായ കാര്യങ്ങൾ സൂചിപ്പിക്കപ്പെടുന്നത് 'ലീലാതിലക'ത്തിലാണ്. മണിപ്രവാളത്തിന് സംസ്കൃത ഭാഷയിലുണ്ടായ ഈ ഗ്രന്ഥം 14-ാം നൂറ്റാണ്ടിലാണ് വിരചിതമായതെന്ന് കരുതുന്നു. പിന്നീട് വളരെക്കാലം വ്യാകരണ ചിന്തകളോ ഗ്രന്ഥങ്ങളോ ഉണ്ടായില്ല. അതിനിടയിൽ വിദേശമിഷണറിമാർ മതപ്രചരണാർഥം കേരളത്തിലെത്തുകയും അന്നത്തെ ഭാഷ പഠിക്കുകയും അതിന് വ്യാകരണഗ്രന്ഥങ്ങൾ രചിക്കാൻ തുടങ്ങുകയും ചെയ്തു. അവ അധികവും വിദേശികൾക്ക് മലയാളം പഠിക്കാൻ ഉപകരിക്കുന്ന ഗ്രന്ഥങ്ങൾ എന്ന നിലയിലുള്ളവയായിരുന്നു. ആഞ്ജലോസ് ഫ്രാൻസിസിന്റെ A Grammar of Colloquial Malayalam (1712), ഫ്രോൺ മേയറുടെ A Progressive Grammar of Malayalam for Europeans (1889), സ്പ്രിംഗിന്റെ Outlines of the Grammar of the Malayalam Language (1839), ജോസഫ് പീറ്റിന്റെ A Grammar of the Malayalam Language (1841), ഗുണ്ടർട്ടിന്റെ 'മലയാളവ്യാകരണം' (1859) തുടങ്ങിയ ഗ്രന്ഥങ്ങൾ ഇക്കാലത്തുണ്ടായി. അതിനുശേഷമാണ് 1896-ൽ എ. ആർ. രാജരാജവർമ്മയുടെ കേരളപാണിനീയം പുറത്തുവരുന്നത്. കേരളപാണിനീയ രചനയിൽ മേൽപറഞ്ഞ വിദേശികളുടെ വ്യാകരണഗ്രന്ഥങ്ങൾ സ്വാധീനിച്ചിട്ടുണ്ടാകാം. പ്രത്യേകിച്ച് കാൽഡ്വലിന്റെ A Comparative Grammar of Dravidian Language എന്ന ഇംഗ്ലീഷ് കൃതി എ. ആറിന് പരിചയമുണ്ടാകാനിടയുണ്ട്.

- കേരളപാണിനീയത്തിനു മുൻപുള്ള വ്യാകരണങ്ങൾ

### പാണിനീയം

നമുക്ക് ലഭിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും പഴക്കം ചെന്ന വ്യാകരണഗ്രന്ഥമാണ് 'പാണിനീയം'. എട്ട് അദ്ധ്യായങ്ങളും കാശികാവൃത്തിയനുസരിച്ച് 3983 സൂത്രവും സിദ്ധാന്തകൗമുദിയുടെ കണക്കനുസരിച്ച് 3976 സൂത്രവുമാണുള്ളത്. 14 മഹേശ്വരസൂത്രവും ചേർത്ത് 3996 സൂത്രങ്ങൾ പാണിനീയത്തിലുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഈ കൃതി 'അഷ്ടാദ്ധ്യായി' എന്ന പേരിലും അറിയപ്പെടുന്നു. സൂത്രങ്ങളെ സംജ്ഞ, പരി

ഭാഷ, വിധി, നിയമം, അതിദേശം, അധികാരം എന്നിങ്ങനെ ആറായി തരംതിരിച്ചിരിക്കുന്നു. എട്ട് അദ്ധ്യായങ്ങളുള്ള പാണിനീയത്തിലെ ഓരോ അദ്ധ്യായത്തെയും വീണ്ടും നാലു പദങ്ങളായി വിഭജിച്ചിരിക്കുന്നു. അദ്ധ്യായങ്ങളുടെ ഉള്ളടക്കം ഇപ്രകാരമാണ്.

- ഒന്നാമദ്ധ്യായത്തിൽ കൃതിയിൽ ഉപയോഗിച്ചിരിക്കുന്ന സാങ്കേതിക സംജ്ഞകളും പരിഭാഷകളുമാണ്.
- രണ്ടാമദ്ധ്യായത്തിൽ സമാസങ്ങൾ, കാരകങ്ങൾ എന്നിവയെപ്പറ്റിയുള്ള വിശദീകരണമാണ്.
- മൂന്നാമദ്ധ്യായത്തിൽ ധാതുക്കൾ, വിശേഷണങ്ങൾ, പ്രത്യയങ്ങൾ എന്നിവയെക്കുറിച്ചുള്ള അന്വേഷണങ്ങളാണ്.
- നാലും അഞ്ചും അദ്ധ്യായങ്ങളിൽ സ്ത്രീപ്രത്യയങ്ങൾ, തദ്ധിതപ്രത്യയങ്ങൾ, സമാസാന്തപ്രത്യയങ്ങൾ എന്നിവയെപ്പറ്റി ചർച്ച ചെയ്യുന്നു.
- ആറും ഏഴും അദ്ധ്യായങ്ങളിൽ ധാതുവിന്റെ ഇരട്ടിപ്പുകൾ, ധാതുക്കളിലെ വർണ്ണവികാരങ്ങൾ, സന്ധികൾ, സമാസങ്ങൾ എന്നിവയെപ്പറ്റിയുള്ള വിവരണമാണ്.
- എട്ടാം അദ്ധ്യായത്തിൽ വാകൃരൂപീകരണ നിയമങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നു.

> ▶ കണ്ടുകിട്ടിയിട്ടുള്ളതിൽവച്ച് ഏറ്റവും പഴക്കമുള്ള വ്യാകരണഗ്രന്ഥം

അദ്ധ്യായങ്ങളുടെ വിഭജനപദ്ധതി ഇതാണെങ്കിലും ഈ വിഷയവിഭജനം പാണിനി കൃത്യമായി പിന്തുടരുന്നില്ല. എല്ലാ നാമങ്ങളും ക്രിയകൾ പരിണമിച്ചുണ്ടായവയാണെന്നും വാക്കുകൾ രൂപപ്പെടുന്നത് പ്രത്യയങ്ങളെ ആശ്രയിച്ചാണെന്നുമുള്ള സങ്കല്പങ്ങളാണ് തന്റെ വ്യാകരണനിയമങ്ങൾക്ക് പാണിനി പ്രധാനമായും ആശ്രയിച്ചത്.

## 1.2.2 തൊൽകാപ്പിയം

ദ്രാവിഡ ഭാഷകളിലെ ഏറ്റവും പ്രാചീനമായ വ്യാകരണകൃതിയാണ് തൊൽകാപ്പിയം. പഴയകാവ്യം എന്ന് അർഥം പറയാവുന്ന തൊൽ (പഴയ) എന്നും കാപ്പിയം (കാവ്യം) എന്നുമുള്ള രണ്ടു പദങ്ങൾ ചേർന്നാണ് 'തൊൽകാപ്പിയം' എന്ന സമസ്തപദം രൂപപ്പെട്ടത്. ഇതിന്റെ കർത്താവ് ആരെന്നറിയാൻ യാതൊരു നിർവാഹവുമില്ല. അതിനാൽ ഗ്രന്ഥനാമം ചേർത്ത് തൊൽകാപ്പിയർ എന്ന് പറഞ്ഞു പോരുന്നു. 1603 സൂത്രങ്ങളായി തിരിച്ചിരിക്കുന്ന ഈ ഗ്രന്ഥത്തിൽ എഴുത്തധികാരം, ചൊല്ലധികാരം, പൊരുളധികാരം എന്നീ വിഭാഗങ്ങളുണ്ട്. ഭാഷയുടെ വർണ്ണതലം മുതൽ സൗന്ദര്യതലം വരെ വ്യാപിച്ചുകിടക്കുന്ന മേഖലകളെ തൊൽകാപ്പിയർ അന്വേഷണവിധേയമാക്കുന്നതിൽനിന്നും അദ്ദേഹത്തിന്റെ യുക്തിവിചാരം തെളിയുന്നുണ്ട്. 'തൊൽകാപ്പിയം' പൊരുളധികാരത്തിൽ ചർച്ച ചെയ്യുന്നത് രസം, അലങ്കാരം, വൃത്തം എന്നിവയെപ്പറ്റിയാണ്. അകംകവിതകളെയും പുറംകവിതകളെയും തിണകളുമായി ബന്ധപ്പെടുത്തുന്നതിനു പുറമേ, ഓരോ നായികയും നായകനും തോഴിയും ഓരോ സന്ദർഭത്തിൽ ഏതെല്ലാം രീതിയിൽ സംസാരിക്കണമെന്നും ഏതു രീതിയിലുള്ള ഉപമകൾ പ്രയോഗിക്കണമെന്നും 'തൊൽകാപ്പിയം' വിശദീകരിക്കുന്നു. തൊൽകാപ്പിയർ വ്യാകരണപണ്ഡിതൻ മാത്രമല്ല, ബഹുമുഖവ്യക്തിത്വത്തിന് ഉടമകൂടിയാണെന്ന് പ്രൊഫ. നടുവട്ടം ഗോപാലകൃഷ്ണൻ പറയുന്നു (തൊൽ

കാപ്പിയവും മലയാള വ്യാകരണവും). തൊൽകാപ്പിയം സാധാരണ വ്യവഹാരഭാഷയും സാഹിത്യഭാഷയും കണക്കിലെടുത്ത് രചിച്ച വ്യാകരണഗ്രന്ഥമാണ്. മാത്രമല്ല, ആ വിഷയത്തിലുള്ള പൂർവസൂരികളെ അദ്ദേഹം സ്മരിക്കുന്നുമുണ്ട്. പൂർവകേരളഭാഷയെക്കുറിച്ച് അനിഷേധ്യമായ തെളിവുകൾ നൽകുന്ന രണ്ടുകൃതികളാണ് 'ചിലപ്പതികാര'വും 'തൊൽകാപ്പിയവും'. സംഘകാലത്തിനുശേഷമാണ് 'തൊൽകാപ്പിയ'ത്തിന്റെ രചനയെന്ന് കരുതാം.

- പൊരുളതികാരം: രസം, അലങ്കാരം, വൃത്തം - ചർച്ചകൾ

'തൊൽകാപ്പിയ'വും 'നാന്നൂലും' മുൻനിർത്തി കേരളഭാഷയുടെ വിവരണത്തിന് ശ്രമിച്ച പ്രഥമകൃതി 14-ാം നൂറ്റാണ്ടിലുണ്ടായ 'ലീലാതിലക'മാണ്. മേൽപറഞ്ഞ കൃതികളിൽ കേരളത്തിലെ വ്യവഹാരഭാഷയെപ്പറ്റി യാതൊന്നും പറഞ്ഞിട്ടില്ല. എങ്കിലും മലൈനാട്ടുവഴക്കമെന്ന് പറഞ്ഞ് മാറ്റി നിർത്തിയ ഭാഷയാണ് കേരളത്തിലെ ഭാഷയെന്ന് കണ്ടറിഞ്ഞ് ആ ഭാഷയെ കേരളഭാഷയെന്ന് വിളിക്കുകയായിരുന്നു ലീലാതിലകകാരൻ. കേരളഭാഷയുടെ വിവരണത്തിൽ ലീലാതിലകകാരൻ പ്രധാനമായും ഉപജീവിച്ചത് തൊൽകാപ്പിയത്തെയും അതിന്റെ പിൽക്കാല വ്യാഖ്യാതാക്കളുടെ ദർശനങ്ങളെയുമാണ്. ഇളമ്പൂരണർ, നച്ചിനാർക്കിനിയാർ, ദൈവച്ചിലൈയാർ, സേനാവരൈയർ എന്നിവരുടെ വ്യാഖ്യാനങ്ങൾ ലീലാതിലകകാരൻ പ്രധാനമായും ആശ്രയിക്കുന്നു. ലീലാതിലകത്തിലെ ശ്രദ്ധേയമായ കൂന്തൽവാദ ചർച്ചകൾക്കിടയിൽ തൊൽകാപ്പിയം (എഴുത്ത് സൂത്രം 241, 272 എന്നിവ) ഉദാഹരിക്കുന്നുണ്ട്. അതുപോലെ കേരളീയർ ദ്രാവിഡരാണെന്ന് കാണിക്കാൻ ഇളമ്പൂരണരുടെ തൊൽക്കാപ്പിയ വ്യാഖ്യാനത്തിലെ ചൊൽ സൂത്രം 257-ലെ ഒരു വാക്യം ഉദ്ധരിച്ചിട്ടുണ്ട്. പാട്ടിന്റെ ലക്ഷണം പറയുന്നിടത്തും ചൊൽ -401, 402, 403 സൂത്രങ്ങൾ അവലംബമാക്കുന്നുണ്ട്. സന്ധി വിവരിക്കുന്നിടത്ത് ലീലാതിലകം പ്രധാനമായും ഉപജീവിച്ചിട്ടുള്ളത് തൊൽകാപ്പിയത്തെയാണ്.

- ലീലാതിലകം ഉപജീവിച്ചത് തൊൽകാപ്പിയത്തെയാണ്

### നന്നൂൽ - ഭവനന്ദി

തൊൽകാപ്പിയത്തെ പിന്തുടർന്ന് രചിക്കപ്പെട്ട തമിഴ് വ്യാകരണഗ്രന്ഥമാണ് ഭവനന്ദിയുടെ 'നന്നൂൽ'. 13-ാം ശതകത്തിൽ രചിക്കപ്പെട്ട കൃതിയാണിത്. ഭാഷയുടെ വരമൊഴി, വാമൊഴി ലക്ഷണങ്ങളെ വിസ്തരിക്കുന്നതോടൊപ്പം അവ വ്യക്തമായും വകുപ്പുതിരിച്ചും സരളമായും പ്രസ്താവിക്കുന്ന ഗ്രന്ഥം കൂടിയാണിത്. സൂത്രവൃത്തിമാതൃകയിൽ രചിക്കപ്പെട്ടിരിക്കുന്ന ഈ കൃതി പാണിനീയപദ്ധതിയിൽനിന്നും സ്വതന്ത്രമാകാൻ ശ്രമിച്ചിട്ടില്ല. മേനിനാദം എന്ന ഭാഗത്ത് അക്ഷരത്തിന്റെയും പദത്തിന്റെയും ലക്ഷണങ്ങൾ വിവരിക്കുന്നുണ്ട്. 'നന്നൂൽ' വ്യാകരണരംഗത്ത് പൊതുസമ്മിതി നേടിയതോടെ 'വീരചോഴിയം' എന്ന വ്യാകരണഗ്രന്ഥത്തിന്റെ ഉപയോഗം കുറഞ്ഞതായി സാഹിത്യചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. തൊൽകാപ്പിയത്തെയും സംസ്കൃത വ്യാകരണഗ്രന്ഥങ്ങളെയും അടിസ്ഥാനമാക്കി ലക്ഷണ നിർദ്ദേശം നൽകുന്ന കൃതിയാണ് വീരചോഴിയം.

- ഭാഷയുടെ വരമൊഴി-വാമൊഴി ലക്ഷണങ്ങൾ

## 1.2.3 മലയാളത്തിലെ വ്യാകരണഗ്രന്ഥങ്ങൾ

### ലീലാതിലകം

ലീലാതിലകം മലയാളഭാഷയുടെ വ്യാകരണഗ്രന്ഥമല്ല. മണിപ്രവാളത്തിന്റെ ലക്ഷണഗ്രന്ഥമാണ്. എന്നാൽ ലീലാതിലകത്തിൽ ആദ്യത്തെ

മൂന്ന് ശില്പങ്ങളിൽ മലയാളഭാഷയുടെ സവിശേഷതകളും വ്യാകരണസ്വഭാവങ്ങളും വിശദമാക്കുന്നുണ്ട്. അതുകൊണ്ട് ലീലാതിലകത്തെ വ്യാകരണഗ്രന്ഥമായി കരുതാം.. മലയാള വ്യാകരണചർച്ചയിൽ പ്രഥമഗണനീയമായ കൃതിയാണ് മണിപ്രവാള ലക്ഷണഗ്രന്ഥമായ 'ലീലാതിലകം'. വിശിഷ്ടമായ ഈ ഗ്രന്ഥത്തിന്റെ കർത്താവ് ആരെന്ന് വ്യക്തമായ തെളിവുകളൊന്നും തന്നെ ലഭിച്ചിട്ടില്ല. 14-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധമാണ് ഇതിന്റെ രചനാകാലമെന്ന് പൊതുവേ വിശ്വസിക്കുന്നു. 1385 നു ശേഷമാണ് ലീലാതിലകകാലമെന്ന ഇളംകുളം കുഞ്ഞൻപിള്ളയുടെ അഭിപ്രായത്തോടാണ് കൂടുതൽ പണ്ഡിതന്മാരും യോജിക്കുന്നത്. ലീലാതിലകത്തിൽ ആകെ എട്ടു ശില്പങ്ങളാണുള്ളത്. 'മണിപ്രവാള ലക്ഷണം' എന്നാണ് ഒന്നാം ശില്പത്തിന് പേര് നൽകിയിരിക്കുന്നത്. മണിപ്രവാളത്തിന്റെ സാമാന്യരൂപവും ഭേദങ്ങളുമാണ് പ്രഥമശില്പത്തിലെ ഉള്ളടക്കം. മണിപ്രവാളത്തിന് 'ഭാഷാസംസ്കൃതയോഗം' എന്ന ലക്ഷണം നിർവചിച്ചിട്ടുണ്ട്. ഭാഷ, സംസ്കൃതം, യോഗം എന്നീ പദങ്ങളുടെ അർഥം വിശദമാക്കുന്നു. രണ്ടാം ശില്പത്തിന് പ്രത്യേക പേര് നൽകിയിട്ടില്ല. മണിപ്രവാളശരീരത്തിന്റെ ഒരംശമായ ഭാഷാശബ്ദങ്ങളെപ്പറ്റിയും അവയോട് ചേരുന്ന വിഭക്തി, ലിംഗം, വചനം, പ്രകാരം എന്നിവയെപ്പറ്റിയുമാണ് ഇതിൽ പ്രതിപാദിക്കുന്നത്.

- ▶ മലയാളത്തിലെ ആദ്യത്തെ വ്യാകരണഗ്രന്ഥം ലീലാതിലകമാണ്

'തൊൽകാപ്പിയ'ത്തെയും 'നന്നൂലി'നെയും ആസ്പദമാക്കിയാണ് രണ്ടും മൂന്നും ശില്പങ്ങൾ രചിച്ചിട്ടുള്ളതെന്ന് ഇളംകുളം വ്യക്തമാക്കുന്നു. ഇതിൽ പറയുന്ന പല നിയമങ്ങളും പിൽക്കാല പണ്ഡിതർ ചോദ്യം ചെയ്തിട്ടുണ്ടെങ്കിലും ആദ്യസംരംഭമെന്ന നിലയിൽ ലീലാതിലകനിരീക്ഷണം പ്രസക്തമാകുന്നു. നാലാം ശില്പത്തിന് ദോഷാലോചനം എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്. ഇരുപത് കാവ്യങ്ങളെപ്പറ്റി ഇതിൽ വിവരിക്കുന്നുണ്ട്. ഗുണനിരൂപണം എന്നാണ് അഞ്ചാം ശില്പത്തിന് പേര് നൽകിയിട്ടുള്ളത്. ശ്ലേഷം, മാധുര്യം, പ്രസാദം, സമത എന്നി നാലുഗുണങ്ങൾ മണിപ്രവാളത്തിൽ വരുമെന്നാണ് പറയുന്നത്. ആറാം ശില്പം ശബ്ദാലങ്കാരവിവേചനമാണ്. അലങ്കാരം എന്നതിനെ നിർവചിച്ചുകൊണ്ടാണ് ശില്പം ആരംഭിക്കുന്നത്. അതോടൊപ്പം അലങ്കാരവും ഗുണവും തമ്മിലുള്ള ഭേദവും വ്യക്തമാക്കുന്നുണ്ട്. അലങ്കാരശാസ്ത്രത്തിൽ അദ്വിതീയമായ പാണ്ഡിത്യം ലീലാതിലകകാരന് ഉണ്ടായിരുന്നുവെന്ന് ഇളംകുളം പറയുന്നു. ഏഴാം ശില്പം അർഥാലങ്കാരമാണ്. എട്ടാംശില്പം രസവിചാരമാണ്. രസത്തെപ്പറ്റി സംഗ്രഹിച്ച് പ്രതിപാദിച്ചിട്ടേയുള്ളൂ. ഭരതന്റെ നാട്യശാസ്ത്രവും ധ്വന്യാലോകവും ഈ വിഷയത്തിൽ ഗ്രന്ഥകാരൻ പിന്തുടരുന്നുണ്ട്. ശൂരനാട്ട് കുഞ്ഞൻപിള്ളയുടെ 'കൈരളീതിലകം' വ്യാഖ്യാനവും (1946) ഇളംകുളം കുഞ്ഞൻപിള്ളയുടെ വ്യാഖ്യാനപരിഭാഷയും (1955) ഒന്നിലധികം പതിപ്പുകളിറങ്ങുകയും ഏറെ ശ്രദ്ധപിടിച്ചുപറ്റുകയും ചെയ്തു. മണിപ്രവാള ലക്ഷണഗ്രന്ഥമെന്നതിന് പുറമേ, മലയാളവ്യാകരണം, ഭാഷാചരിത്രം, ഭാഷാവലോകനം, അലങ്കാരശാസ്ത്രപഠനം, ഭാഷാഗവേഷണം തുടങ്ങിയ മേഖലകളിൽ ആദ്യചുവടുവയ്പ് എന്ന നിലയിലും ലീലാതിലകം ശ്രദ്ധേയമാകുന്നു. സംസ്കൃതഭാഷയിലാണ് ലീലാതിലകം എഴുതിയിട്ടുള്ളത്.

- ▶ ഇളംകുളം കുഞ്ഞൻപിള്ള, ശൂരനാട്ട് കുഞ്ഞൻപിള്ള എന്നിവരുടെ ലീലാതിലക വ്യാഖ്യാനങ്ങൾ

## ദ്രാവിഡഭാഷാ വ്യാകരണം - റോബർട്ട് കാൽഡ്വൽ

A Comparative Grammar of the Dravidian or South Indian Family of Languages എന്ന ഗ്രന്ഥമാണ് ദ്രാവിഡഭാഷകളുടെ പഠനത്തിന് ശാസ്ത്രീയമായ അടിത്തറ പാകുന്നത്. റോബർട്ട് കാൽഡ്വൽ ഇത് ഇംഗ്ലീഷിലാണ് 1856-ൽ പ്രസിദ്ധീകരിച്ചത്. കാൽഡ്വലാണ് തെക്കേ ഇന്ത്യയിലെ ഭാഷകൾ ഒരു ഗോത്രത്തിലുൾപ്പെടുന്നുവെന്നു തെളിയിക്കുകയും ആ ഭാഷകൾക്ക് ദ്രാവിഡഗോത്രമെന്ന് പേരു നൽകുകയും ചെയ്തത്. ഡോ. എസ്. കെ. നായർ 1973 ലും 1976 ലുമായി ഈ കൃതിയുടെ ഒന്നും രണ്ടും വാല്യങ്ങൾ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചു. ധ്വനി(വർണ്ണം)കളെക്കുറിച്ചുള്ള പഠനമാണ് ഒന്നാം ഭാഗത്തിൽ. ഭാഗം രണ്ടിൽ ധാതുക്കളെക്കുറിച്ചും മൂന്നാം ഭാഗത്തിൽ നാമങ്ങളെക്കുറിച്ചുള്ള പഠനങ്ങളാണ്. മൂന്നാം ഭാഗത്തിൽ മൂന്നു ഖണ്ഡങ്ങൾ ഉൾപ്പെടുന്നു. ലിംഗവും വചനവും വിഭക്തിയും പ്രക്രിയയും ഒന്നാം ഖണ്ഡത്തിലും വിഭക്തിപ്രക്രിയ രണ്ടാം ഖണ്ഡത്തിലും നാമവിശേഷണങ്ങൾ അഥവാ നാമവിശേഷണങ്ങളായി പ്രയോഗിക്കാൻ കഴിയുന്ന നാമങ്ങൾ എന്നിവ മൂന്നാംഖണ്ഡത്തിലും വിവരിക്കുന്നു. പ്രവേശകത്തിൽ ദ്രാവിഡമെന്ന സാമാന്യപദത്തിന്റെ പ്രയോഗം, ദ്രാവിഡഭാഷകളുടെ ഗണനം, ദ്രാവിഡഗോത്രത്തിലെ പ്രാചീനഭാഷകൾ, ദ്രാവിഡഭാഷകളുടെ പ്രാക്തന ലിഖിതാവശിഷ്ടങ്ങൾ, ശൂദ്രശബ്ദത്തിന്റെ ആദ്യ പ്രയോഗ ലിഖിതാവശിഷ്ടങ്ങൾ, ശൂദ്രശബ്ദത്തിന്റെ ആദ്യപ്രയോഗവും ക്രമേണയുള്ള അർഥവ്യാപ്തിയും, ആര്യന്മാർക്ക് മുൻപുള്ള ദ്രാവിഡ സംസ്കാരം, ദ്രാവിഡരുടെ ആര്യസംസ്കാരവ്യാപ്തി, ഏകദേശകാലഗണന എന്നിവയും മുഖ്യപഠനവിഷയങ്ങളാക്കിയിരിക്കുന്നു. നാലു മുതൽ എട്ടു വരെയുള്ള ഭാഗങ്ങൾ ദ്രാവിഡഭാഷാവ്യാകരണം എന്ന രണ്ടാം വാല്യത്തിലാണ്. സംഖ്യകളെക്കുറിച്ച് അഞ്ചാംഭാഗത്തിലും ക്രിയാരൂപങ്ങളെക്കുറിച്ച് ആറാംഭാഗത്തിലും പദാവലിബന്ധങ്ങളെക്കുറിച്ച് ഏഴാംഭാഗത്തിലും ഇൻഡോയൂറോപ്യൻ ബന്ധങ്ങൾ, സെമറ്റിക് ബന്ധങ്ങൾ സിഥിയൻ ബന്ധങ്ങൾ എന്നിവയെക്കുറിച്ച് എട്ടാംഭാഗത്തിലും ചർച്ച ചെയ്യുന്നു.

- ദ്രാവിഡ ഭാഷാ ഗോത്ര പഠനത്തിന് അടിത്തറപാകിയ ഗ്രന്ഥം

## ഹെർമൻ ഗുണ്ടർട്ട് - മലയാളവ്യാകരണം

1851 ലാണ് ഒന്നാം ഭാഗം പ്രസിദ്ധീകരിച്ചത്. എന്നാൽ പൂർണ്ണനിലയിൽ പ്രസിദ്ധീകരിച്ചത് 1868 ൽ ആയിരുന്നു. ഗുണ്ടർട്ട് സ്കൂൾ വിദ്യാർഥികളുടെ പഠനത്തിനാണ് 'മലയാളവ്യാകരണം' തയ്യാറാക്കിയത്. മദിരാശി സംസ്ഥാനത്തിലെ സ്കൂൾ ഇൻസ്പെക്ടറായിരുന്ന എൻ. ഗാർത്ത് വെയ്റ്റാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. 19-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ പ്രചാരത്തിലിരുന്ന വ്യാകരണപദ്ധതിയാണ് ഗുണ്ടർട്ട് സ്വീകരിച്ചതെങ്കിലും സംസ്കൃതത്തിലും തമിഴിലും അതിപ്രാചീനകാലത്തുതന്നെ വികസിച്ചിട്ടുള്ള വ്യാകരണപദ്ധതികളിൽനിന്ന് യഥാവസരം ആവശ്യമുള്ളത് സ്വീകരിക്കാൻ അദ്ദേഹം ഒട്ടും വൈമുഖ്യം പ്രകടിപ്പിച്ചിട്ടില്ലെന്ന് സി. എൽ. ആന്റണി അഭിപ്രായപ്പെടുന്നു (ഭാഷാപഠനങ്ങൾ). കയ്യെഴുത്ത് പ്രതിയിൽ 260 ഖണ്ഡങ്ങൾ മാത്രമേയുള്ളൂ. എന്നാൽ ഗാർത്ത് പ്രസിദ്ധീകരിച്ച പതിപ്പിൽ 311 ഖണ്ഡങ്ങളുണ്ട്. മതബോധനസമ്പ്രദായമാണ് ഈ കൃതിയുടെ രചനയിൽ മാതൃകയാ

ക്കിയിട്ടുള്ളത്. ചോദ്യോത്തരമാതൃകയിലാണ് രചന, - അക്ഷരങ്ങളെ സ്വരങ്ങൾ (ഉയിർ), വ്യഞ്ജനങ്ങൾ (മെയ്യ്) എന്നിങ്ങനെ വിഭജിച്ച് ഖരങ്ങൾ, അതിഖരങ്ങൾ, മൃദുക്കൾ, ഘോഷങ്ങൾ, കണ്ഠ്യങ്ങൾ, താലവ്യങ്ങൾ, മൂർദ്ധന്യങ്ങൾ, ദന്ത്യങ്ങൾ, ഓഷ്ഠ്യങ്ങൾ എന്നിങ്ങനെ ഉച്ചാരണസ്ഥാനത്തേയും പ്രയത്നത്തെയും അടിസ്ഥാനമാക്കി വിഭജിച്ചിരിക്കുന്നു. സ്വരസന്ധിയെന്നും വ്യഞ്ജനസന്ധിയെന്നും സന്ധിയെ രണ്ടായി വിഭജിച്ചിരിക്കുന്നു. ലോപസന്ധി, ആഗമസന്ധി, ആദേശസന്ധി, ദിത്വസന്ധി എന്നീ വിഭജനവും നൽകിയിട്ടുണ്ട്. അക്ഷരകാണ്ഡത്തിൽ വർണ്ണവികാരവും(സന്ധി) ചർച്ചചെയ്യുന്നു. നാമം, ക്രിയ, അവ്യയം ഇവയ്ക്ക് വരുന്ന രൂപഭേദങ്ങൾ പ്രതിസംഞ്ജനാമങ്ങൾ. സംഖ്യാനാമങ്ങൾ, ക്രിയാരൂപഭേദം, ത്രികാലങ്ങൾ, അപൂർണക്രിയ, സമാസങ്ങൾ എന്നിവയാണ് പദകാണ്ഡത്തിലെ പ്രതിപാദ്യം. ആഖ്യ, ആഖ്യാതവിശേഷണങ്ങൾ, വിഭക്തി, നാമപ്രയോഗം, വിഭക്തിസഹായങ്ങൾ, ക്രിയാപ്രയോഗം, സഹായക്രിയകൾ, ഉപക്രിയകൾ, അവ്യയപ്രയോഗം എന്നിവയാണ് വാചകകാണ്ഡത്തിൽ വിവരിച്ചിട്ടുള്ളത്. വളരെ ലളിതവും വ്യാകരണപഠനക്ലേശം ദൂരീകരിക്കുന്ന രീതിയിലുമാണ് ഗുണ്ടർട്ട് ഇതിന്റെ രചന നിർവഹിച്ചിട്ടുള്ളത്. പ്രത്യേകിച്ചും വാക്യപരിച്ഛേദനരീതി ഇതിലും ലളിതമായി പറയുവാൻ സാധ്യമല്ല. മറ്റു വ്യാകരണഗ്രന്ഥങ്ങളെ അപേക്ഷിച്ചു വ്യാകരണനിയമങ്ങൾ വ്യക്തമായും സംഗ്രഹിച്ചും ഇതിൽ പ്രതിപാദിച്ചിരിക്കുന്നു.

> ▶ ലളിതമായി വ്യാകരണനിയമങ്ങൾ പറയുന്ന കൃതി

### റവ. ഫാദർ ജോർജ് മാത്തൻ - മലയാഴ്മയുടെ വ്യാകരണം

മലയാളികൾക്കുവേണ്ടി ഒരു സ്വദേശി മലയാളഭാഷയിൽ രചിച്ച ഒന്നാമത്തെ വ്യാകരണഗ്രന്ഥമാണ് മലയാഴ്മയുടെ വ്യാകരണം. 1863-ലാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്. 'A Grammar of Malayalam in the Language itself' എന്നാണ് ഇംഗ്ലീഷിൽ ഈ ഗ്രന്ഥത്തിന് പേരു നൽകിയിരിക്കുന്നത്. ഗ്രന്ഥനാമത്തിന് ചുവടെ 'റവറന്തു മാത്തൻ ഗീവറുഗീസു എന്ന നാട്ടുപാദ്രിയാൽച്ചമെക്കപ്പെട്ടത്' എന്ന് ഗ്രന്ഥകർത്താവിന്റെ പേരും സൂചിപ്പിക്കുന്നു. 202 പേജുകളുള്ള ഈ ഗ്രന്ഥം 475 ഖണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നു. അക്ഷരലക്ഷണം, പദലക്ഷണം, എന്നിങ്ങനെ രണ്ടു ഖണ്ഡങ്ങളിലായി അഞ്ച് അദ്ധ്യായങ്ങളുണ്ട്. അദ്ധ്യായങ്ങളെ വീണ്ടും സർഗങ്ങളായി വിഭജിച്ചിട്ടുണ്ട്. പ്രഥമകാണ്ഡത്തിൽ സംജ്ഞ, സന്ധി എന്നീ രണ്ടു അദ്ധ്യായങ്ങളും രണ്ടാം കാണ്ഡത്തിൽ നാമം, വചനം, അവ്യയം എന്നിങ്ങനെ മൂന്നു അദ്ധ്യായങ്ങളുമാണുള്ളത്. ഒന്നാമത്തെ കാണ്ഡത്തിന് അക്ഷരലക്ഷണമെന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. രണ്ടാം കാണ്ഡം പദലക്ഷണമാണ്. നാമം. വചനം, അവ്യയം എന്നിവ ഇതിൽ ഓരോ അദ്ധ്യായമായി ചർച്ചചെയ്യുന്നുണ്ട്. തദ്ധിതങ്ങളും അവ്യയങ്ങളും വിവരിക്കുന്നുണ്ട്. എന്നാൽ വാക്യവിചാരം ചർച്ചചെയ്തുകാണുന്നില്ല.

> ▶ മലയാളി രചിച്ച ആദ്യ വ്യാകരണ ഗ്രന്ഥം

'വ്യാകരണമെന്നതു ഭാഷയുടെ ലക്ഷണങ്ങളെ വർണ്ണിക്കുകയും അതിനെ മുറപോലെ പ്രയോഗിക്കുന്നതിനുള്ള പ്രമാണങ്ങളെ ചൊല്ലിത്തരികയും ചെയ്യുന്നതാകുന്നു' എന്നാണ് ജോർജ് മാത്തന്റെ വ്യാകരണനിർവചനം. അക്ഷരങ്ങളെ 'അച്ച്' എന്നും 'ഹല്' എന്നും വിഭജിക്കുന്നു. ഗ്രന്ഥകാരൻ മലയാളത്തിൽ 16 സ്വരങ്ങളും 35 വ്യഞ്ജനങ്ങളും

ഉൾപ്പെടെ 51 അക്ഷരങ്ങളായിരുന്നു പ്രയോഗത്തിലുണ്ടായിരുന്നതെന്ന് പറയുന്നു. രണ്ടാമദ്ധ്യായത്തിൽ ഭാഷാശാസ്ത്രമാണ് പ്രതിപാദ്യം. വർത്സ്യാക്ഷരത്തിനു മൗണ്യക്ഷരങ്ങൾ (alveolar) എന്നാണ് അദ്ദേഹം പേര് നൽകിയിരിക്കുന്നത്. മോണ(ഊന്, വർത്സം) ഉച്ചാരണസ്ഥാനമായത് എന്നർഥം. റ്റ, ന് എന്നിവയ്ക്കു പുറമെ ര, റ, ല എന്നിവയേയും മൗണ്യക്ഷരങ്ങളുടെ പട്ടികയിലുൾപ്പെടുത്തിയിരിക്കുന്നു. കേരളപാണിനി 'ല'കാരത്തെ ദന്ത്യമായിട്ടാണ് പരിഗണിക്കുന്നത് (കാരിക, 21, 22) വർണ്ണങ്ങൾക്ക് ഉച്ചാരണസ്ഥാനം കല്പിക്കുന്നതിൽ ഏറെ സൂക്ഷ്മത ഗ്രന്ഥകാരൻ പുലർത്തിയിട്ടുണ്ടെന്ന് കാണാം. അതുപോലെ പലയിടങ്ങളിലും സ്വന്തം നിഗമനങ്ങൾ അദ്ദേഹം നിരത്തുന്നത് കാണാം. ഏറെ സവിശേഷതകൾ ഈ ഗ്രന്ഥത്തിലുണ്ടായിട്ടും വേണ്ടത്ര ചർച്ചചെയ്യപ്പെടാതെ പോയി. ഒരു പക്ഷേ അദ്ദേഹം സ്വീകരിച്ച ചില സംജ്ഞകളാകാം അതിന് കാരണം. പേരെച്ചത്തിന് നാമധേയമെന്നും സംവൃതോകാരത്തിന് അർധാച്ച് സ്വരം - അച്ച്, വ്യഞ്ജനം - ഹല്, വർത്സ്യം - മൗണ്യം എന്നിവ ഉദാഹരണം.

> ▶ ജോർജ് മാത്തൻ നൽകുന്ന പ്രത്യേക സംജ്ഞകൾ

## വൈക്കത്ത് പാച്ചുമൂത്തത് - കേരള ഭാഷാവ്യാകരണം

1876-ലാണ് പാച്ചുമൂത്തിന്റെ കേരള ഭാഷാവ്യാകരണം പ്രകാശിതമാകുന്നത്. ചോദ്യോത്തരരീതിയിലാണ് ഇതിന്റെ രചന. ഭാഷയിൽ പദവാക്യപ്രയോഗങ്ങൾ സംസ്കൃതരീതിയിൽ ആകയാൽ സംസ്കൃതരീതിയെ അവലംബിച്ചാണ് ഈ വ്യാകരണം രചിച്ചിട്ടുള്ളതെന്ന് അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. രണ്ടു ഭാഗങ്ങളിലായി എട്ടു അദ്ധ്യായങ്ങൾ. അക്ഷരകാണ്ഡം, സന്ധികാണ്ഡം, പദകാണ്ഡം, സമാസകാണ്ഡം എന്നിങ്ങനെ ആദ്യഭാഗത്ത് നാലും, ധാതുകാണ്ഡം, ക്രിയാകാണ്ഡം, പ്രയോഗകാണ്ഡം, അലങ്കാരകാണ്ഡം എന്നിങ്ങനെ നാലു അദ്ധ്യായങ്ങൾ രണ്ടാം ഭാഗത്തും ഉൾക്കൊള്ളിച്ചിരിക്കുന്നു. അലങ്കാരകാണ്ഡത്തിൽ വൃത്തവും പരാമർശിക്കുന്നുണ്ട്. പ്രയോജനവിചാരമെന്ന ഭാഗത്ത് ഇത്തരമൊരു വ്യാകരണരചനയുടെ ആവശ്യം ഗ്രന്ഥകാരൻ വ്യക്തമാക്കുന്നു. മലയാളിക്ക് ഭാഷാശുദ്ധിയുണ്ടാക്കുകയും വിദേശികൾക്ക് ഭാഷാപഠനത്തിന് സഹായിക്കുകയുമായിരുന്നു ഗ്രന്ഥകാരന്റെ ലക്ഷ്യമെന്ന് കൃതിയിൽനിന്ന് മനസ്സിലാക്കാം. മുഖ്യമായും സംസ്കൃതരീതിയെ അനുസരിച്ച് മലയാളത്തിന് വ്യാകരണം ചമയ്ക്കാനായിരുന്നു പാച്ചുമൂത്തതിന്റെ ശ്രമം. 'മൂത്തത് സംസ്കൃതത്തിൽ മഹാപണ്ഡിതനായിരുന്നെങ്കിലും തമിഴിൽ വലിയ വ്യുൽപ്പത്തിയൊന്നും നേടിയിട്ടില്ലാത്തതിനാൽ കേരളകൗമുദിയോളം ഇതിന് പ്രശസ്തി ലഭിച്ചിട്ടില്ല' എന്ന് ചാത്തനാത്ത് അച്യുതനുണ്ണി നിരീക്ഷിക്കുന്നുണ്ട്.

> ▶ ചോദ്യോത്തരരീതിയിൽ എഴുതപ്പെട്ട കൃതി

## കോവുണ്ണി നെടുങ്ങാടി - കേരളകൗമുദി

1878-ലാണ് കോവുണ്ണി നെടുങ്ങാടി രചിച്ച 'കേരളകൗമുദി' വരാപ്പുഴ മെത്രോപ്പൊലീത്ത ആദ്യമായി മുദ്രണം ചെയ്ത് പ്രസിദ്ധപ്പെടുത്തുന്നത്. ഈ ഗ്രന്ഥത്തെപ്പറ്റി ഉള്ളൂർ ഇങ്ങനെ പറയുന്നു - 'ഭാഷയ്ക് അമൂല്യമായ ഒരു നിധിയാണ് കേരളകൗമുദി. അതിനേക്കാൾ ഗുണപുഷ്കലമായൊരു വ്യാകരണം എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാന്റെ 'കേരളപാണിനീയം' മാത്രമേയുള്ളു. ഏതു വ്യാകരണം പുത്തനായി പ്രസിദ്ധീകരിച്ചാലും ബാലന്മാർ ശരിക്കും മലയാളം

അഭ്യസിക്കണമെങ്കിൽ കേരളകൗമുദി നിഷ്കർഷിച്ച് പഠിക്കുകതന്നെ വേണം'. 'സംസ്കൃത ഹിമഗിരിഗളിതാ'-എന്നു തുടങ്ങുന്ന മംഗള ശ്ലോകത്തോടെയാണ് കേരളകൗമുദി ആരംഭിക്കുന്നത്. മലയാളം സംസ്കൃതജന്യമാണെന്ന അഭിപ്രായത്തിന്റെ അവതാരകനായി ട്ടാണ് അദ്ദേഹത്തെ കരുതുന്നത്. എന്നാൽ ഇത് സമർഥിക്കുന്ന കൂടുതൽ വിവരങ്ങൾ ഗ്രന്ഥത്തിലില്ല എന്നത് ശ്രദ്ധേയമാണ്. ഗ്രന്ഥ കാരൻ തന്നെ ഗ്രന്ഥസ്വരൂപം വിശദമാക്കുന്നുണ്ട്. 'പൂർണ്ണചന്ദ്രിക പോലെയാണ് തന്റെ കൗമുദിയെന്നും 16 കലകളുടെ സ്ഥാനത്ത് 16 ആലോകങ്ങൾ(അദ്ധ്യായങ്ങൾ) ഇതിൽ അടങ്ങിയിരിക്കുന്നു' ഇതിൽ 13-ഉം വ്യാകരണസംബന്ധിയാണ്. ഒന്നാമത്തേത് അക്ഷരലോകവും 13-മത്തേത് അലങ്കാരലോകവുമാണ്, ഇതൊരു വ്യാകരണഗ്രന്ഥ മാകുന്നതുപോലെ അലങ്കാരശാസ്ത്രഗ്രന്ഥം കൂടിയാണ്. വൃത്താല ങ്കാരങ്ങളേക്കാൾ വ്യാകരണത്തിന് പ്രാധാന്യം കല്പിച്ചിട്ടുണ്ടെന്ന് മാത്രം. സംസ്കൃതപ്രമാണവും തമിഴ് മുറകളും ചേർത്താണ് വ്യാകര ണരചന നടത്തിയതെന്ന് ഗ്രന്ഥകാരൻ തന്നെ പ്രസ്താവിക്കുന്നുണ്ട്. ഭാഷാനിയമങ്ങൾക്കൊപ്പം സംസ്കൃതനിയമങ്ങൾ കൂടി വിവരിക്കു ന്നുണ്ടെന്നത് ഈ ഗ്രന്ഥത്തിന്റെ സവിശേഷതയാണ്. പദ്യശാഖയ്ക്ക് പ്രാധാന്യം നൽകി വൃത്താലങ്കാരങ്ങൾകൂടി ഉൾപ്പെടുത്തി രചിച്ച ഒരു വ്യാകരണഗ്രന്ഥമെന്നതുകൊണ്ടുതന്നെ ഭാഷയുടെ സാങ്കേതി കവശങ്ങളിലെല്ലാം എത്തിച്ചേരാൻ കോവുണ്ണി നെടുങ്ങാടിക്കു കഴി ഞ്ഞില്ല. ക്രിയാരൂപചർച്ചയിൽ കോവുണ്ണി നെടുങ്ങാടി വളരെയേറെ പതറിപ്പോയതായി കെ. എൻ. എഴുത്തച്ഛനും പറയുന്നു. എന്തെല്ലാം പോരായ്മകൾ നിർദ്ദേശിക്കാൻ കഴിയുമെങ്കിലും മിഷണറിമാരുടെ വ്യാകരണഗ്രന്ഥങ്ങൾ മാത്രം പരിചയിച്ച കേരളീയരെ സംബന്ധി ച്ചിടത്തോളം ഒരു കേരളീയനെഴുതിയ വ്യാകരണവൃത്താലങ്കാരശാസ്ത്രഗ്രന്ഥമായ കേരളകൗമുദി ഏറെ സ്വീകാര്യമായിരുന്നുവെന്ന് ഡോ. എൻ. രാജേന്ദ്രൻ ചൂണ്ടികാണിക്കുന്നു (മലയാള വ്യാകരണ ചരിത്രം, പുറം 22-24).

- വ്യാകരണത്തോടൊപ്പം വൃത്താലങ്കാരങ്ങളും പരാമർശിക്കുന്ന ഗ്രന്ഥം.

## എ. ആർ. രാജരാജവർമ്മ - കേരളപാണിനീയം

എ. ഡി. 1896-ൽ ഒന്നാം പതിപ്പായി പ്രസിദ്ധീകരിച്ചതാണ് എ. ആറിന്റെ 'കേരളപാണിനീയം'. പോരായ്മകൾ പരിഹരിച്ച് 1916 ൽ ഇന്ന ത്തെ രൂപത്തിലുള്ള 'കേരളപാണിനീയം' രണ്ടാം പതിപ്പ് പ്രസിദ്ധീക രിച്ചു. 'കേരളപാണിനീയം അതുണ്ടായ കാലം മുതൽ ഇന്നോളം മികച്ച വ്യാകരണഗ്രന്ഥം എന്ന ബഹുമതിയോടെ നിലനിൽക്കുന്നു'എന്ന് ആമുഖത്തിൽ ഡോ. സ്കറിയാ സക്കറിയ പ്രസ്താവിക്കുന്നു. 'മലയാ ളത്തിന്റെ വിവിധ ദേശഭേദങ്ങൾ, ഉപഭാഷകൾ, വ്യവഹാരമാതൃകകൾ എന്നിവയ്ക്കെല്ലാം തുല്യപരിഗണന നൽകുന്ന ഒരു മലയാളവ്യാകര ണം എന്ന ലക്ഷ്യത്തിലേക്കാണ് കേരളപാണിനീയം നമ്മെ നയിക്കേ ണ്ടത്. ഇത്തരം ഒരു സമഗ്രമലയാള വ്യാകരണം (A Comprehensive Malayalam Grammar) മലയാള വൈയാകരണന്മാരുടെ ആദർശസ്വപ്നമായിത്തീരേണ്ടതാണെ'ന്നും അദ്ദേഹം തുടർന്ന് പറയുന്നുണ്ട്. 'വാസനയുണ്ടെങ്കിൽ സ്വാല്പമായ പ്രയോഗപരിജ്ഞാനംകൊണ്ട് കവിത ചെയ്യാൻ കൂടി സാധിച്ചു എന്നുവരാം. എന്നാൽ ഇന്നതു തെറ്റ്, ഇന്ന തു ശരി എന്ന വിധിക്ക്, പുതിയ ആശയങ്ങളെ ആവശ്യം പോലെ

ആവിഷ്കരിക്കുന്നതിന് മാർഗമുണ്ടാക്കുക, പഴയ മാമൂലുകളും തറവാട്ടു സ്വത്തുകളും രക്ഷിച്ചു പോരുക, പരപരിഭവംകൊണ്ടു കെടുതൽ തട്ടാതെ സൂക്ഷിക്കുക, ദുസ്സ്വാതന്ത്ര്യത്താൽ ഉണ്ടാകുന്ന നിയമലംഘനങ്ങൾ നിമിത്തം വ്യാകുലീഭാവം വരാതിരിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുക ഇതെല്ലാം വ്യാകരണം കൊണ്ടല്ലാതെ സാധിക്കയില്ല' - എന്ന കേരളപാണിനിയുടെ പ്രസ്താവന (മുഖവുര) വ്യാകരണഗ്രന്ഥത്തിന്റെ പ്രസക്തി വ്യക്തമാക്കുന്നു.

▶ കേരളപാണിനീയം: സമഗ്രമായ വ്യാകരണഗ്രന്ഥം

കേരളപാണിനീയത്തിൽ ആഗമികവും അഭ്യൂഹികവുമായ സമ്പ്രദായങ്ങൾ കാണാവുന്നതാണ്. ആഗമികവും വിവരണാത്മകവും താരതമ്യാത്മകവുമായ മൂന്നുവ്യാകരണസമ്പ്രദായങ്ങളും കൈകോർത്തുപോരുന്ന ഒരു നൂതനരീതി കേരളപാണിനീയത്തിൽ ദർശിക്കാമെന്ന് ഡോ. എൻ. രാജേന്ദ്രൻ അഭിപ്രായപ്പെടുന്നു (മലയാള വ്യാകരണചരിത്രം, 2008, പുറം. 25) കാൾഡ്വലിന്റെ വ്യാകരണ ഗ്രന്ഥങ്ങൾ, ഭവനന്ദി, പാണിനീയം, ലീലാതിലകം, തമിഴ് നന്നൂൽ, 'തെലുങ്ക് വ്യാകരണം' തുടങ്ങിയ ഗ്രന്ഥങ്ങളും കേരളപാണിനീയ രചനയ്ക്ക് അത്യന്തം ഉപകരിച്ചിട്ടുണ്ടെന്ന് ആമുഖത്തിൽ എ. ആർ. പറയുന്നുണ്ട്. ഉള്ളടക്കത്തിൽ ആദ്യം പീഠികയാണ് അതിനുശേഷം സന്ധിപ്രകരണം, നാമാധികാരം, ധാത്വാധികാരം, ഭേദകാധികാരം, നിപതാവ്യയാധികാരം, ആകാംക്ഷാധികാരം, ശബ്ദദോല്പത്തി എന്നീ ഏഴ് അധ്യായങ്ങളാണ് വരുന്നത്. സാമാന്യം ദീർഘമായ പീഠികയിൽ മലയാളദേശവും ഭാഷയും, ഘട്ടവിഭാഗം, അക്ഷരമാല, വർണ്ണവികാരങ്ങൾ എന്നിവ വിശദമായി ചർച്ച ചെയ്യുന്നു. തുടർന്ന് സന്ധിപ്രകരണത്തിൽ സന്ധിവിഭാഗം, ശബ്ദവിഭാഗം, പ്രകൃതിപ്രത്യയങ്ങൾ എന്നിവ വിശകലനം ചെയ്യുന്നു. നാമാധികാരം എന്ന ഭാഗത്ത് ലിംഗപ്രകരണം, വചനപ്രകരണം, വിഭക്തിപ്രകരണം, വിഭക്ത്യാഭാസപ്രകരണം, കാരകപ്രകരണം, തദ്ധിതപ്രകരണം എന്നിവ വിശദമാക്കുന്നു. ധാത്വധികാരത്തിൽ കാലപ്രകരണം, പ്രകാരപ്രകരണം, ഖിലധാതുക്കൾ, അനുപ്രയോഗം, നിഷേധപ്രകരണം, സമുച്ചയം, അംഗക്രിയ, കൃതികൃത്തുക്കൾ, കാരകകൃത്തുക്കൾ എന്നിവ ചർച്ച ചെയ്യുന്നു. ഭേദകാധികാരം, നിപാതാവ്യയാധികാരം, ആകാംഷാധികാരം, ശബ്ദോൽപ്പത്തി എന്നിവയാണ് ഏഴ് അദ്ധ്യായങ്ങൾ. ആദ്യം സൂത്രവൃത്തി രൂപത്തിലായിരുന്നു രചന. പിന്നെ രണ്ടാം പതിപ്പിൽ കാരികാവിവരണരീതി സ്വീകരിച്ചു. 194-കാരികയിലൂടെയാണ് എ. ആർ. ഭാഷയുടെ വ്യാകരണം വിശദമാക്കുന്നത്. ഓരോ കാരികയ്ക്കും ആവശ്യമായ വിശദീകരണം അവിടവിടങ്ങളിൽ ചേർത്തിട്ടുണ്ട്. ഇരുപതിൽപ്പരം വർഷമെടുത്താണ് ഇതിന്റെ രചന നിർവഹിച്ചിരിക്കുന്നത്. പൊതുവേ ആഗമിക സ്വഭാവമുള്ള ഒരു വ്യാകരണഗ്രന്ഥമാണ് 'കേരളപാണിനീയം' എന്ന് പറയാം.

▶ മലയാള വ്യാകരണ ഗ്രന്ഥങ്ങളിൽ പ്രഥമ ഗണനീയമായ കൃതി

## എം. ശേഷഗിരിപ്രഭു - വ്യാകരണമിത്രം

1904 ലാണ് എം. ശേഷഗിരിപ്രഭുവിന്റെ 'വ്യാകരണമിത്രം' പ്രസിദ്ധീകരിക്കുന്നത്. മിക്കവാറും വ്യാകരണത്തിലെ സംസ്കൃതമാർഗത്തെയാണ് ശേഷഗിരിപ്രഭു പിന്തുടരുന്നതെന്ന് കാണാം. ശബ്ദം, പദം, വാക്യം എന്നിങ്ങനെ മൂന്നായി ഭാഷയെ വിഭജിച്ചു പഠിക്കുന്ന സമ്പ്രദായമാണ് സ്വീകരിച്ചിട്ടുള്ളത്. വിഷയനിരൂപണം, ശിക്ഷ, പദകാണ്ഡം, വാക്യകാണ്ഡം, നിരുക്തകാണ്ഡം എന്നിങ്ങനെ അഞ്ചു ഭാഗങ്ങളായി ഉള്ള

ടക്കം നിബന്ധിച്ചിരിക്കുന്നു. കേരളപാണിനീയത്തെ പൂരിപ്പിച്ചുകൊണ്ട് വ്യാകരണത്തോടുള്ള ആധുനികസമീപനമാണ് വ്യാകരണമിത്രം. ഉദാഹരണത്തിന് കേരളപാണിനിയുടെ കാരിതം, അകാരിതം എന്ന സംജ്ഞയ്ക്ക് പകരം ഗുണ്ടർട്ട് ഉപയോഗിച്ച ബലക്രിയ, അബലക്രിയ എന്ന പേരാണ് ശേഷഗിരിപ്രഭു സ്വീകരിച്ചത്. അതുപോലെ പേരെച്ചം, വിനയെച്ചം എന്നതിന് പകരം ശബ്ദന്യൂനം, ക്രിയാന്യൂനം എന്നും ഉപയോഗിച്ചിരിക്കുന്നു. കേരളപാണിനീയത്തിലെ ശുദ്ധം, സാംഖ്യം, വിഭാവകം എന്നിവയ്ക്കു പകരം യഥാക്രമം ധാതുജം, സംഖ്യാവചനം, ഗുണവചനം എന്നീ പേരുകൾ സ്വീകരിച്ചിരിക്കുന്നു. പ്രകാരവിവരണത്തിൽ കേരളപാണിനിയുടെ പരിമിതമായ അർഥത്തിൽനിന്ന് മാറി ക്രിയാവിശേഷണമായി കണ്ട് കൂടുതൽ അർഥവ്യാപ്തി നൽകാൻ ശ്രമിച്ചിരിക്കുന്നു. കേരളപാണിനീയത്തിൽ നിന്ന് വ്യത്യസ്തമായി ചിന്തിക്കാനും വ്യാകരണപഠനം കൂടുതൽ ശാസ്ത്രീയമാക്കാനും ശേഷഗിരിപ്രഭു ശ്രമിച്ചിട്ടുണ്ട്.

> ▶ കേരളപാണിനീയത്തിനുശേഷമുള്ള ഗണനീയമായ വ്യാകരണഗ്രന്ഥം.

## ഡോ. കെ. സുകുമാരപിള്ള - കൈരളീശബ്ദാനുശാസനം

അറുനൂറോളം പേജുകളുള്ള മലയാളത്തിലെ ഏറ്റവും വലിയ വ്യാകരണഗ്രന്ഥങ്ങളിലൊന്നാണ് 'കൈരളീശബ്ദാനുശാസനം' (1980). ആധുനിക ഭാഷാശാസ്ത്രസിദ്ധാന്തങ്ങൾ പരാമർശിച്ചിരിക്കുന്ന ആദ്യ മലയാള വ്യാകരണവും ഇതുതന്നെയാണ്. ആഗമികവും തുലനാത്മകവുമായ പദ്ധതികളുടെ അടിസ്ഥാനത്തിൽ രചിക്കപ്പെട്ട ഒരു ഗ്രന്ഥം കൂടിയാണിത്. ഉപോദ്ഘാതത്തിന് പുറമേ, ഒൻപത് അദ്ധ്യായങ്ങളാണ് ഇതിലുള്ളത്. വർണ്ണവിചാരം, വർണ്ണങ്ങൾ - വിതരണവും വികാരവും, സന്ധി, പ്രകൃതിയും പ്രത്യയവും, ധാതു, പ്രതിപാദികം, വാക്യവിചാരം, രൂപാന്തരണം, കൈരളിയുടെ ഗോത്രബന്ധം എന്നിവയാണ് അദ്ധ്യായങ്ങൾ. കൂടാതെ അനുബന്ധമായി ധാതുപാഠവും ചേർത്തിട്ടുണ്ട്. എല്ലാ വ്യാകരണവിഷയങ്ങളും പ്രാചീനവും ആധുനികവുമായ വീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്, എന്നതാണ് ഈ വ്യാകരണത്തെ ശ്രദ്ധാർഹമാക്കുന്നതെന്ന് കെ. എം. പ്രഭാകരവാരിയർ പറയുന്നു (ഭാഷാവലോകനം പുറം 198-199). എന്നാൽ, ആധുനിക ഭാഷാശാസ്ത്രസിദ്ധാന്തങ്ങളെയും പാരമ്പര്യ വ്യാകരണതത്ത്വങ്ങളെയും കൂട്ടിക്കലർത്തിയത് കൃതിയെ വിലക്ഷണമാക്കിയിട്ടുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. 'മലയാളത്തിൽ സ്വതന്ത്രനാമവിശേഷണങ്ങളോ, സ്വതന്ത്ര ക്രിയാവിശേഷ്യങ്ങളോ ഇല്ലാ' 'ധാതുവിന്റെ മൂലരൂപത്തിന് കേവലം വ്യുല്പന്നരൂപം-പ്രയോജകം എന്ന വിഭജനമേവേണ്ടൂ,' 'നടുവിനയെച്ചത്തെ കൃദന്തനാമമായി കരുതണം', 'അം' നപുംസക ലിംഗപ്രത്യയമല്ല തുടങ്ങിയ പല മൗലിക നിരീക്ഷണങ്ങളും ഗ്രന്ഥകാരൻ പ്രകടിപ്പിച്ചിട്ടുണ്ട്. ചരിത്രാത്മക വീക്ഷണമുള്ള ഒരു വ്യാകരണഗ്രന്ഥം കൂടിയാണ് കൈരളീശബ്ദാനുശാസനം.

> ▶ ആധുനിക വ്യാകരണ കൃതി

## സി. വി. വാസുദേവഭട്ടതിരി - അഭിനവ മലയാളവ്യാകരണം

1989-ൽ പ്രസിദ്ധീകരിച്ച സി.വി. വാസുദേവഭട്ടതിരിയുടെ വ്യാകരണഗ്രന്ഥമാണ് അഭിനവ മലയാളവ്യാകരണം. കേരളപാണിനീയത്തിൽ കടന്നുകൂടിയിട്ടുള്ള പോരായ്മകൾ പരിഹരിച്ചുകൊണ്ടുള്ള ഒരു രച

നയാണിതെന്ന് ഗ്രന്ഥകാരൻ അവകാശപ്പെടുന്നു. ഭാഷയുടെയും ഭാഷാശാസ്ത്രത്തിന്റെയും വളർച്ചയും വികാസവും കേരളപാണിനീയത്തിൽനിന്നും മുന്നോട്ടു പോയിരിക്കുന്നു എന്ന നിഗമനത്തിലാണ് ഭട്ടതിരി ചെന്നെത്തുന്നത്. കേരളപാണിനീയത്തെപ്പോലെ ഒരു പീഠിക ഇതിലും കാണാം, പീഠിക ഉൾപ്പെടെ 23 അധ്യായങ്ങളാണ് ഇതിലുള്ളത്. ഭാഷാശാസ്ത്രത്തോട് വ്യാകരണത്തെ ബന്ധപ്പെടുത്താനുള്ള ശ്രമമാണ് അധികം നടത്തിയിട്ടുള്ളത്. പ്രസ്തുത പരിശ്രമം ഏറെക്കുറെ വിജയിച്ചിട്ടുണ്ട്.

- ▶ വ്യാകരണത്തെ ഭാഷാശാസ്ത്രവുമായി ബന്ധിപ്പിച്ച കൃതി

## ഡോ. ഇ. വി. എൻ. നമ്പൂതിരി – കേരളഭാഷാവ്യാകരണം

കേരളപാണിനീയത്തെ പരിഷ്കരിക്കുക എന്ന ലക്ഷ്യത്തോടുകൂടി രചിച്ചിട്ടുള്ള ഒരു വ്യാകരണഗ്രന്ഥമാണ് ഇ. വി. എൻ. നമ്പൂതിരിയുടെ 'കേരളഭാഷാവ്യാകരണം'. 2005 ലാണ് ഇതിന്റെ പ്രസിദ്ധീകരണം. ആധുനികഭാഷാശാസ്ത്രത്തിന്റെ രീതികൾ പിന്തുടർന്ന് പുതിയൊരു കാഴ്ച്ചപ്പാടിൽ വ്യാകരണരചന നടത്താനുള്ള ശ്രമമാണ് അദ്ദേഹം നടത്തിയിട്ടുള്ളത്. ഭാഷയിലെ പദഘടനയ്ക്ക് കേരളപാണിനി പ്രാധാന്യം നൽകുമ്പോൾ ഇതിൽ വാക്യരചനാരീതിയ്ക്കാണ് മുൻതൂക്കം നൽകുന്നത്. വർണ്ണമാല, സന്ധി, പദവ്യുൽപ്പത്തി, നാമരൂപങ്ങൾ, ക്രിയാരൂപങ്ങൾ, വാക്യഘടന, വാക്യവൈചിത്ര്യം എന്നിങ്ങനെയാണ് ഈ ഗ്രന്ഥത്തിലെ അദ്ധ്യായവിഭജനം. അനുബന്ധമായ ഒരു സൂചികയും നൽകുന്നുണ്ട്. 49 വർണ്ണങ്ങളാണ് മലയാളത്തിലുള്ളതെന്നും അതിൽ 13 സ്വരങ്ങളും ശേഷിക്കുന്നവ വ്യഞ്ജനങ്ങളുമാണ് എന്ന് അദ്ദേഹം പറയുന്നു. 'ആ, ഇ, ഉ, ഒ, എ' എന്നീ അഞ്ചു സ്വരങ്ങളെ കേവലസ്വരങ്ങളെന്ന് വിളിക്കുന്നു. ആധുനികഭാഷാശാസ്ത്ര സങ്കേതങ്ങൾ ഉപയോഗിച്ചാണ് സ്വരവ്യഞ്ജനാദി വിഭജനവും ഇതര വിഭജനങ്ങളും നടത്തിയിട്ടുള്ളത്. വ്യഞ്ജനങ്ങളെ വർഗീകരിക്കുന്നിടത്ത് കേരളപാണിനീയത്തെയും ആധുനികഭാഷാശാസ്ത്രത്തെയും ഒരുപോലെ അംഗീകരിക്കുന്നുണ്ട്. വാചകത്തെ, കർത്താവും ക്രിയയും തമ്മിലുള്ള 'യോജനവാചകം' എന്ന് നിർവചിച്ചു കാണുന്നു. അതുപോലെ വാക്യം തന്നെ കേവലവാക്യം, സങ്കീർണ്ണവാക്യം എന്ന് വിഭജിച്ച് വാക്യബന്ധത്തെ വിശദീകരിക്കുന്നുണ്ട്. ഭാഷാശാസ്ത്രതത്ത്വങ്ങളനുസരിച്ചാണ് വാചകഘടന വിവരിക്കുന്നത്. സർവനാമം, സംഖ്യാനാമം എന്നിവയെക്കുറിച്ച് വിശദമായ പഠനം ഇതിൽ നടത്തുന്നുണ്ട്. നാമപൂരണം, വിനയെച്ചം, നാമാംഗവാചകം തുടങ്ങിയവയെക്കുറിച്ചും സാമാന്യമായി വിവരിക്കുന്നുണ്ട്. മലയാളഭാഷയുടെ വ്യാകരണവ്യവസ്ഥയെ പുനർനിർവചിക്കാനുള്ള ശ്രമമാണ് ഗ്രന്ഥകാരൻ ഇവിടെ നടത്തുന്നത്. പദതലത്തെ പുരസ്കരിച്ചും വാക്യതലത്തെ പുരസ്കരിച്ചും രണ്ടു തരത്തിൽ നടത്തിയിരിക്കുന്ന പദവിഭജനം ശ്രദ്ധേയമാണ്.

- ▶ അമേരിക്കൻ ഭാഷാശാസ്ത്രമനുസരിച്ച് പരിഷ്കരിച്ച കൃതി

ഇവയെക്കൂടാതെ ഭാഷയെയും ഭാഷാവ്യാകരണത്തെയും സംബന്ധിച്ച് നിരവധി പുസ്തകങ്ങൾ ഇതിനിടയിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. മിക്കതും 'കേരളപാണിനീയം' എന്ന ഗ്രന്ഥത്തിന് സംഗ്രഹമായോ പൂരണമായോ രചിക്കപ്പെട്ടിട്ടുള്ളവയാണ്. സി. വി. വാസുദേവ ഭട്ടതിരി രചിച്ച 'കേരള പാണിനീയത്തിലൂടെ' (1972), സി. എൽ ആന്റണിയുടെ 'കേരളപാണിനീയ ഭാഷ്യം' (1973), ഡോ. എൻ. സാമിന്റെ 'കേരളപാണി

നീയ വിമർശനവും മറ്റും' (1979), പുതുശ്ശേരി രാമചന്ദ്രൻ എഡിറ്റ് ചെയ്ത 'കേരളപാണിനീയ വിമർശം' (1981), പ്രൊഫ. മീരാക്കുട്ടി രചിച്ച 'കേരളപാണിനീയം ചില അനുബന്ധ ചിന്തകൾ' (1982), പ്രൊഫ. ഗോപിക്കുട്ടൻ തയ്യാറാക്കിയ 'കേരളപാണിനീയ സംഗ്രഹം' (1994) എന്നിവ അതിൽ ചിലതാണ്. മലയാള വ്യാകരണഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ പ്രധാനപ്പെട്ടവയാണ് ഫാ. ജോൺ കുന്നപ്പള്ളിയുടെ 'ശബ്ദസൗഭഗം' (1976), കെ. എസ്. നാരായണപിള്ളയുടെ 'ആധുനിക മലയാളവ്യാകരണം' (1995), പ്രൊഫ. ഗോപിക്കുട്ടന്റെ 'മലയാള വ്യാകരണം' (2002) എന്നിവ.

▶ മലയാളത്തിലെ വ്യാകരണ ഗ്രന്ഥങ്ങൾ

## 1.2.4 മലയാളഭാഷയുടെ ഉല്പത്തി വാദങ്ങൾ

മലയാളഭാഷയുടെ ഉല്പത്തിയെക്കുറിച്ച് പ്രബലങ്ങളായ ഗതികൾ നിരവധി വാദങ്ങൾ നിലനിൽക്കുന്നുണ്ട്.

### 1. സംസ്കൃതജന്യം

മലയാളത്തിന്റെ പ്രകാശത്തിൽ നാൽപ്പതു ശതമാനത്തിലധികം സംസ്കൃതശബ്ദങ്ങൾ ഉണ്ട്. സംസ്കൃതത്തിലെ ക്രിയാ - പ്രകൃതികളെപ്പോലും മലയാളം സ്വീകരിച്ചു. പഠിക്കുക, ഭക്ഷിക്കുക, സ്പർശിക്കുക, മർദ്ദിക്കുക, മരിക്കുക മുതലായവ ഉദാഹരണങ്ങൾ. സാധാരണ ഗതിയിൽ കടംകൊള്ളുന്നത് നാമശബ്ദങ്ങളെയായിരിക്കും. എന്നാൽ മലയാളം സംസ്കൃതത്തിൽനിന്ന് നിരവധി ക്രിയാശബ്ദങ്ങൾ സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല, മലയാളത്തിന്റെ വാക്യഘടനയിലും വ്യാകരണത്തിലും വരെ സംസ്കൃതത്തിന്റെ സ്വാധീനം ദൃശ്യമാണ്. ഇത്രയും വ്യാപകമായ സംസ്കൃതപ്രഭാവം കണ്ടിട്ട് പല പണ്ഡിതൻമാരും സംസ്കൃതജന്യമാണ് മലയാളം എന്ന് വാദിച്ചിട്ടുണ്ട്. കെ. രാഘവശാസ്ത്രികൾ എന്ന പണ്ഡിതൻ തെലുങ്ക്, കന്നടം, തമിഴ്, മലയാളം തുടങ്ങിയ ദ്രാവിഡഭാഷകളെല്ലാം സംസ്കൃതജന്യങ്ങളാണെന്ന് കരുതുന്നു. മറ്റു ചിലരാകട്ടെ പ്രാകൃതത്തിൽ നിന്ന് മലയാളം ഉൾപ്പെടെയുള്ള ദ്രാവിഡഭാഷകൾ ആവിർഭവിച്ചതായി വിശ്വസിക്കുന്നു. എന്നാൽ മലയാളം ഉൾപ്പെടെയുള്ള തെന്നിന്ത്യൻ ഭാഷകൾ പ്രാകൃതം, സംസ്കൃതം എന്നീ ആര്യഭാഷകളിൽ നിന്നും തികച്ചും വ്യത്യസ്തങ്ങളാണെന്ന് ഇപ്പോൾ തെളിഞ്ഞിട്ടുണ്ട്. മലയാളം സംസ്കൃതജന്യമല്ല എന്ന് ആദ്യമായി പ്രസ്താവിച്ചത് F. W. എല്ലിസ് എന്ന ഇംഗ്ലീഷുകാരനാണ്. തെലുഗു, കന്നട, തമിഴ് മുതലായ ഭാഷകൾ അനാര്യങ്ങളാണെന്നും, അവയെ ദ്രാവിഡം എന്നുവിളിക്കാമെന്നും സമർഥിച്ചത് റോബർട്ട് കാൽഡ്വൽ ആണ്. അദ്ദേഹത്തിന്റെ 'A Comparative Grammar of Dravidian Or South Indian Family of Languages' എന്നഗ്രന്ഥം പുറത്തുവന്നതോടുകൂടി മലയാളം സംസ്കൃതജന്യമാണ് എന്ന വാദം അടിസ്ഥാനരഹിതമായിത്തീർന്നു.

▶ ആര്യഭാഷകളിൽ നിന്നും വ്യത്യസ്തമാണ് മലയാളം

### 2. തമിഴ്ജന്യം

തെന്നിന്ത്യൻ ഭാഷകളുടെ അനാര്യവ്യക്തിത്വം വെളിവാക്കിയ കാൽഡ്വൽ തന്നെ തമിഴും, മലയാളവും തമ്മിലുള്ള ബന്ധം എന്താണെന്ന്

പരിശോധിച്ചു നോക്കിയിട്ടുണ്ട്. മലയാളം തമിഴിന്റെ പ്രാചീനമായ ഒരു ഉപഭാഷയാണ്. (Malayalam is an ancient offshoot of Tamil) ഇതാണ് കാൾഡ്വലിന്റെ നിഗമനം. ഇതിനെ തമിഴ്ജന്യവാദം എന്നു വിശേഷിപ്പിക്കാം. എ. ആർ. രാജരാജവർമ്മ, എൽ. വി. രാമസ്വാമി അയ്യർ, എന്നീ പണ്ഡിതൻമാരും സാരാംശത്തിൽ കാൾഡ്വലിനോട് യോജിക്കുന്നു. തമിഴിന് പന്ത്രണ്ടുനാടുകളിലായി ദേശ്യഭേദങ്ങൾ (Dialects) ഉണ്ടായിരുന്നു. ഈ ദേശ്യഭേദങ്ങളെ കൊടുംതമിഴ് എന്നാണ് പറഞ്ഞിരുന്നത്. കുട്ടം, കുടം, കർക്ക, വേൺ, പൂഴി എന്നീ കേരളനാടുകളിലെ കൊടുംതമിഴ് പരിണമിച്ച് മലയാളമായിത്തീർന്നു എന്നാണ് എ. ആറിന്റെ മതം. ഈ പരിണാമം പൂർണമായത് എഴുത്തച്ഛന്റെ കാലമായ 15-ാം നൂറ്റാണ്ടിലാണെന്നും എ. ആറിന് അഭിപ്രായമുണ്ട്. മലയാളം വ്യക്തിത്വമാർജിച്ച കാലഘട്ടത്തെക്കുറിച്ച് എൽ വി രാമസ്വാമി അയ്യർ വിയോജിപ്പ് പ്രകടിപ്പിക്കുന്നു. എഴുത്തച്ഛന്റെ കാലത്തിനുമുമ്പുതന്നെ മലയാളം തമിഴിൽ നിന്ന് വ്യത്യസ്തമായ ഭാഷയായി മാറിക്കഴിഞ്ഞിരുന്നു എന്ന് എൽ വി. ആർ. കരുതുന്നു. എ. ഡി. അഞ്ചാം ശതകത്തിനും ഒമ്പതാം ശതകത്തിനും ഇടയിലുള്ള മധ്യകാലതമിഴിൽ നിന്ന് മലയാളം രൂപംമാറി എന്നാണ് അദ്ദേഹം വാദിക്കുന്നത്. എങ്കിലും എ. ആറിന്റെയും എൽ. വി. ആറിന്റെയും നിലപാടുകൾ ഫലത്തിൽ തമിഴ്ജന്യവാദം തന്നെയാണ്.

> ▶ മലയാളം തമിഴിന്റെ ഒരു ഉപഭാഷയാണ്

## 3. ഭാഷാമിശ്രജന്യം

തമിഴും സംസ്കൃതവും തമ്മിൽ കൂടിക്കലർന്നതിന്റെ ഫലമായി മലയാളം ആവിർഭവിച്ചു. ഇതിനെ ഭാഷാമിശ്രജന്യവാദം എന്ന് വിശേഷിപ്പിക്കാം. ലീലാതിലകകാരൻ ഉൽകൃഷ്ടം, അപകൃഷ്ടം എന്നിങ്ങനെ രണ്ട് മൊഴികളെക്കുറിച്ച് പറയുന്നുണ്ട്. ത്രൈവർണികർ സംസ്കൃതത്തിന്റെ അക്ഷരമാലയും പദങ്ങളും വ്യാകരണവും മറ്റും മലനാട്ടുതമിഴിൽ കലർത്തിയിരുന്നു. അങ്ങനെയുണ്ടായ സങ്കരഭാഷയാണ് ഭാഷാമിശ്രം, ഇതിൽനിന്ന് ക്രമേണ മലയാളം ഉരുത്തിരിഞ്ഞുവന്നു. കേരളകൗമുദികാരനായ കോവുണ്ണി നെടുങ്ങാടി ഈ ഭാഷാമിശ്രജന്യവാദം വിശ്വസിച്ചു. അദ്ദേഹം തന്റെ ഗ്രന്ഥത്തിന്റെ ഭാഷാഗമം എന്ന അധ്യായത്തിൽ 'ആര്യദ്രാവിഡ വാഗ്ജാതാ കേരളീയോക്തി കന്യക' എന്ന് എഴുതിയപ്പോൾ സംസ്കൃതത്തിന്റെയും കേരളഭാഷയുടെയും സാങ്കര്യത്തെയാണ് വിവക്ഷിച്ചത്. തുടർന്ന് അദ്ദേഹം ആര്യവ്യവഹാരമെന്ന സംസ്കൃതത്തിന്റെയും ദ്രാവിഡവാക്കെന്ന തമിഴിന്റെയും കലർപ്പിൽ നിന്നുണ്ടായ കേരളഭാഷ' എന്നുതന്നെ വ്യക്തമാക്കിയിട്ടുണ്ട്. ആധുനികദശയിൽ ഇളംകുളം കുഞ്ഞൻപിള്ള ഈ വാദത്തോട് യോജിപ്പു പ്രകടിപ്പിച്ചതായി കാണുന്നു. ലീലാതിലകം സൂചിപ്പിക്കുംപോലെ ത്രൈവർണികവർത്തിനിയായ ഉൽകൃഷ്ടഭാഷ എന്ന ഭാഷാമിശ്രത്തിൽ നിന്ന് ഇന്നത്തെ മലയാളം രൂപപ്പെട്ടതായി പ്രൊഫ. ഇളംകുളം 'കേരളഭാഷയുടെ വികാസപരിണാമങ്ങൾ' എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്.

> ▶ തമിഴും സംസ്കൃതവും കൂടിക്കലർന്നുണ്ടായ മലയാളം

## 4. മൂലദ്രാവിഡജന്യം

ഇന്നത്തെ തെലുങ്കും, തമിഴും, കന്നടവും, മലയാളവും സ്വതന്ത്രഭാഷകളിലായി പരിണമിക്കുന്നതിന് മുമ്പുള്ള അതിപ്രാചീനദശയെ മൂല

ദ്രാവിഡം (Proto Dravidan) എന്നുപറയാം. ആ അതിപ്രാചീന മൂലഭാഷയിൽ നിന്ന് തമിഴ് അതിന്റെ വഴിക്കും, മലയാളം അതിന്റെ വഴിക്കും പരിണാമം പ്രാപിച്ചു എന്ന് മൂലദ്രാവിഡജന്യവാദികൾ അഭിപ്രായപ്പെടുന്നു. ആറ്റൂർ കൃഷ്ണപ്പിഷാരടി, ഡോ. ഗോദവർമ്മ, ഡോ. കെ. എം. ജോർജ് മുതലായവർ മലയാളത്തിന്റെ അതിപ്രാചീനമായ സ്വതന്ത്രവ്യക്തിത്വത്തെ ഊന്നിപ്പറയുന്നവരാണ്. ഒരേ മൂലകുടുംബത്തിൽ നിന്ന് ക്രിസ്തുവർഷാരംഭത്തിനുമുമ്പു തന്നെ വേർപെട്ടു പോകുകയും തനതായ വ്യക്തിത്വം നേടുകയും ചെയ്ത ഭാഷകളാണ് തമിഴും മലയാളവും എന്ന് ഇവർ വാദിക്കുന്നു.

- അതിപ്രാചീന മൂലഭാഷയിൽ നിന്ന് മലയാളം പരിണാമം പ്രാപിച്ചു

### 5. പ്രാഗ്ഭാഷാജന്യം

മലയാളവും തമിഴും ഒരേ ഗോത്രത്തിൽപ്പെട്ട ഭാഷകളാണെന്ന കാര്യത്തിൽ തർക്കമില്ല. ദ്രാവിഡഗോത്രത്തിലെ മറ്റു ഭാഷകളോടുള്ളതിനേക്കാൾ അടുത്ത ബന്ധം തമിഴിനും മലയാളത്തിനും തമ്മിലുണ്ട്. ഇന്ന് ഈ ഭാഷകൾ സജാതഭാഷകൾ (Cognate Languages). എന്നാൽ പ്രാചീനദശയിൽ ഇവ തമ്മിൽ അന്തരം വളരെ കുറവായിരുന്നു. അക്കാലത്ത് പാണ്ടിത്തമിഴും മലനാട്ടുതമിഴും രണ്ട് മൊഴിഭേദങ്ങൾ (Dialects) എന്ന വ്യത്യാസമാണ് പുലർത്തിയിരുന്നത്. അങ്ങനെ പാണ്ടിത്തമിഴും മലനാട്ടുതമിഴും ഏറെക്കുറെ സമാനത പുലർത്തിയിരുന്ന പ്രാചീനദശയെ പ്രൊഫ. സി. എൽ. ആന്റണി പഴന്തമിഴ് (Proto-Tamil) എന്ന് നാമകരണം ചെയ്തിരിക്കുന്നു. ഡോ. കെ. എം. പ്രഭാകരവാര്യർ ആ പ്രാഗ്ഭാഷയെ തമിഴ് - മലയാളം എന്നാണ് വിളിച്ചിട്ടുള്ളത്. തമിഴിന്റെയും മലയാളത്തിന്റെയും സമാനമായ പൂർവദശയിൽ നിന്ന് ഇന്നത്തെ തമിഴും ഇന്നത്തെ മലയാളവും പരിണമിച്ചുണ്ടായി എന്നതാണ് ഇവരുടെ സിദ്ധാന്തം. ഈ പ്രാഗ് ഭാഷാജന്യവാദമാണ് പുതിയ ഭാഷാചിന്തകൻമാർക്കിടയിൽ അംഗീകാരം നേടിയിട്ടുള്ളത്.

- മലയാളവും തമിഴും ഒരേ ഗോത്രത്തിൽ പ്പെട്ട ഭാഷകളാണ്

### 6. പൂർവ-തമിഴ് മലയാള വാദം

കാമിൽ സ്വനബിൽ, എ ഗോവിന്ദൻ കുട്ടി, എസ് വി ഷൺമുഖം എന്നിവരുടെ പഠനങ്ങളാണ് ഈ സിദ്ധാന്തത്തിന് വഴി തെളിയിച്ചത്. പൂർവ്വ ദക്ഷിണദ്രാവിഡത്തെ രണ്ടു ശാഖകളായി വേർതിരിക ണം. അവ തമിഴ് - മലയാളം, കർണാടകം എന്നിവയാണ്. ഏതാണ്ട് പൂർവ്വ മധ്യകാല തമിഴ് ഘട്ടത്തിൽ നിന്നാണ് പശ്ചിമതീരഭാഷാഭേദം അകന്ന് സ്വതന്ത്രഭാഷയായി രൂപംപ്രാപിക്കാൻ തുടങ്ങുന്നത്. മലയാളത്തിന് പ്രത്യേകമായ പല നവപ്രവർത്തനങ്ങളും സംഭവിച്ചിട്ടുണ്ട്. ശാസനങ്ങളിൽ നിന്ന് ശേഖരിച്ച തെളിവുകളെ ആസ്പദമാക്കി ഈ നവപ്രവർത്തനങ്ങൾ ഒമ്പതും പത്തും നൂറ്റാണ്ടുകളിൽ ആരംഭിച്ചതായി കരുതാം.

- ശാസനങ്ങളിൽ നിന്നും ശേഖരിച്ച തെളിവുകൾ

മലയാളഭാഷയുടെ ഉല്പത്തിയെപ്പറ്റി വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളും സിദ്ധാന്തങ്ങളും നിലവിലുണ്ട്. തെന്നിന്ത്യൻ ഭാഷകളുടെ അനാര്യവ്യക്തിത്വം വെളിവാക്കിയ കാൽഡ്വൽ തന്നെ തമിഴും, മലയാളവും തമ്മിലുള്ള ബന്ധം എന്താണെന്ന് പരിശോധിച്ചു നോക്കിയിട്ടുണ്ട്. ദ്രാവിഡഭാഷാ ഗോത്രത്തിൽ ഉൾപ്പെടുന്ന ഒരു ആധുനിക ഭാഷയാണ് മലയാളം. മലയാളം വ്യക്തിത്വമാർജിച്ച കാലഘട്ടത്തെക്കുറിച്ച് എൽ വി രാമസ്വാമി അയ്യർ വിയോജിപ്പ് പ്രകടിപ്പിക്കുന്നു. എഴുത്തച്ഛ

ന്റെ കാലത്തിനുമുമ്പുതന്നെ മലയാളം തമിഴിൽ നിന്ന് വ്യത്യസ്തമായ ഭാഷയായി മാറിക്കഴിഞ്ഞിരുന്നു എന്ന് എൽ വി. ആർ. കരുതുന്നു. പൂർവ്വദ്രാവിഡഭാഷയിൽ നിന്ന് കന്നഡവും തെലുങ്കും വേർപിരിഞ്ഞതിനു ശേഷം പൂർവതമിഴ്-മലയാളം എന്ന ഒരു പൊതുഭാഷാ കാലഘട്ടം ഉണ്ടായിരുന്നുവെന്നാണ് ഈ സിദ്ധാന്തം ചൂണ്ടിക്കാണിക്കുന്നത്. പൂർവ്വ തമിഴ്-മലയാളത്തെ ഇരുഭാഷകളുടെയും പൂർവ്വഘട്ടമായി വിശദീകരിക്കുന്നവരിൽ പ്രമുഖർ എൽ.വി. രാമസ്വാമി അയ്യർ, കാമിൽ സ്വലബിൽ, എസ്.വി. ഷണ്മുഖം മുതലായവരാണ്. മറ്റു ഭാഷോദ്ഭവ സിദ്ധാന്തങ്ങൾക്ക് വിരുദ്ധമല്ല പൂർവ്വ തമിഴ്-മലയാളം എന്ന സങ്കല്പം.

▶ പൂർവ - തമിഴ് മലയാളം എന്ന പൊതു ഭാഷാ കാലഘട്ടം

തമിഴിനും മലയാളത്തിനും ഒരു പൊതുപൂർവ്വഘട്ടമുണ്ടായിരുന്നതായി മിക്ക ഭാഷാപണ്ഡിതരും സമ്മതിക്കുന്നുണ്ട്. ഹെർമ്മൻ ഗുണ്ടർട്ടിന്റെ അഭിപ്രായത്തിൽ "വിഭിന്നഭാഷകളെന്നതിനെക്കാൾ ദ്രാവിഡഗോത്രത്തിലെ ഒരേ അംഗത്തിന്റെ ഉപഭാഷകളെന്നനിലയിലാണ് ഈ രണ്ടുഭാഷകൾ പഴയകാലത്ത് വേർതിരിയുന്നത്.'' 'തമിഴ്മലയാളങ്ങൾ ഒരു ഭാഷയുടെതന്നെ രൂപാന്തരങ്ങളാണെന്നും' 'തമിഴും മലയാളവും ഒന്നു തന്നെ' എന്നും കേരളപാണിനീയത്തിൽ ഏ.ആർ. പരാമർശിക്കുന്നു. മൂലദ്രാവിഡഭാഷയിൽനിന്ന് തെലുങ്ക് കർണ്ണാടകങ്ങൾ പിരിഞ്ഞതിനു ശേഷം തമിഴും മലയാളവും ഒന്നിച്ചായിരുന്ന ഒരു പൂർവ്വദശയുണ്ടായിരുന്നു എന്നും ആ പൂർവ്വഭാഷ പിൽക്കാലത്ത് പല സ്വാധീനതകൾക്കും വിധേയമായി രണ്ടു സ്വതന്ത്രഭാഷകളായി ഉരുത്തിരിഞ്ഞു എന്ന് ഇളംകുളവും പ്രസ്താവിക്കുന്നു. പൊതുപൂർവ്വഘട്ടത്തെക്കുറിച്ച് വ്യക്തമായ ഒരു വാദം പുറപ്പെടുവിക്കുന്നത് പി. ശങ്കരൻ നമ്പ്യാരാണ്. മൂലദ്രാവിഡഭാഷ കാലഭേദം, ദേശഭേദം, യോഗഭേദം മുതലായ അനേകം കാരണങ്ങളാൽ തമിഴ്, കർണ്ണാടകം, തുളു, തെലുങ്ക്, കുടക് എന്നിങ്ങനെ അഞ്ചു പ്രധാനശാഖകളായിപ്പിരിയുകയാണുണ്ടായത്; ഇതിൽ തമിഴ്(മുൻതമിഴ്) രണ്ടായി പിരിഞ്ഞതിൽനിന്നാണ് മലയാളമുണ്ടായത് എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. 'ചെന്തമിഴിന്റെ വ്യവസ്ഥിതികാലത്തിനു മുൻപുതന്നെ മലയാളം ഒരു പ്രത്യേകഭാഷാത്വത്തെ സമ്പാദിച്ചിരുന്നു' എന്നും 'മൂലദ്രാവിഡകുടുംബത്തിലെ ഒരംഗവും മുത്തമിഴിന്റെ പുത്രിയും ചെന്തമിഴിന്റെ സഹോദരിയും ആയിട്ടാണ് മലയാളഭാഷ നിലനിൽക്കുന്നത്' എന്നും അദ്ദേഹം വിശദീകരിക്കുന്നു.

▶ തമിഴ് മലയാളങ്ങൾ ഒരു ഭാഷയുടെതന്നെ രൂപാന്തരങ്ങളാണ്

### 7. ഭാഷാസംക്രമണ വാദം

പത്താം നൂറ്റാണ്ടുവരെ സംസ്കൃത ചെന്തമിഴ് സാഹിത്യങ്ങൾക്കായിരുന്നു കേരളത്തിൽ പ്രാബല്യം. എന്നാലും ആ കാലത്തെ വ്യവഹാരഭാഷ സംസ്കൃതത്തിൽ നിന്നും ചെന്തമിഴിൽ നിന്നും ഭിന്നമായിരുന്നു. ക്രിസ്തുവിന് മുൻപ് ഒമ്പതാം നൂറ്റാണ്ടിന് ശേഷം കേരളത്തിലെ വ്യവഹാര ഭാഷ ലിഖിതഭാഷയിലേക്ക് നുഴഞ്ഞു കയറി ചെന്തമിഴിന്റെ ആധിപത്യം കുറക്കാൻ തുടങ്ങി. പാട്ടു പ്രസ്ഥാനം ആ ഭാഷാ സംക്രമണ ചരിത്രം പ്രതിഫലിപ്പിക്കുന്നു. ചെന്തമിഴിലേക്കും സംസ്കൃതത്തിലേക്കും കേരളത്തിലെ വ്യവഹാരഭാഷ കയറിപ്പറ്റി അവയുടെ ആധിപത്യം ശിഥിലമാക്കിയതിനു ശേഷം യഥാകാലം സ്വാതന്ത്ര്യപ്രഖ്യാപനം ചെയ്യുകയാണുണ്ടായതെന്ന് സി എൽ ആന്റണി അഭിപ്രായപ്പെടുന്നു.

ഇതിനു ഭാഷാ സംക്രമണവാദം എന്നു പറയുന്നു. ഭാഷാപഠനങ്ങൾ എന്ന വ്യാകരണകൃതിയിൽ സി എൽ ആന്റണി കേരള ഭാഷയുടെ ഉത്ഭ വത്തെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. മൂലദ്രാവിഡ ഭാഷയിൽ നിന്നും തെലുങ്ക് കന്നഡ എന്നിവ വേർപ്പെട്ട ശേഷം തമിഴ് മലയാള ങ്ങൾക്ക് ഒരു പൂർവ്വഘട്ടം ഉണ്ടായിരുന്നു. ഇതിനെ പഴന്തമിഴ് എന്നാണ് അദ്ദേഹം വിളിച്ചത്. ഈ പഴന്തമിഴിൽ നിന്നാണ് മലയാളവും തമി ഴും ഉണ്ടായത്. തമിഴിൽ സാഹിത്യം ഉടലെടുക്കുന്നതിന് മുൻപുള്ള ഘട്ടമാണിത്. മൂന്നാം നൂറ്റാണ്ടോടെ തമിഴിൽ സാഹിത്യം ഉണ്ടായി. ക്രിസ്തുവർഷാരംഭത്തോടെ മലനാട്ടുതമിഴ് വേറെ ഭാഷയായിട്ട് രൂപ പ്പെട്ടുവെന്നും അത് മലയാളമായി മാറിയെന്നുമാണ് സി എൽ ആന്റ ണിയുടെ വാദം. സംഭാഷതലത്തിൽ പഴന്തമിഴിൽ നിന്നും വേർപെട്ട് എങ്കിലും സാഹിത്യഭാഷ ചെന്തമിഴ് തന്നെ ആയിരുന്നിരിക്കാം എന്ന് അദ്ദേഹം അനുമാനിക്കുന്നു. കൊല്ലവർഷാരംഭത്തോടെ ചെന്തമിഴ്ലേ ക്ക് വ്യവഹാരഭാഷ സംക്രമിച്ചെന്നും അദ്ദേഹം പറയുന്നു. പിന്നീട് സംസ്കൃതത്തിന്റെ അക്രമണത്തിന് വിധേയമായ ഭാഷ അതിനെയും തോൽപ്പിച്ചുകൊണ്ട് സ്വാതന്ത്രമാവുകയായിരുന്നു എന്നാണ് സി എൽ ആന്റണി പറയുന്നത്. AD 9ാം നൂറ്റാണ്ട് വരെയുള്ള ഘട്ടത്തെ പരതന്ത്ര ഘട്ടമെന്നും. ഒൻപത് മുതൽ പതിനേഴു വരെ സംക്രമണഘട്ടമെന്നും പതിനേഴിനുശേഷം സ്വതന്ത്രഘട്ടമെന്നും ഇദ്ദേഹം തിരിക്കുന്നു.

▶ മലനാട്ടുതമിഴ് രൂപാന്തരപ്പെട്ട് മല യാളമായി മാറി - ആന്റണി സി.എൽ

ചെന്തമിഴിലേക്കും സംസ്കൃതത്തിലേക്കും കേരളത്തിലെ വ്യവഹാ രഭാഷ കയറിപ്പറ്റി അവയുടെ ആധിപത്യം ശിഥിലമാക്കിയതിനു ശേ ഷം യഥാകാലം സ്വാതന്ത്രപ്രഖ്യാപനം ചെയ്യുകയായിരുന്നു മലയാളം എന്ന് സംക്രമവാദം പറയുന്നു. മലയാളഭാഷയുടെ പ്രഭവത്തെക്കുറി ച്ചോ ആദ്യകാലസ്വഭാവത്തെക്കുറിച്ചോ അദ്ദേഹം വിശദീകരിക്കുന്നില്ല. ഗദ്യത്തിലുള്ള സാഹിത്യഭാഷയുടെ പരിണാമത്തിലാണ് സംക്രമണ വാദം ഊന്നുന്നത്. സാഹിത്യഭാഷയിലും ശാസനഭാഷയിലും ചെന്ത മിഴിന്റെയും സംസ്കൃതത്തിന്റെയും ആധിപത്യമുണ്ടായിരുന്നപ്പോഴും കേരളത്തിലെ വ്യവഹാരഭാഷ ഇവയിൽനിന്ന് ഭിന്നമായിരുന്നുവെവെ ന്നും ക്രി.വ.10-ആം നൂറ്റാണ്ടിനുശേഷമാണ് ചെന്തമിഴിലേക്ക് കേരള ത്തിലെ വ്യവഹാരഭാഷയ്ക്കു നുഴഞ്ഞുകയറാനും സ്വന്തമായ സാഹി ത്യഭാഷ രൂപപ്പെടുത്താനും സാധിച്ചതെന്നും അദ്ദേഹം പറയുന്നു. ഈ പരിണാമത്തെ മൂന്നു ഘട്ടങ്ങളായി തിരിക്കാം - പരതന്ത്രഘട്ടം, സംക്ര മഘട്ടം, സ്വതന്ത്രഘട്ടം.

▶ മൂന്നു പരിണാമഘ ട്ടങ്ങൾ - പരതന്ത്ര ഘട്ടം, സംക്രമണ ഘട്ടം, സ്വതന്ത്രഘട്ടം

## 1.2.5 കേരളപാണിനിയുടെ ഭാഷോൽപ്പത്തി സിദ്ധാന്തം

കേരളഭാഷയുടെ ഉൽഭവത്തെക്കുറിച്ച്, എ. ആർ. കേരളപാണിനീയ ത്തിന്റെ പീഠികയിൽ ചരിത്രപരമായ അന്വേഷണം നടത്തിയിട്ടുണ്ട്. ആ അന്വേഷണത്തിൽ കേരളപാണിനിക്ക് മാർഗദർശകമായി പ്രവർത്തിച്ച ത് കാൽഡ്വലിന്റെ താരതമ്യവ്യാകരണം (A Comparative Grammar of South Indian or Dravidian Family of Languages) എന്ന ഗ്രന്ഥ മാണ്. ('Malayalam is an ancient off-shoot of Tamil') തമിഴിന്റെ പ്രാചീനമായ ഒരു ഉപഭാഷയാണ് മലയാളം'- ഇതാണ് കാൽഡ്വലിന്റെ നിഗമനം. ഈ നിഗമനത്തെ കൂടുതൽ ശാസ്ത്രീയമായി വിവരിക്കുക യാണ് കേരളപാണിനി ചെയ്തിട്ടുള്ളത്. ഈ വിധം കൊടുംതമിഴ് മല

▶ കൊടുംതമിഴ് മലയാ ളമായി തീരുന്നതിന് സഹായിച്ച ഭാഷാത ത്വങ്ങൾ

യാളമായി തീരുന്നതിന് സഹായിച്ച ഭാഷാതത്വങ്ങളെ ആറുനയങ്ങളായി താഴെ വിവരിക്കുന്നു.

### 1. അനുനാസികാതിപ്രസരം

ഒരനുനാസികവർണവും അതിനടുത്തു ഒരു ഖരവർണവും മുന്നിലും പിന്നിലും വന്നാൽ അനുനാസികം ആ ഖരവർണത്തെക്കൂടി കടന്നു കയറി സ്വാധീനിച്ച് അനുനാസികമാക്കിത്തീർക്കും. അനുനാസികം മുമ്പും ഖരം പിമ്പുമായി കൂട്ടക്ഷരം വന്നാൽ അനുനാസികം ഇരട്ടിച്ച ഫലം ചെയ്യും.

ഉദാ: നിൻ + കൾ -> നിങ് കൾ -> നിങ്ങൾ
മരം + കൾ -> മരങ് + കൾ -> മരങ്+ങൾ -> മരങ്ങൾ

### 2. താലവ്യാദേശം

താലവ്യാസ്വരങ്ങളായ ഇ, എ, ഐ എന്നിവയ്ക്കും താലവ്യവ്യഞ്ജനമായ യകാരത്തിനും ശേഷം ദന്ത്യവ്യഞ്ജനങ്ങൾ നിന്നാൽ, ആ ദന്ത്യവ്യഞ്ജനങ്ങൾ സവർണനം വന്ന് താലവ്യവ്യഞ്ജനങ്ങളായി പരിണമിക്കും.

ഉദാ: പിടി + ത്തു -> പിടിച്ചു.
അടൈ+ ത്തു -> അടൈച്ചു -> അടച്ചു.
അയ് + ന്ത് -> അഞ്ച്

### 3. സ്വരസംവരണം

ഐ, ഉ എന്നീ സ്വരങ്ങൾക്ക് സംഭവിക്കുന്ന ലഘൂകരമാണ് സ്വരസംവരണം.

മലൈ -> മല ഐ -> അ
കണ്ടു -> കണ്ട് ഉ -> ഉ്

തമിഴിലെ ഐ മലയാളത്തിൽ അകാരമായി പരിണമിച്ചു എന്നാണ് കേരളപാണിനി കരുതുന്നത്. അയ് എന്ന പ്രാഗ്‌രൂപം ഇന്നത്തെ തമിഴിൽ ഐ എന്നും മലയാളത്തിൽ അ എന്നും തരംമാറിയതായി കരുതുന്നതാണ് കൂടുതൽ യുക്തിസഹം.

### 4. പുരുഷഭേദനിരാസം

വാക്യകർത്താവിന്റെ ലിംഗ - വചന - പുരുഷ വ്യത്യാസമനുസരിച്ച് ആഖ്യാനത്തിലും രൂപഭേദം വരുത്തുന്ന ഏർപ്പാട് പുരുഷപ്രത്യയയോഗം മറ്റു ദ്രാവിഡഭാഷകളിലെല്ലാം കാണുന്നു.

ഉദാ: അവൻ വന്താൻ - അവൻ വന്നു
അവൾ വന്താൾ - അവൾ വന്നു
അവർ വന്താർ - അവർ വന്നു

മലയാളത്തിൽ മാത്രം കർതൃക്രിയാപൊരുത്തം സൂചിപ്പിക്കുന്ന ആഖ്യാതപ്രത്യയം ചേർക്കാറില്ല. ഈ സവിശേഷതയാണ് കേരളപാണിനി പുരുഷഭേദനിരാസം എന്ന് വിളിച്ചത്. പുരുഷഭേദ - അഭാവം പ്രാഗ്ഭാഷയുടെ സ്വഭാവമായിരുന്നു എന്നും അത് മലയാളം മാത്രം നിലനിർത്തി എന്നും ഒരുവാദമുണ്ട്. ഡോ. കെ. എം. ജോർജിനെപ്പോ

> ▶ പുരുഷഭേദ - അഭാവം പ്രാഗ്ഭാഷയുടെ സ്വഭാവമായിരുന്നു

ലുള്ള സ്വതന്ത്രതാവാദികളാണ് ആ അഭിപ്രായം ഉന്നയിച്ചിട്ടുള്ളത്. ഇന്ന് ഈ വാദത്തിനു നിലനിൽപ്പില്ലെന്നു പറയാം.

### 5. ഖിലോപസംഗ്രഹം

'ഖിലം' എന്നാൽ അപ്രയുക്തം. ഒരു കാലത്ത് നടപ്പുണ്ടായിരുന്നിട്ട് കാലക്രമത്തിൽ പ്രയോഗം കുറഞ്ഞുവന്നത്. പഴന്തമിഴിൽ ഒരു കാലത്ത് പ്രചാരത്തിലിരുന്ന ചില പദങ്ങളും പ്രയോഗങ്ങളും ആധുനിക തമിഴിൽ അപ്രത്യക്ഷമായി; എന്നാൽ അവ മലയാളത്തിൽ ഇപ്പോഴും നിലനിൽക്കുന്നു ഇതാണ്. ഖിലോപസംഗ്രഹം എന്ന ഭാഷാനയം. അളിയൻ, പീടിക മുതലായ പദങ്ങളും, ആൻ എന്ന പിൻവിനയെച്ചപ്രത്യയവും ഇൻ എന്ന മധ്യമനിയോജക ബഹുവചനപ്രത്യയവും മലയാളം സംരക്ഷിച്ചിരിക്കുന്നു. ഇത് ഭാഷാസ്വഭാവസംരക്ഷണം ആണ്. ഇതിനെ മലയാളത്തിന്റെ നവപ്രവർത്തനമായി കരുതിക്കൂടാ. എന്നാൽ, ഇന്നത്തെ തമിഴിൽ സംഭവിച്ച ഒരു നവപ്രവർത്തനമായി ഇതിനെ പരിഗണിക്കാവുന്നതാണ്.

- 'ഖിലം' എന്നാൽ അപ്രയുക്തം

### 6. അംഗഭംഗം

ഉദ്ദേശികാ വിഭക്തി പ്രത്യയമായ 'ക്ക്' സംബന്ധികാ പ്രത്യയമായ 'ഉടെ' എന്നിവയ്ക്ക് 'ന' 'ന്ത' പ്രകൃതികൾക്കു ശേഷം വരുമ്പോൾ വർണലോപം സംഭവിക്കുന്നതാണ് അംഗഭംഗം.

ഉദാ: അവൻ +ക്ക് -> അവന്

അവൻ + ഉടെ -> അവൻടെ -> അവന്റെ

- പ്രകൃതികൾക്കു ശേഷം വരുമ്പോൾ വർണലോപം സംഭവിക്കുന്നതാണ് അംഗഭംഗം

നിഷ്കൃഷ്ടമായ സ്വനികസാഹചര്യത്തിൽ സംഭവിക്കുന്ന ഈ പരിണാമം തികച്ചും പ്രവചനീയമാണ്. അതുകൊണ്ട് അംഗഭംഗം മലയാളത്തിലുണ്ടായ ഒരു നവപ്രവർത്തനമാണെന്ന് ഉറപ്പിച്ചു പറയാം. കേരളപാണിനി ചൂണ്ടിക്കാണിച്ച ആറുനയങ്ങളെ ഇന്നത്തെ മലയാളവും ഇന്നത്തെ തമിഴും തമ്മിലുള്ള വ്യത്യാസങ്ങളായി പരിഗണിക്കാം. എന്നാൽ, കൊടുന്തമിഴ് എന്ന പ്രാഗ്ഭാഷയ്ക്ക് മലയാളത്തിലേയ്ക്കുള്ള പരിണതിക്കിടയിൽ സംഭവിച്ച നവപ്രവർത്തനങ്ങളായി അനുനാസികാതിപ്രസരം, സ്വരസംവരണം, പുരുഷഭേദനിരാസം, അംഗഭംഗം എന്നിവയെ മാത്രമേ സ്വീകരിക്കാൻ പറ്റുകയുള്ളൂ. താലവ്യാദേശവും ഖിലോപസംഗ്രഹവും പ്രാഗ്ഭാഷാ സ്വഭാവസംരക്ഷണം എന്ന നയത്തിനു തെളിവാണ്.

- കേരളപാണിനിയുടെ ആറുനയങ്ങളെ മലയാളവും തമിഴും തമ്മിലുള്ള വ്യത്യാസങ്ങളായി പരിഗണിക്കാം

## Summarised Overview

നമുക്ക് ലഭിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും പഴക്കം ചെന്ന വ്യാകരണഗ്രന്ഥമാണ് 'പാണിനീയം'. എട്ട് അദ്ധ്യായങ്ങളും 3983 സൂത്രങ്ങളും അടങ്ങിയ, ഈ കൃതി 'അഷ്ടാദ്ധ്യായി' എന്ന പേരിലും അറിയപ്പെടുന്നു. സൂത്രങ്ങളെ സംജ്ഞ, പരിഭാഷ, വിധി, നിയമം, അതിദേശം. അധികാരം എന്നിങ്ങനെ ആറായി തരംതിരിച്ചിരിക്കുന്നു.

'തൊൽകാപ്പിയ'വും 'നന്നൂലും' മുൻനിർത്തി കേരളഭാഷയുടെ വിവരണത്തിന് ശ്രമിച്ച പ്രഥമകൃതി 14-ാം നൂറ്റാണ്ടിലുണ്ടായ 'ലീലാതിലക'മാണ്. മേൽപ്പറഞ്ഞ കൃതികളിൽ കേരളത്തിലെ വ്യവഹാര ഭാഷയെപ്പറ്റി യാതൊന്നും പറഞ്ഞിട്ടില്ല. എങ്കിലും, മലൈനാട്ടുവഴക്കമെന്ന് പറഞ്ഞ് മാറ്റി നിർത്തിയ ഭാഷയാണ് കേരളത്തിലെ ഭാഷയെന്ന് കണ്ടറിഞ്ഞ് ആ ഭാഷയെ കേരളഭാഷയെന്ന് വിളിക്കുകയായിരുന്നു ലീലാതിലകകാരൻ. തൊൽകാപ്പിയത്തെ പിന്തുടർന്ന് രചിക്കപ്പെട്ട തമിഴ് വ്യാകരണഗ്രന്ഥമാണ് ഭവനന്ദിയുടെ നന്നൂൽ. മലയാള വ്യാകരണചർച്ചയിൽ പ്രഥമഗണനീയമായ കൃതിയാണ് മണിപ്രവാള ലക്ഷണഗ്രന്ഥമായ ലീലാതിലകം.

1799-ൽ പ്രസിദ്ധീകരിച്ച ഡ്രമണ്ടിന്റെ വ്യാകരണ ഗ്രന്ഥമാണ് 'മലബാർ ഭാഷയുടെ വ്യാകരണം' (Grammar of the Malabar Language). 'A comparative Grammar of the Dravidian or South Indian Family of Languages' എന്ന ഗ്രന്ഥമാണ് ദ്രാവിഡഭാഷകളുടെ പഠനത്തിന് ശാസ്ത്രീയമായ അടിത്തറ പാകുന്നത്. റോബർട്ട് കാൽഡ്വൽ ഇത് ഇംഗ്ലീഷിലാണ് 1856-ൽ പ്രസിദ്ധീകരിച്ചത്. 1851-ലാണ് ഗുണ്ടർട്ട് സ്കൂൾ വിദ്യാർഥികളുടെ പഠനത്തിനാവശ്യമായ 'മലയാള വ്യാകരണം' തയ്യാറാക്കിയത്. മദിരാശി സംസ്ഥാനത്തിലെ സ്കൂൾ ഇൻസ്പെക്ടർ ആയിരുന്ന എൻ. ഗാർത്ത് വെയ്റ്റാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. മലയാളികൾക്കുവേണ്ടി ഒരു സ്വദേശി മലയാള ഭാഷയിൽ രചിച്ച ഒന്നാമത്തെ വ്യാകരണഗ്രന്ഥമാണ് റവ. ജോർജ്ജ് മാത്തന്റെ 'മലയാഴ്മയുടെ വ്യാകരണം'. 1863-ലാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്. 'A grammar of Malayalam in the Language itself' എന്നാണ് ഇംഗ്ലീഷിൽ ഈ ഗ്രന്ഥത്തിന് പേരു നൽകിയിരിക്കുന്നത്. 1876-ലാണ് പാച്ചുമൂത്തതിന്റെ 'കേരള ഭാഷാവ്യാകരണം' പ്രകാശിതമാകുന്നത്. 1878-ലാണ് കോവുണ്ണി നെടുങ്ങാടി രചിച്ച 'കേരളകൗമുദി' വരാപ്പുഴ മെത്രോപ്പൊലീത്ത ആദ്യമായി മുദ്രണം ചെയ്ത് പ്രസിദ്ധപ്പെടുത്തുന്നത്. A Progressive Grammar of the Malayalam Language എന്നതാണ് ഫ്രോൺമേയറുടെ വ്യാകരണഗ്രന്ഥത്തിന്റെ പേര്. 1889-ലാണ് ഒന്നാം പതിപ്പ് പ്രസിദ്ധീകൃതമായത്. 1896-ൽ ഒന്നാം പതിപ്പായും 1916-ൽ രണ്ടാം പതിപ്പായും പ്രസിദ്ധീകരിച്ചതാണ് എ. ആറിന്റെ 'കേരളപാണിനീയം'. തുടർന്ന് നിരവധി പതിപ്പുകൾ ഈ വ്യാകരണഗ്രന്ഥത്തിനുണ്ടായി. 1904-ലാണ് സാഹിത്യകുശലൻ എം. ശേഷഗിരി പ്രഭുവിന്റെ 'വ്യാകരണമിത്രം' പ്രസിദ്ധീകരിക്കുന്നത്. അറുനൂറോളം പേജുകളുള്ള മലയാളത്തിലെ ഏറ്റവും വലിയ വ്യാകരണഗ്രന്ഥങ്ങളിലൊന്നാണ് 'കൈരളീശബ്ദാനുശാസനം' (1980). 1989-ൽ പ്രസിദ്ധീകരിച്ച, സി. വി. വാസുദേവഭട്ടതിരിയുടെ വ്യാകരണഗ്രന്ഥമാണ് 'അഭിനവ മലയാളവ്യാകരണം'. കേരളപാണിനീയത്തെ പരിഷ്കരിക്കുക എന്ന ലക്ഷ്യത്തോടുകൂടി രചിച്ചിട്ടുള്ള ഒരു വ്യാകരണഗ്രന്ഥമാണ് ഇ. വി. എൻ. നമ്പൂതിരിയുടെ 'കേരളഭാഷവ്യാകരണം.'

മലയാളഭാഷയുടെ ഉൽപ്പത്തിയെക്കുറിച്ച് പ്രബലമായ നിരവധി അഭിപ്രായങ്ങൾ ( മലയാള ഭാഷോൽപ്പത്തിവാദം - സംസ്കൃതജന്യം - തമിഴ് ജന്യവാദം -മിശ്രവാദം - സ്വതന്ത്രതാവാദം) രൂപപ്പെട്ടിട്ടുണ്ട്. തമിഴിന്റെ പ്രാചീനമായ ഒരു ഉപഭാഷയാണ് മലയാളം - ഇതാണ് കാൽഡ്വലിന്റെ നിഗമനം. ഈ നിഗമനത്തെ കൂടുതൽ ശാസ്ത്രീയമായി വിവരിക്കുകയാണ് കേരളപാണിനി ചെയ്തിട്ടുള്ളത്. ഈ വിധം കൊടുംതമിഴ് മലയാളമായി തീരുന്നതിന് സഹായിച്ച ഭാഷാതത്വങ്ങളെ ആറുനയങ്ങളായി വിവരിക്കുന്നു.

## Assignments

1. പ്രാചീന വ്യാകരണകൃതികളെപ്പറ്റി വിവരിക്കുക.
2. ഒരു സൗന്ദര്യശാസ്ത്രഗ്രന്ഥം എന്ന നിലയിൽ ലീലാതിലകത്തിന്റെ സവിശേഷതകൾ കണ്ടെത്തി ഉപന്യാസം തയ്യാറാക്കുക.
3. മലയാളത്തിലെ പ്രധാന വ്യാകരണഗ്രന്ഥങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
4. കേരളപാണിനീയത്തിന് മുൻപ് രചിക്കപ്പെട്ട മലയാളവ്യാകരണഗ്രന്ഥങ്ങളെ പരിചയപ്പെടുത്തുക.
5. മലയാളഭാഷയുടെ ഉല്പ്പത്തിയെക്കുറിച്ചുള്ള പ്രധാനവാദങ്ങളെപ്പറ്റി വിലയിരുത്തുക.
6. കേരളപാണിനിയുടെ ഭാഷാഗമന സിദ്ധാന്തത്തെക്കുറിച്ച് വിവരിക്കുക.
7. എ. ആറിന്റെ അഭിപ്രായത്തിൽ കൊടുംതമിഴ് മലയാളമായി പരിണമിക്കാൻ ഇടയായ ആറുനയങ്ങളെപ്പറ്റി വിവരിക്കുക.

## Reference


1. എ. ആർ. രാജരാജവർമ്മ, കേരളപാണിനീയം, ഡി. സി. ബുക്സ്, കോട്ടയം.
2. സി. എൽ. ആന്റണി, കേരളപാണിനീയഭാഷ്യം, ഡി. സി. ബുക്സ്, കോട്ടയം.
3. സി. എൽ. ആന്റണി, ഭാഷാപഠനങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.
4. കുട്ടികൃഷ്ണമാരാർ, ഭാഷാപരിചയം, പി. കെ. ബ്രദേഴ്സ്, കോഴിക്കോട്.
5. ഹെർമൻ ഗുണ്ടർട്ട്, മലയാള ഭാഷാവ്യാകരണം. ഡി. സി. ബുക്സ്, കോട്ടയം.
6. എൻ. ആർ. ഗോപിനാഥപിള്ള, ഭാഷാനിരീക്ഷണം, എസ്. പി. സി. എസ്, കോട്ടയം.
7. എൻ. ആർ. ഗോപിനാഥപിള്ള, പാഠഭേദം, എസ്. പി. സി. എസ്, കോട്ടയം.


## Suggested Readings


1. പുതുശ്ശേരി രാമചന്ദ്രൻ (സമ്പാദനം), കേരളപാണിനീയവിമർശനം, കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. സി. വി. വാസുദേവഭട്ടതിരി, കേരളപാണിനീയപാഠങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.
3. ശ്രീകുമാരി. കെ, മലയാളത്തിലെ നാമവർഗം, താരതമ്യപഠനസംഘം, ചങ്ങനാശ്ശേരി.
4. എം. ശേഷഗിരിപ്രഭു. , വ്യാകരണമിത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ.
5. കെ. സുകുമാരപിള്ള, ആധുനികമലയാളവ്യാകരണം, ഉഷാപബ്ലിക്കേഷൻ, ചടയമംഗലം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# Unit 3

# അക്ഷരമാല

## Learning Outcomes

- ശബ്ദം, പദം, അക്ഷരം എന്നിവയെ പരിചയപ്പെടുന്നു
- അക്ഷരത്തിന്റെ നിർവചനവും പ്രത്യേകതകളും ഗ്രഹിക്കുന്നു
- അക്ഷരത്തിന്റെ വിഭജനരീതികളെക്കുറിച്ച് അറിവ് നേടുന്നു

## Background

ഒരു ആശയം വ്യക്തമാക്കുന്നതിന് ഉതകുന്ന പദമാണ് 'വാക്ക്.' പ്രയോഗിക്കാൻ സജ്ജമായിട്ടുള്ള ശബ്ദം എന്ന് നിർവചിക്കാം. ഒന്നോ അതിലധികമോ പദം അല്ലെങ്കിൽ വാക്കുകൾ ചേർന്ന് ഉണ്ടാകുന്ന/ ഉണ്ടാക്കപ്പെടുന്ന അർഥസമ്പുഷ്ടമായ പദമോ പദങ്ങളുടെ കൂട്ടമോ ആണ് വാചകം (Phrase) എന്ന് അറിയപ്പെടുന്നത്. വാചകത്തിൽ നാമം, ക്രിയ, വിശേഷണം എന്നിവ അടങ്ങിയിരിക്കുന്നു. ഭാഷണശബ്ദത്തിന്റെ രേഖാരൂപമാണ് അക്ഷരം. അക്ഷരങ്ങളെ ഓരോ വിധം കൂട്ടി ചേർക്കുമ്പോൾ ശബ്ദം ഉണ്ടാകുന്നു. അർഥബോധം ജനിപ്പിക്കുന്ന വാക്കുകളുടെ കൂട്ടമാണ് വാചകം. അഥവാ വാച്യമായ അർഥമുള്ള ശബ്ദം എന്ന് സാരം. ഒരു വസ്തുവിന്റെയോ സ്ഥലത്തിന്റെയോ ഗുണത്തിന്റെയോ ആശയത്തിന്റെയോ പേരായ ശബ്ദത്തെ നാമം എന്നു പറയുന്നു. പ്രവൃത്തിയെക്കുറിക്കുന്ന വ്യാകരണസംജ്ഞയാണ് ക്രിയ. കേവലക്രിയ എന്നും പ്രയോജകക്രിയ എന്നും പ്രധാനമായി രണ്ടായി തിരിക്കാം. കർമ്മം ഉള്ള ക്രിയയെ സകർമ്മകക്രിയ എന്നും, കൃത്യമായി കർമ്മത്തെ അടയാളപ്പെടുത്താൻ കഴിയാത്ത ക്രിയയെ അകർമ്മകക്രിയ എന്നും പറയുന്നു. വ്യാകരണപ്രകാരം ഏതെങ്കിലും ഒരു പദത്തെ പ്രത്യേകം വിശേഷിപ്പിക്കുന്നതിനെ ഭേദകം എന്ന് പറയുന്നു.

## Keywords

ശബ്ദം - അക്ഷരം - വർണ്ണം - സ്വരം - വ്യഞ്ജനം - അക്ഷരമാല - വർണ്ണവർഗീകരണം - ഭേദകം

## Discussion

- വാക്യത്തിൽ പ്രയോഗിക്കാൻ സജ്ജമായിട്ടുള്ള ഘടകമാണ് പദം

### പദം

'പദമെന്നാൽ പ്രയോഗിപ്പാൻ സജ്ജമായിട്ടുള്ള ശബ്ദമാം' പ്രയോഗസജ്ജമായിട്ടുള്ള ശബ്ദത്തെ പദം എന്ന് പറയുന്നു. ഉദാ: ചെറുപ്പം, തരുന്നു

വർണ്ണങ്ങളുടെ കൂടിച്ചേരൽ

അക്ഷരം - ശബ്ദത്തിന്റെ രേഖാരൂപം

അർഥവ്യാവർത്തനശേഷി ഉള്ളവയാണ് വർണ്ണങ്ങൾ

### ശബ്ദം

ഒരർഥത്തെ കുറിക്കുന്നതിനായി വർണ്ണങ്ങളെ കൂട്ടിച്ചേർത്തുണ്ടാക്കുന്ന അക്ഷരത്തെ/അക്ഷരക്കൂട്ടത്തെ ശബ്ദം അഥവാ പ്രകൃതി എന്ന് പറയുന്നു.

ഉദാ: ചെറു = ച് + എ + റ് + ഉ

### അക്ഷരം

ഭാഷണശബ്ദത്തിന്റെ രേഖാരൂപമാണ് അക്ഷരം. എഴുത്ത്, ലിപി എന്നൊക്കെ സാമാന്യമായി പറയാം. സ്വരമോ, സ്വരം ചേർന്ന വ്യഞ്ജനമോ പൂർണ്ണമായ ഉച്ചാരണമുള്ള വർണ്ണമോ, വർണ്ണങ്ങളുടെ കൂട്ടമോ അക്ഷരങ്ങളാകുന്നു.

ഉദാ: അ, ഇ, ഉ, ക, വ, ല

## 1.3.1 വർണ്ണം, അക്ഷരം എന്നീ സങ്കല്പനങ്ങൾ

ഭാഷകൾ ഉച്ചരിതശബ്ദങ്ങളുടെ സുസജ്ജമായ ഘടനയാണ്. ഭാഷയെ അപഗ്രഥിക്കുമ്പോൾ വാക്യം, പദം, അക്ഷരം, വർണ്ണം എന്നിങ്ങനെ പല ഘടകങ്ങൾ ലഭിക്കും. ഭാഷയെ വിശകലനം ചെയ്യുമ്പോൾ നമുക്ക് ലഭിക്കുന്നത് ഒറ്റതിരിഞ്ഞ കുറേ ശബ്ദങ്ങൾ ആയിരിക്കും. ഭാഷയുടെ അടിസ്ഥാനമായ ഈ ശബ്ദങ്ങളെയാണ് 'വർണ്ണങ്ങൾ' എന്ന് പറയുന്നത്. വർണ്ണങ്ങളെ വിഭജിക്കാൻ കഴിയില്ല. അവ ഓരോന്നും അവിഭാജ്യമായ ഓരോ മൂലകമാണ്. ഉദാ: കുട്ടി എന്ന പദത്തെ കു, ട്ടി എന്നീ രണ്ട് അക്ഷരങ്ങളായി പിരിക്കാം. അവയെ വീണ്ടും ക് + ഉ, ട് + ട്+ ഇ എന്നിങ്ങനെ വിഭജിക്കാം. ക്, ഉ, ട്, ഇ - ഈ ഘടകങ്ങളെ ഇനി വിഭജിക്കാൻ കഴിയില്ല. ഇങ്ങനെ ഭാഷയിലെ അവിഭാജ്യമായ ഏറ്റവും ചെറിയ ഘടകത്തെയാണ് 'വർണ്ണം' എന്ന് പറയുന്നത്. എല്ലാ വർണ്ണങ്ങളും അക്ഷരമല്ല. വർണ്ണങ്ങൾ അർഥരഹിതമാണെങ്കിലും അതിന് അർഥവ്യാവർത്തനശേഷിയുണ്ട്. ഉദാ: കരി - കറി. ഇതിൽ 'ര'കാരത്തിന്റെ സ്ഥാനത്ത് 'റ' വരുമ്പോൾ പദത്തിന്റെ അർഥം മാറുന്നു. ഇങ്ങനെ അർഥവ്യാവർത്തനശേഷി എല്ലാ ഭാഷയിലെയും ഓരോ വർണ്ണങ്ങൾക്കുമുണ്ട്. ഭാഷയിൽ നാം പറയുന്നതും എഴുതുന്നതുമെല്ലാം ഈ വർണ്ണങ്ങൾ ഉപയോഗിച്ചാണ്.

'ക്ഷരമില്ലാത്തത്' അഥവാ 'നാശമില്ലാത്തത്' എന്നാണ് 'അക്ഷരം' എന്ന പദത്തിനർഥം. സ്വരത്തെയും സ്വരം ചേർന്ന വ്യഞ്ജനത്തെയും 'അക്ഷരം' എന്നു പറയുന്നു. വർണ്ണം എന്ന പദത്തിൽ വ്, അ, ർ, ണ്, ണ്, അ, മ് എന്നിങ്ങനെ ഏഴു ഘടകം ഉണ്ട്. ഇവ ഓരോന്നും ഓരോ വർണ്ണമാണ്. ഇവയിൽ 'അ' രണ്ടും തനിച്ച് ഉച്ചരിക്കാം. 'അ' സ്വരമാണ്. മറ്റുള്ളവ വ്യഞ്ജനങ്ങളും. സ്വരസഹായത്തോടെ മാത്രമേ വ്യഞ്ജനം വ്യക്തമായി ഉച്ചരിക്കാൻ കഴിയുകയുള്ളൂ. ഒറ്റയായിട്ടോ വ്യഞ്ജനത്തോട് ചേർന്നോ നിൽക്കുന്ന സ്വരമാണ് അക്ഷരം. സ്വരങ്ങൾ വർണ്ണങ്ങളും അക്ഷരങ്ങളുമാണ്. നാം അക്ഷരങ്ങളെയാണ് വർണ്ണങ്ങളെയല്ല യഥാർഥത്തിൽ ഉച്ചരിക്കുന്നത്. ഉദാ: അടിയുന്നു എന്ന പദത്തിൽ നാല് അക്ഷരമുണ്ട്. അ, ടി, യു, ന്നു എന്നീ വരകളെ 'ലിപികൾ' എന്നു പറയുന്നു. ഈ വരകൾ കാണുമ്പോൾ നാം പുറപ്പെടു

വിക്കുന്ന ധ്വനികൾ ആണ് അക്ഷരങ്ങൾ. ക്, ഖ്, ഗ് എന്നോ ൺ, ൽ, ർ എന്നോ എഴുതുമ്പോൾ അവ വ്യഞ്ജനം കുറിക്കുന്ന ലിപികളാണ്. എന്നാൽ ക, ഖ, ഗ എന്നീ ലിപികൾ 'അ'കാരം ചേർന്ന വ്യഞ്ജനങ്ങളെയാണ് കുറിക്കുന്നത്. സ്വരം ചേരുമ്പോൾ വ്യഞ്ജനം അക്ഷരമായി. അതുകൊണ്ടാണ് മലയാളത്തിൽ അക്ഷരലിപികൾ ആണുള്ളത് എന്നു പറയുന്നത്. ഇംഗ്ലീഷിൽ 26 വർണ്ണലിപികൾ ആണുള്ളത്. ഇംഗ്ലീഷ്, ഫ്രഞ്ച് മുതലായ യൂറോപ്യൻ ഭാഷകളും ഉറുദുവും വർണ്ണലിപിയാണ് ഉപയോഗിക്കുന്നത്. ഉറുദു ഒഴികെയുള്ള ഭാരതീയഭാഷകൾ അക്ഷരലിപിയാണ് ഉപയോഗിക്കുന്നത്.

▶ സ്വരവും സ്വരം ചേർന്ന വ്യഞ്ജനവും-അക്ഷരം

## സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും

അക്ഷരങ്ങളെ പലതരത്തിൽ വിഭജിക്കാവുന്നതാണ്. 'കേരളപാണിനീയ'ത്തിൽ പ്രസ്താവിച്ചിട്ടുള്ള അക്ഷരങ്ങളാണ് ഇവിടെ പരിഗണിക്കുന്നത്. അക്ഷരങ്ങളെ സ്വരമെന്നും വ്യഞ്ജനമെന്നും രണ്ടായി തിരിക്കുന്നു. സ്വയം ഉച്ചാരണക്ഷമങ്ങളായ വർണ്ണമാണ് സ്വരം. ഉദാ: അ, ഇ, ഉ, ഋ തുടങ്ങിയവ. തമിഴർ സ്വരങ്ങളെ 'ഉയിർ' ആയി കണക്കാക്കിയിരുന്നു. 'സ്വരന്തി ശബ്ദായതേ' (ശബ്ദമായിത്തീരുന്നത് സ്വരം) 'സ്വരന്തേ അർഥാ: ഏഭി' (അർഥം ധ്വനിപ്പിക്കുന്നത് സ്വരം) എന്നിങ്ങനെ സ്വരശബ്ദത്തിന് വ്യത്യസ്തങ്ങളായ നിഷ്പാദനങ്ങൾ ഉണ്ട്. 'തനിയെ ഒറ്റയായിട്ടു ഉച്ചരിക്കാവുന്ന ശബ്ദം സ്വരം' എന്നാണ് കേരളപാണിനി സ്വരത്തെ നിർവചിക്കുന്നത്. ഏത് സ്വരവും നമുക്ക് സ്വതന്ത്രമായി ഉച്ചരിക്കാനും ധ്വനി വ്യക്തമായി കേൾക്കാനും കഴിയും. 'പാടാവുന്ന വർണ്ണം സ്വരം' എന്നൊരു നിർവചനം കൂടി ഉണ്ട്. സംസ്കൃതത്തിൽ സ്വരങ്ങളെ 'അച്ചുകൾ' എന്നു പറയുന്നു.

▶ അക്ഷര വിഭജനം - സ്വരം - വ്യഞ്ജനം

സ്വരത്തെ ഹ്രസ്വം - ദീർഘം, സംവൃതം - വിവൃതം, സന്ധ്യക്ഷരം - സമാനാക്ഷരം എന്നിങ്ങനെ വിഭജനങ്ങൾ നൽകാം. സ്വരോച്ചാരണത്തിൽ ഒരു മാത്ര (ഉച്ചരിക്കാനുള്ള കാലയളവ്) മതിയെങ്കിൽ അവയെ ഹ്രസ്വാക്ഷരങ്ങൾ (ചുരുക്കി ഉച്ചരിക്കുന്നവ) എന്നു വിളിക്കാം. ഉദാ: അ, ഇ, ഉ, എ, ഒ, ഋ, ഌ. ഉച്ചാരണത്തിന് രണ്ടു മാത്ര ആവശ്യപ്പെടുന്നു എങ്കിൽ അത്തരം സ്വരങ്ങളെ ദീർഘസ്വരങ്ങൾ (നീട്ടി ഉച്ചരിക്കുന്നവ) എന്നു വിളിക്കാം. ഉദാ: ആ, ഈ, ഊ, ൠ, ഏ, ഐ, ഓ, ഔ. എന്നിവക്ക് ഹ്രസ്വം ഇല്ല. സ്വരം ഉച്ചരിക്കുമ്പോൾ ചുണ്ടുകൾ വിട്ടു തുറന്നു വെളിവാക്കുന്നു എങ്കിൽ ആ സ്വരങ്ങൾ വിവൃതസ്വരങ്ങൾ ആണ്. അടച്ചൊതുക്കി ഉച്ചരിക്കുന്നുവെങ്കിൽ സംവൃതം. മലയാളത്തിലെ 'ഉ'കാരത്തിന് സംവൃതവും വിവൃതത്വവും ഉണ്ട് . സംവൃതമായ 'ഉ'കാരത്തിന്റെ ചിഹ്നം 'ു്' ആണ്. ഉദാ: ക് - (സംവൃതം) കു - (വിവൃതം).

▶ സംവൃത വിവൃത 'ഉ'കാരങ്ങൾ

ഭാഷയിലെ അ, ഇ, ഉ എന്നീ സ്വരങ്ങൾക്കും ഏ, ഒ, ഐ, ഔ എന്നീ സ്വരങ്ങൾക്കും തമ്മിൽ വ്യത്യാസം ഉണ്ട്. അ, ഇ, ഉ എന്നിവ ഒറ്റയായ സ്വരങ്ങൾ ആണ്. ഈ കേവലസ്വരങ്ങളെ 'സമാനാക്ഷരങ്ങൾ' എന്നു വിളിക്കാം. എ, ഒ, ഐ, ഔ എന്നീ സ്വരങ്ങൾ രണ്ടു സ്വരങ്ങൾ ചേർന്നുണ്ടായ അക്ഷരങ്ങളാണ്. ഇവയെ 'സന്ധ്യക്ഷരങ്ങൾ' എന്നു വിളിക്കാം. ഒരു സ്വരത്തിൽ ഉച്ചാരണം തുടങ്ങുകയും മറ്റൊരു സ്വരത്തിൽ ഉച്ചാരണം അവസാനിക്കുകയും ചെയ്യുന്നുവെങ്കിലേ സന്ധ്യക്ഷരം ഉണ്ടാകൂ. ഐ, ഔ എന്നിവ ശരിയായ സന്ധ്യക്ഷരങ്ങളാണ്.

▶ സന്ധ്യക്ഷരങ്ങൾ, സമാനാക്ഷരങ്ങൾ

സ്വരസഹായത്തോടുകൂടി ഉച്ചരിക്കാൻ കഴിയുന്ന വർണ്ണമാണ് വ്യഞ്ജനം. ഉദാഹരണം : ക, ച, ട, ത, പ. വ്യഞ്ജനങ്ങൾക്ക് ജീവൻ (ഉയിർ) നൽകുന്നത് സ്വരങ്ങൾ ആയതുകൊണ്ടാണ് തമിഴിൽ വ്യഞ്ജനങ്ങളെ 'മെയ്യ്' (ശരീരം) എന്നു വിളിക്കുന്നത്. 'വ്യജ്യതേ ഇദം' (യാതൊന്നാണോ വ്യഞ്ജിപ്പിക്കപ്പെടുന്നത്, അത് വ്യഞ്ജനം). 'ഹല്ല്' എന്നാണ് വ്യഞ്ജനത്തെ സംസ്കൃതത്തിൽ വിളിക്കുന്നത്. വ്യഞ്ജനങ്ങളെ പൊതുവേ ദൃഢങ്ങൾ എന്നും ശിഥിലങ്ങൾ എന്നും രണ്ടായി തിരിക്കാം. ഖരം, അതിഖരം, മൃദു, ഘോഷം, ഊഷ്മാവ് എന്നിവ ദൃഢവും അനുനാസികം, മധ്യമം, ഘോഷി എന്നിവ ശിഥിലവുമാണ്.

▶ വ്യഞ്ജനങ്ങൾ-ദൃഢം, ശിഥിലം

| | | | | |
|---|---|---|---|---|
| ദൃഢാക്ഷരങ്ങൾ | ക | ഖ | ഗ | ഘ |
| | ച | ഛ | ജ | ഝ |
| | ട | ഠ | ഡ | ഢ |
| | ത | ഥ | ദ | ധ |
| | പ | ഫ | ബ | ഭ |
| | ശ | ഷ | സ | |

| | | | | | |
|---|---|---|---|---|---|
| ശിഥിലാക്ഷരങ്ങൾ | ങ | ഞ | ണ | ന | മ |
| | യ | ര | ല | വ | |
| | ഹ | ള | ഴ | റ | |

▶ വ്യഞ്ജന വർഗീകരണം

വ്യഞ്ജനങ്ങളെ കേരളപാണിനി വർഗാക്ഷരങ്ങൾ, മധ്യമാക്ഷരങ്ങൾ, ഊഷ്മാക്ഷരങ്ങൾ, ഘോഷി, ദ്രാവിഡമധ്യമം, ദ്രാവിഡാനുനാസികം എന്നിങ്ങനെ വിഭജിക്കുന്നുണ്ട്.

▶ കേരളപാണിനിയുടെ വ്യഞ്ജന വർഗീകരണം

| വർഗം | ഖരം | അതിഖരം | മൃദു | ഘോഷം | അനുനാസികം |
|---|---|---|---|---|---|
| 'ക'വർഗം | ക | ഖ | ഗ | ഘ | ങ |
| 'ച'വർഗം | ച | ഛ | ജ | ഝ | ഞ |
| 'ട'വർഗം | ട | ഠ | ഡ | ഢ | ണ |
| 'ത'വർഗം | ത | ഥ | ദ | ധ | ന |
| 'പ'വർഗം | പ | ഫ | ബ | ഭ | മ |
| മധ്യമങ്ങൾ | യ | ര | ല | വ | |
| ഊഷ്മാക്കൾ | ശ | ഷ | സ | | |
| ഘോഷി | | ഹ | | | |
| ദ്രാവിഡമധ്യമങ്ങൾ | ള | ഴ | റ | | |
| ദ്രാവിഡാനുനാസികം | | ഺ | | | |

▶ വ്യഞ്ജനങ്ങളിൽ സ്വരം ചേർത്ത രൂപങ്ങൾ

വ്യഞ്ജനാക്ഷരങ്ങളെ സ്വരം ചേർത്ത് പ്രയോഗിക്കാം. ഉദാ: ക, കാ, കി, കീ, കു, കൂ, കൃ, കെ, കേ, കൈ, കൊ, കോ, കൗ, കം, കഃ ഈ രീ

തിയിൽ എല്ലാ വ്യഞ്ജനാക്ഷരങ്ങളെയും ക്രമീകരിക്കാനാകും.

**അക്ഷരമാല**

സ്വരങ്ങൾ: അ, ആ, ഇ, ഈ, ഉ, ഊ, ഋ, ഌ, എ, ഏ, ഐ, ഒ, ഓ, ഔ (14)

**വ്യഞ്ജനങ്ങൾ:**

| | | | | | |
|---|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ | - 'ക' വർഗം |
| ച | ഛ | ജ | ഝ | ഞ | - 'ച' വർഗം |
| ട | ഠ | ഡ | ഢ | ണ | - 'ട' വർഗം |
| ത | ഥ | ദ | ധ | ന | - 'ത' വർഗം |
| പ | ഫ | ബ | ഭ | മ | - 'പ' വർഗം |
| ഺ | - | - | - | ഩ | - വർത്സ്യവർഗം |
| യ | ര | ല | വ | | - മധ്യമങ്ങൾ |
| ശ | ഷ | സ | | | - ഊഷ്മാവ് |
| | ഹ | | | | - ഘോഷി |
| ള | ഴ | റ | | | - ദ്രാവിഡമധ്യമങ്ങൾ |

മലയാളത്തിന്റെ അക്ഷരമാല മേൽ വിവരിച്ച പ്രകാരമാണുള്ളത്. 'ഺ' യെ 'റ' എന്ന ലിപി കൊണ്ടും 'ഩ' യെ 'ന' എന്ന ലിപി കൊണ്ടും എഴുതുന്നു. 'ഌ' ഇന്ന് പ്രയോഗിക്കുന്നില്ല. അതുകൊണ്ട് 49 അക്ഷരങ്ങളാണ് നിലവിൽ മലയാളഭാഷയിൽ ഉപയോഗിക്കുന്നത്. 'ഌ' ഇന്ന് പ്രയോഗിക്കുന്നില്ല. അതുകൊണ്ട് 49 അക്ഷരങ്ങളാണ് നിലവിൽ മലയാളഭാഷയിൽ ഉപയോഗിക്കുന്നത്. ഈ പ്രധാന അക്ഷരങ്ങൾ കൂടാതെ ചില്ലുകൾ, കൂട്ടക്ഷരങ്ങൾ എന്നിങ്ങനെ അക്ഷരങ്ങൾ ഭാഷയിൽ പ്രയോഗിക്കുന്നുണ്ട്.

► മലയാളത്തിലെ അക്ഷരമാല

**ചില്ലുകൾ:** ൺ, ൻ, ൽ, ർ, ൾ

**കൂട്ടക്ഷരങ്ങൾ:**

ക്ക ങ്ക ങ്ങ ച്ച ഞ്ച ഞ്ഞ
ട്ട ണ്ട ണ്ണ ത്ത ന്ത ന്ന
പ്പ മ്പ മ്മ യ്യ ല്ല വ്വ
സ്ല ശ്ല ഹ്ല മ്ല ക്ല ബ്ല
പ്ല ഗ്ല ക്ഷ ന്ദ റ്റ

**മറ്റു കൂട്ടക്ഷരങ്ങൾ:** ക്ത, ന്ത, ച്ഛ, ജ്ജ, ഞ്ജ, ത്ഥ, ദ്ദ, ദ്ധ, ള്ള, ശ്ശ

മലയാളത്തിൽ അക്ഷരങ്ങൾ സ്വരങ്ങളെന്നും വ്യഞ്ജനങ്ങളെന്നും രണ്ടു വിധമുണ്ട്. സ്വരങ്ങൾക്ക് വ്യഞ്ജനങ്ങൾക്കെന്നപോലെ ഹ്രസ്വദീർഘഭേദം ഉണ്ട്. സന്ധ്യക്ഷരങ്ങൾ - സമാനാക്ഷരങ്ങൾ എന്ന ഭേദവും ഉണ്ട്. സന്ധ്യക്ഷരം എന്നാൽ സ്വരവും സ്വരവും കൂടിച്ചേർന്നുണ്ടാകുന്ന അക്ഷരം എന്നാണർഥം. സന്ധ്യക്ഷരം അല്ലാത്തവയെ സമാനാക്ഷരം എന്നു പറയുന്നു. വ്യഞ്ജനാക്ഷരങ്ങളെ വർഗാക്ഷരങ്ങൾ, മധ്യമാക്ഷരങ്ങൾ, ഊഷ്മാക്കൾ, ഘോഷി, ദ്രാവിഡമധ്യമം, ദ്രാവിഡാനുനാസികം എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. വർഗാക്ഷരങ്ങളെ ഖരം, അതിഖരം, മൃദു, ഘോഷം, അനുനാസികം എന്നിങ്ങനെ അഞ്ചായി വിഭജിക്കാം.

► വർഗാക്ഷര വിഭജനം

വർഗാക്ഷരങ്ങളെ 'സ്പർശാക്ഷരങ്ങൾ' എന്നും പറയും. ഭാഷയിൽ 'കേരളപാണിനീയ' പ്രകാരം 16 സ്വരങ്ങളും 37 വ്യഞ്ജനങ്ങളും ഉണ്ട്.

ഇങ്ങനെ മൊത്തം 53 വർണ്ണങ്ങൾ എന്ന് കേരളപാണിനി പറയുന്നു. വർത്സ്യവർഗത്തിലെ ഖരത്തെപ്പറ്റി ഇവിടെ ഒന്നും പറയുന്നില്ല. വർണസംഖ്യയുടെ കാര്യത്തിൽ ഭാഷാശാസ്ത്രജ്ഞർക്ക് അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാം. 'ഌ, ഞ, ൡ' എന്നീ മൂന്നു ലിപികൾ മലയാളത്തിൽ ഉണ്ടെന്നല്ലാതെ അതു ചേർന്നുള്ള പദങ്ങൾ ഇല്ല. മലയാള ഭാഷാവ്യാകരണം തയ്യാറാക്കിയവർ അക്ഷരസംഖ്യകളെ വ്യത്യസ്തമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അവ താഴെ കൊടുക്കുന്നു. ഗുണ്ടർട്ട് (50), ജോർജ് മാത്തൻ (51), പാച്ചുമൂത്തത് (52), കോവുണ്ണി നെടുങ്ങാടി (55), ശേഷഗിരിപ്രഭു (54), പി. കെ. നാരായണപിള്ള (53), കുട്ടികൃഷ്ണമാരാർ (51), ജോൺ കുന്നപ്പള്ളി (54), സി. വി. വാസുദേവഭട്ടതിരി ( 48 ) , കെ. സുകുമാരപിള്ള (48), കെ. എം. പ്രഭാകരവാരിയർ (45), വി. ആർ. പ്രബോധചന്ദ്രൻ (50), ഇ. വി. എൻ. നമ്പൂതിരി (49), ടി. ബി. വേണുഗോപാലപ്പണിക്കർ (52). വർണ്ണം, അക്ഷരം, ലിപി എന്നീ സങ്കല്പനങ്ങൾ കെട്ടുപിണഞ്ഞു പോയതുകൊണ്ടും മലയാളത്തിലെ തനത് അക്ഷരങ്ങളായി ഏതിനെയെല്ലാം കണക്കാക്കണം എന്ന കാര്യത്തിലുള്ള സന്ദേഹവുമാണ് ഈ അഭിപ്രായഭേദങ്ങൾക്ക് ഇട നൽകിയത്.

▶ അക്ഷരസംഖ്യകളെപ്പറ്റിയുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ

മലയാളത്തിലെ അക്ഷരമാലയെപ്പറ്റി ചർച്ച ചെയ്യുന്ന കേരളപാണിനി വർത്സ്യവർഗം എന്ന് ആറാമത് ഒരു വർഗം കൂടി നിർദ്ദേശിക്കുന്നു. വർണ്ണങ്ങൾ ചേർന്നതാണ് വർത്സ്യവർഗം. ഇതിൽ '൳' ഖരവും 'ഩ' അനുനാസികവുമാണ്. തമിഴിൽ അതിഖരവും മൃദുക്കളും ഘോഷവുമില്ലാത്തതുകൊണ്ട് '൳' വർഗത്തിലും അതുണ്ടാവില്ല. 'ക'വർഗം തുടങ്ങി അഞ്ചു വർഗങ്ങളാണുള്ളത്. അതുകൊണ്ട് ഇത് ആറാമതു വർഗമാകുന്നു. ഇതിന്റെ സ്ഥാനം ദന്തമൂലത്തോടു ചേർന്ന വർത്സ്യമാണ്, അതിനാൽ ഇതിന് വർത്സ്യം എന്നു പറയുന്നു. ദ്രാവിഡത്തിന് അധികമായുള്ള അക്ഷരങ്ങളുടെ കൂട്ടത്തിൽപ്പെടുന്നതാണ് ഇവ. '൳, ഩ' കൾക്ക് ഭാഷയിൽ പ്രത്യേക ലിപിയില്ല ധ്വനിയേയുള്ളൂ. '൳' എന്ന ധ്വനിക്ക്, 'റ'യുടെ ഇരട്ടിച്ച രൂപമാണ് എഴുതുന്നത്. 'ഩ' കാരത്തിന് 'ന' കാരം തന്നെ എഴുതുന്നു. പദമധ്യത്തിലും പദാന്തത്തിലും 'ഩ' കാര ധ്വനി കൊടുക്കുന്നു എന്നു മാത്രം 'ന്റ' എന്ന കൂട്ടക്ഷരത്തിന് (ൻ + റ ) 'റ്റ'യുടെ ധ്വനിയുണ്ട്. വർത്സ്യക്ഷരങ്ങൾ കേരളപാണിനിയുടെ കണ്ടെത്തലാണെന്ന അഭിപ്രായം സി. എൽ. ആന്റണി അംഗീകരിക്കുന്നില്ല. ഡോ. ഗുണ്ടർട്ടിന്റെ നിഘണ്ടുവിൽ ദന്ത്യവർത്സ്യമെന്ന് ധ്വനി മൂല്യം നൽകി ഇവയെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. അതിനാൽ വർത്സ്യവർഗത്തെ കണ്ടെത്തിയതിന്റെ ബഹുമതി ഗുണ്ടർട്ടിനാണെന്ന് സി. എൽ. ആന്റണി 'കേരളപാണിനീയ ഭാഷ്യത്തിൽ' രേഖപ്പെടുത്തുന്നു. വർത്സ്യഖരത്തെയും അനുനാസികത്തെയും കുറിക്കാൻ മലയാള അക്ഷരമാലയിൽ പ്രത്യേകം ലിപി ഉപയോഗിക്കുന്നില്ല. 'റ' എന്ന ലിപി വർത്സ്യഖരത്തെയും 'ന' എന്ന ലിപി വർത്സ്യഅനുനാസികത്തെയും കുറിക്കാൻ ഇന്നുപയോഗിക്കുന്നു എന്നാൽ വ്യാകരണ ചർച്ചയിൽ ആ ലിപികൾ തെറ്റിദ്ധരിക്കാതിരിക്കാൻ വർത്സ്യവർഗത്തിന് '൳' എന്നും അനുനാസികത്തിന് 'ഩ' എന്നും എ. ആർ ഉപയോഗിച്ചു. ഇന്നത്തെ മലയാളം അക്ഷരമാല

▶ മലയാള അക്ഷരമാല സമഗ്രവും സമ്പൂർണ്ണവുമാണ്

സമഗ്രവും പൂർണ്ണവുമാണ്. ഏതാശയവും ഈ അക്ഷരങ്ങൾ ചേർന്ന ശബ്ദങ്ങളുപയോഗിച്ച് വെളിപ്പെടുത്താം.

അര 'ഉ'കാരം മലയാളഭാഷയ്ക്കുള്ള ഒരു പ്രത്യേകതയാണ്. പുതിയ ലിപി വന്നതോടു കൂടി 'അര ഉകാരം' അടയാളപ്പെടുത്തുന്നതിൽ പലരും വൈമനസ്യം കാണിച്ചു വരുന്നു. അതിന്റെ ഫലമായി പദങ്ങൾ സന്ധി ചെയ്യുന്നതിലും, സമസ്തപദങ്ങൾ പിരിക്കുന്നതിലും പല പാകപ്പിഴകളും ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് സംവൃത 'ഉ'കാരം വ്യക്തമായി എഴുതി ശീലിക്കേണ്ടത് ഭാഷാവൈകല്യം ഒഴിവാക്കുന്നതിന് അത്യന്താപേക്ഷിതമാണ്. അം, അഃ എന്നീ സ്വരങ്ങളെ യഥാക്രമം അനുസ്വാരമെന്നും വിസർഗമെന്നും പറയുന്നു. ഇന്ന് ഭാഷയിൽ 49 അക്ഷരങ്ങളാണ് പ്രയോഗത്തിലുള്ളത്.

▶ സംവൃതോകാരം വ്യക്തമായി എഴുതി ശീലിക്കേണ്ടത് ആവശ്യമാണ്

## 1.3.2 ചില്ല്

തനിയെ ഉച്ചരിക്കാവുന്ന വർണ്ണം സ്വരം; അങ്ങനെയല്ലാത്തതു വ്യഞ്ജനം എന്നു പറഞ്ഞല്ലോ. മലയാളത്തിൽ ഈ രണ്ടിനും ഇടയിൽ നില്ക്കുന്ന ചില വർണ്ണങ്ങൾ ഉണ്ട്. സ്വരശക്തി ലയിച്ചു ചേർന്ന വ്യഞ്ജനങ്ങൾ. ണ് – ൺ, ന് – ൻ, മ് – ം, ല് – ൽ, ര – ർ, ള് – ൾ. ഇവയിൽ മുകളിൽ മീത്തൽ (ˇ) ഉള്ള ആദ്യലിപി വ്യഞ്ജനത്തെയും രണ്ടാമത്തെ ലിപി ആ വ്യഞ്ജനം ചില്ലാകുമ്പോൾ വരുന്ന സവിശേഷധ്വനിയേയും കുറിക്കുന്നു. ഒരേ വർണ്ണം തന്നെ പൂർണ്ണ വ്യഞ്ജനമായും ചില്ലായും വരുമ്പോഴുള്ള ഉച്ചാരണഭേദം അടിയിൽ കാണുന്ന പദങ്ങൾ ഉച്ചരിച്ചു നോക്കിയാൽ വ്യക്തമാകും.

▶ വ്യഞ്ജനത്തിനും സ്വരത്തിനുമിടയിൽ നിൽക്കുന്ന വർണ്ണങ്ങൾ

| **വ്യഞ്ജനം** | **– ചില്ല്** | **വ്യഞ്ജനം** | **– ചില്ല്** |
|---|---|---|---|
| കണ്വൻ | – പെൺവഴി | അന്വയം | – തേൻവരിക്ക |
| സാമ്യം | – സംയോഗം | വിലംഘം | – കാൽമുട്ട് |
| സർപ്പം | – വേർപാട് | ധാവള്യം | – പാഞ്ഞാൾ യാത്ര |

ഇവയിലെ ആദ്യപദങ്ങളിൽ ഒന്നിലധികം വ്യഞ്ജനങ്ങൾ ചേർന്നു കൂട്ടക്ഷരം രൂപംകൊള്ളുന്നു. രണ്ടാമത്തേതിൽ ചില്ല് പിന്നിൽ വരുന്ന വ്യഞ്ജനത്തോടു ലയിച്ചു ചേരാതെ വേർതിരിഞ്ഞു നില്ക്കുന്നു. കായ്കറികൾ മുതലായ 'യ'ചില്ലായി വരുന്നതുകാണാം. 'ന', 'ഩ' കൾക്കു 'ൻ' എന്നും, ര – റ കൾക്കു 'ർ' എന്നും, ഴ – ള കൾക്ക് 'ൾ' എന്നും ഒരേ ചില്ലു തന്നെ വരുന്നു. തേര് – തേർ, കാറ് – കാർ, അപ്പോഴ് – അപ്പോൾ, വാള് – വാൾ എന്നീ പദങ്ങൾ ശ്രദ്ധിച്ചാൽ ഇതറിയാം. 'ന'കാരം പദാന്തത്തിൽ എപ്പോഴും 'ഩ' കാരമായിത്തന്നെ ഉച്ചരിക്കുന്നു. അപ്പോൾ അത് ചില്ലാണ്. പദാന്തത്തിൽ സംവൃതം കൂടാതെ നില്ക്കാവുന്ന വ്യഞ്ജനങ്ങൾ എന്ന് കേരളപാണിനി ചില്ലുകൾക്കു ലക്ഷണം ചെയ്യുന്നു. അപ്രകാരം യ, ര, റ, ല, ള, ഴ, മ എന്നീ ഒൻപതു വ്യഞ്ജനങ്ങളേ ചില്ലുകളായി വരൂ. അതിൽത്തന്നെ ർ, ൾ, ൽ, ൺ, ൻ എന്നീ അഞ്ചെണ്ണമാണ് പ്രധാന ചില്ലുകൾ.

▶ പദാന്തത്തിൽ സംവൃതം കൂടാതെ നിൽക്കാവുന്ന വ്യഞ്ജനങ്ങൾ – ചില്ലുകൾ

ഏറ്റവും ചെറിയ ധ്വനിരൂപം അഥവാ ഉച്ചാരണമാണ് വർണ്ണം. ഭാഷാശാസ്ത്രത്തിൽ സ്വനം-സ്വനിമം എന്നു പറയും. സ്വനം, അല്ലെങ്കിൽ ശബ്ദം അതിനെയാണ് വർണ്ണമെന്നു പറയുന്നത്. ആ ശബ്ദരൂപം എഴു

തിക്കാണിക്കുന്ന രേഖാരൂപമാണ് ലിപി. 'അ' എന്നത് വർണ്ണമാണ് അഥവാ സ്വനമാണ്. അതിനെ ഇനിയും വിഭജിക്കാൻ സാധ്യമല്ല. ഇത് സംസ്കൃതത്തിലും ഹിന്ദിയിലും 'अ' എന്നും ഇംഗ്ലിഷിൽ 'A' എന്നും എഴുതിക്കാണിക്കും. ലിപിരൂപം വ്യത്യസ്തമാണെങ്കിലും ധ്വനിക്ക് ഭേദമില്ല. എന്നാൽ 'ക' എന്ന് അക്ഷരത്തിൽ 'ക്' എന്ന വ്യഞ്ജന വും 'അ' എന്ന സ്വരവും ചേർന്നിരിക്കുന്നു (ക്+അ). വർണ്ണങ്ങൾ ചേർന്ന് അക്ഷരമുണ്ടാകുന്നു. സ്വതന്ത്രമായ ഉച്ചാരണമുള്ള വർണ്ണമാ കയാൽ അതിൽ മറ്റൊരു സ്വരം ചേരില്ല, എന്നാൽ വ്യഞ്ജനങ്ങൾ തനിയെ ഉച്ചരിക്കപ്പെടാത്തതുമൂലം സ്വരം ചേർത്ത് ഉച്ചരിക്കുന്നു. സ്വ രങ്ങൾ ഒരേ സമയം വർണ്ണങ്ങളും അക്ഷരങ്ങളുമാണ്. വ്യഞ്ജനങ്ങൾ ക്ക് പ്, മ്, ച് ഇങ്ങനെ നിന്നാൽ സ്വരയോഗം ഇല്ലെന്ന് കാണിക്കുന്നു. ഭാഷയിൽ ക, ച, ട, ത, പ ഇങ്ങനെ സ്വരം ചേർത്ത് എഴുതുകയും ഉച്ചരിക്കുകയും ചെയ്യുന്നു. അതിനാൽ നാം എഴുതിക്കാണിക്കുന്നത് അക്ഷരമാലയാണ്. എഴുതുന്നതുപോലെ തന്നെ വായിക്കുന്നു. അതെ സമയം 'K' എന്ന ലിപി ഇംഗ്ലിഷിൽ 'കെ' എന്ന് ഉച്ചരിക്കുന്നു എന്നാൽ അതിന്റെ ധ്വനിരൂപം 'ക്' എന്നാണ്. 'D' ഡി എന്നതിന്റെ ധ്വനിരൂപം 'ഡ്' എന്നാണ്. 'DOG' എന്നെഴുതിയാൽ 'ഡോഗ്' എന്നാണ് വായിക്കു ന്നത്. 'ഡി ഒ ജി' എന്നല്ല 'ഡ് + ഓ + ഗ്' ഇത്രയും ധ്വനിയാണ് അതി ലുള്ളത്. സ്വരംചേരാത്ത വ്യഞ്ജനരൂപങ്ങളാണ് ഇംഗ്ലീഷിൽ എഴുതു ന്നത്. അതായത് വർണ്ണമാലയാണ് ഇംഗ്ലീഷിൽ എഴുതുന്നത്. അതേ സമയം മലയാളത്തിൽ 'ക ഖ ഗ ഘ ങ' എന്ന് അക്ഷരമാല എഴുതു ന്നു. ഇംഗ്ലീഷിൽ ഓരോ വാക്കിന്റെയും ഉച്ചാരണം പല തരത്തിലാക യാൽ സ്പെല്ലിംഗ് എന്നൊരു പ്രശ്നമുണ്ട്. അപ്പോൾ ലിപിക്ക് ധ്വനി ഭേദം വരുന്നു. ഇംഗ്ലീഷിലെ CAT - CUT എന്നീ പദങ്ങളുടെ ഉച്ചാരണവും എഴുത്തും ശ്രദ്ധിച്ചാൽ ഇക്കാര്യം വ്യക്തമാകും.

▶ ഇംഗ്ലീഷിൽ വർണ്ണമാലയും മലയാളത്തിൽ അക്ഷരമാലയു മാണുള്ളത്

അക്ഷരമാലയുടെ കാര്യത്തിൽ തമിഴും സംസ്കൃതവും തമ്മിൽ പൊരുത്തമില്ല. തമിഴിൽ വർഗാക്ഷരങ്ങളിൽ ഖരവും (ക, ച, ട, ത, പ) അനുനാസികവും (ങ, ഞ, ണ, ന, മ) മാത്രമേയുള്ളൂ. സംസ്കൃ തത്തിൽ അതിഖരം, മൃദുഘോഷം, ശ, ഷ, സ എന്ന ഊഷ്മാക്കളും, 'ഹ' കാരവും തമിഴിലില്ല. സ്വരങ്ങളിൽ ഋ, ഌ ഇല്ല. എന്നാൽ 'എ', 'ഒ' എന്ന ഹ്രസ്വസ്വരങ്ങൾ സംസ്കൃതത്തിലില്ല. ഴ, റ, ള, ഩ എന്നീ വർണ്ണങ്ങൾ തമിഴിൽ അധികമുണ്ട്. മലയാളത്തിൽ തമിഴിലെയും സം സ്കൃതത്തിലെയും അക്ഷരങ്ങൾ എല്ലാമുണ്ട്. മലയാളത്തിന് അക്ഷര സമ്പത്ത് അധികമുള്ളപ്പോൾ തമിഴിന് അക്ഷരദാരിദ്ര്യം അനുഭവപ്പെ ടുന്നു. എന്നാൽ തമിഴർക്ക് അക്ഷരദാരിദ്ര്യം എഴുതുമ്പോഴേ ഉള്ളൂ. ഉച്ചരിക്കുമ്പോൾ ഇല്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ ലിപിദാരിദ്ര്യ മുണ്ട്. ധ്വനിദാരിദ്ര്യമില്ല. ഖരങ്ങൾക്കും അനുനാസികങ്ങൾക്കും ഒപ്പം തമിഴിൽ മൃദുക്കളും വ്യവഹാരഭാഷയിൽ പ്രയോഗിക്കുന്നുണ്ട്.

▶ മലയാളത്തിന് അക്ഷരസമ്പത്ത് അധികമുള്ള പ്പോൾ തമിഴിന് അക്ഷരദാരിദ്ര്യം അനുഭവപ്പെടുന്നു

ഉദാ: പടി - എന്ന് എഴുതും. പഡി എന്ന് ഉച്ചരിക്കും.
പാഷ - എന്ന് എഴുതും ബാഷ എന്ന് ഉച്ചരിക്കും.
കുതിര - എന്ന് എഴുതും കുദിര എന്ന് ഉച്ചരിക്കും.

പദമധ്യത്തിലെ ഖരത്തിന് അവർ മൃദുവിന്റെ ധ്വനി നൽകി ഉച്ചരി ക്കുന്നു.

ഊഷ്മാക്കളുടെ കാര്യത്തിലും ഈ നയം തുടരുന്നത് കാണാം.

ഉദാ:  പചി - പശി, ചാമി - ശാമി, ചെയ് -ജെയ്

ഖരങ്ങളും മൃദുക്കളും 'ഹ'കാരം ചേർന്ന് മഹാപ്രാണങ്ങളാക്കുന്ന രീതി സംസ്കൃതത്തിനുണ്ട്. തമിഴിൽ 'ഹ'കാരമില്ലാത്തതുകൊണ്ട് മഹാപ്രാണീകരണമില്ല. എന്നാലും ധ്വനികൾക്കു കുറവില്ല. വ്യവഹാരത്തിൽ ധ്വനിഭേദമുണ്ട്. എഴുത്തിൽ അഥവാ, ലിപിയിലാണ് കുറവ്. ഖരങ്ങൾക്ക് (ക, ച, ട, ത, പ) പദാദിയിൽ ഖരോച്ചാരണം, പദമധ്യത്തിൽ മൃദുവിന്റെ ഉച്ചാരണം.

ഉദാ: ഗണപതി - കെണപതി, മുരുകൻ - മുരുഗൻ

▶ ധ്വനിദാരിദ്ര്യമല്ല തമിഴിൽ ലിപിദാരിദ്ര്യമാണ്

ഇതിൽനിന്ന് മനസ്സിലാക്കാവുന്നത്, തമിഴർ, സംസ്കൃതത്തിലെ മിക്ക ധ്വനികളും ഉപയോഗിക്കുന്നുണ്ട്. പക്ഷേ, എഴുത്തിൽ അത് സ്വീകരിക്കുന്നില്ല. അതുകൊണ്ടു തന്നെയാണ് ധ്വനിദാരിദ്ര്യമല്ല തമിഴിൽ ലിപിദാരിദ്ര്യമാണെന്ന് എ. ആർ. പറഞ്ഞത്.

## 1.3.3 ഉച്ചാരണാവയവാടിസ്ഥാനത്തിലുള്ള വർണ്ണവർഗീകരണം (വർണങ്ങൾക്ക് ശ്രുതിഭേദം വരുന്നതിന്റെ ആറുകാരണങ്ങൾ)

വർണ്ണങ്ങൾക്ക് ശ്രുതിഭേദം വരുന്നതിന് കേരളപാണിനി ആറു കാരണങ്ങൾ പറയുന്നുണ്ട്. അനുപ്രദാനം, കരണവിഭ്രമം, സംസർഗം, മാർഗഭേദം, സ്ഥാനഭേദം, പരിമാണം എന്നിവയാണവ.

### 1. അനുപ്രദാനം (പ്രയത്നം)

▶ ശ്വാസത്തെ വെളിയിലേക്ക് വിടുന്നതിന്റെ മാതിരിഭേദം ആണ് പ്രയത്നം അഥവാ അനുപ്രദാനം

ശ്വാസത്തെ വെളിയിലേക്ക് വിടുന്നതിന്റെ മാതിരിഭേദം ആണ് പ്രയത്നം അഥവാ അനുപ്രദാനം. നാവിന്റെ അഗ്രം, ഉപാഗ്രം, മധ്യം, മൂലം, പാർശ്വങ്ങൾ ഇവകൊണ്ട് കണ്ഠാദിസ്ഥാനങ്ങളിൽ ശ്വാസത്തെ തട്ടിതടഞ്ഞോ തടയാതെയോ വിടാം. തടയുന്നതുതന്നെ അല്പമായിട്ടോ പകുതിയായിട്ടോ ആവാം. കണ്ഠാദിസ്ഥാനം അല്ലെങ്കിൽ മുഖോദരസ്ഥാനം എന്നു പറഞ്ഞാൽ കണ്ഠം, താലു, മൂർദ്ധാവ്, വർത്സം, ദന്തം, ഓഷ്ഠം എന്നീ സ്ഥാനങ്ങൾ എന്നാണർഥം.

അനുപ്രദാനം നാലുവിധം

1. അസ്പൃഷ്ടം
2. സ്പൃഷ്ടം
3. ഈഷൽസ്പൃഷ്ടം
4. നേമസ്പൃഷ്ടം

#### 1. അസ്പൃഷ്ടം

ശ്വാസവായുവിനെ തടയാതെ വിടുന്നത് 'അസ്പൃഷ്ടം'- സ്വരങ്ങളുടെ അനുപ്രദാനം അസ്പൃഷ്ടമാകുന്നു. സ്വരങ്ങളുടെ ഉച്ചാരണത്തിൽ തടസ്സം സംഭവിക്കുന്നില്ല.

ഉദാ: സ്വരങ്ങൾ, അനുസ്വാരം

### 2. സ്പൃഷ്ടം

ശ്വാസവായുവിനെ പൂർണ്ണമായും തടയുന്നത് 'സ്പൃഷ്ടം'. വർഗാക്ഷരങ്ങളുടെ (ക – മ) അനുപ്രദാനം സ്പൃഷ്ടമാകുന്നു. സ്പൃഷ്ടം എന്നാൽ സ്പർശിക്കപ്പെടുന്നത് എന്നർഥം.

ഉദാ: വർഗാക്ഷരങ്ങൾ 'ക' മുതൽ 'മ' വരെ

### 3. ഈഷൽ സ്പൃഷ്ടം

ശ്വാസവായുവിനെ അല്പം തടയുന്നത് 'ഈഷൽ സ്പൃഷ്ടം'. മധ്യമാക്ഷരങ്ങളുടെ അനുപ്രദാനം ഈഷൽ സ്പൃഷ്ടമാണ്.

ഉദാ: യ, ര, ല, വ, ഴ, റ, ള

### 4. നേമസ്പൃഷ്ടം

ശ്വാസവായുവിനെ പകുതി തടയുന്നത് 'നേമസ്പൃഷ്ടം'. 'ഹ'കാരത്തിന്റെയും അനുപ്രദാനം നേമസ്പൃഷ്ടമാണ്.

ഉദാ: ശ, ഷ, സ, ഹ

നാവിന്റെ അഗ്രോപാഗ്ര-മധ്യ-മൂല-പാർശ്വങ്ങൾ കൊണ്ടാണ് ശ്വാസവായുവിനെ തടയുന്നത്. മധ്യമാക്ഷരങ്ങൾ ഉച്ചാരണത്തിൽ സ്വരങ്ങളുടെയും വ്യഞ്ജനങ്ങളുടെയും മധ്യേനിൽക്കുന്ന അക്ഷരങ്ങളാണ്. അതുകൊണ്ടാണ് അവയെ 'മധ്യമാക്ഷരങ്ങൾ' എന്നുപറയുന്നത്. ഊഷ്മ – ഘോഷികൾക്ക് പകുതി സ്വരധർമ്മവും പകുതി വ്യഞ്ജനധർമ്മവുമാണ്. അതുകൊണ്ട് അവയുടെ അനുപ്രദാനം നേമസ്പൃഷ്ടം. സ്വരം, വ്യഞ്ജനം എന്ന മഹാവിഭാഗത്തിന്റെയും വ്യഞ്ജനം, മധ്യമം, ഊഷ്മ – ഘോഷികൾക്ക് പകുതി സ്വരധർമ്മവും പകുതി വ്യഞ്ജനധർമ്മവുമാണ്. അതുകൊണ്ട് അവയുടെ അനുപ്രദാനം നേമസ്യൃഷ്ടം. സ്വരം, വ്യഞ്ജനം എന്ന മഹാവിഭാഗത്തിന്റെയും വ്യഞ്ജനം, മധ്യമം, ഊഷ്മ -ഘോഷികൾ എന്ന അവാന്തരവിഭാഗങ്ങളുടെയും വിഭജനത്തിന്നടിസ്ഥാനം അനുപ്രദാനമാണ്. സ്വരമെന്ന വാക്കിന്റെ തന്നെ അർഥം ഒരു തടസ്സവുമില്ലാതെ സ്വരിക്കുന്നത് എന്നാണ്. സ്വരിക്കുക എന്നാൽ ഒഴുകുക എന്നർഥം. ഓരോ വ്യഞ്ജനത്തിന്റെ ഉള്ളിലും സ്വരം അടങ്ങിയിരിക്കുന്നു. അങ്ങനെ സ്വരം വ്യഞ്ജിക്കുന്നതുകൊണ്ടാണ് 'വ്യഞ്ജനം' എന്ന പേര് വരുന്നത്.

- ▶ വ്യഞ്ജനം-സ്വരം വ്യഞ്ജിക്കുന്നു
- ▶ സ്വരം-സ്വരിക്കുന്നു

**2. കരണവിഭ്രമം**

'കരണം' എന്നാൽ ഉപകരണം. 'വിഭ്രമം' എന്നാൽ ചേഷ്ട, ചലനം. വർണ്ണോച്ചാരണത്തിനായുള്ള കരണം നാവാണ്. കരണവിഭ്രമം എന്നാൽ നാവിന്റെ ചേഷ്ടാവിലാസം. അതായത് നാവുകൊണ്ടു കണ്ഠരന്ധ്രത്തെ അടയ്ക്കുക, തുറക്കുക എന്നർഥം. കണ്ഠരന്ധ്രത്തെ തുറന്ന് ഉച്ചരിക്കുമ്പോൾ ധ്വനി ഒന്നോടെ വെളിയിലേക്കുവരും. അപ്പോഴുണ്ടാകുന്ന ഒച്ച പരുപരുത്തിരിക്കും. ഈ ധ്വനിയെ 'ശ്വാസരൂപധ്വനി' എന്നു പറയുന്നു. കണ്ഠരന്ധ്രത്തെ ചുരുക്കി വായുവിനെ വെളിയിലേക്ക് വിടുമ്പോൾ ധ്വനി ചെറുതായി ഉള്ളിൽ മുഴങ്ങി പുറപ്പെടും. ഇങ്ങനെയുള്ള ധ്വനിയെ 'നാദരൂപധ്വനി' എന്നു പറയുന്നു. ശ്വാസരൂപധ്വ

▶ ശ്വാസി, നാദി ഭേദം

നികളെ 'ശ്വാസികൾ'എന്നും നാദരൂപധ്വനികളെ 'നാദികൾ' എന്നും പറയും. വർഗാക്ഷരങ്ങളിൽ ഖരവും അതിഖരവും ഊഷ്മാക്കളും ശ്വാസികളാണ്. വർഗാക്ഷരങ്ങളിൽ മൃദുഘോഷം, അനുനാസികം എന്നിവയും മധ്യമാക്ഷരങ്ങളും സ്വരങ്ങളും നാദികളാകുന്നു. ഘോഷി എന്ന് പേർ ചെയ്ത 'ഹ'കാരം ശ്വാസിയുമാണ്, നാദിയുമാണ്.

**3. സംസർഗം**

ഒരു ധ്വനിയിൽ മറ്റൊരു ധ്വനി കൂടിച്ചേരുന്നതാണ് സംസർഗം. സംസർഗത്തിനു ഉപയോഗിക്കുന്ന വർണ്ണം 'ഹ'കാരമാണ്. ആദ്യവർഗമായ ശ്വാസിയായ ഖരത്തോട് ശ്വാസിയായ 'ഹ'കാരം ചേരുമ്പോൾ വർഗദ്വിതീയമായ അതിഖരം ഉണ്ടാകുന്നു. (ക് + ഹ = ഖ) നാദിയായ വർഗതൃതീയത്തോട് നാദിയായ 'ഹ'കാരം ചേരുമ്പോൾ ഘോഷാധിക്യത്താൽ നാലാമത്തെ വർഗമായ 'ഘോഷം' ഉണ്ടാകുന്നു(ഗ്+ ഹ = ഘ). സംസ്സർഗത്താൽ ഉണ്ടാകുന്ന വർണ്ണങ്ങളെ 'സംസൃഷ്ടവർണ്ണങ്ങൾ' എന്നു പറയുന്നു. അതിഖരവും ഘോഷവും സംസൃഷ്ടവർണ്ണങ്ങൾ ആണ്. സംസൃഷ്ട വർണ്ണങ്ങളെ 'മഹാപ്രാണങ്ങൾ' എന്നും അല്ലാത്ത വർണ്ണങ്ങളെ 'അല്പപ്രാണങ്ങൾ' എന്നും പറയുന്നു. അതായത് ഖരം (ക) അല്പപ്രാണം. അതിന്റെ മഹാപ്രാണം അതിഖരം (ഖ). മൃദു (ഗ) അല്പപ്രാണം അതിന്റെ മഹാപ്രാണം (ഘ ) ഘോഷം. സംസർഗം സ്വരങ്ങളിലും ഉണ്ട്.

▶ സംസർഗ വർണ്ണം 'ഹ'കാരം

അ + ഇ = എ

അ + ഉ = ഒ

അ + എ = ഐ

അ + ഒ = ഔ

സംസർഗം കൊണ്ട് ഉണ്ടായ സ്വരങ്ങളെ 'സന്ധ്യക്ഷരങ്ങൾ' എന്നാണ് പറയുക. അല്ലാത്ത സ്വരങ്ങളെ 'സമാനാക്ഷരങ്ങൾ' എന്നു പറയുന്നു. സംസർഗം ദൃഢവും ശിഥിലവും ആകാം. ദൃഢമാവുമ്പോൾ ഒറ്റ അക്ഷരം പോലെ നിൽക്കും. ശിഥിലമാകുമ്പോൾ അങ്ങനെയല്ല. ഏ, ഓ എന്നീ സ്വരങ്ങൾക്ക് സംസ്കൃതത്തിൽ ഹ്രസ്വം ഇല്ലാതെ പോയത് സംസർഗശൈഥില്യത്താലാണ്. ഭാഷയിലാകട്ടെ സംസർഗദാർഢ്യത്താലിവയ്ക്ക് ഹ്രസ്വദീർഘഭേദം ഉണ്ടായി.

▶ സന്ധ്യക്ഷരങ്ങൾ, സമാനാക്ഷരങ്ങൾ

**4. മാർഗഭേദം**

ശ്വാസവായുവാണ് വർണ്ണമായി പുറത്തേക്ക് വരുന്നത്. ശ്വാസവായുവിനെ രണ്ട് മാർഗത്തിലൂടെ വെളിയിലേക്ക് വിടാം. നാസികയിലൂടെയും വായിലൂടെയും. നാസികയിലൂടെ വെളിയിലേക്ക് വിടുമ്പോഴുണ്ടാകുന്ന വർണ്ണങ്ങൾ 'അനുനാസികങ്ങൾ'. ങ, ഞ, ണ, ന, മ ഇവ അനനുനാസികങ്ങളാണ്. അല്ലാത്തവ 'അനനുനാസികങ്ങൾ' അല്ലെങ്കിൽ 'ശുദ്ധം' നാദികൾക്കാണ് ഈ ഭേദം സംഭവിക്കുന്നത്.

▶ അനുനാസികങ്ങൾ, അനനുനാസികങ്ങൾ

**5. സ്ഥാനഭേദം**

വർണ്ണങ്ങളുടെ ഉച്ചാരണത്തിൽ ശ്വാസം അഥവാ വായു ഏത് ആസ്യഭാഗത്ത് ചേരുന്നുവോ അതാണ് വർണ്ണങ്ങളുടെ സ്ഥാനം.

കണ്ഠം, താലു, മൂർദ്ധാവ്, ദന്തം, വർത്സ്യം, ഓഷ്ഠം ഇവയാണ് വർണ്ണസ്ഥാനങ്ങൾ. സ്വരങ്ങളുടെയും വ്യഞ്ജനങ്ങളുടെയും ഉച്ചാരണത്തിൽ ഈ വർണ്ണസ്ഥാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നിശ്വാസവായുവിനെ തടയുന്നത്, മൂർദ്ധാവ് (വായുടെ മേൽത്തട്ട്), ഊന്, പല്ല് (മേൽവരിയിലേത്), ചുണ്ടുകൾ ഇവയിൽ ഏതെങ്കിലും ഒരു സ്ഥാനത്തു വച്ച് ആകാം. നാക്കിന്റെ ചുവട് മധ്യം, ഉപാഗ്രം (അഗ്രത്തിന്റെ പിൻഭാഗം), അഗ്രം (അറ്റം) ഇതിൽ ഏതെങ്കിലും ഭാഗം കൊണ്ടാകാം. ഈ സ്ഥാനങ്ങളെ അടിസ്ഥാനമാക്കി വർണ്ണങ്ങളെ കണ്ഠ്യം, താലവ്യം, മൂർദ്ധന്യം, വർത്സ്യം (ഊനിനോട് ബന്ധപ്പെട്ടത്), ദന്ത്യം, ഓഷ്ഠ്യം എന്നിങ്ങനെ വിഭജിക്കാം. സ്വരോച്ചാരണത്തിൽ തടസ്സമില്ലെങ്കിലും നാക്ക് ഈ സ്ഥാനങ്ങളെ സമീപിക്കുന്നു. 'ഉ'കാരോച്ചാരണത്തിൽ ചുണ്ടുകൾ ചേർത്തു കൂർപ്പിക്കുന്നു.

▶ സ്ഥാനമനുസരിച്ചുള്ള വർണ്ണവർഗീകരണം

അതുകൊണ്ട് വർത്സ്യം ഒഴിച്ചുള്ള ഭേദങ്ങൾ സ്വരങ്ങൾക്കും ഉണ്ട്.

| | |
|---|---|
| അ, ആ, കവർഗം, ഹ | - കണ്ഠ്യം |
| ഇ, ഈ, ചവർഗം, യ, ശ | - താലവ്യം |
| ഋ, ടവർഗം, ര, ഷ, ള, ഴ | - മൂർദ്ധന്യം |
| ഺ, ഩ | - വർത്സ്യം |
| തവർഗം, ല, സ | - ദന്ത്യം |
| ഉ, ഊ, പവർഗം | - ഓഷ്ഠ്യം |
| വ | - ദന്തോഷ്ഠ്യം |
| എ, ഏ, ഐ | - കണ്ഠ്യതാലവ്യം |
| ഒ, ഓ, ഔ | - കണ്ഠ്യഓഷ്ഠ്യം |

കേരളപാണിനി 'ള'കാര 'ല'കാരങ്ങളുടെ സ്ഥാനനിർണ്ണയത്തിൽ അക്ഷരമാല എന്ന അധ്യായത്തിലും ആദേശസന്ധിയുടെ വിവരണത്തിലും വ്യത്യസ്താഭിപ്രായങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 'ല' വർത്സ്യമധ്യമവും 'ള' മൂർദ്ധന്യവും എന്നു പറയുന്നതാണ് മലയാളത്തെ സംബന്ധിച്ച് ശരി.

▶ 'ല' വർത്സ്യമധ്യമവും 'ള' മൂർദ്ധന്യവും

**6. പരിമാണം**

'മാത്ര' അല്ലെങ്കിൽ അളവ് എന്നാണിതിനർഥം. ഹ്രസ്വ- ദീർഘ സ്വരൂപം ഇതാണ്.

അ, ഇ, ഉ - ഒരു മാത്ര

ആ, ഈ, ഊ - രണ്ടു മാത്ര

▶ മാത്ര അല്ലെങ്കിൽ അളവ്

സ്വരങ്ങളിലും വ്യഞ്ജനങ്ങളിലും ഈ മാത്രാഭേദം ഉണ്ട്. തീവ്രധ്വനിയാർന്ന ചില്ല് പിന്നീട് വന്നാൽ ഹ്രസ്വം ദീർഘമാകും.

## Summarised Overview

വർണ്ണങ്ങളെ സൂക്ഷ്മമായി അപഗ്രഥിച്ചിരിക്കുന്നു. ഭാഷയുടെ അടിസ്ഥാനമായ ഈ ശബ്ദങ്ങളെയാണ് വർണ്ണങ്ങൾ എന്ന് പറയുന്നത്. ഭാഷയിലെ അവിഭാജ്യമായ ഏറ്റവും ചെറിയ ഘടകമാണ് വർണ്ണം. എല്ലാ വർണ്ണങ്ങളും അക്ഷരമല്ല. വർണ്ണങ്ങൾ അർഥരഹിതമാണെങ്കിലും അതിന് അർഥവ്യാവർത്തനശേഷിയുണ്ട്. ക്ഷരമില്ലാത്തത് അഥവാ നാശമില്ലാത്തത് എന്നാണ് അക്ഷരം എന്ന പദത്തിനർഥം. സ്വരത്തെയും സ്വരം ചേർന്ന വ്യഞ്ജനത്തെയും അക്ഷരം എന്നു പറയുന്നു. 51 അക്ഷരം എന്ന് പരമ്പരാഗതമായി പറഞ്ഞു പോരുന്നത് കാണാം. "അറി നീ അക്ഷരമമ്പത്തൊന്നിൽ അകാരം താൻ" എന്ന് ഭാഷാഭഗവത്ഗീതയിലും "അമ്പത്തൊന്നക്ഷരാളീ കലിത തനുലതേ" എന്ന് ഭാഷാനൈഷധം ചമ്പുവിലും കാണുന്നു. മലയാള ഭാഷാവ്യാകരണം ചമച്ചവർ അക്ഷരസംഖ്യകളെ വ്യത്യസ്തമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അവയിൽ പ്രധാനമായി ഗുണ്ടർട്ട് (50), ജോർജ് മാത്തൻ (51), പാച്ചുമൂത്തത് (52), കോവുണ്ണി നെടുങ്ങാടി (55), ശേഷഗിരിപ്രഭു (54), ആർ. പ്രബോധചന്ദ്രൻ (50), എ. ആർ. രാജരാജവർമ്മ (53) ഇങ്ങനെ കണക്കാക്കിയിരിക്കുന്നു.

അക്ഷരങ്ങളെ പലതരത്തിൽ വിഭജിക്കാവുന്നതാണ്. 'കേരളപാണിനീയ'ത്തിൽ പ്രസ്താവിച്ചിട്ടുള്ള അക്ഷരങ്ങളാണ് ഇവിടെ പരിഗണിക്കുന്നത്. അക്ഷരങ്ങളെ സ്വരമെന്നും വ്യഞ്ജനമെന്നും രണ്ടായി തിരിക്കുന്നു സ്വരാക്ഷരങ്ങളെന്നും വ്യഞ്ജനവർണ്ണങ്ങളെന്നും സ്വരം ചേർന്ന വ്യഞ്ജനാക്ഷരങ്ങളെന്നും തരംതിരിച്ചു പഠനം നടത്തിയിട്ടുണ്ട്. വ്യഞ്ജനങ്ങളെ കേരളപാണിനി വർഗാക്ഷരങ്ങൾ, മധ്യമാക്ഷരങ്ങൾ, ഊഷ്മാക്ഷരങ്ങൾ, ഘോഷി, ദ്രാവിഡ മധ്യമം, ദ്രാവിഡാനുനാസികം എന്നിങ്ങനെ വിഭജിക്കുന്നുണ്ട്. വർണ്ണങ്ങൾക്ക് ശ്രുതിഭേദം വരുന്നതിന് കേരളപാണിനി ആറു കാരണങ്ങൾ പറയുന്നുണ്ട്. അനുപ്രദാനം, കരണവിഭ്രമം, സംസർഗം, മാർഗഭേദം, സ്ഥാനഭേദം, പരിമാണം എന്നിവയെ മാത്രം സൂക്ഷ്മമായി പഠിക്കുന്നു.

'ഉ'കാരത്തിന് സംവൃതം (അര ഉകാരം), വിവൃതം എന്നു രണ്ടു രൂപങ്ങൾ ഉണ്ട്. അര 'ഉ'കാരം മലയാള ഭാഷയ്ക്കുള്ള ഒരു പ്രത്യേകതയാണ്. 'അര ഉകാരം' അടയാളപ്പെടുത്തുന്നതിലും പദങ്ങൾ സന്ധി ചെയ്യുന്നതിലും, സമസ്തപദങ്ങൾ പിരിക്കുന്നതിലും പല പാകപ്പിഴകളും ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് വിവൃത, സംവൃതോകാരങ്ങൾ വ്യക്തമായി എഴുതി ശീലിക്കേണ്ടത് ആവശ്യമാണെന്നതുകൊണ്ടും ഭാഷാവൈകല്യം ഒഴിവാക്കുന്നതിന് അത്യന്താപേക്ഷിതമായതുകൊണ്ടും സംവൃതോകാര ചർച്ച സൂക്ഷ്മമായി നടത്തിയിരിക്കുന്നു.

## Assignments

1. 'മലയാളത്തിൽ എഴുതുന്നത് വർണ്ണമാലയല്ല, അക്ഷരമാലയാണ്.'വിശദമാക്കുക.
2. തമിഴിനുള്ളത് ലിപി ദാരിദ്ര്യമാണ്, ധ്വനിദാരിദ്ര്യമല്ല. വിശദമാക്കുക.
3. വർത്സ്യവർഗത്തെ ആറാമതു വർഗമായി അംഗീകരിക്കാമോ? വിലയിരുത്തുക.
4. വർണ്ണവികാരമെന്നാലെന്ത്? ഭാഷയിൽ വരുന്ന വർണ്ണവികാരങ്ങൾ പരിശോധിക്കുക.
5. ഭാഷയിൽ 'അ'കാരത്തിനുണ്ടാകുന്ന വർണ്ണവികാരം എന്തെന്നു വിശദീകരിക്കുക
6. സംവൃതോകാരം എന്നാലെന്തെന്ന് ചർച്ച ചെയ്യുക.
7. ചില്ലുകൾ എന്നാലെന്ത്? ഉദാഹരണസഹിതം വിശദീകരിക്കുക.
8. സ്ഥാനഭേദങ്ങൾ ഏതെല്ലാമെന്ന് അപഗ്രഥിക്കുക.
9. അനുപ്രദാനം എന്നാലെന്ത്? അതിന്റെ പിരിവുകൾ ഏതെല്ലാം? ഉപന്യസിക്കുക.
10. ഉച്ചാരണാവയവാടിസ്ഥാനത്തിലുള്ള വർണ്ണവർഗീകരണത്തെക്കുറിച്ച് ഉപന്യസിക്കുക
11. വർണങ്ങൾക്ക് ശ്രുതിഭേദമുണ്ടാകുന്നതിന് ഏ.ആർ. പറയുന്ന ആറു കാരണങ്ങളെപ്പറ്റി വിവരിക്കുക.

## Reference


1. എ. ആർ. രാജരാജവർമ്മ, കേരളപാണിനീയം, എൻ. ബി. എസ്. കോട്ടയം
2. കുട്ടികൃഷ്ണമാരാർ, ഭാഷാപരിചയം, പി. കെ. ബ്രദേഴ്സ്, കോഴിക്കോട്.
3. സി. എൽ. ആന്റണി, കേരളപാണിനീയഭാഷ്യം, ഡി. സി. ബുക്സ്, കോട്ടയം.
4. ഹെർമൻ ഗുണ്ടർട്ട്, മലയാള ഭാഷാവ്യാകരണം. ഡി. സി. ബുക്സ്, കോട്ടയം.
5. എൻ. ആർ. ഗോപിനാഥപിള്ള, ഭാഷാനിരീക്ഷണം, എസ്. പി. സി. എസ്, കോട്ടയം.
6. ശൂരനാട് കുഞ്ഞൻപിള്ള, ലീലാതിലകം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവന്തപുരം.
7. എം. ശേഷഗിരിപ്രഭു., വ്യാകരണമിത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ.


## Suggested Reading


1. എൻ. കെ. മേരി, മലയാളവ്യാകരണസിദ്ധാന്തങ്ങൾ, കേരളപാണിനീയത്തിനുശേഷം, താരതമ്യപഠനസംഘം, ചങ്ങനാശ്ശേരി.
2. കെ. എം. പ്രഭാകരവാര്യർ, പൂർവകേരളഭാഷ, മദിരാശി സർവകലാശാല.
3. സി. ആർ. പ്രസാദ്, വ്യാകരണം, ഡി. സി. ബുക്സ്, കോട്ടയം.
4. പുതുശ്ശേരി രാമചന്ദ്രൻ (സമ്പാദനം), കേരളപാണിനീയവിമർശനം, കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. സി. വി. വാസുദേവഭട്ടതിരി, കേരളപാണിനീയപാഠങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.
6. ശ്രീകുമാരി. കെ, മലയാളത്തിലെ നാമവർഗം, തരതമ്യപഠനസംഘം, ചങ്ങനാശ്ശേരി.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# Unit 4

# സന്ധികാര്യങ്ങൾ

## Learning Outcomes

- സന്ധിയുടെ ലക്ഷ്യം, മുഖ്യപ്രയോജനങ്ങൾ എന്നിവ മനസിലാക്കുന്നു
- കേരളപാണിനീയത്തിലെയും ലീലാതിലകത്തിലെയും സന്ധിവിഭജനം വിശദീകരിക്കുന്നു
- സംഹിതയും സന്ധിയും മനസ്സിലാക്കുന്നതിലൂടെ ഉച്ചാരണക്ലേശത്തെ പരിഹരിക്കുന്നു
- സന്ധി നിർവചനങ്ങളിലെ വ്യത്യസ്ത അഭിപ്രായങ്ങൾ വിലയിരുത്തുന്നു

## Background

ഭാഷാവ്യാകരണത്തിൽ സന്ധിക്കുള്ള പ്രസക്തിയും പരസ്പരബന്ധവും സൂക്ഷ്മമായി വിശകലനം ചെയ്യുന്നു. വാക്യത്തിൽ പദങ്ങൾ അടുത്തടുത്ത് ഉച്ചരിക്കുമ്പോൾ ഉണ്ടാകുന്ന വർണ സാമീപ്യം അഥവാ സംഹിതയാണ് സന്ധി. രണ്ടു വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോഴുണ്ടാകുന്ന ചേർച്ച, മാറ്റമാണ് സന്ധി. സംസ്കൃത വ്യാകരണത്തിൽ സന്ധിചെയ്യുന്ന ഭേദമനുസരിച്ച് പദമധ്യസന്ധി, പദാന്തസന്ധി, ഉഭയസന്ധി എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. സന്ധി ചെയ്യുന്ന വർണ്ണഭേദമനുസരിച്ച്, സന്ധി ചെയ്യുന്നത് സ്വരങ്ങൾ തമ്മിലാണെങ്കിൽ സ്വരസന്ധി, വ്യഞ്ജനങ്ങൾ തമ്മിലാണെങ്കിൽ വ്യഞ്ജനസന്ധി, സ്വരങ്ങളും വ്യഞ്ജനങ്ങളും കൂടിയാണെങ്കിൽ സ്വരവ്യഞ്ജനസന്ധി എന്നിങ്ങനെയാണ് ആ വിഭജനം. മേൽപ്പറഞ്ഞ രണ്ടു വിഭജനക്രമവും സംസ്കൃത വ്യാകരണത്തിലുള്ളതാണ്. ലീലാതിലകത്തിലും ഈ സന്ധിവിഭജനമാണുള്ളത്.

കേരളപാണിനീയത്തിലെ സന്ധിവിഭജനത്തിൽ സന്ധി ചെയ്യുമ്പോൾ വർണ്ണങ്ങൾക്കുണ്ടാകുന്ന വികാരഭേദമനുസരിച്ച് ലോപസന്ധി, ആഗമസന്ധി, ആദേശസന്ധി, ദ്വിത്വസന്ധി എന്ന് നാലുതരം സന്ധികളുണ്ട്. വർണ്ണങ്ങൾ തമ്മിൽ സന്ധിചെയ്യുമ്പോൾ ഒന്ന് ലോപിക്കുന്നത് ലോപസന്ധി. ഒരുവർണ്ണം ആഗമിക്കുന്നത് ആഗമസന്ധി. ഒരു വർണ്ണം പോയി മറ്റൊരു വർണ്ണം വരുന്നത് ആദേശസന്ധി. ഏതെങ്കിലും ഒരു വർണ്ണം ഇരട്ടിക്കുന്നത് ദ്വിത്വസന്ധി. 'വർണ്ണങ്ങളെ നിർത്താതെ തുടർന്നുച്ചരിക്കുമ്പോൾ ഉണ്ടാകുന്ന വർണ്ണസാമ്യമാകുന്നു സംഹിത' എന്ന് വ്യാകരണമിത്രത്തിൽ ശേഷഗിരിപ്രഭു സംഹിതയെ നിർവചിക്കുന്നു. സംഹിതയിലെ ഉച്ചാരണക്ലേശങ്ങൾ പരിഹരിക്കുകയാണ് സന്ധിയുടെ മുഖ്യലക്ഷ്യം. വർണ്ണങ്ങൾ ചേർന്ന് ഉണ്ടാകുന്ന ഏതു പദത്തിലും സംഹിതയുണ്ട് എന്ന് കാണാം. എന്നാൽ സംഹിതയിൽ എല്ലായ്പ്പോഴും ഉച്ചാരണക്ലേശം ഉണ്ടാകണമെന്നില്ല. ഉച്ചാരണക്ലേശം ഉണ്ടെങ്കിൽ അത് പരിഹരിക്കുകയാണ് സന്ധിയിൽ ചെയ്യുന്നത്. സന്ധിചെയ്യുന്നത് വിവൃത്തി പരിഹരിക്കാനാണ്, ഉച്ചാരണ സുഗമതയാണ് സന്ധിയുടെ ലക്ഷ്യം.

അക്ഷരങ്ങൾ, അല്ലെങ്കിൽ വർണ്ണങ്ങൾ, തമ്മിൽ ചേരുമ്പോഴും ഓരോതരം മാറ്റങ്ങൾ ഉണ്ടാവുകയും ഇല്ലാതെയും വരുന്നതാണ്. ഇത്തരം സംഗതികളെപ്പറ്റി വിവരിക്കുന്ന ഭാഗത്തിനാണ് വ്യാകരണത്തിൽ 'സന്ധിപ്രകരണം' എന്നു പറയുന്നത് എന്ന് എ. ആർ. രാജരാജവർമ്മ കേരളപാണിനീയത്തിൽ പറയുന്നു. ചില വർണ്ണങ്ങളെ ഒരുമിച്ചോ അടുപ്പിച്ചോ ഉച്ചരിക്കാൻ അസൗകര്യമുണ്ട്. ഇതിന് വിവൃത്തി എന്നു പറയുന്നു. വിവൃത്തി ഒഴിവാക്കാൻ ഉച്ചാരണത്തിൽ ചില മാറ്റങ്ങൾ വരുത്തുന്നു. ഇതിനു പുറമേ, ഭാഷാപ്രയോഗത്തിൽ അർഥവ്യക്തതയ്ക്കു വേണ്ടിയും,

ശബ്ദഭംഗിക്കു വേണ്ടിയും ചിലപ്പോൾ വർണ്ണമാറ്റങ്ങൾ വരുത്തുന്നു. ഒരു പദത്തിന്റെ ഭാഗമായി രണ്ടു സ്വരങ്ങളെ അടുത്തടുത്ത് ഉച്ചരിക്കുക പ്രയാസമാണ്. ഈ പ്രയാസത്തെ കുറിക്കാൻ 'വിസന്ധി' എന്ന വാക്കാണ് ഉപയോഗിക്കുന്നത്. സ്വരസംയോഗത്തിലുണ്ടാകുന്ന വിസന്ധിയെ പരിഹരിക്കുന്നത് 'യ/വ' എന്നീ വ്യഞ്ജനങ്ങളിലൊന്ന് സ്വരങ്ങൾക്കിടയിൽ സന്നിവേശിപ്പിച്ചിട്ടാണ്.

അടുത്തിരിക്കുന്ന വർണ്ണങ്ങളിൽ ഒന്നിന് സ്ഥാനപ്രയത്നങ്ങളുടെ സാമ്യം കൊണ്ട് മറ്റേതിന് പൊരുത്തമുള്ള വർണ്ണം ആദേശമാക്കി ചെയ്യുന്നതാണ് സവർണ്ണനം. സവർണ്ണനം രണ്ടുവിധത്തിലുണ്ട്. അതിൽ പൂർവത്തിന് പരത്തിന്റെ സവർണ്ണം വരികയാണെങ്കിൽ അത് പരസവർണ്ണനം, മറിച്ച് പരത്തിന് പൂർവത്തിന്റെ സവർണ്ണം വരികയാണെങ്കിൽ അത് പൂർവസവർണ്ണനം. സവർണ്ണനവും ആദേശവും ഒന്നുതന്നെ. വ്യത്യസ്ത വർഗങ്ങളിലുള്ള വർണ്ണങ്ങൾ കൂടിച്ചേരുമ്പോൾ ഒരു വർണ്ണം മറ്റേ വർണ്ണത്തിന്റെ വർഗത്തിലേക്ക് മാറുന്നതാണ് സവർണ്ണനം. കേരളപാണിനിയാണ് ഭാഷാസന്ധികളെക്കുറിച്ച് ആദ്യമായി ചർച്ച ചെയ്യുന്നത്. സംസ്കൃത വ്യാകരണഗ്രന്ഥമായ പാണിനീയത്തെയും കാൽഡ്വലിന്റെ കൃതിയെയുമാണ് കേരളപാണിനി അനുകരിച്ചിട്ടുള്ളത്. സന്ധികളെക്കുറിച്ചുള്ള ചർച്ചയിൽ സംസ്കൃതരീതിയനുസരിച്ചിട്ടുള്ള വിഭജനരീതികളെക്കുറിച്ചാണ് കേരളപാണിനി ആദ്യം പരാമർശിക്കുന്നത്. സംവൃതോകാരവും അനുനാസികാതിപ്രസരവും സന്ധിയിൽ ഉണ്ടാക്കുന്ന മാറ്റത്തെക്കുറിച്ചും എ.ആർ. വിശദീകരിക്കുന്നു. വർണ്ണങ്ങളുടെ സ്ഥാനനിർണ്ണയത്തിൽ വന്ന പിഴവുകാരണം കേരളപാണിനി സൃഷ്ടിച്ച രണ്ട് അയഥാർഥ വ്യാകരണപ്രക്രിയകളായ വിനാമവും ഉന്നാമവും ചർച്ച ചെയ്യുന്നു. ലീലാതിലക സന്ധിസൂത്രങ്ങളും സൂചിപ്പിക്കുന്നു.

## Key words

സന്ധി കാര്യങ്ങൾ - സന്ധി വിഭജനം - സംഹിതയും സന്ധിയും - വ്യത്യസ്ത അഭിപ്രായങ്ങൾ - പദമധ്യസന്ധി - പദാന്തസന്ധി - ഉഭയസന്ധി - സ്വരസന്ധി - സ്വരവ്യഞ്ജനസന്ധി- വ്യഞ്ജനസന്ധി - വ്യഞ്ജനസ്വരസന്ധി - ലോപസന്ധി - ആഗമസന്ധി - ദ്വിത്വസന്ധി - ആദേശസന്ധി - സുദൃഢസന്ധി - ദൃഢസന്ധി - ശിഥിലസന്ധി - ഐച്ഛികസന്ധി - വിസന്ധി

## Discussion

### 4.1.1 സന്ധിക്ക് വ്യാകരണത്തിലുള്ള പ്രസക്തി - പരസ്പരബന്ധം

പ്രകൃതിപ്രത്യയങ്ങൾ ചേരുമ്പോഴും, പദങ്ങൾ ചേർന്നു സമാസങ്ങൾ ഉണ്ടാകുമ്പോഴും, വാക്യത്തിൽ അന്വയബന്ധം നിമിത്തം പദങ്ങൾ അടുത്തടുത്ത് ഉച്ചരിക്കുമ്പോഴും ഉണ്ടാകുന്ന വർണ്ണസാമീപ്യം അഥവാ സംഹിതയാണ് സന്ധി എന്ന വ്യാകരണ പ്രകരണത്തിനടിസ്ഥാനം. ഇങ്ങനെ രണ്ടുവർണ്ണങ്ങൾ തമ്മിൽ ചേരുമ്പോഴുണ്ടാകുന്ന മാറ്റത്തിനാണ് വ്യാകരണത്തിൽ 'സന്ധി' എന്നുപറയുന്നത്. സന്ധിയെന്നാൽ ചേർച്ചയെന്നാണ് അർഥം. രണ്ടു വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോൾ എന്തെങ്കിലും മാറ്റമുണ്ടാകുന്നുവെങ്കിൽ മാത്രമേ സന്ധിയുണ്ടാവൂ എന്നുകൂടി ധരിക്കണം. ചില വർണ്ണങ്ങൾ അടുത്തടുത്ത്

- രണ്ടു വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോഴുണ്ടാകുന്ന മാറ്റമാണ് സന്ധി

ഉച്ചരിക്കേണ്ടി വരുമ്പോൾ ഉച്ചാരണത്തിന് അല്പം ആയാസമുണ്ടായെന്നുവരും. ഈ ആയാസത്തിനു നിവൃത്തി വരുത്തുകയാണ് സന്ധിയുടെ ലക്ഷ്യം. ഉച്ചാരണലാഘവം, ശ്രവണസുഖം മുതലായവയാകുന്നു സന്ധിയുടെ പ്രയോജനങ്ങൾ. 'അസവർണങ്ങളായ വ്യഞ്ജനങ്ങൾ അടുത്തടുത്തുച്ചരിക്കുമ്പോൾ ഉണ്ടാകുന്ന വൈഷമ്യം നീക്കുന്നതു സന്ധി' എന്നു ശേഷഗിരിപ്രഭുവിന്റെ നിർവചനം.

### 4.1.2 സംഹിതയും സന്ധിയും

ഭാഷയിൽ വർണ്ണങ്ങൾ ഒറ്റയൊറ്റയായല്ല പ്രയോഗിക്കുന്നത്. അവ സ്വാഭാവികമായി ചേർന്നിരിക്കുന്നു. 'ഭ് ആ ഷ് അ' എന്നീ വർണ്ണങ്ങൾ അകലമേതും കൂടാതെ തുടർച്ചയായി ഉച്ചരിക്കുമ്പോഴാണ് ഭാഷ എന്ന പദം ഉണ്ടാകുന്നത്. ഇങ്ങനെ 'വർണ്ണങ്ങളെ നിർത്താതെ തുടർന്നുച്ചരിക്കുമ്പോൾ ഉണ്ടാകുന്ന വർണ്ണസാമ്യമാകുന്നു സംഹിത' എന്ന് വ്യാകരണമിത്രത്തിൽ ശേഷഗിരിപ്രഭു സംഹിതയെ നിർവചിക്കുന്നു. (1989:76).പരഃ സന്നികർഷഃ സംഹിതഃ (പരമായ സന്നികർഷം, ആത്യന്തികമായ ചേർച്ചയാണ് സംഹിത) എന്നാണ് പാണിനീയം സംഹിതയെ നിർവചിക്കുന്നത്. സംഹിതയിലെ ഉച്ചാരണക്ലേശങ്ങൾ പരിഹരിക്കുകയാണ് സന്ധിയുടെ മുഖ്യലക്ഷ്യം.

- ▶ സംഹിത നിർവചനം

വർണ്ണങ്ങൾ ചേർന്ന് ഉണ്ടാകുന്ന ഏതു പദത്തിലും സംഹിതയുണ്ട് എന്ന് കാണാം. എന്നാൽ സംഹിതയിൽ എല്ലായ്പ്പോഴും ഉച്ചാരണക്ലേശം ഉണ്ടാകണമെന്നില്ല. 'സ് ഈ ന് അ ഉ ട് എ' എന്നീ വർണ്ണങ്ങൾ ചേർന്നുണ്ടാകുന്ന ശബ്ദങ്ങളിൽ സംഹിതയുണ്ട്. എന്നാൽ അവിടെ ഉച്ചാരണപരമായ ക്ലേശങ്ങൾ ഒന്നും ഇല്ല. എന്നാൽ ആ ശബ്ദങ്ങൾ പരസ്പരം ചേർന്ന് 'സ് ഈ ന് അ ഉ ട് എ' എന്ന് വരുമ്പോൾ രണ്ടു സ്വരങ്ങൾ അടുത്തടുത്ത് വരുന്നതിനാൽ ഉച്ചരിക്കാൻ പ്രയാസം നേരിടുന്നു. ആ പ്രയാസത്തെ ഒഴിവാക്കാനായി സ്വരങ്ങൾക്കിടയിൽ അവിടെ 'യ'കാരം ചേർത്ത് 'സീനയുടെ' എന്നാക്കുന്നു. സ്വരസംയോഗത്തെ ഒഴിവാക്കാനായി പ്രായേണ 'യ/വ' എന്നീ വർണ്ണങ്ങളിലൊന്ന് ചേർക്കുകയാണ് മലയാളത്തിൽ ചെയ്യുന്നത്. ഇത് സന്ധികാര്യമാണ്. സംഹിതയിൽ സ്വരങ്ങളെ തുടർച്ചയായി ഉച്ചരിക്കുമ്പോൾ നേരിടുന്ന പ്രയാസത്തെ 'വിവൃത്തി' എന്നാണ് പറയുക. 'വിവൃത്തി' പരിഹാരമാണ് സന്ധി ചെയ്യുന്നത് എന്നു പറയാം.

- ▶ സന്ധിചെയ്യുന്നത് വിവൃത്തി പരിഹരിക്കാനാണ്

വ്യത്യസ്ത ഉച്ചാരണസ്ഥാനങ്ങളിൽപ്പെട്ട, ഒരുമിച്ച് ഉച്ചരിക്കാൻ പ്രയാസമായ വ്യഞ്ജനങ്ങളെ ഉച്ചരിക്കേണ്ടിവരുമ്പോൾ ഉണ്ടാകുന്ന വിഷമതയെ പരിഹരിക്കുന്നതും സന്ധി തന്നെയാണ്. അപ്പോൾ സംഹിതയിലെ വർണ്ണപരിണാമപരമായ കാര്യങ്ങളാണ് സന്ധിയുടെ വിഷയം എന്നു വ്യക്തമാണ്. 'കാണുക' എന്ന ക്രിയയുടെ ധാതുവായ 'കൺ' എന്ന ശബ്ദവും ഭൂതകാലത്തെ കുറിക്കുന്ന 'തു' എന്ന പ്രത്യയവും തമ്മിൽ ചേരുമ്പോൾ (കൺ+തു) മൂർദ്ധന്യ അനുനാസികമായ 'ൺ' വ്യഞ്ജനവും ദന്ത്യഖരമായ, 'ത്' എന്ന വ്യഞ്ജനവും ഒരുമിച്ച് ഉച്ചരിക്കേണ്ടിവരുന്നു. രണ്ടുവർണ്ണങ്ങളും ഉച്ചരിക്കാൻ ജിഹ്വാഗ്രം (നാവിന്റെ അറ്റം) ആണ് ഉപയുക്തമാക്കുന്നത്. ഒരേ സമയം നാവിന്റെ അറ്റം മൂർദ്ധാവിലും ദന്തത്തിലും സ്പർശിച്ച് ധ്വനി ഉണ്ടാക്കാൻ സാധ്യമല്ലാത്തതിനാൽ അവിടെ ഉച്ചാരണപരമായ പ്രയാസം നേരിടുന്നു.

▶ ഉച്ചാരണസുഗമ തയാണ് സന്ധി യുടെ ലക്ഷ്യം

സന്ധിയിൽ ഏർപ്പെടുന്ന പരവർണ്ണമായ ദന്ത്യഖരത്തെ (ത) മൂർദ്ധന്യ ഖരമാക്കി (ട) മാറ്റിയാണ് അവിടെ ഉച്ചാരണപരമായ പ്രയാസത്തെ മറികടക്കുന്നത്. (കൺ + തു > കൺ + ടു = കണ്ടു) ഇത്തരത്തിലുള്ള വർണ്ണവികാരങ്ങളെല്ലാം സന്ധിയുടെ വിഷയമാണ് എന്നു സാരം.

### സന്ധി

'സന്ധി' എന്ന വാക്കിന് 'ചേർച്ച' എന്നാണ് അർഥം. വ്യാകരണ ത്തിന് പുറത്തും ഈ വാക്ക് ഇതേ അർഥത്തിൽ ഉപയോഗിക്കാറു ണ്ട് (സന്ധി സംഭാഷണം എന്ന പ്രയോഗം സാധാരണമാണല്ലോ). ലീലാതിലകകാരൻ, ജോർജ് മാത്തൻ (മലയാഴ്മയുടെ വ്യാകരണം, 1863), ഹെർമ്മൻ ഗുണ്ടർട്ട് (മലയാള വ്യാകരണം, 1860), പാച്ചുമൂത്ത ത് (കേരളഭാഷാവ്യാകരണം, 1876), കോവുണ്ണി നെടുങ്ങാടി (കേര ളകൗമുദി, 1878), എ. ആർ. രാജരാജവർമ്മ (ശബ്ദശോധിനി, 1902, കേരളപാണിനീയം, 1917), ശേഷഗിരി പ്രഭു (വ്യാകരണമിത്രം, 1904), സി. വി. വാസുദേവഭട്ടതിരി (അഭിനവ മലയാളവ്യാകരണം, 1989), കെ.സുകുമാരപിള്ള (കൈരളീ ശബ്ദാനുശാസനം, 1980), എൻ.എൻ. മൂസ്സത് (വ്യാകരണവിവേകം, 1984), ഗോപികുട്ടൻ (മലയാളവ്യാകരണം, 2002), കെ.എസ്.നാരായണപിള്ള (ആധുനിക മലയാളവ്യാകരണം, 2005), എസ്. അച്യുതവാര്യർ (ഭാഷാവ്യാകരണപഠനം, 2011) എന്നിവരെ ല്ലാം മലയാളത്തിലെ സന്ധികാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. ഇതിൽ ചിലരെങ്കിലും സന്ധിയെ നിർവചിക്കാനും വിശദീകരിക്കാനും വർഗീ കരിക്കാനും ശ്രമിച്ചിട്ടുണ്ട്.

▶ സന്ധി മലയാ ളവ്യാകരണ ഗ്രന്ഥങ്ങളിൽ

## 4.1.3 സന്ധി നിർവചനം മലയാളവ്യാകരണ കൃതികളിൽ

"സന്ധിയിൽ അക്ഷരങ്ങളും മൊഴികളും തമ്മിൽ ചേരുമ്പോൾ ഉണ്ടാകുന്ന ഭേദങ്ങളെക്കുറിച്ചു പറയുന്നു. അക്ഷരങ്ങൾക്ക് ഏറ്റവും കുറച്ചെങ്കിലും തിരിച്ചിലും ചുരുക്കവും എന്നു നാലു ഭേദങ്ങൾ ഉണ്ട്'' എന്നാണ് 'മലയാണ്മയുടെ വ്യാകരണ'ത്തിൽ ജോർജ് മാത്തൻ സന്ധി യെക്കുറിച്ച് പറയുന്നത്. 'വാക്ക്' എന്ന അർഥത്തിലാണ് ജോർജ് മാ ത്തൻ 'മൊഴി' എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്.

▶ ജോർജ് മാത്തന്റെ സന്ധി നിർവചനം

"വർണ്ണങ്ങളെ ഒട്ടും നിർത്താതെ തുടർന്നുച്ചരിക്കുമ്പോൾ ഉണ്ടാ കുന്ന വർണ്ണസാമ്യമാകുന്നു സംഹിത. അതുനിമിത്തം വർണ്ണങ്ങൾ മാ റുന്ന വിധത്തെ വിവരിക്കുന്ന വ്യാകരണഭാഗമാകുന്നു സന്ധി. അത് ഉച്ചാരണത്തിന്റെ പ്രപഞ്ചനം (വിസ്താരം) ആകുന്നു'' എന്നാണ് വ്യാ കരണമിത്രത്തിൽ ശേഷഗിരിപ്രഭു സന്ധിയെ വിവരിക്കുന്നത്.

▶ ശേഷഗിരിപ്രഭു വിന്റെ സന്ധി നിർവചനം

'സംഹിതയിൽ സ്വരങ്ങളെ ഉച്ചരിക്കുമ്പോൾ നേരിടുന്ന പ്രയാസത്തെ വിവൃത്തിയെന്നു പറയും' എന്നു വിവരിക്കുന്ന ശേഷഗിരിപ്രഭു, വിവൃത്തിപരിഹാരമാണ് സ്വരങ്ങളിൽ സന്ധിയുടെ ധർമ്മമെന്ന് സൂചിപ്പിക്കുന്നു. 'സവർണ്ണങ്ങളായ വ്യഞ്ജനങ്ങൾ അടു ത്തുച്ചരിക്കുമ്പോൾ ഉണ്ടാകുന്ന വൈഷമ്യം നീക്കുന്നതു സന്ധി' എന്നു പറയുമ്പോൾ വ്യഞ്ജനങ്ങളിൽ ഉച്ചാരണപരമായ പ്രയാസത്തെ ഒഴി വാക്കലാണ് സന്ധിയുടെ ധർമ്മം എന്ന് മനസ്സിലാക്കണം.

▶ വിവൃത്തി പരി ഹാരാർഥം സന്ധി ചെയ്യുന്നു

“അക്ഷരങ്ങൾ, അല്ലെങ്കിൽ വ്യാകരണശാസ്ത്രപ്രകാരമുള്ള വർണ്ണങ്ങൾ, തമ്മിൽ ചേരുമ്പോഴും ഓരോതരം മാറ്റങ്ങൾ ഉണ്ടായിട്ടും ഇല്ലാതെയും വരുന്നതാണ്. ആ വക സംഗതികളെപ്പറ്റി വിവരിക്കുന്ന ഭാഗത്തിനാണ് വ്യാകരണത്തിൽ ‘സന്ധിപ്രകരണം’ എന്നു പറയുന്നത്'' എന്ന് എ. ആർ. രാജരാജവർമ്മ കേരളപാണിനീയത്തിൽ പറയുന്നു.

▶ കേരളപാണിനി, ഗോപിക്കുട്ടൻ എന്നിവരുടെ സന്ധി നിർവചനങ്ങൾ.

“ചില വർണ്ണങ്ങളെ ഒരുമിച്ചോ അടുപ്പിച്ചോ ഉച്ചരിക്കാൻ അസൗകര്യമുണ്ട്. ഇതിന് വിവൃത്തി (Hiatus) എന്നുപറയുന്നു. വിവൃത്തി ഒഴിവാക്കാൻ ഉച്ചാരണത്തിൽ ചില മാറ്റങ്ങൾ വരുത്തുന്നു. ഇതിനു പുറമേ, ഭാഷാപ്രയോഗത്തിൽ അർഥവ്യക്തിക്കു വേണ്ടിയും, ശബ്ദഭംഗിക്കുവേണ്ടിയും ചിലപ്പോൾ വർണ്ണമാറ്റങ്ങൾ വരുത്തുന്നു. പ്രകൃതിപ്രത്യയങ്ങൾ, പദങ്ങൾ എന്നിവ തമ്മിൽ ഏതെങ്കിലും വിധത്തിൽ ചേരുമ്പോൾ അവയ്ക്കിടയിലുണ്ടാകുന്ന വർണ്ണമാറ്റത്തിന് ‘സന്ധി’ എന്നു പറയുന്നു” എന്നാണ് ഗോപിക്കുട്ടൻ സന്ധിയെ നിർവചിക്കുന്നത്.

## 4.1.4 സന്ധി വർഗീകരണം

സന്ധിയെ പല തരത്തിൽ വർഗീകരിക്കാം.

1. സന്ധിയിൽ ഏർപ്പെടുന്ന ശബ്ദങ്ങൾ ഏതെല്ലാമാണ് എത്തരത്തിലുള്ളതാണ് എന്നതിന്റെ അടിസ്ഥാനത്തിൽ സന്ധിയെ പദമധ്യസന്ധി, പദാന്തസന്ധി, ഉഭയസന്ധി എന്നിങ്ങനെയും
2. സന്ധിയിൽ ഏർപ്പെടുന്ന വർണ്ണങ്ങൾ ഏതെല്ലാമാണ് എന്നതിന്റെ അടിസ്ഥാനത്തിൽ സ്വരസന്ധി, സ്വരവ്യഞ്ജനസന്ധി, വ്യഞ്ജനസന്ധി, വ്യഞ്ജനസ്വരസന്ധി എന്നിങ്ങനെയും
3. സന്ധിയിലെ വർണ്ണവികാരങ്ങൾക്കനുസരിച്ച് ലോപസന്ധി, ആഗമസന്ധി, ദ്വിത്വസന്ധി, ആദേശസന്ധി എന്നിങ്ങനെയും
4. സന്ധിയുടെ ദാർഢ്യം അനുസരിച്ച് സുദൃഢം, ദൃഢം, ശിഥിലം, ഐച്ഛികം എന്നിങ്ങനെയും സന്ധിയെ വർഗീകരിച്ച് പഠിക്കുന്നു.

▶ സന്ധിവർഗീകരണം

**I. സന്ധിക്കുന്ന വർണ്ണങ്ങളുടെ സ്വരഭേദമനുസരിച്ച് സന്ധിയെ മൂന്നായിതിരിക്കാം. പദമധ്യസന്ധി, പദാന്തസന്ധി, ഉഭയസന്ധി**

സന്ധിയിൽ ഏർപ്പെടുന്ന ശബ്ദങ്ങൾ ഏതെല്ലാമാണ് അല്ലെങ്കിൽ സന്ധി എവിടെയാണ് സംഭവിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിലാണ് സന്ധിയെ പദമധ്യസന്ധി, പദാന്തസന്ധി, ഉഭയസന്ധി എന്ന് തരംതിരിക്കുന്നത്.

▶ പദമധ്യത്തിലുള്ള സന്ധി - പദമധ്യസന്ധി

പ്രകൃതിയും പ്രത്യയവും തമ്മിലുള്ള സന്ധിയാണ് പദമധ്യസന്ധി. പ്രകൃതിയും പ്രത്യയവും ചേർന്ന് പദം ഉണ്ടാകുമ്പോൾ അതിലെ സന്ധി പദമധ്യത്തിലാണ് വരുന്നത് എന്നതിനാലാണ് ആ സന്ധിയെ പദമധ്യസന്ധി എന്നു പറയുന്നത്. പ്രത്യയത്തിന് ഭാഷയിൽ ഒറ്റയ്ക്കു നിൽക്കാൻ സാധിക്കില്ല. അത് എപ്പോഴും പ്രകൃതിയുമായി ചേർന്നു മാത്രമേ വരികയുള്ളൂ. പ്രകൃതിയും പ്രത്യയവും ചേർന്ന രൂപത്തെ പദം എന്നാണല്ലോ പറയുക.

| | | | | |
|---|---|---|---|---|
| മരം | + | ഇൽ | = | മരത്തിൽ |
| തല | + | ഉടെ | = | തലയുടെ |
| കൺ | + | തു | = | കണ്ടു |

ഇവിടെയെല്ലാം സന്ധി പദമധ്യത്തിലാണ് നടക്കുന്നത് എന്നു കാണാം.

▶ പദാന്തത്തിലുള്ള സന്ധി - പദാന്തസന്ധി

രണ്ടു പദങ്ങളാണ് സന്ധിയിൽ ഏർപ്പെടുന്നതെങ്കിൽ അതിനെ പദാന്തസന്ധി എന്നാണ് വിളിക്കുന്നത്. അവിടെ ഒരു പദത്തിന്റെ അന്ത്യത്തിലാണല്ലോ സന്ധി സംഭവിക്കുന്നത്. അതിനാലാണ് പദാന്തസന്ധി എന്ന പേരു വന്നത്.

| | | | | |
|---|---|---|---|---|
| താമര | + | കുളം | = | താമരക്കുളം |
| നീല | + | താമര | = | നീലത്താമര |

'മണിയറയിൽ', 'താമരക്കുളത്തെ' തുടങ്ങിയ പദങ്ങൾ പരിശോധിക്കുമ്പോൾ ഇവയുടെ രൂപീകരണത്തിൽ പദമധ്യസന്ധിയും പദാന്തസന്ധിയും ഇടപെട്ടിട്ടുണ്ടെന്നു കാണാം.

| | | | | | | |
|---|---|---|---|---|---|---|
| മണി | + | അറ | + | ഇൽ | = | |
| താമര | + | കുളം | + | എ | = | താമരക്കുളത്തെ |

▶ ഉഭയസന്ധി

ഇവയിൽ ആദ്യത്തെ സന്ധി പദാന്തസന്ധിയും രണ്ടാമത് വന്നിരിക്കുന്നത് പദമധ്യസന്ധിയുമാണ്. ഇങ്ങനെയുള്ള സന്ധിയെ ഉഭയസന്ധി എന്ന് പ്രത്യേകം വിളിക്കുന്നു. സന്ധിയെ ഇങ്ങനെ വിഭജിക്കാം എന്നല്ലാതെ ഈ വിഭജനത്തെ മുൻനിറുത്തി സന്ധികാര്യങ്ങൾ മലയാളത്തിൽ കാര്യമായി വിവരിച്ചു കാണുന്നില്ല.

**II. സന്ധിക്കുന്ന വർണ്ണങ്ങളുടെ സ്വരവ്യഞ്ജനഭേദമനുസരിച്ച് സന്ധിയെ നാലായി തിരിക്കാം. സ്വരസന്ധി, സ്വരവ്യഞ്ജനസന്ധി, വ്യഞ്ജനസ്വരസന്ധി, വ്യഞ്ജനസന്ധി**

▶ സന്ധിയിൽ ഏർപ്പെടുന്ന വർണ്ണങ്ങളെ അടിസ്ഥാനമാക്കിയുള്ള വിഭജനം

സന്ധിയിൽ ഏർപ്പെടുന്ന വർണ്ണങ്ങൾ ഏതെല്ലാം എന്നതിന്റെ അടിസ്ഥാനത്തിലാണ് സ്വരസന്ധി, സ്വരവ്യഞ്ജനസന്ധി, വ്യഞ്ജനസ്വരസന്ധി, വ്യഞ്ജനസന്ധി എന്ന വിഭജനം നടത്തുന്നത്. സ്വരം എന്നും വ്യഞ്ജനമെന്നും രണ്ടുതരത്തിലുള്ള വർണ്ണങ്ങളാണല്ലോ ഭാഷയിലുള്ളത്. അതിൽ ഏതെല്ലാം വർണ്ണങ്ങളാണ്, ഏതെല്ലാം ക്രമത്തിലാണ് സന്ധിയിൽ ഏർപ്പെടുന്നത് എന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ വിഭജനം. സന്ധിയിൽ ഏർപ്പെടുന്നത് രണ്ട് സ്വരങ്ങളാണെങ്കിൽ അത് സ്വരസന്ധി.

തിരു + ആതിര = തിരുവാതിര

ഇവിടെ 'ഉ' എന്ന സ്വരം 'ആ' എന്ന സ്വരവുമായാണ് സന്ധി ചെയ്യുന്നത് എന്നു കാണാം.

മഴ + ഇല്ല = മഴയില്ല (അ+ഇ)
മഴ + എവിടെ = മഴയെവിടെ (അ+എ)

സന്ധിയിൽ ഏർപ്പെടുന്ന പൂർവവർണ്ണം സ്വരവും ഉത്തരവർണ്ണം വ്യഞ്ജനവുമാണെങ്കിൽ അത് സ്വരവ്യഞ്ജനസന്ധി

താമര + കുളം = താമരക്കുളം (അ+ ക്)
നീല + താമര = നീലത്താമര (അ+ ത്)

സന്ധിയിലേർപ്പെടുന്ന പൂർവവർണ്ണം വ്യഞ്ജനവും ഉത്തരവർണ്ണം സ്വരവുമാണെങ്കിൽ അത് വ്യഞ്ജനസ്വരസന്ധി.

കണ്ണ് + ഇല്ല = കണ്ണില്ല (ണ്+ഇ)
മരം + എ = മരത്തെ (അനുസ്വാരം+എ)

സന്ധിയിൽ ഏർപ്പെടുന്നത് രണ്ടും വ്യഞ്ജനമാണെങ്കിൽ അത് വ്യഞ്ജനസന്ധി.

കൺ + തു = കണ്ടു (ൺ +ത്)
കേള് + തു = കേട്ടു (ള് + ത്)
വെള് + ചാമരം = വെഞ്ചാമരം (ള്+ച്)

ജോർജ് മാത്തന്റെ മലയാഴ്മയുടെ വ്യാകരണത്തിലെയും ലീലാതിലകത്തിലെയും ഗുണ്ടർട്ടിന്റെ മലയാള ഭാഷാവ്യാകരണത്തിലെയും ശേഷഗിരിപ്രഭുവിന്റെ വ്യാകരണമിത്രത്തിലെയും സന്ധിചർച്ച ഈ വർഗീകരണമനുസരിച്ചാണ് എന്നു കാണാം. വ്യാകരണമിത്രത്തിൽ സ്വരസന്ധി, വ്യഞ്ജനസന്ധി എന്നിങ്ങനെ സന്ധിയെ വർഗീകരിച്ചതിനു മീതെ ആ സന്ധികളിലെ വർണ്ണവികാരങ്ങൾ ഏതെല്ലാമാണ്, എങ്ങനെയെല്ലാമാണ് എന്നും വിവരിക്കുന്നുണ്ട്. സംസ്കൃതവ്യാകരണം സ്വരവ്യഞ്ജനഭേദമനുസരിച്ചുള്ള വിഭജനമാണ് സ്വീകരിച്ചിട്ടുള്ളത്. ലീലാതിലകത്തിലും ഇതേരീതി തന്നെയാണ് പിന്തുടരുന്നത്. എന്നാൽ വ്യഞ്ജനസ്വരസന്ധി അവിടെ സ്വീകരിച്ചിട്ടില്ല.

- സന്ധിചർച്ച വ്യാകരണകൃതികളിൽ

**III. സന്ധിക്കുന്ന വർണ്ണങ്ങളുടെ വികാരഭേദമനുസരിച്ച് സന്ധിയെ നാലായി തിരിക്കാം ലോപസന്ധി, ആഗമസന്ധി, ദ്വിത്വസന്ധി, ആദേശസന്ധി**

സന്ധിയിൽ ഏർപ്പെടുന്ന വർണ്ണങ്ങൾക്ക് സംഭവിക്കുന്ന പരിണാമത്തിന്റെ അടിസ്ഥാനത്തിലാണ് ലോപസന്ധി, ആഗമസന്ധി, ദ്വിത്വസന്ധി, ആദേശസന്ധി എന്നിങ്ങനെയുള്ള വിഭജനം.

സന്ധിയിൽ ഏർപ്പെടുന്ന വർണ്ണങ്ങളിൽ ഒന്ന് ലോപിച്ചുപോകുന്നതാണ് ലോപസന്ധിയുടെ സ്വഭാവം.

| | | | | |
|---|---|---|---|---|
| തണുപ്പ് | + | ഇല്ല | = | തണുപ്പില്ല |
| കണ്ടു | + | എന്ന് | = | കണ്ടെന്ന് |
| അല്ല | + | എന്ന് | = | അല്ലെന്ന് |

ഈ പദങ്ങളിലെല്ലാം സന്ധിയിൽ ഏർപ്പെട്ട പൂർവവർണ്ണം (യഥാക്രമം ഉ, ൽ, അ) ലോപിച്ചിട്ടാണ് സന്ധി ചേർന്നിരിക്കുന്നത് എന്ന് കാണാം.

സന്ധിയിൽ ഏർപ്പെടുന്ന വർണ്ണങ്ങൾക്കിടയിൽ പുതിയൊരു വർണ്ണം വന്നുചേരുന്നതാണ് ആഗമസന്ധിയുടെ സ്വഭാവം.

| | | | | |
|---|---|---|---|---|
| തിരു | + | ആതിര | = | തിരുവാതിര |
| കര | + | ഉള്ള | = | കരയുള്ള |

സന്ധിയിൽ ഏർപ്പെടുന്ന വർണ്ണങ്ങളിൽ ഒന്ന് ഇരട്ടിക്കുന്നതാണ് ദ്വിത്വസന്ധി

| | | | | |
|---|---|---|---|---|
| താമര | + | കുളം | = | താമരക്കുളം |
| നിന്നെ | + | കുറിച്ച് | = | നിന്നെക്കുറിച്ച് |

സന്ധിയിൽ ഏർപ്പെടുന്ന വർണ്ണങ്ങളിൽ ഒന്ന് ലോപിക്കുകയും തത്സ്ഥാനത്ത് മറ്റൊരു വർണ്ണം ആഗമിക്കുകയും ചെയ്യുന്നതാണ് ആദേശസന്ധി.

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| കേള് | + | തു | > | കേട് | + | തു | > | കേട് | + | ടു | = | കേട്ടു | | |
| കൺ | + | തു | > | കൺ | + | ടു | = | കണ്ടു | | | | | | |
| മരം | + | കൾ | > | മരങ്ങ് | + | കൾ | > | മരങ് | + | ങൾ | = | മരങ്ങൾ | | |

ഈ പദങ്ങളിലെല്ലാം ഒരു വർണ്ണം മാറി അടുത്തഘട്ടത്തിൽ മറ്റൊരു വർണ്ണം വരുന്നത് കാണാം. ഒന്നുപോയി മറ്റൊന്നു വരുന്നതാണ് ആദേശം. വ്യഞ്ജനസന്ധിയിലാണ് ഇത്തരം മാറ്റങ്ങൾ അധികമായി കാണുന്നത്. സവർണ്ണനവും ഇതിന്റെ ഭാഗമാണ്. ഉച്ചാരണപരമായ ലാഘവം ആണ് ഈ വികാരങ്ങളുടെ അടിസ്ഥാനം എന്നു മനസ്സിലാക്കാം.

- ▶ ഉച്ചാരണ ലാഘവം സന്ധിയുടെ അടിസ്ഥാനം

കേരളപാണിനീയം (എ. ആർ. രാജരാജവർമ്മ), കേരളഭാഷാവ്യാകരണം (ഇ. വി. എൻ), മലയാള വ്യാകരണം (ഗോപിക്കുട്ടൻ), കൈരളീശബ്ദാനുശാസനം (കെ. സുകുമാരപിള്ള) തുടങ്ങിയ കൃതികളിൽ വർണ്ണവികാരത്തെ മുൻനിറുത്തിയുള്ള സന്ധിവർഗീകരണവും ചർച്ചയുമാണ് കാണുന്നത്.

**IV. സന്ധിക്കുന്ന വർണ്ണങ്ങളുടെ ദാർഢ്യം അനുസരിച്ച് സന്ധിയെ നാലായി തിരിച്ചിരിക്കുന്നു. സുദൃഢസന്ധി, ദൃഢസന്ധി, ശിഥിലസന്ധി, ഐച്ഛികസന്ധി.**

സന്ധിയുടെ ദാർഢ്യം (മുറുക്കം) അനുസരിച്ച് സി. വി. വാസുദേവഭട്ടതിരി സുദൃഢസന്ധി, ദൃഢസന്ധി, ശിഥിലസന്ധി, ഐച്ഛികസന്ധി

> ▶ സന്ധി ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ വരുന്നത് സുദൃഢസന്ധി

എന്ന് നാലായി തിരിക്കുന്നുണ്ട്.

**സുദൃഢസന്ധി :** പ്രത്യയം പ്രകൃതിയോടോ മറ്റു പ്രത്യയത്തോടോ ഇടനിലയോടോ ഗതിയോടോ ചേരുമ്പോഴുള്ള സന്ധിയാണ് സുദൃഢസന്ധി. ഈ സാഹചര്യങ്ങളിൽ ഒരിക്കലും സന്ധി ഒഴിവാക്കാൻ സാധിക്കില്ല എന്നതിനാലാണ് സുദൃഢസന്ധി എന്ന പേരു തന്നെ നൽകിയിരിക്കുന്നത്.

ഉദാ: കണ്ടു (കൺ + തു)

മിടുക്കിയുടെ (മിടുക്ക് + ഇ + ഉടെ)

ബാലകന്മാരുടെ (ബാലകൻ+മാർ+ഉടെ) ഇവിടെയൊന്നും സന്ധി ഒഴിവാക്കിയുള്ള പ്രയോഗം സാധ്യമല്ലല്ലോ.

**ദൃഢസന്ധി :** സമസ്തപദങ്ങളിൽ ഘടകപദങ്ങൾ പരസ്പരം കൂടിച്ചേർന്നിരുന്നേ തീരൂ. അവ പരസ്പരം ചേരാതെയിരുന്നാൽ അർഥം മാറിപ്പോകുകയും ചെയ്യും.

**സ്ത്രീജീവിതത്തെ** വായിക്കുന്നു

**സ്ത്രീ ജീവിതത്തെ** വായിക്കുന്നു

> ▶ സമാസത്തിലെ സന്ധി ദൃഢസന്ധിയാണ്

ഈ വാക്യങ്ങൾ പരിശോധിച്ചാൽ, പദങ്ങൾ പരസ്പരം ചേർന്നിരുന്നാലും അകന്നിരുന്നാലും എന്തുമാറ്റമാണ് ഉണ്ടാകുന്നത് എന്ന കാര്യം വ്യക്തമാകും. അതിനാലാണ് സമാസത്തിലെ സന്ധി ദൃഢസന്ധിയാണ് എന്നുപറയുന്നത്. ഭാഷയുടെ പൂർവദശയിൽ ഈ സന്ധിയിലും ദൃഢസന്ധിയിലേതുപോലുള്ള വികാരങ്ങൾ ഉണ്ടായിരുന്നു. എന്നാൽ, പിന്നീട് അതിന്റെ ദാർഢ്യം കുറച്ച് കുറഞ്ഞുവെന്നു കാണാം.

> ▶ സമാസത്തിലെ സന്ധി

പൊൻ + താമര ഇന്ന് പൊൻതാമരയാണെങ്കിൽ പണ്ട് അത് പൊറ്റാമരയായിരുന്നു. 'ലണയോ; കചപേഷു റഃ', 'തേ്ഗ്സ്യ ച' എന്നീ ലീലാതിലകസൂത്രങ്ങൾ (62, 63) ഈ വർണ്ണപരിണാമത്തെ സാക്ഷ്യപ്പെടുത്തുന്നതാണ്. ഭാഷയുടെ മാറ്റം ലാളിത്യത്തിലേക്കാണ്. അതിന്റെ തെളിവായി ഇത്തരം പരിണാമങ്ങളെ കണക്കാക്കാവുന്നതാണ്. ലാളിത്യത്തിലേക്കുള്ള ഈ ഗതി പക്ഷേ, സുദൃഢസന്ധിയിൽ കാണുന്നില്ല എന്നതാണ് ഇവ തമ്മിലുള്ള വ്യത്യാസം.

> ▶ ദ്യോതകശബ്ദങ്ങളും വാചകശബ്ദങ്ങളും തമ്മിലുള്ള സന്ധിയാണ് ശിഥിലസന്ധി

**ശിഥിലസന്ധി:** ദ്യോതകശബ്ദങ്ങളും വാചകശബ്ദങ്ങളും തമ്മിലുള്ള സന്ധിയാണ് ശിഥിലസന്ധി. ദ്യോതകങ്ങൾ (വാച്യമായ അർഥമില്ലാത്ത, അർഥത്തെ ദ്യോതിപ്പിക്കുക മാത്രം ചെയ്യുന്ന ശബ്ദങ്ങൾ) പ്രായേണ വാചകശബ്ദങ്ങളുമായി ചേർന്നാണ് വരാറ്. അവ നിപാതവും അവ്യയവും ഒരേ വാചകപദത്തോട് ചേരുമ്പോൾ ഒന്ന് വിഘടിച്ചു നിൽക്കും.

പല്ലും നഖവും കൊണ്ട്

പല്ലുകൊണ്ട്, നഖംകൊണ്ട് - ഇവിടെ 'കൊണ്ട്' വാചകത്തോട് ചേർന്നാണ് നിൽക്കുന്നത്.

എന്നാൽ, 'ഉം' എന്ന സമുച്ചയനിപാതം ഇടയിൽ വന്നപ്പോൾ കൊ

▶ വിഘടിച്ചു വരുന്നത്

▶ വക്താവിന്റെ ഇച്ഛക്കനുസരിച്ചുള്ള സന്ധി

▶ സന്ധിയിലെ മാറ്റങ്ങൾ എല്ലാം ഉച്ചാരണപരമാണ്

▶ സന്ധിയിലെ വർണ്ണവികാരങ്ങൾ വ്യാകരണപരമാണ്

ണ്ട് എന്ന ഗതി ഒറ്റയ്ക്കു നിൽക്കുന്നു. ഒന്നിച്ചു ചേരേണ്ടവയും ചിലപ്പോൾ വിഘടിച്ചു നിൽക്കാമെന്നതുകൊണ്ടാണ് ഈ സന്ധിയെ ശിഥിലസന്ധി എന്നു വിളിക്കുന്നത്.

**ഐച്ഛികസന്ധി :** വക്താവിന്റെ ഇച്ഛക്കനുസരിച്ച് സന്ധി ചെയ്തോ ചെയ്യാതെയോ പദങ്ങളെ ചില ഇടങ്ങളിൽ ഉപയോഗിക്കാം. അത്തരം സന്ധിയാണ് ഐച്ഛികസന്ധി.

എന്റെ അച്ഛൻ - എന്റച്ഛൻ

വന്നു എന്ന് - വന്നുവെന്ന്/വന്നെന്ന്

ചില പദങ്ങൾക്ക് വാക്യത്തിൽ സവിശേഷമായ ഊന്നൽ നൽകണം എന്നുണ്ടെങ്കിൽ അത്തരം പദങ്ങളെ സന്ധി ചെയ്യാതെയാണ് ഉപയോഗിക്കാറ്.

അയാൾ വന്നെന്ന് പറഞ്ഞു

അയാൾ വന്നു എന്നു പറഞ്ഞു. ഈ വാക്യങ്ങൾ തമ്മിലുള്ള വ്യത്യാസം പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും.

ദൃഢസന്ധി, ശിഥിലസന്ധി എന്ന വിഭജനം കേരള ഭാഷാവ്യാകരണത്തിൽ ഇ.വി.എൻ നമ്പൂതിരിയും നടത്തുന്നുണ്ട് (2005:40-1) അദ്ദേഹം സന്ധിയെ പ്രകടം, ലീനം എന്നും തരംതിരിക്കുന്നുണ്ട് (2005:41).

## 4.1.5 സന്ധിയിലെ വർണ്ണവികാരങ്ങൾ

സന്ധിയിൽ സംഭവിക്കുന്ന വർണ്ണവികാരങ്ങൾ (വർണ്ണങ്ങൾക്കു സംഭവിക്കുന്ന മാറ്റങ്ങൾ) എല്ലാം ഉച്ചാരണപരമാണ് എന്നാണ് എ. ആർ. രാജരാജവർമ്മയുടെ പക്ഷം. “സന്ധിയിൽ ഉണ്ടായിത്തീരുന്ന സകല വർണ്ണവികാരങ്ങൾക്കും ഉച്ചാരണസൗകര്യമാണ് അടിസ്ഥാനമെന്നുള്ളത് ആ വക വികാരങ്ങളുടെ സ്വരൂപം നോക്കിയാൽ എളുപ്പത്തിൽ അറിയാം'' എന്നാണ് എ. ആറിന്റെ വിവരണം (കേരളപാണിനീയം, 2001:89). ഉച്ചാരണപരമായ അസൗകര്യത്തെ പരിഹരിക്കലാണ് സന്ധിയുടെ ലക്ഷ്യം എ ങ്കിലും വ്യാകരണപരമായ ചില ധർമ്മങ്ങളും സന്ധിയിലെ വർണ്ണവികാരത്തിലൂടെ നിറവേറ്റുന്നുണ്ടെന്ന് കാണാവുന്നതാണ്.

ചെമ്പ് + ഏട് = ചെപ്പേട് എന്നിടത്ത് ചെമ്പ് > ചെപ്പ് എന്നാകുന്നതിലൂടെ വിശേഷ്യമായിരുന്ന പദം വിശേഷണമായി മാറുകയാണ് ചെയ്തത് (ഈ വർണ്ണപരിണാമത്തെ ഖരാദേശം എന്നാണ് വിളിക്കുന്നത്). താമരക്കുളം, കുളത്താമര എന്നീ പദങ്ങളിലെ ഘടകപദങ്ങളായ കുളം, താമര എന്നിവ ഒറ്റയ്ക്കു നിൽക്കുമ്പോൾ വിശേഷ്യസ്ഥാനത്താണ് വരുന്നത്. എന്നാൽ, സമസ്തപദത്തിൽ അവ വിശേഷണമായി മാറിയിരിക്കുന്നു. അവ വിശേഷണമായി മാറ്റി എന്നു കാണിക്കുന്നതിനായാണ് ഉത്തരപദത്തിന്റെ ആദിയിലെ ദൃഢവർണ്ണം ഇരട്ടിച്ചത് എന്നു പറയാം. താലികെട്ട് - താലിക്കെട്ട്, വേലികെട്ട് - വേലിക്കെട്ട് എന്നിങ്ങനെ ഇരട്ടിപ്പോടെയും അതില്ലാതെയും ഒരേ ഘടകപദങ്ങൾ ചേർന്ന് സമസ്തപദങ്ങൾ ഉണ്ടാകുന്നതു കാണിക്കുന്നത് (അവയിലെ അർഥവ്യത്യാസം ശ്രദ്ധിക്കുക) സന്ധിയിലെ വർണ്ണവികാരങ്ങൾ എല്ലാം ഉച്ചാരണപരമല്ല എന്നും പലതും വ്യാകരണപരമാണ് എന്നുമാണ്.

### വിസന്ധി

മലയാള ഭാഷാചർച്ചയിൽ വ്യത്യസ്തമായ അർഥങ്ങളിൽ ഉപയോഗിച്ച പദങ്ങളിൽ ഒന്നാണ് വിസന്ധി. ഒരു പദത്തിന്റെ ഭാഗമായി രണ്ടു സ്വരങ്ങളെ അടുത്തടുത്ത് ഉച്ചരിക്കുക പ്രയാസമാണ്. ഈ പ്രയാസത്തെ കുറിക്കാൻ വിസന്ധി (Hiatus) എന്ന വാക്കാണ് ഉപയോഗിക്കുന്നത്. 'ആ ഇ' എന്ന ഉച്ചാരണം പ്രയാസമായാൽ അവയ്ക്കിടയിൽ 'യ'കാരം ചേർത്ത് 'ആയി' എന്നാക്കുമ്പോൾ ഉച്ചാരണലാഘവം കൈവരുന്നു. അങ്ങനെ സ്വരസംയോഗത്തിലുണ്ടാകുന്ന വിസന്ധിയെ പരിഹരിക്കുന്നത് 'യ/വ' എന്നീ വ്യഞ്ജനങ്ങളിലൊന്ന് (മധ്യമം) സ്വരങ്ങൾക്കിടയിൽ സന്നിവേശിപ്പിച്ചിട്ടാണ്.

എ. ആർ. രാജരാജവർമ്മ ഭാഷഭൂഷണത്തിൽ വിസന്ധിയെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്. വിരൂപമായ സന്ധിയുള്ളത് 'വിസന്ധി' എന്നാണ് എ.ആറിന്റെ വിവരണം. ഇത് ഒരു തരം വൈരൂപ്യമാണെന്നും അതു നാലുതരത്തിൽ വരാമെന്നും അദ്ദേഹം പറയുന്നു. 1. സന്ധികാര്യം ചെയ്യാതിരിക്കുക, 2. കർണ്ണകഠോരമായ പദപ്രയോഗം, 3. സന്ധിച്ചേർച്ചയിൽ അശ്ലീലാർഥപ്രതീതി, 4. സംസ്കൃതസന്ധി കാര്യം അടുത്തു നിൽക്കുന്ന മലയാളപദത്തെ ബാധിക്ക ഇവയെല്ലാമാണ് വിസന്ധിയെന്നാണ് എ. ആറിന്റെ പക്ഷം (കാവ്യഭാഷയിലെ പ്രയോഗങ്ങളാണ് എ.ആർ. കൂടുതലും ഉദാഹരിക്കുന്നത്). ശബ്ദാർഥങ്ങൾക്കുണ്ടാകുന്ന വാക്യദോഷത്തിന്റെ ഭാഗമായാണ് വിസന്ധിയെക്കുറിച്ച് എ. ആർ. വിവരിക്കുന്നത്.

- ▶ കേരളപാണിനിയുടെ വിസന്ധി വിഭജനം

### സന്ധി എവിടെയെല്ലാം

സന്ധി എവിടെയെല്ലാം വേണം, എവിടെയൊന്നും ചെയ്യരുത് എന്നതിനെക്കുറിച്ച് മലയാള വ്യാകരണകൃതികളിൽ നിഷ്കൃഷ്ടമായ ചർച്ചകൾ സാമാന്യേന കാണുന്നില്ല. "പദത്തിലും സമാസത്തിലും സന്ധി ചെയ്തേ കഴിയൂ. വാക്യത്തിൽ വിവക്ഷപോലെ ആകുന്നു എന്ന സംസ്കൃതനിയമത്തെ ഭാഷയിലും ആദരിക്കുന്നത് ഉത്തമം'' എന്ന് ശേഷഗിരിപ്രഭു വ്യാകരണമിത്രത്തിൽ പറയുന്നു

- ▶ എവിടെയൊക്കെയാണ് സന്ധി ചെയ്യേണ്ടത് എന്ന ചർച്ച

"അപ്രധാന സ്ഥാനങ്ങളിൽ സംഹിതയും സന്ധിയും ചെയ്തും പ്രധാന സ്ഥാനങ്ങളിൽ വേർതിരിച്ചുമാണ് മലയാളികൾ സംസാരിക്കാറ്. എഴുതേണ്ടത് മറിച്ചല്ല താനും'' എന്നാണ് മലയാളശൈലിയിൽ കുട്ടിക്കൃഷ്ണമാരാർ പറയുന്നത്. രണ്ടോ, കവിഞ്ഞത് മൂന്നോ പദങ്ങളിലധികം സന്ധിക്കുന്നത് നന്നല്ല എന്നും കുട്ടിക്കൃഷ്ണമാരാർ പറയുന്നുണ്ട്. സന്ധി എവിടെ വേണം എന്നതിനെക്കുറിച്ചുള്ള ആനുഷംഗികചർച്ചകൾ പല കൃതികളിലും കാണുന്നു. സി. വി. വാസുദേവ ഭട്ടതിരിയുടെ അഭിനവ മലയാളവ്യാകരണത്തിലെ ചർച്ച ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ടതാണ്. അവശ്യം സന്ധി ചെയ്യേണ്ട സ്ഥലങ്ങൾ, സന്ധി അഭിലഷണീയമായ സ്ഥലങ്ങൾ, സന്ധി ചേർക്കരുതാത്ത സ്ഥലങ്ങൾ എന്നിങ്ങനെയുള്ള ഉപശീർഷകത്തിനു കീഴെ ഇക്കാര്യങ്ങൾ വാസുദേവ ഭട്ടതിരി ചർച്ച ചെയ്യുന്നു.

- ▶ സി. വി വാസുദേവ ഭട്ടതിരിയുടെ ചർച്ചകൾ

### സന്ധി അവശ്യം ചെയ്യേണ്ട സ്ഥലങ്ങൾ

- ▶ പ്രകൃതിയും പ്രത്യയവും തമ്മിൽ എല്ലായ്പ്പോഴും സന്ധി ചെയ്യണം (ഉദാ: നിന്റെ, അവൻ, അവൾ, എനിക്ക്)

- ഒരേ പ്രകൃതിയോട് ഒന്നിലധികം പ്രത്യയങ്ങൾ ചേരുന്നുണ്ടെങ്കിൽ അവയും സന്ധിചേർത്ത് എഴുതണം (ഉദാ: വരുന്നവരിൽ, കുട്ടികൾക്ക്)
- സമസ്തപദത്തിലെ ഘടകപദങ്ങൾ സന്ധിചേർത്ത് ഉപയോഗിക്കണം (ഉദാ - മരപ്പലക, കരിങ്കുരങ്ങ്, പൂങ്കുല)
- ഗതികൾ സന്ധിചെയ്ത് ഇടയിടാതെ എഴുതണം. ഇല്ലെങ്കിൽ കൃത്യമായ അർഥം ലഭിക്കില്ല (ഉദാ - അവളത്തന്നെ കണ്ടു-അവളെ തന്നെ കണ്ടു, വീട്ടിൽനിന്ന് വന്നു-വീട്ടിൽ നിന്ന് വന്നു)
- പദ്യത്തിൽ ചില്ലിലും സംവൃതത്തിലും അവസാനിക്കുന്ന പദങ്ങൾ പിന്നാലെ വരുന്ന സ്വരത്തിൽ ആരംഭിക്കുന്ന പദങ്ങളോട് സന്ധിക്കണം.

- സി. വി. വാസുദേവ ഭട്ടതിരി - സന്ധിചെയ്യേണ്ട സ്ഥലങ്ങൾ

ഇതെല്ലാമാണ് സന്ധി അവശ്യം ചെയ്യേണ്ട സ്ഥലങ്ങളായി വാസുദേവ ഭട്ടതിരി പറയുന്നത്.

### സന്ധി അഭിലഷണീയമായ സ്ഥലങ്ങൾ

- വാക്യമധ്യത്തിൽ വരുന്ന ഘടകങ്ങൾ ഊന്നലില്ലാത്തപ്പോൾ മുൻപദത്തോട് ചേർക്കുക (ഉദാ - വന്നെങ്കിലും, പോയെങ്കിൽ...).
- അല്പാക്ഷരവും സ്വരാന്തവുമായ വിശേഷണങ്ങൾ സ്വരാദിയായ വിശേഷ്യങ്ങളോടു ചേർക്കുക (ഉദാ - എന്റെ അച്ഛൻ - എന്റച്ഛൻ, വന്ന ആൾ - വന്നയാൾ).
- അല്ല, ഇല്ല, ആണ്, ഉള്ള മുതലായ അല്പാക്ഷരപദങ്ങൾ മുൻപദങ്ങളോട് ചേർത്ത് ഉപയോഗിക്കുക (ഉദാ - ഞാനല്ല, ഞാനില്ല, ഞാനാണ്, ഞാനുള്ള...).

- സന്ധിയുടെ അഭിലഷണീയത

തുടങ്ങിയ ഇടങ്ങളിൽ സന്ധി അഭിലഷണീയമാണ് എന്നാണ് വാസുദേവ ഭട്ടതിരി പറയുന്നത് (1984: 71-2). ദ്യോതകങ്ങൾ ചേർന്ന പദങ്ങൾ പിന്നാലെ വരുന്ന പദങ്ങളുമായി സന്ധി ഉചിതമല്ല എന്ന് എ. ആർ. രാജരാജവർമ്മയും (2005:95-6) വാസുദേവ ഭട്ടതിരിയും പറയുന്നു (1984:72).

## 4.2.1 സന്ധി വിഭാഗങ്ങൾ

വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോഴുണ്ടാകുന്ന മാറ്റത്തിനാണ് 'സന്ധി' എന്നു പറയുന്നത്. ചേർച്ച എന്നാണ് സന്ധിയുടെ അർഥം. പ്രകൃതിപ്രത്യയങ്ങൾ തമ്മിൽ ചേരുമ്പോഴും പദങ്ങൾ ചേർന്ന് സമാസമുണ്ടാക്കുമ്പോഴും വാക്യത്തിൽ അന്വയബന്ധം നിമിത്തം പദങ്ങൾ അടുത്തടുത്ത് ഉച്ചരിക്കുമ്പോഴും വർണ്ണസാമീപ്യം ഉണ്ടാകും. ഇങ്ങനെ രണ്ടു വർണ്ണങ്ങൾ അടുത്തടുത്ത് തമ്മിൽ ചേരുമ്പോഴുണ്ടാകുന്ന വികാരത്തെയാണ് വ്യാകരണത്തിൽ സന്ധി എന്ന് പറയുന്നത്. ചില വർണ്ണങ്ങൾ അടുത്തടുത്ത് വരുമ്പോൾ ഉച്ചരിക്കാൻ പ്രയാസമുണ്ടാകുന്നു. ഈ പ്രയാസം ഇല്ലാതാക്കുകയാണ് സന്ധിയുടെ ലക്ഷ്യം. ഉച്ചാരണലാഘവം, ശ്രവണസുഖം ഇവയാണ് സന്ധിയുടെ മുഖ്യപ്രയോജനങ്ങൾ. എല്ലാ ഭാഷകളിലും വർണ്ണങ്ങൾ തമ്മിലുള്ള ചേർച്ചയും അതുമൂലമുള്ള മാറ്റങ്ങളുമുണ്ട്. സംസ്കൃതത്തിലെ വർണ്ണങ്ങളും പദങ്ങളും മലയാളം സ്വീകരിച്ചിട്ടുള്ളതുകൊണ്ട് അവയുടെ പ്രയോഗത്തിൽ സംസ്കൃതസന്ധി വ്യവസ്ഥ മലയാളത്തിനും ബാധകമാണ്. എന്നാൽ

- രണ്ടു വർണ്ണങ്ങൾ അടുത്തടുത്ത് തമ്മിൽ ചേരുമ്പോഴുണ്ടാകുന്ന മാറ്റമാണ് സന്ധി

മലയാളത്തിന്റെ വർണ്ണവ്യവസ്ഥ, ഉച്ചാരണരീതി, സമാനമായ ഘടന എന്നിവ വ്യത്യസ്തമായതിനാൽ മലയാളത്തിന് അതിന്റേതായ സന്ധിവ്യവസ്ഥ ഉണ്ട്. സന്ധിയിലൂടെ വർണ്ണങ്ങൾക്ക് ഉണ്ടാകുന്ന ഈ മാറ്റങ്ങൾക്ക് ഭാഷാസ്വരൂപത്തിലും ഭാഷാപ്രയോഗത്തിലും സവിശേഷമായ സ്ഥാനമുണ്ട്.

സന്ധിക്കുന്ന വർണ്ണങ്ങൾക്കുണ്ടാകുന്ന വികാരത്തെ അടിസ്ഥാനമാക്കി സന്ധിയെ നാലായി തിരിക്കാം.

## 1. ലോപസന്ധി

- ▶ സന്ധിക്കുന്ന വർണ്ണങ്ങളിൽ ഒന്നില്ലാതാകുന്നു

രണ്ടു സ്വരങ്ങൾ അടുത്തടുത്ത് വരുമ്പോൾ അവയുടെ ഉച്ചാരണം കൂട്ടിച്ചേർത്ത് ഒറ്റസ്വരമാക്കുന്ന സംസ്കൃത സമ്പ്രദായം മലയാളത്തിൽ ഇല്ല. ഒന്നിലധികം സ്വരങ്ങൾ അടുത്തടുത്ത് വെവ്വേറെ ഉച്ചരിക്കുന്ന രീതിയും ഇല്ല. അതിനാൽ ഒരു സ്വരത്തിനു പിന്നാലെ മറ്റൊരു സ്വരം വന്നാൽ അതു ലോപിക്കും, അതാണ് ലോപസന്ധി. ഇങ്ങനെ വ്യത്യസ്തമായ രീതിയിൽ ലോപം സംഭവിക്കാം.

### 1. സംവൃതോകാര ലോപം

വ്യഞ്ജനം സ്വയം ഉച്ചാരണക്ഷമമല്ല. വ്യഞ്ജനം ഉച്ചരിച്ചു നിറുത്തുവാൻ സ്വരത്തിന്റെ സഹായം ആവശ്യമാണ്. അങ്ങനെ വ്യഞ്ജനത്തെ ഉച്ചരിച്ചു നിർത്തുന്നതിന്, വ്യഞ്ജനത്തോട് സ്വരങ്ങളിൽ ഏറ്റവും ദുർബലമായ സംവൃതോകാരം ചേർക്കുന്നു. സംവൃതോകാരമെന്നു പറയുന്നത് 'കാറ്റ്', 'തണുപ്പ്' തുടങ്ങിയ പദങ്ങളുടെ അന്ത്യത്തിൽ കാണുന്നതും ചന്ദ്രക്കല കൊണ്ട് അടയാളപ്പെടുത്തിപ്പോരുന്നതുമായ 'ഉ' ആണ്. പ്രായേണ ദുർബലമായ ഈ സംവൃതോകാരത്തിനു പരമായി പ്രബലമായ മറ്റേതെങ്കിലും സ്വരം വരുമ്പോൾ ദുർബലമായ സംവൃതോകാരം പ്രബലമായ സ്വരത്തിന് വഴിമാറിക്കൊടുക്കുന്നു. മലയാളത്തിൽ സംവൃതോകാരത്തെ മറ്റു സ്വരങ്ങളെപ്പോലെ ഗണിക്കാറില്ല. അത് ഒരു സ്വരലാഞ്ഛന മാത്രമാണ്. അതിനാലാണ് സംവൃതോകാരത്തെ സന്ധിയിൽ സ്വരമായിട്ടു വകവയ്ക്കേണ്ടതില്ലെന്നു കേരളപാണിനി പറയുന്നത്. സന്ധിയിൽ സംവൃതോകാരത്തെ സ്വരമായിട്ടു വകവയ്ക്കേണ്ടതില്ലെന്ന് എടുത്തു പറഞ്ഞിരിക്കുന്നതിനാൽ മറ്റുള്ളിടത്ത് സ്വരമായിട്ടുതന്നെ കരുതണമെന്നുകൂടി ഗ്രഹിക്കണം. വേലു, വേല് എന്നീ പദങ്ങൾക്ക് അർഥഭേദമുണ്ടാകുന്നത് പദാന്ത്യത്തിലുള്ള 'ഉ'കാരത്തിന്റെ ഉച്ചാരണഭേദം ഒന്നു കൊണ്ടു മാത്രമാണല്ലോ. ലീലാതിലകത്തിലെ 'ലോപശ്ച' എന്ന സൂത്രം (41) കൊണ്ടു വിവരിക്കുന്നത് ഇതേ സന്ധികാര്യമാണ്.

- ▶ സംവൃതോകാരത്തിനെ സ്വരമായിട്ടു വകവയ്ക്കുന്നില്ല

ഉദാ: കാറ്റ് + അടിച്ചു = കാറ്റടിച്ചു
ഒന്ന് + ആയി = ഒന്നായി

**'ഉ'കാരലോപം**

ചെയ്തു, ചെയ്യുന്നു തുടങ്ങിയ ക്രിയാരൂപങ്ങളുടെ അവസാനത്തിലുള്ള 'ഉ' കാരവും സ്വരം പരമായാൽ ലോപിക്കും. ഇവിടത്തെ 'ഉ'കാരം സംവൃതമായിട്ടല്ല വിവൃതമായിട്ടു തന്നെയാണ് ഇപ്പോൾ ഉച്ച

രിച്ചുപോരുന്നതെങ്കിലും ആദിയിൽ ഈ 'ഉ'കാരവും സംവൃതമായിരുന്നതും ബലപുഷ്ടിക്കു വേണ്ടി വിവൃതമായി ഉച്ചരിച്ചു പോന്നിരുന്നതുമാണ്. അതിനാൽ ചെയ്തു, ചെയ്യുന്നു തുടങ്ങിയ ക്രിയാരൂപങ്ങളുടെ അന്ത്യത്തിലുള്ള 'ഉ'കാരവും അടിസ്ഥാനപരമായി സംവൃതോകാരമാകയാൽ ഇവിടെയും ലോപം നിത്യം. ഈ നിയമത്തിന് അപവാദങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയുന്നതുകൊണ്ടാണ്, 'സദൃശം പോലെ' എന്നുകൂടി കേരളപാണിനി പറഞ്ഞത്. ചെയ്തു, ചെയ്യുന്നു എന്നീ ക്രിയാരൂപങ്ങൾക്ക് പരമായി വരുന്നത് ഖിലധാതുരൂപങ്ങളോ പുരുഷപ്രത്യയങ്ങളോ ആണെങ്കിൽ ലോപം നിത്യവും നിപാതങ്ങളാണെങ്കിൽ വികല്പമാണെന്നും കേരളപാണിനി പറയുന്നു.

► സദൃശം പോലെ ലോപം

| | | | | |
|---|---|---|---|---|
| ഉദാ: | കണ്ടു | + ഇല്ല | = | കണ്ടില്ല |
| | കാണുന്നു | + ഇല്ല | = | കാണുന്നില്ല |

**'അ'കാര ലോപം**

'അല്ല, ഇല്ല' എന്നീ ശബ്ദങ്ങളുടെ അന്ത്യത്തിലുള്ള 'അ' കാരവും 'ആയി പോയി' എന്നിവയുടെ അന്ത്യത്തിലുള്ള 'ഇ'കാരവും സ്വരം പരമാകുമ്പോൾ സദൃശ്യം പോലെ ലോപിക്കും.

| | | | | |
|---|---|---|---|---|
| ഉദാ: | അല്ല | + എന്ന് | = | അല്ലെന്ന് |
| | ആയി | + എന്ന് | = | ആയെന്ന് |

► ലോപം – 'അല്ല', 'ഇല്ല'കൾക്ക് – 'അ' 'ആയി, പോയി'കൾക്ക് – 'ഇ'

ക്രിയാംഗമെന്നാൽ 'അംഗക്രിയ' അഥവാ 'വിനയെച്ചം.' വിനയെച്ചങ്ങളിലൊന്നായ പ്രാർഥനാർഥത്തിലുള്ള നടുവിനയെച്ചത്തിന്റെ അന്ത്യത്തിലുള്ള അകാരവും സ്വരം പരമായാൽ ലോപിക്കും.

ഉദാ: വരിക + എടോ = വരികെടോ

മുൻപു നിയമം ചെയ്തതുപോലെ വിശേഷിച്ചു നിയമം ചെയ്യാൻ നിവൃത്തിയില്ലാതെ മറ്റു ചിലയിടങ്ങളിലും അകാരം ലുപ്തമായിക്കാണാം.

ഉദാ: പല + (ഇ)എടം = പലെടം

**2. 'ഇ'കാര ലോപം**

'ആയി, പോയി' ഭൂതകാലക്രിയാരൂപങ്ങളുടെ അന്ത്യമായ 'ഇ'കാരവും സ്വരം പരമായാൽ ലോപിക്കും.

| | | | |
|---|---|---|---|
| ആയി | + എന്ന് | = | ആയെന്ന് |
| പോയി | + എങ്കിൽ | = | പോയെങ്കിൽ |

► എല്ലാ ഭൂതകാലരൂപങ്ങളിലും ലോപമില്ല

'ഇ'കാരത്തിൽ അവസാനിക്കുന്ന എല്ലാ ഭൂതകാലരൂപങ്ങളിലും സ്വരം പരമായാൽ 'ഇ'കാര ലോപം സംഭവിക്കുന്നില്ല.
ഉദാ: ഓടി + എന്ന് = ഓടിയെന്ന്

**'എ'കാരലോപം**

► ബലത്തിനായി നീട്ടുകയോ തള്ളിക്കളയുകയോ ചെയ്യുന്നു

നിയോജക പ്രകാരമായ 'അട്ടെ', മറുവിനയെച്ചമായ 'ആതെ', സംബന്ധികാപ്രത്യയമായ 'ഉടെ' , ഗതിയായ 'ഊടെ' എന്നീ പ്രത്യയങ്ങളു

ടെ അന്ത്യത്തിലുള്ള 'എ'കാരം ബലത്തിനുവേണ്ടി അഥവാ പ്രാധാന്യം സൂചിപ്പിക്കുന്നതിനായി നീട്ടുകയോ അപ്രധാനമെങ്കിൽ 'എ' കാരത്തെ പാടെ തള്ളിക്കളയുകയോ ചെയ്യാം. സന്ധിവിഷയത്തിൽ ഇവിടെയും സ്വരം പരമാണെങ്കിൽ എന്ന പൊതുനിയമം പ്രസക്തമാണ്.

ഉദാഹരണം:

| | | | | | | |
|---|---|---|---|---|---|---|
| പോകട്ടെ | + | അവൻ | = | പോകട്ടെയവൻ | | |
| വരാതെ | + | ഇരുന്നു | = | വരാതിരുന്നു | - | വരാതെയിരുന്നു |
| അവളുടെ | + | അച്ഛൻ | = | അവളുടച്ഛൻ | - | അവളുടെയച്ഛൻ |
| വഴിയിലൂടെ | + | ഓടി | = | വഴിയിലൂടോടി | - | വഴിയിലൂടെയോടി |

## 2. ആഗമസന്ധി

സ്വരങ്ങൾക്ക് സ്വതന്ത്രമായ ഉച്ചാരണം ഉണ്ടെങ്കിലും രണ്ടു സ്വരങ്ങൾ അടുത്തടുത്ത് ഉച്ചരിക്കാൻ മലയാളികൾക്കു സാധ്യമല്ല. അത്തരം അവസരങ്ങളിൽ പൂർവസ്വരത്തെ ലോപിപ്പിക്കുന്ന സന്ധികാര്യങ്ങളാണ് ലോപസന്ധിയിൽ ചർച്ച ചെയ്തത്. ലോപം വരാത്ത സന്ദർഭങ്ങളിൽ സ്വരങ്ങളുടെ മധ്യത്തിൽ 'യ'കാരമോ 'വ'കാരമോ ചേർക്കുകയാണ് പതിവ്. രണ്ടു വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോൾ പുതിയൊരു വർണ്ണം ആഗമിക്കുന്നത് ആഗമസന്ധി. സ്വരവർണ്ണങ്ങൾ സ്വയം ഉച്ചാരണക്ഷമങ്ങളാണ്. അതുകൊണ്ടുതന്നെ സ്വരവർണ്ണങ്ങൾ അടുത്തടുത്ത് വരുമ്പോൾ ഉച്ചരിക്കാൻ പ്രയാസമുണ്ടാകും, ഇത് ഭാഷകളുടെ സഹജ സ്വഭാവമാണ്. ഇതിനെ പൂരിപ്പിക്കാൻ 'യ, വ' എന്നീ മധ്യമങ്ങൾ ചേർക്കുന്നു. ഇവക്ക് സ്വരങ്ങളുടെയും വ്യഞ്ജനങ്ങളുടെയും ധർമ്മങ്ങളാണുള്ളത്. ഇവയെ സന്ധിയിൽ ചേർക്കുന്നതിന് ചില നിയമങ്ങളുണ്ട്. അവ താഴെ നൽകുന്നു.

- ഉച്ചാരണസുഖത്തിന് വേണ്ടി 'യ' ,'വ' എന്നിവ ചേർക്കുന്നു

- 'യ', 'വ' ഇവയിൽ ഏതാണ് ചേർക്കേണ്ടത് എന്ന് തീരുമാനിക്കുന്നത് പൂർവസ്വരം നോക്കി വേണം. പൂർവസ്വരം താലവ്യമാണെങ്കിൽ താലവ്യമധ്യമമായ 'യ'കാരവും ഓഷ്ഠ്യമെങ്കിൽ ഓഷ്ഠ്യമധ്യമമായ 'വ'കാരവും ചേർക്കണം.

താലവ്യസ്വരങ്ങൾ -അ, ഇ, എ, ഐ

ഓഷ്ഠ്യസ്വരങ്ങൾ -(അ) ഉ, ഒ, ഔ

പൂർവം താലവ്യമായ 'അ' കാരകമാകയാൽ 'വ' ആഗമം.

- താലവ്യം -'യ' ആഗമം, ഓഷ്ഠ്യം - 'വ' ആഗമം

| | | | | | |
|---|---|---|---|---|---|
| ഉദാ: | പന | + | ഓല | = | പനയോല |
| | കര | + | ഉള്ള | = | കരയുള്ള |
| | തിരു | + | ഓണം | = | തിരുവോണം |
| | പൂ | + | അമ്പ് | = | പൂവമ്പ് |

- പൂർവം താലവ്യസ്വരമാണെങ്കിൽ 'യ'കാരവും ഓഷ്ഠ്യമാണെങ്കിൽ 'വ'കാരവുമാണ് ആഗമിക്കുകയെന്നതാണ് ആഗമസന്ധിയിലെ പൊതുനിയമമെങ്കിലും ക്രിയകളിൽ

ചിലേടങ്ങളിൽ 'യ'കാരത്തിനു പകരം 'ഌ'കാരവും 'വ' കാരത്തിനു പകരം 'ക' കാരവും വരും.

ഉദാ: കാട്ടി + ഏൻ = കാട്ടിയേൻ, കാട്ടിനേൻ
പോ + ഉന്നു = പോവുന്നു, പോകുന്നു

ഈ 'ഌ'കാരാഗമം ക്രിയകളിൽ മാത്രമല്ല പേരെച്ചങ്ങളിലും വരും.

ഉദാ: വിലസി + അ = വിലസിയ, വിലസിന
കരുതി + അ = കരുതിന, കരുതിയ

- ക്രിയകളിൽ 'യ' ക്കു പകരം 'ഌ'കാരം, 'വ'ക്കു പകരം 'ക' കാരം

ചിലയിടങ്ങളിൽ ശ്രുതിമാധുര്യത്തിന് വേണ്ടിയും 'ഌ'കാരം ആഗമിക്കാറുണ്ട്.

ഉദാ: കരി + പുലി = കരിൻപുലി - കരിമ്പുലി
പുളി + കുരു = പുളിൻ കുരു - പുളിങ്കുരു

രണ്ടിടത്തും 'ഌ'കാരത്തിന് ആദേശമായി വരുന്നതാണ് 'മ'കാരവും 'ങ' കാരവും.

- ചുട്ടെഴുത്ത് എന്നാൽ ചൂണ്ടിപ്പറയുന്ന എഴുത്ത് എന്നർഥം

- ചുട്ടെഴുത്തുകൾക്ക് 'വ'കാരാഗമനം

മലയാളത്തിലെ ചുട്ടെഴുത്തുകളായ അ, ഇ, എ (ചുട്ടെഴുത്ത് എന്നാൽ ചൂണ്ടിപ്പറയുന്ന എഴുത്ത് എന്നർഥം. അകലെ ഇരിക്കുന്നതിന് ചൂണ്ടി പറയുന്നത് 'അ', അടുത്തിരിക്കുന്നതിനെ ചൂണ്ടി പറയുന്നത് 'ഇ', ചോദ്യവാചി ആയത് 'എ') എന്നിവ മൂന്നു താലവ്യസ്വരങ്ങളാണ്. ആഗമസന്ധിയിലെ പൊതുനിയമമനുസരിച്ച് താലവ്യസ്വരങ്ങൾക്ക് പരമായി മറ്റൊരു സ്വരം വന്നാൽ 'യ'കാരമാണ് ആഗമിക്കേണ്ടത്. എന്നാൽ ചുട്ടെഴുത്തുകൾക്ക് പരമായിട്ടാണ് മറ്റൊരു സ്വരം വരുന്നതെങ്കിൽ അവ താലവ്യങ്ങളാണെങ്കിൽപ്പോലും 'വ'കാരമാണ് ആഗമിക്കുക.

ഉദാ: അ + അൻ = അവൻ
ഇ + അൻ = ഇവൻ
എ + അൻ = എവൻ

അറിവാൻ, അറിവേൻ എന്നിവിടങ്ങളിൽ കാണുന്ന 'വ' കാരം ആഗമസന്ധി നിയമം അനുസരിച്ച് ഉള്ളതല്ല. ഈ 'വ'കാരം ഭാവിപ്രത്യയ ചിഹ്നം ആകുന്നു.

- നിപാതങ്ങൾക്ക് 'യ'-'വ' കാരാഗമനം അഭംഗിയാണ്

നിപാതങ്ങളുടെ അവസാനത്തിൽ വരുന്ന സ്വരങ്ങൾക്ക് പരമായി സ്വരം വരുമ്പോൾ 'യ'കാരമോ 'വ'കാരമോ ആഗമിപ്പിക്കുന്നത് അഭംഗിയാണ്. ഉദാഹരണം: എന്തോ + അവൻ = 'എന്തോവവൻ' എന്നു വേണ്ട, 'എന്തോ അവൻ' എന്നുമതി. അതുപോലെ ഏതോ + ഒന്ന് = 'ഏതോയൊന്ന്' എന്നുവേണ്ട, അതാ + ഒരുവൻ = "അതായൊരുവൻ' എന്നുവേണ്ട.

- ദീർഘസ്വരത്തിൽ അവസാനിക്കുന്ന ശബ്ദങ്ങൾക്ക് ധാരാളമായി 'യ'കാരമോ 'വ'കാരമോ അന്താഗമമായി വരും.

ഉദാ: കാ - കായ്

പൂ - പൂവ്

ഹ്രസ്വങ്ങളിലും ചിലപ്പോൾ ആഗമം കാണാറുണ്ട്.

ഉദാ: ഗുരു - ഗുരുവ്
പരു - പരുവ്

താലവ്യസ്വരങ്ങൾക്ക് ശേഷം പ്രത്യാദി'ക്ക'കാരം വരുമ്പോഴും 'യ'കാരം ആഗമിക്കും.

ഉദാ: തല + ക്ക് = തലയ്ക്ക്
ചിരി+ ക്കുന്നു = ചിരിയ്ക്കുന്നു

'ക'കാരം പ്രത്യാദിയല്ല എങ്കിൽ ആഗമം ഇല്ല.

ഉദാ: തടി + കഷ്ണം = തടിക്കഷ്ണം
ചാടി + കടന്നു = ചാടിക്കടന്നു

മുൻപ് നിൽക്കുന്ന സ്വരം ഓഷ്ഠ്യമാണെങ്കിലും 'യ'കാരം ആഗമിക്കില്ല.

ഉദാ: കറു + ക്കുന്നു = കറുക്കുന്നു.
വെറു+ ക്കുന്നു = വെറുക്കുന്നു.

▶ ദീർഘസ്വരം -'യ' - 'വ' അന്താഗമനം

▶ പ്രത്യയാദി 'ക്ക'കാരത്തിന് 'യ' കാരം ആഗമം

സന്ധാവചോർ മധ്യേയ: (സന്ധിയിൽ സ്വരങ്ങളുടെ മധ്യത്തിൽ 'യ'കാരം വരും) ആദിതോഃ കേവലയോർ വ: (ആ, ഇ എന്നീ കേവലസ്വരങ്ങൾക്കു സ്വരംപരമായാൽ 'വ'കാരം ആഗമം) എന്നീ രണ്ടു സൂത്രങ്ങൾ (37,38) ആണ് ലീലാതിലകത്തിൽ ആഗമസന്ധിയിൽ വിവരിക്കുന്നത്. താലവ്യസ്വരങ്ങൾക്കു 'യ' കാരവും ഓഷ്ഠ്യസ്വരങ്ങൾക്കു 'വ'കാരവും എന്ന് കൃത്യമായി വകതിരിക്കാൻ ലീലാതിലകകാരനു കഴിഞ്ഞിട്ടില്ല. "ക്വചിദദാദിഭൂദ്ഭ്യഃ പരസ്യ പഞ്ചമഃ" (48) എന്ന ലീലാതിലകസൂത്രം സ്വരവ്യഞ്ജനസന്ധിയിൽപ്പെടുത്തിയിട്ടുള്ള ആഗമമാണ്.

## 3. ദിത്വസന്ധി

രണ്ടു വർണ്ണങ്ങൾ തമ്മിൽ സന്ധി ചെയ്യുമ്പോൾ ഏതെങ്കിലും ഒരു വർണ്ണം ഇരട്ടിക്കുന്നതാണ് ദ്വിത്വസന്ധി. ദ്വിത്വസന്ധി ഒരുതരത്തിൽ ആഗമസന്ധിയാണ്. ഇവിടെ ആഗമിക്കുന്നത് സന്ധിചെയ്യുന്ന വർണ്ണങ്ങളിൽ ഒന്നുതന്നെയാണെന്നുമാത്രം. ദ്വിത്വസന്ധി, വ്യഞ്ജനസന്ധി മാത്രമാണെന്നും പറയാം. കാരണം സ്വരങ്ങൾ കൂടിച്ചേരുമ്പോൾ ഇരട്ടിക്കുകയല്ല, ദീർഘിക്കുകയാണ് ചെയ്യുക. ഇവിടെ ഇരട്ടിക്കുന്നത് വ്യഞ്ജനങ്ങൾ മാത്രമാണ്. വ്യഞ്ജനത്തിൽത്തന്നെ ദ്വിത്വം കൂടുതലായി സംഭവിക്കുന്നത് തീഷ്ണധ്വനിയുള്ള വ്യഞ്ജനങ്ങളിലാണ്. കോമളധ്വനി വ്യഞ്ജനങ്ങളിൽ കുറയും. തീക്ഷ്ണധ്വനിയുള്ള വർണ്ണങ്ങളെ സന്ധിപ്രകരണത്തിൽ ദൃഢവർണ്ണമെന്നാണ് പറയുക. കോമളധ്വനികളെ ശിഥിലങ്ങളെന്നും. മലയാള അക്ഷരമാലയിലെ വ്യഞ്ജനങ്ങളിൽ ഖരാതിഖരമൃദുഘോഷങ്ങളും ഊഷ്മാക്കളും അടങ്ങുന്ന ഇരുപത്തിനാല് വ്യഞ്ജനങ്ങൾ ദൃഢങ്ങളാണ്.

▶ രണ്ടു വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോൾ ഏതെങ്കിലും ഒരു വർണ്ണം ഇരട്ടിക്കുന്നതാണ് ദിത്വസന്ധി

അനുനാസികങ്ങൾ, മധ്യമങ്ങൾ, ഘോഷി എന്നീ 13 വ്യഞ്ജനങ്ങൾ ശിഥിലങ്ങളും. ദിത്വസന്ധിയുടെ നിയമങ്ങൾ താഴെ പറയുന്നു.

പൂർവപദം വിശേഷണമായും ഉത്തരപദം വിശേഷ്യമായും സമാസിക്കുമ്പോൾ (തൽപുരുഷസമാസം) ഉത്തരപദത്തിലെ ആദിയിലെ ദൃഢവ്യഞ്ജനം ഇരട്ടിക്കും.

| | | | | |
|---|---|---|---|---|
| ഉദാ: താമര | + | കുളം | = | താമരക്കുളം |
| പണി | + | പുര | = | പണിപ്പുര |
| തല | + | കെട്ട് | = | തലക്കെട്ട് |

ബഹുവ്രീഹിസമാസത്തിലും (അന്യപദാർഥ പ്രധാനമായ സമാസം) കർമ്മധാരയ സമാസത്തിലും ഈ ഇരട്ടിപ്പ് വരും.

| | | | | |
|---|---|---|---|---|
| താമര | + | കണ്ണൻ | = | താമരക്കണ്ണൻ (ബഹുവ്രീഹി ) |
| പുതു | + | കലം | = | പുതുക്കലം (കർമ്മധാരയൻ) |

▶ ദ്വന്ദ്വസമാസത്തിൽ ഇരട്ടിപ്പ് വരില്ല

ദ്വന്ദ്വസമാസത്തിൽ ഈ ഇരട്ടിപ്പ് വരില്ല. കാരണം ഈ സമാസത്തിലെ പദങ്ങൾക്ക് വിശേഷണവിശേഷ്യബന്ധം ഇല്ല. തുല്യപദാർഥ പ്രധാനമായതാണ് ദ്വന്ദ്വസമാസം.

ഉദാ: ആന + കുതിരകൾ = ആനകുതിരകൾ

▶ അലുപ്തസമാസം, ധാതുപൂർവസമാസം

വിശേഷണ വിശേഷ്യങ്ങൾ പൂർവോത്തരപദങ്ങളായി സമാസിക്കുമ്പോൾ ഉത്തരപദത്തിന്റെ ആദിയിലുള്ള വർണ്ണം ദൃഢമാണെങ്കിൽ ഇരട്ടിക്കും എന്നതാണ് ദ്വിത്വസന്ധിയിലെ പൊതുനിയമം. ആ പൊതുനിയമത്തിനുള്ള അപവാദമാണ് ഇനി പറയുന്നത്. ഉത്തരപദത്തിന്റെ ആദിയിലുള്ള വർണ്ണം ദൃഢമായിരുന്നിട്ടും, വിശേഷണ വിശേഷ്യങ്ങൾ തമ്മിൽ സമാസിക്കുന്ന അലുപ്തസമാസത്തിലും ധാതുപൂർവസമാസത്തിലും ഈ പൊതുനിയമം പ്രവർത്തിക്കുകയില്ല. ലിംഗവചനപ്രത്യയങ്ങൾ ലോപിക്കാത്ത സമാസത്തിനെ 'അലുപ്തസമാസം' എന്നും കേവലമായ ധാതു പൂർവപദമായി വരുന്നതിനെ 'ധാതുപൂർവസമാസ'മെന്നും പറയും.

ഉദാ:

| | | | | |
|---|---|---|---|---|
| അണ്ടർ | + | കോൻ | = | അണ്ടർകോൻ (അലുപ്ത സമാസം) |
| എരി | + | തീ | = | എരിതീ (ധാതുപൂർവസമാസം) |

▶ സമാസമില്ലാത്ത ചിലേടത്തും ദ്വിത്വം വരാം

▶ സമാസമില്ലാത്ത ചിലേടത്തും ദ്വിത്വം വരാം. മുൻവിനയെച്ചം, തൻവിനയെച്ചം, പാക്ഷികവിനയെച്ചം, ആധാരികാഭാസം, ആൽ, ഇൽ, കൽ, എ എന്നീ വിഭക്തികൾ എന്നിവയുടെ പിൻപു വരുന്ന ദൃഢങ്ങൾ സമാസത്തിലില്ലാത്തയിടത്തും ഇരട്ടിക്കുന്നു.

ഉദാ:

| | | | | | | |
|---|---|---|---|---|---|---|
| മുൻവിനയെച്ചം - | ചാടി | + | പുറപ്പെട്ടു | = | ചാടിപ്പുറപ്പെട്ടു |
| തൻവിനയെച്ചം - | ഇരിക്കെ | + | കണ്ടു | = | ഇരിക്കെക്കണ്ടു |
| പാക്ഷികവിനയെച്ചം - | കാണുകിൽ | + | ചൊല്ലാം | = | കാണുകിൽച്ചൊല്ലാം |
| ആധാരികാഭാസം - | ജലത്തിലേ | + | പോളകൾ | = | ജലത്തിലേപ്പോളകൾ |
| ആൽ (വിഭക്തി) - | മനസ്സാൽ | + | കൊടുത്തു | = | മനസ്സാൽക്കൊടുത്തു |

| | | | | | | |
|---|---|---|---|---|---|---|
| ഇൽ (വിഭക്തി) - | അതിൽ | + | തന്നെ | = | അതിൽത്തന്നെ |
| കൽ (വിഭക്തി) - | തലയ്ക്കൽ | + | പിടിച്ചു | = | തലയ്ക്കൽ പിടിച്ചു |
| എ (വിഭക്തി) - | നിന്നെ | + | കണ്ടു | = | നിന്നെക്കണ്ടു |

- സമാസം അല്ലാത്തയിടത്തും ദൃഢവർണ്ണമാണെങ്കിലും അല്ലെങ്കിലും ഒരു പദത്തിന്റെ മധ്യത്തിൽ വരുന്ന കൂട്ടക്ഷരം ഇരട്ടിക്കാറുണ്ട്.

ഉദാ: ഭസ്മം - ഭസ്സ്മം (ഇന്നത്തെ ഭാഷയിൽ ഈ രൂപമില്ല)
ലക്ഷ്മി- ലക്ക്ഷ്മി

എഴുതുമ്പോൾ കൂട്ടക്ഷരത്തിലെ ഈ ഇരട്ടിപ്പ് ആവശ്യമില്ല. പദമധ്യത്തിലല്ലെങ്കിൽ കൂട്ടക്ഷരത്തിന് ഈ ഇരട്ടിപ്പ് വരുന്നില്ല.

ഉദാ: പറഞ്ഞ + പ്രകാരം = പറഞ്ഞപ്രകാരം

- ചുട്ടെഴുത്തിന് ശേഷം വരുന്ന ഏത് വ്യഞ്ജനവും ഇരട്ടിക്കും

- അ, ഇ, എ എന്നീ സർവനാമങ്ങളെയാണ് ചുട്ടെഴുത്തുകൾ എന്നു പറയുന്നത്. ചുട്ടെഴുത്തിന് ശേഷം വരുന്ന ഏത് വ്യഞ്ജനവും (ദൃഢവും ശിഥിലവും ) ഇരട്ടിക്കും.

ഉദാ: അ + നരകം = അന്നരകം
ഇ + കാലം = ഇക്കാലം
എ + തരം = എത്തരം

പരമായി വരുന്ന വ്യഞ്ജനം ശിഥിലമാണെങ്കിൽ ആ ശിഥിലവർണ്ണം ഇരട്ടിക്കുകയോ പകരം ചുട്ടെഴുത്ത് ദീർഘമാവുകയോ ചെയ്യാം.

ഉദാ: അ + നരകം = അന്നരകം, ആ നരകം
ഇ + വണ്ണം = ഇവ്വണ്ണം, ഈ വണ്ണം

- ഒറ്റമാത്രയോടു കൂടിയ പ്രകൃതികളുടെ അവസാനത്തിൽ വരുന്ന അനുനാസികങ്ങൾ സ്വരം പരമാകുമ്പോൾ ഇരട്ടിക്കും. കാരണം ഒറ്റമാത്രയിൽ പദം ഇല്ല.

ഉദാ: തങ് + ഇ = തങ്ങി
നമ് + എ = നമ്മെ

- പദാന്തത്തിൽ വ്യഞ്ജനം വന്നാൽ സംവൃതസ്വരം ചേർക്കണം.
ഉദാ: വയസ്സ് - വയസ്സു്
കാശ് - കാശു

പദാന്തത്തിൽ ചില്ലാണെങ്കിൽ സംവൃതം വേണമെന്ന് നിർബന്ധമില്ല.

പാൽ - പാൽ, പാല്

## 3. ആദേശസന്ധി

രണ്ടു വർണ്ണങ്ങൾ കൂടിച്ചേരുമ്പോൾ ഒന്നു പോയി പകരം മറ്റൊന്നു വന്നുചേരുന്നത് ആദേശം. ആദേശത്തെ 'സവർണ്ണനം' എന്നും പറയും. ഇത് അധികവും വ്യഞ്ജനസന്ധികളാണ്. കേരളപാണിനീയത്തിലെ ആദേശസന്ധി നിയമങ്ങൾ എല്ലാം സവർണ്ണനവുമായി ബന്ധപ്പെട്ടതാണ്. ശ്രവണസുഖത്തിനു വേണ്ടിയുള്ള വികാരമാണ് സവർണ്ണനം. അടുത്തടുത്ത് വരുന്ന വിജാതീയവർണ്ണങ്ങൾ സജാതീയമാക്കുന്ന പ്രക്രിയയാണിത്. 'സവർണ്ണനം' എന്നാൽ അടുത്തടുത്തിരിക്കുന്ന വർണ്ണങ്ങളിൽ ഒന്നിന് സ്ഥാനപ്രയത്നങ്ങളുടെ സാമ്യം കൊണ്ട് മറ്റേതിന് പൊരുത്തമുള്ള വർണ്ണം ആദേശം ചെയ്യും എന്നതാണ്. ആദേശസന്ധിയെ സംബന്ധിക്കുന്ന നിയമങ്ങൾ താഴെ ചേർക്കുന്നു.

- രണ്ടു വർണ്ണങ്ങൾ കൂടിച്ചേരുമ്പോൾ ഒന്നു പോയി പകരം മറ്റൊന്നു വന്നുചേരുന്നത് ആദേശം

- 'ത' വർഗം 'ട' വർഗത്തോടു ചേരുമ്പോൾ 'ട' വർഗമായും, ചവർഗത്തോടു ചേരുമ്പോൾ 'ച'വർഗമായും 'ത'വർഗത്തോടു ചേരുമ്പോൾ 'ഺ' വർഗമായും മാറും.

ഉദാ: വിൺ + തലം = വിണ്ടലം (തവർഗത്തിന് 'ട' വർഗമാദേശം)

വലഞ് + തു = വലഞ്ചു (തവർഗത്തിന് ചവർഗമാദേശം)

നിൻ + തു = നിന്റെ (തവർഗത്തിന്, ഺവർഗമാദേശം)

ഇതിൽ തവർഗം ചവർഗത്തോടു 'ഺ' ചേരുമ്പോഴുള്ള സവർണ്ണനം മാത്രമാണ് സാർവത്രികമായിട്ടുള്ളത്. താലവ്യാദേശം എന്നു പറയുന്ന നയവും ഇതുതന്നെയാണ്. 'ണസ്തസ്യ ട:', 'നോണ:' എന്നീ ലീലാതിലകസൂത്രങ്ങൾ ഇതുമായി സാമ്യമുള്ളവയാണ്.

- സവർണ്ണനമാണ് താലവ്യാദേശം

- 'ല'കാരത്തിനു ശേഷം 'ത'വർഗം വന്നാൽ 'ല'കാരം 'ഺ' വർഗമായി വരും, അതുപോലെ 'ള' കാരത്തിനുശേഷം 'ത'വർഗം വന്നാൽ 'ള'കാരം 'ട' വർഗമായി മാറും.

ഉദാ: വില് + തു = വിലഺു = വിഺഺു (വിറ്റു).

കേൾ + തു = കേട്തു = കേട്ടു

'വില്ഺു' എന്നത് 'വിറ്റു' എന്നും 'കേട്തു' എന്നത് 'കേട്ടു' എന്നുമായി മാറുന്നു. ഇവിടെ ദന്ത്യമായ 'ല'കാരത്തിന് വർത്സ്യമായ 'ഺ' കാരമായി സ്ഥാനത്താഴ്ച സംഭവിക്കുന്നു.

'ല'കാരം ദന്ത്യവും, 'ള'കാരം വർത്സ്യവുമാണ്. ദന്ത്യമായ 'ല'കാരം 'ത 'വർഗം പരമാവുമ്പോൾ വർത്സ്യമായ 'ഺ'കാരമായും, വർത്സ്യമായ 'ഺ'കാരം 'ത' വർഗം പരമാവുമ്പോൾ മൂർദ്ധന്യമായ 'ട' വർഗമായും മാറുന്നതായിട്ടാണ് കേരളപാണിനി വിവരിക്കുന്നത്. വർണ്ണങ്ങൾ പുറപ്പെടുന്ന സ്ഥാനമനുസരിച്ചാണ് ദന്ത്യമെന്നും വർത്സ്യമെന്നും മൂർദ്ധന്യമെന്നുമൊക്കെ തിരിക്കുന്നത്. ഉച്ചാരണസ്ഥാനം നോക്കിയാൽ ദന്ത്യ ഭാഗത്തേക്കാൾ താണത് വർത്സ്യഭാഗവും, വർത്സ്യഭാഗത്തേക്കാൾ താണത് മൂർദ്ധന്യവുമാണ്. അപ്പോൾ ദന്ത്യങ്ങൾ വർത്സ്യങ്ങളാവുന്നതും വർത്സ്യങ്ങൾ മൂർദ്ധന്യങ്ങളാവുന്നതും സ്ഥാനം താഴലാണ്.

> ▶ ദന്ത്യങ്ങൾ വർത്സ്യങ്ങളാവുന്നതും വർത്സ്യങ്ങൾ മൂർദ്ധന്യങ്ങളാവുന്നതും വിനാമക്രിയ

ഇങ്ങനെയുള്ള സ്ഥാനം താഴലിനാണ് ‘വിനാമക്രിയ’ എന്നു പറയുന്നത്. ഇവിടെ ദന്ത്യമായ ’ല’കാരം വർത്സ്യമായ ‘ഺ’കാരമായും വർത്സ്യമായ ‘ട’കാരം മൂർദ്ധന്യമായ ‘ട’കാരമായും മാറിയപ്പോൾ വിനാമക്രിയ നടന്നു. വിനാമത്തിനു നേരെ എതിരായ പ്രക്രിയയ്ക്ക്, അതായത് വർണ്ണങ്ങളുടെ സ്ഥാനം ഉയരുന്നതിന് ‘ഉന്നാമം’ എന്നും പറയാറുണ്ട്. ഉദാ: പൊൻകുടം = പൊൽകുടം. ഇവിടെ വർത്സ്യമായ ‘ഺ’കാരം ദന്ത്യമായ ‘ല’ കാരമായി സ്ഥാനമുയർന്നിരിക്കുന്നു.

- ദ്രാവിഡഭാഷകളിൽ ‘ല’കൾക്ക് ഏതു വർഗാക്ഷരം പരമായി വന്നാലും ‘വിനാമം’ സംഭവിക്കും. എങ്കിലും മലയാളത്തിൽ ഈ വർണ്ണങ്ങൾക്ക്(ല, ള) വിനാമം സംഭവിക്കണമെങ്കിൽ പരമായി ഒരു പ്രത്യയത്തിന്റെ ആദിയിലെ ’ത’കാരമോ അനുനാസികമോ പരമായി വരികതന്നെ വേണം.

ഉദാ:
വില് + തു = വിറ്റു
നെല് + മണി = നെൻമണി
ഉള് + മ = ഉണ്മ

> ▶ വർണ്ണപരമായ ഉയർച്ചയാകുന്നു ഉന്നാമം

- മുൻ, പിൻ, പൊൻ എന്നീ പദങ്ങളിലെ അന്ത്യമായ ‘ഩ’കാരം ഖരം പരമാകുമ്പോൾ ‘ല’കാരമായി മാറും. അതായത് വർത്സ്യമായ ‘ഩ’കാരം ദന്ത്യമായ ‘ല’കാരമായി ഉയരുന്നു. ഈ വർണ്ണപരമായ ഉയർച്ചയാകുന്നു ഉന്നാമം.

ഉദാ:
പിൻ + കാലം = പില്ക്കാലം
പൊൻ + കുടം = പൊൽകുടം
തിരുമുൻ + പാട് = തിരുമുൽപ്പാട്

> ▶ കേരളപാണിനി സൃഷ്ടിച്ച രണ്ട് അയഥാർഥ വ്യാകരണപ്രക്രിയകളാണ് ‘വിനാമവും ഉന്നാമവും.’

വർണ്ണങ്ങളുടെ സ്ഥാനനിർണ്ണയത്തിൽ വന്ന പിഴവുകാരണം കേരളപാണിനി സൃഷ്ടിച്ച രണ്ട് അയഥാർഥ വ്യാകരണപ്രക്രിയകളാണ് ‘വിനാമവും ഉന്നാമവും.’ ‘വിനാമം’ എന്നാൽ വർണ്ണങ്ങളുടെ സ്ഥാനപരമായ താഴ്ച്ച എന്നർഥം. വർണ്ണങ്ങളുടെ സ്ഥാനപരമായ ഉയർച്ചയാണ് ‘ഉന്നാമം.’ വില് + തു = വിറ്റു, കേള് + തു = കേട്ടു. ഇവിടെ രണ്ടിടത്തും വിനാമം സംഭവിച്ചിരിക്കുന്നു എന്ന് കേരളപാണിനി പറയുന്നു. കേരളപാണിനിക്ക് അങ്ങനെ പറയേണ്ടി വന്നത്, ‘ല’കാരം ദന്ത്യമായിട്ടും ‘ള’ കാരം വർത്സ്യമായിട്ടും സ്ഥാനനിർണ്ണയം ചെയ്തതിനാലാണ്. വാസ്തവത്തിൽ ‘ല’കാരം വർത്സ്യവും ‘ള’കാരം മൂർദ്ധന്യവുമാകുന്നു. ഈ രണ്ട് ഉദാഹരണത്തിൽ ഒന്നിൽ വർത്സ്യമായ ‘ല’കാരം വർത്സ്യമായ ‘ഺ-’കാരമായി മാറുന്നു. മറ്റേതിൽ മൂർദ്ധന്യമായ ‘ള’കാരം മൂർദ്ധന്യമായ ‘ട’കാരമായി മാറുന്നു. വിനാമത്തിനാസ്പദമായ വർഗാന്തരീകരണം ഇവിടെ രണ്ടിടത്തും സംഭവിക്കുന്നില്ല. വിനാമം എന്നൊന്നില്ല, അതുപോലെ ഉന്നാമവും ഇല്ല. മുൻ, പിൻ, പൊൻ എന്ന പദങ്ങളിലെ അന്ത്യമായ ‘ഩ’കാരം ‘ല’കാരമായി ഉയരുന്നു എന്നാണല്ലോ. ഇവിടെ അങ്ങനെയൊരു ഉയർച്ച സംഭവിക്കുന്നില്ല. വർത്സ്യമായ ’ഩ’കാരം വർത്സ്യം തന്നെയായ ‘ല’കാരമായി മാറുകയാണ് ചെയ്യുന്നത്. ഉദാഹരണം:

ഉദാ:

| | | | | |
|---|---|---|---|---|
| പിൻ | + | പാട് | = | പിൽപ്പാട് |
| തിരുമുൻ | + | കാഴ്ച്ച | = | തിരുമുൽക്കാഴ്ച്ച |

- ഒരു അനുനാസികവർണ്ണത്തിനുശേഷം വരുന്ന പ്രത്യയാദിഖരത്തിന് അനുനാസികം ആദേശമായി വരും.
  ഉദാ: പറഞ്ചു - പറഞ്ഞു
  തിന്തു - തിന്നു

പ്രത്യയം 'കൽ' എന്നാണെങ്കിൽ ഈ ആദേശം വരില്ല.

ഉദാഹരണം: രാമൻ + കൽ = രാമങ്ങൽ എന്നാകുകയില്ല. 'രാമങ്കൽ' എന്നുതന്നെ.

പ്രത്യയാദിഖരം'ട'കാരമാണെങ്കിലും ഈ ആദേശം വരില്ല.

ഉദാ: കൺ + തു = കണ്ടു - കണ്ണു എന്നാവുകയില്ല.

അനുനാസികാതിപ്രസരം പ്രത്യയാദിഖരത്തിനല്ലാതെയും വരാറുണ്ട്.

ഉദാ: പഞ്ചം - പഞ്ഞം
മാങ്ക - മാങ്ങ
തേങ്ക - തേങ്ങ

- 'മ'കാരത്തിനു വരുന്ന ആദേശങ്ങളെക്കുറിച്ചാണ് ഇനി പറയുന്നത്.

- 'മ'കാരം വരുന്ന ആദേശങ്ങൾ

'മ'കാരം തന്നെയാകുന്നു അനുസ്വാരം. അനുസ്വാരത്തിനുശേഷം സ്വരം വരുമ്പോൾ 'മ'കാരം തെളിഞ്ഞുകാണും.

ഉദാഹരണം: മരം + ഇല്ല = മരമില്ല

അനുസ്വാരത്തിനു പരമായി വർഗാക്ഷരങ്ങൾ വരുമ്പോൾ അതാത് വർഗാക്ഷരങ്ങളുടെ അനുനാസികങ്ങൾ ആദേശമായ് വരാം.

| | | | | | |
|---|---|---|---|---|---|
| ഉദാ: | പെരും | + | തച്ചൻ | = | പെരുന്തച്ചൻ |
| | വരും | + | കാലം | = | വരുങ്കാലം |
| | ചന്തം | + | ചേർന്ന | = | ചന്തഞ്ചേർന്ന |

3. അനുസ്വാരം 'ഉം' എന്ന സമുച്ചയനിപാതത്തോടു ചേരുമ്പോൾ 'വ'കാരമായി മാറും.

ഉദാഹരണം: ധനം + ഉം =ധനവും

- അനുസ്വാരം ഇരട്ടിച്ച 'ത്ത' കാരമാകുന്നു.

ഭാവിപ്രത്യയമായ 'മ'കാരവും പരമായി പ്രത്യയം ചേരുമ്പോൾ 'വ'കാരമാകും.

ഉദാ: വരും + അൻ = വരുവൻ
വരും + അൾ = വരുവൾ

4. അനുസ്വാരത്തിനു പരമായി ഒരു പ്രത്യയമായ സ്വരം വരുമ്പോൾ

അനുസ്വാരം ഇരട്ടിച്ച 'ത്ത'കാരമായി മാറും.

ഉദാഹരണം: ധനം + എ = ധനത്തെ
ധനം + ഇൽ = ധനത്തിൽ

5. പരമായി വരുന്നത് 'ഓട്' എന്ന വിഭക്തിയാണെങ്കിൽ ഇരട്ടിച്ച 'ത'കാരം(ത്ത) ആദേശമായി വരാതെയും ഇരിക്കാം.

ഉദാ: ധനം + ഓട് = ധനമോട്, ധനത്തോട്
'ത്താ' ദേശം വേറെ ചിലയിടത്തും വരുന്നതാണ്.

ഉദാ: ആയിരം + ആണ്ട് = ആയിരത്താണ്ട്
കപികുലം + അരചൻ = കപികുലത്തരചൻ

- പരമായി 'കൾ' എന്ന ബഹുവചനപ്രത്യയം വരുമ്പോൾ 'മ'കാരവും കാരവും 'ങ' കാരമായി മാറും.

ഉദാ: മരം + കൾ = മരങ്കൾ - മരങ്ങൾ
നിൻ + കൾ = നിങ്കൾ - നിങ്ങൾ

## സവർണ്ണനം

- സവർണ്ണനവും ആദേശവും ഒന്നു തന്നെ

'അടുത്തിരിക്കുന്ന വർണ്ണങ്ങളിൽ ഒന്നിന് സ്ഥാനപ്രയത്നങ്ങളുടെ സാമ്യം കൊണ്ട് മറ്റേതിന് പൊരുത്തമുള്ള വർണ്ണം ആദേശമാക്കി ചെയ്ക' - ഇതാണ് സവർണ്ണനം. അതിൽ പൂർവത്തിന് പരത്തിന്റെ സവർണ്ണം വരികയാണെങ്കിൽ അത് 'പരസവർണ്ണനം,' മറിച്ച് പരത്തിന് പൂർവത്തിന്റെ സവർണ്ണം വരികയാണെങ്കിൽ അത് 'പൂർവസവർണ്ണനം.' പ്രകൃതത്തിൽ ' മ, ഞ'ങ്ങൾക്ക് പരമായ 'ക'കാരത്തിന്റെ സവർണ്ണം ആദേശമാകയാൽ ഇത് 'പരസവർണ്ണനം' എന്നു കേരളപാണിനി പറയുന്നു. സവർണ്ണനവും ആദേശവും ഒന്നുതന്നെ. വ്യത്യസ്ത വർഗങ്ങളിലുള്ള വർണ്ണങ്ങൾ കൂടിച്ചേരുമ്പോൾ ഒരു വർണ്ണം മറ്റേ വർണ്ണത്തിന്റെ വർഗത്തിലേക്ക് മാറുന്നത്. അതാണ് സവർണ്ണനം.

കൺ + തു = കണ്ടു. ഇവിടെ 'ട' വർഗവും, 'ത' വർഗവും കൂടിച്ചേർന്നപ്പോൾ 'ത'വർഗത്തിന്റെ സ്ഥാനത്ത് 'ട' വർഗം ആദേശമായി വന്നു. സവർണ്ണനം രണ്ടുവിധത്തിലുണ്ട്.

1. പൂർവസവർണ്ണനം
2. പരസവർണ്ണനം.

**പൂർവസവർണ്ണനം**

പൂർവവർണ്ണത്തിന്റെ (ആദ്യവർണ്ണത്തിന്റെ) വർഗത്തിലേക്ക് പരവർണ്ണം (രണ്ടാമത്തെവർണ്ണം) മാറുന്നതാകുന്നു പൂർവസവർണ്ണനം.

ഉദാ: കൺ + തു = കണ്ടു

**പരസവർണ്ണനം**

പരവർണ്ണത്തിന്റെ (രണ്ടാമത്തെവർണ്ണത്തിന്റെ) വർഗത്തിലേക്ക് പൂർവവർണ്ണം (ആദ്യവർണ്ണം) മാറുന്നതാകുന്നു പരസവർണ്ണനം .

ഉദാ: വെൺ + ചാമരം = വെഞ് + ചാമരം = വെഞ്ചാമരം

പൂർവസവർണ്ണന രീതിയിലുള്ള ആദേശം മാത്രമാണ് സന്ധിചർച്ചയിൽ കേരളപാണിനി നടത്തുന്നത്. പരസവർണ്ണന രീതിയിലുള്ള ആദേശത്തെ ചർച്ച ചെയ്യുന്നില്ല. ഈ ന്യൂനത ആധുനിക വൈയാകരണന്മാർ എടുത്തുകാട്ടിയിട്ടുണ്ട്. കേരളപാണിനിയാണ് ഭാഷാസന്ധികളെക്കുറിച്ച് ആദ്യമായി ചർച്ച ചെയ്യുന്നത്. സംസ്കൃത വ്യാകരണ ഗ്രന്ഥമായ പാണിനീയത്തെയാണ് കേരളപാണിനി ഏറിയതോറും രൂപപരമായി അനുകരിച്ചിട്ടുള്ളത്. എന്നാൽ കൂടുതലും പിന്തുടരുന്നത് ഡോ. കാൾഡ്വലിനെയാണെന്നു കാണാം. സന്ധികളെക്കുറിച്ചുള്ള ചർച്ചയിൽ സംസ്കൃതരീതിയനുസരിച്ചിട്ടുള്ള വിഭജനരീതികളെക്കുറിച്ചാണ് കേരളപാണിനി ആദ്യം പരാമർശിക്കുന്നത്. പദമധ്യസന്ധി, പദാന്തസന്ധി, ഉഭയസന്ധി. ഉഭയസന്ധിയെക്കുറിച്ച് വിഭിന്നാഭിപ്രായം നിലവിലുണ്ട്. കാരണം ഒരു സന്ധിയുടെ സാമീപ്യം മറ്റൊരു സന്ധിയിൽ സ്വാധീനം ചെലുത്തുന്നില്ലല്ലോ.

- സംസ്കൃതരീതിയനുസരിച്ചിട്ടുള്ള വിഭജനരീതികളെക്കുറിച്ച് കേരളപാണിനിയുടെ പരാമർശം

'കേരളപാണിനീയ'ത്തിൽ അദ്ദേഹം ആവിഷ്കരിക്കുന്ന നിയമങ്ങൾക്ക് പുറത്തുനിൽക്കുന്ന ബാഹ്യസന്ധി പ്രക്രിയയും മലയാളത്തിലുണ്ട്. ഭാഷ പരിണാമിയായതു കൊണ്ട് തന്നെ ഭാഷയുടെ സമസ്ത സവിശേഷതകളെയും വിലയിരുത്താൻ ബുദ്ധിമുട്ടാണ്. ഉച്ചാരണപരമായി സൗന്ദര്യവും സൗകര്യവും ആണ് സന്ധികളുടെ അടിസ്ഥാനം. ഭാഷ വളരുമ്പോൾ വ്യാകരണ നിയമങ്ങളും മാറുന്നു. ലീലാതിലകകാലത്ത് 'ല ൹'യോ കചപേഷുറ:', 'തേ∫സ്യ ച:' എന്നീ സൂത്രങ്ങൾ പ്രകാരം കൽ + തച്ചൻ = കറ്റച്ചൻ എന്നായിരുന്നു ഉച്ചാരണം. എന്നാൽ ഇന്ന് നാം കൽത്തച്ചൻ എന്ന് തന്നെ അനായാസമായി ഉച്ചരിക്കുന്നു. പൊൻ + കുടം = പൊൽക്കുടം എന്ന ഉച്ചാരണം ഒരുകാലത്ത് നിലനിന്നിരിക്കാം എങ്കിലും ഉച്ചാരണപരമായ ലാഭവും കൊണ്ട് 'പൊൻകുടം' എന്നാണ് നമ്മൾ പറയുന്നത്.

- ഉച്ചാരണപരമായി സൗന്ദര്യവും സൗകര്യവും ആണ് സന്ധികളുടെ അടിസ്ഥാനം

സംവൃതോകാരത്തെ വ്യർഥം എന്നാണ് കേരളപാണിനി വിശേഷിപ്പിച്ചിരിക്കുന്നത്. അതിന് സ്വരമായിട്ട് കണക്കാക്കേണ്ടതില്ലെന്നും പ്രസ്താവിച്ചിരിക്കുന്നു. ഇത് ശരിയല്ല. സംവൃതോകാരത്തിന്റെ പ്രസക്തിയെ ക്കുറിച്ച് കേരളപാണിനിക്കും അറിവുള്ളതാണ്. ക്രിയാവിഭജനചർച്ചയിൽ കേരളപാണിനി ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. 'ഉ' കാരത്തിന്റെ വിവൃത-സംവൃതഭേദമാണ് മുറ്റുവിനയെയും വിനയെച്ചത്തെയും വേർതിരിക്കുന്നതെന്ന് രേഖപ്പെടുത്തി സംവൃതോകാരത്തിന്റെ മൂല്യത്തെ കേരളപാണിനി തിട്ടപ്പെടുത്തിയിട്ടുണ്ട്. സന്ധികാര്യങ്ങളെ സംബന്ധിച്ചും സംവൃതോകാരത്തിന് പ്രസക്തിയുണ്ട്. സംവൃതോകാരത്തിന് പരമായി സ്വരം വരുമ്പോൾ സംവൃതോകാരം ലോപിക്കുന്നത് ശരി തന്നെ. പക്ഷെ, സംവൃതോകാരത്തിന് പരമായി വ്യഞ്ജനം വരുമ്പോൾ സംവൃതോകാരം വിവൃതോകാരമായി തീരാറുണ്ട്. ഉദാ: ചെന്ന് + പറഞ്ഞു = ചെന്നുപറഞ്ഞു, നാട് + വിട്ട് = നാടുവിട്ട്. ഇത് സൂചിപ്പിക്കുന്നത് സന്ധിയെ സംബന്ധിച്ചിടത്തോളം സംവൃതോകാരത്തെ സ്വരമായിട്ട് പരിഗണിക്കാം എന്നാണ്.

- സന്ധികാര്യങ്ങളെ സംബന്ധിച്ചും സംവൃതോകാരത്തിന് പ്രസക്തിയുണ്ട്

ഏകമാത്രമായ പ്രകൃതികളുടെ അന്ത്യത്തിൽ വരുന്ന അനുനാസികം സ്വരംപരമാകുമ്പോൾ ഇരട്ടിക്കുന്നതിന് കേരളപാണിനി നൽകിയിരിക്കുന്ന ഉദാഹരണങ്ങളുടെ കൂട്ടത്തിൽ തങ്ങി, പൊങ്ങി, നെഞ്ഞ് എന്നിവ കാണുന്നു. വാസ്തവത്തിൽ ഇവിടെ ദിത്വമല്ല, ആദേശമാണ് എന്ന് കേരളപാണിനി തന്നെ അനുനാസികാതിപ്രസരത്തിന്റെ ചർച്ചയിൽ സൂചിപ്പിച്ചിട്ടുണ്ട്. സന്ധിപ്രക്രിയകളെ കേരളപാണിനി വിഭജിച്ച് വിസ്തരിച്ച് ചർച്ച ചെയ്യുന്നുണ്ടെങ്കിലും എവിടെയൊക്കെയാണ് സന്ധി ചെയ്യേണ്ടതെന്ന് സാമാന്യമായിട്ടെങ്കിലും നിർദ്ദേശിച്ചു കാണുന്നില്ല. കാരികകളിൽ പലതിനും പല ന്യൂനതയും കാണാം. ഈ ന്യൂനതകളെക്കുറിച്ച് പ്രൊഫ. സി. എൽ ആന്റണി, കുട്ടികൃഷ്ണമാരാർ തുടങ്ങിയവർ പറഞ്ഞിട്ടുണ്ട്. സന്ധി ചെയ്യേണ്ടത് സംഭാഷണരീതിയോട് ഒത്തു പോകണം എന്നാണ് മാരാർ പറയുന്നത്. രണ്ടു മൂന്നു പദങ്ങളിൽ അധികം ചേർത്ത് പറയുക നമ്മുടെ സംഭാഷണരീതിയിൽ സാധാരണമല്ല. അതിനാൽ വർണ്ണങ്ങൾക്ക് മാറ്റങ്ങൾ കൂടാതെ പദങ്ങൾ ചേർത്ത് പറയുന്ന സംഹിതയും (പന+ നാര് = പനനാര്) വർണ്ണവികാരങ്ങളോടുകൂടിയ സന്ധിയും (പന+ ഓല - പനയോല ) കൂടുതൽ പദങ്ങളിൽ ഉപയോഗിക്കുന്നത് കൃത്രിമമായിരിക്കും. സന്ധി ചെയ്യേണ്ടത് മിതമായും ഔചിത്യപൂർണ്ണമായും ആയിരിക്കണം.

- സന്ധി ചെയ്യേണ്ടത് മിതമായും ഔചിത്യപൂർണ്ണമായും ആയിരിക്കണം

## Summarised Overview

സന്ധി എന്നാലെന്ത്, നിർവചനങ്ങൾ, പല അഭിപ്രായങ്ങൾ, തരംതിരിവുകൾ എന്നിവ ഈ യൂണിറ്റിൽ ചർച്ച ചെയ്യുന്നു. പ്രധാന മലയാളവ്യാകരണകൃതികളിലെ സന്ധി നിർവചനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വർണ്ണങ്ങളെ ഒട്ടും നിർത്താതെ തുടർന്നുച്ചരിക്കുമ്പോൾ ഉണ്ടാകുന്ന വർണ്ണസാമ്യമാകുന്നു സംഹിത. അതുനിമിത്തം വർണ്ണങ്ങൾ മാറുന്ന വിധത്തെ വിവരിക്കുന്ന വ്യാകരണഭാഗമാകുന്നു സന്ധി. അത് ഉച്ചാരണത്തിന്റെ പ്രപഞ്ചനം ആകുന്നു എന്നാണ് വ്യാകരണമിത്രത്തിൽ ശേഷഗിരിപ്രഭു സന്ധിയെ വിവരിക്കുന്നത്. അക്ഷരങ്ങൾ, അല്ലെങ്കിൽ വ്യാകരണശാസ്ത്രപ്രകാരമുള്ള വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോഴും ഓരോതരം മാറ്റങ്ങൾ ഉണ്ടായിട്ടും ഇല്ലാതെയും വരുന്നതാണ്. ആ വക സംഗതികളെപ്പറ്റി വിവരിക്കുന്ന ഭാഗത്തിനാണ് വ്യാകരണത്തിൽ 'സന്ധിപ്രകരണം' എന്നു പറയുന്നതെന്ന് എ. ആർ. രാജരാജവർമ്മ കേരളപാണിനീയത്തിൽ പറയുന്നു. ഭാഷാപ്രയോഗത്തിൽ അർഥവ്യക്തതയ്ക്കുവേണ്ടിയും, ശബ്ദഭംഗിക്കുവേണ്ടിയും ചിലപ്പോൾ വർണ്ണമാറ്റങ്ങൾ വരുത്തുന്നു. പ്രകൃതിപ്രത്യയങ്ങൾ, പദങ്ങൾ എന്നിവ തമ്മിൽ ഏതെങ്കിലും വിധത്തിൽ ചേരുമ്പോൾ അവയ്ക്കിടയിലുണ്ടാകുന്ന വർണ്ണമാറ്റത്തിന് 'സന്ധി' എന്നു പറയുന്നു എന്നാണ് പ്രൊഫ. ഗോപിക്കുട്ടൻ സന്ധിയെ നിർവചിക്കുന്നത്.

മലയാള ഭാഷാചർച്ചയിൽ വ്യത്യസ്തമായ അർഥങ്ങളിൽ ഉപയോഗിച്ച പദങ്ങളിൽ ഒന്നാണ് വിസന്ധി. എ.ആർ.രാജരാജവർമ്മ ഭാഷഭൂഷണത്തിൽ വിസന്ധിയെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്. വിരൂപമായ സന്ധിയുള്ളത് 'വിസന്ധി' എന്നാണ് എ.ആറിന്റെ വിവരണം. ഇത് ഒരു തരം വൈരൂപ്യമാണെന്നും അതു നാലുതരത്തിൽ വരാമെന്നും അദ്ദേഹം പറയുന്നു. ശബ്ദാർഥങ്ങൾക്കുണ്ടാകുന്ന വാക്യദോഷത്തിന്റെ ഭാഗമായാണ് വിസന്ധിയെക്കുറിച്ച് എ. ആർ. വിവരിക്കുന്നത്. സന്ധി എവിടെയെല്ലാം വേണം, എവിടെയൊന്നും ചെയ്യരുത് എന്നതിനെക്കുറിച്ച് മലയാള വ്യാകരണകൃതികളിൽ ചർച്ചകൾ സാമാന്യേന കാണുന്നില്ല. സന്ധി അഭിലഷണീയമായതും

അവശ്യം ചെയ്യേണ്ട സ്ഥലങ്ങളെക്കുറിച്ചും എ. ആർ. രാജരാജവർമ്മയുടെയും വാസുദേവ ഭട്ടതിരിയുടെയും നിർവചനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.കേരളപാണിനീയത്തിൽ എ.ആർ. സന്ധിയെ തരംതിരിച്ചിരിക്കുന്ന രീതി വളരെ വിശദമായി ഈ യൂണിറ്റിൽ അപഗ്രഥിക്കുന്നു. സന്ധിക്കുന്ന വർണ്ണങ്ങൾക്കുണ്ടാകുന്ന വികാരത്തെ അടിസ്ഥാനമാക്കി സന്ധിയെ ലോപസന്ധി, ആഗമസന്ധി, ദ്വിത്വസന്ധി, ആദേശസന്ധി എന്നിങ്ങനെ നാലായി തിരിച്ചിരിക്കുന്നു.

'വിനാമക്രിയ'യെക്കുറിച്ച് എ.ആർ. വിശദീകരിക്കുന്നു. വിനാമം – ഉന്നാമം എന്നിങ്ങനെ ദ്രാവിഡഭാഷകളിൽ സന്ധിസമയത്ത് വർണ്ണങ്ങൾക്ക് വിനാമവും ഉന്നാമവും സംഭവിക്കുന്നു. ദ്രാവിഡഭാഷകളിൽ 'ല'കൾക്ക് ഏതു വർഗാക്ഷരം പരമായി വന്നാലും വിനാമം സംഭവിക്കും. എങ്കിലും മലയാളത്തിൽ ഈ വർണ്ണങ്ങൾക്ക് (ല, ള) വിനാമം സംഭവിക്കണമെങ്കിൽ പരമായി ഒരു പ്രത്യയത്തിന്റെ ആദിയിലെ 'ത'കാരമോ അനുനാസികമോ പരമായി വരികതന്നെ വേണം. 'ല'ക്ക് വർഗാക്ഷരമേതു വന്നാലും വിനാമം സംഭവിക്കും. മുൻ, പിൻ, പൊൻ എന്നീ പദങ്ങളിലെ വർത്സ്യമായ 'ഩ'കാരം ദന്ത്യമായ 'ല'കാരമായി ഉയരുന്നു. ഈ വർണ്ണപരമായ ഉയർച്ചയാകുന്നു ഉന്നാമം. ഉന്നാമം-'സ്ഥാനമുയർച്ച' എന്നാണർഥം. വർണ്ണങ്ങളുടെ സ്ഥാന നിർണ്ണയത്തിൽ വന്ന പിഴവു കാരണം കേരളപാണിനി സൃഷ്ടിച്ച രണ്ട് അയഥാർഥ വ്യാകരണപ്രക്രിയകളാണ് വിനാമവും ഉന്നാമവും എന്നുമുള്ള നിഗമനവും ഇവിടെ ചർച്ച ചെയ്യുന്നു.

## Assignments

1. സന്ധിവർഗീകരണത്തിലെ വ്യത്യസ്ത അഭിപ്രായങ്ങൾ വിലയിരുത്തുക.
2. ലീലാതിലകത്തിലെ സന്ധികാര്യം ചർച്ച ചെയ്യുക?
3. കേരളപാണിനീയത്തിലെ സന്ധിവിഭജനത്തെപ്പറ്റി വിവരിക്കുക.
4. കേരളപാണിനി സന്ധിയെ വർഗീകരിച്ചിരിക്കുന്നതിനടിസ്ഥാനമെന്തെന്നു വിശദമാക്കുക.
5. റവ.ജോർജ് മാത്തന്റെയും ശേഷഗിരിപ്രഭുവിന്റെയും വ്യാകരണഗ്രന്ഥങ്ങളിലെ സന്ധി നിർവചനങ്ങൾ വിലയിരുത്തുക.
6. സന്ധിയും സംഹിതയുമെന്തെന്നു വിശദമാക്കുക.
7. കേരളപാണിനി, ഗോപിക്കുട്ടൻ എന്നിവരുടെ സന്ധിനിർവചനങ്ങൾ അപഗ്രഥിക്കുക.
8. വിസന്ധി എന്നാലെന്ത്? വിസന്ധിയെക്കുറിച്ച് എ.ആറിന്റെ അഭിപ്രായം വിശദമാക്കുക.
9. സന്ധി എന്നാലെന്ത്? എത്ര ഘടകങ്ങളെ മുൻനിർത്തിയാണ് ഭാഷയിൽ സന്ധിവിഭജനം നടത്തിയിരിക്കുന്നത് ചർച്ച ചെയ്യുക.
10. സന്ധിക്കുന്ന വർണ്ണങ്ങളുടെ സ്ഥലഭേദമനുസരിച്ച് സന്ധിയെ എത്രയായി തിരിച്ചിരിക്കുന്നു? അവ ഏതെല്ലാമെന്നു വിലയിരുത്തുക.
11. സന്ധിക്കുന്ന വർണ്ണങ്ങളുടെ സ്വരവ്യഞ്ജനഭേദമനുസരിച്ച് സന്ധിയെ എത്രയായി തിരിച്ചിരിക്കുന്നു? അവ ഏതെല്ലാമെന്നു വിശദീകരിക്കുക.
12. സന്ധിക്കുന്ന വർണ്ണങ്ങൾക്കുണ്ടാകുന്ന വികാരത്തെ അടിസ്ഥാനമാക്കി സന്ധിയെ എത്രയായി തിരിച്ചിരിക്കുന്നു? അവ ഏതെല്ലാമെന്നു വിവരിക്കുക.
13. വിനാമം – ഉന്നാമം എന്നിവയെക്കുറിച്ച് എ.ആറിന്റെ നിഗമനങ്ങളെന്തെന്ന് വിശദമാക്കുക.

# Reference


1. എ. ആർ. രാജാരാജവർമ്മ, കേരളപാണിനീയം, എൻ. ബി. എസ്. കോട്ടയം
2. പുതുശ്ശേരി രാമചന്ദ്രൻ (സമ്പാദനം), കേരളപാണിനീയവിമർശനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. സി. വി. വാസുദേവഭട്ടതിരി, കേരളപാണിനീയപാഠങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.
4. എം. ശേഷഗിരിപ്രഭു., വ്യാകരണമിത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ.
5. കെ.സുകുമാരപിള്ള, ആധുനികമലയാളവ്യാകരണം, ഉഷാപബ്ലിക്കേഷൻ, ചടയമംഗലം.
6. ശൂരനാട് കുഞ്ഞൻപിള്ള, ലീലാതിലകം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവന്തപുരം.
7. പ്രൊഫ. ഗോപിക്കുട്ടൻ, ലീലാതിലകം 1 മുതൽ 3 വരെ, കറന്റ് ബുക്സ്, കോട്ടയം.
8. ഇ. വി. എൻ നമ്പൂതിരി, കേരളഭാഷാവ്യാകരണം, ഡി. സി. ബുക്സ്, കോട്ടയം
9. എൻ. എൻ. മൂസ്സത്, വ്യാകരണവിവേകം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
10. പി. നാരായണമേനോൻ, വ്യാകരണപഠനങ്ങൾ, കേരളസാഹിത്യ അക്കാദമി, തൃശൂർ.


# Suggested Reading


1. സി. ആർ. പ്രസാദ്, വ്യാകരണം, ഡി. സി. ബുക്സ്, കോട്ടയം.
2. എൻ. രാജേന്ദ്രൻ., സന്ധിനിയമങ്ങൾ മലയാള വ്യാകരണരചനകളിൽ, ഹരിതം ബുക്സ്, കോഴിക്കോട്.
3. പി. കെ. നാരായണപിള്ള, വ്യാകരണപ്രവേശിക, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. കെ. എം. പ്രഭാകരവാര്യർ, പൂർവ്വകേരള ഭാഷ, മദിരാശി സർവകലാശാല.
5. കെ. ശ്രീകുമാരി., മലയാളത്തിലെ നാമവർഗം, താരതമ്യപഠനസംഘം, ചങ്ങനാശ്ശേരി.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# നാമപദസംഹിത

## BLOCK-02

Unit 1

# നാമം, ഭേദകം

## Learning Outcomes

- ഭാഷയുടെ ഘടന മനസ്സിലാക്കുന്നു
- ഭാഷാവ്യവഹാരത്തിന്റെ പൊരുളറിയുന്നു
- ലിംഗവചനവിഭക്തിസങ്കല്പനങ്ങളെ സംബന്ധിച്ച് തിരിച്ചറിവുണ്ടാകുന്നു
- മലയാളഭാഷയിലെ വ്യാകരണരചനകളെ പരിചയപ്പെടുന്നു
- വ്യാകരണപഠനത്തിൽ നാമപ്രകരണത്തിനുള്ള പ്രസക്തി തിരിച്ചറിയുന്നു

## Background

ഭാഷയുടെ ഘടനാവിശകലനത്തിൽ ഏറെ പ്രധാനപ്പെട്ടതാണ് പദസമൂഹങ്ങളെപ്പറ്റിയുള്ള പഠനം. പദസമൂഹങ്ങളെ വിലയിരുത്തുമ്പോൾ അവയിലെ പ്രധാനപ്പെട്ട ഗണമായ നാമശബ്ദങ്ങളെ സംബന്ധിച്ചാണ് ഈ ബ്ലോക്കിൽ ചർച്ച ചെയ്തിരിക്കുന്നത്. നിശ്ചിത വ്യവസ്ഥകളിലൂടെയാണ് ഓരോ ഭാഷാവ്യവഹാരവും നിലനിൽക്കുന്നത്. വക്താവ് സ്വാഭാവികമായി ആർജ്ജിച്ചെടുത്ത ഈ 'വ്യവസ്ഥ' കൃത്യമായ ചില നിയമാവലികളിലൂടെയാണ് സംരക്ഷിക്കപ്പെട്ടുപോരുന്നത്. ഭാഷയുടെ ഇത്തരം നിയമാവലികളാണ് വ്യാകരണത്തിലെ വിഷയം. നിയതമായ ഘടനകളോടുകൂടി ആവർത്തിക്കപ്പെടുന്ന ഭാഷാവ്യവഹാരങ്ങളിൽനിന്നും രൂപപ്പെടുത്തിയ വ്യാകരണ പാഠങ്ങൾ ഓരോ ഭാഷയുടേയും അടിസ്ഥാനശിലകളാണ്. അതുതന്നെയാണ് വ്യാകരണപഠനത്തിന്റെ പ്രസക്തിയും. മനുഷ്യന്റെ മുഖ്യആശയവിനിമയോപാധിയാണ് ഭാഷ. ഭാഷയുടെ വ്യവഹാരധർമ്മമെന്നത് ആശയത്തെ വിനിമയം ചെയ്യുകയാണെന്നതിനാൽത്തന്നെ പൂർണ്ണാശയത്തെ ഉൾക്കൊള്ളുന്ന വാക്യം അതിലെ പ്രധാനപ്പെട്ട ഘടകമാണ്.

'രാമൻ ശക്തനായ രാവണനെ കൊന്നു' എന്ന വാക്യം ഉദാഹരണമായെടുത്താൽ 'രാമൻ', 'ശക്തനായ', 'രാവണനെ', 'കൊന്നു' എന്നീ ശബ്ദങ്ങൾക്കെല്ലാം അർഥസൂചനകളുണ്ടെങ്കിലും അവയെ നിയതമായ ക്രമത്തിൽ ചേർത്തു ഘടനാബദ്ധമാക്കുമ്പോഴാണ് ആശയപൂർത്തി സംഭവിക്കുന്നതെന്നു കാണാം. 'അർഥത്തെ കുറിക്കുന്നതിനായി വർണ്ണങ്ങളെ ചേർത്തുണ്ടാക്കുന്ന അക്ഷരക്കൂട്ടത്തിനെ' ശബ്ദമെന്നു പറയാമെന്ന് കേരളപാണിനി (കേരളപാണിനീയം, കാരിക: 26) ശബ്ദത്തെ നിർവചിക്കുന്നു. ഇതിനെ തന്നെയാണ് പ്രകൃതിയെന്നു പറയുന്നതും. 'അർഥസൂചനയോടുകൂടി പ്രയോഗിപ്പാൻ സജ്ജമായിട്ടുള്ള ശബ്ദമാണ് പദ'മെന്ന് കേരളപാണിനി പദത്തെ നിർവചിക്കുന്നുണ്ട്. അർഥസൂചനയുള്ള പ്രകൃതികളോ പ്രത്യയം ചേർത്തു അംഗസംസ്കാരം നടത്തിയോ പ്രയോഗത്തിനു തയ്യാറുള്ള ശബ്ദങ്ങളെ പദമെന്നു പറയാവുന്നതാണെന്ന് അദ്ദേഹം വിശദീകരിക്കുന്നു (കേരളപാണിനീയം, കാരിക: 27).

## Keywords

നാമം - സർവനാമം - ലിംഗവ്യവസ്ഥ - വചനവ്യവസ്ഥ - വിഭക്തി - കാരകസങ്കല്പനങ്ങൾ

# Discussion

## 2.1.1 ശബ്ദവിഭാഗങ്ങൾ

▶ അർഥയുക്തമായ അക്ഷരക്കൂട്ടം

അർഥഗ്രഹണം ഉണ്ടാക്കത്തക്കവിധം അക്ഷരങ്ങളെ ഓരോ പ്രകാരത്തിൽ കൂട്ടിച്ചേർക്കുമ്പോൾ ശബ്ദം ഉണ്ടാകുന്നു. ഈ ശബ്ദത്തെയാണ് പ്രകൃതിയെന്നും പറയുന്നത്.

"അർഥയുക്താക്ഷരം ശബ്ദ -
മതേ പ്രകൃതിയെന്നതും''

ഉദാ: കരിമ്പ്, ചെറുപ്പം

ശബ്ദത്തെ വാചകം എന്നും ദ്യോതകം എന്നും രണ്ടായി തിരിക്കാം.

▶ വാചകം - വാച്യമായ ഒരർഥത്തെ ക്കുറിക്കുന്നു

**വാചകം** - ഒരു ദ്രവ്യത്തെയോ ക്രിയയേയോ ഗുണത്തെയോ കുറിക്കുന്നത് വാചകം. അതായത് വാച്യമായ ഒരു അർഥത്തെക്കുറിക്കുന്നതാണ് വാചകം.

ഉദാ: കുടം, വിളക്ക്, തിളങ്ങി

▶ ദ്യോതകം - വാച്യാർഥങ്ങൾ തമ്മിലുള്ള ബന്ധം കാണിക്കുന്നു.

**ദ്യോതകം** - വാച്യമായ ഒരു അർഥത്തെ കുറിക്കാതെ രണ്ടു വാച്യാർഥങ്ങൾ തമ്മിലുള്ള ബന്ധത്തെക്കുറിക്കുന്നതാണ് ദ്യോതകം.
ഉദാ: കൊണ്ട്, ഉം, എങ്കിൽ, ഷേ, ഓ

കേൾക്കുമ്പോൾ ദ്യോതകത്തിന് സ്വതന്ത്രമായ അർഥപ്രതീതി ഉണ്ടാകുന്നില്ല.

വാചകശബ്ദത്തെ നാമം, കൃതി, ഭേദകം എന്ന് മൂന്നായി തിരിക്കാം.

▶ നാമം - പേരിനെ കുറിക്കുന്നു.

**നാമം** - എന്തിന്റെയെങ്കിലും പേരായ ശബ്ദം.
ഉദാ: മനുഷ്യൻ, മരം, രാമൻ, വെള്ളം

**കൃതി** - പ്രവൃത്തിയെക്കുറിക്കുന്ന ശബ്ദം
ഉദാ: പോകുന്നു, വരുന്നു, നിന്നു, പറന്നു

▶ ഭേദകം - വിശേഷണത്തെ സൂചിപ്പിക്കുന്നു

**ഭേദകം** - വിശേഷണത്തെക്കുറിക്കുന്നത്
ഉദാ: കറുത്ത, വെളുത്ത, സുന്ദരൻ

"നിപാതമവ്യയം രണ്ടു-
വകയാം ദ്യോതകം പദം
ജാത്യാ ദ്യോതകമാണാദ്യം;
പരം ഭ്രംശിച്ചുവന്നത്''

ദ്യോതകപദത്തെ നിപാതം, അവ്യയം എന്ന് രണ്ടായി തിരിക്കാം.

▶ നിപാതം - ദ്യോതകശബ്ദം

**നിപാതം** - ഭാഷ ഉണ്ടായപ്പോൾത്തന്നെ ദ്യോതകങ്ങളാകുന്നു (ഉം, ഓ തുടങ്ങിയവ). ഉദാ: രാമനും കൃഷ്ണനും മിടുക്കന്മാരാകുന്നു.

> ▶ അവ്യയം – വാചകത്വം നഷ്ടപ്പെട്ട് ദ്യോതകമായത്

**അവ്യയം** – ഒരുകാലത്ത് വാചകമായിരുന്ന ശബ്ദം വാചകത്വം പോയി ദ്യോതകമായി മാറിയതാണ് അവ്യയം.
ഉദാ: രാവണൻ എന്ന രാക്ഷസൻ ('എന്ന' അവ്യയം)
മഴ പെയ്തിട്ടും ഉഷ്ണം ശമിച്ചില്ല. ('ഇട്ടും'– അവ്യയം)

ദ്യോതകശബ്ദത്തെ അതിന്റെ വ്യാപാരമനുസരിച്ച് ഗതി, ഘടകം, വ്യാക്ഷേപകം എന്ന് മൂന്നായി തിരിക്കാം.

> ▶ ഗതി – വിഭക്തിയുടെ അർഥത്തെ പരിഷ്കരിക്കുന്ന പദം

**ഗതി** – ഏതെങ്കിലും ഒരു വിഭക്തിയോട് ചേർന്നുനിന്ന് കൊണ്ട് വിഭക്ത്യർഥത്തെ വിളിക്കുന്ന ദ്യോതകപദമാണ് ഗതി.
ഉദാ: കൊണ്ട്, നിന്ന്, കൂടെ

അവിടെനിന്ന് വന്നു ('എ'എന്ന പ്രതിഗ്രാഹികാ വിഭക്തി)
കാട്ടിലൂടെ നടന്നു ('ൽ' എന്ന ആധാരികാ വിഭക്തി)

> ▶ ഘടകം – വാക്യങ്ങളെ ബന്ധിപ്പിക്കുന്നു.

**ഘടകം** – രണ്ട് വാക്യാർഥങ്ങളെ തമ്മിൽ ഘടിപ്പിക്കുന്നത് ഘടകം.

ഉദാ: ഉം, ഓ
രാമനും കൃഷ്ണനും മിടുക്കന്മാരാകുന്നു.
രാമന്റെയോ കൃഷ്ണന്റെയോ കഥ

> ▶ വ്യാക്ഷേപകം – സ്വതന്ത്രമായ അർഥം പ്രകടിപ്പിക്കുന്നു.

**വ്യാക്ഷേപകം** – മറ്റൊരു പദത്തോടും ചേരാതെ സ്വതന്ത്രമായ അർഥപ്രതീതി ജനിപ്പിക്കുന്നത് വ്യാക്ഷേപകം.
ഉദാ: ഉവ്, അയ്യോ
രാമ! നീ പാഠം പഠിച്ചോ?
ഉവ്വ് ഞാൻ പഠിച്ചു.

> ▶ കേവലം – അർഥവിശേഷങ്ങളെ ദ്യോതിപ്പിക്കുന്ന ദ്യോതകപദം

**കേവലം** – ഗതി, ഘടകം, വ്യാക്ഷേപകം ഇവ മൂന്നിലും പെടാതെ ചില അർഥവിശേഷങ്ങളെ ദ്യോതിപ്പിക്കുന്ന ദ്യോതകപദമാണ് കേവലം.
ഉദാ: ഉപ്പ് തൊട്ട് കർപ്പൂരം വരെ.

ഇവിടെ 'തൊട്ട്' എന്നത് കേവലം.

## 2.1.2 പദം – ശബ്ദത്തിൽ വരുത്തുന്ന രൂപപരിഷ്കാരം

ഭാഷാപ്രയോഗത്തിലെ ഏറ്റവും ചെറിയ ഘടകം പദമാണ്. എന്നാൽ വ്യാകരണദൃഷ്ട്യാ പരിശോധിക്കുമ്പോൾ ഭാഷയുടെ ഏറ്റവും ചെറിയ അർഥവത്തായ ഘടകം ഭാഷയിലെ പദരൂപമല്ല. ഓരോ ഭാഷയിലും കാണപ്പെടുന്ന എല്ലാ പദങ്ങളും പ്രത്യേക ഭാഷാഘടകങ്ങളുമല്ല. രൂപത്തിലും അർഥത്തിലും പരസ്പരം ബന്ധപ്പെട്ട അനേകം പദസഞ്ചയങ്ങൾ ഓരോ ഭാഷയിലും കാണപ്പെടുന്നു. ഇത്തരം ഓരോ പദസഞ്ചയത്തിലെയും സാമാന്യഘടകം മാത്രമാണ് ഭാഷയുടെ പ്രത്യേകഘടകം. അതിനെ കുറിക്കാൻ സംസ്കൃതത്തിലെ ശബ്ദം എന്ന സംജ്ഞ മലയാളം സ്വീകരിച്ചിരിക്കുന്നു. ഇത്തരം മൂലശബ്ദങ്ങൾ സാധാരണഗതിയിൽ അതേപടി പ്രയോഗിക്കാറില്ല. അവയോടോ അവയുടെ രൂപഭേദങ്ങളോടോ പ്രത്യയങ്ങളും മറ്റും ചേർന്ന് രൂപംകൊണ്ട പദമാണ് വാക്യത്തിൽ പ്രയോഗിക്കുന്നത്. ഇപ്രകാരം പ്രയോഗക്ഷമങ്ങളാക്കിയ ഭാഷാ

> ▶ പ്രകൃതിയും പ്രത്യയവും കൂടിച്ചേർന്ന് പദം രൂപം കൊള്ളുന്നു

ഘടകങ്ങളാണ് പദങ്ങൾ. പ്രത്യയം ഒന്നും ചേർക്കാത്ത ശബ്ദത്തെ പദത്തിന്റെ പ്രകൃതിയായി കണക്കാക്കുന്നു. പ്രകൃതിയും പ്രത്യയവും ചേരുമ്പോൾ പദം രൂപം കൊള്ളുന്നു. ക്രിയയുടെ പ്രകൃതിയെ കുറിക്കാൻ ധാതു എന്ന സംജ്ഞയാണ് സാധാരണയായി ഉപയോഗിക്കാറുള്ളത്.

വാക്യാധിഷ്ഠിതമായ പദവിഭജനം കർത്താവ്, കർമ്മം, ക്രിയ. പരസ്പരബന്ധമുള്ളതും പൂർണ്ണമായ ആശയം ഉൾക്കൊള്ളുന്നതുമായ പദസമൂഹമാണ് വാക്യം. വാക്യനിർമ്മാണത്തിൽ പല കാര്യങ്ങളും ശ്രദ്ധിക്കാനുണ്ട്. അതിൽ ആദ്യത്തേത് പദക്രമമാണ്. "കർത്താ, കർമ്മം, ക്രിയ - ഇതേ വാക്യത്തുങ്കൽ പദക്രമം''(കേരളപാണിനീയം; കാരിക, 172) കർത്താവ്, കർമ്മ, ക്രിയ ഇതാണ് വാക്യത്തിലെ സ്വാഭാവികമായ പദക്രമം.

ഉദാ: അവൻ ദോശ തിന്നു.
നീ പുസ്തകം വായിച്ചോ?

എന്നീ വാക്യങ്ങളിൽ ഈ ക്രമം കാണാം.

കർത്താവിനോ ക്രിയക്കോ പ്രാധാന്യം നൽകണമെങ്കിൽ, പ്രാധാന്യം വേണ്ട പദം വാക്യാരംഭത്തിൽ പ്രയോഗിക്കാം.

'നീ പുസ്തകം വായിച്ചോ?' 'പുസ്തകം' എന്ന കർമ്മം ആദ്യം വരുമ്പോൾ പുസ്തകത്തിനും പ്രാധാന്യം ലഭിക്കുന്നു.

'വായിച്ചു' എന്ന് ക്രിയ മാത്രം വന്നാൽ, 'വായിച്ചു' പക്ഷേ ഇഷ്ടപ്പെട്ടില്ല അല്ലെങ്കിൽ മനസ്സിലായില്ല, ശ്രദ്ധിക്കാൻ കഴിഞ്ഞില്ല എന്നിങ്ങനെ എന്തെങ്കിലും സൂചന അതിൽ കാണാം.

> ▶ പദക്രമം - കർത്താവ്, കർമ്മം, ക്രിയ

ഉദാ: ഞാനാണ് ഇന്നലെ രാമായണം വായിച്ചത്.
ഞാൻ ഇന്നലെയാണ് രാമായണം വായിച്ചത്.
ഞാൻ ഇന്നലെ രാമായണമാണ് വായിച്ചത്.

'ആണ്' എന്ന പദം മാറി മാറി ഉപയോഗിക്കുമ്പോൾ അർഥം മാറുന്നു.

> ▶ അർഥാധിഷ്ഠിതമായ പദവിഭജനം നാമം

അർഥാധിഷ്ഠിതമായ പദവിഭജനം നാമം, ക്രിയ, ഭേദകം. എന്തിന്റെയെങ്കിലും പേരായ ശബ്ദമാണ് നാമം. വസ്തുക്കളെല്ലാം ഒരേ തരത്തിൽപ്പെടുന്നവയല്ലാത്തതിനാൽ നാമങ്ങളും ഒരേ തരമായിരിക്കുകയില്ല. ആന, ഭൂമി, ജലം, ഇവ ഓരോ ദ്രവ്യത്തിന്റെ പേരാകുന്നു. അഴക്, മിടുക്ക്, ശൗര്യം ഇവ ഓരോ ഗുണങ്ങളുടെ പേരാകുന്നു. വരവ്, പോക്ക്, നോട്ടം, ഉറക്കം ഇവ ഓരോ പ്രവൃത്തിയുടെ പേരാകുന്നു. അതിനാൽ നാമം ദ്രവ്യത്തിന്റെയോ ഗുണത്തിന്റെയോ ക്രിയകളുടെയോ പേരാണ്. ദ്രവ്യത്തിന്റെ പേരായ ശബ്ദത്തിന് ദ്രവ്യനാമം, ഗുണത്തിന്റെ പേരായ ശബ്ദം ഗുണനാമം, ക്രിയയുടെ പേരായ ശബ്ദം ക്രിയാനാമം.

## 2.1.3 നാമപദം - നിർവചനം

'ഏതെങ്കിലും ദ്രവ്യത്തിന്റെ വാചകമായ ശബ്ദമാണ് നാമം' എന്ന് കേരളപാണിനി നാമത്തെ നിർവചിക്കുന്നുണ്ട്. ദ്രവ്യക്രിയാഗുണസൂചകങ്ങളെ നേരിട്ടു കുറിക്കുന്നതെല്ലാം വാചകമെന്നു പറയുന്ന കേരള

പാണിനി അതിന്റെ അവാന്തരവിഭാഗങ്ങളിൽ ഏറെ പ്രധാനപ്പെട്ടതാണ് 'നാമം' എന്നും പറയുന്നു.

"കൃതിശബ്ദങ്ങൾ താനേറും;
നാമം പിന്നഥ ഭേദകം;''(കേരളപാണിനീയം, കാരിക: 35)

▶ നാമപദങ്ങൾക്ക് പ്രാധാന്യം

എന്ന കാരികയിൽ സൂചിപ്പിക്കുന്നപോലെ ലോകത്തിലെ പദസമൂഹത്തിൽ ക്രിയാസൂചകപദങ്ങൾ കഴിഞ്ഞാൽ ഏറ്റവുമധികം നാമപദങ്ങളാണെന്നത് അതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.

'നാമമെന്നത് വസ്തുക്കളുടെ പേരു പറയുന്ന പദമാകുന്നത്' എന്ന വളരെ ലളിതമായ നിർവചനമാണ് നാമത്തിന് ജോർജ് മാത്തൻ 'മലയാഴ്മയുടെ വ്യാകരണ'ത്തിൽ നൽകിയിരിക്കുന്നത്. ഈ രണ്ടു നിർവചനങ്ങളിൽനിന്നും കുറച്ചുകൂടി സങ്കീർണ്ണമായ ഒന്നാണ് 'വ്യാകരണമിത്ര'ത്തിൽ ശേഷഗിരിപ്രഭു നൽകിയിരിക്കുന്നത്. 'വാക്യത്തിൽ ആഖ്യയോ ആഖ്യാതപൂരണമോ കർമ്മമോ ആയി ഉപയോഗിക്കുവാൻ കഴിയുന്ന പദം നാമം ആകുന്നു. ലിംഗം, വചനം, വിഭക്തി എന്നിവയാൽ നാമത്തിന്റെ രൂപം മാറും. ക്രിയയ്ക്കും ലിംഗവചനമുള്ളതുകൊണ്ട് അതിനു നാമത്തോടു സാമ്യം ഉണ്ടെങ്കിലും വിഭക്തികൾ ഇല്ലായ്കയാൽ അതു നാമത്തിൽനിന്നും വ്യത്യസ്തമാകുന്നു. ഈ ഭേദം നിമിത്തം വിഭക്തിരൂപങ്ങൾ ഉള്ളത് നാമമെന്ന് അതിനെ നിർവചിക്കാം.' എന്നതാണ് ശേഷഗിരിപ്രഭു വ്യാകരണമിത്രത്തിൽ നൽകിയിരിക്കുന്ന നാമനിർവചനം.

▶ നാമനിർവചനങ്ങൾ - ജോർജ് മാത്തൻ, ശേഷഗിരിപ്രഭു

ശേഷഗിരിപ്രഭുവിന്റെ നിർവചനത്തിൽ സൂക്ഷ്മതയുണ്ടെങ്കിലും അതിനും ഒരുപാടു പരിമിതികളുണ്ടെന്ന് പില്ക്കാല വ്യാകരണപഠിതാക്കൾ കണ്ടെത്തുന്നുണ്ട്. നാമനിർവചനം പൊതുവിൽ സങ്കീർണ്ണമായ ഒന്നാണ്. പൊതുനിർവചനങ്ങളിൽ നിന്നും ക്രോഡീകരിച്ച് നാമത്തെ ഇപ്രകാരം നിർവചിക്കാം. ദ്രവ്യ/വസ്തുവിനെക്കുറിക്കുന്ന ലിംഗ, വചന, വിഭക്തി പ്രത്യയങ്ങൾ ചേർക്കുവാൻ സാധിക്കുന്ന വാചികശബ്ദങ്ങളാണ് നാമങ്ങൾ.


## 2.1.4 നാമവർഗീകരണം

'നാമാദിയായുള്ള വിഭാഗത്തിനെല്ലാം നിയാമകം അർഥമാണ്' എന്നതിന്റെ അടിസ്ഥാനത്തിൽ കേരളപാണിനി നാമവർഗീകരണവും നടത്തിയിരിക്കുന്നു.

"നാമാദി നാലിനും ചെയ്യാം
വിഭാഗം പലജാതിയിൽ''(കേരളപാണിനീയം, കാരിക: 37)

എന്ന കാരികയുടെ വിശദീകരണത്തിൽ നാമമുൾപ്പെടെയുള്ള ശബ്ദവിഭാഗങ്ങളുടെ അവാന്തരവിഭാഗത്തെപ്പറ്റി കേരളപാണിനി വിശദീകരിക്കുന്നുണ്ട്.

**കേരളപാണിനി**




നാമങ്ങളെ ദ്രവ്യനാമം, ഗുണനാമം, ക്രിയാനാമം ഇങ്ങനെ മൂന്നുവിധമായാണ് കേരളപാണിനി വിഭജിക്കുന്നത്.

(1) ദ്രവ്യനാമം-ഒരു ദ്രവ്യത്തിന്റെ പേരായ ശബ്ദമാണ് ദ്രവ്യനാമം.

ഉദാ: പേന, വസ്ത്രം, മയിൽ, പൂച്ച, രാമൻ, ദേവകി, മല, നദി

▶ നാമ വിഭജനം- ദ്രവ്യനാമം, ഗുണനാമം, ക്രിയാനാമം

(2) ഗുണനാമം - ഗുണത്തെക്കുറിക്കുന്ന നാമമാണ് ഗുണനാമം.

ഉദാ: വെളുപ്പ്, കറുപ്പ്, ധൈര്യം, തിന്മ

(3) ക്രിയാനാമം - ഒരു പ്രവൃത്തിയുടെ പേരായ ശബ്ദം ക്രിയാനാമം.

ഉദാ: വരവ്, ഉറക്കം, കാഴ്ച, നോട്ടം

**ദ്രവ്യനാമ വിഭജനം**

ദ്രവ്യനാമങ്ങൾ എണ്ണത്തിൽ കൂടുതലായതുകൊണ്ട് അവയെ സംജ്ഞാനാമം, സാമാന്യനാമം, സർവനാമം, മേയനാമം എന്നിങ്ങനെ കേരളപാണിനി നാലായി വിഭജിക്കുന്നു.

(1) സംജ്ഞാനാമം - ഒരു വ്യക്തിയെയോ, സ്ഥലത്തിനെയോ അല്ലെങ്കിൽ വസ്തുവിനെയോ കുറിക്കുന്നത് സംജ്ഞാനാമം.

ഉദാ: രാമൻ, ഗോവിന്ദൻ, മീശ, പാലക്കാട്

(2) സാമാന്യനാമം - ഒരു ജാതിയെയോ വ്യവസ്ഥിതരൂപത്തോടുകൂടിയ വസ്തുക്കളെ പൊതുവേ കുറിക്കുന്നതോ ആയ നാമത്തെ സാമാന്യനാമം എന്ന് പറയുന്നു.

ഉദാ: മനുഷ്യൻ, മൃഗം, മല, പക്ഷി, പട്ടണം, ബ്രാഹ്മണൻ

▶ ദ്രവ്യനാമ വിഭജനങ്ങൾ

(3) മേയനാമം - ജാതി, വ്യക്തി വ്യത്യാസമില്ലാത്തതായ വസ്തുക്കളെ പൊതുവേ കുറിക്കുന്ന നാമമാണ് മേയനാമം.

ഉദാ: പാല്, വെള്ളം, വായു, മണ്ണ്

(4) സർവനാമം - ഒരു നാമത്തിന് പകരം നിൽക്കുന്ന മറ്റൊരു പദമാണ് സർവനാമം.

"സർവത്തിനും നാമമായ

നാമം താൻ സർവനാമം''( കേരളപാണിനീയം, കാരിക:36)


എന്നു സർവനാമത്തെ വ്യവച്ഛേദിച്ച് അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും എല്ലാ വസ്തുക്കളെയും ഓരോന്നായോ എല്ലാംകൂടിയോ കുറിക്കുന്ന നാമത്തിനുതന്നെയാണ് സർവനാമം എന്നു പറഞ്ഞുവരുന്നത്

> ▶ കേരളപാണിനി യുടെ സർവനാമ വിഭജനം

എന്നതിനാൽത്തന്നെ നാമമെന്ന വിഭാഗത്തിൽ തന്നെ ഇതിനെ ഉൾപ്പെടുത്താമെന്നും സാമാന്യവിഭാഗത്തിൽ കണക്കാക്കേണ്ടയെന്നും കേരളപാണിനി വിശദീകരിക്കുന്നുണ്ട് (കേരളപാണിനീയം: 1997:113).

കേരളപാണിനി നാമത്തിന്റെ പ്രധാന അവാന്തരവിഭാഗങ്ങളിലൊന്നായിട്ടാണ് സർവനാമത്തെ കണക്കാക്കിയിട്ടുള്ളത്.


**ജോർജ് മാത്തൻ**




ഏകനാമങ്ങൾ (സംജ്ഞാനാമങ്ങൾ), വർഗനാമങ്ങൾ (സാമാന്യനാമങ്ങൾ), സർവനാമങ്ങൾ എന്നിങ്ങനെയുള്ള പ്രാഥമികവിഭജനമാണ് ജോർജ് മാത്തൻ 'മലയാഴ്മയുടെ വ്യാകരണ'ത്തിൽ നിർവഹിച്ചിട്ടുള്ളത്. 'ഒറ്റ വസ്തുക്കളുടെയും ആളുകളുടേയും പേര്' എന്ന് ഏകനാമത്തെയും 'പൊതുലക്ഷണങ്ങൾ ചേരുന്നവ' എന്നു വർഗനാമത്തെയും 'എല്ലാ വസ്തുക്കൾക്കും ചേരുന്നവ'യെന്നു സർവനാമത്തെയും വിശദീകരിക്കുന്നുണ്ട്. ഇവയെക്കൂടാതെ ഉത്ഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള നാമവിഭജനവും സർവനാമങ്ങളിലെ അവാന്തരവിഭാഗങ്ങളുമെല്ലാം 'മലയാഴ്മയുടെ വ്യാകരണ'ത്തിലെ ചർച്ചകളുടെ സവിശേഷതയാണ്.

> ▶ ജോർജ് മാത്തന്റെ നാമവിഭജനം

**ശേഷഗിരിപ്രഭു**




നാമവിഭാഗങ്ങളെക്കുറിച്ച് മലയാളവ്യാകരണഗ്രന്ഥങ്ങളിൽ ഏറ്റവുമധികം ചർച്ചചെയ്തിട്ടുള്ളത് ശേഷഗിരിപ്രഭുവിന്റെ 'വ്യാകരണമിത്ര'ത്തിലാണ്. നാമങ്ങളുടെ അർഥംപ്രമാണിച്ചുള്ള വിഭജനവും വ്യാകരണപരമായ അവയുടെ സവിശേഷ പ്രയോഗങ്ങളും ശേഷഗിരിപ്രഭു വിശദീകരിക്കുന്നുണ്ട്. നാമത്തെ അർഥം പ്രമാണിച്ച് ദ്രവ്യനാമങ്ങൾ, ഭാവനാമങ്ങൾ, സർവനാമങ്ങൾ എന്നു വിഭജിച്ചശേഷം ദ്രവ്യനാമങ്ങളുടെ അവാന്തരവിഭാഗങ്ങളായി സംജ്ഞാനാമങ്ങൾ, സാമാന്യനാമങ്ങൾ, സമൂഹനാമങ്ങൾ, മേയനാമങ്ങൾ എന്നിങ്ങനെയും തിരിയ്ക്കുന്നുണ്ട്.

> ▶ ശേഷഗിരിപ്രഭുവിന്റെ നാമവിഭജനം

ഗുണവാചികളായ ഗുണനാമങ്ങളും വ്യാപാരവാചികളായ ക്രിയാനാമങ്ങളും ചേർന്നിട്ടാണ് 'വ്യാകരണമിത്ര'ത്തിലെ ഭാവനാമമെന്ന വിഭാഗം രൂപപ്പെടുത്തിയിരിക്കുന്നത്. "തനിച്ചു നില്ക്കുമ്പോൾ അർഥമില്ലാതെയും ഒരു നാമാർഥത്തെ നിർദ്ദേശിച്ചുമാത്രം അർഥമുള്ളതായി വരുന്നതുമായ ശബ്ദങ്ങൾ'' എന്നു സർവനാമത്തെ നിർവചിക്കുന്ന ശേഷഗിരിപ്രഭു അതിന് പുരുഷാർഥകം, നിർദ്ദേശകം, പ്രശ്നാർഥകം എന്നിങ്ങനെ അവാന്തരഭാഗങ്ങളും കല്പിക്കുന്നുണ്ട്. ആർഥികധർമ്മപരമായ ഈ സവിശേഷതകൾക്കുപുറമേ അവ പുലർത്തുന്ന ചില വ്യാകരണ സവിശേഷതകളേയും ശേഷഗിരിപ്രഭു വിശകലനം ചെയ്യുന്നുണ്ട്. 'മലയാളത്തിലെ നാമവർഗം' എന്ന പുസ്തകത്തിൽ ഡോ. കെ. ശ്രീകുമാരി അത്:

1. "സംജ്ഞാനാമം, സാമാന്യനാമം, സർവനാമം എന്നിവയ്ക്കേ ലിംഗഭേദം ഉള്ളൂ; മറ്റുള്ളവ നപുംസകങ്ങളാണ്.
2. സംജ്ഞാനാമം, മേയനാമം, കൃന്നാമം എന്നിവയിൽ ബഹുവചനപ്രത്യയം ചേരില്ല.
3. സർവനാമങ്ങൾക്കു സംബോധനാരൂപമില്ല.
4. ആഖ്യാ, ആഖ്യാതപൂരണം, കർമ്മം എന്നിവയിൽ ഒന്നായി ഉപയോഗിക്കുവാൻ കഴിയാത്തതും എല്ലാ വിഭക്തിരൂപങ്ങളും ചേരാത്തതുമായ നാമരൂപങ്ങളെ അവ്യയരൂപങ്ങളായി പരിഗണിക്കാമെന്നു" ക്രോഡീകരിക്കുന്നുണ്ട് (2003:42).

▶ മലയാളത്തിലെ നാമവർഗം

## തനിനാമം-വ്യുൽപ്പന്നനാമം

ഏതു പദത്തിനും രണ്ട് തലങ്ങളുണ്ട് അർഥതലവും രൂപതലവും. ഈ രണ്ടു തലങ്ങളെയും ഒരുപോലെ കണക്കിലെടുത്ത് വേണം പദങ്ങളുടെ നിർവചനവും വിഭജനവും സാധിക്കേണ്ടത്. 'നാമാദിയാം വിഭാഗത്തിനെല്ലാമർഥം നിയാമകം' എന്നു പറഞ്ഞാണ് കേരളപാണിനി നാമങ്ങളെ വിഭജിച്ചിരിക്കുന്നത അർഥത്തെ മാത്രം മാനദണ്ഡമാക്കിയാണ്. രൂപവും അർഥവും ഒരുമിച്ച് കണക്കിലെടുക്കുമ്പോൾ നാമത്തിനു രണ്ട് വകഭേദം മതിയെന്നാണ് കെ. സുകുമാരപിള്ള അഭിപ്രായപ്പെടുന്നത്. 1. വ്യുൽപ്പന്നനാമം 2. അവ്യുൽപ്പന്ന നാമം അഥവാ തനിനാമം. ലിംഗപ്രത്യയങ്ങളെക്കുറിച്ച് വിസ്തരിക്കുമ്പോൾ കേരളപാണിനി നാമങ്ങളെ 'തനിനാമങ്ങൾ' എന്നും 'സർവനാമങ്ങൾ'എന്നും രണ്ടായി തിരിക്കുന്നുണ്ട്.

**വ്യുൽപ്പന്നനാമം:** വ്യുൽപ്പത്തി പറയാവുന്ന നാമങ്ങളാണ് വ്യുൽപ്പന്നനാമങ്ങൾ. വ്യുൽപ്പന്നനാമങ്ങൾക്ക് സർവനാമം, സംഖ്യ, കൃദന്തം, തദ്ധിതം എന്നിങ്ങനെ അവാന്തരവിഭാഗങ്ങൾ 'കൈരളീശബ്ദാനുശാസന'ത്തിൽ കെ. സുകുമാരപിള്ള പറയുന്നുണ്ട്. സർവനാമങ്ങളുടെ പ്രത്യയങ്ങളായ അൻ, അൾ, തു എന്നിവ ചേർത്ത് വ്യുൽപ്പന്നനാമങ്ങൾ നിർമ്മിക്കാവുന്നതാണ്. ഉദാ: തലവൻ-'തല'എന്ന തനിനാമത്തിൽ നിന്നും 'അൻ' എന്ന പുല്ലിംഗ പ്രത്യയം ചേർത്ത് വ്യുൽപ്പാദനം നടത്തിയ നാമമാണ് 'തലവൻ' എന്നത്. അവൻ, അവൾ, അതു എന്നത് സർവനാമങ്ങൾക്ക് ഉദാഹരണമാണ്.

▶ വ്യുൽപ്പത്തി പറയാവുന്ന നാമങ്ങൾ

**തനിനാമം:** വ്യുൽപ്പത്തി പറയാനാവാത്തവയാണ് തനിനാമങ്ങൾ. അർഥം കൊണ്ട് ഒരു വ്യക്തിയെ സൂചിപ്പിക്കാൻ പര്യാപ്തമായ നാമം തന്നെയാണ് 'തനിനാമം.' ഉദാ: 'തല' എന്ന പദം എടുത്താൽ അതിന്റെ വ്യുൽപ്പത്തി പറയാനാവില്ല എന്നു കാണാം. കേരളപാണിനി തനിനാമ നിർമ്മിതിക്കായി പുല്ലിംഗം സ്ത്രീലിംഗം, നപുംസകലിംഗം എന്നിവക്ക് 'അൻ', 'ഇ', 'അം' എന്നീ പ്രത്യയങ്ങൾ കല്പിക്കുന്നു. സ്ത്രീലിംഗ പ്രത്യയമായി 'ഇ' മാത്രമല്ല 'ത്തി' കൂടി വരും ഉദാ: കേമൻ, കേമി (കേമത്തി), കേമം.

▶ വ്യുൽപ്പത്തി പറയാനാവാത്ത നാമങ്ങൾ

## സംജ്ഞാനാമം - സാമാന്യനാമം

കേരളപാണിനിയും മറ്റു വൈയാകരണൻമാരും ദ്രവ്യനാമത്തിന്റെ വിഭാഗമായാണ് സംജ്ഞാനാമത്തെയും സാമാന്യനാമത്തെയും വിവരിക്കുന്നത്. ദ്രവ്യനാമം തന്നെയാണ് സംജ്ഞാനാമം. ഒരു പ്രത്യേക ആളിന്റെയോ വസ്തുവിന്റെയോ സ്ഥലത്തിന്റെയോ പേരാണ് സംജ്ഞാനാമം. ജോർജ് മാത്തൻ 'ഏകനാമങ്ങൾ' എന്നു പേരിട്ടു വിളിക്കുന്നത് സംജ്ഞാനാമങ്ങളെയാണ്. ഉദാ: രമേശൻ, കസേര, കൊല്ലം, തിരുവനന്തപുരം, പശു, മാവ്.

നിരവധി സംജ്ഞകൾ ഉൾക്കൊള്ളുന്ന ഒരു പൊതുസമൂഹത്തിന് പൊതുവായി പറയുന്ന നാമമാണ് സാമാന്യനാമം. ജാതിയോ വ്യവസ്ഥിതരൂപമുള്ള വസ്തുക്കളെയോ ഒക്കെ സൂചിപ്പിക്കാൻ ഈ നാമങ്ങൾ ഉപയോഗിക്കുന്നു. ജോർജ് മാത്തൻ 'വർഗനാമങ്ങൾ' എന്നു പേരിട്ടു വിളിക്കുന്നത് സാമാന്യനാമങ്ങളെയാണ്. ഉദാ: പുസ്തകം, മരം, മനുഷ്യർ, പട്ടണം, നിറം, പക്ഷി.

▶ ദ്രവ്യനാമം തന്നെയാണ് സംജ്ഞാനാമം

## സർവനാമം - നിർവചനങ്ങളിലൂടെ

'ഗുണ്ടർട്ട് ഒഴിച്ചുള്ള വ്യാകരണകർത്താക്കളെല്ലാം ഉപയോഗിച്ചിരിക്കുന്ന 'സർവനാമം' എന്ന സംജ്ഞതന്നെ ആ പദവിഭാഗത്തെ സൂചിപ്പിക്കുന്ന തരത്തിലുള്ളതല്ല. അവരുടെ നിർവചനങ്ങളും സംജ്ഞാകരണത്തിലെ വൈകല്യം കാണിക്കുന്നു'വെന്ന ഡോ. കെ. ശ്രീകുമാരിയുടെ നിരീക്ഷണം വളരെ പ്രസക്തമാണ്. 'സർവത്തിനും നാമമായിട്ടുള്ളവ' അല്ലെങ്കിൽ 'എല്ലാത്തിനും ചേരുന്നവ' എന്ന അർഥത്തിലുള്ള നിർവചനങ്ങളാണ് അതിലധികവും. ഈ അർഥത്തിൽ സൂചിപ്പിക്കുന്ന തരത്തിലുള്ള സ്വഭാവം മാത്രമല്ല സർവനാമത്തിനുള്ളത്. സർവനാമം നാമത്തിനുപകരം അല്ലെങ്കിൽ നാമത്തിന്റെ സ്ഥാനത്തുപയോഗിക്കുന്നത് എന്നതാണ് അതിന്റെ സൂചകധർമ്മം. ഗുണ്ടർട്ട് സൂചിപ്പിക്കുന്ന 'പ്രതിസംജ്ഞ' എന്ന പദം ഏറെക്കുറെ സർവനാമത്തിന്റെ ഈ ധർമ്മത്തെ ധ്വനിപ്പിക്കുന്നുണ്ടെന്നു കാണാം. ദ്രവ്യനാമത്തിന്റെ അവാന്തരവിഭാഗങ്ങളിലൊന്നായി കേരളപാണിനി ഉൾപ്പെടുത്തിയ സർവനാമത്തിന്റെ ആ ആർഥികധർമ്മം അതിനെ നാമത്തിന്റെ പ്രാഥമിക അവാന്തരവിഭാഗത്തിലുൾപ്പെടുത്തുക തന്നെയാണുചിതം എന്ന് പറയാം. മലയാളത്തിൽ അതിനു ലിംഗവചനപ്രത്യയങ്ങളും പ്രത്യേക രൂപങ്ങളൊക്കെയുണ്ടെങ്കിലും (പ്രഥമപുരുഷ സർവനാമം) ആത്യന്തികമായി അവ നാമത്തിനുപകരം അല്ലെങ്കിൽ നാമാർഥത്തെ പ്രതിനിധാനം ചെയ്തു നിൽക്കുന്നവ തന്നെയാണ്

▶ സർവനാമം-വ്യത്യസ്ത നിർവചനങ്ങൾ

'നാമങ്ങൾക്കു രൂപഭേദം വരുന്നത് അവ അടയാളമായിരിക്കുന്ന വസ്തുക്കളേയും ലിംഗത്തേയും സംഖ്യയേയും വിഭക്തിയേയും കാണിക്കുന്നതിനായിട്ട് ആകുന്നു' എന്ന് ജോർജ് മാത്തൻ പറയുന്നുണ്ട്. നാമത്തിന്റെ നിർവചനത്തിൽ പ്രത്യേകിച്ച്, ശേഷഗിരി പ്രഭുവിന്റെ നിർവചനത്തിൽ അവ അടയാളപ്പെടുത്തിയിട്ടുമുണ്ട്. ഈ ഗണങ്ങളെ ത്തന്നെയാണ് കേരളപാണിനി ലിംഗവചനവിഭക്തി എന്നു പറഞ്ഞിരിക്കുന്നത്. നാമത്തിന്റെ സവിശേഷ പഠനത്തിനുള്ള ഉപാധി ഇവയിലോരോന്നും സവിശേഷമായി വിശകലനം ചെയ്തു അതതു രൂപഭേദങ്ങളുടെ സവിശേഷതകൾ തിരിച്ചറിയുകയെന്നതാണ്.

- ജോർജ് മാത്തൻ, ശേഷഗിരി പ്രഭു

### സർവനാമങ്ങൾ

സർവനാമങ്ങൾ എന്നത് നാമം പറയുന്നതും ആവർത്തിക്കുന്നതും ഒഴിവാക്കാനായി പ്രയോഗിക്കുന്ന സാമാന്യപദമാണ്. സമാനമായ സന്ദർഭങ്ങളിലെല്ലാം ഉപയോഗിക്കാം എന്നതുകൊണ്ടിതിന് സർവനാമം എന്നു പേര് പറയുന്നു. 19 തരം സർവനാമങ്ങളെക്കുറിച്ച് കേരളപാണിനീയത്തിൽ പറയുന്നുണ്ട്. അവ താഴെ കൊടുക്കുന്നു.

1) ഉത്തമസർവനാമം : എൻ

2) മധ്യമസർവനാമം : നിൻ

3) വിവേചകസർവനാമം : അ, ഇ, ഉ, ഒരു

4) വ്യപേക്ഷകസർവനാമം : എ, യാ

5) ചോദ്യസർവനാമം: ഏ, ആർ, എന്ത്?

6) നാനാസർവനാമം: പല, ചില

7) നിർദ്ദിഷ്ടവാചി: ഇന്ന

8) സ്വവാചി: തൻ

9) സർവവാചി : എല്ലാ

10) അന്യാർഥകം: മറ്റ്

11) അംശവാചി : മിക്ക

12) അനാസ്ഥാവാചി : വല്ല

- സർവനാമ വിഭജനങ്ങൾ

## 2.1.5 ഭേദകം

### ഭേദകവിഭാഗം

മറ്റു പദങ്ങളോട് ചേർന്നുനിന്നുകൊണ്ട് അതിന്റെ അർഥത്തെ ഭേദിപ്പിക്കുന്നത് ഭേദകം. ഇതിന് വിശേഷണമെന്നും പേരുണ്ട്. ഏതിനെ വിശേഷിപ്പിക്കുന്നുവോ അത് വിശേഷ്യം. എന്തുകൊണ്ട് വിശേഷിപ്പിക്കുന്നുവോ അത് വിശേഷണം.


- രൂപവും അർഥവും നിയാമകമാക്കുന്ന വിഭജനക്രമം-കെ. സുകുമാരപിള്ള

ഉദാ: വെളുത്ത മുണ്ട്

മുണ്ട് - വിശേഷ്യം
വെളുത്ത - വിശേഷണം

> ▶ മറ്റു പദച്ചേർച്ചയാൽ അർഥഭേദമുണ്ടാക്കുന്നത് ഭേദകം

അനേകം എണ്ണം ഉൾപ്പെടുന്ന സംഘത്തിൽനിന്ന് ഏതാനുമെണ്ണത്തെ തിരിച്ചറിയാൻ ഭേദകം പ്രയോജനപ്പെടുന്നു. ഭേദകം നാമത്തെയും ക്രിയയെയും മറ്റൊരു ഭേദകത്തെയും വിശേഷിപ്പിക്കും. വിശേഷ്യം ഒരു നാമമോ ക്രിയയോ വിശേഷണമോ ആവാം.




**നാമവിശേഷണം**

നാമത്തെയോ സർവനാമത്തെയോ വിശേഷിപ്പിക്കുന്നത് നാമവിശേഷണം.

ഉദാ: കറുത്ത പൂച്ച
പുതിയ ലോകം
നല്ല കാലം

**ക്രിയാവിശേഷണം**

ക്രിയയെ വിശേഷിപ്പിക്കുന്നത് ക്രിയാവിശേഷണം.

ഉദാ: ഉറക്കെ പറഞ്ഞു
പതുക്കെ നടന്നു
വേഗം ഓടി

> ▶ പദത്തിന്റെ അർഥത്തെ വിശേഷിപ്പിക്കുന്നു.

**വിശേഷണ വിശേഷണം**

ഒരു വിശേഷണത്തെ വിശേഷിപ്പിക്കുവാൻ ചേർക്കുന്ന വിശേഷണപദമാണ് ഭേദകവിശേഷണം. (വിശേഷണ വിശേഷണം)

ഉദാ: ഏറ്റം തെളിഞ്ഞിതെന്മനം
വളരെ വേഗം യുദ്ധം ആരംഭിച്ചു
അൽപ്പം വൈകി യുദ്ധം തുടങ്ങി.

## ഭേദകത്തിന്റെ ഉൾപിരിവുകൾ




**ശുദ്ധം** – വികാരമൊന്നുമില്ലാതെ നിൽക്കുന്ന ശബ്ദസ്വരൂപം, പ്രകൃത്യാ ഭേദകമായ ശബ്ദമാണ് ശുദ്ധഭേദകം. നാമവിശേഷണമായി പ്രയോഗിക്കുമ്പോൾ നാമത്തോട് ചേർന്നുനിൽക്കുന്നു.

ഉദാ: നൽ – നന്മുത്ത്
തിരു – തിരുമുഖം
ചെം – ചെന്താമര

> ▶ ശുദ്ധം – പ്രകൃത്യാ ഭേദകം

വിശേഷ്യത്തിൽനിന്ന് വേർതിരിഞ്ഞ് പ്രയോഗിക്കുമ്പോൾ നാമവിശേഷണത്തിന് പേരെച്ചപ്രത്യയം ചേർന്ന രൂപവും ക്രിയാവിശേഷണത്തിന് വിനയെച്ചരൂപവും നൽകുന്നു.

> ▶ സാംഖ്യം – സംഖ്യാവാചി

**സാംഖ്യം** – സംഖ്യാനാമങ്ങളുടെ വിശേഷണരൂപങ്ങളാണ് സാംഖ്യം എന്ന പേരിൽ അറിയപ്പെടുന്നത്.

ഉദാ:
ഒരു – ഒരു പശു
ഇരു – ഇരുപത്
മു – മുക്കണ്ണൻ

> ▶ സാർവനാമികം – സർവനാമം ഭേദകമായി വരുന്നത്

**സാർവനാമികം** – സർവനാമത്തെതന്നെ ഭേദകമായി ഉപയോഗിക്കുന്നത് സാർവനാമികം. ചൂണ്ടികാണിച്ചുപറയാൻ ഉപയോഗിക്കുന്ന അക്ഷരങ്ങളായ ചുട്ടെഴുത്തുകളും (അ, ഇ, എ) മറ്റു സർവനാമങ്ങളും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

ഉദാ:
അ – അക്കാലം
ഇ – ഇന്നേരം
എ – എന്തുകാര്യം

> ▶ പാരിമാണികം – അളവിനെ കുറിക്കുന്നത്

**പാരിമാണികം** – അളവിനെ കുറിക്കുന്ന ഭേദകമാണിത്.
ഉദാ: നാഴിയരി
പറനെല്ല്
തുടംനെയ്യ്

**വിഭാവകം** – ഒരു വസ്തുവിന്റെ സ്വഭാവത്തെക്കുറിക്കുന്ന ഭേദകം.
ഉദാ: സമർഥനായ കുട്ടി
മിടുക്കനായ പുരുഷൻ

ലിംഗഭേദം കൂടി കാണിക്കുന്നു എന്നത് ഈ ഭേദകവിഭാഗത്തിന്റെ പ്രത്യേകതയാണ്. പുല്ലിംഗത്തിൽ ‘അൻ’, സ്ത്രീലിംഗത്തിൽ ‘അൾ’,

> ▶ വിഭാവകം - വസ്തു സ്വഭാവചിത്രണം

നപുംസക ലിംഗത്തിൽ 'അം, തു' എന്നീ പ്രത്യയങ്ങൾ ചേർക്കുന്നു. കൂടാതെ നാമവിശേഷണത്തിൽ 'ആയ' എന്ന പറ്റുവിനയും ക്രിയാവിശേഷണത്തിൽ 'ആയി' എന്നതും ചേർത്താണ് ഇവ പ്രയോഗിക്കുന്നത്. സാധാരണ നാമപദങ്ങൾ തന്നെ 'ആയ' ചേർത്ത് നാമവിശേഷണങ്ങളായും 'ആയി' ചേർത്ത് ക്രിയാവിശേഷണങ്ങളായും പ്രയോഗിക്കാറുണ്ട്.

ഉദാ: കേമനായ
 കേമനായി
 സുഖമായി ഉറങ്ങി

> ▶ നാമാംഗജം - നാമത്തിൽ നിന്ന് ജനിക്കുന്നത്

**നാമാംഗജം**

നാമാംഗജം എന്നതിനു പേരെച്ചം എന്നർഥം. പേരെച്ചങ്ങളെത്തന്നെ ഭേദകമായി പരിഗണിക്കുന്നതാണ് നാമാംഗജം.

ഉദാ: വളഞ്ഞ വഴി
 പറഞ്ഞ കാര്യം
 കറുത്ത പശു

> ▶ ക്രിയാംഗജം - ക്രിയയിൽ നിന്ന് ജനിക്കുന്നത്

**ക്രിയാംഗജം**

വിനയെച്ചങ്ങളെ ഭേദകമായി ഉപയോഗിക്കുന്നത് ക്രിയാംഗജം. വിനയ്ക്ക്-ക്രിയയ്ക്ക്-എച്ചമായി/വിശേഷണമായി വരുന്നവയാകയാൽ ക്രിയാംഗജങ്ങളെല്ലാം ക്രിയയോട് മാത്രം ചേരുന്നവയാണ്.

ഉദാ: പതുക്കെ പറഞ്ഞു
 ഓടി നടന്നു
 പൊങ്ങിപ്പറന്നു

## 2.1.6 പദവിശ്ലേഷണം - പ്രകൃതി - പ്രത്യയം

> ▶ പ്രകൃതി - നിർവചനങ്ങൾ

രൂപഭേദമുണ്ടാകുന്ന ശബ്ദങ്ങളാണു വാചകം എന്ന വിഭാഗത്തിൽപ്പെടുന്നത്. നാമം, സർവനാമം, ക്രിയ എന്നിവയുടെ മൂലരൂപത്തെ പ്രകൃതി എന്ന് പറയുന്നു.പ്രകൃതിയിൽ പ്രത്യയം ചേർന്നു പ്രയോഗത്തിനു യുക്തമായ പദം രൂപം കൊള്ളുന്നു. 'സുപ്തിങന്തം പദം', 'സുബന്തം', 'തിങന്തം ച പദസംജ്ഞം സ്യാത്' എന്നു സംസ്കൃത വ്യാകരണത്തിൽ പദത്തെ നിർവചിച്ചിരിക്കുന്നു. സുബന്തങ്ങളായ നാമ(സർവനാമ)ങ്ങളും തിങ്ന്തങ്ങളായ ക്രിയാരൂപങ്ങളും പദം എന്ന പേരുകൊണ്ട് കുറിക്കപ്പെടുന്നു.


"പദമെന്നാൽ പ്രയോഗിപ്പാൻ
സജ്ജമായുള്ള ശബ്ദമാം''

എന്നു കേരളപാണിനി പദത്തെ നിർവചിക്കുന്നു. വാക്യത്തിന്റെ ഓരോ ഘടകവും പദമാകുന്നു. അതായത് ലിംഗവചനവിഭക്തിപ്രത്യയങ്ങൾ ചേർന്ന നാമങ്ങളും കാലം, പ്രകാരം തുടങ്ങിയവയുടെ പ്രത്യയങ്ങൾ ചേർന്ന ക്രിയാരൂപങ്ങളും രൂപഭേദമുണ്ടാകാത്ത ദ്യോതകങ്ങളും പദങ്ങളാകുന്നു. ഒരു പ്രത്യയവും ചേരാതെ ചില ശബ്ദങ്ങൾ മലയാളത്തിൽ പ്രയോഗസജ്ജമാകുന്നുണ്ട്. ഉദാഹരണം -പശു, നട, ഇരി. രൂപരചനയ്ക്ക് ആധാരമായ മൂലശബ്ദത്തെ പ്രകൃതി എന്ന് പറയുന്നു. 'തറയിൽ' എന്ന പദത്തിൽ 'തറ' എന്ന മൂലശബ്ദത്തോട് 'ഇൽ' എന്ന വിഭക്തിപ്രത്യയം ചേർന്നു സന്ധിചെയ്തു 'തറയിൽ'

എന്ന പദമുണ്ടാകുന്നു.

▶ പ്രകൃതിയുടെ വിഭാഗങ്ങൾ

'ചെയ്തു' എന്ന പദത്തിൽ 'തു' എന്ന പ്രത്യയം ഒഴികെയുള്ള 'ചെയ്' ഒറ്റയ്ക്ക് എങ്ങും വരാറില്ല. പക്ഷേ അതിന് ഒരർഥമുണ്ട്. അതാണു പ്രകൃതി, അപ്പോൾ അർഥമുള്ള മറ്റ് ഉപാധികളില്ലാത്ത വർണ്ണസമൂഹമാണ് പ്രകൃതി അഥവാ ശബ്ദം. ലിംഗവചനാദികളോ കാലാദികളോ ആയ ഉപാധികൾ ചേർന്ന് അത് പദമായി മാറുന്നു. പ്രത്യയസ്വീകരണത്തിനു സജ്ജമായ ശബ്ദമാണ് പ്രകൃതി. പല പണ്ഡിതന്മാരും പ്രകൃതി എന്ന അർഥത്തിൽ ശബ്ദം എന്ന പദം തന്നെ പ്രയോഗിക്കാറുണ്ട്. ക്രിയയുടെ പ്രകൃതിക്ക് ധാതു എന്നും പേരുണ്ട്. അങ്ങനെ നോക്കുമ്പോൾ പ്രകൃതിക്കു രണ്ടു വിഭാഗങ്ങൾ ഉണ്ടെന്ന് കാണാം.





▶ പദവിഭാഗങ്ങൾ - തൊൽക്കാപ്പിയർ, സംസ്കൃത വ്യാകരണം

നാമപ്രകൃതിയ്ക്ക് സംസ്കൃതവ്യാകരണത്തിൽ പ്രാതിപദികം എന്ന പേർ നൽകിയിരിക്കുന്നു. അർഥമുള്ളതും പ്രത്യയങ്ങൾ ചേർന്നിട്ടില്ലാത്തതുമായ ധാതുവല്ലാത്ത ശബ്ദം പ്രാതിപദികം. കാലം തുടങ്ങിയ ഉപാധികളാൽ രൂപഭേദം വരുന്ന പ്രകൃതി ധാതു (കൃതി പ്രകൃതി), വിഭക്തി സംബന്ധംകൊണ്ട് രൂപഭേദം വരുന്നത് പ്രാതിപദികം (നാമം പ്രകൃതി). തൊൽകാപ്പിയർ പദങ്ങളെ പെയർച്ചൊൽ (നാമം), വിനൈച്ചൊൽ (ക്രിയ), ഉരിച്ചൊൽ (വിശേഷണം), ഇടൈച്ചൊൽ (ദ്യോതകം), എന്നിങ്ങനെ നാലായി തിരിച്ചിരിക്കുന്നു. മറ്റു ചില പണ്ഡിതന്മാർ നാമം, സർവനാമം നാമവിശേഷണം, സാർവനാമിക വിശേഷണം, സംഖ്യാവിശേഷണം, ക്രിയ, ക്രിയാവിശേഷണം, വ്യാക്ഷേപകം എന്നിങ്ങനെ പദങ്ങളെ വിഭജിക്കുന്നു.

## പ്രത്യയം

പ്രകൃതിയെ പദമാക്കി മാറ്റുന്നത് പ്രത്യയങ്ങളാണ്. നാമപ്രകൃതിയോട് ചേരുന്ന പ്രത്യയങ്ങൾ ലിംഗം, വചനം, വിഭക്തി എന്നിവയെക്കുറിക്കുന്നു. ധാതുക്കൾക്ക് പ്രയോഗാർഹമായ രൂപങ്ങൾ ഉണ്ടാക്കുന്നു പ്രത്യയങ്ങൾ. പ്രകൃതികളിൽനിന്നു നൂതനപ്രകൃതികൾ സൃഷ്ടിക്കാൻ ഉതകുന്ന പ്രത്യയങ്ങളുമുണ്ട്. നാമത്തിൽ നിന്നോ വിശേഷണത്തിൽ നിന്നോ തദ്ധിതരൂപങ്ങൾ ഉണ്ടാക്കാനും ധാതുക്കളിൽ നിന്നു കൃത്തുക്കൾ ഉണ്ടാക്കാനും ഈ പ്രത്യയങ്ങൾ ഉപകരിക്കുന്നു. ഈ അടിസ്ഥാനത്തിൽ പ്രത്യയങ്ങളെ ഇങ്ങനെ വിഭജിക്കാം.




▶ പ്രകൃതിയെ പദമാക്കി മാറ്റുന്നു

ഇവയ്ക്ക് പുറമെ വാക്യരചനാപ്രത്യയങ്ങൾ എന്നൊന്നുക്കൂടി ചില വൈയാകരണന്മാർ നിർദ്ദേശിക്കുന്നു. ഘടകം, സമുച്ചയം എന്നിങ്ങനെ പൊതുവെ നിപാതങ്ങളെന്നു വൈയാകരണന്മാർ വ്യവഹരിക്കാറുള്ള അവ്യയങ്ങൾ വാക്യരചനാപ്രത്യയങ്ങളാണെന്ന് അവർ സിദ്ധാന്തിക്കുന്നു.

**സമുച്ചയം**

സമാനരൂപങ്ങളുള്ള സജാതീയപദങ്ങളെയും സമാനഭാഗങ്ങളുള്ള വാക്യങ്ങളെയും ഒന്നിച്ച് ചേർക്കുന്നത് സമുച്ചയം. ആഖ്യ, ആഖ്യാതം, കർമ്മം, വിശേഷണം എന്നിവയിൽ ഒന്നോ അതിലധികമോ ഭാഗങ്ങൾ സമാനമായിരിക്കുന്നു. വാക്യങ്ങളെ സമുച്ചയിച്ചുണ്ടാക്കുന്നത് സമുച്ചയവാക്യം. ആഖ്യകളെയും നാമങ്ങളെയും 'ഉം' നിപാതംകൊണ്ട് സമുച്ചയിക്കാം. ഉദാ: രാമനും കൃഷ്ണനും വന്നു. 'ഓ' എന്ന നിപാതം കൊണ്ടുള്ള കൂടിച്ചേരൽ വികല്പം ഉദാ: രാമനോ കൃഷ്ണനോ വന്നത്? വികല്പനിപാതം 'ഓ' നിഷേധകൃതിയോടെ ചേർത്താൽ സമുച്ചയാർഥം കിട്ടും. ഉദാ: അത് ചെയ്തത് ഞാനോ നീയോ അല്ല.

▶ സമുച്ചയവാക്യങ്ങൾ

## Summarised Overview

വാക്യങ്ങളെ വിഭജിച്ച് വാക്യങ്ങളിലെ അംഗാംഗിവാക്യങ്ങളെ വേർതിരിച്ച് അവയുടെ പരസ്പരബന്ധം കാണിക്കുന്ന രീതിയ്ക്ക് 'അപോദ്ധാരം' എന്ന് പറയുന്നു. വാക്യത്തിൽ പ്രയോഗിക്കാൻ സജ്ജമായിട്ടുള്ള ഘടകമാണ് പദം. ഭാഷണശബ്ദത്തിന്റെ രേഖാരൂപമാണ് അക്ഷരം. അർഥഗ്രഹണം ഉണ്ടാക്കത്തക്കവിധം അക്ഷരങ്ങളെ ഓരോ പ്രകാരത്തിൽ കൂട്ടിച്ചേർക്കുമ്പോൾ ശബ്ദമുണ്ടാകുന്നു. ഒരു ദ്രവ്യത്തേയോ ക്രിയയേയോ ഗുണത്തേയോ കുറിക്കുന്നത് വാചകം. വാച്യമായ ഒരു അർഥത്തെ കുറിക്കാതെ രണ്ടു വാച്യാർഥങ്ങൾ തമ്മിലുള്ള ബന്ധത്തെക്കുറിക്കുന്നതാണ് ദ്യോതകം. വാചകമായിരുന്ന ശബ്ദം വാചകത്വം പോയി ദ്യോതകമായി മാറിയതാണ് അവ്യയം. ജന്മനാൽത്തന്നെ ദ്യോതകങ്ങളാകുന്നത് നിപാതം. മറ്റൊരു പദത്തോടും ചേരാതെ സ്വതന്ത്രമായ അർഥപ്രതീതി ജനിപ്പിക്കുന്നത് വ്യാക്ഷേപകം. ഗതി, ഘടകം, വ്യാക്ഷേപകം ഇവ മൂന്നിലും പെടാതെ ചില അർഥവിശേഷങ്ങളെ ദ്യോതിപ്പിക്കുന്ന ദ്യോതകപദമാണ് കേവലം.

പ്രകൃതിയും പ്രത്യയവും കൂടിച്ചേർന്ന് പദം രൂപം കൊള്ളുന്നു. കർത്താവിനോ ക്രിയക്കോ പ്രാധാന്യം നൽകണമെങ്കിൽ, പ്രാധാന്യം വേണ്ട പദം വാക്യാരംഭത്തിൽ പ്രയോഗിക്കാം. എന്തിന്റെയെങ്കിലും പേരായ ശബ്ദമാണ് നാമം. സംജ്ഞാനാമം, സാമാന്യനാമം, മേയനാമം,

സമൂഹനാമം എന്നിങ്ങനെ ദ്രവ്യനാമം നാലുവിധം. നാം ചെയ്യുന്ന പ്രവൃത്തിയെക്കുറിക്കുന്ന വ്യാകരണ സംജ്ഞയാണ് ക്രിയ. ഭാഷയിൽ ക്രിയയെ വിഭജിക്കുന്നത് അർഥം നോക്കിയാണ്. കർമ്മമുള്ള ക്രിയ സകർമ്മകം. ഒരു വാക്യത്തിലെ ക്രിയയോട് ആരെ അല്ലെങ്കിൽ എന്തിനെ എന്നു ചോദിച്ചാൽ ഉത്തരം കിട്ടാത്ത ക്രിയയെ അകർമ്മകക്രിയ എന്നുപറയുന്നു. ഒന്നിനും കീഴ്പ്പെടാതെ സ്വതന്ത്രമായി നിൽക്കുന്ന പൂർണ്ണക്രിയയാണ് മുറ്റുവിന. നാമത്തോടോ ക്രിയയോടോ ചേർന്നു നിൽക്കുന്ന ദുർബലക്രിയയ്ക്ക് പറ്റുവിന എന്ന് പറയുന്നു. നാമത്തിനു കീഴടങ്ങി നിൽക്കുന്ന പറ്റുവിനയെ പേരെച്ചം (നാമാംഗം) എന്നുപറയുന്നു. ഒരു ക്രിയാപദത്തിനു കീഴടങ്ങി നിൽക്കുന്ന പറ്റുവിനയെ വിനയെച്ചം (ക്രിയാംഗം) എന്നുപറയുന്നു.

മറ്റു പദങ്ങളോട് ചേർന്നുനിന്നുകൊണ്ട് അതിന്റെ അർഥത്തെ ഭേദിപ്പിക്കുന്നത് ഭേദകം. ഇതിന് വിശേഷണമെന്നും പേരുണ്ട്. രൂപഭേദമുണ്ടാകുന്ന ശബ്ദങ്ങളാണു വാചകം എന്ന വിഭാഗത്തിൽപ്പെടുന്നത്. നാമം, സർവനാമം, ക്രിയ എന്നിവയുടെ മൂലരൂപത്തെ പ്രകൃതി എന്ന് പറയുന്നു. അർഥത്തെകുറിക്കുന്ന അക്ഷരക്കൂട്ടം രണ്ടുവിധത്തിലുണ്ടെന്നു കേരളപാണിനി പറയുന്നു. വാച്യമായ ഒരർഥത്തെ നേരിട്ടു കാണിക്കുന്ന ശബ്ദങ്ങളെയാണ് വാചകമെന്നു പറയുന്നത്. അത് ഒരു ദ്രവ്യത്തേയോ ക്രിയയേയോ ഗുണത്തേയോ നേരിട്ട് അടയാളപ്പെടുത്തുന്നതാകാം. ദ്രവ്യത്തെ സൂചിപ്പിക്കുന്നത് നാമമെന്നും ക്രിയയെ സൂചിപ്പിക്കുന്നത് ക്രിയയെന്നും ഗുണത്തെ കുറിക്കുന്നത് ഭേദകമെന്നും അദ്ദേഹം പിന്നീട് വിശദീകരിക്കുന്നു.

പദങ്ങളെപ്പോലെ സ്വതന്ത്രാർഥമില്ലാത്ത ചില പദങ്ങളുണ്ട്. 'ഓ', 'ഉം' എന്നിങ്ങനെയുള്ള ശബ്ദങ്ങൾ അതിനുദാഹരണങ്ങളാണ്. എന്നാൽ അവയ്ക്ക് പ്രസ്തുത വാക്യത്തിൽ ചേർന്നു നിൽക്കുമ്പോൾ അർഥമുണ്ടുതാനും. 'വാച്യമായ ഒരർഥത്തെ കാണിക്കാതെ രണ്ടുവാചകങ്ങൾ തമ്മിലുള്ള സംബന്ധത്തെ സ്ഫുരിപ്പിക്കുക മാത്രം ചെയ്യുന്നത് ദ്യോതകം' എന്നു കേരളപാണിനി അതിനെ നിർവചിക്കുന്നുണ്ട്. അർഥയുക്തമായ സ്വതന്ത്രപദങ്ങളാണ് ജൈവികമായ ഭാഷയുടെ അടിത്തറയെന്നതിനാൽത്തന്നെ ഭാഷാവ്യാകരണത്തിൽ വാചകശബ്ദമെന്ന വിഭാഗം ഏറെ പ്രാധാന്യമർഹിക്കുന്നുണ്ട്.

വാചകശബ്ദങ്ങളെ നാമം, കൃതി, ഭേദകം എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നുവെന്നു നാം കണ്ടു.

> "നാമാദിയാം വിഭാഗത്തി-
> നെല്ലാമർഥം നിയാമകം'' (കേരളപാണിനീയം, കാരിക: 33)

എന്ന കാരികയിൽ അർഥത്തെ കേരളപാണിനി ഈ ഗണപ്പെടുത്തലിന്റെ അടിസ്ഥാന ഉപാധിയായി വിശദീകരിക്കുന്നുണ്ട്. പദങ്ങളുടെ രൂപപരമായ പ്രത്യേകതയല്ല (ഇന്ന വർഗത്തിലുള്ള പദങ്ങൾ എന്ന രീതിയിൽ) ഈ വിഭജനത്തിനടിസ്ഥാനം എന്ന് അദ്ദേഹം വിശദീകരിക്കുന്നുണ്ട്. ഇവയിലോരോന്നിനും, നാമത്തിൽ ലിംഗവചനവിഭക്തികളാലും ക്രിയയ്ക്കു കാലപ്രകാരാദികളാലും രൂപഭേദമുണ്ടാകുന്നുണ്ടെന്നും കേരളപാണിനി പറയുന്നു.

## Assignments

1. നാമം, കൃതി മുതലായ ഗണപ്പെടുത്തലുകൾക്ക് ഉപാധിയായി കേരളപാണിനി സ്വീകരിച്ചിട്ടുള്ള നയങ്ങൾ ഏതെല്ലാമെന്നു വിശദമാക്കുക.
2. 'മലയാഴ്മയുടെ വ്യാകരണ'ത്തിൽ നാമപദത്തിനു നൽകിയിട്ടുള്ള നിർവചനമെന്തെന്ന് വിവരിക്കുക.
3. ക്രിയാനാമം എന്നാലെന്ത്? ഉദാഹരണസഹിതം വിശദീകരിക്കുക.
4. ഭേദകം എന്നാലെന്ത്? വിഭാഗങ്ങളേതൊക്കെയാണെന്നു ചർച്ച ചെയ്യുക.
5. ദ്രവ്യനാമത്തിന്റെ അവാന്തരവിഭാഗങ്ങളെപ്പറ്റി വിവരിക്കുക.
6. ശേഷഗിരിപ്രഭു സർവനാമത്തിന് നൽകുന്ന നിർവചനത്തെ അപഗ്രഥിക്കുക.
7. മലയാളത്തിലെ നാമവിഭാഗങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
8. ഭേദകത്തിന്റെ ഉൾപ്പിരിവുകൾ ഏതെല്ലാമെന്നു വിശദമാക്കുക.

## Reference


1. എ. ആർ. രാജരാജവർമ്മ, കേരളപാണിനീയം, ഡി. സി. ബുക്സ്, കോട്ടയം.
2. പുതുശ്ശേരിരാമചന്ദ്രൻ (സമ്പാദനം), കേരളപാണിനീയവിമർശനം, കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. സി. വി. വാസുദേവഭട്ടതിരി, കേരളപാണിനീയപാഠങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.
4. ശ്രീകുമാരി കെ., മലയാളത്തിലെ നാമവർഗം, താരതമ്യപഠനസംഘം, ചങ്ങനാശ്ശേരി.
5. എം. ശേഷഗിരിപ്രഭു, വ്യാകരണമിത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ.
6. കെ. സുകുമാരപിള്ള, ആധുനികമലയാളവ്യാകരണം, ഉഷാപബ്ലിക്കേഷൻ, ചടയമംഗലം.


## Suggested Reading


1. സി. ആർ. പ്രസാദ്, വ്യാകരണം, ഡി. സി. ബുക്സ്, കോട്ടയം.
2. എൻ. കെ. മേരി, മലയാളവ്യാകരണസിദ്ധാന്തങ്ങൾ കേരളപാണിനീയത്തിനുശേഷം, താരതമ്യപഠനസംഘം, ചങ്ങനാശ്ശേരി.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

Unit 2

# ലിംഗ - വചന ചർച്ചകൾ

## Learning Outcomes

- 'ലീലാതിലക'ത്തിലെ നാമ, ലിംഗ, വിഭക്തി ചർച്ചകളെക്കുറിച്ചുള്ള ധാരണ നേടുന്നു
- 'കേരളപാണിനീയ'ത്തിലെ നാമ, ലിംഗ, വിഭക്തി ചർച്ചകൾ മനസ്സിലാക്കുന്നു
- മലയാളത്തിലെ ലിംഗപ്രത്യയങ്ങളെക്കുറിച്ച് അറിവുനേടുന്നു
- 'ലീലാതിലക'ത്തിലെയും 'കേരളപാണിനീയ'ത്തിലെയും നാമ, ലിംഗ, വിഭക്തി ചർച്ചകൾ തമ്മിലുള്ള സാജാത്യവ്യത്യാസങ്ങൾ മനസ്സിലാക്കുന്നു
- 'അം' പ്രത്യയത്തിന്റെ ആഗമവിചാരങ്ങളെക്കുറിച്ചുള്ള വിവിധ അഭിപ്രായങ്ങൾ ഗ്രഹിക്കുന്നു

## Background

നാമശബ്ദങ്ങളെ ആൺ, പെൺ, ക്ലീബം (നപുംസകം) എന്നിങ്ങനെ വസ്തുവിനെ വ്യക്തമായി മനസ്സിലാക്കാൻ വ്യാകരണപരമായി ചേരുന്ന രൂപഭേദമാണ് ലിംഗം. ഇതിനെ വ്യക്തമായി കാണിക്കാൻ ചേർക്കുന്ന അടയാളങ്ങളാണ് ലിംഗപ്രത്യയങ്ങൾ. സംസ്കൃതത്തിൽ രൂപമാണ് ലിംഗത്തെ നിർണ്ണയിക്കുന്നത്. മലയാളത്തിൽ അർഥം നോക്കിയാണ് ലിംഗത്തെ നിർവചിക്കുന്നത്. പുംസ്വത്വം പ്രകടിപ്പിക്കുന്നവയെ പുല്ലിംഗശബ്ദമായും സ്ത്രീസ്വത്വം പ്രകടിപ്പിക്കുന്നവയെല്ലാം സ്ത്രീലിംഗശബ്ദവുമായും പരിഗണിക്കുന്നു. പ്രധാനമായും ജീവനുള്ളവയെയാണ് മലയാളം സ്ത്രീ-പുരുഷ ലിംഗവിഭജനത്തിൽ ഉൾപ്പെടുത്തുന്നത്. മലയാളം മനുഷ്യേതര ശബ്ദങ്ങളെ നപുംസക ശബ്ദമായി കണക്കാക്കുന്നു.

നാമങ്ങളിൽ രൂപഭേദം വരുത്താൻ ലിംഗപ്രത്യയം കഴിഞ്ഞാൽ, പിന്നീട് ചേർക്കുന്നത് വചനപ്രത്യയമാണ്. ഒരു നാമത്തിന്റെ എണ്ണത്തെ സൂചിപ്പിക്കാൻ അതിനോട് ചേർക്കുന്ന പ്രത്യയമാണ് വചനം. ഒന്നിനെ സൂചിപ്പിക്കുന്നത് ഏകവചനമെന്നും ഒന്നിലധികമെങ്കിൽ ബഹുവചനമെന്നും പറയുന്നു. രണ്ട് രീതിയിലുള്ള ബഹുവചനവിഭാഗം കൂടി ഭാഷയിൽ ഉണ്ട്. അലിംഗബഹുവചനവും പൂജകബഹുവചനവും.

നാമവിഭാഗത്തിൽ ലിംഗവിവക്ഷകഴിഞ്ഞാൽ ഏറ്റവും പ്രധാനമായ ഒന്നാണ് വചനം. നാമഭേദങ്ങളിൽ രൂപഭേദം വരുത്തുവാൻ ലിംഗപ്രത്യയം കഴിഞ്ഞാൽ ചേർക്കുന്നത് വചനപ്രത്യയമാണ്. നാമശബ്ദംകൊണ്ട് വിവക്ഷിക്കുന്നത് എന്തായാലും അതിന്റെ എണ്ണത്തെ സൂചിപ്പിക്കുവാൻ നാമത്തിനു ചെയ്യുന്ന രൂപഭേദമാണ് വചനമെന്ന് സാമാന്യമായി പറയാം. 'നാം ഏതെങ്കിലും ഒരു വസ്തുവിനെപ്പറ്റി സംസാരിക്കുമ്പോൾ ആ വസ്തു ഒന്നോ അതിലധികമോ എന്നുകാണിക്കുന്നതിനായി അതിനെപ്പറയുന്ന ശബ്ദത്തിനു ചെയ്യുന്ന രൂപഭേദമാകുന്നു വചനം' എന്ന് കേരളപാണിനീയത്തിൽ വചനത്തെ നിർവചിക്കുന്നുണ്ട് (2014 :130).

## Keywords

നാമം - ലിംഗം - വചനം - വിഭക്തി - പ്രത്യയങ്ങൾ - നപുംസകലിംഗത്തിന്റെ സാംഗത്യം - 'അം' പ്രത്യയം.

## Discussion

### നാമത്തോടു ചേരുന്ന പ്രത്യയങ്ങൾ

ശബ്ദവിഭാഗത്തിലെ പ്രധാനപ്പെട്ട ഒന്നായ നാമം അതിന്റെ വ്യാവഹാരികധർമ്മം നിറവേറ്റുമ്പോൾ അതിനു പലതരത്തിൽ രൂപമാറ്റം സംഭവിക്കും. മൂലപ്രകൃതിയിൽ പലമാതിരിയുള്ള പ്രത്യയങ്ങൾ ചേർത്തു പരിഷ്ക്കരിച്ചാണ് ഇതു നിർവഹിക്കുന്നത്. ഈ നാമശബ്ദങ്ങളുടെ അർഥമനുസരിച്ച് അവ ആൺ-പെൺ-നപുംസകങ്ങളാണോയെന്നും എണ്ണമനുസരിച്ചു അതിന്റെ വചനവ്യവസ്ഥയും രൂപപ്പെട്ടുവരുന്നു. നാമപദത്തിനു സംഭവിക്കുന്ന ഈ പ്രത്യേകതകളെ പ്രൊഫ. ആദിനാട് ഗോപി 'മലയാളഭാഷാവ്യാകരണം' എന്ന ഗ്രന്ഥത്തിൽ, "നാമം, കൃതി എന്നീ ശബ്ദങ്ങൾക്ക് രൂപാവലീവിഷയത്തിൽ ഒരു സാദൃശ്യവുമില്ല. നാമത്തിന് അതിന്റെ സ്വന്തം അർഥം നിലനില്ക്കുന്നിടത്തോളം ഒരു പ്രത്യേകവിധത്തിലാണ് രൂപം മാറുന്നത്.

- ▶ നാമത്തിന്റെ പ്രത്യേകതകൾ

1. നാമം, ലിംഗഭേദം കാണിക്കുവാൻ രൂപം മാറും.
2. നാമം, വചനഭേദം നിർദ്ദേശിക്കുവാൻ രൂപമാറ്റത്തിനു വിധേയമാകും.
3. നാമം, കാരകബന്ധം വെളിപ്പെടുത്തുവാൻ രൂപം മാറുന്നു.
4. നാമം, സമസ്തപദങ്ങളാവുമ്പോൾ രൂപത്തിനു മാറ്റം വരാം.
5. നാമങ്ങൾ ക്രിയകളാകുമ്പോഴും രൂപമാറ്റം സംഭവിക്കുന്നു.
6. നാമങ്ങൾ തദ്ധിതമാകുമ്പോഴും മാറ്റങ്ങൾ ഉണ്ടാകുന്നു" എന്ന് ക്രോഡീകരിക്കുന്നുണ്ട് (2009: 204).

### 2.2.1 ലിംഗം - വചനം - വിഭക്തി ചർച്ചകൾ ലീലാതിലകത്തിലും കേരളപാണിനീയത്തിലും

മണിപ്രവാളസാഹിത്യത്തിന്റെ ലക്ഷണഗ്രന്ഥമാണ് 'ലീലാതിലകം.' അതിൽ മണിപ്രവാളഭാഷയുടേയും, മണിപ്രവാള സാഹിത്യത്തിന്റേയും സവിശേഷതകൾ വിവരിച്ചിരിക്കുന്നു. സംസ്കൃതഭാഷയിലാണ് 'ലീലാതിലകം' രചിച്ചിട്ടുള്ളത്. അതിന് മലയാളത്തിൽ ഒന്നിലധികം വിവർത്തനങ്ങളുണ്ടായിട്ടുണ്ട്. ലീലാതിലക രചനാകാലം പതിനാലാം നൂറ്റാണ്ടാണെന്ന് കരുതപ്പെടുന്നു. ലീലാതിലക രചയിതാവ് ആരാണെന്നതിന് ഇനിയും വ്യക്തത ലഭിച്ചിട്ടില്ല. ആകെ എട്ട് ശില്പങ്ങളാണ് ലീലാതിലകത്തിലുള്ളത്. ആദ്യത്തെ മൂന്നു ശില്പങ്ങളിൽ മണിപ്രവാളത്തിന്റെ ബാഹ്യശരീരമായ ഭാഷയെക്കുറിച്ചാണ് ചർച്ച ചെയ്യുന്നതെന്ന് സാമാന്യമായിപ്പറയാം. 4-ാം ശില്പം കാവ്യദോഷനിരൂപണത്തിനും 5-ാം ശില്പം കാവ്യഗുണ നിരൂപണത്തിനും ആറും ഏഴും ശില്പങ്ങൾ യഥാക്രമം ശബ്ദാർഥാലങ്കാര ചർച്ചകൾക്കും, എട്ട് രസ നിരൂപണത്തിനുമായി മാറ്റിവച്ചിരിക്കുന്നു. സൂത്ര-വൃത്തിസമ്പ്രദായത്തിലാണ് ലീലാതിലകത്തിന്റെ രചന.

- ▶ മണിപ്രവാള ലക്ഷണഗ്രന്ഥമായ ലീലാതിലകത്തിന് എട്ടു ശില്പങ്ങളാണുള്ളത്.

'കേരളപാണിനീയം' എന്ന വ്യാകരണകൃതി രചിച്ചത് എ. ആർ. രാജരാജവർമ്മയാണ്. 1896 ൽ ആദ്യ പതിപ്പും 1917-ൽ രണ്ടാമത്തെ പതിപ്പും പുറത്തിറങ്ങിയ ഈ കൃതി മലയാളത്തിൽ ഇന്നും ആധികാരികമായ വ്യാകരണഗ്രന്ഥമാണ്. സംസ്കൃത വ്യാകരണ ഗ്രന്ഥമായ 'പാണിനീയ' ശൈലിയിലായിരുന്നു കേരളപാണിനീയത്തിന്റെ ആദ്യ പതിപ്പ്. ആദ്യ പതിപ്പു പ്രസിദ്ധീകരിച്ചു കഴിഞ്ഞ് ഇരുപത്തൊന്നു വർഷം കഴിഞ്ഞാണ് രണ്ടാം പതിപ്പ് വരുന്നത്. പൂർണ്ണമായി പൊളിച്ചെഴുതിയ രീതിയിലാണ് രണ്ടാം പതിപ്പ് പുറത്തിറങ്ങിയത്. കാരികയും വിശദീകരണവുമായാണ് ഈ ഗ്രന്ഥത്തിന്റെ ഘടന. മലയാളഭാഷയുടെ ഉൽപ്പത്തി മുതലുള്ള വ്യാകരണ വിഷയങ്ങൾ കേരളപാണിനീയത്തിൽ വിശദമായി ചർച്ച ചെയ്യപ്പെടുന്നു.

- കേരളപാണിനീയം-മലയാളത്തിലെ ആധികാരിക വ്യാകരണ ഗ്രന്ഥം

ലീലാതിലകത്തിലെ രണ്ടാമത്തെ ശില്പത്തിലാണ് ലിംഗ-വചന-വിഭക്തി ചർച്ച അടങ്ങിയിരിക്കുന്നത്. സൂത്രം 20-ൽ ഭാഷയിൽ അർഥവിശേഷമുണ്ടാക്കുന്നതിന് പ്രത്യയഭേദങ്ങൾ ഉണ്ടെന്ന് പറയുന്നു. പരഭാഗവിശേഷണം എന്നാണ് വിഭക്തിയെ ലീലാതിലകകാരൻ വിശേഷിപ്പിക്കുന്നത്. വിഭക്തി പ്രത്യയങ്ങളും ലിംഗ-വചനപ്രത്യയങ്ങളുമാണ് അർഥവിശേഷമുണ്ടാക്കുന്നത്. സൂത്രം 21-ൽ ഭാഷയിൽ എട്ടു വിഭക്തികളും മൂന്ന് ലിംഗപ്രകാരങ്ങളും രണ്ടു വചനവും ഉണ്ട് എന്ന് 'സോ്ഷ്ടധാ ത്രിധാ ദ്വിധാ ച' എന്ന സൂത്രത്തിലൂടെ ലീലാതിലകകാരൻ വ്യക്തമാക്കുന്നു. നാമം അർഥമാക്കുന്ന വസ്തുവിനുള്ള പുരുഷൻ, സ്ത്രീ, നപുംസകം എന്നീ വിഭാഗത്തെയാണ് ലിംഗം എന്ന് പറയുന്നത്. മലയാളത്തിലെ ലിംഗവ്യവസ്ഥ അർഥമനുസരിച്ചാണ്. വിശേഷബുദ്ധി ഇല്ലാത്ത ജീവികളെയും ഭാഷയിൽ നപുംസകമായി ഗണിക്കുന്നു. സ്ത്രീലിംഗം, പുല്ലിംഗം, നപുംസകലിംഗം എന്നിങ്ങനെയാണ് ലീലാതിലകത്തിലെ ലിംഗവിഭജനം. ഇതേ വിഭജനം തന്നെയാണ് കേരളപാണിനിയും സ്വീകരിച്ചിരിക്കുന്നത്. സ്ത്രീലിംഗത്തിന് 'ൾ' എന്നും 'ഇ' എന്നും പുല്ലിംഗത്തിന് 'ൻ' എന്നും നപുംസകലിംഗത്തിന് 'മ്', 'തു' എന്നുമാണ് ലീലാതിലകകാരൻ പ്രത്യയങ്ങൾ നൽകുന്നത്. ലീലാതിലകകാരൻ നൽകുന്ന പ്രത്യയവിശേഷങ്ങൾ താഴെ നൽകിയിരിക്കുന്നു.

- മലയാളത്തിലെ ലിംഗവ്യവസ്ഥ അർഥമനുസരിച്ചാണ്

ഉദാ: അവൾ വന്നാൾ - സ്ത്രീലിംഗം ('ൾ' പ്രത്യയം ) - നാമപദമല്ലാത്ത സ്ത്രീലിംഗ ശബ്ദം

ചെട്ടിച്ചി, ശൂദ്രത്തി - സ്ത്രീലിംഗം ('ഇ' പ്രത്യയം ) - ജാതി ശബ്ദങ്ങളിലെ സ്ത്രീലിംഗം

അവൻ, മാധവൻ, വന്നാൻ - പുല്ലിംഗം - ('ൻ' പ്രത്യയം )

മരം, പാലം - നപുംസകലിംഗം ('മ്' പ്രത്യയം) - അകാരാന്ത നപുംസകം(അം)

- ലീലാതിലക ലിംഗ പ്രത്യയ വിഭജനം

അതു, ഇതു, ഏതു - നപുംസകലിംഗം ('തു' പ്രത്യയം) - ചുട്ടെഴുത്തുകൾക്ക്

കേരളപാണിനി ലിംഗപ്രത്യയങ്ങളെ തനിനാമത്തിൽ 'അൻ', 'ഇ', 'അം' എന്നും സർവനാമത്തിൽ 'അൻ', 'അൾ', 'തു' എന്നും വിഭജിക്കുന്നു.

ഉദാ: അൻ, ഇ, അം- കേമൻ, കേമി, കേമം (തനിനാമം)

അൻ, അൾ, തു - അവൻ, അവൾ, അതു (സർവനാമം)

ആഖ്യാതങ്ങളോട് ചേരുമ്പോൾ 'ആൻ', 'ആൾ' എന്ന് പുംസ്ത്രീ ലിംഗങ്ങൾ ദീർഘിക്കും എന്നും സ്ത്രീലിംഗത്തിന് 'ഇ' പോലെ തന്നെ 'ത്തി' എന്ന പ്രത്യയം കൂടിയുണ്ടെന്നും കേരളപാണിനി പറയുന്നു. ഉദാ: പണിക്കാരൻ-പണിക്കാരത്തി, വേലക്കാരൻ-വേലക്കാരത്തി, വേലക്കാരി.

'ത്തി' ക്ക് താലവ്യാദേശം (ഒരു താലവ്യ സ്വരത്തിനു പിന്നിലായി തവർഗം വന്നാൽ സ്വരത്തിന്റെ താലവ്യത്വം 'ത'വർഗത്തെക്കൂടി ബാധിച്ച് അതിനെ 'ച'വർഗമാക്കും) വന്ന് 'ച്ചി' എന്നാകും. ഉദാ: തടിയൻ-തടിച്ചി, മടിയൻ-മടിച്ചി.

▶ കേരളപാണിനീയം ലിംഗപ്രത്യയവിഭജനം

'ആട്ടി' എന്നൊരു സ്ത്രീലിംഗത്തെക്കുറിച്ചു കൂടി കേരളപാണിനി പറയുന്നുണ്ട്. ഉദാ: തമ്പുരാൻ-തമ്പുരാട്ടി, മണവാളൻ-മണവാട്ടി. നപുംസകലിംഗ പ്രത്യയമായ 'അം' നെക്കുറിച്ച് വിശദമായ ചർച്ച 'കേരളപാണിനീയ'ത്തിലുണ്ട്. അത് പിന്നീടുള്ള ഭാഗങ്ങളിൽ വരുന്നതിനാൽ ഇവിടെ ചേർക്കുന്നില്ല.

## 2.2.2 ലിംഗവ്യവസ്ഥ മലയാളത്തിലും സംസ്കൃതത്തിലും

'പുരുഷൻ, സ്ത്രീ, നപുംസകം എന്ന ലോകത്തിൽ പ്രസിദ്ധമായ വിഭാഗത്തിനു തന്നെയാണ് ഭാഷയിൽ ലിംഗം (gender) എന്നു പറയുന്ന'തെന്ന് കേരളപാണിനി ഇതിനെ നിർവചിക്കുന്നുണ്ട്. ലോകത്തിൽ ജീവനുള്ള വസ്തുക്കൾ പരിശോധിച്ചാൽ അവ പുരുഷ/സ്ത്രീ വിഭാഗത്തിലുൾപ്പെടുന്നവയാണ്; അല്ലാത്തവയാകട്ടെ നപുംസകത്തിലും.

ഉദാ: അവൻ (പു), കാട്ടാളൻ (പു), അവൾ (സ്ത്രീ), കാട്ടാളത്തി (സ്ത്രീ), അത് (നപും), കല്ല് (നപും).

▶ ലിംഗവ്യവസ്ഥ സംസ്കൃതത്തിലും മലയാളത്തിലും

മലയാളത്തിലെ ലിംഗവ്യവസ്ഥ പരിശോധിക്കുമ്പോൾ അതു സംസ്കൃതഭാഷയിലേതിൽ നിന്നും വ്യത്യസ്തമാണെന്നു വ്യാകരണപഠിതാക്കളെല്ലാം സമ്മതിച്ചിട്ടുണ്ട്. മുമ്പു നൽകിയ ഉദാഹരണങ്ങളിലേതുപോലെയുള്ള അർഥഭേദമല്ല സംസ്കൃതഭാഷയിൽ ലിംഗവ്യവസ്ഥയ്ക്ക് അടിസ്ഥാനം. ഈ ശബ്ദങ്ങളുടെ രൂപമാണ് സംസ്കൃതഭാഷയിൽ ലിംഗവ്യവസ്ഥയ്ക്ക് ആധാരമായിട്ടുള്ളത്. അതായത് ശബ്ദത്തിന്റെ രൂപംനോക്കിയാണ് സംസ്കൃതത്തിൽ ലിംഗനിർണ്ണയം നടത്തുന്നതെന്നർഥം. സൂക്ഷ്മാർഥത്തിൽ പറയുകയാണെങ്കിൽ സംസ്കൃതഭാഷയിൽ വ്യാകരണപരമായ ലിംഗവ്യവസ്ഥയാണെന്നു കാണാം.

ഉദാ: ഘടഃ (സംസ്കൃതം), കുടം (മലയാളം)

നദീ (സംസ്കൃതം), നദി (മലയാളം)

മലയാളഭാഷയിൽ അചേതനങ്ങളായ നദി, കുടം എന്നീ പദങ്ങൾ നപുംസകമാവുമ്പോൾ അതേപദങ്ങളുടെ സംസ്കൃതരൂപങ്ങളാകട്ടെ സംസ്കൃതഭാഷയിൽ യഥാക്രമം പുല്ലിംഗ, സ്ത്രീലിംഗ ശബ്ദങ്ങളാണ്.

## 2.2.3 മലയാള ലിംഗപ്രത്യയങ്ങളുടെ ആഗമ വിചാരം

കേരളപാണിനീയത്തിലുൾപ്പടെയുള്ള മലയാളം വ്യാകരണകൃതികളിലെ ലിംഗവ്യവസ്ഥയെപ്പറ്റിയുള്ള ചർച്ചകൾ പരിശോധിക്കുമ്പോൾ അവ അവ്യവസ്ഥിതവും സങ്കീർണ്ണവുമാണെന്നു കാണാം. ഭാഷയിലെ ലിംഗഭേദനിർണ്ണയത്തിനു അവയുടെ ആർഥികധർമ്മമാണോ വ്യാകരണധർമ്മമാണോ നിയമകം എന്ന ചർച്ചയ്ക്കു മുൻപ് മലയാളത്തിൽ സാമാന്യം അംഗീകരിച്ചിട്ടുള്ള ലിംഗപ്രത്യങ്ങളേതൊക്കെയെന്നു പരിശോധിക്കേണ്ടതുണ്ട്. 'കേരളപാണിനീയ'ത്തിൽ നൽകിയിട്ടുള്ള ലിംഗപ്രത്യയങ്ങൾ ഇവയാണ്.

▶ കേരളപാണിനീയത്തിലെ ലിംഗ പ്രത്യയ വിഭജനം

| പദം | പുല്ലിംഗം | സ്ത്രീലിംഗം | നപുംസകലിംഗം |
|---|---|---|---|
| തനിനാമം | അൻ - കേമൻ | ഇ - കേമി | അം - കേമം |
| സർവനാമം | അൻ - അവൻ | അൾ - അവൾ | തു - അതു |
| ആഖ്യാതം | ആൻ - ചെയ്താൻ | ആൾ - ചെയ്താൾ | തു - ചെയ്തതു |

ദ്രാവിഡഭാഷയിൽ ക്രിയാപദങ്ങളോടു കൂടിയും ലിംഗവചന പ്രത്യങ്ങൾ ചേർത്തു പൊരുത്തപ്പെടുത്തുകയെന്നൊരു പതിവുണ്ടായിരുന്നതിനാലാണ് നാമപദമല്ലാത്ത ആഖ്യാതങ്ങളെക്കൂടി കേരളപാണിനി ഈ പട്ടികയിലുൾപ്പെടുത്തിയിരിക്കുന്നത്. കേമൻ, കള്ളൻ മുതലായ തനിനാമശബ്ദങ്ങളിൽ പുല്ലിംഗ, സ്ത്രീലിംഗ, നപുംസകലിംഗശബ്ദങ്ങൾക്ക് യഥാക്രമം 'അൻ', 'ഇ', 'അം' എന്നീ പ്രത്യയങ്ങളും സർവനാമങ്ങളിലാകട്ടെ 'അൻ', 'അൾ', 'തു' എന്നീ പ്രത്യയങ്ങളും ആഖ്യാതത്തിൽ അതു ദീർഘിച്ച് 'ആൻ', 'ആൾ', 'തു' എന്നീ പ്രത്യയങ്ങളുമാണെന്ന് കേരളപാണിനി കാരിക 43 ൽ പറയുന്നു.

കേരളപാണിനീയത്തിൽ നൽകിയിട്ടുള്ള ഈ പ്രത്യയങ്ങളിൽനിന്നും ഭിന്നമായി പല പ്രത്യയരൂപങ്ങളും മലയാളത്തിൽ കാണാവുന്നതാണ്. മലയാള വ്യാകരണഗ്രന്ഥങ്ങളോരോന്നും പരിശോധിക്കുമ്പോൾ പല രീതിയിൽ ഇതിനെ അടയാളപ്പെടുത്തിയിട്ടുണ്ടെന്നും കാണാം. ഉദാഹരണമായി:

**ഗുണ്ടർട്ട്:**

പുല്ലിംഗം- 'അൻ'

സ്ത്രീലിംഗം - 'അൾ' ( ആൾ), 'ത്തി' (ച്ചി, ട്ടി, റ്റി), 'ഇ', 'അ' (സംസ്കൃതത്തിലെ 'ആ' പ്രത്യയം കുറുക്കി)

നപുംസകം -'അം', 'ഉ'

**ജോർജ് മാത്തൻ:**

പുല്ലിംഗം -'അൻ', 'ആൻ', 'ആളൻ'

സ്ത്രീലിംഗം - 'അൾ', 'അ', 'ഇ', 'നി', 'ത്തി', 'ച്ചി', 'ട്ടി', (സംസ്കൃതത്തിലെ സ്ത്രീലിംഗരൂപങ്ങളെക്കൂടി കൂട്ടിയാണ് ജോർജ്മാത്തൻ പ്രതിസംഖ്യ കൂട്ടിയിരിക്കുന്നത്.

നിർലിംഗം - 'അതു', 'കൾ', 'അം.'

**പാച്ചുമൂത്തത്:**

പുല്ലിംഗം -'അൻ', 'ൻ'

സ്ത്രീലിംഗം -'അ', 'ഇ', 'ഉ', 'തി', 'ചി', 'ആൾ', 'ശി'

നപുംസകം – പ്രത്യയമില്ല

**ശേഷഗിരിപ്രഭു:**

പുല്ലിംഗം – 'അൻ', 'ആൻ', 'ഓൻ'

സ്ത്രീലിംഗം –'അൾ', 'ആൾ', 'ഓൾ', 'ഇ', 'തി'

നപുംസകം - 'അം'. 'തി' പ്രത്യയത്തിന് 'ത്തി', 'ച്ചി','ട്ടി' എന്നീ രൂപങ്ങൾ വരും.

▶ ലിംഗപ്രത്യയ വിഭജനം – ഗുണ്ടർട്ട്, ജോർജ് മാത്തൻ, പാച്ചുമൂത്തത്, ശേഷഗിരിപ്രഭു

മലയാളത്തിലെ നാമപദങ്ങളിൽനിന്ന് അർഥസൂചനകൊണ്ട് ലിംഗവിവക്ഷ നൽകുന്ന പദങ്ങളിലെ വ്യത്യസ്തരൂപങ്ങൾ പരിശോധിച്ചാണ് ഇത്രയും രൂപങ്ങൾ പല പണ്ഡിതരും അടയാളപ്പെടുത്തുന്നത്. തനിനാമത്തിലും സർവനാമത്തിലും സാമാന്യമായി കാണുന്ന പ്രത്യയങ്ങളെ അടയാളപ്പെടുത്തിയശേഷം കേരളപാണിനി ചില സവിശേഷവിധികളിലൂടെ ഇതിലെ പലതിനേയും ലിംഗപ്രത്യയ പദവിയിലേക്ക് കൊണ്ടുവരുന്നുണ്ട്.

'ആശാൻ' മുതലായ ബഹുമാനസൂചകപദങ്ങളിൽ 'ആൻ', 'ആൾ' എന്നീ പ്രത്യയങ്ങളാണ് പുല്ലിംഗ സ്ത്രീലിംഗപദങ്ങൾക്കു ചേരുകയെന്നു പറയുന്ന എ. ആർ, സ്വാമിയാർ, വാധ്യാർ മുതലായ അധികബഹുമാനസൂചകമായ പദങ്ങളിൽ രണ്ടു ലിംഗത്തിനും ബഹുവചനരൂപം ചേർത്ത് 'ആർ' എന്ന പ്രത്യയം വരുമെന്നും പറയുന്നുണ്ട്. അതുകൂടാതെ 'കേരളപാണിനീയ'ത്തിൽ കാണുന്ന സവിശേഷവിധികൾ:

1. ചില ശബ്ദങ്ങളിൽ സ്ത്രീലിംഗ പ്രത്യയം 'ത്തി' എന്നായിട്ടുവരും.
   ഉദാഹരണം: പണിക്കാരൻ-പണിക്കാരത്തി
2. 'ത്തി' പ്രത്യയത്തിനു മുന്നിലെ വർണ്ണം താലവ്യമാണെങ്കിൽ താലവ്യമായ 'ച'കാരം ആദേശം വന്ന് 'ച്ചി' എന്നാകും
   ഉദാഹരണം: തടിയൻ-തടിച്ചി (തടിയത്തി എന്നും പ്രയോഗമുണ്ട്) മടിയൻ- മടിച്ചി (മടിയത്തി എന്നും പ്രയോഗമുണ്ട്)
3. 'തമ്പുരാട്ടി' മുതലായ സ്ത്രീലിംഗപദങ്ങളിൽ കാണുന്ന 'ആട്ടി' എന്നതും ഈ പ്രത്യയമായ 'ത്തി' തന്നെയാണ് എന്ന് എ. ആർ. പറയുന്നു. 'ആളുന്ന' (ഭരിക്കുന്ന) എന്നർഥത്തിൽ ആൾ+ത്തി എന്ന രൂപവും അതിൽ 'ത'കാരത്തിന് മൂർദ്ധന്യാദേശം വന്ന് ആൾ+ട്ടി പിന്നെ 'ള' കാരത്തിനും മൂർദ്ധന്യാദേശം വന്ന് 'ആട്ടി' എന്നുമായതാണ്.

▶ കേരളപാണിനീയത്തിലെ സവിശേഷവിധികൾ

4. കൃതന്തശബ്ദങ്ങളിലും തദ്ധിതാന്തശബ്ദങ്ങളിലും നപുംസകത്തി

നുകൂടി 'അൻ' പ്രത്യയം വരും.
ഉദാഹരണം: തെക്കൻ കാറ്റ്, തടിയൻ മരം

### 2.2.4 ലിംഗവചനപ്രത്യയങ്ങൾ

- ▶ നാമത്തിന് ലിംഗവചനവിഭക്തിഭേദം വെളിപ്പെടുത്തുവാനും കാരകബന്ധം വെളിപ്പെടുത്തുവാനും സമസ്തപദരൂപീകരണത്തിനുമാണ് രൂപഭേദം വരുന്നത്

ശബ്ദവിഭാഗത്തിലെ പ്രധാനഗണമായ നാമശബ്ദങ്ങളുടെ രൂപപരവും വ്യാകരണപരവുമായ സവിശേഷതകളാണ് ഇതുവരെ ചർച്ച ചെയ്തത്. ഈ രൂപപരിണാമങ്ങളെല്ലാം തന്നെ നിയതമായ ഘടനയോടുകൂടിയതും പൂർവാപരപൊരുത്തത്തോടു കൂടിയിട്ടുള്ളതുമാകുന്നു. നാമത്തിന് ലിംഗവചനവിഭക്തിഭേദം വെളിപ്പെടുത്തുവാനും കാരകബന്ധം വെളിപ്പെടുത്തുവാനും സമസ്തപദരൂപീകരണത്തിനുമാണ് പ്രധാനമായും രൂപഭേദം വരുന്നത്. ഇതു ചില സവിശേഷഘടനയോടുകൂടിയാണ് സംഭവിക്കുന്നത്. നാമപദങ്ങളിൽ സവിശേഷമായി ചേരുന്ന ലിംഗവചനപ്രത്യയങ്ങൾ ക്രിയകളോടും ചേർക്കുന്ന പതിവ് ഭാഷയിൽ ആദ്യകാലത്തുണ്ടായിരുന്നു.

"ലിംഗസംഖ്യാകൃതം ഭേദ-
മാദ്യത്തിൽ ചുട്ടെഴുത്തിന്
ജനിച്ചിരിക്കണമതിൻ-
വ്യാപ്തിതാൻ ശേഷമുള്ളതിൽ''(കേരളപാണിനീയം, കാരിക: 53)

എന്ന കാരികയുടെ വിശദീകരണത്തിൽ ക്രിയകളോടു ലിംഗവചനപ്രത്യയങ്ങൾ ചേരുന്നതിനെപ്പറ്റി കേരളപാണിനി ചർച്ച ചെയ്യുന്നുണ്ട്. ഇൻഡോ-യൂറോപ്യൻ ഭാഷകളിലേതുപോലുള്ള പ്രത്യയസംഖ്യകളുടെ ബാഹുല്യം ദ്രാവിഡഭാഷകളിലില്ലെന്നു പറയുന്ന കേരളപാണിനി ലിംഗവചനവിഭക്തിപ്രത്യയങ്ങൾ മേൽക്കുമേൽ വന്നുള്ള രൂപപരിണാമംതന്നെ അത്യാവശ്യമുള്ളിടത്തേ പതിവുള്ളൂ എന്നും പറയുന്നു. അതായത് ഏകവചനം സ്വതസിദ്ധമായതിനാൽ ഭാഷയിൽ അതിന് പ്രത്യയം ഒഴിവാക്കി. ലിംഗഭേദം സ്വയമേവ കാണിക്കുന്ന നാമപദങ്ങളിൽ അതിന്റെ പ്രത്യയവും (ഉദാ - തന്ത, തള്ള) ഒഴിവാക്കുന്നു. ഇപ്രകാരം ചിന്തിക്കുമ്പോൾ സർവനാമങ്ങളിലാണ് ഇത് അത്യാവശ്യമായി വരുന്നത് എന്നു മനസ്സിലാകും. അതിനാൽ തന്നെ ലിംഗവചനവിഭക്തി പ്രത്യയങ്ങൾ 'ചുട്ടെഴുത്തിൽ' (സർവനാമങ്ങളിൽ) ആയിരിക്കാം ആദ്യം ഉപയോഗിച്ചു തുടങ്ങിയതെന്ന് കേരളപാണിനി നിരീക്ഷിക്കുന്നു.

- ▶ ലിംഗവചനവിഭക്തി പ്രത്യയങ്ങൾ 'ചുട്ടെഴുത്തിൽ' ആയിരിക്കാം ആദ്യം ഉപയോഗിച്ചു തുടങ്ങിയത്

ലിംഗവചനഭേദം ചെയ്ത സർവനാമങ്ങളെ വാക്യത്തിന്റെ ആദിയിൽ പ്രയോഗിക്കുന്നതിനുപകരമായി ആഖ്യാതങ്ങളുടെ ഒടുവിൽ ചേർത്തുപയോഗിച്ചു തുടങ്ങിയിരിക്കാമെന്നു കേരളപാണിനി വിശദീകരിക്കുന്നു.

വന്താൻ - അവൻ വന്നു
വന്താൾ - അവൾ വന്നു
വന്താർ - അവർ വന്നു

മുതലായ രൂപങ്ങൾ അതിന് ഉദാഹരണങ്ങളാണ്. ആഖ്യാതങ്ങളോടു ലിംഗവചനപ്രത്യയങ്ങൾ ചേർത്തുപയോഗിക്കുന്ന രീതി അങ്ങിനെ

യായിരിക്കാം വന്നതെന്ന് അദ്ദേഹം ഊഹിക്കുന്നു. പിന്നീട് കർത്താവിലും ആഖ്യാതത്തിലും പൊരുത്തപ്പെടുത്തി ഈ രീതി ഉപയോഗിച്ചു തുടങ്ങി. പിൽക്കാലത്ത് ഈ പുരുഷഭേദ പ്രത്യയങ്ങളെ മലയാളം ഉപേക്ഷിച്ചുവെന്നും അതൊരു നവപ്രവർത്തനമായിരുന്നെന്നും കേരളപാണിനി പീഠികയിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ പരിവർത്തനത്തെയാണ് 'പുരുഷഭേദനിരാസം' എന്ന് എ. ആർ. പേരിട്ട് വിളിച്ചത്. ഈ കാരികയിലെ വിശദീകരണത്തിനും പീഠികയിലെ നിരീക്ഷണത്തിനുമുള്ള പല പൊരുത്തക്കേടുകളും പിൽക്കാല വ്യാകരണപഠിതാക്കൾ ചൂണ്ടികാണിച്ചിട്ടുണ്ട്.

▶ പുരുഷഭേദ പ്രത്യയങ്ങളെ മലയാളം ഉപേക്ഷിച്ചു

കേരളപാണിനീയം പീഠികയിൽ എ. ആർ പുരുഷഭേദത്തിന് "തമിഴിലെ കാലവാചകങ്ങളായ ആഖ്യാതങ്ങൾക്ക് കർത്താവിനോടുള്ള പൊരുത്തങ്ങൾക്കുവേണ്ടി ലിംഗം, പുരുഷൻ, വചനം ഇതുകളെ ചേർത്തു രൂപഭേദം വരുത്താറുണ്ട്'' എന്നു നിർവചനം നൽകുന്നുണ്ട്. എന്നാൽ മലയാളഭാഷ ഇതെല്ലാം ഒന്നോടെ നിരസിച്ചുവെന്ന് പുരുഷഭേദനിരാസത്തിൽ പറയുന്ന അദ്ദേഹം 53-ാം കാരികയുടെ വിശദീകരണത്തിൽ ദ്രാവിഡഭാഷകളിൽ ക്രിയാപദങ്ങളിലെ ലിംഗവചനപ്രത്യയങ്ങൾ ചേർത്തുകൊണ്ടുള്ള പൊരുത്തമെന്ന രീതി തുടങ്ങുന്ന ഘട്ടത്തിനുമുമ്പേ മലയാളം പുതിയ ഭാഷയായി പിരിഞ്ഞിരിക്കാമെന്നും പ്രസ്താവിക്കുന്നുണ്ട്.

▶ ലിംഗവചനപ്രത്യയങ്ങൾ ചേർക്കുന്നതിനുമുമ്പ് ലിംഗവചനപ്രത്യയങ്ങൾ ചേർക്കുന്നതിനുമുമ്പ് മലയാളം പുതിയ ഭാഷയായി പിരിഞ്ഞിരിക്കാം

ലിംഗവചനങ്ങളെപ്പോലെത്തന്നെ പ്രധാനമാണ് വാക്യത്തിൽ വിഭക്തി ചേരുന്ന വിധവും. വിഭക്തിയുടെ സവിശേഷവ്യവഹാരങ്ങളെ മുൻ യൂണിറ്റിൽ സവിസ്തരം പഠിച്ചിട്ടുണ്ട്. ഏതൊരു വാക്യത്തിലും പ്രധാനമായി പരിഗണിക്കേണ്ടുന്ന ഘടകങ്ങളാണ് നാമവും ക്രിയയും. നാമവും ക്രിയയും തമ്മിലുള്ള ബന്ധവിവക്ഷകളെ അടിസ്ഥാനമാക്കിയാണ് ആകാംക്ഷാപൂർത്തിയെന്ന വാക്യത്തിന്റെ പൂർണ്ണത രൂപപ്പെട്ടു വരുന്നത്. പാണിനി മുതലായവരുടെ വ്യാകരണവ്യവസ്ഥയിലെ മുഖ്യസങ്കല്പങ്ങളിലൊന്ന് നാമ-ക്രിയാ ബന്ധസൂചകങ്ങളായ കാരകമെന്ന സങ്കല്പമാവാനുള്ള ഹേതുവും അതാകാം. കാരകങ്ങളും വിഭക്തികളും ഏറെ സമാനതകൾ പുലർത്തുന്നവയാണ്. വാക്യത്തിലെ നാമവും ക്രിയയും തമ്മിലുള്ളതും അല്ലെങ്കിൽ നാമങ്ങൾക്ക് മറ്റു പദങ്ങളോടുള്ളതുമായ സംബന്ധത്തെ കാണിക്കുന്ന പ്രത്യയം വിഭക്തിയും അവയുടെ ആർഥികബന്ധം കാരകവുമാകുന്നു.

▶ വാക്യത്തിലെ പ്രധാനഘടകങ്ങളാണ് നാമവും ക്രിയയും

## നപുംസകലിംഗം

## ('അം' അംഗപ്രത്യയമോ ലിംഗപ്രത്യയമോ?)

ലിംഗപ്രത്യയങ്ങളുടെ വിഭാഗത്തിൽ മലയാളത്തിൽ ഏറ്റവുമധികം ചർച്ച നടന്നിട്ടുള്ളത് നപുംസകലിംഗപ്രത്യയത്തെ സംബന്ധിച്ചാണ്. അർഥപരമായി ഗണപ്പെടുത്തുമ്പോൾ നപുംസകലിംഗമെന്ന ഒരു ഗണപ്പെടുത്തലിൽ ഒരു പ്രത്യയത്തിന്റെ ആവശ്യമുണ്ടോയെന്ന അടിസ്ഥാനചോദ്യത്തിൽനിന്നുതന്നെ ചർച്ച തുടങ്ങുന്നുണ്ട്. നപുംസകലിംഗവിവക്ഷയുള്ള പദങ്ങളുടെ അവസാനത്തിൽ കാണുന്ന 'അം' എന്നതിനെയാണ് കേരളപാണിനിയെപ്പോലുള്ളവർ നപുംസകലിംഗപ്രത്യയമായി കണക്കാക്കിയിട്ടുള്ളത്.

> ▶ 'അം' എന്നതിനെയാണ് നപുംസകലിംഗപ്രത്യയമായി കണക്കാക്കുന്നു.

ലിംഗപ്രത്യയങ്ങളുടെ ചർച്ചയിൽ പ്രധാനമായും നപുംസകലിംഗ പ്രത്യയത്തിന്റെ കാര്യത്തിൽ കാൽഡ്വൽ ഉൾപ്പടെയുള്ള പൂർവപഠിതാക്കളുടെ അഭിപ്രായങ്ങൾ പൂർവപക്ഷമായി അവതരിപ്പിച്ച് അതിനെ ഖണ്ഡിച്ചുകൊണ്ടാണ് 'അം' ലിംഗപ്രത്യയമാണെന്ന തന്റെ അഭിപ്രായം കേരളപാണിനി അവതരിപ്പിക്കുന്നത്. കാൽഡ്വലിന്റെ അഭിപ്രായങ്ങളെ പ്രൊഫ. സുന്ദരം ധനുവച്ചപുരം ഇങ്ങനെ സംഗ്രഹിക്കുന്നു.

## കാൽഡ്വലിന്റെ അഭിപ്രായം

1. നപുംസകം എന്നാൽ അലിംഗം ആണല്ലോ? അതായത് പുല്ലിംഗമല്ലാത്തതും സ്ത്രീലിംഗമല്ലാത്തതും. പുല്ലിംഗത്തിന് പ്രത്യേകം പ്രത്യയമുണ്ട്. സ്ത്രീലിംഗത്തിനും പ്രത്യേകം പ്രത്യയം ഉണ്ട്. അതുകൊണ്ടു തന്നെ നപുംസകത്തെ തിരിച്ചറിയുവാൻ പ്രത്യേകം പ്രത്യയം ആവശ്യമില്ലല്ലോ.

2. ഒഴിച്ചുകൂടാൻ വയ്യാത്ത സന്ദർഭത്തിൽ മാത്രമാണ് പുംസ്ത്രീകൾക്കു പോലും ലിംഗപ്രത്യയം ഉപയോഗിക്കുന്നത്. അർഥം കൊണ്ടു തന്നെ പുംസ്ത്രീത്വം വ്യക്തമാക്കുന്ന ശബ്ദങ്ങളോട് പ്രത്യയം ചേർക്കാറുമില്ല. ഉദാഹരണം: തന്ത, തള്ള

3. അതിനാൽ 'അം' എന്ന് കാണുന്ന പ്രത്യയം തീർച്ചയായും അംഗപ്രത്യയം ആകുന്നു. ലിംഗവാചിയായ പ്രത്യയം അല്ല. അനങ്ങുക, ആടുക എന്നീ ക്രിയകളിൽ നിന്നുണ്ടാകുന്ന അനക്കം, ആട്ടം എന്നീ രൂപങ്ങളിൽ 'അം' ലിംഗപ്രത്യയമല്ലല്ലോ? അവിടെ 'അം' കൃതികൃത്ത് പ്രത്യയം എന്ന രീതിയിലാണ് വരുന്നത്.

4. 'അം' എന്നൊരു ലിംഗപ്രത്യയം ഉണ്ടായിരുന്നുവെങ്കിൽ 'മരത്തിന്റെ', 'മരത്താൽ' ഇത്യാദിരൂപങ്ങളിൽ 'അം' കാണണമായിരുന്നല്ലോ?. നാമപദങ്ങളോട് ആദ്യം ലിംഗപ്രത്യയം പിന്നീട് മറ്റു പ്രത്യയങ്ങൾ എന്നാണല്ലോ പ്രയോഗിക്കാറുള്ള മുറ. ഉദാഹരണം: രാമനെ, രാമനാൽ. മകളെ, മകളാൽ. മരത്തിന്റെ, മരത്താൽ എന്നീ രൂപങ്ങളിൽ നപുംസകലിംഗപ്രത്യയം കാണുന്നില്ലല്ലോ.

> ▶ നപുംസകലിംഗ പ്രത്യയം-കാൽഡ്വൽ

5. അവിടെ കാണുന്ന 'അത്ത്' ഇടനില മാത്രമാകുന്നു. യോജിപ്പിനുവേണ്ടി ചേർക്കുന്ന ഇടനില 'ഇൻ' എന്നതു പോലത്തെ ഇടനില. 'അത്ത്' ഇടനിലയായി വരും എന്നതിന് വേറെ ഉദാഹരണങ്ങളും നൽകാം. കാറ്റത്ത്, മഴയത്ത്, വെയിലത്ത് ഇത്യാദി (2013:89).

കാൽഡ്വലിന്റെ ഈ വാദത്തെ സാമാന്യം വിസ്തരിച്ചുള്ള വിശകലനത്തിലൂടെ ഖണ്ഡിക്കുവാനുള്ള ശ്രമം കേരളപാണിനി നടത്തുന്നുണ്ട്. കാൽഡ്വലിന്റെ പ്രധാനവാദം 'അം' എന്നത് അംഗപ്രത്യയമാണെന്നാണ്. എന്നാൽ പല പദങ്ങളുടെയും അന്തത്തിലുള്ള 'അം' അംഗപ്രത്യയമായി കരുതുന്നത് യുക്തിസഹമല്ല എന്ന് കേരളപാണിനി പറയുന്നു. കാരണം പദത്തിനും പ്രത്യയത്തിനും ഇടയിലുള്ളതാണ് അംഗപ്രത്യയം. അതുകൊണ്ട് തന്നെ പദാന്തത്തിൽ അതിന് പ്രസക്തിയില്ലെന്നും അദ്ദേഹം വിശദമാക്കുന്നു.

മലയാളത്തിലെ തനിനാമങ്ങളിൽ ചേർക്കുന്ന ലിംഗപ്രത്യയങ്ങൾ 'അൻ', 'ഇ', 'അം' എന്നും സർവനാമത്തിൽ ചേർക്കുന്ന ലിംഗപ്രത്യ

യങ്ങൾ 'അൻ', 'അൾ', 'തു' എന്നതുമാണെന്ന് കേരളപാണിനി പറയുന്നു.

1. 'അൻ' - 'അൻ' എന്ന പുല്ലിംഗപ്രത്യയം 'ആൺ' ശബ്ദത്തിൽ നിന്നുണ്ടായിട്ടുള്ളതാണ്. ദ്രാവിഡഭാഷകളിലെല്ലാം ഇതു കാണാം.

മലയാളം: ആൺ ഹ്രസ്വവും 'ണ'കാരത്തിനു 'ന' കാരാദേശവും വരുന്നു. അൺ-അൻ. ഹ്രസ്വം വരാത്ത 'ആൻ' രൂപവും പ്രയോഗത്തിലുണ്ട്. ഉദാ-ആശാൻ, തട്ടാൻ .

തെലുങ്ക്: 'ഡു'ചേർന്ന് (വ്) ആൺ + ഡു - വാണ് ഡു എന്നായി (ഡു ചേരുന്നരീതി മലയാളത്തിലും കാണാം. വേൺ - വേണ്ടു + ഉന്നു + വേണ്ടുന്നു, വേണ്ടുന്ന)

കർണ്ണാടകം: 'ഉ' കാരം ചേർത്ത് അൻ-അനു ആയി. 'ന'കാരത്തിനു 'മ'കാരം വന്ന് 'അം'എന്നും കർണ്ണാടകത്തിൽ രൂപമുണ്ട്.

▶ ലിംഗ പ്രത്യയങ്ങൾ - കേരളപാണിനി

2. 'അൾ' - സ്ത്രീപുരുഷസാമാന്യവാചകമായ 'ആൾ' ശബ്ദം ഹ്രസ്വം വന്ന് 'അൾ' എന്നായി. 'ആൾ' ശബ്ദം സ്ത്രീ വാചക ശബ്ദങ്ങളോടു ചേർത്ത് ഉപയോഗിക്കുന്നുണ്ട് എന്നതിന് ഇതു തെളിവാണ്. കമനിയാൾ, അന്നനടയാൾ എന്നിങ്ങനെ 'ആൾ' ശബ്ദം സ്ത്രീലിംഗത്തെ കുറിക്കുന്നു. പുരുഷവാചക ശബ്ദങ്ങളോട് 'ആൾ' അധികം പ്രയോഗിച്ചു കാണുന്നില്ല. 'പെണ്ണാൾ' പോലെ 'ആണാൾ'പദം പ്രയോഗത്തിലുണ്ട്. മറ്റു സന്ദർഭങ്ങളിലെല്ലാം ഇതു സ്ത്രീ ശബ്ദങ്ങളെയാണ് കുറിക്കുന്നത്.

3. 'തു' - തമിഴിലെ 'അനുഭവം' അർഥമായ 'തു' എന്ന ധാതു നപുംസകലിംഗ പ്രത്യയമായി പരിഗണിച്ചിരിക്കണം. മറ്റു നാമങ്ങൾ ചെയ്യുന്നത് അനുഭവിക്കാൻ മാത്രമേ ജഡനാമങ്ങൾക്ക് കഴിയൂ. അതുകൊണ്ട് 'തു' നപുംസകലിംഗപ്രത്യയമാകുന്നത് അർഥം കൊണ്ടും യോജിക്കും.

4. 'ഇ' - ഇത് സംസ്കൃതത്തിലെ 'ഇ'കാരാന്തമായ നാമങ്ങളിലെ സ്ത്രീപ്രത്യയത്തിന്റെ ഹ്രസ്വരൂപം തന്നെ

ഉദാ: മനസ്വിനീ - മനസ്വിനി
സഖീ - സഖി

5. 'ത്തി' - ഇതും സംസ്കൃതത്തിൽ നിന്നു വന്നതുതന്നെ. സ്ത്രീ ശബ്ദത്തിന്റെ പ്രാകൃതത്തിലെ രൂപം ഇതു തന്നെ. എന്നാൽ ദ്രാവിഡപ്രത്യയമായാണ് കേരളപാണിനി ഇതിനെ കണക്കാക്കുന്നത്. തെലുങ്കിൽ സ്ത്രീലിംഗപ്രത്യയം 'തി' യാണ് എന്നതും അദ്ദേഹം തെളിവായി കൊണ്ടുവരുന്നു. സംസ്കൃതം തുടങ്ങിയ ഭാഷകളിൽ ലിംഗപ്രത്യയങ്ങൾ ഇല്ല. അതുകൊണ്ട് ദ്രാവിഡത്തിലും ഒരു ലിംഗപ്രത്യയം ആരോപിക്കേണ്ട കാര്യമില്ല എന്ന് ഒരഭിപ്രായം ഉണ്ടായിട്ടുണ്ട്. മറ്റാരും ഈ അഭിപ്രായം ഗൗരവമായി കണക്കാക്കിയിട്ടില്ല. മലയാളത്തിലെ ലിംഗപ്രത്യയങ്ങൾ സർവനാമങ്ങളുടെ ഭാഗം തന്നെയാണെന്നുള്ളതു കൊണ്ട് അവയെ പ്രത്യയമായിത്തന്നെ സ്വീകരിക്കണം.

6. 'അം' – 'അം' പ്രത്യയത്തിന്റെ ചർച്ചകൾ മുകളിൽ കൊടുത്തിട്ടു

ണ്ട്. കാൽഡ്വെലിന്റെ അഭിപ്രായം 'അം' അംഗപ്രത്യയമാണെന്നാണ്. ആ അഭിപ്രായത്തെ ഖണ്ഡിച്ചു കൊണ്ടാണ് കേരളപാണിനി 'അം' പ്രത്യയം ലിംഗപ്രത്യയമാണെന്ന് പറയുന്നത്. അവയെ ഇങ്ങനെ ക്രോഡീകരിക്കാം.

## കേരളപാണിനിയുടെ അഭിപ്രായം

(എ) 'അം' എന്ന പ്രത്യയത്തിന്റെ ആദിരൂപം 'അന്' എന്നാണ്. 'ന'കാരത്തിന് ഖരാദേശം വരികയും ആദേശം വന്ന ഖരം ഇരട്ടിക്കുകയും ചെയ്യുന്ന രൂപമാണ് 'അത്ത്'. അതിനാൽ മരത്തിന്റെ, മരത്താൽ ഇത്യാദി രൂപങ്ങളിൽ നപുംസകലിംഗപ്രത്യയം ഉണ്ട് എന്ന് വ്യക്തമാകുന്നു.

ബി) മരത്തിൽ, മരത്താൽ ഇത്യാദികളിൽ 'അത്ത്' എന്നൊരു ഇടനിലയുണ്ടെന്ന് കാൽഡ്വൽ പറഞ്ഞതിനെ സമ്മതിക്കാം. എന്നാലും'മരം' എന്ന വിഭക്തിപ്രത്യയമില്ലാത്ത നിർദ്ദേശികാരൂപത്തിൽ അവസാനം കാണുന്ന 'അം'- അതെങ്ങനെ അംഗപ്രത്യയമാകും?. അംഗപ്രത്യയം എന്നാൽ ഇടനിലയെന്നല്ലേ? ഇടനിലയെന്നാൽ ഇടയ്ക്ക് നിൽക്കുന്നത് എന്നല്ലേ? പദാന്തത്തിൽ നിൽക്കുന്നത് എങ്ങനെ ഇടനിലയാകും? അതിനാൽ 'അം' അംഗപ്രത്യയമല്ല നപുംസകലിംഗ വാചിയായ പ്രത്യയം തന്നെയാകുന്നു.

> ▶ 'അം' ലിംഗപ്രത്യയം – കേരളപാണിനിയുടെ അഭിപ്രായം

സി) 'അന്' എന്നാണ് 'അം' പ്രത്യയത്തിന്റെ പൂർവരൂപം എന്നതും. 'അന്' ദ്വിത്വഖരാദേശത്താൽ 'അത്ത്' എന്നായിമാറി എന്നതും യുക്തിസഹം തന്നെയാണ്.

ഡി) സംസ്കൃത ഭാഷയിൽ 'മ'കാരത്തിനും 'ൽ' കാരത്തിനും പകരം അനുസ്വാരം പ്രയോഗിക്കാറുണ്ട്.

ഉദാഹരണം: രമ് + സ്യതേ = രംസ്യതേ

താൻ + താൻ = താംസ്താൻ

അതുപോലെ ഭാഷയിൽ കൂവളത്തിൻവേർ-കൂവളത്തുംവേർ എന്നുച്ചരിക്കാറുണ്ടല്ലോ. 'ൽ'കാരത്തിന് അനുസ്വാരം വരുന്നതു പോലെ 'ന'കാരത്തിനും അനുസ്വാരം വരാം. ഭവനന്ദി തമിഴ് ഭാഷയിൽ നപുംസകത്തിന് 'അം' എന്നും 'അൻ' എന്നും പ്രത്യയം വിധിച്ചിട്ടുണ്ട് (പ്രൊഫ. സുന്ദരം ധനുവച്ചപുരം, 2013:91).

'അം' പ്രത്യയത്തിന്റെ ആഗമചരിത്രം പരിശോധിച്ച് അതിനൊരു യുക്തികണ്ടെത്തുവാനാണ് കേരളപാണിനി ശ്രമിച്ചിരിക്കുന്നത്. കേരളപാണിനിയുടെ ഈ നിരീക്ഷണത്തെ പില്ക്കാലത്തെ വ്യാകരണപഠിതാക്കൾ പ്രത്യേകിച്ചും സുകുമാരപിള്ള, വാസുദേവഭട്ടതിരി, ഡോ. ലീലാവതി മുതലായവർ വിമർശിച്ചിട്ടുണ്ട്. 'അം' ന്റെ പൂർവരൂപം 'അന്' ആയിരുന്നുവെന്നതിനോ 'ന'കാരം അനുസ്വാരമായി മാറുന്നതിനോ വേണ്ടത്ര തെളിവുകൾ നൽകുവാൻ കേരളപാണിനിയ്ക്കായിട്ടില്ലെന്ന് ഇവർ പറയുന്നു. 'മ'കാരാന്ത നാമങ്ങളിലല്ലാതെ മറ്റുപല രീതിയിൽ

> ▶ മലയാള ലിംഗപ്രത്യയങ്ങളുടെ ആഗമവിചാരം

അവസാനിക്കുന്ന നപുംസകപദങ്ങളുമുണ്ടെന്നിരിക്കെ ഇങ്ങനെയൊരു സാമാന്യനിർവചനത്തിൽ ന്യൂനതയുണ്ടെന്നവർ പറയുന്നു. 'പുല്ലിംഗ സ്ത്രീലിംഗങ്ങളെ വ്യവച്ഛേദിച്ചു കാണിക്കുന്നതുപോലെ പ്രകൃതി + പ്രത്യയം എന്ന രീതിയിൽ നപുംസകത്തെ വേർതിരിച്ചു കാണിക്കുവാൻ പ്രയാസമാണ്' എന്ന കെ. ശ്രീകുമാരിയുടെ നിരീക്ഷണം വളരെ ശ്രദ്ധേയമാണ് (2003:61). എന്നാൽ കൃത്യമായ ഒരു നിരീക്ഷണം നൽകാൻ ഇവർക്കാർക്കും സാധിച്ചിട്ടില്ല.

## 2.2.5 വചനവ്യവസ്ഥ

ഒരു വസ്തു ഒന്നോ അതിലധികമോ എന്നു കാണിക്കുന്നതിനായി നാമത്തിനു ചെയ്യുന്ന രൂപഭേദമാണ് വചനം. സംസ്കൃതത്തിൽ ഏകവചനം, ദ്വിവചനം, ബഹുവചനം എന്ന് വചനം മൂന്നുണ്ട്. ദ്രാവിഡഭാഷകളിലാകട്ടെ ദ്വിവചനം എന്നൊന്നില്ല. ഏകം, അനേകം എന്ന വ്യത്യാസമേ നോക്കാറുള്ളൂ. അനേകമായ, ഒന്നല്ലാത്ത എല്ലാം 'ബഹു' എന്ന വകുപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഭാഷയിൽ ഏകവചനം, അനേകവചനം എന്നു രണ്ടു വിധമാണ് വചനങ്ങൾ എന്ന് 'ലീലാതിലക'കാരൻ പറയുന്നു.

**ഏകവചനം** : ലിംഗ പ്രത്യയം ചേർന്ന നാമരൂപമാണ് ഏകവചനം.

ഉദാ: അവൾ, അവൻ, കവി, നമ്പി, മരം, വാൾ

**അനേകവചനം**: പദത്തിന്റെ അന്തത്തിൽ 'ർ', 'കൾ', 'മാർ', 'മർ', 'പർ', 'വർ', 'വു' എന്നീ പ്രത്യയങ്ങൾ വരുന്നത് അനേകവചനം. ഉദാ: ബ്രാഹ്മണർ, കവികൾ, നമ്പിമാർ, കാൺമർ, കേൾപ്പർ, വരുവർ, അവു

കേരളപാണിനിയും വചനത്തെ ഏകവചനമെന്നും ബഹുവചനം എന്നും രണ്ടായി തിരിക്കുന്നു.

> ▶ പദത്തിന്റെ സ്വന്തം രൂപം ഏകവചനം

**ഏകവചനം**: ഇതിനു പ്രത്യയങ്ങൾ ഒന്നും തന്നെയില്ല. പദത്തിന്റെ സ്വന്തരൂപം തന്നെ ഏകവചനം. പദം ഒറ്റയ്ക്കോ ലിംഗപ്രത്യയം ചേർന്നോ നില്ക്കുമ്പോൾ രൂപം ഏകവചനം തന്നെ. ഉദാ: പുലി, പുസ്തകം, രാമൻ.

**ബഹുവചനം:** ബഹുവചനത്തെ പൊതുവേ മൂന്നായി തിരിക്കാം.

1. സലിംഗബഹുവചനം 2. അലിംഗബഹുവചനം 3. പൂജകബഹുവചനം.

1. സലിംഗബഹുവചനം: സ്ത്രീ പുരുഷ നപുംസകങ്ങളിൽ ഒന്നിന്റെ മാത്രം ബഹുത്വത്തെക്കുറിക്കുന്നതാണ് സലിംഗബഹുവചനം. പുല്ലിംഗത്തിലും സ്ത്രീലിംഗത്തിലും 'മാർ' ആണ് സലിംഗബഹുവചനപ്രത്യയം. നപുംസകത്തിലാകട്ടെ പ്രത്യയം 'കൾ' ആണ്.

ഉദാ : യുവാവ് - യുവാക്കന്മാർ ( പുല്ലിംഗം)
ഭാര്യ - ഭാര്യമാർ (സ്ത്രീലിംഗം)
മല - മലകൾ (നപുംസകം)

▶ 'മാർ' – സലിംഗബഹുവചന പ്രത്യയം

സലിംഗബഹുവചനത്തിലെ പുംസ്ത്രീരൂപങ്ങളിലും 'കൾ' വചനപ്രത്യയമായി ഉപയോഗിക്കുന്നുണ്ട്. കേരളപാണിനീയത്തിൽ 'കൾ' നപുംസകത്തിന്റെ പ്രത്യയമായി സ്വീകരിച്ചിരിക്കുന്നു. എങ്കിലും ഇന്നത്തെ വ്യവഹാരത്തിൽ 'കൾ' ന് എല്ലാ ലിംഗത്തിലും പ്രവൃത്തിയുണ്ട്.

ഉദാ: രാജാക്കൾ, ആണുങ്ങൾ, വയസ്സികൾ എന്നിങ്ങനെ നിരവധി രൂപങ്ങളിൽ 'കൾ' സലിംഗ ബഹുവചനമായി നില്ക്കുന്നു.

▶ 'അർ' – അലിംഗബഹുവചന പ്രത്യയം

2. അലിംഗബഹുവചനം: പുരുഷന്മാരും സ്ത്രീകളും കൂടിയുണ്ടാകുന്ന ബഹുത്വത്തെക്കുറിക്കുന്നതാണ് അലിംഗബഹുവചനം. അലിംഗം എന്നതു കൊണ്ട് ലിംഗമില്ലാത്തത് എന്നല്ല, ഒരു പ്രത്യേക ലിംഗം എന്ന വ്യത്യാസം ഇല്ലാത്തത് എന്നാണർഥം. വേലക്കാർ എന്നതിൽ വേലക്കാരനും വേലക്കാരിയും ഉൾപ്പെടും. 'അർ' ആണ് അലിംഗബഹുവചനത്തിന്റെ പ്രത്യയം ഉദാ – മിടുക്കർ, ശൂദ്രർ

▶ 'അർ', 'മാർ', 'കൾ' – പ്രത്യയങ്ങൾ പൂജകബഹുവചനം

3. പൂജകബഹുവചനം: ഒരു വ്യക്തിക്കു തന്നെ ബഹുമാനം കാണിക്കാൻ ചേർക്കുന്ന ബഹുവചനമാണ് പൂജകബഹുവചനം. അതിന് രൂപത്തിൽ മാത്രമേ ബഹുവചനത്വം ഉള്ളൂ. അർഥത്തിൽഏകവചനമാണ്. 'അർ', 'മാർ', 'കൾ' ഈ മൂന്നു പ്രത്യയങ്ങളും പൂജകബഹുവചനത്തിൽ ഉപയോഗിക്കുന്നു. ഉദാ: പണ്ഡിതർ, ഗുരുക്കൾ. 'മാർ' ചേർന്ന രാജാക്കന്മാർ, പിതാക്കന്മാർ എന്നീ രൂപങ്ങൾ കേരളപാണിനി കൊടുക്കുന്നുണ്ട്.

## വചനവ്യവസ്ഥ

ദ്രാവിഡശാഖയ്ക്കകത്തെ വചനവ്യവസ്ഥയിൽ നിർദ്ദിഷ്ട(വസ്തു) ഒന്നോ അതിലധികമോ എന്നതനുസരിച്ച് ഇത്തരത്തിൽ ഏകവചനം (ഒന്ന്) ബഹുവചനം (ഒന്നിൽ കൂടുതൽ) എന്നിങ്ങനെ രണ്ടു വിഭാഗമാണുള്ളത്. എന്നാൽ സംസ്കൃതത്തിലാകട്ടെ,

രാമഃ, രാമൗ, രാമാഃ

എന്ന 'അ'കാരാന്ത പുല്ലിംഗശബ്ദം പരിശോധിക്കുമ്പോൾ രാമൻ, രണ്ടു രാമന്മാർ, രാമന്മാർ എന്നിങ്ങനെ ഒരു വചനം കൂടുതലുള്ളതായി കാണാം. അത്തരത്തിൽ സംസ്കൃതഭാഷയിലെ വചനവ്യവസ്ഥയിൽ ഏകവചനം, ദ്വിവചനം, ബഹുവചനം എന്നിങ്ങനെ വചനങ്ങൾ മൂന്നാണ്. മാത്രവുമല്ല സംസ്കൃതത്തിൽനിന്നും ഭിന്നമായി ഭാഷയിലെ ലിംഗ, വചന, വിഭക്തി പ്രത്യയങ്ങളുടെ സ്വഭാവവും സാന്നിധ്യവും കുറേക്കൂടി വ്യക്തവുമാണ്.

▶ സംസ്കൃതവചന വ്യവസ്ഥ

എല്ലാ നാമശബ്ദങ്ങളിലും (ഉദാഹരണമായി അമൂർത്തനാമങ്ങൾ, സംജ്ഞാനാമങ്ങൾ, സമൂഹനാമങ്ങൾ) വചനവ്യവസ്ഥ സാധ്യമല്ല. സംഖ്യാനാമങ്ങൾക്കും പൊതുവെ മലയാളത്തിൽ ബഹുവചനരൂപങ്ങളില്ലെങ്കിലും ഇംഗ്ലീഷ് സ്വാധീനം മൂലം 'അറുപതുകളിലെ', 'തൊണ്ണൂറുകളിലെ' പോലുള്ള പ്രയോഗം ഇപ്പോൾ സാധാരണമാണ്. ഭാഷയിലെ വചനവ്യവസ്ഥ നാമശബ്ദങ്ങളിൽ ഇപ്രകാരം അവ്യവസ്ഥിതമാകുന്നതിനാൽത്തന്നെ ബഹുവചനരൂപവത്കരണം ഏറെക്കുറെ

സങ്കീർണ്ണമാണ്. ഏകവചനം സ്വന്തംരൂപം തന്നെയെന്നു പറഞ്ഞു കേരളപാണിനി ബഹുവചനത്തെ സലിംഗബഹുവചനം, അലിംഗബഹുവചനം, പൂജകബഹുവചനം എന്നിങ്ങനെ മൂന്നായി തിരിച്ച് (കാരിക 49) അതിന്റെ പ്രത്യയങ്ങളെ വിശദമാക്കുന്നുണ്ട്.

▶ കേരളപാണിനിയുടെ വചനവിഭജനം

വചനവ്യവസ്ഥയിൽ ലിംഗപ്രകരണത്തിൽ പറഞ്ഞതിന്റെ തുടർച്ചയായി നാമശബ്ദം സ്ത്രീ പുരുഷ നപുംസകങ്ങളിൽ ഏതെങ്കിലുമൊന്നിന്റെ മാത്രം ബഹുത്വത്തെക്കുറിക്കുന്നതിനെ സലിംഗബഹുവചനമെന്നും രണ്ടും കൂടി കലർന്നുണ്ടാകുന്ന ബഹുത്വത്തെക്കുറിക്കുന്നതിന് അലിംഗബഹുവചനമെന്നും പറയാമെന്ന് കേരളപാണിനി വിശദീകരിക്കുന്നുണ്ട്. ഇതുകൂടാതെ ഒരു വ്യക്തിക്കുതന്നെ ബഹുമാനസൂചകമായി ബഹുവചനപ്രത്യയം ഉപയോഗിക്കുകയാണെങ്കിൽ അതിനെ പൂജകബഹുവചനമെന്നു  പറയാമെന്നും കേരളപാണിനി പറയുന്നുണ്ട്.

## വചനപ്രത്യയങ്ങളുടെ സവിശേഷാർഥങ്ങൾ

മിടുക്കൻ – മിടുക്കന്മാർ, മിടുക്കത്തി - മിടുക്കത്തിമാർ, ഭാര്യ - ഭാര്യമാർ മുതലായ പദങ്ങൾ പരിശോധിച്ചാൽ സവിശേഷ ലിംഗവിവക്ഷയുള്ള ഇത്തരം പദങ്ങളിൽ അതായത് സലിംഗബഹുവചനപദങ്ങളിൽ വചനപ്രത്യയം 'മാർ' എന്നതാണെന്നു കാണാം. ഇതേ ശബ്ദങ്ങളിലെത്തന്നെ സ്ത്രീപുരുഷ ബഹുത്വത്തെക്കുറിക്കുന്ന അലിംഗബഹുവചനമാകുമ്പോൾ 'അർ' എന്നതാണ് പ്രത്യയം.

ഉദാ:  മിടുക്കർ, വേലക്കാർ

സലിംഗബഹുവചനത്തിൽത്തന്നെ നപുംസകവസ്തുക്കൾ ചേർന്നുള്ള ബഹുത്വത്തെക്കുറിക്കുന്നത് 'കൾ' എന്ന പ്രത്യയമാണ്. 'ആനകൾ', 'മലകൾ' പോലുള്ള ശബ്ദങ്ങൾ ഉദാഹരണങ്ങളാണ്. ഭാഷയിൽ ഏറ്റവും പ്രചാരത്തിലുള്ള വചനപ്രത്യയവും ഇതുതന്നെയാണ്.

▶ 'കൾ' പ്രത്യയത്തിന്റെ വ്യവസ്ഥകൾ

ഈ 'കൾ' പ്രത്യയത്തിന്റെ വ്യവസ്ഥയിൽ കേരളപാണിനിയ്ക്കു ധാരാളം പിശകുകൾ വന്നുകൂടിയിട്ടുണ്ട്. നപുംസകലിംഗബഹുവചനത്തെപ്പറ്റി പ്രസ്താവിച്ച ശേഷം ഇതേ 'കൾ' പ്രത്യയം തന്നെ 'ഉണ്ണികൾ', 'കുട്ടികൾ', 'വേലക്കാരത്തികൾ' മുതലായ ശബ്ദങ്ങളിൽ കാണുന്നതിന് കാരണങ്ങൾ കണ്ടെത്തുന്നു. ഈ നാമശബ്ദങ്ങളിൽ 'കൾ' പ്രത്യയം ചേർത്തുകാണുന്നത്  ബാല്യം മുതലായ നിമിത്തങ്ങളാൽ ചേതനധർമ്മം പൂർണ്ണമായിട്ടില്ലാത്ത നിലയിൽ അനാദരം വഴിക്കു നപുംസകധർമ്മമായ ജഡത്വത്തെക്കൂടി പരാമർശിച്ചുകൊണ്ടുള്ള പ്രയോഗമാകയാലാകുന്നു (കേരളപാണിനീയം, 2014: 131) എന്ന കേരളപാണിനിയുടെ നിരീക്ഷണത്തിൽ സൂക്ഷ്മതക്കുറവുണ്ട്.

കേരളപാണിനിയ്ക്കു മുമ്പുവന്ന ഗുണ്ടർട്ട്, ജോർജ് മാത്തൻ, കോവുണ്ണി നെടുങ്ങാടി എന്നിവരുടെ ഗ്രന്ഥത്തിൽ 'കൾ' നപുംസകലിംഗബഹുവചനപ്രത്യയം ആയിട്ടല്ല പറയുന്നത്. അതുപോലെത്തന്നെ എ. ആറിനു ശേഷമുള്ള ശേഷഗിരിപ്രഭുവും ജോൺ കുന്നപ്പിള്ളിയുമൊക്കെത്തന്നെ ഈ 'കൾ' പ്രത്യയത്തിന്റെ ഭിന്നപ്രയോഗങ്ങളെ കാണിക്കുന്നുണ്ട്. മാത്രവുമല്ല 'അനാദരത്വം വഴിക്ക് നിമിത്തമായുള്ള ജഡത്വം' എന്ന പ്രസ്താവനയ്ക്കും അപാകതയുണ്ടെന്ന് 'ഇ'കാരാന്ത ശബ്ദങ്ങ

▶ 'കൾ' പ്രത്യയം- ഗുണ്ടർട്ട്, ജോർജ്മാത്തൻ

ളായ 'അണികൾ', 'ഉപകാരികൾ' മുതലായ ശബ്ദങ്ങളുമൊക്കെ പരിശോധിച്ചാൽ ബാല്യമോ ജഡത്വമോ അനാദരത്വമോ ഒന്നുമില്ലെന്നു ബോധ്യമാകും.

വചനപ്രത്യയങ്ങളിലെ ചില സവിശേഷവിധികളെയും കേരളപാണിനി വിശദീകരിക്കുന്നുണ്ട്.

'അർ', 'കൾ' എന്നിടത്ത് അതിലെ രേഫം ലോപിച്ചു കാണുന്നു.

ഉദാ: ശിഷ്യർകൾ – ശിഷ്യകൾ

പെങ്ങൾ, ആങ്ങള ഇത്യാദി ശബ്ദങ്ങളിലെ 'കൾ' പ്രത്യയം ബഹുത്വത്തെ കുറിക്കുന്നില്ല. ആ ശബ്ദങ്ങളിൽ ബഹുവചനാർഥം 'മാർ' പ്രത്യയം ചേർത്തു 'പെങ്ങന്മാർ', 'ആങ്ങളമാർ' എന്നാക്കുന്നു.

'കൾ' പ്രത്യയത്തിന്റെ മുമ്പിലുള്ള സ്വരം ഓഷ്ഠ്യസ്വരമാകുന്നിടത്തെല്ലാം അതിലെ 'ക'കാരം ഇരട്ടിക്കും.

ഉദാ: ഗുരുക്കൾ (ഉ - ഓഷ്ഠ്യസ്വരം), ഗോക്കൾ (ഒ - ഓഷ്ഠ്യസ്വരം)

▶ കേരളപാണിനിയുടെ വചനപ്രത്യയം - സവിശേഷവിധികൾ

സംഖ്യാവിശേഷണം ചേർക്കുന്നിടത്ത് നപുംസക ലിംഗവചനങ്ങളിൽ ബഹുത്വത്തിന് പ്രത്യയം ചേർക്കേണ്ടതില്ല. ഉദാഹരണമായി 'പത്തു തേങ്ങ' എന്നെഴുതിയാൽ മതി 'പത്തു തേങ്ങകൾ' എന്നുവേണ്ട. ഭാഷയുടെ സമകാലിക വ്യവഹാരങ്ങൾ പരിശോധിക്കുമ്പോൾ ഇംഗ്ലീഷ് ഭാഷയിൽനിന്നും സംസ്കൃതത്തിൽ നിന്നും സ്വീകരിച്ചിരിക്കുന്ന ഒരു പ്രയോഗം ഇപ്പോൾ വ്യാപകമായിട്ടുണ്ട്.

ഉദാ: എൺപതുകളിലെ രാഷ്ട്രീയം – സംസ്കൃതം

തൊണ്ണൂറുകളിലെ സിനിമ – ഇംഗ്ലീഷ്

## സർവനാമങ്ങളിലെ വചനപ്രത്യയം

ഉത്തമപുരുഷൻ സർവനാമമായ 'ഞാൻ' എന്നതിന് രണ്ട് ബഹുവചനരൂപം കാണാം.

'ഞാൻ + കൾ = ഞങ്ങൾ' എന്നതിനു പുറമെ 'നാം + കൾ = നമ്മൾ' എന്നൊരു പ്രയോഗവും കാണാം.

'തൻ' എന്ന സ്വവാചി സർവനാമത്തിലും 'കൾ' എന്ന പ്രത്യയം ചേർന്ന് 'തങ്ങൾ' (തൻ + കൾ = തങ്കൾ – അനുനാസികാതിപ്രസരം സംഭവിച്ച് തങ്ങൾ ) ആകുന്നു.

▶ ബഹുവചനപ്രത്യയം സർവനാമങ്ങളിൽ

'നീ'യെന്ന മധ്യമപുരുഷനിലും പൊതുവേ 'കൾ' പ്രത്യയം ചേർന്ന് 'നിങ്ങൾ' എന്നാണ് ബഹുവചനരൂപം. ഏകവചനം പരിശോധിക്കുകയാണെങ്കിൽ നിർദ്ദേശികാവിഭക്തിയിൽ മാത്രം സ്വതന്ത്രമായി നിലനിൽക്കുന്നുവെങ്കിലും മറ്റു വിഭക്തികളിലെല്ലാം 'അൻ' പ്രത്യയം ചേർത്തതിന് ശേഷമാണ് വിഭക്തിപ്രത്യയം ചേർക്കേണ്ടത്.

ഉദാ: നിന്നെ, നിന്നിൽ, നിനക്ക്

ഈ വിശദീകരണങ്ങളിൽനിന്ന് സർവനാമങ്ങളിൽ ഏകവചന

- ഏകവചനം - അൻ
- ബഹുവചനം- കൾ

ത്തിൽ 'അൻ' എന്ന പ്രത്യയവും ബഹുവചനത്തിൽ 'കൾ' എന്ന പ്രത്യയവുമാണെന്നു പറയാം. സർവനാമങ്ങളിലെ പ്രധാനപ്പെട്ട ഒന്നായ 'എന്ത്', 'ആര്', 'ഏത്' മുതലായ ചോദ്യവാചി സർവനാമങ്ങളിലാകട്ടെ ബഹുവചനരൂപമാക്കണമെങ്കിൽ 'എല്ലാം' എന്ന പദം ചേർക്കുകയാണ് പതിവ്.

ഉദാ: എന്തെല്ലാം, ഏതെല്ലാം, ആരെല്ലാം

- വചനപ്രത്യയങ്ങൾ- ഗുണ്ടർട്ട്, ജോർജ്മാത്തൻ

വചനപ്രത്യയങ്ങളുടെ കാര്യത്തിലുള്ള ഇത്തരം അവ്യവസ്ഥകളും സങ്കീർണ്ണതകളും കേരളപാണിനീയത്തിലെന്നപോലെ മറ്റുള്ള വ്യാകരണഗ്രന്ഥങ്ങളിലെ ചർച്ചകളിലും പ്രകടമാണ്. ഗുണ്ടർട്ട് ബഹുവചനരൂപവത്കരണത്തെ വിശദമായി വിവരിക്കുന്നില്ല. 'കർ', 'അർ', 'ആർ' എന്നിവയാണ് അദ്ദേഹം, പരാമർശിച്ചിട്ടുള്ള വചനപ്രത്യയങ്ങൾ. 'മലയാഴ്മയുടെ വ്യാകരണ'ത്തിലാകട്ടെ ബഹുസംഖ്യ 'കൾ', 'മാർ', 'അർ' എന്നുള്ള അന്തങ്ങളെക്കൊണ്ടു അറിയപ്പെടുന്നുവെന്നു പറഞ്ഞതിനു ശേഷം 'കൾ' എന്നുള്ളതു മൂന്നു ലിംഗത്തിലും 'മാർ', 'അർ' എന്നുള്ളവ ജീവനുള്ളവയെ സംബന്ധിച്ചും വരും എന്നു വിശദീകരിക്കുന്നു. ഇതിൽ തന്നെ 'അർ' എന്നത് പുല്ലിംഗത്തിൽ മാത്രമുള്ളതാണെന്നും വ്യക്തമാക്കുന്നു.

## Summarised Overview

നാമാദിയാം വിഭാഗത്തിനെല്ലാം അർഥമാണ് നിയാമകമായിട്ടിരിക്കുന്നത് എന്നതുപോലെ മലയാളത്തിലെ ലിംഗവ്യവസ്ഥയും അടിസ്ഥാനമാക്കിയിരിക്കുന്നത് അർഥം തന്നെയാണ്. അർഥം കൊണ്ട് പുരുഷനെന്നോ സ്ത്രീയെന്നോ നപുംസകമെന്നോ മനസ്സിലാക്കപ്പെടുന്ന പദങ്ങൾതന്നെയാണ് ഭാഷയിലെ ലിംഗവ്യവസ്ഥയ്ക്കാധാരം. രൂപപരമായ ലിംഗവ്യവസ്ഥ കൈക്കൊള്ളുന്ന സംസ്കൃതത്തിലെ ലിംഗവ്യവസ്ഥയുമായുള്ള പ്രാഥമികമായ വ്യത്യാസം ഇതുതന്നെയാണ്. കേരളപാണിനിയുൾപ്പെടെയുള്ള വ്യാകരണപഠിതാക്കൾ നൽകിയിട്ടുള്ള ലിംഗപ്രത്യയങ്ങൾക്ക് വ്യത്യാസങ്ങളും സമാനതകളും ഉണ്ട്. മലയാളത്തിലെ ലിംഗപ്രത്യയങ്ങളെ കേരളപാണിനി വ്യവസ്ഥപ്പെടുത്തിയതിനുശേഷം സവിശേഷവിധിയിലൂടെ മറ്റു പ്രത്യയങ്ങളെയും കൂടി ഉൾപ്പെടുത്തുവാൻ ശ്രമിക്കുന്നുണ്ട്. 'അം' എന്ന പ്രത്യയത്തിന്റെ കാര്യത്തിൽ അത് ലിംഗപ്രത്യയമോ അതോ അംഗപ്രത്യയമോ എന്ന ചർച്ചകളും വിഭിന്നാഭിപ്രായങ്ങളും നിലനിൽക്കുന്നുണ്ട്.

നാമശബ്ദംകൊണ്ടു വിവക്ഷിക്കുന്നത് എന്തായാലും അതിന്റെ എണ്ണത്തെ സൂചിപ്പിക്കുന്നതാണ് വചനം. മലയാളഭാഷയിൽ അത് ഏകവചനം, ബഹുവചനം എന്നിങ്ങനെ രണ്ടുവിധത്തിലുണ്ട്. സംസ്കൃതത്തിലെ വചനവ്യവസ്ഥയിൽ ഏകവചനവും ബഹുവചനവും കൂടാതെ ദ്വിവചനം എന്നൊന്നുകൂടിയുണ്ട്. അത് മലയാളത്തിൽ ഇല്ല. നാമശബ്ദത്തിൽ ലിംഗപ്രത്യയം കഴിഞ്ഞാൽ പിന്നെ വചനപ്രത്യയമാണ് ചേർക്കുക. ഏകവചനം സ്വരൂപം തന്നെയും ബഹുവചനത്തിൽ പ്രത്യയം ചേർന്നുമാണ് രൂപനിഷ്പത്തി. നപുംസക സലിംഗബഹുവചനപ്രത്യയമായി കേരളപാണിനി പറയുന്ന 'കൾ' പ്രത്യയം കേവലം നപുംസകസലിംഗ ബഹുവചനപ്രത്യയമല്ലെന്ന് പില്ക്കാല വ്യാകരണപഠിതാക്കൾ നിരീക്ഷിച്ചിട്ടുണ്ട്. ലിംഗപ്രത്യയങ്ങളുടെ കാര്യത്തിലെന്നപോലെ വചനവ്യവസ്ഥയിലും മറ്റു കൃതികളിലെ പ്രത്യയങ്ങളെ സവിശേഷവിധികളിലൂടെ കേരളപാണിനി എടുത്തുകാട്ടുന്നുണ്ട്.

## Assignments

1. 'ഭാഷയിലെ ലിംഗ വ്യവസ്ഥ അർത്ഥമനുസരിച്ചാകയാൽ വളരെ സയുക്തികമായിരിക്കുന്നുണ്ട്' - ഈ അഭിപ്രായം പരിശോധിക്കുക.
2. 'ത്തി' എന്ന പ്രത്യയത്തിന്റെ രൂപങ്ങൾ ഏതേതു സാഹചര്യങ്ങളിൽ കാണുന്നു. വിശദമാക്കുക.
3. 'അം' അംഗപ്രത്യയമാണെന്ന് പറയുന്നതിന്റെ യുക്തികൾ ഏതെല്ലാമാണെന്നു വ്യക്തമാക്കുക.
4. 'അം' അംഗപ്രത്യയമാണെന്ന കാൽഡ്വലിന്റെ വാദത്തെ കേരളപാണിനി ഖണ്ഡിക്കുന്നതെങ്ങനെയെന്നു വിവരിക്കുക.
5. മലയാളത്തിലെ ലിംഗ വ്യവസ്ഥകളെക്കുറിച്ച് ഉപന്യസിക്കുക.
6. ലീലാതിലകത്തിലെയും കേരളപാണിനീയത്തിലെയും ലിംഗ-വചന ചർച്ചകൾ വിലയിരുത്തുക.
7. നപുംസക പ്രത്യയങ്ങളെ സംബന്ധിച്ചുള്ള കേരളപാണിനീയത്തിലെ ചർച്ചകൾ ക്രോഡീകരിക്കുക.
8. മലയാളത്തിലെ വചനവ്യവസ്ഥയെക്കുറിച്ച് വിവരിക്കുക.
9. വചനപ്രത്യയങ്ങളെക്കുറിച്ചുള്ള വിവിധ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.
10. മലയാളത്തിലെ വചനപ്രത്യയങ്ങൾ-ഉപന്യാസം തയ്യാറാക്കുക.

## Reference


1. എ. ആർ. രാജരാജവർമ്മ, കേരളപാണിനീയം, ഡി. സി. ബുക്സ്, കോട്ടയം.
2. ശൂരനാട് കുഞ്ഞൻപിള്ള, ലീലാതിലകം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. കെ. ശ്രീകുമാരി, മലയാളത്തിലെ നാമവർഗം, താരതമ്യപഠന സംഘം, ചങ്ങനാശ്ശേരി.
4. റോബർട്ട് കാൽഡ്വൽ, ദ്രാവിഡഭാഷാവ്യാകരണം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. പ്രൊഫ. സുന്ദരം ധനുവച്ചപുരം, കേരളപാണിനീയം: വ്യാഖ്യാനവും വിചിന്തനവും, പ്രിയദർശിനി പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
6. പ്രൊഫ. ആദിനാട് ഗോപി, മലയാളഭാഷാവ്യാകരണം ഒരു സമഗ്രപഠനം, രചന ബുക്സ്, കൊല്ലം.


## Suggested Reading


1. സി. എൽ. ആന്റണി, ഭാഷാപഠനങ്ങൾ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
2. ഉണ്ണി ആമപ്പാറയ്ക്കൽ, മലയാളവ്യാകരണചിന്ത, ശിഖാ ഗ്രന്ഥവേദി, മലപ്പുറം.
3. ടി. ബി. വേണുഗോപാലപ്പണിക്കർ, ഭാഷാലോകം, ഡി. സി. ബുക്സ്, കോട്ടയം.
4. കാൽഡ്വൽ റോബർട്ട്, ദ്രാവിഡഭാഷാവ്യാകരണം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. ഹെർമൻ ഗുണ്ടർട്ട്, മലയാളഭാഷാവ്യാകരണം, ഡി. സി. ബുക്സ്, കോട്ടയം.
6. ജോർജ് മാത്തൻ, മലയാഴ്മയുടെ വ്യാകരണം, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

Unit 3

# വിഭക്തി ചർച്ചകൾ

## Learning Outcomes

- മലയാളവിഭക്തി പ്രത്യയങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു
- വിഭക്തിയും വിഭക്ത്യാഭ്യാസങ്ങളും എന്തെന്ന് മനസ്സിലാക്കുന്നു
- കേരളപാണിനീയത്തിലെ വിഭക്തിയെക്കുറിച്ച് ചർച്ച ചെയ്യുന്നു
- ലീലാതിലകത്തിലെ വിഭക്തിയെ മനസ്സിലാക്കുന്നു

## Background

മറ്റു പദങ്ങളുമായുള്ള സംബന്ധത്തെക്കുറിക്കുന്നതിനുവേണ്ടി നാമങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങൾക്കാണ് 'വിഭക്തി' എന്നു പേർ. വിഭക്തി ഏഴെണ്ണമുണ്ട്. വിഭക്തികൾക്കു പാണിനി മുതലായ സംസ്കൃതവൈയാകരണന്മാർ പേരിട്ടിട്ടുള്ളത് പ്രഥമ, ദ്വിതീയ, തൃതീയ, ചതുർഥി, പഞ്ചമി, ഷഷ്ഠി, സപ്തമി എന്നിങ്ങനെയാണ്. ആ സംസ്കൃതപ്പേരനുസരിച്ചു മലയാളവിഭക്തികൾക്ക് പ്രഥമ, ദ്വിതീയ എന്ന ക്രമത്തിലുള്ള പേരാണ് മറ്റുള്ള വ്യാകരണഗ്രന്ഥങ്ങളിൽ കാണുന്നത്. എന്നാൽ അത് ദ്രാവിഡരീതിക്കു തീരെ യോജിക്കാത്തതിനാൽ ഈ പുസ്തകത്തിൽ വിഭക്തികൾക്കു പേർ മാറ്റി കല്പിച്ചിരിക്കുന്നു. അതിനുള്ള കാരണം ചുരുക്കത്തിൽ താഴെ കാണിക്കാം.:

'അതെന്നു പ്രഥമയ്ക്കർഥം ദ്വിതീയയ്ക്കതിനെപ്പുനഃ
ചൊല്ലേണമതിനോടെന്നും ദ്വിതീയയ്ക്കർഥമായ് വരും;
തൃതീയാ ഹേതുവായിക്കൊണ്ടാലോടൂടെ ഇതി ക്രമാത്;
ആയിക്കൊണ്ടു ചതുർഥീ ച സർവത്ര പരികീർത്തിതാ.
അതിങ്കൽനിന്നു പോക്കെക്കാൾ ഹേതുവായിട്ടു പഞ്ചമീ
ഇക്കുമിന്നുമുടെ ഷഷ്ഠിക്കതിന്റെ വെച്ചുമെന്നപി
അതിങ്കലതിൽവെച്ചെന്നും വിഷയം സപ്തമീ മതാ.'

നാമങ്ങൾക്കു തങ്ങളിലും, ക്രിയയോടും ഉള്ള സംബന്ധം കാട്ടുകയാണ് വിഭക്തിയുടെ പ്രവൃത്തി. ആ വക സംബന്ധങ്ങളാണ് കർത്താ, കർമ്മം മുതലായ കാരകങ്ങൾ. എന്നാൽ സംബന്ധം പലവകയുള്ളതെല്ലാം കുറിക്കുന്നതിന് വിഭക്തിപ്രത്യയങ്ങൾകൊണ്ടുമാത്രം സാധിക്കുന്നില്ല. അതിനാൽ വിഭക്തികളെ സഹായിപ്പാൻ അല്ലെങ്കിൽ വിളക്കാൻ ഗതികളെ ഉപയോഗിക്കുന്നു. ഗതിയും വിഭക്തിയും ചേർന്ന വാചകവും അതുകൊണ്ടു വിഭക്തിക്കു തുല്യംതന്നെ. അതിനാൽ ഗതി ചേർന്ന വിഭക്ത്യന്തത്തിനു 'മിശ്രവിഭക്തി' എന്നുപേർ കൊടുക്കാം. തമിഴരും പഴയ മലയാളവൈയാകരണന്മാരും സംസ്കൃതത്തെ അനുകരിക്കാൻവേണ്ടി ഗതികളെ പ്രത്യേകം ഇനമാക്കി എടുക്കാതെ വിഭക്തിപ്രത്യയങ്ങളിൽത്തന്നെ ഉൾപ്പെടുത്തി. ദ്രാവിഡങ്ങളിൽ പ്രത്യയം തനിയേയും ഗതിചേർന്നും രണ്ടുവിധമായിട്ടാണ് വിഭക്തികൾ ഉളവാകുന്നത്. രണ്ടിനേയും വേർതിരിക്കുന്നതിന് വേണ്ടി പ്രത്യയത്തെ മാത്രം വിഭക്തി എന്നും, ഗതി ചേർന്ന വിഭക്തിയെ 'മിശ്രവിഭക്തി' എന്നും പറയുന്നു. ഗതിയോഗത്തിൽ വിഭക്തികളെ നിർണ്ണയിക്കാനുള്ള വിധി എന്തെന്നാൽ-ഗതികളുടെ വ്യുൽപ്പത്തിപ്രകാരം ഏതിനേതു വിഭക്തിക്ക് ആകാംക്ഷ വരുന്നു

വോ അതിന് ആ വിഭക്തി ചേർത്തുകൊള്ളണം. കർമ്മമുള്ളതെങ്കിൽ പ്രതിഗ്രാഹിക, ആധാരമുള്ളതെങ്കിൽ ആധാരിക ഇങ്ങനെയാണ് ക്രമം ((എ. ആർ.) രാജരാജവർമ്മ, കേരളപാണിനീയം, 1997).

'ഖിലം ലുപ്തമിരട്ടിപ്പും
വിഭക്ത്യാഭാസസംജ്ഞമാം.'

വിഭക്തികളിൽ വേറെയും ചില വൈലക്ഷണ്യങ്ങളുണ്ട്. അതായത്: (1) ഖിലം: ചില വിഭക്തികൾ എല്ലാ നാമങ്ങളിലും കാണുകയില്ല; (2) ലുപ്തം: മറ്റു ചില വിഭക്തി രൂപങ്ങളിൽ പ്രത്യയം ലോപിച്ചിട്ട് അംഗം മാത്രമായി ശേഷിച്ചു കാണും; (3) ഇരട്ടിപ്പ്: വേറെ ചിലേടത്ത് ഒരു വിഭക്തിക്കുമേൽ മറ്റൊരു വിഭക്തികൂടി വന്നുകാണും. ഈ വിലക്ഷണ വിഭക്തികൾക്ക് 'വിഭക്ത്യാഭാസം' എന്നു പേർ ((എ. ആർ.)രാജരാജവർമ്മ, കേരളപാണിനീയം). വിഭക്തിയാണെന്ന് തോന്നൽ ഉണ്ടാക്കുന്ന ശബ്ദത്തെയാണ് വിഭക്ത്യാഭാസം എന്നു പറയുന്നത്. ഖിലം, ലുപ്തം, ഇരട്ടിപ്പ് എന്നീ മൂന്ന് രീതിയിലാണ് വിഭക്ത്യാഭാസങ്ങൾ വരുന്നത്.

## Keywords

വചനപ്രത്യയം - സവിശേഷാർഥങ്ങൾ - സർവനാമങ്ങൾ - വിഭക്തി - മിശ്രവിഭക്തി - വിഭക്ത്യാഭാസങ്ങൾ

## Discussion

### വിഭക്തി

രാമൻ രാവണനെ കൊന്നു.
രാമൻ രാവണനോട് ആജ്ഞാപിച്ചു.
രാമൻ രാവണന് വധശിക്ഷ വിധിച്ചു.

മുതലായ വാക്യങ്ങൾ പരിശോധിച്ചാൽ കർത്തൃ-ക്രിയാപദങ്ങൾക്കു തമ്മിലുള്ള ബന്ധത്തെ കുറിക്കുന്നത് രാവണൻ എന്ന സംജ്ഞാനാമത്തോടു ചേർത്തിട്ടുള്ള 'എ', 'ഓട്', 'ക്ക്/ഉ്' മുതലായ പ്രത്യയങ്ങളാണെന്നു കാണാം. "മറ്റുപദങ്ങളുമായുള്ള ബന്ധത്തെക്കുറിക്കുന്നതിന് നാമപദങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങൾക്കാണ് വിഭക്തിയെന്നു പേര്" (2014:167) എന്നു കേരളപാണിനി വിഭക്തിയെ നിർവചിക്കുന്നുണ്ട്.

'വാക്യത്തിൽ മറ്റുള്ള പദങ്ങളോടു ഒരു നാമത്തിനുള്ള സംബന്ധം കാണിക്കുന്നതിനുവേണ്ടി അതിനുണ്ടാക്കുന്ന രൂപഭേദമാകുന്നു വിഭക്തി' എന്നുള്ള 'മലയാഴ്മയുടെ വ്യാകരണ'ത്തിലെ നിർവചനവും 'നാമങ്ങൾക്ക് വാക്യത്തിലെ മറ്റുപദങ്ങളോടുള്ള സംബന്ധത്തെ കാണിക്കുന്ന പ്രത്യയത്തേയും പ്രത്യയാന്തരൂപത്തേയും വിഭക്തിയെന്നു പറയു'മെന്ന ശേഷഗിരിപ്രഭുവിന്റെ നിർവചനവുമെല്ലാം ഏറെക്കുറെ

സമാനാശയം പങ്കുവയ്ക്കുന്നു. ലിംഗത്തിന്റെയും വചനത്തിന്റെയും കാര്യത്തിലെന്നപോലെ വിഭക്തിയുടെ എണ്ണത്തിലും പ്രത്യയങ്ങളുടെ കാര്യത്തിലും മലയാളവ്യാകരണഗ്രന്ഥങ്ങളിൽ ഒരുപാടു ചർച്ചകൾ ഉണ്ടായിട്ടുണ്ട്. സംസ്കൃതം, തമിഴ് മുതലായ ഭാഷകളിൽ ഏഴു വിഭക്തികളാണുള്ളത് എന്ന് സാമാന്യേന അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

▶ വിഭക്തിനിർവചനങ്ങൾ

## 2.3.1 വിഭക്തി സംജ്ഞ ചർച്ച

സംസ്കൃതം തമിഴ് മുതലായ ഭാഷകളിലെല്ലാം ഏഴു വിഭക്തികളാണുള്ളത്. സംസ്കൃത വൈയാകരണനായ പാണിനി സംസ്കൃത വിഭക്തികളെ പ്രഥമ, ദ്വിതീയ എന്നിങ്ങനെ സംഖ്യകൾ കൊണ്ടാണ് സൂചിപ്പിച്ചിരിക്കുന്നത്. തൊൽകാപ്പിയം മുതലുള്ള ദ്രാവിഡ വ്യാകരണഗ്രന്ഥങ്ങളിലും 'ഒന്റാം', 'വേറ്റുമെ' തുടങ്ങി സംഖ്യകൾകൊണ്ടു തന്നെയാണ് വിഭക്തികളെ നാമകരണം ചെയ്തിരിക്കുന്നത്. കേരളപാണിനീയത്തിനു മുമ്പുള്ള ഗ്രന്ഥങ്ങളിലും ഈ രീതി തന്നെയാണ് പിന്തുടർന്നിരുന്നത്. എന്നാൽ കേരളപാണിനി അവയ്ക്കു ഭിന്നമായ പേരുകൾ നിർദ്ദേശിക്കുകയും അതിനു യുക്തിസഹമായ ചില കാരണങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. വിഭക്തിയ്ക്കു പുതിയ സംജ്ഞ നൽകുവാൻ കേരളപാണിനി പ്രധാനമായും നാലു കാരണങ്ങൾ നൽകുന്നുണ്ട്.

1. സംസ്കൃതത്തിൽ ഒരു രൂപത്തിനു പല അർഥങ്ങളായിരിക്കെ ഭാഷയിൽ അർഥം മാറുന്നതിനനുസരിച്ചു രൂപവും മാറുന്നതിനാൽ ഏതെങ്കിലും ചില അർഥങ്ങളെ ചേർത്തു ഒരു പേരു വിളിക്കുന്നതിന് ന്യായമില്ല.
2. സംസ്കൃതത്തിൽ രണ്ടു പ്രത്യയം വേണ്ടിടത്ത് ഭാഷയിൽ ഒരു പ്രത്യയം തന്നെ മതി. ഭാഷയിൽ രണ്ടു വേണ്ടിടത്തു സംസ്കൃതത്തിൽ ഒന്നുമതി.
3. സംസ്കൃതത്തിൽ പ്രത്യയം ചേർത്തുമാത്രമേ വിഭക്തികൾ ഉണ്ടാകുന്നുള്ളു. ഭാഷയിൽ ആ അർഥങ്ങളെ കാണിക്കുന്നതിന് പ്രത്യയങ്ങൾ, ഗതികളെന്നു പേരിട്ട അവ്യയങ്ങൾ, സമാസം ഈ മൂന്നെണ്ണം ആവശ്യപ്പെടുന്നു.
4. വിഭക്തിപ്രത്യയങ്ങളുടെ എണ്ണം രണ്ടു ഭാഷയിലും ഏഴുതന്നെയാണെങ്കിലും അർഥത്തിൽ അവ യോജിക്കുന്നില്ല.

▶ കേരളപാണിനിയുടെ വിഭക്തി ചർച്ച

ഈ നാലു യുക്തികളും അടിസ്ഥാനരഹിതങ്ങളാണെന്നു പിൽക്കാലത്ത് സി. വി. വാസുദേവ ഭട്ടതിരി, സി. എൽ. ആന്റണി മുതലായ പല വ്യാകരണപഠിതാക്കളും വിലയിരുത്തിയിട്ടുണ്ട്.

കപ്പൽ വന്നു.
കപ്പൽ കണ്ടു.
കപ്പൽ കയറി.

ഈ മൂന്നു വാക്യങ്ങളിലും 'കപ്പൽ' എന്ന് ഒരു രൂപമാണെങ്കിലും ആദ്യത്തേതിൽ നിർദ്ദേശികാർഥത്തിലും രണ്ടാമത്തേതിലാകട്ടെ 'കപ്പലിനെ' എന്നുള്ള പ്രതിഗ്രാഹികാർഥത്തിലും മൂന്നാമത്തെ വാക്യത്തിൽ 'കപ്പലിൽ' എന്നുള്ള ആധാരികാർഥത്തിലുമാണ് പ്രയോഗിച്ചി

> ▶ ഒരേ രൂപം വ്യ ത്യസ്താർഥത്തിൽ പ്രയോഗിക്കപ്പെടാം

രിക്കുന്നത്. അതുകൊണ്ടുതന്നെ മലയാളത്തിൽ ഓരോ അർഥത്തിനും ഓരോ രൂപമാണെന്നുള്ള വാദം യുക്തിസഹമല്ലെന്നു കാണാം.

ഒരേ അർഥം കാണിക്കുവാൻ ഒന്നിലധികം വിഭക്തിരൂപങ്ങൾ ഉപയോഗിക്കുന്ന രീതി സംസ്കൃതത്തിലെന്നപോലെ മലയാളത്തിലുമുണ്ട്.

ഉദാ: എനിക്ക് വീട്ടിൽ പോകണം.
എനിക്ക് ഗുരുവായൂർക്ക് പോകണം.

> ▶ ഒരേ അർഥത്തിൽ ഒന്നിലധികം വിഭക്തിരൂപങ്ങൾ

ഈ രണ്ടു വാക്യങ്ങൾ പരിശോധിച്ചാൽ ലക്ഷ്യാർഥത്തിൽ 'ആധാരിക', 'ഉദ്ദേശിക' എന്നിങ്ങനെ രണ്ടു വിഭക്തികൾ ഉപയോഗിച്ചിരിക്കുന്നതായി കാണാം. അതുപോലെതന്നെ വിഭക്ത്യർഥങ്ങളെ പലരൂപങ്ങളെക്കൊണ്ടു നിർമ്മിക്കാമെങ്കിലും പ്രത്യയങ്ങളെ മാത്രമേ നാം വിഭക്തിയായി പരിഗണിക്കാറുള്ളു. ഈ രീതിയിൽ പരിശോധിക്കുമ്പോൾ എ. ആർ. അതിനു നൽകുന്ന യുക്തികൾ പിൽക്കാല വ്യാകരണപണ്ഡിതർ തള്ളിക്കളയുന്നതായി കാണാം. ഏതായാലും പുതിയ വിഭക്തിസംജ്ഞകൾ നൽകുന്നതിനായി കേരളപാണിനി കണ്ടെത്തുന്ന യുക്തികൾ പരാജയപ്പെട്ടുവെങ്കിലും അദ്ദേഹം സ്വീകരിച്ച വിഭക്തിസംജ്ഞകൾ പരക്കെ അംഗീകരിക്കപ്പെട്ടുവെന്നു പറയാം.

## വിഭക്തിപ്രത്യയം ചേരുമ്പോഴുള്ള മറ്റു സവിശേഷ വിധികൾ

വ്യഞ്ജനാന്തങ്ങളായ ചേതനനാമങ്ങളിൽ 'അൻ' പ്രത്യയമില്ലാത്തിടത്തെല്ലാം 'ഇൻ' ചേർക്കണം. അചേതനത്വത്തെ കുറിക്കുന്നതാണ് നാമമെങ്കിൽ ഇരട്ടിച്ച് 'ക്കൽ' എന്നാക്കണം. അതായത് 'ങ്കൽ' എന്നോ 'ക്കൽ' എന്നല്ലാതെ 'കൽ' പ്രത്യയം കാണുകയില്ലെന്നു സാരം.

നാമശബ്ദങ്ങളുടെ അവസാനത്തിലുള്ള 'ട' കാര 'റ'കാര ശബ്ദങ്ങൾ വിഭക്തിപ്രത്യയം ചേരുമ്പോൾ ഇരട്ടിയ്ക്കും.

ഉദാ: തോട് - തോട്ടിൽ, നാട് - നാട്ടിൽ, ആറ് - ആറ്റിൽ

നാന്താംഗത്തിൽ 'ക' ലോപിച്ച് 'ഉ്' ആണ് ഉദ്ദേശികയുടെ പ്രത്യയം

ഉദാ: രാമൻ + ക് - രാമന്

> ▶ വിഭക്തിപ്രത്യയം ചേരുമ്പോഴുള്ള സവിശേഷ വിധികൾ

അചേതനങ്ങളായ ജഡവസ്തുക്കളെക്കുറിക്കുന്ന നപുംസകനാമങ്ങളിൽ പ്രതിഗ്രാഹിക വിഭക്തിചേർക്കാതെ തന്നെ അതിന്റെ അർഥം വരുമെന്നതിനാൽ അവയിൽ മാത്രം പ്രതിഗ്രാഹികയെ നിർദ്ദേശിക പോലെ ഒരു പ്രത്യയവും കൂടാതെ പ്രയോഗിച്ചാൽ മതിയാകും.

ഉദാ: 'വെള്ളം കുടിച്ചു', 'മരം വെട്ടി' എന്നു പറഞ്ഞാൽ മതിയാകും. 'വെള്ളത്തെ കുടിച്ചു', 'മരത്തെ വെട്ടി'എന്നുവേണ്ട.

## മിശ്രവിഭക്തി

മോക്ഷത്തിനുവേണ്ടി തപസ്സു ചെയ്യുന്നു.

വൃക്ഷത്തിൽ നിന്നും വീഴുന്നു.

തുടങ്ങിയ വാക്യങ്ങൾ പരിശോധിച്ചാൽ 'മോക്ഷത്തിന്' എന്നതിലെ ഉദ്ദേശികയും 'വൃക്ഷത്തിൽ' എന്നതിലെ ആധാരികയും കൊണ്ടു മാത്രം അവിടെ വിഭക്ത്യർഥം പൂർത്തിയായിരുന്നില്ലെന്നുകാണാം. വിഭക്തിപ്രത്യയങ്ങൾ കൊണ്ടുമാത്രം അർഥപൂർത്തി വരാത്തിടങ്ങളിൽ അർഥപൂർത്തിയ്ക്കായി ചേർക്കുന്ന 'വേണ്ടി', 'നിന്നു' ഇത്യാദി പദങ്ങളെ 'ഗതി' എന്നുവിളിക്കുന്നു. ഗതിയും വിഭക്തിയും ചേർന്ന ശബ്ദം വിഭക്തിയ്ക്കു തുല്യമെന്നു കേരളപാണിനി പറയുന്നുണ്ട്. ഇത്തരത്തിൽ ഗതിചേർന്ന വിഭക്തിയെയാണ് മിശ്രവിഭക്തിയെന്നു പറയുന്നത്.

▶ ഗതിചേർന്ന വിഭക്തി-മിശ്രവിഭക്തി

### സമാസവിഭക്തി

പ്രത്യയത്തിനും ഗതിയ്ക്കും പുറമേ 'മൂലം', 'നിമിത്തം' ഇത്യാദി പദങ്ങളോടു സമാസിച്ചും വിഭക്തിയുണ്ടാക്കാം. അത്തരം വിഭക്തികളെയാണ് സമാസവിഭക്തിയെന്നു പറയുന്നത്.

▶ 'മൂലം', 'നിമിത്തം' എന്നിവയെ സമാസിച്ചുണ്ടാക്കുന്ന വിഭക്തി

## 2.3.2 വിഭക്ത്യാഭാസങ്ങൾ - നിർവചനവും വിശകലനവും

വിഭക്തിപ്രത്യയങ്ങളെക്കൂടാതെ ഗതിപോലുള്ള രൂപങ്ങളവതരിപ്പിച്ച് അതിനുപുറമെയുള്ള ചില വിശേഷരൂപങ്ങളെ / പ്രയോഗങ്ങളെ കേരളപാണിനി അടയാളപ്പെടുത്തുന്നുണ്ട്. അവയ്ക്കു വിഭക്ത്യാഭാസം എന്നാണ് പേരു നൽകിയിരിക്കുന്നത്. അവയെ മൂന്നായി തിരിച്ചിരിക്കുന്നു:

▶ വിഭക്ത്യാഭാസം- ഖിലം, ലുപ്തം, ഇരട്ടിപ്പ്

1. ഖിലം - ചില വിഭക്തികൾ എല്ലാ നാമങ്ങളിലും കാണുകയില്ല. അവയെ 'ഖിലം' എന്നു പറയാം.
2. ലുപ്തം - ചില വിഭക്തി പ്രത്യയങ്ങളിൽ പ്രത്യയം ലോപിച്ചിട്ട് അംഗം മാത്രമായി കാണും. അവയാണ് 'ലുപ്തം' എന്ന് അടയാളപ്പെടുത്തിയിരിക്കുന്നത്.
3. ഇരട്ടിപ്പ് - ഒരു വിഭക്തിയുടെ മേൽ മറ്റൊരു വിഭക്തിവരുന്നതരത്തിലുള്ള രൂപങ്ങളാണ് 'ഇരട്ടിപ്പ്' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

### ഖിലം

ആധാരികാവിഭക്തിയ്ക്കു 'ഇൽ', 'കൽ' എന്നിങ്ങനെ രണ്ടു പ്രത്യയങ്ങൾ ഉണ്ടെന്നിരിക്കെ അവയിൽ 'കൽ' ചുരുക്കം ചില നാമങ്ങളോടെ ചേർക്കാറുള്ളു. അവയിൽത്തന്നെ ഏകവചനരൂപങ്ങളിലല്ലാതെ ബഹുവചനരൂപങ്ങളിൽ ചേർക്കാറില്ല. അതുകൂടാതെ മണ്ഡപത്തുംവാതുക്കൽ, ആറ്റുങ്കൽ പോലെ 'കൽ' പ്രത്യയാന്തങ്ങൾ സംജ്ഞാനാമങ്ങളായും തീർന്നിട്ടുണ്ട്.

▶ 'കൽ' പ്രത്യയം ബഹുവചനരൂപങ്ങളിൽ ചേർക്കില്ല

### ലുപ്തം

ആധാരികാവിഭക്തിയിലെ തന്നെ മറ്റുചില വ്യത്യസ്തപ്രയോഗങ്ങളാണ് കേരളപാണിനി ലുപ്തത്തിന് ഉദാഹരണമായി കാണിക്കുന്നത്.

കാലവാചിയോ ദേശവാചിയോ ആയ നാമപദങ്ങളിൽ 'ഇൽ' എന്ന ആധാരികാവിഭക്തി പ്രത്യയം ചേർക്കാതെ തന്നെ ആധാരികയുടെ അർഥവിവക്ഷയുണ്ടാകും. അത്തരമിടങ്ങളിൽ വിഭക്തിപ്രത്യയം ലുപ്തമായിരിക്കും.

ഉദാ - 'കാര്യം കോഴിക്കോട് അറിയിച്ചു'., '1947 ആഗസ്റ്റ് 15-ാം തീയതി ഇന്ത്യ സ്വതന്ത്രയായി.'

ഈ വാചകങ്ങളിലെ സ്ഥലകാലവാചികളായ നാമപദങ്ങളായ 'കോഴിക്കോട്', 'ആഗസ്റ്റ് മാസം', '15-ാം തീയതി' ആ പദങ്ങളിലെല്ലാം തന്നെ ആധാരികയുടെ വിഭക്തിപ്രത്യയം ലുപ്തമാണ്.

'കാലദേശവാചികളായ നാമങ്ങളിൽ ആധാരികാവിഭക്തി പ്രയോഗിക്കാതെ അംഗപ്രക്രിയ ഏതെങ്കിലും ഉണ്ടെങ്കിൽ അതുമാത്രം ചെയ്തു നാമത്തെ പ്രയോഗിച്ചാൽ മതിയാകും' എന്ന് കേരളപാണിനി അറുപത്തിയാറാം കാരികയിൽ പറയുന്നുണ്ട്. ഈ അംഗപ്രക്രിയ:

'അം' എന്നവസാനിക്കുന്നതിൽ അനുസ്വാരത്തിന് 'ത്താ'ദ്ദേശം വരുന്നു. നേരം, കാലം മുതലായ പദങ്ങളിൽ നേരത്ത്, കാലത്ത് മുതലായ പ്രയോഗങ്ങൾ ഉദാഹരണങ്ങളാണ്.

ദേശമെന്നോ കാലമെന്നോ ഉള്ള അർഥവിവക്ഷയുണ്ടായാൽ കാലദേശവാചികളല്ലാത്തയിടത്തും 'അത്ത്' ചേരുമെന്ന് കേരളപാണിനി വിശദീകരിക്കുന്നു (കാരിക: 67). കാറ്റ്, മഴ, ഇരുട്ട് മുതലായ പദങ്ങളിൽ കാറ്റത്ത്, മഴയത്ത്, ഇരുട്ടത്ത് എന്നിങ്ങനെയുള്ള രൂപസിദ്ധിയുണ്ടാകും.

- അംഗപ്രക്രിയാനിയമങ്ങൾ

സ്ഥലവാചികളായ നാമപദങ്ങളുടെ അന്ത്യത്തിൽ 'ട', 'റ്റ'ന്തങ്ങളായ വ്യഞ്ജനം ഉണ്ടെങ്കിൽ അവയുടെ ദ്വിത്വത്തിലൂടെ ആധാരികാർഥം സിദ്ധിയ്ക്കും. 'കോഴിക്കോട്ടു ചെന്നു', 'വടയാറ്റു പോയി' മുതലായ പ്രയോഗങ്ങൾ ഉദാഹരണങ്ങളാണ്.

ആധാരികയിലേതുപോലെ തന്നെ സംബന്ധികയിലും ചില വിശേഷപ്രയോഗങ്ങളെ കേരളപാണിനി കാരിക 69 ൽ വിശദീകരിക്കുന്നുണ്ട്. 'ഇൻ', 'അൻ' എന്ന ഇടനിലയും 'തൻ' എന്ന സ്വവാചിസർവനാമവും സംബന്ധികയുടെ സ്ഥാനത്ത് വിഭക്ത്യാഭാസമായി ഉപയോഗിക്കാമെന്നു കേരളപാണിനി പറയുന്നുണ്ട്. ഈ വിശേഷവിധി സമാസത്തിൽ മാത്രമേ ബാധകമാവുകയുള്ളൂ എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്.

- ഇൻ, അൻ, തൻ ഇവ സംബന്ധികാ വിഭക്ത്യാഭാസം

കുന്നിൻമകൾ - (ഇൻ) - കുന്നിന്റെ മകൾ
പനങ്കുല - (അൻ ) - പനയുടെ കുല
സൂതൻതൻവാക്ക് - (തൻ) - സൂതന്റെ വാക്ക്
മുതലായ പ്രയോഗങ്ങൾ ഉദാഹരണങ്ങളാണ്.

## ഇരട്ടിപ്പ്

വിഭക്തികൾ മേൽക്കുമേൽ വന്നുണ്ടാകുന്ന പ്രയോഗങ്ങളെയാണ് കേരളപാണിനി ഇരട്ടിപ്പ് എന്ന ഗണത്തിലുൾപ്പെടുത്തിയിരിക്കുന്നത്.

ആധാരികാവിഭക്ത്യന്തമോ അതിന്റെ അർഥത്തിലുള്ള വിഭക്ത്യാഭാ

സമോ ആയ പദത്തിൽ 'ഏ' ചേർത്താൽ അതിലുള്ള എന്ന അർഥം ലഭിക്കും.

ഉദാ: കാട്ടിലേ, നാട്ടിലേ

'ഇൽ' എന്ന വിഭക്ത്യന്തത്തോട് 'ഏ'ചേർത്ത് 'കാട്ടിലുള്ള ആന' എന്നർഥം നിഷ്പാദിപ്പിക്കുന്നു.

'ഏ' പോലുള്ള ശബ്ദങ്ങളല്ലാതെ ഒരു വിഭക്തിയ്ക്കുമേൽ മറ്റൊരു വിഭക്തിചേർന്ന് പ്രത്യയങ്ങൾ ഇരട്ടിക്കും. അതിനെയാണ് 'ദ്വിവിഭക്തി കരൂപം' എന്നുപറയുന്നത്.

ഉദാ: വെള്ളത്തിലേക്ക്

എന്ന വാക്യത്തിൽ ആധാരികാർഥവും 'വെള്ളത്തിൽ' കർത്താവിന്റെ ഉദ്ദേശത്തെക്കുറിക്കുന്ന ഉദ്ദേശികാർഥവും ചേർന്നാണ് 'വെള്ളത്തിലേക്ക്' എന്ന ദ്വിവിഭക്തികരൂപം സിദ്ധിച്ചത്.

ഉദാ: വെള്ളം + ഇൽ + ക്ക് = വെള്ളത്തിൽക്ക് - വെള്ളത്തിലേക്ക് (വെള്ളത്തിൽ + ഏ + ക്ക്)

▶ ഒന്നിൽകൂടുതൽ വിഭക്തികളുടെ പ്രയോഗം-ദ്വിവിഭക്തിക രൂപം

ഈ വാക്യങ്ങളുടെ മധ്യത്തിൽ വരുന്ന 'ഏ' ഭംഗിയ്ക്കുമാത്രം ചേർത്തതാകാമെന്നും പഴയ മലയാളത്തിൽ അതില്ലാത്ത 'അതിൽക്ക്', 'അടവിയിൽക്ക്' പോലുള്ള ധാരാളം രൂപങ്ങൾ കാണുന്നുണ്ടെന്ന് കേരളപാണിനി വിശദീകരിക്കുന്നുണ്ട്.

ആധാരികാവിഭക്തിപ്രത്യയം ചേർത്ത നാമത്തോട് സംയോജികാ പ്രത്യയം ചേർത്തും ദ്വിവിഭക്തികരൂപം പതിവുണ്ട്.

ഉദാ: വെള്ളത്തിൽ + ഓട്ട് - വെള്ളത്തിലോട്ട് (ആധാരിക വിഭക്തി)

വെയിൽ + അത്ത് + ഓട്ട് - വെയിലത്തോട്ട് (ആധാരികാവിഭക്ത്യാഭാസം)

▶ ആധാരിക, സംയോജിക-ദ്വിവിഭക്തിരൂപം

'ഓട്' എന്നതിലെ 'ട'കാരമിരട്ടിച്ചുവെന്ന വിശേഷം മാത്രമേ ഇതിനുള്ളൂ എന്ന് കേരളപാണിനി വിശദീകരിക്കുന്നു. ഇരട്ടിപ്പിനായി കാണിച്ച മൂന്നു രൂപങ്ങളിലും ഒരു വിഭക്തി ആധാരികയാണ്.

▶ വിഭക്ത്യാഭാസം-ആദിനാട് ഗോപിയുടെ നിരീക്ഷണം

വിഭക്ത്യാഭാസരൂപങ്ങളുടെ വ്യത്യസ്തരീതികൾക്കൊടുവിൽ കാരകത്തിലേക്കൊരു സൂചന നൽകിയാണ് കേരളപാണിനി വിഭക്ത്യാഭാസങ്ങളുടെ ചർച്ച അവസാനിപ്പിക്കുന്നത് (കാരിക: 74). ഒന്നാം വിഭക്തിയായ നിർദ്ദേശികയ്ക്ക് വിഭക്തിപ്രത്യയമില്ല. മാത്രവുമല്ല പ്രതിഗ്രാഹിക മുതൽ ആധാരികവരെയാണ് വിഭക്തിപ്രത്യയങ്ങളും വിഭക്ത്യാഭാസചിഹ്നങ്ങളും ഉള്ളത്. അതിന് അദ്ദേഹം കണ്ടെത്തുന്ന യുക്തി വ്യാകരണപരമായി ശ്രദ്ധേയമാണ്. അത് ആദിനാട് ഗോപി ഇങ്ങനെ സംഗ്രഹിക്കുന്നു. "മറ്റു കാരകങ്ങളുടെ (നിർദ്ദേശിക ഒഴികെയുള്ള) സ്ഥിതിയതല്ല. അവയുടെ ധർമ്മം കർത്താവിനെ ആശ്രയിച്ചുകൊണ്ട് ആ നാമത്തെ സഹായിക്കലാണ്. അതിനാൽ കർത്താവിന് കീഴടങ്ങി അതിന്റെ അംഗമായി നിൽക്കുന്ന നാമങ്ങൾക്കെല്ലാം വിഭക്തിപ്രത്യയങ്ങൾ വിധിച്ചു. വിശേഷ്യാവസ്ഥ കർത്താവിനും വിശേഷണാവസ്ഥ മറ്റു കാരകങ്ങൾക്കും. അതു കാണിക്കുവാൻ വിഭക്തിപ്ര

ത്യയം. വിഭക്ത്യാഭാസരൂപങ്ങളും അതുതന്നെ ചെയ്യുന്നു''(2008: 226).

## 2.3.3 വിഭക്തിചർച്ച ലീലാതിലകത്തിൽ

മറ്റു പദങ്ങളുമായുള്ള ബന്ധത്തെക്കുറിച്ചുള്ള നാമപദങ്ങളിൽ ചേർക്കുന്ന പ്രത്യയമാണ് വിഭക്തി. സംസ്കൃതത്തിൽ ഏഴ് വിഭക്തികളാണുള്ളത്. പ്രഥമ, ദ്വിതീയ, തൃതീയ, ചതുർഥി, പഞ്ചമി, ഷഷ്ഠി, സപ്തമി. ഭാഷയിൽ എട്ടു വിഭക്തികളാണുള്ളതെന്ന് ലീലാതിലകാരൻ പറയുന്നു. സൂത്രം 22 ൽ 'പേർ', 'എ', 'ഒടു', 'ക്കു', 'നിന്റു', 'ന്നു', 'ഇൽ', 'വിളി ഇത്യഷ്ടകം' എന്നിങ്ങനെ വിഭക്തി പ്രത്യയങ്ങളെ നൽകിയിരിക്കുന്നു. ഇതിൽ 'പേർ', 'വിളി' എന്നിവ വിഭക്തികളുടെ അർഥമാണ്. മറ്റുള്ളവ പ്രത്യയവും. ലീലാതിലകത്തിലെ വിഭക്തി വിഭജനം താഴെ ചേർക്കുന്നു.

▶ സംസ്കൃതത്തിൽ ഏഴു വിഭക്തികൾ

ഒന്നാം വിഭക്തി: നാമം അതേപടിയുള്ളത്.

ഉദാ: മരം, ആന

രണ്ടാം വിഭക്തി: പ്രത്യയം –'എ'

ഉദാ: അവനെ, അവളെ, മരത്തെ

'ഐ'കാരം തമിഴിലെ രണ്ടാം വിഭക്തിയാണ്. വിഭക്തിക്കും, പ്രകൃതിക്കുമിടയിൽ വരുന്ന 'ത്ത്', 'ഇൻ', 'യ്' എന്നിവ ഇടനിലകൾ അഥവാ സന്ധായകങ്ങളാണ്.

മൂന്നാം വിഭക്തി: പ്രത്യയം – 'ഒടു'.

ഉദാ: അവരൊടു, മരത്തോടു, അവറ്റൊടു എന്നിങ്ങനെ.

'ആൽ, കൊണ്ടു', എന്നു രണ്ടു പ്രത്യയങ്ങൾ കൂടി മൂന്നാം വിഭക്തിക്ക് ഉണ്ടെന്ന് ലീലാതിലകകാരൻ പറയുന്നു. ഇന്ന് 'ആൽ'പ്രയോജികാ വിഭക്തിയാണ് മലയാളത്തിൽ. 'കൊണ്ട്' എന്നത് 'കൊള്ളുക' എന്ന ക്രിയയിൽ നിന്നുണ്ടായ ഒരു ഗതിയാണ്.

നാലാം വിഭക്തി: പ്രത്യയം – 'ക്കു'.

ഉദാ: അവൾക്കു, ആനക്ക്

അന്നു, ഇന്നു എന്നീ പ്രത്യയങ്ങൾ ചേർത്തും 4–ാം വിഭക്തി പ്രയോഗിക്കാറുണ്ട്. ഉദാ: അവന്നു, അതിന്നു, ഇന്നത്തെ മലയാളത്തിലും 'ക്കു', 'ന്നു' എന്നിവ 4–ാം വിഭക്തി അഥവാ ഉദ്ദേശികയാണ്. അവൾക്കായിക്കൊണ്ട്, അവനായിക്കൊണ്ട് എന്നിങ്ങനെയും, ചിലേടത്ത് വിഭക്തിപ്രത്യയത്തിന്റെ മേൽ 'ആയിക്കൊണ്ടു' ചേർത്തും വരാറുണ്ട്.

അഞ്ചാം വിഭക്തി: പ്രത്യയം –'നിന്റു.'

ഉദാ: 'മരത്തിൽ നിന്റു', 'അവന്റെ പക്കൽ നിന്റു.'

'മരത്തിൽ' എന്ന പദത്തിൽ 'ഇൽ' ആധാരികാപ്രത്യയമാണ്. ഇവിടെ ആധാരികാപ്രത്യയത്തിനു ശേഷം 'നിൽക്കുക' എന്ന ക്രിയയിൽ നിന്നുണ്ടായ 'നിന്റു' എന്ന വിനയെച്ചം വന്നിരിക്കുകയാണ്. 'നിന്റു'എന്ന പദത്തിന് ഗതിയുടെ സ്ഥാനമാണ്. 'കൊണ്ടു' എന്നതു പോലെ. സംസ്കൃതത്തെ അനുകരിച്ച് ഒരു വിഭക്തി കേരളഭാഷയി

ലും കല്പിച്ചുവെന്നേയുള്ളൂ. പഞ്ചമിക്ക് അഞ്ചാം വിഭക്തി എന്നു പറഞ്ഞിരിക്കുന്നു.

ആറാം വിഭക്തി: പ്രത്യയം –'ന്ന്.'

ഉദാ: അവന്ന്, രാമന്ന്

'ക്കു', 'ഇടെ', 'എടെ', 'റെ' ഇവയും ആറാം വിഭക്തി പ്രത്യയങ്ങളായി ഉപയോഗിക്കും. ഉദാഹരണമായി അവൾക്കു, അവരിടെ, അവന്റെ എന്നീ പദങ്ങൾ കൊടുക്കുന്നു. ഇന്നത്തെ ഭാഷയിലും 'ഉടെ', 'ന്റെ' എന്നീ പ്രത്യയങ്ങൾ 6-ാം വിഭക്തിയിൽ (സംബന്ധികയിൽ) കാണാം.

ഏഴാം വിഭക്തി: പ്രത്യയം –'ഇൽ.'

ഉദാ: അവയിൽ, അവളിൽ.

അതിൽ 'ഇലെ', 'മേൽ', 'കൽ', 'പക്കൽ' എന്നിവയും പ്രത്യയങ്ങളായി ഉപയോഗിക്കും. 'ഇൽ', 'കൽ' എന്നീ പ്രത്യയങ്ങളേ ഇപ്പോൾ പ്രയോഗത്തിലുള്ളൂ.

▶ ലീലാതിലകത്തിൽ എട്ടു വിഭക്തികൾ

എട്ടാം വിഭക്തി: സംബോധനയാണിത്. നാമപദത്തിന്റെ അന്ത്യസ്വരം ദീർഘിപ്പിക്കുന്നു.

ഉദാ: മാധവാ, ചിത്രഭാനൂ, മരമേ.

## 2.3.4 വിഭക്തിചർച്ച കേരളപാണിനീയത്തിൽ

▶ കേരളപാണിനി വിഭക്തികൾക്ക് പുതിയ പേരു നൽകി

കേരളപാണിനീയത്തിൽ സംസ്കൃതത്തിലെന്നപോലെ ഏഴുവിഭക്തികളെയാണ് കേരളപാണിനി കൊടുത്തിരിക്കുന്നത്. പക്ഷെ അർഥത്തിൽ അവ തമ്മിൽ യോജിക്കുന്നില്ല. അക്കാരണത്താൽ നിർദ്ദേശിക, പ്രതിഗ്രാഹിക, സംയോജിക, ഉദ്ദേശിക, പ്രയോജിക, സംബന്ധിക, ആധാരിക എന്നിങ്ങനെ വിഭക്തികൾക്ക് പുതിയ നാമങ്ങൾ കേരളപാണിനി നൽകി. കേരളപാണിനീയത്തിലെ 55-ാം കാരികയിൽ വിഭക്തികളെയും അവയുടെ അർഥങ്ങളെയും സംഗ്രഹിച്ചിട്ടുണ്ട്:

▶ കേരളപാണിനിയുടെ വിഭക്ത്യർഥ നിർവചനം

"തന്മ നിർദ്ദേശികാകർത്താ;
പ്രതിഗ്രാഹിക കർമ്മമെ;
ഓട് സംയോജികാ സാക്ഷി;
സ്വാമിയുദ്ദേശികാ ക്ക്, വ്
ആൽ പ്രയോജികയാം ഹേതു;
ഉടെ സംബന്ധികാ സ്വതാ;
ആധാരികാധികരണം
ഇൽ, കൽ പ്രത്യയമായവ''

1. നിർദ്ദേശികാവിഭക്തി – പ്രത്യയം ഇല്ല. നാമത്തെ നിർദ്ദേശിക്കുന്നു.

ഉദാ: 'രാമൻ തിരിച്ചുവന്നു'. 'രാമൻ' നിർദ്ദേശികാരൂപം.

2. പ്രതിഗ്രാഹിക വിഭക്തി – 'എ' പ്രത്യയം. കർമ്മാർഥം കുറിക്കുന്നു.

ഉദാ: 'രാമൻ കൃഷ്ണനെ തല്ലി'. 'കൃഷ്ണനെ' പ്രതിഗ്രാഹികാരൂപം.

3. സംയോജികാവിഭക്തി – 'ഓട് 'എന്ന പ്രത്യയം. സാക്ഷി എന്ന കാരകാർഥം.

ഉദാ: ശിവൻ ശക്തിയോടു ചേരുന്നു. 'ശക്തിയോട്' സംയോജികാ രൂപം.

4. ഉദ്ദേശികാവിഭക്തി – 'ക്ക്' 'ന്' പ്രത്യയം. സ്വാമി എന്ന് കാരകാർഥം.

ഉദാ: രാമന് രാജ്യം കിട്ടി. 'രാമന്' ഉദ്ദേശികാരൂപം.

സീതക്ക് പേനയുണ്ട് 'സീതക്ക്' ഉദ്ദേശികാരൂപം.

5. പ്രയോജികാവിഭക്തി – 'ആൽ' പ്രത്യയം. ഹേതു എന്ന കാരകം. കരണം, കാരണം എന്നീ അർഥങ്ങൾ.

ഉദാ. 'വടിയാൽ അടിച്ചു.' 'ഭാഗ്യത്താൽ ആഗ്രഹം സാധിച്ചു.' എന്നിവയിൽ 'വടിയാൽ, ഭാഗ്യത്താൽ' – പ്രയോജികാ രൂപങ്ങൾ.

6. സംബന്ധികാവിഭക്തി –'ന്റെ, ഉടെ,' പ്രത്യയം – ഉടമ അർഥം.

ഉദാ: രാമന്റെ രാജ്യം, രവിയുടെ പുസ്തകം– 'രാമന്റെ', 'രവിയുടെ' സംബന്ധികാ രൂപങ്ങൾ.

7. ആധാരികാ വിഭക്തി. – 'ഇൽ', 'കൽ' പ്രത്യയം. അധികരണം അർഥം.

ഉദാ: മെത്തയിൽ കിടക്കുന്നു. 'മെത്തയിൽ' ആധാരികാ രൂപം.

ഇത്രയുമാണ് 'കേരളപാണിനീയ'ത്തിൽ നൽകിയിരിക്കുന്ന വിഭക്തികളും അവയുടെ പ്രത്യയങ്ങളും. ഇവയുടെ പ്രയോഗത്തിലും മറ്റുമുള്ള ചില സവിശേഷവിധികളും കേരളപാണിനി നൽകുന്നുണ്ട്. വ്യഞ്ജനാന്തശബ്ദങ്ങളിൽ മുമ്പുപറഞ്ഞ വിഭക്തിപ്രത്യയം നേരിട്ടു ചേർക്കുക സാധ്യമല്ലാത്തതുകൊണ്ട് ആ ശബ്ദത്തോടു 'ഇൻ' പ്രത്യയം ചേർത്ത് വിഭക്ത്യംഗം ചമച്ചതിനുശേഷമാണ് വിഭക്തിപ്രത്യയം ചേർക്കുക.

ഉദാ – രാജാവ് എന്ന വ്യഞ്ജനാന്തശബ്ദത്തോട് 'ഇൻ' ചേർത്ത്

രാജാവ് + ഇൻ + എ – രാജാവിനെ

രാജാവ് + ഇൻ + ആൽ – രാജാവിനാൽ

രാജാവ് + ഇൻ + ഓട് – രാജാവിനോട്

▶ വിഭക്തിയുടെ സവിശേഷ വിധികൾ

ഇത്തരത്തിൽ 'ഇൻ' എന്ന അംഗപ്രത്യയം ചേർക്കുന്നത് സംബന്ധിക, ഉദ്ദേശിക എന്നീ രണ്ടു വിഭക്തികളിൽ നിത്യവും മറ്റുള്ളവയിൽ വികല്പവുമായിട്ടാണ് വരുന്നതെന്ന് കേരളപാണിനി വിശദീകരിക്കുന്നു.

ഉദാ: രാജാവിനാൽ – രാജാവാൽ

രാജാവിനോട് – രാജാവോട്

എന്നിങ്ങനെ രണ്ടുരീതിയിൽ പ്രയോഗങ്ങളുണ്ടെന്നർഥം. 'ഇൻ' പ്രത്യയം ചേർത്ത് വിഭക്ത്യംഗം ചമയ്ക്കുന്നത് 'ഇൽ' പ്രത്യയമുള്ള (ഏകാർഥകങ്ങളായിരുന്നുവെന്ന് കാൽഡ്വലിനെപ്പോലുള്ളവരും അഭിപ്രായപ്പെടുന്നുണ്ട്) ആധാരികാവിഭക്തിയിൽ പ്രയോഗിച്ചുകാണുന്നില്ലെന്നും അദ്ദേഹം നിരീക്ഷിക്കുന്നു.

▶ കേരളപാണിനിയുടെ വിഭക്തി വിഭജനം- ഏഴു വിഭക്തികൾ

ലീലാതിലകത്തിലെയും കേരളപാണിനീയത്തിലെയും ലിംഗ-വചന-വിഭക്തിചർച്ചകളെ താഴെ കൊടുത്തിരിക്കുന്ന വിധത്തിൽ പട്ടികകളിലാക്കാം.

**ലീലാതിലകം**

**ലിംഗം**

സൂത്രം 26 'സ്ത്രീപുംനപുംസകം ത്രികം'
സൂത്രം 27 'സ്ത്രീയാമനാമ്നി ളോ∫ന്തേ'
സൂത്രം 28 'ഇശ്ച ജാതി പുംയോഗയോഃ'
സൂത്രം 29 'പുംസി നഃ'
സൂത്രം 30 'നപുംസകേ മോ∫ദന്തേ'

| **ലിംഗം** | **പ്രത്യയം** | **ഉദാഹരണം** | **സാഹചര്യം** |
|---|---|---|---|
| സ്ത്രീലിംഗം | -ഇ<br>-ൾ | ചെട്ടിച്ചി,<br>ശൂദ്രത്തി<br>അവൾ | ജാതിയോ പുരുഷ ബന്ധമോ കാണിക്കുന്ന പദങ്ങളിൽ |
| പുല്ലിംഗം | -ൻ | അവൻ, വന്നാൻ | -ൻ എല്ലാ പുല്ലിംഗ നാമങ്ങളിലും നിയമേന വരുന്നില്ല |
| നപുംസകം | -ം<br>-തു | മരം, പാലം<br>അതു്, ഇതു് | നപുംസകമായ അകാരാന്ത ശബ്ദത്തിന് ചുട്ടെഴുത്തുകളിൽ |

**വചനം**

സൂത്രം 32 'ഏകാനേകം ദ്വികം'
സൂത്രം 33 'ഏകസ്മിൻ യഥാലിംഗം'
സൂത്രം 34 'അനേകസ്മിൻ ർ, കൾ, മാർ, മർ, പർ, വർ, വു പ്രായേണ'

| **വചനം** | **പ്രത്യയം** |
|---|---|
| ഏകവചനം | പ്രത്യേകം പ്രത്യയമില്ല. ഏകവചനരൂപംതന്നെ |
| അനേകവചനം | -ർ, -കൾ, -മാർ, -മർ, -പർ, -വർ, -വു (ബ്രാഹ്മണർ, കവികൾ, നമ്പിമാർ, കാണ്മർ, കേൾപർ, വരുവർ, അവു) |

**വിഭക്തി**

സൂത്രം 20 'അർഥവിശേഷേ∫സ്യാഃ പരഭാഗവിശേഷഃ'
സൂത്രം 21 'സോ∫ഷ്ടധാ ത്രിധാ ദ്വിധാ ച'
സൂത്രം 22 'പേർ, എ, ഒടു, ക്കു, നിന്റു, ന്നു, ഇൽ, വിളി ഇത്യഷ്ടകം'

| പേര് | പ്രത്യയം | പ്രയോഗം |
|---|---|---|
| ഒന്നാം വിഭക്തി | പേർ | ആന, മരം |
| രണ്ടാം വിഭക്തി | -എ | അവനെ, അവളെ |
| മൂന്നാം വിഭക്തി | -ഒടു | അവരൊടു, മരത്തൊടു |
| നാലാം വിഭക്തി | -ക്കു | അവൾക്കു, അതിന്നു |
| അഞ്ചാം വിഭക്തി | -നിന്റു | മരത്തിൽനിന്റു |
| ആറാം വിഭക്തി | -ന്നു | അവന്നു, രാമന്നു |
| ഏഴാം വിഭക്തി | -ഇൽ | അവനിൽ, അതിൽ |
| എട്ടാം വിഭക്തി | വിളി | കേശവാ, ചിത്രഭാനൂ |

**കേരളപാണിനീയം**

**ലിംഗം**

| **ലിംഗം** | **പ്രത്യയം** | | | |
|---|---|---|---|---|
| | **തനിനാമം** | **സർവനാമം** | **ആഖ്യാതം** | |
| പുല്ലിംഗം | -അൻ<br>കേമൻ | -അൻ<br>അവൻ | -ആൻ<br>വന്നാൻ | -അൻ<br>വേലക്കാരൻ |
| സ്ത്രീലിംഗം | -ഇ<br>കേമി | -അൾ<br>അവൾ | -ആൾ<br>വന്നാൾ | -അത്തി/<br>അച്ചി/ആട്ടി/<br>വേലക്കാര<br>ത്തി/തടിച്ചി/<br>തമ്പുരാട്ടി |
| നപുംസകം | -അം<br>കേമം | -തു<br>അത് | -തു<br>വന്നിതു | |

**വചനം**

| **ലിംഗം** | **ഏകവചനം** | **ബഹുവചനം** | | |
|---|---|---|---|---|
| | | സലിംഗം | അലിംഗം | പൂജകം |
| പുല്ലിംഗം | രാമൻ, വേല<br>ക്കാരൻ | മാർ | അർ | കൾ<br>അർ<br>മാർ |
| സ്ത്രീലിംഗം | സീത, അമ്മ | മാർ | അർ | |
| നപുംസകം | കാട് | കൾ | അ | |

**വിഭക്തി**

| **പേര്** | **പ്രത്യയം** | **പ്രയോഗം** |
|---|---|---|
| നിർദ്ദേശിക | - | ജിബി |
| പ്രതിഗ്രാഹിക | -എ | ജിബിയെ |
| സംയോജിക | -ഓട് | ജിബിയോട് |
| ഉദ്ദേശിക | -ക്ക്-ഉ് | ജിബിക്ക് |
| പ്രയോജിക | -ആൽ | ജിബിയാൽ |
| സംബന്ധിക | -ഉടെ | ജിബിയുടെ |

| ആധാരിക | -ഇൽ/ -കൽ | ജിബിയിൽ |
|---|---|---|

കേരളപാണിനീയത്തിന്റെ രണ്ടാം പതിപ്പ് ഒന്നാം പതിപ്പിൽനിന്നും ഏറെ വ്യത്യസ്തമാണ്. ആ വ്യത്യാസത്തിന് ഹേതുവായത് ലീലാതിലകമാണ്. ഇക്കാര്യം എ. ആർ. രാജരാജവർമ്മതന്നെ എടുത്തു പറയുന്നുമുണ്ട്. ലീലാതിലകത്തിലെ കൂന്തൽവാദചർച്ചയുടെ തുടർച്ചയിലാണ് കേരളപാണിനിയുടെ ആറുനയങ്ങൾ ഉണ്ടായത്. ലീലാതിലകം അടിസ്ഥാനപരമായി ഒരു വ്യാകരണകൃതിയല്ലെങ്കിലും മലയാളം അറിയാത്ത, സംസ്കൃതം മാത്രമറിയുന്ന മണിപ്രവാളകവികളുടെ ആവശ്യം നിറവേറ്റുന്നതിന് ഉതകുന്ന മട്ടിലുള്ള മലയാളഭാഷയുടെ വ്യാകരണകാര്യങ്ങളാണ് ആദ്യ മൂന്നു ശില്പത്തിൽ ഉള്ളത്. മലയാളത്തിലെ ലിംഗവചനവിഭക്തിചർച്ചയുടെ ആദിരൂപമാണ് ലീലാതിലകത്തിൽ കാണുന്നത്. അതിൽനിന്ന് കേരളപാണിനീയത്തിലേക്കെത്തുമ്പോൾ ആ ചർച്ചകൾ വളരെ വികസിതമായത് കാണാൻ സാധിക്കും. ഇന്നും ഈ ചർച്ചകൾ പുതിയ പ്രകരണങ്ങളിൽ സമ്പന്നമായിക്കൊണ്ടിരിക്കുകയാണ്. അപ്പോഴും ലീലാതിലകകാരൻ പ്രയോഗിച്ച അനേകവചനം പോലുള്ള സാങ്കേതികപദത്തിന്റെ സവിശേഷത എടുത്തു പറയേണ്ടതാണ്. സംസ്കൃതത്തിലെ ഏകവചനം, ദ്വിവചനം, ബഹുവചനം എന്ന വചനഭേദസന്ദർഭത്തിലാണ് അനേകവചനം എന്ന ലീലാതിലകകാരന്റെ സാങ്കേതികസംജ്ഞയുടെ മൗലികത തെളിഞ്ഞുവരുന്നത്. ഭാഷാചരിത്രപഠനത്തിൽ ഈ കൃതികൾ ഇന്നും ദിശാസൂചികളായി തുടരുന്നു.

- ലീലാതിലകത്തിലേയും കേരളപാണിനീയത്തിലേയും ലിംഗ, വചന, വിഭക്തി ചർച്ച

## Summarised Overview

സംഖ്യാനാമങ്ങൾക്കു മലയാളത്തിൽ ബഹുവചനപ്രത്യയം ചേർക്കേണ്ടതില്ലെന്ന നയം പാലിക്കാത്ത പ്രയോഗങ്ങൾ ഇംഗ്ലീഷ്, സംസ്കൃതം തുടങ്ങിയ ഭാഷകളുടെ സ്വാധീനംമൂലം വർത്തമാനകാല വ്യവഹാരത്തിൽ വന്നു ചേർന്നിട്ടുണ്ട്. നാമങ്ങൾക്ക് മറ്റുപദങ്ങളോടുള്ള ബന്ധത്തെക്കുറിക്കുന്നതായ വിഭക്തി മലയാളത്തിൽ ഏഴെണ്ണമാണുള്ളത്. മലയാളത്തിലെ വിഭക്തികളുടെ വ്യതിരിക്തത വ്യക്തമാക്കുവാൻ കേരളപാണിനി കണ്ടെത്തുന്ന കാരണങ്ങൾ ഖണ്ഡിക്കപ്പെട്ടിട്ടുണ്ടെങ്കിലും അദ്ദേഹം നൽകിയ വിഭക്തിസംജ്ഞകൾ മലയാളത്തിൽ പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പ്രത്യയങ്ങൾ ചേർത്തുമാത്രമേ വിഭക്തിയുണ്ടാവുകയുള്ളൂ എന്നുപറയുന്നുണ്ടെങ്കിലും കേരളപാണിനി വിഭക്ത്യർഥംകൊണ്ടും അർഥപൂർത്തിവരാത്ത ഇടങ്ങളിൽ പദങ്ങൾ ചേർത്തും മറ്റു മാർഗങ്ങൾ ഉപയോഗിച്ചും ഇതു സാധ്യമാക്കാം എന്നുപറയുന്നുണ്ട്. ഈ സവിശേഷപ്രയോഗങ്ങളിലാണ് വിഭക്ത്യാഭാസം, മിശ്രവിഭക്തി, സമാസവിഭക്തി എന്നീ സങ്കല്പനങ്ങൾ വരുന്നത്.

## Assignments

1. മലയാളത്തിലെ വിഭക്തിപ്രത്യയങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
2. വിഭക്തിയ്ക്കു പുതിയ സംജ്ഞ കണ്ടെത്തുവാൻ കേരളപാണിനി കണ്ടെത്തുന്ന യുക്തി കൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുക.
3. വിഭക്ത്യാഭാസങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
4. മിശ്രവിഭക്തി, സമാസവിഭക്തി എന്നിവ വിശദീകരിക്കുക.
5. ലീലാതിലകത്തിലെ വിഭക്തിയെ വിവരിക്കുക.

## Reference


1. കെ. എം. പ്രഭാകരവാരിയർ, മലയാളവ്യാകരണസമീക്ഷ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
2. കെ. എം. പ്രഭാകരവാരിയർ, ഭാഷാശാസ്ത്രവിവേകം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
3. പ്രൊഫ. ആദിനാട് ഗോപി, മലയാളഭാഷാവ്യാകരണം ഒരു സമഗ്രപഠനം, രചന ബുക്സ്, കൊല്ലം.
4. എ. ആർ. രാജരാജവർമ, കേരളപാണിനീയം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
5. കെ. ശ്രീകുമാരി, മലയാളത്തിലെ നാമവർഗം, താരതമ്യപഠനസംഘം, ചങ്ങനാശ്ശേരി.


## Suggested Reading


1. എൻ. കെ. മേരി, മലയാളവ്യാകരണസിദ്ധാന്തങ്ങൾ കേരളപാണിനീയത്തിനു ശേഷം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
2. എം. ശേഷഗിരിപ്രഭു., വ്യാകരണമിത്രം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
3. കെ. സുകുമാരപിള്ള, കൈരളീശബ്ദാനുശാസനം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. ടി. ബി. വേണുഗോപാലപ്പണിക്കർ, വാക്കിന്റെ വഴികൾ. വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
5. എസ്. നൗഷാദ് (സമ്പാ.) മലയാളഭാഷാശാസ്ത്രജ്ഞർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

Unit 4

# കാരകങ്ങൾ, തദ്ധിതങ്ങൾ

## Learning Outcomes

- ചുട്ടെഴുത്തുകളെക്കുറിച്ച് മനസ്സിലാക്കുന്നു
- കാരകം-കാരകവിഭജനം എന്നിവ എന്തെന്ന് മനസ്സിലാക്കുന്നു
- തദ്ധിതങ്ങളെയും തദ്ധിതവിഭാഗങ്ങളെയും പരിചയപ്പെടുന്നു

## Background

ക്രിയകളോടു ലിംഗ-വചന പ്രത്യയങ്ങൾ ചേരുന്നതിനെപ്പറ്റി കേരളപാണിനി ചർച്ച ചെയ്യുന്നുണ്ട്. ഇൻഡോ-യൂറോപ്യൻ ഭാഷകളിലേതുപോലുള്ള പ്രത്യയസംഖ്യകളുടെ ബാഹുല്യം ദ്രാവിഡഭാഷകളില്ലെന്നു പറയുന്ന കേരളപാണിനി ലിംഗ-വചന-വിഭക്തിപ്രത്യയങ്ങൾ മേൽക്കുമേൽവന്നുള്ള രൂപപരിണാമം തന്നെ അത്യാവശ്യമുള്ളിടത്തേ പതിവുള്ളൂ എന്നു പറയുന്നു. അതായത് ഏകവചനം സ്വതസിദ്ധമായതിനാൽ ഭാഷയിൽ അതിന് പ്രത്യയം ഒഴിവാക്കി.

നാമം, കൃതി, വിശേഷണം ഇവയിൽ നിന്ന് ഉണ്ടാകുന്ന നാമങ്ങളും ഭാഷയിലുണ്ട്. ഇത്തരം നാമങ്ങൾക്കും ലിംഗ-വചന-വിഭക്തി പ്രത്യയങ്ങൾ ആവശ്യമാണ്. ഇപ്രകാരം നാമത്തിൽ നിന്നോ, ഭേദകത്തിൽ നിന്നോ വ്യുൽപന്നമാകുന്ന നാമങ്ങൾക്കാണ് 'തദ്ധിതം' എന്നു പറയുന്നത്. ക്രിയാധാതുക്കളിൽനിന്ന് രൂപപ്പെടുന്ന നാമങ്ങൾ 'കൃത്തുകൾ' എന്നാണ് അറിയപ്പെടുന്നത്.

തദ്ധിത രൂപങ്ങൾ പലവിധം ഉണ്ട്. അവയ്ക്കു പറഞ്ഞിട്ടുള്ള പ്രത്യയങ്ങളും പലതാണ്. തദ്ധിതപദങ്ങളധികവും സംസ്കൃതത്തിൽ നിന്നും ഭാഷയിലേക്ക് സംക്രമിച്ചതാകയാൽ സംസ്കൃത വ്യാകരണത്തിലെ പേരുതന്നെ ഇവയ്ക്ക് എ. ആർ. സ്വീകരിച്ചിരിക്കുന്നു.

## Keywords

കാരകം - കാരക വിഭജനങ്ങൾ - ചുട്ടെഴുത്തുകൾ - തദ്ധിതം - തദ്ധിത വിഭാഗങ്ങൾ

# Discussion

## 2.4.1 കാരകബന്ധം

നാമങ്ങൾക്ക് ക്രിയയോടുള്ള ബന്ധത്തിനെയാണ് കാരകം എന്നു പറയുന്നത്. ഏതെല്ലാം കൂടി ഒരു ക്രിയയെ ജനിപ്പിക്കുന്നുവോ അതെല്ലാം ആ ക്രിയയുടെ കാരകമാകുന്നു. 'അച്ഛന്റെ നിയോഗത്താൽ പതിനാലു വർഷം രാമൻ കാട്ടിൽ താമസിച്ചു' എന്നിടത്ത് താമസിച്ചു എന്ന ക്രിയ നടന്നു കിട്ടാൻ അനേകം നാമങ്ങളുടെ സഹകരണം ആവശ്യമാണ്. ഒന്നാമത് ആരു താമസിച്ചു എന്നതിന് 'രാമൻ' എന്ന നാമം പരിഹാരമാവുന്നു. 'എവിടെ' എന്ന സംശയം ബാക്കിയാവുന്നു. അതിനു പരിഹാരം 'കാട്ടിൽ' എന്ന നാമം നല്കുന്നു. കാട്ടിൽ താമസിക്കാൻ എന്താണ് കാരണം? 'നിയോഗത്താൽ' എന്നും ആരുടെ നിയോഗം എന്നതിന് 'അച്ഛന്റെ നിയോഗം' എന്നും ഉത്തരം കിട്ടുന്നു. ഇങ്ങനെ 'താമസിച്ചു' എന്ന ക്രിയ നടന്നു കിട്ടാൻ, അതിന്റെ ആകാംഷ പൂർത്തിയായിക്കിട്ടാൻ നിരവധി നാമങ്ങൾ ആവശ്യമായി വരുന്നു. ഈ ആകാംക്ഷാപൂരണം തന്നെ കാരകം. ഓരോവിഭക്തിയ്ക്കും കാരകങ്ങളുണ്ട്

▶ നാമവും ക്രിയയും തമ്മിലുള്ള ബന്ധം

**കർത്തൃകാരകം (നിർദ്ദേശിക)** - ഇതു നിർദ്ദേശികാവിഭക്തിയുടെ കാരകമാകുന്നു. ഏതു ക്രിയയ്ക്കും വ്യാപാരം എന്നും ഫലം എന്നും രണ്ട് അംശങ്ങളുണ്ട്. ഇതിൽ ക്രിയയുടെ വ്യാപാരം നടത്തുന്ന ആൾ ആണ് കർത്താവ്. അതുകൊണ്ടു തന്നെ മറ്റെല്ലാ കാരകങ്ങളെക്കാളും പ്രാധാന്യം ഈ കാരകത്തിനുണ്ട്. കർത്തൃകാരകമാണ് എന്നു കാണിക്കാൻ പ്രത്യയങ്ങളൊന്നും ചേർക്കാറില്ല. പ്രത്യയങ്ങൾ ചേരാതെ സ്വതന്ത്രമായി നിൽക്കുക എന്നതാണ് അതിന്റെ സ്വഭാവം.

▶ കർത്താവിന് പ്രാധാന്യം

**കർമ്മകാരകം(പ്രതിഗ്രാഹിക)** - പ്രതിഗ്രാഹികാവിഭക്തിയുടെകാരകം കർമ്മകാരകമാണ്. ക്രിയയുടെ ഫലവുമായാണ് ഇതിനു ബന്ധം. ചില ക്രിയകളുടെ ഫലാംശം വ്യാപാരാശ്രയിയായ കർത്താവിനു തന്നെ ആകാറുണ്ട്. 'രാമൻ ഉറങ്ങി' എന്ന ഉദാഹരണത്തിൽ ഉറങ്ങി എന്ന ക്രിയയുടെ വ്യാപാരം രാമനാണ് ചെയ്യുന്നത്. അതിന്റെ ഫലമനുഭവിക്കുന്നതും രാമൻ തന്നെ. അവിടെ കർമ്മം പ്രത്യേകിച്ച് ഇല്ല. വ്യാപാരം ഒരാളിലും ഫലം മറ്റൊരാളിലും എന്നിരുന്നാൽ ഫലമനുഭവിക്കുന്ന കർമ്മത്തെക്കുറിക്കാൻ പ്രതിഗ്രാഹിക വരും. 'രാമൻ കൃഷ്ണനെ തല്ലി' എന്ന ഉദാഹരണത്തിൽ കൃഷ്ണൻ കർമ്മമാകുന്നു. ഫലം അനുഭവിക്കുന്ന എന്നിടത്ത് കുറേക്കൂടി വിശദീകരണം വേണം. 'രാമൻ കൃഷ്ണനെ കൈകൊണ്ട് തല്ലി', ഇവിടെ പ്രവൃത്തി ചെയ്യുന്നത് രാമനാണ്, ഫലം അനുഭവിക്കുന്നത് കൃഷ്ണനും. രാമന്റെ കൈ ഉപകരണമായി പ്രവർത്തിച്ചു. തല്ലുക എന്ന ക്രിയയുടെ ഫലമായി സമ്മർദ്ദവും തജ്ജന്യമായി വേദനയും കൃഷ്ണനു മാത്രമേ കിട്ടിയുള്ളോ? കൃഷ്ണന്റെ ദേഹത്തും രാമന്റെ കൈയിലും ഏതാണ്ട് ഒരേ ശക്തിയുള്ള സമ്മർദ്ദമാണ് ഉണ്ടായിരിക്കുക. അതുകൊണ്ടുണ്ടാകുന്ന വേദനയും രണ്ടുപേർക്കും ഉണ്ടാവും. അപ്പോൾ രാമനും ഫലം അനുഭവിക്കുന്നില്ലേ?

> ▶ പ്രതിഗ്രാഹികാവിഭക്തി പ്രത്യയം 'എ'

കൃഷ്ണനെ മാത്രം ഫലം അനുഭവിയ്ക്കുന്ന ആൾ എന്ന രീതിയിൽ പ്രതിഗ്രാഹികയാക്കുന്നതെന്തിന്? തല്ലുമ്പോൾ രാമനും അതിന്റെ സമ്മർദ്ദവും വേദനയും അനുഭവിക്കുന്നുണ്ട്. എന്നാലും തല്ലുകൊണ്ടുള്ള ഫലം കൃഷ്ണനു മാത്രമേ വിവക്ഷിക്കുന്നുള്ളൂ. അതുകൊണ്ടു കൃഷ്ണൻ കർമ്മകാരകമായി പ്രതിഗ്രാഹികയിൽ വരുന്നു.

> ▶ ക്രിയനടക്കാൻ ഒന്നിലേറെ കർത്താക്കൾ

**സാക്ഷികാരകം (സംയോജിക) -** ചില ക്രിയകൾ നടന്നു കിട്ടാൻ ഒന്നിലേറെ കർത്താക്കൾ ആവശ്യമായി വരുന്നു. വ്യാപാരം നടത്തുന്ന കർത്താവിനു സഹായിയായിവരുന്ന നാമത്തെ സൂചിപ്പിയ്ക്കാൻ സാക്ഷികാരകം പ്രയോഗിക്കുന്നു. 'ശിവൻ ശക്തിയോടു ചേരുന്നു' എന്ന വാക്യത്തിൽ 'ചേരുന്നു' എന്ന ക്രിയ നടന്നു കിട്ടാൻ ശക്തിയുടെ സഹായം വേണ്ടിവരുന്നു. വ്യാപാരത്തിൽ ശിവനെപ്പോലെ ശക്തിക്കും പങ്കാളിത്തമുണ്ടെന്ന് രണ്ടു നാമങ്ങളും നിർദേശികയിൽ പ്രയോഗിച്ചാലും ശരിയാവും എന്നതുകൊണ്ട് വ്യക്തമാകുന്നു. ഉദാ:- 'ശിവനും ശക്തിയും ചേരുന്നു.' ചില സന്ദർഭങ്ങളിൽ 'ആയി' എന്ന നിപാതം ചേർന്ന് ഈ അർഥം ജനിപ്പിക്കുന്നു, ഉദാ:-'ശിവൻ ശക്തിയുമായി ചേരുന്നു'. 'സംയോജിക' എന്ന് വിഭക്തിയ്ക്ക് പേര് നല്കുകയും 'ശിവൻ ശക്തിയോട് ചേരുന്നു' എന്ന് ഉദാഹരണം നൽകുകയും ചെയ്തതുകൊണ്ട് അകലുന്നു, വിയോജിക്കുന്നു എന്നൊന്നും അർഥമില്ല എന്നു ധരിക്കരുത്. കേരളപാണിനി തന്നെ 'അകൽച്ച മൗര്യനോട് ചാണക്യനുണ്ട്' എന്നു ഉദാഹരിക്കുന്നുമുണ്ട്.

**സ്വാമികാരകം (ഉദ്ദേശിക) -** ക്രിയയുടെ വ്യാപാരം നടത്തുന്ന കർത്താവ് അതിന്റെ ഫലം കർമ്മത്തിലേക്ക് വ്യാപിപ്പിക്കുന്നു. ആർക്ക് ഉതകണം എന്നു കരുതിയാണോ അങ്ങനെ ചെയ്യുന്നത് അയാൾ സ്വാമികാരകം. 'രാജാവ് പശുക്കളെ കൊടുത്തു' എന്ന ഉദാഹരണത്തിൽ 'പശുക്കൾ' കർമ്മമാകുന്നു. ഈ പശുക്കൾ ആർക്ക് ഉതകണം? ബ്രാഹ്മണന് ഉതകണം എന്നാണുദ്ദേശമെങ്കിൽ ബ്രാഹ്മണന് എന്ന് ഉദ്ദേശികാ വിഭക്തിവരും. ബ്രാഹ്മണന് എന്നത് സ്വാമികാരകം. സ്വാമികാരകത്തിന്റെ അർഥം ഇല്ലാത്തിടത്തും ചിലപ്പോൾ ഉദ്ദേശികാ വിഭക്തി ഉപയോഗിക്കാറുണ്ട്. ആ സന്ദർഭങ്ങളെക്കുറിച്ചു പറയുന്നു. സമാനാധികരണം എന്നും അസമാനാധികരണം എന്നും വാക്യഗതി രണ്ടുതരത്തിൽ വരും. അസമാനാധികരണവിധിയിൽ ഉദേശികാവിഭക്തി വരും. ഏതുവാക്യത്തിലും ഉദ്ദേശ്യം എന്നും വിധേയം എന്നും രണ്ടു ഘടകങ്ങളുണ്ടാവും. നാം എന്തു പറയുന്നുവോ അതാണ് വിധേയം. ഉദ്ദേശ്യവിധേയങ്ങൾ ഒരേ വിഭക്തിയിലും പ്രയോഗിക്കാം. 'കുട്ടി മിടുക്കൻ ആണ്'. - ഇവിടെ നാം കുട്ടിയെപ്പറ്റി പറയുന്നു. അപ്പോൾ കുട്ടി 'ഉദ്ദേശ്യം' അവനെപ്പറ്റി പറയുന്നതാകട്ടെ കുട്ടി 'മിടുക്കൻ' ആണെന്നാണ്. മിടുക്ക് വിധേയം. ഉദ്ദേശ്യവും വിധേയവും ഈ ഉദാഹരണത്തിൽ നിർദ്ദേശികാവിഭക്തിയിൽ വന്നിരിക്കുന്നു. അതുകൊണ്ട് വാക്യം സമാനാധികരണം. ഉദ്ദേശ്യവിധേയങ്ങൾ വ്യത്യസ്ത വിഭക്തികളിലും വരും. ഉദാ. 'കുട്ടികൾക്ക് മിടുക്കുണ്ട്'. ഇങ്ങനെയുള്ള പ്രയോഗത്തെയാണ് അസമാനാധികരണം എന്ന് പറയുന്നത്. അസമാനാധികരണത്തിൽ ഉദ്ദേശ്യത്തിനു ഉദ്ദേശിക വരും എന്നതാണ് അർഥം. അവിടെ സ്വാമികാരകത്തിന്റെ അർഥം

വിവക്ഷിക്കുന്നില്ല. ഒരു ക്രിയ നടന്നു കിട്ടാൻ കർത്താവും ആവശ്യമാണ്. കർത്താവ് കർത്തൃകാരകമായി നിർദ്ദേശികയിലാണ് നിൽക്കുന്നത്. ചുരുക്കം ചില ക്രിയകൾ കർത്താവിന്റെ യത്നം കൂടാതെ തന്നെ നടന്നു കൊള്ളും. ഇത്തരം ക്രിയകളെ നിഗീർണ്ണകർത്തൃകങ്ങൾ എന്നുപറയുന്നു. നിഗീരണം എന്നാൽ മറച്ചുവയ്ക്കൽ എന്നർഥം. കർത്താവിനെ മറച്ചുവയ്കുന്ന ക്രിയകൾ എന്നാണ് വിവക്ഷം. 'വേൺ', 'കിട്ടുക' എന്നിവയാണ് പ്രധാനപ്പെട്ട നിഗീർണ്ണകർത്തൃക ക്രിയകൾ. ഈ ക്രിയകളുടെ കർത്തൃസ്ഥാനത്ത് ഉദ്ദേശികാവിഭക്തിവരും. വിധായകപ്രകാര പ്രത്യയമായ 'അണ' വും അനുജ്ഞായകപ്രകാരപ്രത്യയമായ 'ആം' ഉം ചേരുമ്പോൾ മിക്ക ക്രിയകളും നിഗീർണ്ണകർത്തൃകമായി വരും.

▶ നിഗീർണ്ണ കർത്തൃകങ്ങൾ

ഉദാ: എനിക്കു വേണം, എനിക്കു കിട്ടി;

നിനക്കു പോകാം, അവന് ഉറങ്ങാം.

'ഉറങ്ങണം, 'പോകണം' എന്നീ രൂപങ്ങളിൽ 'ഉറങ്ങ', 'പോക' എന്നിങ്ങനെ നിർദ്ദേശികാരൂപങ്ങൾ ഉണ്ടെന്നും അവ കർത്തൃസ്ഥാനത്ത് നിൽക്കുന്നു എന്നും വാദിക്കാം. അണം, ആം എന്നീ പ്രകാര പ്രത്യയങ്ങൾ നാമപാദത്തോടു ചേർന്നാണ് പൂർണ്ണക്രിയ ഉണ്ടായതെന്നു സമ്മതിക്കേണ്ടിവരും. അതു ശരിയല്ല, അതുകൊണ്ട് വേൺ, കിട്ടുക തുടങ്ങിയ ക്രിയകൾ ചേരുമ്പോൾ ഉദ്ദേശികാവിഭക്തി തന്നെ കർത്തൃസ്ഥാനത്ത് വരുന്നു.

▶ ഉദ്ദേശികാവിഭക്തി കർത്തൃസ്ഥാനത്ത് വരുന്നു

ഉദ്ദേശികാരൂപത്തിന് സ്വാമികാരകത്തിന് പുറമെ മറ്റു ചില അർഥങ്ങൾ കൂടി സൂചിപ്പിക്കാൻ കഴിയും. ദിക്ക്, ദേശം, കാലം, സംഖ്യ ഇവയെ വ്യവസ്ഥപ്പെടുത്തുക, ഒരു പ്രത്യേക കാലത്തെയോ ദേശത്തെയോ കുറിക്കുക, ഒന്നിനുവേണ്ടി എന്ന അർഥം കുറിക്കുക എന്നിങ്ങനെ നിരവധി അർഥങ്ങൾ ദ്യോതിപ്പിക്കാൻ ഉദ്ദേശികാവിഭക്തിയ്ക്ക് കഴിയും. ചേർച്ച, ശേഷി, മിടുക്ക് തുടങ്ങി അർഥങ്ങളും ഉദ്ദേശികവിഭക്തി കാണിക്കും.

▶ ഉദ്ദേശികാവിഭക്തി

**കരണകാരകം - (പ്രയോജിക) -**യ്ക്ക് കരണാർഥവും കാരണാർഥവും ഉണ്ട്. കർത്താവിനെ ഒരു ക്രിയ നടത്തുന്നതിൽ ഉപകരണമായി സഹായിക്കുന്ന കാരകത്തെ കരണകാരകം എന്ന് വിളിക്കുന്നു. തർക്കശാസ്ത്രപ്രസിദ്ധമായ ഹേതു തന്നെ കാരണം. 'വടിയാൽ അടിച്ചു' എന്ന ഉദാഹരണത്തിൽ ക്രിയയുടെ പൂർത്തീകരണത്തിൽ കർത്താവിനെ സഹായിക്കുന്ന ഉപകരണമാണ് 'വടി', 'വടിയാൽ' കരണകാരകം. 'കോപത്താൽ അലറി' എന്ന് ഉദാഹരണത്തിൽ 'അലറി' എന്ന ക്രിയയുടെ കാരണമാണ് 'കോപത്താൽ' ഇവിടെ പ്രയോജിക കാരണാർഥം കുറിക്കുന്നു. 'ആൽ' പ്രത്യയത്തിനുപുറമേ 'കൊണ്ട്' എന്ന ഗതി ചേർത്തും പ്രയോജികാർഥം ജനിപ്പിക്കാറുണ്ട്. കാരണമെന്ന അർഥത്തിൽ ആലിനെ മാത്രവും കരണാർഥത്തിൽ കൊണ്ടിനെ മാത്രവും ഉപയോഗിക്കുക എന്നൊരു ഏർപ്പാട് ചെയ്തിരുന്നെങ്കിൽ നന്നായിരുന്നു എന്ന അഭിപ്രായം കേരളപാണിനി ക്കുണ്ട്.

കർത്തരിപ്രയോഗത്തിലെ കർത്താവിന്, കർമ്മണിപ്രയോഗത്തിൽ പ്രയോജികവരും. 'രാമൻ രാവണനെ കൊന്നു' എന്നതിൽ രാമൻ നിർദ്ദേശികമാണ്. 'രാവണൻ രാമനാൽ കൊല്ലപ്പെട്ടു' എന്ന കർമ്മണിപ്ര

> ▶ കർത്തരിപ്രയോഗം, കർമ്മണി പ്രയോഗം

യോഗത്തിൽ യഥാർഥ കർത്താവായ രാമൻ ഉപകരണത്തിന്റെ രീതിയിൽ പ്രയോജികയിൽ വന്നിരിക്കുന്നു.

**അധികരണകാരകം** - ക്രിയയ്ക്ക് ആധാരമായി കല്പിക്കുന്ന കാരകമാണ് അധികരണകാരകം. ആധാരം ഔപശ്ലേഷികം, അഭിവ്യാപകം, വൈഷയികം എന്ന് മൂന്നു വിധം. ആധേയം ആധാരത്തിന്റെ ഒരു ഭാഗത്ത് മാത്രം ആശ്രയിച്ചിരുന്നാൽ ഔപശ്ലേഷികം. ഉദാ: 'രാമൻ കടലിൽ വീണു'. രാമൻ കടലിന്റെ വെറും ഒരംശത്തിൽ മാത്രമേ വീഴുന്നുള്ളൂ. ആധേയം ആധാരത്തിൽ സർവത്ര വ്യാപിച്ചിരുന്നാൽ അഭിവ്യാപകം. ഉദാ: 'എള്ളിൽ എണ്ണ ഇരിക്കുന്നു'. ഉദാ: എണ്ണ എള്ളിൽ പരക്കെ വ്യാപിച്ചിരിക്കുന്നു. അമൂർത്തവസ്തുക്കൾക്ക് ബുദ്ധികൊണ്ട് മാത്രം ആധാരാധേയഭാവം കൽപ്പിക്കുന്നത് വൈഷയികം. ഉദാ: 'സുഖത്തിൽ ഇച്ഛിക്കുന്ന'. സുഖം മൂർത്തമല്ല. ഈ അർഥങ്ങൾ കുറിക്കാൻ ആധാരികാവിഭക്തി ഉപയോഗിക്കുന്നു. അധികരണാർഥത്തിന് പുറമെ നിർദ്ധാരണാർഥം കുറിക്കാനും ആധാരികാവിഭക്തി ഉപയോഗിക്കുന്നു. ഒരു കൂട്ടം വസ്തുക്കളിൽനിന്ന് ഏതാനും ഭാഗത്തെ മാറ്റിനിർത്തി വ്യവഹരിക്കുകയാണ് ഇതിന്റെ സ്വഭാവം. നിർദ്ധാരണാർഥത്തിൽ പ്രയോജികയും ഉപയോഗിക്കുന്നുണ്ട്.

> ▶ ഇൽ, കൽ ആധാരിക വിഭക്തിപ്രത്യയങ്ങൾ

രണ്ടിൽ ഒന്ന് അറിയണം - രണ്ടാൽ ഒന്ന് അറിയണം

താരതമ്യാർഥം കുറിക്കാനും ആധാരികയ്ക്ക് കഴിയും.

ഉദാ: നൂറ്റുവരിൽ സമർഥൻ, രാജാക്കന്മാരിൽ പ്രധാനി.

പ്രയോഗിക്കുന്ന ആളിന്റെ വീക്ഷണത്തിനനുസരിച്ച് കാരകം മാറാം. അതുകൊണ്ടാണ് കാരകം വിവക്ഷപോലെ മാറി വരുമെന്ന് പറയുന്നത്. ഒരേ അർഥത്തിൽ ഒന്നിലേറെ പ്രയോഗങ്ങൾ വരുന്നതിനും മറ്റു കാരണങ്ങളൊന്നും പറയാനില്ല. കർത്താവിനു പ്രാധാന്യം നൽകുന്ന പ്രയോഗമാണ് കർത്തരി പ്രയോഗം. കർതൃകാരകം സ്വതന്ത്രമാണെന്നും മറ്റെല്ലാ കാരകങ്ങളും അതിന്റെ കീഴിൽത്തന്നെയാണെന്നും പറഞ്ഞു കഴിഞ്ഞു. നിർദ്ദേശികയ്ക്ക് പ്രത്യയങ്ങൾ ഇല്ല. നിർദ്ദേശികാരൂപത്തിൽ വരുന്ന നാമം അതുകൊണ്ടുതന്നെ പ്രധാനമാണ്. കർത്താവ് നിർദ്ദേശികാവിഭക്തിയിൽ വരുന്ന പ്രയോഗം കർത്തരിപ്രയോഗം. ക്രിയയുടെ ഫലം അനുഭവിക്കുന്ന കർമ്മം പ്രധാന കാരകമായ നിർദ്ദേശികയിൽ വരുന്ന പ്രയോഗമാണ് കർമ്മണിപ്രയോഗം. കർമ്മണിപ്രയോഗത്തിൽ യഥാർഥ കർത്താവ് പ്രയോജികയിൽ വരും. കർമ്മണിപ്രയോഗം ഭാഷയ്ക്ക് സ്വന്തമായി ഉണ്ടായിരുന്നതല്ല. ഇപ്പോൾ ഉപയോഗിച്ച് വരുന്നതാകട്ടെ കൃത്രിമമായി ഉപയോഗിച്ച് തുടങ്ങിയതാണ്. ഇതിനുള്ള തെളിവുകൾ താഴെ കൊടുക്കുന്നു.

ഒന്ന്, സംസ്കൃതം അറിയാത്ത ആളുകൾ കർമ്മണിപ്രയോഗത്തെ ആദരിക്കുന്നില്ല. സംസാരഭാഷയിൽ കർമ്മണിപ്രയോഗം കടന്നുവരുന്നതേയില്ല. പ്രാചീന സാഹിത്യകൃതികളിൽ ഈ പ്രയോഗം ഇല്ലതന്നെ എഴുത്തച്ഛന്റെ കൃതികളിൽപ്പോലും സംസ്കൃതത്തിന്റെ അതിപ്രസരമില്ലാത്തിടത്തൊന്നും ഇതു കാണാനില്ല. രാജരാജവർമ്മ രചിച്ച 'കേരളപാണിനീയം' എന്നതിനു പകരം രാജരാജവർമ്മയാൽ രചിക്കപ്പെട്ട 'കേരളപാണിനീയം' എന്ന പ്ര

യോഗം കൃത്രിമമാണെന്ന് കാണാം. സംസ്കൃതം തുടങ്ങിയ ഭാഷകളിൽ ഒരു ധാതുവിനെ കർമ്മണിപ്രയോഗമാക്കുന്നതിന് ചില പ്രത്യയങ്ങളും രൂപനിഷ്പാദനനിയമങ്ങളും ഉണ്ട്. 'ചലതി-ചാലയതി' ഭാഷയിലാകട്ടെ ഇതിന് പ്രത്യയങ്ങളൊന്നും ഇല്ല. കർമ്മണിപ്രയോഗം ഉണ്ടാക്കുന്നതിന് 'പെടുക' യെ ചേർക്കുന്നതാകട്ടെ നാമങ്ങളിൽനിന്ന് ക്രിയകൾ ഉണ്ടാക്കുന്നതിനുള്ള മാർഗമാണുതാനും. 'അകപ്പെടുക' 'പണിപ്പെടുക' ഇവ ഉദാഹരണങ്ങൾ. നാമരൂപത്തിനുമേൽ 'പെടുക' ചേർത്തുണ്ടാക്കുന്ന ഈ പദം കൃത്രിമം തന്നെ. ഈ കാരണങ്ങളാൽ കർത്തരിപ്രയോഗമാണ് ഭാഷയ്ക്ക് സഹജമായിട്ടുള്ളതെന്നും കർമ്മണിപ്രയോഗം കൃത്രിമമായി പിന്നീട് ഏർപ്പെടുത്തിയ ഒന്നാണെന്നും അനുമാനിക്കാം.

▶ കർമ്മണിപ്രയോഗങ്ങൾ കൃത്രിമമാണ്

## 2.4.2 കാരകങ്ങൾ-വിശകലനങ്ങൾ

ഒരു വാക്യത്തിൽ ക്രിയാപദങ്ങൾക്ക് അതിനോടുചേർന്നുവരുന്ന നാമങ്ങളോടുള്ള അർഥപരമായ ബന്ധത്തെക്കുറിക്കുന്നതാണ് കാരകം. 'നാമങ്ങൾക്ക് ക്രിയയോടുള്ള സംബന്ധമാണ്' കാരകമെന്ന നിർവചനവും (കാരിക: 71) 'നാമത്തിന് മറ്റുപദങ്ങളോടുള്ള ബന്ധത്തെക്കുറിക്കുന്നതാണ് വിഭക്തി'യെന്ന നിർവചനവും പലപ്പോഴും ആശയക്കുഴപ്പമുണ്ടാക്കുന്നുണ്ട്. വിഭക്തിയെന്ന സങ്കല്പത്തോടു ചേർന്നു നില്ക്കുന്ന ഒന്നുതന്നെയാണ് കാരകവും.

നാമവും ക്രിയയും തമ്മിലുള്ള ഈ ബന്ധത്തെ പലതരത്തിലും അടയാളപ്പെടുത്താം.

'രാമൻ രാവണനെ കൊന്നു' - പ്രത്യയങ്ങളിലൂടെ അടയാളപ്പെടുത്താം. ഇവിടെ വിഭക്തിപ്രത്യയമായ 'എ' ആണ് ബന്ധത്തെ അടയാളപ്പെടുത്തുന്നത്.

'വടികൊണ്ട് തല്ലി' - 'കൊണ്ട്' എന്ന ഗതിയാണിവിടെ ബന്ധത്തെ അടയാളപ്പെടുത്തുന്നത്.

'അവൻ പാതവഴി നടന്നു' - സ്വതന്ത്രപദമുപയോഗിച്ച് (പാതയിലൂടെ എന്നർഥം വരുന്ന സ്വതന്ത്രപദമുപയോഗിച്ചാണ് ഇവിടെ ബന്ധത്തെ അടയാളപ്പെടുത്തിയിരിക്കുന്നത്).

▶ കാരകം - നാമങ്ങൾക്ക് ക്രിയയോടുള്ള ബന്ധം

ഈ ഉദാഹരണങ്ങളെല്ലാം പരിശോധിച്ചാൽ അവയെല്ലാം വിഭക്തിപ്രത്യയങ്ങളോ അതിനോടു ചേർന്നു നില്ക്കുന്നവയോ ആണെന്നു കാണുവാൻ സാധിക്കും.

കാരകങ്ങളെ നിർണ്ണയിക്കുക അത്രകണ്ട് എളുപ്പമായ ഒരു പ്രവൃത്തിയല്ല. 'കാരകങ്ങളെ പ്രത്യക്ഷവത്കരിക്കുന്നത് പ്രത്യയങ്ങളാണെങ്കിൽ അവയെ വിഭക്തികളെന്നു പറയുന്നു. വാക്യത്തിൽ ക്രിയയ്ക്കും നാമത്തിനും തമ്മിലുള്ള ആർഥികബന്ധം കാരകം. കാരകത്തെ അഭിവ്യക്തമാക്കുന്ന പ്രത്യയം വിഭക്തി' എന്നു കെ. എം. പ്രഭാകരവാര്യർ കാരകത്തെയും വിഭക്തിയെയും വിശദീകരിക്കുന്നുണ്ട് (കെ. എം. പ്രഭാകരവാരിയർ: 72). ആകാംക്ഷാപൂർത്തിയെന്ന വാക്യത്തിന്റെ ആർഥികധർമ്മം നിർവഹിക്കുന്നത് കാരകമാണെന്നുപറയാം. പ്രതിഗ്രാഹികാവിഭക്തിമുതല്ക്കു എല്ലാ വിഭക്തികൾക്കും കാരകമുണ്ട്. അവയോരോന്നും കേരളപാണിനി വിശദമാക്കിയിട്ടുമുണ്ട്. ആ കാ

രകവിശദീകരണത്തിനു സഹായകരമായി വാക്യത്തിലെ കർത്തൃ-കർമ്മപദങ്ങളെ കേരളപാണിനി വിശദീകരിക്കുന്നുണ്ട്. ഏതൊരു പ്രവൃത്തിയ്ക്കും (ക്രിയയ്ക്കും) ഒരു ഫലമുണ്ടെന്നതിനാൽത്തന്നെ 'ഫലാനുകൂലമായ പ്രവൃത്തി'യെന്നാണ് കേരളപാണിനി ക്രിയയെ നിർവചിക്കുന്നത്. ഫലവും വ്യാപാരവും ക്രിയയിലടങ്ങിയിരിക്കുന്നതിനാൽ കർത്തൃകർമ്മങ്ങളെ അടയാളപ്പെടുത്താനാവും.

ഉദാ - രമ പാമ്പിനെ കൊന്നു

എന്ന വാക്യം പരിശോധിച്ചാൽ 'കൊന്നു'വെന്ന ക്രിയയുടെ വ്യാപാരാശ്രയമായിരിക്കുന്ന 'രമ' കർത്തൃപദവും ഫലാശ്രയമായിരിക്കുന്ന 'പാമ്പ്' കർമ്മവുമാണെന്നു കാണാം. വ്യാപാരവും ഫലവും ഒന്നിൽത്തന്നെയുള്ള പദങ്ങൾക്ക് കർമ്മമില്ല. അവ അകർമ്മകങ്ങളാണ്. സകർമ്മകങ്ങളിലാണ് ഈ കാരകബന്ധം വെളിവാക്കപ്പെടുന്നത്. പ്രതിഗ്രാഹികാവിഭക്തിയിലെ കാരകബന്ധമാണ് കർമ്മകാരകമെന്നു പറയുന്നത്.

▶ കാരകം വ്യത്യസ്ത നിരീക്ഷണങ്ങൾ

## ദ്വികർമ്മകം

'ഭാര്യയെ കുറ്റം പറഞ്ഞു' എന്ന വാക്യത്തിൽ 'പറഞ്ഞു' എന്ന ക്രിയയുടെ കർമ്മമായി 'ഭാര്യ', 'കുറ്റം' എന്നിങ്ങനെ രണ്ടെണ്ണം വരുന്നു.

"രണ്ടു കർമ്മം ചിലേടത്തു
വിശിഷ്ടക്രിയ മൂലമായ്''

എന്ന കാരികയിൽ (കാരിക: 84) കേരളപാണിനി അതിനെ വിശദീകരിക്കുന്നുണ്ട്. 'പറക'യെന്ന ക്രിയാപദത്തിന് കർമ്മമായി 'കുറ്റം' വരുന്നു. പിന്നീട് 'കുറ്റംപറക' എന്നിങ്ങനെ കർമ്മത്താൽ വിശേഷിക്കപ്പെട്ട (വിശിഷ്ടക്രിയ) ക്രിയയ്ക്ക് 'ആരെ' എന്ന ചോദ്യംമൂലം 'ഭാര്യയെ' എന്ന് രണ്ടാമതൊരു കർമ്മംകൂടി വരുന്നു. അത്തരം സവിശേഷ പ്രയോഗങ്ങളെയാണ് 'ദ്വികർമ്മകം' എന്ന സംജ്ഞകൊണ്ടു സൂചിപ്പിക്കുന്നത്.

▶ രണ്ടു കർമ്മമുള്ള സവിശേഷ പ്രയോഗം

## നിഗീർണ്ണകർത്തൃകം

'കുട്ടികൾക്ക് വിശക്കുന്നു.'
'എനിക്ക് വേദനിക്കുന്നു.'

ഇത്യാദി വാക്യങ്ങൾ പരിശോധിക്കുമ്പോൾ നാം കർത്തൃ-കർമ്മപദങ്ങളെ ലക്ഷണം ചെയ്തതിൽ നിന്ന് ഇവ അല്പം വ്യത്യാസപ്പെടുന്നതായി കാണാം. ക്രിയയെപ്പറ്റി സാധാരണ പറയുമ്പോൾ അതിനായി യത്നിക്കുന്ന കർത്താവിന്റെ പ്രതീതി നമുക്കുണ്ടാവും. അതിനാൽത്തന്നെയാണ് ക്രിയയെ ഫലവ്യാപാരങ്ങൾ എന്നിങ്ങനെ രണ്ടായിതിരിച്ച് കർത്തൃകർമ്മാദികൾ ലക്ഷണം ചെയ്തിരിക്കുന്നത്. എന്നാൽ ചിലയിടങ്ങളിൽ കർത്താവിന്റെ പ്രയത്നം യാതൊന്നും കൂടാതെ തന്നെ ക്രിയ നടക്കും. ഉദാഹരണമായി മുൻകണ്ട വാക്യങ്ങളിലെ 'വിശക്കുന്നു', 'വേദനിക്കുന്നു' മുതലായ ക്രിയകൾ നടക്കുന്നതിനായി 'കുട്ടികളോ', 'ഞാനോ' ഒരു യത്നവും ചെയ്യുന്നില്ലെന്നുകാണാം. അതു സ്വാഭാവി

കമായി താനെ സംഭവിക്കുന്നതാണ്. ഇത്തരത്തിൽ കർത്താവിനെയോ കർത്തൃവ്യാപാരത്തെയോ നിഗീരണം (ഉള്ളടക്കം ചെയ്യുന്ന)ക്രിയകളെ 'നിഗീർണ്ണകർത്തൃക'ങ്ങളെന്നു പറയുന്നു. നിഗീർണ്ണകർത്തൃക ക്രിയകളിൽ സാമാന്യേന ഉദ്ദേശികാവിഭക്തിയാണ് ഉപയോഗിക്കുക. കേരളപാണിനി അതിന് 'ഈ വക ക്രിയകളുടെ പ്രയോഗം വ്യധികരണവിധിക്കു തുല്ല്യമാകയാൽ അതുകളുടെ ഉദാസീനമായ കർത്താവ് സ്വാമികാരകമായതിനാൽ ഉദ്ദേശികയാണ് അതിന് വരേണ്ടത്' എന്നു സമാധാനം കണ്ടെത്തുന്നുണ്ട്.

- കർത്താവിനേയോ കർത്തൃവ്യപാരത്തേയോ നിഗിരണം ചെയ്തത്

## മറ്റു കാരകങ്ങൾ

'ശിവൻ ശക്തിയോടു ചേരുന്നു.'

എന്ന വാക്യത്തിൽ 'ശക്തിയോടു' എന്ന പദം 'ശിവൻ' എന്ന കർത്താവിന് 'ചേരുന്നു' എന്ന ക്രിയ ചെയ്യുവാൻ സഹായകമായിരിക്കുന്നത് അല്ലെങ്കിൽ സാക്ഷിയായിരിക്കുന്നത് എന്നർഥത്തിലാണ് സംയോജികാവിഭക്തിയുടെ കാരകം സാക്ഷികാരകമെന്നു പറയുന്നത്.

'ധാർമ്മികൻ ബ്രാഹ്മണന് പശുവിനെ കൊടുക്കുന്നു'.

എന്ന വാക്യത്തിൽ കർത്താവ് തന്റെ വ്യാപാരത്തിൽ നിന്നുണ്ടാകുന്ന ഫലത്തെ കർമ്മത്തിൽ ചേർക്കുന്നത് ആ കർമ്മം ഏവന്നു ഉപകാരത്തിനായി തീരണമെന്നു വിചാരിച്ചാണോ അവൻ സ്വാമിയാകുന്നു എന്ന വിശദീകരണപ്രകാരം ഇവിടെ കർമ്മം ഉപകാരപ്പെടുന്ന ബ്രാഹ്മണൻ എന്ന പദം ഉദ്ദേശികാവിഭക്തിയും സ്വാമികാരകവുമാകുന്നു.

'വടിയാൽ അടിക്കുന്നു' എന്ന വാക്യം പരിശോധിക്കുമ്പോൾ അടിക്കുന്നുവെന്ന ക്രിയ നടത്തുവാൻ കർത്താവിനെ സഹായിക്കുന്ന ഉപകരണമാകുന്നു 'വടി.' പ്രയോജികാർഥത്തിലുള്ള ഈ പ്രയോഗത്തിൽ 'ഒരു ക്രിയ നടത്തുവാൻ കർത്താവിന് ഉപകരണമായിട്ടുതകുന്ന കാരകം കരണമാകുന്നു' എന്ന നിർവചനപ്രകാരം കാരകം കരണമാണെന്നു പറയാം. കർത്താവ് ക്രിയയ്ക്കു ആധാരമായി നില്ക്കുന്ന ആധാരികാവിഭക്തിയിൽ കാരകം അധികരണമാണെന്നു പറയുന്ന കേരളപാണിനി അത് ഔപശ്ലേഷികം, അഭിവ്യാപകം, വൈഷയികം എന്നിങ്ങനെ മൂന്നായി തിരിക്കുന്നുണ്ട്.

'ഒരു വാക്യത്തിലെ നാമങ്ങൾക്കെല്ലാം ക്രിയയോടും തമ്മിലും ഉള്ള ബന്ധമാണ് കാരകം' എന്നു നിർവചിച്ചശേഷം പ്രൊഫ: ആദിനാട് ഗോപി മലയാളത്തിലെ കാരകങ്ങളെ താഴെപ്പറയുംവിധം സംഗ്രഹിച്ചിരിക്കുന്നു;

- കർത്താവായിവരുന്ന നാമം കർത്തൃകാരകം.
- ക്രിയാഫലത്തെ പ്രതിഗ്രഹിക്കുന്ന നാമം കർമ്മകാരകം.
- ക്രിയാനിർവഹണത്തിൽ കർത്താവിന്റെ പ്രതിയോഗിയോ സഹകാരിയോ ആയിവരുന്ന നാമം സാക്ഷികാരകം.
- ക്രിയാഫലം ആർക്കുതകുന്നുവോ അതു സ്വാമികാരകം.
- ക്രിയയുടെ ഉപകരണമായിവരുന്ന നാമം കരണകാരകം.
  ക്രിയയുടെ കാരണമായി വരുന്ന നാമം കാരണകാരകം.

▶ കാരക വിഭജനം- ആദിനാട് ഗോപി

▶ ക്രിയാനിർവഹണത്തിന്റെ സ്ഥലകാലങ്ങൾ അധികരണ കാരകം (2009: 221).

ഒരു നാമത്തിന് മറ്റു നാമങ്ങളോടുള്ള ബന്ധം കാരകമല്ല എന്ന പ്രൊഫ: ആദിനാട് ഗോപിയുടെ നിരീക്ഷണം (2009: 221) ശ്രദ്ധേയമാണ്. ഇത് സംബന്ധികയെ വിഭക്തിയായി പരിഗണിക്കാമോ എന്ന ചർച്ചയിലേക്ക് വഴിതുറക്കുന്നതാണ്. 'രാമുവിന്റെ പേന' എന്ന വാക്യത്തിൽ രാമു, പേന എന്നീ നാമങ്ങൾ തമ്മിലുള്ള ബന്ധത്തെയാണ് സംബന്ധിക കുറിക്കുന്നത്. അത് കാരകബന്ധത്തെ കുറിക്കുന്നില്ല. നാമത്തിനു ക്രിയയോടും മറ്റു പദങ്ങളോടുമുള്ള ബന്ധത്തെ കാണിക്കുന്ന പ്രത്യയങ്ങൾ വിഭക്തിയും അവയുടെ ആർഥികബന്ധം കാരകവുമായിരിക്കെ വിഭക്തിക്കു പകരമായി ഉപയോഗിക്കുന്ന വിഭക്ത്യാഭാസം, ഗതി മുതലായ രൂപങ്ങളും നമുക്ക് കാരകാവിഷ്കാരത്തിനായി ഉപയോഗിക്കാം.

"വിവക്ഷപോൽ മാറിമാറി

വരും കാരകജാതികൾ'' (കാരിക: 90) എന്ന കാരിക അനുസരിച്ച് കേരളപാണിനി പറയുന്നത് കാരകങ്ങളെല്ലാം വിവക്ഷാധീനങ്ങളാണെന്നാണ്. ഒരു ക്രിയയുടെ കാരകമായി വരുന്ന കാരകംതന്നെ വക്താവിന്റെ വിവക്ഷ മാറുന്നതനുസരിച്ച് മറ്റൊരു കാരകമായിത്തീരുമെന്നർഥം.

▶ കാരക വിഭജനം- കേരളപാണിനി


ഉദാ: കൈക്കടിച്ചു (ഉദ്ദേശികാ വിഭക്തി)

കൈലടിച്ചു (ആധാരികാ വിഭക്തി)

കൈയെഅടിച്ചു (പ്രതിഗ്രാഹികാ വിഭക്തി)

## 2.4.3 തദ്ധിതം - നാമവിശേഷരൂപങ്ങൾ

'സംസ്കൃത വൈയാകരണന്മാരുടെ രീതിയനുസരിച്ച് നാമങ്ങളിൽ നിന്നും ഭേദകങ്ങളിൽനിന്നും വ്യുൽപ്പാദിപ്പിക്കുന്ന ശബ്ദങ്ങൾക്ക് തദ്ധിത'മെന്നു കേരളപാണിനി തദ്ധിതത്തെ നിർവചിക്കുന്നുണ്ട്. നാമത്തിൽ നിന്നും നിഷ്പാദിപ്പിക്കുന്ന ശബ്ദങ്ങളെന്ന നിലയ്ക്ക് ഈയൊരു ഗണവും നാമചർച്ചയിൽ വളരെ പ്രധാനപ്പെട്ടതാണ്. കേരള പാണിനി തദ്ധിതങ്ങളെ പ്രധാനമായും നാലായി തരംതിരിക്കുന്നു.




### 1. തന്മാത്രാതദ്ധിതം

"അനേകം ധർമ്മങ്ങളുടെ ഇരിപ്പിടമായ ഒരു ധർമ്മി(ദ്രവ്യം)യിൽനിന്ന് ഒരു ധർമ്മത്തിൽമാത്രം ഉൾപ്പെട്ട അംശങ്ങളെ മാത്രം തിരഞ്ഞെടുത്തു കൂട്ടത്തിൽനിന്നും വേർപെടുത്തി തൂത്തുപിടിച്ച് ഒറ്റയാക്കി കാണിക്കുന്നതിന് 'തന്മാത്രം' എന്ന പേർ''എന്ന് കേരളപാണിനി ഇതിനെ

> ▶ തന്മാത്രമെന്നാൽ അത് മാത്രമെന്നാണർഥം

നിർവചിക്കുന്നുണ്ട്. സൗന്ദര്യം എന്ന ശബ്ദം പരിശോധിച്ചാൽ ഒരാൾ സുന്ദരനോ സുന്ദരിയോ ആയിരിക്കുന്നതിലേക്കായി ഒരുപാടു ഘടകങ്ങൾ കൂടി ചേരണ്ടതായിട്ടുണ്ട് (പൊക്കം, വണ്ണം, അംഗങ്ങളുടെ യോജിപ്പ് ഇത്യാദി). അങ്ങിനെ വരുമ്പോൾ സൗന്ദര്യമെന്നത് ആ ഘടകങ്ങളെല്ലാം കൂട്ടിച്ചേർന്നുണ്ടാകുന്നതാണ്. അതിനെ നമുക്ക് തദ്ധിതമെന്നുവിളിക്കാം.

ഗുണവാചക ശബ്ദങ്ങളായ ഭേദകങ്ങളിൽ ഇത്തരത്തിൽ തന്മാത്രം എന്ന അർഥം കുറിക്കുന്നതിന് പ്രകൃതികളിൽ 'മ' എന്നു പ്രത്യയം ചേർക്കാം (കാരിക: 91) എന്നു കേരളപാണിനി പറയുന്നു. ഭേദകങ്ങളിൽ ശുദ്ധം എന്നുപേരിട്ട വിഭാഗങ്ങളിലെ പദങ്ങളെല്ലാം പ്രകൃതിരൂപങ്ങളാകയാൽ അതുകളിലെല്ലാത്തിലും 'മ' പ്രത്യയവും അല്ലാത്ത ഭേദകരൂപങ്ങളിലെല്ലാം സംസ്കൃതത്തിലെ 'ത്വ' പ്രത്യയത്തിന്റെ തത്ഭവരൂപമായി കേരളപാണിനി കരുതുന്ന 'ത്തം' എന്ന പ്രത്യയവും 'തനം', 'തരം' എന്നീ പ്രത്യയങ്ങളും ആണ് ചേർക്കുന്നത്. ഈ മൂന്ന് പ്രത്യയങ്ങളും 'ത്വ' മെന്ന പ്രത്യയത്തിൽനിന്നുതന്നെ വന്നതാകാമെന്നാണ് ശേഷഗിരിപ്രഭു അഭിപ്രായപ്പെടുന്നത്. അതിനുപുറമെ നാമങ്ങളിലും ഭേദകങ്ങളിലും ചിലതിനെ ഗുണപ്രധാനമായി വീക്ഷിച്ച് അതിലും 'മ' പ്രത്യയം ചേർക്കാറുണ്ടെന്ന് കേരളപാണിനി വിശദീകരിക്കുന്നു.

> ▶ മ, തം, തരം, തനം എന്നീ പ്രത്യയങ്ങൾ

പുതു - പുതുമ ('മ' പ്രത്യയം)

അടി - അടിമ ('മ' പ്രത്യയം)

മണ്ടൻ – മണ്ടത്തം, മണ്ടത്തരം ('ത്തം' പ്രത്യയം)

പൊണ്ണൻ –പൊണ്ണത്തം ('ത്തം' പ്രത്യയം)

മൃദു - മൃദുത്വം (സംസ്കൃതശബ്ദങ്ങളിൽ സംസ്കൃതരൂപം തന്നെ ഉപയോഗിച്ചിരിക്കുന്നു)

## 2. തദ്വത് തദ്ധിതം

> ▶ പ്രത്യയം-അൻ, ഇ, ത്തി

അതുള്ളത്, അതിലുള്ളത്, അവിടെനിന്നും വരുന്നത്, അവിടെ ജനിച്ചത് മുതലായ അർഥങ്ങളെ കാണിക്കുന്നതാണ് തദ്വത്തദ്ധിതം. അതിന്റെ പ്രത്യയം 'അൻ' എന്നാകുന്നു. തമിഴിൽ ഈ സ്ഥാനത്ത് 'ആൻ' എന്ന പ്രത്യയവും കാണുന്നുണ്ട്. സ്ത്രീലിംഗത്തിൽ 'ഇ',' ത്തി' എന്നീ പ്രത്യയങ്ങൾ ഉപയോഗിക്കും.

ഉദാ: മടി - (അൻ) – മടിയൻ (മടിയുള്ളവൻ) – ത്തി– മടിത്തി (മടിച്ചി)

കൂന് - അൻ – കൂനൻ (കൂനുള്ളവൻ)– ഇ-കൂനി

## 3. നാമനിർമ്മായിതദ്ധിതം

> ▶ ലിംഗപ്രത്യയങ്ങൾ ചേർന്നുണ്ടാകുന്ന തദ്ധിതം നാമനിർമ്മായിതദ്ധിതം

ലിംഗപ്രത്യയങ്ങൾ ചേർത്തുണ്ടാക്കുന്ന തദ്ധിതമാണ് നാമനിർമ്മായിതദ്ധിതം. 'അൻ', 'അൾ', 'തു' എന്നീ ലിംഗപ്രത്യയങ്ങൾത്തന്നെ പേരെച്ചം, ആധാരികാഭാസം, സംബന്ധികാവിഭക്തി ഇതുകളിൽ ചേർന്ന് അവയെ നാമങ്ങളാക്കിത്തീർക്കും. ഈ തദ്ധിതത്തിന് 'നാമനിർമ്മായി' എന്നു പേർ (2014:175) എന്നു കേരളപാണിനി അതിനെ നിർവചിക്കുന്നുണ്ട്.

കണ്ട-കണ്ടവൻ, കണ്ടവൾ, കണ്ടത് (പേരെച്ചം)

പുതിയ-പുതിയവൻ, പുതിയവൾ, പുതിയത് (സ്വാർഥം)

എന്റെ-എന്റേവൻ, എന്റേവൾ, എന്റേത് (സംബന്ധിക)

കാട്ടിലേ-കാട്ടിലേവൻ, കാട്ടിലേവൾ, കാട്ടിലേത് (ആധാരികാഭാസം)

#### 4. പൂരണി തദ്ധിതം

സംഖ്യാവാചികളായ നാമങ്ങളിൽ 'അതിനെ പൂരിപ്പിക്കുക' എന്ന അർഥത്തിലുള്ള രൂപങ്ങളാണ് പൂരണി തദ്ധിതമെന്നു പറയുന്നത്. ഇതിന് 'ആം' എന്നു പ്രത്യയം വരും. 'ആമൻ' എന്നും വരും.

ഒന്ന്-ഒന്നാം, ഒന്നാമൻ

രണ്ട്-രണ്ടാം, രണ്ടാമൻ

നൂറ്-നൂറാം, നൂറാമൻ

- ▶ സംഖ്യാവാചിനാമങ്ങൾ - 'ആം' പ്രത്യയം

ഇങ്ങനെ കിട്ടുന്ന രൂപങ്ങളോട് 'അൻ', 'അൾ', 'തു'- എന്നീ പ്രത്യയങ്ങൾ ചേർത്ത് നാമനിർമ്മായിതദ്ധിതം ഉണ്ടാക്കാം. ഉദാ- ഒന്നാമൻ, ഒന്നാമി, ഒന്നാമത്. എന്നാൽ ഇങ്ങനെയുള്ള പ്രയോഗം ശരിയല്ലാത്തതിനാൽ 'അത്തു', 'എ' എന്നിങ്ങനെ വിഭക്ത്യാഭാസം ചേർത്ത് 'ഒന്നാമത്തേവൻ', 'ഒന്നാമത്തേവൾ', 'ഒന്നാമത്തേത്' എന്ന് ശരിയായ നാമനിർമ്മായിതദ്ധിതം സൃഷ്ടിക്കുന്നു.

### 2.4.4 ചുട്ടെഴുത്തുകളുടെ തദ്ധിതരൂപങ്ങൾ

കേരളപാണിനീയത്തിന്റെ 95-ാം കാരികയിൽ 'അ', 'ഇ', 'എ' എന്ന സർവനാമങ്ങൾ(ചുട്ടെഴുത്ത്)ക്കുള്ള തദ്ധിതങ്ങളേയും സൂചിപ്പിക്കുന്നു. ങ്ങ്, ന്ന്, ത്ര എന്നീ ശബ്ദങ്ങളെ കൂട്ടിച്ചേർത്താണ് സർവനാമങ്ങളിൽ നിന്ന് തദ്ധിതങ്ങളെ സൃഷ്ടിക്കുന്നത്.

ഉദാ: അങ്ങ്, അന്ന്, അത്ര

ഇങ്ങ്, ഇന്ന്, ഇത്ര

എങ്ങ്, എന്ന്, എത്ര - ദേശം, കാലം, പ്രമാണം (അളവ്) എന്നിവയെ കാണിക്കുന്നതിനാണ് ഇങ്ങനെയുള്ള തദ്ധിതങ്ങൾ സൃഷ്ടിക്കുന്നത്.

| ചുട്ടെഴുത്ത് | ദേശം | കാലം | അളവ് |
|---|---|---|---|
| അ | അങ്ങ് | അന്ന് | അത്ര |
| ഇ | ഇങ്ങ് | ഇന്ന് | ഇത്ര |
| എ | എങ്ങ് | എന്ന് | എത്ര |

കേരളപാണിനി സാമാന്യമായി അടയാളപ്പെടുത്തിയിട്ടുള്ള തദ്ധിതരൂപങ്ങളിവയാണ്. ഇതിൽ പൂരണിതദ്ധിതത്തിൽ പറഞ്ഞിട്ടുള്ള ലിംഗവിവക്ഷകളെ ചേർത്ത് (അതായത് ഒരു സംഖ്യയോ സംഖ്യയുടെ ഭേദകരൂപമോ ആയ ശബ്ദത്തോട് 'അൻ', 'അൾ' എന്നീ പും-സ്ത്രീപ്രത്യയങ്ങളും 'അ' എന്ന അലിംഗബഹുവചനപ്രത്യയവും ചേർന്നാണ് സംഖ്യാതദ്ധിതങ്ങൾ രൂപപ്പെടുന്നത്). സംഖ്യാനാമങ്ങൾ എന്ന് ശേഷഗിരിപ്രഭുവും സംഖ്യാതദ്ധിതങ്ങൾ എന്ന് ആദിനാട് ഗോപിയുമെല്ലാം ഒന്നുകൂടെ ഇതിനെ ഗണപ്പെടുത്തുന്നുണ്ട്. ഇതിന്റെ വകഭേദമായിട്ടാണ് പൂരണിതദ്ധിതത്തെ അവർ അടയാളപ്പെടുത്തിയിട്ടുള്ളത്.

- ▶ സംഖ്യാതദ്ധിതങ്ങൾ

## Summarised Overview

നാമങ്ങൾക്ക് ക്രിയയോടുള്ള ബന്ധത്തിനെയാണ് കാരകം എന്നു പറയുന്നത്. കർത്തൃകാരകം എന്നാൽ നിർദ്ദേശികാവിഭക്തിയുടെ കാരകമാണ്. പ്രതിഗ്രഹികാവിഭക്തിയുടെ കാരകമാണ് കർമ്മകാരകം. ചില ക്രിയകൾ നടന്നു കിട്ടാൻ ഒന്നിലേറെ കർത്താക്കൾ ആവശ്യമായിവരുന്നു. വ്യാപാരം നടത്തുന്ന കർത്താവിനു സഹായിയായിവരുന്ന നാമത്തെ സൂചിപ്പിയ്ക്കാൻ 'സാക്ഷികാരകം' പ്രയോഗിക്കുന്നു. ക്രിയയുടെ വ്യാപാരം നടത്തുന്ന കർത്താവ് അതിന്റെ ഫലം കർമ്മത്തിലേക്ക് വ്യാപിപ്പിക്കുന്നു. ആർക്ക് ഉതകണം എന്നു കരുതിയാണോ അങ്ങനെ ചെയ്യുന്നത് അയാൾ സ്വാമികാരകം. പ്രയോജികയ്ക്ക് കരണാർഥവും കാരണാർഥവും ഉണ്ട്. കർത്താവിനെ ഒരു ക്രിയ നടത്തുന്നതിൽ ഉപകരണമായി സഹായിക്കുന്ന കാരകത്തെ കരണകാരകം എന്ന് വിളിക്കുന്നു. ക്രിയയ്ക്ക് ആധാരമായി കല്പിക്കുന്ന കാരകമാണ് അധികരണകാരകം. ആധാരം ഔപശ്ലേഷികം. അഭിവ്യാപകം, വൈഷയികം എന്ന് മൂന്നു വിധം. പ്രയോഗിക്കുന്ന ആളിന്റെ വീക്ഷണത്തിനനുസരിച്ച് കാരകം മാറാം. അതുകൊണ്ടാണ് കാരകം വിവക്ഷപോലെ മാറി വരുമെന്ന് പറയുന്നത്.

ലിംഗം, വചനം, വിഭക്തി എന്നിങ്ങനെ പ്രത്യയങ്ങൾ ചേർത്തു വികസിച്ചുവരുന്ന ഘടനയാണ് മലയാളഭാഷയിലേത്. ലിംഗവചന പ്രത്യയങ്ങൾ ചുട്ടെഴുത്തുകളെന്ന സർവനാമത്തിലായിരിക്കണം ആദ്യമായി ചേർത്തിട്ടുണ്ടാവുക. പുരുഷഭേദ അഭാവം, പുരുഷഭേദനിരാസം എന്നിങ്ങനെ രണ്ടു വ്യത്യസ്ത സങ്കല്പങ്ങൾ കേരളപാണിനി അവതരിപ്പിക്കുന്നുണ്ട്. നാമങ്ങൾക്കു ക്രിയയോടും മറ്റു പദങ്ങളോടുമുള്ള ബന്ധത്തെക്കുറിക്കുന്ന പ്രത്യയം വിഭക്തിയും അവയുടെ ആർഥികബന്ധം കാരകവുമാകുന്നു. കർത്തൃ-കർമ്മങ്ങളെ നിർണ്ണയിക്കുമ്പോൾ മലയാളഭാഷയിൽ അവയ്ക്ക് സാമാന്യത്തിൽനിന്നും ഭിന്നമായ ചില പ്രയോഗങ്ങളുണ്ടെന്നു കാണാം. ഒരു വാക്യത്തിൽ തന്നെ രണ്ടു കർമ്മങ്ങൾ വരുന്ന ദ്വികർമ്മകം, കർത്തൃപ്രയത്നമില്ലാതെ ക്രിയ താനേ നടക്കുന്ന നിഗീർണ്ണകർത്തൃകം എന്നിവ ഉദാഹരണങ്ങളാണ്. നാമങ്ങളിൽനിന്നും ഭേദകങ്ങളിൽനിന്നും വ്യുത്പാദിപ്പിക്കുന്ന ശബ്ദങ്ങൾ എന്ന നിലയിൽ തദ്ധിതം നാമചർച്ചയിൽ വളരെ പ്രധാനമാണ്.

## Assignments

1. മലയാളത്തിലെ കാരകങ്ങളെക്കുറിച്ച് ഉദാഹരണസഹിതം വിശദമാക്കുക.
2. ദ്വികർമ്മകം എന്നാലെന്തെന്ന് വിശദമാക്കുക.
3. നിഗീർണ്ണകർത്തൃകം എന്നാലെന്തെന്നു വിവരിക്കുക.
4. തന്മാത്രാതദ്ധിതം - വിവരിക്കുക.
5. തദ്വദ്തദ്ധിതം - വിശദമാക്കുക.
6. മലയാളത്തിലെ ലിംഗപ്രത്യയങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
7. മലയാളത്തിലെ വിഭക്തിചർച്ചകളെ വിമർശനാത്മകമായി വിലയിരുത്തുക.
8. വിഭക്തി, വിഭക്ത്യാഭാസം, കാരകം എന്നിവ വിലയിരുത്തുക.
9. കാരകമെന്നാലെന്ത്? മലയാളത്തിലെ കാരകങ്ങളെ സംബന്ധിച്ച് ഉപന്യാസം തയ്യാറാക്കുക.
10. തദ്ധിതമെന്നാലെന്ത്? എത്രവിധം? ഉപന്യസിക്കുക.

## Reference


1. എ. ആർ. രാജരാജവർമ്മ, കേരളപാണിനീയം, ഡി. സി. ബുക്സ്, കോട്ടയം.
2. സി. എൽ ആന്റണി, കേരളപാണിനീയ ഭാഷ്യം. ഡി. സി. ബുക്സ്, കോട്ടയം.
3. പ്രൊഫ. ആദിനാട് ഗോപി, മലയാളഭാഷാവ്യാകരണം ഒരു സമഗ്രപഠനം, രചന ബുക്സ്, കൊല്ലം.
4. പി. നാരായണമേനോൻ, വ്യാകരണപഠനങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.
5. മല്ലിശ്ശേരി രാധാകൃഷ്ണൻ, മലയാളവ്യാകരണപഠനങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. കെ. ശ്രീകുമാരി, മലയാളത്തിലെ നാമവർഗം, താരതമ്യപഠന സംഘം, ചങ്ങനാശ്ശേരി.
7. കെ. എം. പ്രഭാകരവാര്യർ, പൂർവകേരള ഭാഷ, മദിരാശി സർവകലാശാല.


## Suggested Reading


1. സി. എൽ. ആന്റണി, ഭാഷാപഠനങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.
2. കുട്ടികൃഷ്ണമാരാർ, ഭാഷാപരിചയം, പി. കെ. ബ്രദേഴ്സ്, കോഴിക്കോട്.
3. ഹെർമൻ ഗുണ്ടർട്ട്, മലയാള ഭാഷാവ്യാകരണം, ഡി. സി. ബുക്സ്, കോട്ടയം.
4. എൻ. ആർ. ഗോപിനാഥപിള്ള, ഭാഷാനിരീക്ഷണം, എസ്. പി. സി. എസ്., കോട്ടയം.
5. എൻ. ആർ. ഗോപിനാഥപിള്ള, പാഠഭേദം, എസ്. പി. സി. എസ്, കോട്ടയം.
6. പി. കെ. നാരായണപിള്ള, വ്യാകരണപ്രവേശിക, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# ക്രിയാപദസംഹിത

## BLOCK-03

# Unit 1

# ക്രിയാവിഭാഗം

## Learning Outcomes

- ക്രിയയെക്കുറിച്ച് അറിവ് നേടുന്നു
- വിവിധ ക്രിയാവിഭാഗങ്ങളെക്കുറിച്ച് ധാരണ ലഭിക്കുന്നു
- എ. ആർ., ഇ. വി. എൻ. നമ്പൂതിരി എന്നിവരുടെ കാരിതചർച്ചയെക്കുറിച്ച് ഗ്രഹിക്കുന്നു
- പേരെച്ചം, വിനയെച്ചം എന്നിവയെക്കുറിച്ചറിയുന്നു
- മുറ്റുവിന, പറ്റുവിന എന്നിവയെക്കുറിച്ച് ധാരണ നേടുന്നു

## Background

വ്യാകരണം ഭാഷാപ്രയോഗത്തിന്റെ ചിട്ടവട്ടങ്ങളാണ്. മനുഷ്യന്റെ സിദ്ധികളിൽ അത് പ്രധാനവുമാണ്. പരമ്പരാഗതവ്യാകരണം പദനിർമ്മാണത്തിന്റെയും വാക്യരചനയുടെയും തന്ത്രങ്ങളിലാണ് ശ്രദ്ധ നൽകിയിരുന്നത്. ഇന്ന് വ്യാകരണം വിപുലമായ മേഖലകളിലേക്ക് വ്യാപിച്ചു. സമൂഹപ്രക്രിയയെക്കുറിച്ചുള്ള പഠനമായി അത് വികസിച്ചു കഴിഞ്ഞു. ഭാഷയുടെ പ്രകടനശേഷി വെളിവാക്കുന്നതാകണം വ്യാകരണം എന്ന തിരിച്ചറിവ് പണ്ടുകാലം തൊട്ടു തന്നെ ഭാരതീയർക്കുണ്ടായിരുന്നു. വ്യാകരണരചനയ്ക്കു ഭാഷാചരിത്രബോധം വേണമെങ്കിലും ചരിത്രമല്ല, വ്യവസ്ഥയാണു വ്യാകരണവിഷയമെന്നു വ്യക്തമാക്കുന്ന പഠനങ്ങൾ ഉണ്ടായി. ഭാഷ അത്യധികം സങ്കീർണ്ണമാണെന്നും മനുഷ്യന്റെ ഭാഷാശേഷിക്ക് പഴുതുകളില്ലെന്നും സന്ദർഭത്തിനനുസരിച്ചു പുതുവാക്യങ്ങൾ സൃഷ്ടിക്കുവാനും കേൾക്കുന്ന വാക്യങ്ങളെ ഉൾക്കൊള്ളാനും മനുഷ്യന് കഴിവുണ്ടെന്നും അവ ചൂണ്ടിക്കാട്ടി. ഭാഷയുടെ അനന്തസാധ്യതകളെക്കുറിച്ചുള്ള വിവരണമായിരിക്കണം വ്യാകരണം എന്ന ചോംസ്കിയൻ ദർശനത്തോളം മലയാളവ്യാകരണദർശനവും വളർന്നുകഴിഞ്ഞിരിക്കുന്നു.

ശബ്ദവിഭാഗങ്ങൾ കഴിഞ്ഞാൽ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് ക്രിയാപദങ്ങൾ. കർത്താവ്, കർമ്മം, ക്രിയ എന്നാണ് മലയാളത്തിലെ വാക്യത്തിന്റെ നിർമ്മിതി. ക്രിയകൾക്ക് വാക്യഘടനയിൽ വളരെയധികം പ്രാധാന്യമുണ്ട്. ക്രിയകൾക്ക് അർഥം പ്രമാണിച്ചും കർത്താവ് ചെലുത്തുന്ന പ്രേരണയെ ആസ്പദമാക്കിയും ക്രിയയുടെ രൂപത്തെ ആസ്പദമാക്കിയും ക്രിയയുടെ പ്രാമാണ്യത്തെ അടിസ്ഥാനമാക്കിയും വിഭജനങ്ങൾ ഉണ്ട്. ആ വിഭജനങ്ങളെ വിശദമായി ചർച്ച ചെയ്യുകയാണ് ഈ യൂണിറ്റിലൂടെ ചെയ്യുന്നത്.

## Key themes

ക്രിയ - ക്രിയാ വിഭജനങ്ങൾ - കാരിതചർച്ച - സകർമ്മകം - അസകർമ്മകം - പേരെച്ചം - വിനയെച്ചം

# Discussion


### ക്രിയ

ഒരു പ്രവൃത്തിയെ അല്ലെങ്കിൽ അവസ്ഥയെ കുറിക്കുന്ന പദമാണ് 'ക്രിയ'. കൃതി, വിന എന്നീ പേരുകളിലും ഇത് പറയപ്പെടുന്നു. കൃതി എന്നതിന്റെ തമിഴ് പേരാണ് വിന എന്നത്. 'ഏതെങ്കിലും ഒരു വസ്തു ഇന്ന വിധത്തിലിരിക്കുന്നു എന്നോ ഒരു പ്രവൃത്തി ചെയ്യുന്നു എന്നോ കുറിക്കുന്ന ക്രിയാപദമാണ് കൃതി' എന്ന് കേരളപാണിനീയത്തിൽ എ. ആർ. രാജരാജവർമ്മ സൂചിപ്പിക്കുന്നുണ്ട്. കേരളപാണിനി ക്രിയകളെ അർഥം പ്രമാണച്ച് അകർമ്മകം-സകർമ്മകം എന്നും പ്രകൃതി പ്രമാണിച്ചു കേവലം-പ്രയോജകം എന്നും രൂപം പ്രമാണിച്ചു കാരിതം -അകാരിതം എന്നും പ്രാധാന്യം പ്രമാണിച്ച് മുറ്റുവിന-പറ്റുവിന എന്നും വിഭജിച്ചിരിക്കുന്നു. കേരളപാണിനീയരചനയ്ക്ക് മുൻപ് റോബർട്ട് കാൽഡ്വൽ, ഹെർമൻ ഗുണ്ടർട്ട് എന്നിവർ ഇതിനെക്കുറിച്ചു ചില നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. അതിന്റെ വെളിച്ചത്തിലാണ് എ. ആർ. ക്രിയാവിഭജനം നടത്തിയിരിക്കുന്നത്. 'കേരളപാണിനി ആദ്യം കർമ്മയോഗം എന്ന ഉപാധി സ്വീകരിച്ച് കാരിതീകരണം, 'ത്തു' പ്രത്യയയോഗം തുടങ്ങിയവ വിധിച്ച് ഒടുവിൽ കർമ്മയോഗത്തിനു പല ദുർഘടങ്ങളും ഉണ്ടെന്നും കല്പിച്ച് സകർമ്മകത്തെ പ്രയോജകത്തിൽ ലയിപ്പിക്കുകയാണ് ചെയ്യുന്നത്' എന്ന് പിൽക്കാലത്ത് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട് (മലയാളത്തിലെ നാമവർഗം - കെ. ശ്രീകുമാരി). സകർമ്മകം എന്ന് കേരളപാണിനി പറഞ്ഞ വിഭാഗം പിന്നീട് അചേതന പ്രയോജകമായി. 'കേരളപാണിനീയ' നിരീക്ഷണത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് 'കേരളപാണിനീയ'ത്തിൽനിന്നു വ്യത്യസ്തങ്ങളെന്നു തോന്നാവുന്ന ധാരാളം നിഗമനങ്ങൾ പിൽക്കാലത്തുണ്ടായി. ക്രിയയെ അതിന്റെ പ്രയോഗമനുസരിച്ച് പലതായി തിരിക്കാവുന്നതാണ്. ക്രിയ പല തരത്തിലുണ്ട്. ക്രിയയ്ക്ക് വ്യാപാരവും അതിന് ഫലവുമുണ്ട്.

► ക്രിയാവിഭജനങ്ങൾ

## 3.1.1 ക്രിയാവിഭാഗം

നാം ചെയ്യുന്ന പ്രവൃത്തിയെ കുറിക്കുന്ന വ്യാകരണസംജ്ഞയാണ് ക്രിയ. ഭാഷയിൽ ക്രിയയെ വിഭജിക്കുന്നത് അർഥം നോക്കിയാണ്. ഒരു പദം ക്രിയയാണെന്ന് മനസ്സിലാക്കുന്നത് ആ പദത്തോടു ചേരുന്ന പ്രത്യയങ്ങളിലൂടെയാണ്. ഒരു വസ്തു ഇന്ന വിധത്തിൽ ഇരിക്കുന്നുവെന്നോ ഇന്ന പ്രവൃത്തി ചെയ്യുന്നുവെന്നോ വ്യക്തമാക്കുന്ന ക്രിയാപദമാണ് കൃതി എന്ന് കേരളപാണിനി ക്രിയയെ നിർവചിച്ചിരിക്കുന്നു. ക്രിയകൾക്ക് പല വിഭാഗങ്ങൾ ഉണ്ട്. അർഥം പ്രമാണിച്ച് ക്രിയയെ രണ്ടായി തിരിക്കാം.




## സകർമ്മകം - അകർമ്മകം

**സകർമ്മകം**

ക്രിയയുടെ വ്യാപാരവും ഫലവും രണ്ടു വസ്തുക്കളെ (നാമങ്ങളെ) ആശ്രയിക്കുമ്പോൾ ക്രിയയ്ക്ക് കർമ്മമുണ്ടാകുന്നു. കർമ്മമുള്ള ക്രിയ സകർമ്മകം. ക്രിയയോട് ആരെ അല്ലെങ്കിൽ എന്തിനെ എന്നു ചോദിച്ചാൽ ഉത്തരം കിട്ടുന്ന ക്രിയ സകർമ്മകക്രിയ.

ക്രിയാസ്വഭാവമാണ് സകർമ്മക-അകർമ്മകഭേദത്തിനു നിദാനം. കർമ്മമുള്ളത് സകർമ്മകമെന്നും പറയാം

ഉദാ: അമ്മ കുട്ടിയെ ലാളിക്കുന്നു (കർമ്മമുള്ള ക്രിയ)

| | | |
|---|---|---|
| അമ്മ | - | കർത്താവ് |
| കുട്ടിയെ | - | കർമ്മം |
| ലാളിക്കുന്നു | - | ക്രിയ (സകർമ്മകം) |

**അകർമ്മകം**

ഒരു വാക്യത്തിലെ ക്രിയയോട് ആരെ? അല്ലെങ്കിൽ എന്തിനെ? എന്നു ചോദിച്ചാൽ ഉത്തരം കിട്ടാത്ത ക്രിയയെ അകർമ്മകക്രിയ എന്നു പറയുന്നു (കർമ്മം ഇല്ലാത്ത ക്രിയ). ഇത്തരം ക്രിയകളുടെ വ്യാപാരവും ഫലവും കർത്താവിനെത്തന്നെയാണ് ആശ്രയിക്കുക.

കർമ്മമില്ലാത്തത് അകർമ്മകമെന്നു പറയാം. ഉദാ:- ഉറങ്ങുക, കുളിക്കുക, പാടുക എന്നീ ക്രിയകൾക്കു കർമ്മമില്ലാത്തതിനാൽ അവ അകർമ്മകങ്ങൾ ആണ്. എന്നാൽ ഊട്ടുക, കുടിപ്പിക്കുക, തീറ്റുക എന്നീ ക്രിയകളിൽ ആരെ?/എന്തിനെ? എന്ന ചോദ്യത്തിനു പ്രസക്തിയും ഉത്തരവുമുണ്ട്. അത്തരം ക്രിയകൾക്ക് കർമ്മത്തിന്റെ ആകാംക്ഷ ഉള്ളതിനാൽ അവ സകർമ്മകങ്ങളാണ്. മരം കൊത്തി. കൊത്തി എന്നിടത്ത്

എന്തിനെ കൊത്തി? മരത്തെ കൊത്തി. 'മരം' എന്നത് കർമ്മമാണ്. ആരെ അല്ലെങ്കിൽ എന്തിനെ എന്നറിയാനുള്ള ആകാംക്ഷ ഉണ്ടാകുന്നു. കർമ്മ ആകാംക്ഷയുള്ളത് സകർമ്മകം. ആകാംക്ഷ ഇല്ലാത്തിടത്ത് അകർമ്മകം. കർത്താവ് ചെയ്യുന്ന ക്രിയയുടെ ഫലം കർത്താവു തന്നെ അനുഭവിക്കുന്നത് അകർമ്മകം.

▶ അകർമ്മകം-കർമ്മമില്ലാത്തത്

ഉദാ: നദി ഒഴുകുന്നു, കുയിൽ പാടുന്നു

### കേവലം - പ്രയോജകം

പ്രകൃതി പ്രമാണിച്ച് ക്രിയയെ കേവലം, പ്രയോജകം എന്നു രണ്ടായി തിരിക്കാം.

**കേവലം**

പരപ്രേരണ കൂടാതെ കർത്താവ് തനിയെ ചെയ്യുന്ന ക്രിയ.
ഉദാ: നടക്കുന്നു, കുളിക്കുന്നു

**പ്രയോജകം**

പരപ്രേരണയോടുകൂടി നടക്കുന്ന ക്രിയ പ്രയോജകക്രിയ.
ഉദാ: ഓടിക്കുന്നു, നടത്തുന്നു

രൂപം പ്രമാണിച്ച് ക്രിയയ്ക്ക് കാരിതം, അകാരിതം എന്നീ വിഭാഗങ്ങൾ ഉണ്ട്.

ഓടുക, നിൽക്കുക, കാണുക തുടങ്ങിയ ക്രിയാരൂപങ്ങളിൽ കർത്താവ് തനിയെ പ്രവൃത്തി ചെയ്യുകയാണ്. അതിനാൽ അവ കേവലപ്രകൃതികൾ എന്ന് അറിയപ്പെടുന്നു. എന്നാൽ ഓടിക്കുക, നിർത്തുക, കാണിക്കുക തുടങ്ങിയവ രൂപങ്ങളിൽ കർത്താവ് പരപ്രേരണയാൽ ക്രിയ നിർവഹിക്കുന്നു. പ്രേരണാർഥം കൂടിയുള്ള അത്തരം ക്രിയകൾ പ്രയോജകക്രിയകൾ എന്നറിയപ്പെടുന്നു. പ്രകൃതിയുടെ അടിസ്ഥാനത്തിൽ കേവലം, പ്രയോജകം എന്ന് അവയെ വിളിക്കാമെന്ന് കേരളപാണിനി അഭിപ്രായപ്പെടുന്നു. അകർമ്മകം, സകർമ്മകം, പ്രയോജകം എന്നീ വിഭാഗത്തിൽപ്പെടുന്ന ക്രിയകൾ വാക്യത്തിൽ എങ്ങനെ അഭിവ്യക്തമാകുന്നു എന്നാണ് അന്വേഷിയ്ക്കേണ്ടതെന്ന് എ. പി. ആൻഡ്രൂസ്കുട്ടി 'മലയാളവ്യാകരണപഠനങ്ങൾ' എന്ന കൃതിയിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഒരു വാക്യത്തിലെ ക്രിയകളുടെ സ്വഭാവമനുസരിച്ചാണ് ആ വാക്യത്തെ സകർമ്മകമോ അകർമ്മകമോ പ്രേരകമോ എന്നു തീരുമാനിക്കേണ്ടത്. സകർമ്മകവൽക്കരണം ആർഥികമായി പ്രേരകവത്കരണപ്രക്രിയ തന്നെയാണ് എന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഇവയെല്ലാം കർമ്മയോഗം എന്ന സ്വഭാവം പ്രദർശിപ്പിക്കുന്നു. കേവലം-പ്രയോജകം എന്ന വിഭജനം വാക്യത്തിൽ കർത്തൃസ്ഥാനത്തേക്ക് ഒന്നിലധികം നാമത്തെ നിർദ്ദേശിക്കുന്ന ക്രിയാസ്വഭാവത്തിലൂന്നിയതാണ്.

▶ പരപ്രേരണ കൂടാതെ കർത്താവ് തനിയെ ചെയ്യുന്ന ക്രിയ കേവലക്രിയ

'പൂച്ച ഓടി' എന്നതിലെ 'ഓടി' എന്ന ക്രിയ കർത്താവ് സ്വയം ചെയ്യുന്ന പ്രക്രിയയാണ്. എന്നാൽ 'പട്ടി പൂച്ചയെ ഓടിച്ചു' എന്നതിൽ 'ഓടിച്ചു' എന്ന ക്രിയ മറ്റൊരാളുടെ പ്രേരണയാൽ ചെയ്യുന്ന പ്രക്രിയയാണ്. സ്വയമേ ചെയ്യുന്ന കേവലക്രിയയിൽ കർത്താവ് ഒരാൾ മാത്രം. പ്രയോജകക്രിയയിൽ രണ്ട് കർത്താക്കൾ ഉണ്ട്. ഒന്ന്: കർത്താവ്, രണ്ട്: (പ്രേരിപ്പിക്കുന്ന ആൾ) പ്രയോജക കർത്താവ്. കേവലക്രിയയെ പ്രയോജക

▶ പരപ്രേരണയോടുകൂടി നടക്കുന്ന ക്രിയ പ്രയോജകക്രിയ

ക്രിയ ആക്കിമാറ്റുന്നത് 'ക്കു' ചേർത്താണ്. പഠിക്കുന്നു-പഠിപ്പിക്കുന്നു, ഓടുന്നു-ഓടിക്കുന്നു. 'ഞാൻ കുടിക്കുന്നു' കേവലക്രിയ. 'ഞാൻ രാധയെക്കൊണ്ട് വെള്ളം കുടിപ്പിക്കുന്നു' എന്നത് പ്രയോജകക്രിയ.

## കാരിതം-അകാരിതം

**കാരിതം**
കേവലക്രിയയിൽ 'ക്കു' പ്രത്യയമുള്ളത് കാരിതം.
ഉദാ: നിൽക്കുന്നു, കേൾക്കുന്നു

**അകാരിതം**
കേവലക്രിയയിൽ 'ക്കു' പ്രത്യയം ഇല്ലാത്തത് അകാരിതക്രിയ.
ഉദാ: പറയുന്നു, എഴുതുന്നു, പാടുന്നു, ഓടുന്നു.

- കാരിതം - കേവലക്രിയയിൽ 'ക്കു' ചേർന്നത്
- അകാരിതം - കേവലക്രിയയിൽ 'ക്കു' ചേരാത്തത്

അർഥത്തിൽ കേവലപ്രകൃതിയും രൂപത്തിൽ പ്രയോജകപ്രകൃതിയുമായി തോന്നുന്ന ചില ക്രിയാരൂപങ്ങളുണ്ട്. പ്രയോജകപ്രകൃതിയാകുമ്പോൾ മിക്ക ക്രിയകൾക്കും 'ക്കു' എന്ന ഇടനില ചേർക്കാറുണ്ട്. അങ്ങനെ അർഥഭേദം കൂടാതെ 'ക്കു' ചേർക്കുന്ന കേവലപ്രകൃതിയിലെ ക്രിയാരൂപങ്ങളെ 'കാരിതം' എന്നും അത്തരം സവിശേഷത ഇല്ലാത്തവ 'അകാരിതം' എന്നും അറിയപ്പെടുന്നു. 'കേൾക്കുന്നു', 'നിൽക്കുന്നു', 'പറക്കുന്നു' ഇവയെല്ലാം കാരിതക്രിയകളാണ്. എന്നാൽ 'അരയുന്നു', 'പിരിയുന്നു', 'മറയുന്നു' എന്നിവ അകാരിതരൂപങ്ങളും. കാരിതങ്ങളിലും പ്രയോജകങ്ങളിലും 'ക്ക്' എന്ന ഇടനില ചേരുന്നുണ്ട്. എന്നാൽ കാരിതക്രിയകൾക്ക് പ്രയോജനങ്ങൾക്കുള്ളതുപോലെ പരപ്രേരണയാൽ ചെയ്യുക എന്ന സവിശേഷ അർഥമില്ല. സ്വഭാവമനുസരിച്ചുള്ള വിഭജനമായി കേരളപാണിനി ഇതിനെ കാണുന്നു.

കേരളപാണിനി കാരിതീകരണം, ഖരാദേശദ്വിത്വം, -ത്തു, -ഇ, -പ്പി എന്നീ പ്രത്യയയോഗം എന്നിവ അകർമ്മകത്തെ സകർമ്മകമാക്കാനുള്ള (കർമ്മയോഗം) ഉപാധിയായി സ്വീകരിച്ചു. എങ്കിലും അവയിലെ അവ്യവസ്ഥിതത്വം (കാരിതീകരണം- മൂക്കുന്നു, തോൽക്കുന്നു ഇവ സകർമ്മകമല്ല. കടയുന്നു, തുടരുന്നു ഇവ സകർമ്മകമാണ്) മനസിലാക്കി കർമ്മയോഗത്തെ ഉപേക്ഷിക്കുകയും കേവലത്തെ പ്രയോജകമാക്കാനുള്ള മാർഗമായി അവയെ കൽപ്പിക്കുകയും ചെയ്തു. അദ്ദേഹം കർമ്മയോഗം എന്ന ഉപാധി നിരസിച്ചതിനോട് ഇ. വി. എൻ. നമ്പൂതിരി വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. പ്രയോജകക്രിയകളുടെ രൂപനിഷ്പത്തി സംബന്ധിച്ച പ്രശ്നങ്ങൾക്കു കാരണം പ്രയോജകക്രിയകൾക്ക് പ്രത്യേകം പ്രത്യയം ഉണ്ടെന്ന തെറ്റായ ധാരണയാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു.

സ്വാർഥത്തിൽ പ്രയോജകരൂപം വരുന്ന ധാതു ആണ് കാരിതധാതുവെന്ന് എ. ആർ. അഭിപ്രായപ്പെട്ടു. ഗുണ്ടർട്ട് കാരിതാകാരിതങ്ങൾക്ക് 'ബലാബലക്രിയകൾ' എന്നാണ് പേര് നൽകിയിരിക്കുന്നത്.

## പൂർണ്ണക്രിയ-അപൂർണ്ണക്രിയ

**മുറ്റുവിന**

- സ്വതന്ത്രമായി നിൽക്കുന്ന പൂർണക്രിയ - മുറ്റുവിന

ഒന്നിനും കീഴ്പ്പെടാതെ സ്വതന്ത്രമായി നിൽക്കുന്ന പൂർണ്ണക്രിയയാണ് മുറ്റുവിന, ഇതിന് അംഗിക്രിയ, കരോതിക്രിയ എന്നും പേരു

കളുണ്ട്.

ഉദാ: പോകുന്നു, ഓടുന്നു, പാടുന്നു.

**പറ്റുവിന**

വാക്യങ്ങളിൽ കാണുന്ന അപ്രധാനക്രിയകളാണിത്. നാമത്തോടോ ക്രിയയോടോ ചേർന്നു നിൽക്കുന്ന ദുർബലക്രിയയ്ക്ക് പറ്റുവിന എന്ന് പറയുന്നു.

ഉദാ: വന്ന, കണ്ട, നിന്ന, ഇരുന്ന, പറഞ്ഞ

പറ്റുവിന, പേരെച്ചം - വിനയെച്ചം എന്ന് രണ്ടു വിധം ഉണ്ട്.

▶ നാമത്തോടോ ക്രിയയോടോ ചേർന്നു നിൽക്കുന്ന ദുർബല ക്രിയ - പറ്റുവിന

പ്രാമാണ്യം പ്രമാണിച്ചുള്ള വിഭജനമാണ് മുറ്റുവിന (പൂർണ്ണക്രിയ) - പറ്റുവിന (അപൂർണ്ണക്രിയ) എന്നത്. ശരീരത്തിൽ ഉടൽ പ്രധാനവും കൈകാൽ എന്നിവ ഉടലിന്റെ അംഗങ്ങളായും കരുതുന്നതുപോലെ വാക്യങ്ങളിലും ചില പദങ്ങൾ പ്രധാനവും മറ്റു ചിലവ അപ്രധാനങ്ങളുമായി കരുതുന്നു. അന്വയിക്കുമ്പോൾ മറ്റു പദങ്ങൾക്കൊന്നും കീഴടങ്ങാത്ത പദമാണ് പ്രധാനപദം. മറ്റൊന്നിന് കീഴടങ്ങുന്നത് അപ്രധാനം. പ്രാധാന്യമുള്ള കൃതിക്ക് 'കരോതികൃതി' അല്ലെങ്കിൽ 'മുറ്റുവിന' എന്നും അപ്രധാനകൃതിക്ക് 'കുർവത്കൃതി' അല്ലെങ്കിൽ 'പറ്റുവിന' എന്നും പറയുന്നു. മുറ്റിയ കൃതിയാണ് മുറ്റുവിന (പൂർണ്ണക്രിയ). പറ്റിയ (മറ്റൊന്നിനെ ആശ്രയിച്ചു നിൽക്കുന്ന) കൃതി പറ്റുവിന (അപൂർണ്ണക്രിയ). മുറ്റുവിന -ചെയ്യുന്നു, പോകുന്നു; പറ്റുവിന - ചെയ്യുന്ന, പോകുന്ന. ഒരു വാക്യത്തിന്റെ അവസാനം വരുന്ന ക്രിയയാണ് പൂർണ്ണക്രിയ. എന്നാൽ വാക്യത്തിന്റെ ഉള്ളിൽ വരുന്ന ക്രിയയാണ് അപൂർണ്ണക്രിയ. പൂർണ്ണക്രിയ കാലബോധം സൃഷ്ടിക്കുന്നു. അത് മൂന്നു കാലത്തിലും പൂർണ്ണമാകുന്ന ക്രിയയാണ്. അപൂർണ്ണക്രിയ നാമത്തോടും ക്രിയയോടും ചേർന്നു നിൽക്കാം.

▶ മുറ്റുവിന, പറ്റുവിന ഉദാഹരണങ്ങൾ

'സീത കൊല്ലത്തേയ്ക്ക് പോകുന്നു' എന്ന വാക്യത്തിൽ 'പോകുന്നു' എന്ന ക്രിയ മറ്റൊരു പദത്തിനും കീഴടങ്ങാതെ പ്രധാനമായി നിൽക്കുന്നു. അതിനാൽ മുറ്റുവിന. 'കൊല്ലത്തേയ്ക്കു പോകുന്ന വള്ളം' എന്നിടത്ത് 'പോകുന്ന' എന്ന ക്രിയ വള്ളത്തിനു വിശേഷണമായി കീഴടങ്ങുന്നതിനാൽ പറ്റുവിനയാണ്. 'ഖദീജ സിനിമ കണ്ട് വന്നു' - ഈ വാക്യത്തിൽ 'വന്നു' എന്ന ക്രിയ പൂർണ്ണക്രിയയും 'കണ്ട്' എന്നത് അപൂർണ്ണക്രിയയും ആണ്. 'കണ്ട്' എന്ന ക്രിയയിൽ ആകാംക്ഷ പൂർത്തിയാകുന്നില്ല എന്നതിനാലാണ് അത് അപൂർണ്ണക്രിയയാകുന്നത്. ആ ക്രിയ ആകട്ടെ 'വന്നു' എന്ന ക്രിയയോട് ചേർന്നു നിൽക്കുന്നതിനാൽ അത് വിനയെച്ചമാണെന്ന് പറയാം.

## 3.1.2 പേരെച്ചം - വിനയെച്ചം

▶ നാമ വിശേഷണ അപൂർണ്ണക്രിയ - പേരെച്ചം

**പേരെച്ചം** - നാമത്തിനു കീഴടങ്ങി നിൽക്കുന്ന പറ്റുവിനയെ പേരെച്ചം (നാമാംഗം) എന്നുപറയുന്നു.
ഉദാ: പറഞ്ഞ കാര്യം, വരുന്ന വണ്ടി, കാണുന്ന വസ്തു


**വിനയെച്ചം** - ഒരു ക്രിയാപദത്തിനു കീഴടങ്ങി നിൽക്കുന്ന പറ്റുവിനയെ വിനയെച്ചം (ക്രിയാംഗം) എന്നുപറയുന്നു.

ഉദാ: പറഞ്ഞു മനസ്സിലാക്കി, കാണാൻപോയി, വന്നാൽ പറയാം.

വാക്യത്തിന്റെ ഉള്ളിൽ നാമത്തിനു വിശേഷണമായി വരുന്ന അപൂർണ്ണക്രിയയാണ് പേരെച്ചം. വാക്യത്തിന്റെ ഉള്ളിൽ ക്രിയയെ വിശേഷിപ്പിക്കുന്ന അപൂർണ്ണക്രിയയാണ് വിനയെച്ചം.

- ക്രിയാ വിശേഷണ അപൂർണ്ണക്രിയ - വിനയെച്ചം

പറ്റുവിനയുടെ അവാന്തരവിഭാഗമാണിത്. ഒരു നാമത്തിനു കീഴടങ്ങുന്ന കൃതിയാണ് പേരെച്ചം. പേരിന്റെ അഥവാ നാമത്തിന്റെ എച്ചം (അംഗം) ആണിത്. ഉദാഹരണം: 'പറഞ്ഞ കാര്യം', 'കൊടുത്ത വസ്തു'. ഇവിടെ 'പറഞ്ഞ', 'കൊടുത്ത' എന്നീ കൃതികൾ 'കാര്യം', 'വസ്തു' എന്നീ നാമങ്ങൾക്കു കീഴടങ്ങുന്നു. 'പറഞ്ഞു കേട്ടു', 'തേച്ചു കുളിച്ചു' എന്നിടത്ത് 'പറഞ്ഞു' എന്നത് 'കേട്ടു' എന്ന മറ്റൊരു കൃതിക്കും 'തേച്ചു' എന്നത് 'കുളിച്ചു' എന്ന കൃതിക്കും കീഴടങ്ങുന്നതിനാൽ വിനയെച്ചം. പേരിനെ ആശ്രയിച്ചു നിൽക്കുന്ന ക്രിയയ്ക്ക് പേരെച്ചം അഥവാ നാമാംഗം എന്നും വിനയെ ആശ്രയിച്ചു നിൽക്കുന്ന ക്രിയയ്ക്ക് വിനയെച്ചം അഥവാ ക്രിയാംഗം എന്നും പറയുന്നു.




വിനയെച്ചരൂപങ്ങളും അവയുടെ സ്വഭാവവും പ്രയോഗവും പരിശോധിച്ചാൽ പാക്ഷികവിനയെച്ചവും തൻവിനയെച്ചവും നടുവിനയെച്ചത്തിന്റെ വിഭക്തിരൂപമാണെന്നു വ്യക്തമാകും. അതിനാൽ പ്രധാനമായി വിനയെച്ചം മുൻ, പിൻ, നടു എന്ന് മൂന്നേയുള്ളൂ എന്നു കാണാം. ഗുണ്ടർട്ടും ശേഷഗിരിപ്രഭുവും പേരെച്ചത്തിന് ശബ്ദന്യൂനമെന്നും വിനയെച്ചത്തിന് ക്രിയാന്യൂനമെന്നുമാണ് പേര് നൽകിയിട്ടുള്ളത്. കേരളപാണിനി തമിഴ് വൈയാകരണന്മാരെ പിന്തുടർന്ന് പേരെച്ചം, വിനയെച്ചം എന്നീ പേരുകൾ തന്നെ സ്വീകരിച്ചു.

- ശബ്ദന്യൂനമെന്നും ക്രിയാന്യൂനമെന്നും -ഗുണ്ടർട്ട് ശേഷഗിരിപ്രഭു

**വിനയെച്ചം അഞ്ചു വിധം**

"വിനയെച്ചങ്ങൾ അഞ്ചത്രേ
മുൻ, പിൻ, തൻ, നടു, പാക്ഷികം'' (കേരളപാണിനീയം)

മുൻവിനയെച്ചം, പിൻവിനയെച്ചം, തൻവിനയെച്ചം, നടുവിനയെച്ചം, പാക്ഷികവിനയെച്ചം എന്നിങ്ങനെ വിനയെച്ചങ്ങൾ അഞ്ചു വിധം.

- വിനയെച്ച വിഭാഗങ്ങൾ

**മുൻവിനയെച്ചം**

ഇതു പ്രധാനക്രിയ (പൂർണ്ണക്രിയ)നടക്കുന്നതിനു മുൻപ് നടന്നതായി കാണിക്കുന്ന അപൂർണ്ണക്രിയ (ഭൂതകാലത്തെ കുറിക്കുന്നു).

ഉദാ:

പോയിക്കണ്ടു (പോയത് കാണുതിനു മുൻപ്)

| | |
|---|---|
| കണ്ടു പറഞ്ഞു | (കണ്ടത് പറയുന്നതിനു മുൻപ് ) |
| തള്ളിത്തുറന്നു | (തള്ളിയത് തുറക്കുന്നതിന് മുൻപ്) |

**പിൻവിനയെച്ചം**

പ്രധാനക്രിയ നടന്നുകഴിഞ്ഞ് നടക്കുന്ന അപ്രധാനക്രിയയെ കാണിക്കുന്നു. ഇത് ഭാവികാലത്തെ സൂചിപ്പിക്കുന്നു. ആൻ എന്ന പ്രത്യയം പിൻവിനയെച്ചത്തെക്കുറിക്കുന്നു.

ഉദാ:

വരാൻ പറഞ്ഞു
പോകാൻ തുടങ്ങി
കുളിക്കാൻ പോയി

**തൻവിനയെച്ചം**

പൂർണ്ണക്രിയയോടൊപ്പം നടക്കുന്നതായി സൂചിപ്പിക്കുന്ന അപൂർണ്ണക്രിയ തൻവിനയെച്ചം. പ്രധാനക്രിയ നടന്നു കൊണ്ടിരിക്കെത്തന്നെ മറ്റൊരു ക്രിയകൂടി നടക്കുന്നതായി കാണിക്കുന്നതാണ് തൻവിനയെച്ചം. പൂർണ്ണക്രിയ നടക്കുന്ന അവസരത്തിൽത്തന്നെ അപൂർണ്ണക്രിയയും നടക്കുന്നു. ഏ, ആവേ എന്നിവ പ്രത്യയങ്ങൾ. കേൾക്കേ, ഇരിക്കവെ ഇരിക്കേ, കാണെക്കാണെ, കേൾക്കേ, പോകെ, ചെയ്യവേ മുതലായവയാണ് തൻവിനയെച്ച രൂപങ്ങൾ.

ഉദാ: അവൻ ഇരിക്കേ അവൾ പോയി
അവൾ കേൾക്കേ കുഞ്ഞു കരഞ്ഞു

**നടുവിനയെച്ചം**

കാലാദിവിശേഷങ്ങളൊന്നുമില്ലാത്ത ക്രിയയുടെ ശുദ്ധമായ രൂപമാണ് നടുവിനയെച്ചം. അ, ക, ഉക എന്ന പ്രത്യയങ്ങൾ ചേരുന്നു. ഇത് ഏതു കാലത്തെയും കുറിക്കുന്നു. പ്രധാനക്രിയയ്ക്ക് കാരണമായി വരുന്നു. ചെയ്യുക, ചെയ്യ, ചെയ്ക, പറക, പറയുക മുതലായവയാണ് നടുവിനയെച്ച രൂപങ്ങൾ.

ഉദാ: പരഹിംസ ചെയ്ക നിന്ദ്യമാണ്.
അസത്യം പറക ശരിയല്ല.

**പാക്ഷികവിനയെച്ചം**

ഒന്ന് ഒരു വിധം സംഭവിക്കുന്ന പക്ഷം മറ്റൊന്ന് കൂടി സംഭവിക്കുമെന്നു കാണിക്കുന്നു. ഇൽ, കിൽ, ഉകിൽ എന്ന പ്രത്യയങ്ങൾ ചേർച്ചപോലെ ചേർത്തു പാക്ഷികവിനയെച്ചമുണ്ടാക്കുന്നു. ആകിൽ, എങ്കിൽ മുതലായ ഘടകപദങ്ങളും ഈ അർഥത്തിൽ ഉപയോഗിക്കുന്നു. (പ്രധാന ക്രിയയ്ക്ക് കാരണമായി വരുന്നത്. ഒരു ക്രിയ സംഭവിക്കുന്ന പക്ഷം മറ്റൊരു ക്രിയ സംഭവിക്കാമെന്നു കാണിക്കുന്നു). ചെയ്യിൽ, ചെയ്കിൽ, ചെയ്യുകിൽ, എങ്കിൽ എന്നിവ പാക്ഷികവിനയെച്ച രൂപങ്ങളാണ്.

ഉദാ: കുറ്റം ചെയ്യുകിൽ ശിക്ഷ അനുഭവിക്കും
കണ്ടെങ്കിൽ പറയാം

"നമിക്കിലുയരാം നടുകിൽതിന്നാം

നൽകുകിൽ നേടീടാം" – എന്ന ഉള്ളൂരിന്റെ വരികളിൽ ഈ മൂന്നു പ്രത്യയങ്ങളും യോജിക്കുന്നു.

## Summarised Overview

ഒരു പ്രവൃത്തിയെക്കുറിക്കുന്ന പദമാണ് ക്രിയ. കൃതി, വിന എന്നീ പേരുകളിലും ഇത് അറിയപ്പെടുന്നു. കാൽഡ്വൽ, ഗുണ്ടർട്ട് മുതലായവർ ക്രിയയെക്കുറിച്ച് വിശകലനം നടത്തിയിരുന്നു. അതിന്റെ ചുവടുപറ്റി എ. ആർ. ഇവയെ വിപുലീകരിക്കുകയും ധർമ്മത്തിന്റെ അടിസ്ഥാനത്തിൽ വർഗീകരിക്കുകയും ചെയ്തു.

ക്രിയകൾക്ക് കർമ്മം ഉണ്ടെങ്കിൽ സകർമ്മകം എന്നും കർമ്മം ഇല്ലെങ്കിൽ അകർമ്മകം എന്നും അർഥത്തെ അടിസ്ഥാനപ്പെടുത്തി വിഭജിച്ചു. കർത്താവ് സ്വയം ചെയ്യുന്ന ക്രിയയെ കേവലമെന്നും മറ്റൊരാളുടെ പ്രേരണയാൽ ചെയ്യുന്നതിനെ പ്രയോജകം എന്നും വിളിക്കാം. രൂപത്തിന്റെ അടിസ്ഥാനത്തിൽ കാരിതം-അകാരിതം എന്നും തിരിച്ചിട്ടുണ്ട്. ക്രിയയുടെ പ്രാമാണ്യമനുസരിച്ച് പൂർണ്ണക്രിയയെ മുറ്റുവിന എന്നും അപൂർണ്ണക്രിയയെ പറ്റുവിന എന്നും വിശേഷിപ്പിക്കുന്നു.അപൂർണ്ണക്രിയയെ പേരെച്ചം, വിനയെച്ചം എന്നിങ്ങനെ രണ്ടായി തിരിക്കുന്നു. നാമത്തിന് കീഴടങ്ങുന്ന കൃതിയാണ് പേരെച്ചം. വിനയെച്ചം കൃതിക്ക് കീഴടങ്ങുന്നതാണ്. അപൂർണ്ണക്രിയയുടെ സ്ഥാനത്തിനനുസരിച്ച് വിനയെച്ചങ്ങളെ മുൻവിനയെച്ചം, പിൻവിനയെച്ചം, നടുവിനെയച്ചം, തൻവിനയെച്ചം, പാക്ഷിക വിനയെച്ചം എന്നിങ്ങനെ അഞ്ചായി തിരിച്ചിട്ടുണ്ട്.

## Assignments

1. എന്താണ് ക്രിയ? ക്രിയയെക്കുറിച്ച് പ്രമുഖ വൈയാകരണന്മാർ നടത്തിയ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.
2. ക്രിയകളെ സകർമ്മകം, അകർമ്മകം എന്നിങ്ങനെ തിരിക്കുന്നതിന്റെ അടിസ്ഥാനമെന്ത്? ഉദാഹരണസഹിതം വിശദമാക്കുക.
3. കാരിതത്തെക്കുറിച്ച് എ. ആർ., ഇ. വി. എൻ. നമ്പൂതിരി എന്നിവർ ഉന്നയിക്കുന്ന വാദങ്ങൾ വിശദമാക്കുക.
4. പ്രാമാണ്യം അനുസരിച്ച് ക്രിയകളെ വിഭജിക്കുന്നത് എങ്ങനെ? അവ ഏതെല്ലാമെന്ന് വിശദീകരിക്കുക.
5. വിനയെച്ചം എന്നാൽ എന്ത്? വിനയെച്ചത്തിന്റെ ഉപവിഭാഗങ്ങൾ ഏവ? ഉദാഹരണസഹിതം വിവരിക്കുക
6. മുറ്റുവിന, പറ്റുവിന – എന്ന ക്രിയാവിഭജനത്തിന്റെ അടിസ്ഥാനമെന്ത്? ചർച്ച ചെയ്യുക

## Reference


1. എ. ആർ. രാജരാജവർമ്മ, കേരളപാണിനീയം, എൻ. ബി. എസ്., കോട്ടയം.
2. സി. എൽ. ആന്റണി, കേരളപാണിനീയഭാഷ്യം, ഡി. സി. ബുക്സ്, കോട്ടയം.
3. പുതുശ്ശേരി രാമചന്ദ്രൻ (സമ്പാദനം), കേരളപാണിനീയവിമർശനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. കെ. ശ്രീകുമാരി, മലയാളത്തിലെ നാമവർഗം, താരതമ്യ പഠനസംഘം, ചങ്ങനാശ്ശേരി.


## Suggested Readings


1. സി. എൽ. ആന്റണി, ഭാഷാപഠനങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.
2. കുട്ടികൃഷ്ണമാരാർ, ഭാഷാപരിചയം, പി. കെ. ബ്രദേഴ്സ്, കോഴിക്കോട്.
3. ഹെർമൻ ഗുണ്ടർട്ട്, മലയാള ഭാഷാവ്യാകരണം, ഡി. സി. ബുക്സ്, കോട്ടയം.


### Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

Unit 2

# കാലപ്രകരണം

## Learning Outcomes

- ധാതുവിനെക്കുറിച്ച് ധാരണ നേടുന്നു
- വിവിധ ധാതുരൂപങ്ങളെക്കുറിച്ച് അറിവ് നേടുന്നു
- ധാതുവിനോട് ചേരുന്ന പ്രത്യയങ്ങളെക്കുറിച്ച് ധാരണ നേടുന്നു
- കാലം എന്ന രൂപഭേദത്തെ തിരിച്ചറിയുന്നു

## Background

ക്രിയയെ കുറിക്കുന്ന ശബ്ദം അല്ലെങ്കിൽ പ്രകൃതിയാണ് ധാതു എന്നറിയപ്പെടുന്നത്. പ്രത്യയങ്ങളെ എല്ലാം ഒഴിവാക്കിയതിനുശേഷവും പദത്തിൽ അവശേഷിക്കുന്നതാണ് ധാതു. ക്രിയയോട് ചേർന്നുനിൽക്കുന്ന ധാതുരൂപങ്ങളിൽ ഓരോ ഉപാധിയും വ്യത്യസ്ത സ്വഭാവമാണ് പുലർത്തുന്നത്. ക്രിയയോട് ചേർന്ന് നിൽക്കുന്ന ഓരോ ഉപാധിയെ കാണിക്കുമ്പോഴും ക്രിയാവാചിയായ ധാതുവിൽ രൂപമാറ്റമുണ്ടാകും. ധാതുക്കൾക്ക് വിവിധ പേരുകളാണ് വിവിധ വൈയാകരണന്മാർ നൽകുന്നത്. കാലം, പ്രകാരം, പ്രയോഗം എന്നിവ ധാതുവിനോട് ചേരുന്ന പ്രത്യയങ്ങളാണ്.

## Key themes

ധാതു - ഖിലധാതുക്കൾ - കാലപ്രകരണം - കാലപ്രത്യയങ്ങൾ - ശീലഭാവി

## Discussion

### 3.2.1 ധാതു: സങ്കല്പനവും വിഭജനവും

- മൂലപ്രകൃതിയാണ് ധാതു

പ്രത്യയങ്ങളെല്ലാം നീക്കിയതിനുശേഷം പദത്തിൽ അവശേഷിക്കുന്നതാണ് ധാതു. പ്രകൃതി, മൂലം എന്നൊക്കെ ഇത് അറിയപ്പെടുന്നു. കൃതികളുടെ പേരായ ശബ്ദരൂപമാണ് ധാതു എന്ന് പറയാം. 'കാണുന്നു', 'ചെയ്തു,' 'പറഞ്ഞു' എന്നീ ശബ്ദങ്ങളുടെ ധാതുരൂപങ്ങൾ കൺ, ചെയ്, പറ എന്നിവയാണ്. ക്രിയാവാചിയായ ശബ്ദമാണ് ധാതു. ക്രിയ എന്നാൽ പ്രവൃത്തി. ഏതു പ്രവൃത്തിക്കും ഒരു ഫലമുണ്ടായിരിക്കും. ആ നിലയ്ക്ക് ഫലാനുകൂലമായ വ്യാപാരം എന്നു ക്രിയയെ നിർവചിക്കാം. ക്രിയയോടു ചേർന്നു നിൽക്കുന്ന ഓരോ ഉപാധിയെ കാണിക്കാനും ക്രിയാവാചിയായ ധാതുവിൽ രൂപമാറ്റമുണ്ടാക്കുന്നു.

പ്രകൃതി, സ്വഭാവം, കാലം, പ്രകാരം, പ്രയോഗം, പുരുഷൻ, ലിംഗം, വചനം എന്നിവയാണ് ധാതുവിൽ രൂപഭേദം വരുത്തുന്ന ഉപാധി

കൾ. ഇവയിൽ അവസാനത്തേതു മൂന്നും (പുരുഷൻ, ലിംഗം, വചനം) ആധുനികമലയാളത്തെ സംബന്ധിച്ചിടത്തോളം അപ്രസക്തമാണ്. പുരുഷഭേദം കാട്ടുന്ന പ്രത്യയങ്ങൾ ആഖ്യാതങ്ങളോടു ചേർക്കുന്ന രീതി മറ്റു ദ്രാവിഡഭാഷകളിൽ നിലവിലുണ്ടെങ്കിലും മലയാളത്തിൽ ഇല്ല. (കേരളപാണിനി പുരുഷഭേദനിരാസം എന്ന് പേരിട്ട നയത്തിന്റെ കാര്യം ഇവിടെ ഓർക്കാവുന്നതാണ്).

▶ ധാതുവിൽ രൂപഭേദം വരുത്തുന്ന ഉപാധികൾ

'കാലം എന്ന ഉപാധി സ്വീകരിച്ചു രൂപാവലി തേടുന്ന പ്രകൃതിയാണ് ധാതു' വെന്ന് 'കൈരളീശബ്ദാനുശാസന'ത്തിൽ കെ. സുകുമാരപിള്ള പറയുന്നുണ്ട്. 'കേരളപാണിനീയ'ത്തിൽ നിന്ന് വ്യത്യസ്തമായി കെ. സുകുമാരപിള്ള ധാതുക്കളെ 'അവ്യുൽപ്പന്ന'മെന്നും 'വ്യുൽപ്പന്ന'മെന്നും രണ്ടായി വിഭജിക്കുന്നു. വ്യുൽപ്പത്തി പറയാൻ കഴിയുന്ന ധാതുക്കളെ 'വ്യുൽപ്പന്ന ധാതുക്കൾ' എന്നും വ്യുൽപ്പത്തി പറയാൻ പറ്റാത്ത ധാതുക്കളെ 'അവ്യുൽപ്പന്ന ധാതുക്കൾ' എന്നും പറയുന്നു. വ്യുൽപ്പന്ന ധാതുക്കൾ രണ്ടു വിധമുണ്ട്.

**കൈരളീശബ്ദാനുശാസനം**

▶ കൈരളീശബ്ദാനുശാസനം-ധാതുചർച്ച

(1) **നാമധാതുക്കൾ:** നാമത്തിൽ നിന്നുണ്ടാകുന്ന ക്രിയാധാതുക്കളാണ് നാമധാതുക്കൾ ഉദാ:- കല്ല് > കല്ലിക്കുന്നു

(2 ) **ധാതുജധാതുക്കൾ:** ധാതുക്കളിൽ നിന്നും ജനിക്കുന്ന ധാതുക്കളെ ധാതുജധാതുക്കൾ എന്നു പറയുന്നു.

ഉദാ:- എഴുന്ന് + ഏൽക്ക് = എഴുന്നേൽക്ക് > എണീക്ക്

ധാതുവിന്റെ മൂലരൂപത്തിനു കേവലം എന്നും വ്യുൽപ്പന്നരൂപത്തിന് പ്രയോജകമെന്നും വീണ്ടും അദ്ദേഹം വിഭജിക്കുന്നുണ്ട്. പ്രേരണാർഥം ഇല്ലാത്ത ധാതു കേവലം. പ്രേരണാർഥം കൂടി ഉൾക്കൊള്ളുന്ന ധാതുവിന് പ്രയോജകം എന്നും പറയും.

▶ പുതുശ്ശേരി രാമചന്ദ്രൻ-'കേരളപാണിനീയ വിമർശം'

'ധാതുക്കളോട് നിരർഥകങ്ങളായ ക, ക്ക, ങ്ക, ങ്ങു, ന്തു മുതലായ വികരണപ്രത്യയങ്ങൾ ചേർന്നു ക്രിയാപ്രകൃതി ഉണ്ടാകുന്നു. ധാതുവിനോടും പ്രകൃതിയോടും കാല-പുരുഷ -ലിംഗ - വചനങ്ങൾ (ആഖ്യാത പ്രത്യയങ്ങൾ) ചേർന്ന് പൂർണ്ണക്രിയാപദങ്ങൾ ഉണ്ടാകുന്നു' എന്ന് ഡോ. പുതുശ്ശേരി രാമചന്ദ്രൻ 'കേരളപാണിനീയ വിമർശ'ത്തിൽ (1996: 126)രേഖപ്പെടുത്തുന്നു.

▶ കേരളപാണിനിയുടെ ധാതുവിഭജനം

പ്രകൃതി എന്ന ഉപാധിയുടെ അടിസ്ഥാനത്തിൽ ധാതുക്കളെ കേവലം, പ്രയോജകം എന്ന് കേരളപാണിനി രണ്ടായി തിരിക്കുന്നു. സ്വയം നിർവഹിക്കപ്പെടുന്ന ക്രിയ കേവലവും പരപ്രേരണയാൽ നിർവഹിക്കപ്പെടുന്നത് പ്രയോജകവും ആണ്. 'കുഞ്ഞ് ഉറങ്ങുന്നു' എന്നതിലെ 'ഉറങ്ങുന്നു' എന്നത് കേവലക്രിയയും 'അമ്മ കുഞ്ഞിനെ ഉറക്കുന്നു' എന്നതിലെ 'ഉറക്കുന്നു' എന്നത് പ്രയോജകക്രിയയുമാണ്. 'ഉറങ്ങുക' എന്ന വ്യാപാരം നിർവഹിക്കുന്ന 'കുഞ്ഞ്' പ്രയോജ്യകർത്താവും ആ ക്രിയാനിർവഹണത്തിൽ അതിനെ പ്രേരിപ്പിക്കുന്ന 'അമ്മ' പ്രയോജകകർത്താവുമാണ്. ഇങ്ങനെ പ്രേരണ മുതലായ പ്രയോജകവ്യാപാരം എന്ന ഒരു അധികാംശത്തെ കൂടി സൂചിപ്പിക്കുന്ന പ്രയോജകപ്രകൃതിയിലും അല്ലാതുള്ളവ കേവലപ്രകൃതിയിലും എന്നു വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു.

ഉദാ:-

| കേവലം | പ്രയോജകം |
|---|---|
| കാണുന്നു | കാട്ടുന്നു, കാണിക്കുന്നു |
| നടക്കുന്നു | നടത്തുന്നു |
| പാടുന്നു | പാടിക്കുന്നു |
| എഴുതുന്നു | എഴുതിക്കുന്നു |

കേവലപ്രകൃതിയിലുള്ള ധാതുക്കൾ പ്രയോജകപ്രകൃതിയിലേക്കു മാറുമ്പോൾ മിക്കപ്പോഴും 'ക്ക്' എന്നൊരംശം അധികമായി ചേരുന്നത് കാണാനാകും. കേവലധാതുക്കളിൽത്തന്നെ ഈ അംശം ചേർന്ന ധാതുക്കളുണ്ട്. സ്വഭാവം എന്ന ഉപാധിയെ ആശ്രയിച്ചുകൊണ്ട് അവയ്ക്ക് 'കാരിതധാതുക്കൾ' എന്ന് സംജ്ഞ ചെയ്തിരിക്കുന്നു. നടക്കുന്നു, ഉടുക്കുന്നു തുടങ്ങിയവ ഈ വിഭാഗത്തിൽപ്പെടുന്നവയാണ്. 'ക്ക്' എന്ന അംശം ചേർന്നിട്ടില്ലാത്ത കേവലധാതുക്കൾ 'അകാരിതം' എന്ന വിഭാഗത്തിൽപ്പെടുന്നു.

▶ കാരിതം, അകാരിതം

ഉദാ:-

| കാരിതം | അകാരിതം |
|---|---|
| കൊടുക്കുന്നു | കൊടുപ്പിക്കുന്നു |
| കടക്കുന്നു | കടത്തുന്നു |
| നടക്കുന്നു | നടത്തുന്നു |

പ്രയോജകരൂപം നിഷ്പാദിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ 'കേരളപാണിനീയ'ത്തിലെ 120 മുതൽ 126 വരെയുള്ള കാരികകളിൽ നിർദ്ദേശിച്ചിട്ടുണ്ട്.

### 3.2.2 ധാതുവിനോട് ചേരുന്ന പ്രത്യയങ്ങൾ: കാലം-പ്രകാരം- പ്രയോഗം

ധാതുവിനോട് ചേരുന്ന പ്രത്യയങ്ങളാണ് കാലം, പ്രകാരം, പ്രയോഗം എന്നിവ. ധാതുവിന് രൂപഭേദം വരുത്താനുള്ള ഉപാധിയായാണ് കേരളപാണിനി ഇവയെ വീക്ഷിക്കുന്നത്.

▶ ക്രിയ നടക്കുന്ന സമയം - കാലം

കാലം എന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത് ഒരു ക്രിയ നടക്കുന്ന സമയത്തെയാണ്. ഭൂതകാലം, വർത്തമാനം, ഭാവികാലം എന്നിങ്ങനെ മൂന്നു കാലങ്ങളാണുള്ളത്. 'ഇ', 'ഉന്നു', 'ഉം' എന്നിവയാണ് ഈ മൂന്നു കാലത്തിന്റെയും പ്രത്യയങ്ങൾ.

ഉദാ:-

| ധാതു | ഭൂതം | വർത്തമാനം | ഭാവി |
|---|---|---|---|
| ഇളക്- ചലിക്കുക | ഇളകി | ഇളകുന്നു | ഇളകും |
| വിലസ് - ശോഭിക്കുക | വിലസി | വിലസുന്നു | വിലസും |

ക്രിയകളുടെ നിയതമായ അർഥത്തിനു പുറമെ നിയോഗം, വിധി മുതലായ സവിശേഷാർഥങ്ങൾ കൂട്ടിച്ചേർത്ത് പ്രയോഗിക്കപ്പെടാറുണ്ട്. ഏതു മട്ടിൽ ഒരു ധാതു അതിന്റെ അർഥത്തെ ദ്യോതിപ്പിക്കുന്നുവോ അതിനെയാണ് പ്രകാരം എന്നതുകൊണ്ടർഥമാക്കുന്നത്. ഉദാ:-

‘നീ ഇവിടെ വാ’, ‘അവൻ അങ്ങോട്ടു പോകട്ടെ’, ‘എല്ലാവരും സത്യം പറയണം’ എന്നീ വാക്യങ്ങളിലെ ‘വാ’, ‘പോകട്ടെ’, ‘പറയണം’ എന്നീ രൂപങ്ങൾക്ക് അവയുടെ ക്രിയകൾക്കു പുറമെ ഒരു സവിശേഷാർഥം കൂടി അനുഭവപ്പെടുന്നുണ്ട്. വിധി, നിയോഗം, ശാസന എന്നിവയാണ് ആ സവിശേഷാർഥമായി അനുഭവപ്പെടുന്നത്. ഇവയെയാണ് പ്രകാരം എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്. പ്രകാരങ്ങളെ കേരളപാണിനി നാലായി വിഭജിച്ചിരിക്കുന്നു. നിയോജകം, വിധായകം, അനുജ്ഞായകം, നിർദ്ദേശകം എന്നിവയാണ് പ്രകാരവിഭാഗങ്ങൾ.

▶ പ്രയോഗം: ക്രിയകളുടെ സവിശേഷാർഥം

ഏതു ക്രിയയുടെ ആകാംക്ഷാപൂർത്തിക്ക് ആവശ്യമുള്ള കാരകങ്ങളിൽ ഏതിനു പ്രാധാന്യം കല്പിക്കുന്നുവോ ആ ക്രിയയ്ക്ക് പ്രയോഗം എന്നു പറയുന്നു. ഏതു കാരകത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രയോഗം ആകാമെങ്കിലും കർത്തൃ - കർമ്മ - കാരകങ്ങൾക്ക് പ്രാധാന്യം നൽകപ്പെടുന്ന കർത്തരിപ്രയോഗവും കർമ്മണിപ്രയോഗവും മാത്രമാണ് സാധാരണഗതിയിൽ പരിഗണിക്കപ്പെടാറുള്ളത്. ഭാഷയിൽ കർത്തരിപ്രയോഗം മാത്രമേയുള്ളൂ എന്നാണ് കേരളപാണിനി സമർഥിക്കുന്നത്.

## ഖിലധാതുക്കൾ

ഇതുവരെ പറഞ്ഞ ക്രിയകൾക്കെല്ലാം വ്യത്യസ്തകാലത്തിലും പ്രകാരത്തിലും വിനയെച്ചങ്ങളിലും മറ്റും പ്രയോഗങ്ങൾ ഉള്ളതായി കണ്ടു. എന്നാൽ ചില ധാതുക്കൾക്ക് ഇത്തരത്തിൽ എല്ലാ രൂപങ്ങളിലും പ്രയോഗങ്ങൾ ഉണ്ടാകില്ല. അത്തരം ധാതുക്കളെയാണ് ‘ഖിലധാതുക്കൾ’ എന്നു പറയുന്നത്. ഉദാ:- കൺ- കണ്ടു, കാണും, കാണുന്നു, കാണാം, കാണണം, കാണട്ടെ, കാണെ, കണ്ട്, കണ്ട. എന്നാൽ ‘ഉള്’, ‘എന്’ തുടങ്ങിയ ചില ധാതുക്കൾക്ക് ഇത്രയും വിപുലമായ രൂപാവലികൾ കാണുന്നില്ല (ഉള്- ഉള്ള, ഉണ്ട്, ഉള്ളൂ. എന് - എന്ന, എന്ന്, എന്നാൽ). അവയെയാണ് ഖിലധാതുക്കൾ എന്നു പറയുന്നത്. ഉദാ:- ഉള്, എന്, വേണ്, വല്, തക്, മിക് എന്നിവ ഖിലധാതുക്കളാണ്. ഖിലധാതുക്കൾക്ക് ‘ഊനക്രിയകൾ’ എന്നാണ് ഗുണ്ടർട്ട് പേരു നൽകിയിരിക്കുന്നത്.

▶ എല്ലാ കാലങ്ങളിലും എല്ലാ പ്രകാരങ്ങളിലും പ്രയോഗമില്ലാത്ത ധാതു

## കാലപ്രകരണം

ക്രിയ നടന്ന സമയത്തെ കുറിക്കുന്നതിന് കൃതിയിൽ ചെയ്യുന്ന രൂപഭേദത്തെ കാലം എന്നു പറയുന്നു. കാലത്തെ പ്രധാനമായും മൂന്നായി തരംതിരിച്ചിരിക്കുന്നു. ഭൂതകാലം, വർത്തമാനകാലം, ഭാവികാലം എന്നിവയാണവ. യഥാക്രമം തു - ഇ, ഉന്നു, ഉം എന്നതാണ് പ്രത്യയങ്ങൾ.

▶ കാലപ്രത്യയങ്ങൾ തു - ഇ, ഉന്നു, ഉം

### 1. ഭൂതകാലം

ക്രിയ നടന്നുവെന്ന് കാണിക്കുന്നത് ഭൂതകാലം. ഉദാ:- വന്നു, ചെയ്തു, പോയി, മരിച്ചു. ഭൂതകാലപ്രത്യയങ്ങൾക്ക് ചില നിയമങ്ങൾ കല്പിക്കാറുണ്ട്. അവ താഴെ ചേർക്കുന്നു.

a ) ഭൂതകാലത്തെ കുറിക്കുന്നതിന് സ്വരങ്ങൾ, ചില്ലന്തങ്ങൾ, ‘യ’കാരാന്തങ്ങൾ എന്നിവയിൽ ‘തു’ പ്രത്യയവും ‘റ’കാരാന്ത വ്യഞ്ജനങ്ങൾ

ക്ക് 'ഇ' പ്രത്യയവും ചേർക്കുന്നു.

ഉദാ:-

| | | | | |
|---|---|---|---|---|
| തൊഴു | - | തൊഴുതു | - | സ്വരാന്തം |
| ചെയ | - | ചെയ്തു | - | 'യ'കാരാന്തം |
| ഇളക് | - | ഇളകി | - | വ്യഞ്ജനാന്തം |
| വേൾ | - | വേട്ടു | - | ചില്ലന്തം |
| കയറ് | - | കയറി | - | 'റ' കാരാന്തം |

ചില്ലന്തത്തിൽ മിൻ - മിന്നി, കൂൻ - കൂനി എന്നിങ്ങനെ 'ഇ' പ്രത്യയവും കാണാനാകും.

▶ ഭൂതകാല പ്രത്യയം-നിയമങ്ങൾ

b) 'ക', 'റ', 'ട' ഇവയിൽ അവസാനിക്കുന്ന ഏകമാത്രക ധാതുവിനും 'തു'എന്നാണ് ഭൂതകാലപ്രത്യയം. ആ 'തു' പ്രത്യയം 'ത'കാര, 'ക' കാര 'റ'കാര, 'ട' കാരങ്ങളിൽ ലയിച്ചിട്ട് അവ ഇരട്ടിച്ചതിന്റെ ഫലം ചെയ്യും.

ഉദാ:- പുക് + തു = പുക്കു
പെറ് + തു = പെറ്റു
ചുട് + തു = ചുട്ടു

c) മൂള്, അരുള് എന്നീ ധാതുക്കൾ ചില്ലന്തമാണെങ്കിലും 'ഇ' പ്രത്യയം ചേർന്നാണ് ഭൂതകാലമുണ്ടാകുന്നത്. 'ആ', 'പോ' എന്നിവ സ്വരാന്തമാണെങ്കിലും 'ആയി', 'പോയി' എന്നാണ് ഭൂതകാലരൂപം.

## 2. വർത്തമാനകാലം

▶ വർത്തമാനകാല പ്രത്യയം-ഉന്നു

ക്രിയ നടക്കുന്നു എന്നു കാണിക്കുന്ന കാലം വർത്തമാനകാലം. ധാതുവിൽ 'ഉന്നു' എന്ന പ്രത്യയം ചേർത്താൽ വർത്തമാനകാല രൂപം കിട്ടും.

ഉദാ:- കുറ + ഉന്നു = കുറയുന്നു
കറങ്ങ് + ഉന്നു = കറങ്ങുന്നു
ചേര് + ഉന്നു = ചേരുന്നു

## 3. ഭാവികാലം

▶ ഭാവികാല പ്രത്യയങ്ങൾ 'ഉം', 'ഊ'

ക്രിയ നടക്കാനുള്ളതാണെന്നു കാണിക്കുന്ന കാലത്തെ ഭാവികാലം എന്നു പറയുന്നു. 'ഉം', 'ഊ' എന്നിവയാണ് ഇതിന്റെ പ്രത്യയങ്ങൾ.

ഉദാ:- പറ - പറയും - പറയൂ

കേൾ - കേൾക്കും - കേൾക്കൂ

'അതേയുള്ളൂ' എന്ന അർഥത്തിൽ (അവധാരണാർഥം) 'ഏ' നിപാതം പ്രയോഗിക്കുമ്പോഴും ഭാവികാല സൂചനക്ക് 'ഊ' എന്ന പ്രത്യയം ചേർക്കുന്നു.

▶ പതിവായി നടക്കുന്ന ക്രിയകളെ കുറിക്കുവാൻ ഉപയോഗിക്കുന്ന ഭാവികാലം - ശീലഭാവി

ഉദാ:- സർപ്പം വളഞ്ഞേ നടക്കൂ.

ഭാവിയുടെ അർഥവിവക്ഷ കൂടാതെ പതിവായി നടക്കുന്ന ക്രിയകളെക്കുറിക്കാനുപയോഗിക്കുന്ന ഭാവികാലത്തിനെ 'ശീലഭാവി' എന്നു വിളിക്കുന്നു.

ഉദാ: പാപം ചെയ്യുന്നവർ ദുഃഖിക്കും.
ഇടവപ്പാതിക്ക് മഴ തുടങ്ങും.

## Summarised Overview

പ്രത്യയങ്ങൾക്കു ശേഷവും പദത്തിൽ അവശേഷിക്കുന്നവയാണ് ധാതു. പ്രകൃതി, മൂലം എന്നും ഇത് അറിയപ്പെടാറുണ്ട്. കൃതികളുടെ ശബ്ദരൂപമാണിത്. ധാതുവിൽ രൂപഭേദം വരുത്തുന്ന ഉപാധികളായി കേരളപാണിനി ചൂണ്ടിക്കാട്ടുന്ന എട്ട് ഉപാധികളിൽ പുരുഷൻ, ലിംഗം, വചനം എന്നിവ ആധുനിക മലയാളത്തിൽ അപ്രസക്തമാണ് എന്ന വാദം പിൽക്കാല വൈയാകരണന്മാർ ഉയർത്തിയിട്ടുണ്ട്.

ധാതുക്കളെ അവ്യുൽപ്പന്നമെന്നും വ്യുൽപ്പന്നമെന്നും കെ. സുകുമാരപിള്ള തരംതിരിച്ചിട്ടുണ്ട്. പ്രകൃതി എന്ന ഉപാധിയുടെ അടിസ്ഥാനത്തിൽ ധാതുക്കളെ കേവലം, പ്രയോജകം എന്നിങ്ങനെ രണ്ടായി കേരളപാണിനി തിരിക്കുന്നു. കേവലധാതുക്കളെ സ്വഭാവത്തിനനുസരിച്ച് കാരിതം, അകാരിതം എന്നിങ്ങനെയും തിരിക്കുന്നുണ്ട്. കാലം, പ്രകാരം, പ്രയോഗം എന്നിവ ധാതുവിനോട് ചേരുന്ന പ്രത്യയങ്ങളാണ്. ക്രിയ നടക്കുന്ന സമയമാണ് കാലം. ഒരു ധാതു അതിന്റെ അർഥത്തെ ഏതു മട്ടിൽ ദ്യോതിപ്പിക്കുന്നുവോ അതിനെയാണ് പ്രകാരം എന്നതുകൊണ്ട് അർഥമാക്കുന്നത്. ക്രിയയുടെ ആകാംക്ഷാപൂർത്തിക്ക് ആവശ്യമുള്ള കാരകങ്ങളിൽ ഏതിനു പ്രാധാന്യം കല്പിക്കുന്നുവോ ആ ക്രിയക്ക് പ്രയോഗം എന്നു പറയുന്നു. ചില ധാതുക്കൾക്ക് എല്ലാ രൂപങ്ങളിലും പ്രയോഗങ്ങൾ ഉണ്ടാകില്ല. അത്തരം ധാതുക്കളെ 'ഖിലധാതുക്കൾ' എന്നു വിളിക്കുന്നു.

## Assignments

1. ധാതുവിൽ രൂപഭേദം വരുത്തുന്ന ഉപാധികളേവ? അവയുടെ സാധുതയെ ആധുനിക മലയാളത്തിന്റെ പശ്ചാത്തലത്തിൽ പരിശോധിക്കുക.
2. വിവിധ ധാതുരൂപങ്ങളേവ? വിശദമാക്കുക.
3. ധാതുവിന് രൂപഭേദം വരുത്താനുള്ള ഉപാധികളെ പരിചയപ്പെടുത്തുക.
4. ഖിലധാതുക്കൾ എന്നറിയപ്പെടുന്നതേവ? ഉദാഹരണസഹിതം വിശദമാക്കുക.
5. കാലത്തിന്റെ  വിവിധ രൂപങ്ങൾ ഏതെല്ലാം? സോദാഹരണം വിവരിക്കുക

## References


1. എ. ആർ. രാജരാജവർമ്മ, കേരളപാണിനീയം,  എൻ. ബി. എസ്., കോട്ടയം.
2. സി. എൽ. ആന്റണി,  കേരളപാണിനീയഭാഷ്യം, ഡി. സി. ബുക്സ്, കോട്ടയം.
3. പുതുശ്ശേരി രാമചന്ദ്രൻ (സമ്പാദനം), കേരളപാണിനീയവിമർശനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. എൻ. ആർ. ഗോപിനാഥപിള്ള, ഭാഷാനിരീക്ഷണം, എസ്. പി. സി. എസ്., കോട്ടയം.

## Suggested Reading


1. എൻ. ആർ. ഗോപിനാഥപിള്ള, പാഠഭേദം, എസ്. പി. സി. എസ്., കോട്ടയം.
2. പി. കെ. നാരായണപിള്ള, വ്യാകരണപ്രവേശിക, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. എം. ശേഷഗിരിപ്രഭു., വ്യാകരണമിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

Unit 3

# കാലപ്രത്യയം, അനുപ്രയോഗം

## Learning Outcomes

- കാലപ്രത്യയങ്ങളെക്കുറിച്ച് ധാരണ നേടുന്നു
- അനുപ്രയോഗത്തെക്കുറിച്ച് അറിവ് നേടുന്നു
- വിവിധ അനുപ്രയോഗങ്ങളെ ഉദാഹരണസഹിതം ഗ്രഹിക്കുന്നു

## Background

ക്രിയ നടക്കുന്ന സമയത്തെ കാണിക്കുന്നതാണ് കാലം. ക്രിയ നടന്ന കാലത്തെ സൂചിപ്പിക്കുവാൻ ധാതുവിൽ ചെയ്യുന്ന വികാരമാണ് ഈ ഉപാധിയുടെ പരിധിയിൽ വരുന്നത്. സംഭവിച്ചു കഴിഞ്ഞത് 'ഭൂതം' എന്നും ഇപ്പോൾ സംഭവിക്കുന്നത് 'വർത്തമാനം' എന്നും ഇനിമേൽ സംഭവിക്കാനുള്ളത് 'ഭാവി' എന്നും കാലത്തെ മൂന്നായി തിരിക്കാം. ഭൂതകാലത്തിന് 'ഇ' എന്നും വർത്തമാനകാലത്തിന് 'ഉന്നു' എന്നും ഭാവികാലത്തിന് 'ഉം' എന്നുമാണ് പ്രത്യയങ്ങൾ. കാലപ്രത്യയങ്ങളുടെ സവിശേഷതകളെയും അവയുടെ നിയമങ്ങളെയും കേരളപാണിനി സവിസ്തരം വിവരിക്കുന്നുണ്ട്. ഇതിൽ വർത്തമാനകാല പ്രത്യയത്തിന്റെ ഉല്പത്തിയെക്കുറിച്ച് വിവിധവാദങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. യൂറോപ്യൻ വൈയാകരണന്മാരും കേരളപാണിനിയും വർത്തമാനകാലാഖ്യാതത്തെക്കുറിച്ച് ആവിഷ്കരിച്ചിട്ടുള്ള സിദ്ധാന്തങ്ങൾ ആധുനിക വൈയാകരണന്മാർ തിരസ്ക്കരിച്ചിട്ടുണ്ട്.

## Key themes

കാലപ്രത്യയം - പ്രത്യയ ഉല്പത്തി - അനുപ്രയോഗം - അനുപ്രയോഗ വിഭാഗങ്ങൾ

## Discussion

### കാലപ്രത്യയങ്ങൾ

ക്രിയ നടന്ന കാലത്തെ സൂചിപ്പിക്കുവാൻ ധാതുവിൽ ചെയ്യുന്ന വികാരമാണ് കാലം എന്ന ഉപാധിയുടെ പരിധിയിൽ വരുന്നത്. സംഭവിച്ചു കഴിഞ്ഞത്, ഇപ്പോൾ സംഭവിക്കുന്നത്, ഇനിമേൽ സംഭവിക്കാനുള്ളത് എന്നിങ്ങനെയുള്ള അടിസ്ഥാനത്തിൽ ഭൂതം, വർത്തമാനം, ഭാവി എന്നു മൂന്നു കാലം. കണ്ടു, കാണുന്നു, കാണും എന്നീ മൂന്നുരൂപങ്ങൾ, 'കാൺ' ധാതുവിന്റെ മൂന്നു കാലങ്ങളെ കുറിക്കുന്നവയാണ്. ഉദാഹരണങ്ങൾ:

▶ ഭൂതം, വർത്തമാനം, ഭാവി എന്നു മൂന്നു കാലങ്ങൾ

| ഭൂതം | വർത്തമാനം | ഭാവി |
| --- | --- | --- |
| പറഞ്ഞു | പറയുന്നു | പറയും |
| എഴുതി | എഴുതുന്നു | എഴുതും |
| കൊടുത്തു | കൊടുക്കുന്നു | കൊടുക്കും |
| കേട്ടു | കേൾക്കുന്നു | കേൾക്കും |
| മുഴുകി | മുഴുകുന്നു | മുഴുകും |

ഭൂതം, ഭാവി, വർത്തമാനം എന്നീ ക്രമത്തിൽ ഇ, ഉം, ഉന്നു എന്നിവയാണ് കാലപ്രത്യയങ്ങൾ. മേൽക്കൊടുത്ത ഉദാഹരണങ്ങളിൽ വർത്തമാനകാലരൂപങ്ങളെല്ലാം 'ഉന്നു' വിലും ഭാവികാലരൂപങ്ങളെല്ലാം 'ഉം' എന്നതിലും അവസാനിക്കുന്നത് ശ്രദ്ധിക്കുക. മലയാളത്തിൽ ഈ രണ്ടു കാലങ്ങളുടേയും കാര്യത്തിൽ പ്രത്യയങ്ങൾക്കു മാറ്റമില്ല. താരതമ്യേന ലളിതമാണ് ഇവിടെ രൂപനിഷ്പത്തി. പക്ഷേ, ഭൂതകാലത്തിന്റെ കാര്യത്തിൽ സ്ഥിതി വ്യത്യസ്തമാണ്. മുകളിൽ കൊടുത്ത ഉദാഹരണങ്ങൾ ശ്രദ്ധിച്ചാൽ ഇക്കാര്യം ബോധ്യമാകും. എഴുതി, മുഴുകി എന്നീ ഭൂതകാലരൂപങ്ങളിൽ കാണുന്ന 'ഇ' എന്ന പ്രത്യയമല്ല മറ്റു രൂപങ്ങളിൽ കാണുന്നത്. 'ഇ' എന്നതിനു പുറമേ 'തു'എന്ന മറ്റൊരു പ്രത്യയവും കൂടി ഭൂതകാലമുണ്ടാക്കാൻ മലയാളത്തിലുണ്ട്.

▶ ഭൂതകാലമുണ്ടാക്കാൻ 'ഇ' എന്നതിനു പുറമേ 'തു' പ്രത്യയവും കൂടി ഉപയോഗിക്കുന്നു

കേരളപാണിനി കാരിക 97-ൽ 'തു' പ്രത്യയത്തെ നിർദ്ദേശിക്കുന്നു. സ്വരാന്തങ്ങളോ ചില്ലന്തങ്ങളോ ആയ ധാതുക്കളിൽ 'തു' എന്നതാണ് ഭൂതകാലപ്രത്യയം. പക്ഷേ, 'തു' എന്ന പ്രത്യയം പല ധാതുക്കളിലും പല രൂപത്തിലാണ് കാണപ്പെടുന്നത്.

▶ 'തു' പ്രത്യയത്തിന്റെ നിയമങ്ങൾ

ഇവയുടെ വിതരണത്തോടു ബന്ധപ്പെട്ട നിയമങ്ങളാണ് പിന്നീട് കേരളപാണിനി വിവരിക്കുന്നത്.

1. കാരിതധാതുക്കളിൽ 'തു' എന്ന പ്രത്യയം വ്യഞ്ജനദ്വിത്വത്തോടെ 'ത്തു' എന്ന രൂപത്തിലാണ് കാണപ്പെടുക.

ഉദാ: അടുക്കുന്നു - അടുത്തു
മടുക്കുന്നു - മടുത്തു
എടുക്കുന്നു - എടുത്തു

2. a) 'അ'കാരിതങ്ങളിൽ 'തു' എന്ന പ്രത്യയം സ്വവർഗാനുനാസികമായ 'ന'കാരം ചേർന്ന് 'ന്തു' എന്നാവുകയും അനുനാസികാതിപ്രസരം എന്ന നയം പ്രവർത്തിച്ച് 'ന്നു' എന്ന് രൂപം മാറുകയും ചെയ്യും.

ഉദാ: വരുന്നു - വരുന്തു - വന്നു
ചേരുന്നു - ചേർന്തു - ചേർന്നു

b) ഓഷ്ഠ്യമായ 'അ' കാരത്തിലവസാനിക്കുന്ന കാരിതധാതുക്കളിലും ഇതേ മട്ടിൽത്തന്നെ പ്രത്യയരൂപം.

ഉദാ: നടക്കുന്നു - നടന്നു
പറക്കുന്നു - പറന്നു
കടക്കുന്നു - കടന്നു

ഇവിടെ നട, പറ, കട എന്നീ ധാതുക്കളുടെ അവസാനത്തിലേക്കുള്ള അകാരം ഓഷ്ഠ്യമാണ്. അലക്കുന്നു, അലയ്ക്കുന്നു എന്നീ ധാതുക്കൾ പരിശോധിക്കുക. ആദ്യത്തേതിൽ ധാത്വന്തമായ 'അ'കാരം ഓഷ്ഠ്യവും രണ്ടാമത്തേതിൽ താലവ്യവുമാണ്. അതുകൊണ്ടു തന്നെ ഭൂതകാല രൂപങ്ങളിലും വ്യത്യാസമുണ്ട്(അലക്കി, അലച്ചു).

▶ 'തു'പ്രത്യയത്തിന്റെ വിതരണത്തോടു ബന്ധപ്പെട്ട നിയമങ്ങൾ

3. 'ത്തു', 'ന്തു' പ്രത്യയങ്ങൾ താലവ്യസ്വരാന്തങ്ങളായ ധാതുക്കളിൽ താലവ്യാദേശം സംഭവിച്ച് 'ച്ചു', 'ഞ്ചു' എന്നിങ്ങനെയും 'ഞ്ചു' അനുനാസികാതിപ്രസരം വന്ന് 'ഞ്ഞു'എന്നിങ്ങനെയും മാറും. (കേരളപാണിനീയം പീഠികയിൽ നിർദ്ദേശിച്ചിട്ടുള്ള തവർഗ്ഗോപമർദ്ദം അഥവാ താലവ്യാദേശം, അനുനാസികാതിപ്രസരം എന്നീ നയങ്ങൾ ഓർമ്മിക്കുക.)

ഉദാ: പിടിത്തു - പിടിച്ചു
കടിത്തു - കടിച്ചു
മുറിന്തു - മുറിഞ്ഞു
പിഴിന്തു - പിഴിഞ്ഞു

4. 'ഉ'കാരാന്തങ്ങളായ അകാരിതധാതുക്കളിൽ 'തു' എന്ന പ്രത്യയം മാറ്റമൊന്നുമില്ലാതെ പ്രത്യക്ഷപ്പെടും.

ഉദാ : തൊഴു + തു = തൊഴുതു
ഉഴു + തു = ഉഴുതു
പിഴു + തു = പിഴുതു

'ഉ'കാരാന്തങ്ങളിൽ മാത്രമല്ല 'തു' എന്ന പ്രത്യയം അതേ നിലയിൽ കാണപ്പെടുന്നത്. നെയ്തു, കൊയ്തു, പെയ്തു തുടങ്ങിയ രൂപങ്ങൾ ശ്രദ്ധിച്ചാൽ ഇക്കാര്യം ബോധ്യമാവും.

▶ ഏകമാത്ര ധാതുക്കളിൽ 'തു' പ്രത്യയം ചേരുമ്പോൾ പൂർണ്ണ സവർണ്ണനം സംഭവിക്കും.

▶ 'തു 'പ്രത്യയത്തിന് വേറൊരു വിശേഷം കൂടിയുണ്ട്. ക്, റ്, ട് എന്നീ വർണ്ണങ്ങളിലവസാനിക്കുന്ന ഏകമാത്ര ധാതുക്കളിൽ 'തു' പ്രത്യയം ചേരുമ്പോൾ പൂർണ്ണ സവർണ്ണനം സംഭവിക്കും. അതായത് ഈ വ്യഞ്ജനങ്ങളായിത്തന്നെ 'തു'വിലെ 'ത'കാരം മാറും എന്നർഥം.

ഉദാ: പുക് + തു = പുക്കു
പെറ് + തു = പെറ്റു
വിട് + തു = വിട്ടു

ധാതു ഏകമാത്രകം അല്ല എങ്കിൽ പ്രത്യയം 'ഇ' തന്നെയാണ്.

ഉദാ: ഇളക് + ഇ = ഇളകി
ഓട് + ഇ = ഓടി

▶ തേറ്, മാറി എന്നിടങ്ങളിൽ 'റ'കാരം ചില്ലാവുന്നതിനാൽ 'ഇ' എന്ന പ്രത്യയം അല്ലേ വേണ്ടത് എന്നൊരു ചോദ്യമുണ്ടാകാം. അതിനു കേരളപാണിനി ഇങ്ങനെ സമാധാനം

പറയുന്നു. കാലത്തെ സംബന്ധിച്ചിടത്തോളം 'റ'കാരം ചില്ലല്ല. അതിനാൽ പ്രത്യയം 'ഇ' തന്നെ. കാലത്തെ സംബന്ധിച്ചിടത്തോളം 'യ'കാരം ചില്ലാണ് എന്നും കരുതണം. ('യ'കാരാന്തധാതുക്കൾക്ക് പ്രത്യയം 'തു' എന്നർഥം). ഇത്, ഏതുപോലെ എന്നുപറയാം. 'ര'കാരവും 'ള'കാരവും ചിലപ്പോൾ ചില്ലാവുകയും ചിലപ്പോൾ ചില്ലല്ലാതാവുകയും ചെയ്യുന്നതു പോലെ.

▶ 'യ'കാരാന്തധാതുക്കൾക്ക് പ്രത്യയം 'തു'

ഉദാ: മാറ് - മാറി ('റ' ചില്ലല്ല അതിനാൽ 'ഇ').
ചെയ് - ചെയ്തു ('യ' ചില്ലാണ് അതിനാൽ 'തു').

ചേര് + തു = ചേർന്നു (ര ചിലപ്പോൾ ചില്ല് )
വാര് + ഇ = വാരി (ചിലപ്പോൾ ചില്ലല്ല)
ഉരുള് + തു = ഉരുണ്ടു ('ള' ചിലപ്പോൾ ചില്ല്)
മൂള് + ഇ = മൂളി (ചിലപ്പോൾ ചില്ലല്ല)

▶ 'ര'കാര 'ള'കാരാന്തങ്ങളിലെ അവ്യവസ്ഥ

'ര'കാര 'ള'കാരാന്തങ്ങളിലാണ് ഈ അവ്യവസ്ഥ. (അതായത് 'തു', 'ഇ' ഇവ മാറിമാറി പ്രയോഗിക്കുക എന്നത്) അതുകൊണ്ട് ഒരു ധാതുവിന് രണ്ട് രൂപം വരുന്നു.

ചൊല് -> ചൊന്നു, ചൊല്ലി.

▶ ആയി, പോയി, ചത്തു എന്നൊക്കെ വ്യത്യസ്തമായ ഭൂതകാലരൂപങ്ങളും ഭാഷയിലുണ്ട്.

▶ ക്രിയയുടെ അംഗപ്രക്രിയ

വിഭക്തിക്ക് എന്നപോലെ ക്രിയക്കും അംഗപ്രക്രിയ ഉണ്ട്. കാരിത ധാതുക്കളോട് ഏത് പ്രത്യയം ചേർന്നാലും ധാതു സ്വരാദിയിൽ ആയാൽ 'ക്ക്' എന്ന ഇടനില ചേർത്ത് പരിഷ്കരിക്കണം.

ഉദാ: ഇരി + ഉന്നു = ഇരിക്കുന്നു
ഇരി + ഉം = ഇരിക്കും
ഇരി + ആൻ = ഇരിക്കാൻ
ഇരി + അ = ഇരിക്ക

ആഖ്യാതത്തിനും വിധിരൂപവും നിഷേധരൂപവും വേറെ വേറെയുണ്ട്. നിഷേധരൂപങ്ങളിൽ 'ക്ക ' പ്രത്യയം കാണുകയോ കാണാതിരിക്കുകയോ ചെയ്യാം.

ഉദാ: കേള് + അതെ = കേളാതെ, കേൾക്കാതെ
നട + ആതെ = നടവാതെ, നടക്കാതെ

▶ ഭാവികാലത്തിന് 'ഉ' എന്ന് മാത്രമായിട്ടും രൂപമുണ്ട്.

'ഉ', 'ആൻ' എന്ന പിൻവിനയെച്ച പ്രത്യയം, 'ഇൻ' എന്ന മധ്യമബഹുവചന പ്രത്യയം ഇവ ധാതുക്കളോട് ചേരുമ്പോൾ 'ക്ക' എന്ന ഇടനിലക്കു പകരം 'പ്പ്' എന്ന ഇടനില ആവാം. ഉദാ: നട - നടപ്പൂ, നടക്കൂ, നടപ്പാൻ, നടക്കാൻ, നടപ്പിൻ, നടക്കിൻ.

▶ ഭാവികാലത്തിന് 'ഉ' എന്ന് മാത്രമായിട്ടും രൂപമുണ്ട്

▶ ക്രിയ അകാരിതമാണ് എങ്കിൽ 'ക്ക' യുടെയും 'പ്പ'യുടെയും സ്ഥാനത്ത്, 'വ'കാരവും ആകാം. ഉദാ: പറ-പറവു, പറയു, പറയാൻ, പറവാൻ, പറയിൻ, പറവിൻ.

- ധാതു അനുനാസികത്തിൽ അവസാനിക്കുന്നുവെങ്കിൽ 'ഉ' എന്നത് 'മു' എന്നും 'ആൻ' എന്നത് 'മ്മാൻ' എന്നും 'ഇൻ' എന്നുള്ളത് 'മ്മിൻ' എന്നും ആവാം ( മു, മാൻ, മിൻ). ഉദാ:- തിൻ-തിന്മൂ, തിന്നു, തിന്മാൻ, തിന്നാൻ, തിന്മിൻ, തിന്നിൻ.

- നടന്നു കഴിഞ്ഞതെന്നോ നടന്നു കൊണ്ടിരിക്കുന്നതെന്നോ നടക്കാനിരിക്കുന്നതെന്നോ ഉള്ള ഭേദമില്ലാതെ എന്നും ഒന്നുപോലെ സംഭവിക്കുന്ന ചിലതിനെക്കുറിച്ച് പരാമർശിക്കേണ്ടി വരുമല്ലോ. പതിവിനെ കാണിക്കുന്ന, സാർവകാലിക സ്വഭാവമുള്ള ഇത്തരം പ്രയോഗങ്ങളിൽ, ആര്യഭാഷകൾ പലതും വർത്തമാനകാലം ഉപയോഗിക്കുന്ന സ്ഥാനത്ത് ദ്രാവിഡഭാഷകൾ ഭാവി തന്നെയാണ് ഉപയോഗിക്കുന്നത്.

ഉദാ: സൂര്യൻ കിഴക്ക് ഉദിക്കും.
ഇടവപ്പാതിക്ക് മഴ തുടങ്ങും.
ഉപ്പുതിന്നവൻ വെള്ളം കുടിക്കും.
വസന്താഗമത്തിൽ വൃക്ഷങ്ങൾ പൂക്കും.

- പതിവിനെ കാണിക്കുന്ന ഭാവി - ശീലഭാവി

അതുകൊണ്ട് ഭാവിക്ക് 'ശീലഭാവി' എന്നൊരു വിഭാഗം കൂടി കല്പിക്കേണ്ടി വരുന്നു. ശീലം അഥവാ പതിവിനെ കാണിക്കുന്ന പ്രയോഗങ്ങളാണിവ (ഇവിടെയും ആര്യഭാഷാസമ്പർക്കത്തിന്റെയും സ്വാധീനത്തിന്റെയും ഫലമായി വർത്തമാനകാലം സാർവകാലികമായി പ്രയോഗിക്കപ്പെടാറുണ്ട്).

ഉദാ: സൂര്യൻ കിഴക്ക് ഉദിക്കുന്നു.
വസന്തഋതുവിൽ വൃക്ഷങ്ങൾ പൂക്കുന്നു.

- നിശ്ചയത്തെ ദ്യോതിപ്പിക്കുന്നത് അവധാരകഭാവി

മലയാളത്തിൽ മറ്റൊരു ഭാവികാലരൂപം കൂടിയുണ്ട്. കേരളപാണിനി അതിനെ അവധാരകഭാവി എന്നു വിളിക്കുന്നു. അവധാരണം(നിശ്ചയം) ദ്യോതിപ്പിക്കുന്നത് എന്നാണ് അവധാരകഭാവി എന്ന വാക്കിനർഥം.

ഉദാ: ഭീമനേ കീചകനേ കൊല്ലൂ.
നാളെയേ അയാൾ വരൂ.
ശിക്ഷ കിട്ടിയാലേ അവൻ പഠിക്കൂ.

തുടങ്ങിയ ഘടനകളിലെ കൊല്ലൂ, വരൂ, പഠിക്കൂ തുടങ്ങിയ രൂപങ്ങളാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. ഈ രൂപങ്ങൾക്ക് ഉപദേശം, നിയോഗം തുടങ്ങിയ അർഥങ്ങളിലും പ്രയോഗമുണ്ട്.

ഉദാ: കഠിനമായി പരിശ്രമിക്കൂ.
നിങ്ങൾ പോകൂ.
അവിടെ ഇരിക്കൂ.

'ഉം' എന്ന പ്രത്യയത്തിലെ ബിന്ദു (അനുസ്വാരം) ഉപേക്ഷിച്ചുള്ള 'ഉ' ആണ് ഇവിടെ പ്രത്യയം. അത് ദീർഘിച്ച് 'ഊ' എന്ന രൂപത്തിലാണ് പലപ്പോഴും പ്രയോഗിക്കപ്പെടുക.

## 3.3.1 കാലപ്രത്യയങ്ങളുടെ ആഗമചരിത്രം

'ഇ', 'തു' എന്നിവ ഇപ്പോൾ സ്വതന്ത്രപ്രത്യയങ്ങൾ ആണെങ്കിലും തെലുങ്ക് - കർണ്ണാടക രൂപങ്ങൾ നോക്കുമ്പോൾ ദ്രാവിഡങ്ങളിലെ ഭൂതപ്രത്യയം 'ഇതു' ആയിരുന്നിരിക്കുമെന്ന് ഊഹിക്കാൻ വഴിയുണ്ട്. പിന്നീട് 'ഇ', 'തു' എന്നീ രണ്ടംശങ്ങളും പ്രത്യേകം പ്രത്യയങ്ങളായി മാറിയതാകണം. 'ഇ' എന്ന ചുട്ടെഴുത്തിന്റെ നപുംസകവചന രൂപമായ 'ഇതു' ഭൂതകാലപ്രത്യയമാകുന്നതിന്റെ അസാംഗത്യം പരിഗണിച്ച് കാൽഡ്വൽ ഈ വാദം സ്വയം ഉന്നയിക്കുകയും, തിരസ്കരിക്കുകയും ചെയ്തു. 'അ', 'ഇ', 'ഉ' എന്നീ ചുട്ടെഴുത്തുകളെ കാലചിഹ്നങ്ങൾ ആക്കുകയാണെങ്കിൽ 'ഇത്' എന്ന സന്നിഹിതവാചിയായ സർവനാമം വർത്തമാനകാലത്തെയാണ് കുറിക്കേണ്ടതെന്നും 'അതു' പരോക്ഷവാചിയായി വേണം ഭൂതകാല പ്രത്യയസ്ഥാനം വഹിക്കേണ്ടതെന്നുമാണ് കാൽഡ്വൽ കരുതുന്നത്. എന്നാൽ ദ്രാവിഡർ വർത്തമാനത്തെ ഒരു പരിച്ഛിന്നമായ കാലമായിട്ട് ഗണിച്ചിരുന്നില്ലെന്നും വർത്തമാനകാലം ദ്രാവിഡത്തിൽ വൈകി മാത്രം രൂപപ്പെട്ട ഒന്നാണെന്നും അതുകൊണ്ടാണ് സന്നിഹിത വാചിയായ സർവനാമത്തെ ആ കാലം കുറിക്കാൻ ഉപയോഗിക്കാഞ്ഞത് എന്നുമാണ് കേരളപാണിനിയുടെ പക്ഷം. സിദ്ധവും പരിച്ഛിന്നവും പ്രത്യക്ഷാനുഭവഗോചരവുമായ ഭൂതകാലത്തെ കുറിക്കാൻ 'ഇതു' എന്ന സർവനാമരൂപം പ്രയോഗിക്കാൻ ഇടയായ സാഹചര്യം ഇതാണ്. 'ഉതു' എന്ന അനതിദൂര സന്നിഹിതവാചി ഭാവിയെ പരാമർശിക്കാനും പ്രയോഗിക്കപ്പെട്ടു. ഇതാണ് തമിഴ് മലയാളങ്ങളിൽ 'ഉ', 'ഉം' എന്നീ രൂപങ്ങളിൽ കാണുന്നത്.

> ▶ കാലപ്രത്യയങ്ങൾ 'ഇ'-'തു'

## 3.3.2 വർത്തമാനകാലപ്രത്യയത്തിന്റെ നിഷ്പത്തി

പോകുന്നു, വരുന്നു തുടങ്ങിയ വർത്തമാനകാല രൂപങ്ങൾ പോകിന്റാൻ, വരുകിന്റാൻ തുടങ്ങിയ തമിഴ് രൂപങ്ങളിൽ നിന്ന് രൂപപ്പെട്ടവയാണ്. പ്രാചീന മലയാളകൃതികളിലും ഇത്തരം രൂപങ്ങൾ ധാരാളമായി കാണാം. പോകിന്റാൻ, വരുകിന്റാൻ എന്നീ രൂപങ്ങളും തമിഴിന്റെ വായ്മൊഴി രൂപത്തിൽ പ്രചാരത്തിലുണ്ട്. ചുരുക്കത്തിൽ തമിഴിന് വർത്തമാനകാല സൂചകങ്ങളായ രണ്ട് പ്രത്യയങ്ങൾ ഉണ്ട്.

1. കിന്റു
2. കിറു

പോകിന്റാൻ, പോകിറാൻ ഇങ്ങനെ കാണുന്ന രണ്ടു രൂപങ്ങളിൽ തമിഴ് ഭാഷയിൽ ഗാഢമായി വേരൂന്നിക്കഴിഞ്ഞത് 'കിന്റു' ചേർന്ന രൂപമാണ്. അതിനാൽ വർത്തമാനകാലത്തെക്കുറിച്ച് ആദ്യമായി വിചിന്തനം നടത്തിയ ഡോ. ഗ്രാലും പിന്നീട് വിചിന്തനം നടത്തിയ ഡോ. കാൽഡ്വലും ഡോ. ഗുണ്ടർട്ടും 'കിന്റു'വിന്റെ നിഷ്പത്തിയെക്കുറിച്ചാണ് അന്വേഷണം നടത്തിയത്. ഈ മൂന്നു യൂറോപ്യൻ വൈയാകരണന്മാരുടെയും അഭിപ്രായം മിക്കവാറും സമാനരൂപത്തിലാണ്. അതു താഴെ പറയും പ്രകാരം സംക്ഷേപിക്കാം.

> ▶ തമിഴ് വർത്തമാനകാലപ്രത്യയം-കിന്റു-കിറു

എ) 'ക്' എന്ന തമിഴിലെ ഭാവിസൂചകമായ പ്രത്യയത്തോട് 'ഇന്നു', 'ഈ ദിവസം' എന്നീ അർഥങ്ങളിലുള്ള 'ഇന്റു' കൂട്ടിച്ചേർത്താണ് 'കിന്റു' ഉണ്ടാകുന്നത്.

ബി) 'കിന്റു' വിൽനിന്ന് അനുനാസികം പരിത്യജിച്ചപ്പോഴാണ് 'കിറു' എന്ന രൂപമുണ്ടായത്.

▶ മലയാളത്തിൽ വർത്തമാന കാല പ്രത്യയം ഇന്നു, ഉന്നു

സി) ക്രിയാധാതുവിനോട് 'കിന്റു' കൂട്ടിച്ചേർത്ത് ഒപ്പം പുരുഷപ്രത്യയവും ചേർക്കുമ്പോഴാണ് പോകിന്റാൻ, വരിന്റാൻ, ഇത്യാദി രൂപങ്ങൾ സിദ്ധമാകുന്നത്. 'ഇന്റു' എന്നത് അനുനാസികാതിപ്രസരത്താൽ 'ഇന്നു' എന്നും 'ഇന്ന്' എന്നത് സ്വരാനുസംവാദ നയത്താൽ (അ, ഇ എന്നീ ആദ്യസ്വരങ്ങൾക്കുവരുന്ന പരിണാമം) 'ഉന്നു' എന്നും മലയാളത്തിൽ പരിണമിച്ചു.

ഡോ. ഗ്രാൽ, ഗുണ്ടർട്ട്, കാൽഡ്വൽ എന്നിവരുടെ അഭിപ്രായത്തോട് കേരളപാണിനി വിയോജിക്കുന്നു. കാലത്തിന്റെ പോക്ക് എന്ന അർഥത്തിൽ 'ഇറ' എന്നൊരു ധാതു തമിഴിൽ ഉണ്ട്. 'ഇറന്തകാലം' എന്നു പറഞ്ഞാൽ തമിഴിൽ 'വർത്തമാനകാലം' എന്നാണർഥം. 'ഇറ' എന്നതിനോട് 'ക' എന്ന ഇടനില ചേർത്ത് 'കിറ' എന്നും 'കിറ' എന്നതിനോട് അവധാരകഭാവിപ്രത്യയമായ 'ഉ' ചേർത്ത് 'കിറു' എന്നും രൂപമുണ്ടാകുന്നു. 'കിറു' എന്നത് അനുനാസികസംസർഗത്തിന് വിധേയമായാണ് 'കിന്റു' എന്നു മാറുന്നത്. ഇത് തമിഴിന്റെ കാര്യം. മലയാളത്തിൽ ഇറ + ഉ = ഇറു, അനുനാസികസംസർഗത്താൽ ഇറു- ഇന്റു, അനുനാസികാതിപ്രസരത്താൽ ഇന്റു - ഇന്നു, സ്വരാനുസംവാദ നയത്താൽ ഇന്നു - ഉന്നു. ഇങ്ങനെ മലയാളത്തിലെ വർത്തമാനകാലരൂപം അനുപ്രയോഗത്താൽ നിഷ്പന്നമാകുന്നു. ഇതാണ് കേരളപാണിനിയുടെ മതം.

▶ കേരളപാണിനിയുടെ വർത്തമാനകാലപ്രത്യയം

യൂറോപ്യൻ വൈയാകരണന്മാരും കേരളപാണിനിയും വർത്തമാനകാലാഖ്യാതത്തെക്കുറിച്ച് ആവിഷ്കരിച്ചിട്ടുള്ള സിദ്ധാന്തങ്ങൾ ആധുനിക വൈയാകരണന്മാർ തിരസ്കരിക്കുന്നു. 'ഭാഷാപഠനങ്ങൾ', 'കേരളപാണിനീയഭാഷ്യം' എന്നീ ഗ്രന്ഥങ്ങളിൽ 'ഉന്നു' വിന്റെ ഉൽഭവത്തെക്കുറിച്ച് പ്രൊഫ. സി.എൽ. ആന്റണി വിചിന്തനം നടത്തിയിട്ടുണ്ട്. പ്രാചീനഭാഷയിൽ ഉണ്ടായിരുന്ന 'ഉതു' എന്ന പ്രത്യയത്തെ കേന്ദ്രമാക്കിയാണ് ആ വിചിന്തനം. 'ഉതു' എന്ന പ്രത്യയത്തെക്കുറിച്ച് സാഹിത്യചരിത്രത്തിൽ മഹാകവി ഉള്ളൂരും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രാചീന തമിഴ് ഗ്രന്ഥങ്ങളിലും 'ഉതു'വിനെ പരാമർശിച്ചിട്ടുണ്ട്. 'ഉതു' അനുനാസിക സംസർഗത്തിന് വിധേയമായി 'ഉന്തു' എന്നു പരിണമിക്കുന്നു. 'ഉന്തു' അനുനാസികാതിപ്രസരത്താൽ 'ഉന്നു' ആയിത്തീരുന്നു. ഗ്രാലും, ഗുണ്ടർട്ടും, കേരളപാണിനിയും കരുതുന്നതുപോലെ 'ഇന്റു', അനുനാസികാതിപ്രസരത്താൽ 'ഇന്നു' ആവുകയില്ല. അതായത് വർത്സ്യമായ 'ഩ' കാരം ദന്ത്യമായ 'ന'കാരമാകില്ല. വർത്തമാനകാല ആഖ്യാതം 'ഉഩു' അല്ലല്ലോ. 'ഉന്നു' ആണല്ലോ. അനായാസമായും സുഗമമായും 'ഉന്നു' എന്ന പ്രത്യയത്തിലേക്ക് ചെല്ലുന്നതാകുന്നു ആധുനികമതം.

▶ വർത്തമാനകാല പ്രത്യയത്തിന്റെ ആധുനികമതം

## 3.3.3 അനുപ്രയോഗങ്ങൾ

'പിന്നാലെ പ്രയോഗിക്കുന്നത്' എന്നാണ് അനുപ്രയോഗം എന്ന പദത്തിനർഥം. ഒരു ധാതുവിന്റെ രൂപത്തേയോ അർഥത്തേയോ പരി

> ▶ ധാതുവിന് പിന്നാലെ പ്രയോഗിക്കുന്നത് അനുപ്രയോഗം

ഷ്കരിക്കാൻ അതിന്റെ പുറകിൽ പ്രയോഗിക്കുന്ന ധാതുവാണ് അനുപ്രയോഗം. ഏതു ധാതുവിനെ പരിഷ്കരിക്കാൻ അനുപ്രയോഗം ചേർക്കുന്നുവോ അതു പ്രാക്പ്രയോഗം (ഉദാ:- കണ്ടു- പ്രാക്പ്രയോഗം, കണ്ടിട്ടുണ്ട് - അനുപ്രയോഗം). എല്ലാ ഭാഷകളിലും അനുപ്രയോഗങ്ങളുണ്ട്. സംസ്കൃതത്തിൽ ഉപസർഗങ്ങളാണ് ഇതിന്റെ ധർമ്മം നിർവഹിക്കുന്നത്. 'ഹൃ' ധാതുവിനോട് പ്ര, ആ, സം, വി, പരി എന്നീ ഉപസർഗങ്ങൾ ചേർന്ന് പ്രഹരം, ആഹാരം, സംഹാരം, വിഹാരം, പരിഹാരം എന്നീ രൂപങ്ങളുണ്ടാകുന്നു. ഗുണ്ടർട്ട് അനുപ്രയോഗങ്ങളെ 'സഹായക്രിയകൾ' എന്നാണ് വ്യവഹരിച്ചിട്ടുള്ളത്. ശേഷഗിരിപ്രഭു 'ക്രിയോപപദം' എന്നാണ് പേരു കൊടുത്തിരിക്കുന്നത്. കേരളപാണിനീയത്തിൽ മൂന്നുതരം അനുപ്രയോഗങ്ങളെക്കുറിച്ചു പറയുന്നു.

### 1. ഭേദകാനുപ്രയോഗം

> ▶ ദ്യോതിപ്പിക്കുന്നത് ഭേദകാനുപ്രയോഗം

ദ്യോതിപ്പിക്കുന്ന അനുപ്രയോഗം ഭേദകാനുപ്രയോഗം. ദ്യോതിപ്പിക്കുക എന്നതിന് വിശേഷിപ്പിക്കുക എന്നർഥം. പ്രാക്പ്രയോഗധാതുവിന്റെ അർഥത്തിൽ ചില വിശേഷാർഥങ്ങളെ ചേർക്കുന്നത് ഭേദകാനുപ്രയോഗം. വിനയം, ലാഘവം, പതിപ്പ് മുതലായ വിശേഷ അർഥങ്ങളെയാണ് കൂട്ടിച്ചേർക്കുന്നത്.

ഉദാ: അറിയിച്ചുകൊള്ളുന്നു (വിനയം)

ചെയ്തുകളഞ്ഞു (ലാഘവം)

കൊടുത്തുവരുന്നു ( പതിവ്)

### 2. കാലാനുപ്രയോഗം

> ▶ കാലങ്ങളുടെ താരതമ്യം സാധിക്കുന്നത് കാലാനുപ്രയോഗം

കാലങ്ങളുടെ താരതമ്യം സാധിക്കുന്നത് കാലാനുപ്രയോഗം. കാലഭേദം കുറിക്കുകയാണ് കാലാനുപ്രയോഗത്തിന്റെ ധർമ്മം. ഉദാ: വന്നിരിക്കുന്നു (വന്നു ചേർന്നതേയുള്ളൂ), വന്നിട്ടുണ്ട് (അല്പം മുമ്പ് വന്നു), വന്നിട്ടുണ്ടായിരുന്നു (വന്നിരുന്നു-ഇപ്പോൾ ഇവിടെയില്ല), വന്നുകൊണ്ടിരിക്കുന്നു (വരവ് പൂർത്തിയായില്ല), വരുമായിരുന്നു (വരാൻ സാധ്യത ഉണ്ടായിരുന്നു, പക്ഷെ വന്നില്ല).

### 3. പൂരണാനുപ്രയോഗം

> ▶ ഖിലധാതുക്കളെ പൂരിപ്പിക്കുന്നത് പൂരണാനുപ്രയോഗം

ഖിലധാതുക്കളെ പൂരിപ്പിക്കുന്നതാണ് പൂരണാനുപ്രയോഗം. ഇത് എണ്ണത്തിൽ പരിമിതമാണ്. 'ഉൾ' എന്ന ഖിലധാതുവിന് ഭൂതകാലത്തിലോ ഭാവികാലത്തിലോ വർത്തമാനകാലത്തിലോ സാധാരണമട്ടിലുള്ള രൂപങ്ങളില്ല. എന്നാൽ ഈ കാലങ്ങളിൽ ആ ധാതുവിനെ ഉപയോഗിക്കേണ്ടി വന്നാൽ 'ആക്' എന്ന ധാതുവിനെ അനുപ്രയോഗിച്ച് അതിനുമീതെ കാലപ്രത്യയം ചേർത്ത് ആവശ്യമുള്ള രൂപം ഉണ്ടാക്കാം (ഉണ്ടായി, ഉണ്ടാകും, ഉണ്ടാകുന്നു). ഭൂതം, ഭാവി, വർത്തമാനം എന്നീ മൂന്ന് വിഭാഗങ്ങളിൽ അപരിച്ഛിന്നം, അനുബന്ധി, ക്ലുപ്തം എന്നീ അവാന്തര വിഭാഗങ്ങൾ ഉണ്ടാക്കാനും ദ്രാവിഡഭാഷകൾ അനുപ്രയോഗങ്ങളെ ഉപയോഗിക്കുന്നു. പറയുന്നു, പറഞ്ഞുകൊണ്ടിരിക്കുന്നു, പറഞ്ഞിട്ടുണ്ട്, പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട് എന്നീ നാല് വർത്തമാനകാലരൂപങ്ങളിൽ കൊൾ, ഇരി, ഇട്, ഉൾ എന്നീ ധാതുക്കൾ അനുപ്രയോഗിക്കപ്പെട്ടിരിക്കുന്നു.

അനുപ്രയോഗങ്ങളെ സംബന്ധിച്ച് കേരളപാണിനിയുടെ നിഗമനങ്ങൾ പദതലത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നുവെന്നും വാക്യത്തിലെ അർഥതലവുമായി അതിനെ ബന്ധപ്പെടുത്താമെന്നും ചില നിരീക്ഷണങ്ങൾ ഉണ്ടായിട്ടുണ്ട്. കാലാനുപ്രയോഗം, ഭേദകാനുപ്രയോഗം എന്ന വിഭജനത്തിനു പ്രസക്തിയില്ല. കാരണം കാലാനുപ്രയോഗവും പ്രാക്പ്രയോഗത്തെ ഒരർഥത്തിൽ ദ്യോതിപ്പിക്കുകയാണ് ചെയ്യുന്നത്. അനുപ്രയോഗത്തെ, കാലസൂചനയുള്ളവ എന്നും കാലസൂചനയില്ലാത്തവ എന്നും തിരിക്കുന്നതാണുചിതം. അധികം പ്രയോഗത്തിലുള്ള അനുപ്രയോഗങ്ങൾ: കൊൾ, ഇട് -ഈട്, ഏ, വീട്, കള, കൊടു, തർ, അരുള്, ഇരി, പോ, വര്, പാര്, കൂട്, കഴി, തീര്, ചമ. സംസ്കൃതത്തിലെ അനുപ്രയോഗങ്ങൾ പൂരണാനുപ്രയോഗങ്ങളാണ്. എന്നാൽ ഇംഗ്ലീഷിലെ അനുപ്രയോഗങ്ങൾ കാലാനുപ്രയോഗങ്ങളാണ്.

- കേരളപാണിനിയുടെ അനുപ്രയോഗ നിഗമനങ്ങൾ

## Summarised Overview

ദ്രാവിഡങ്ങളിലെ ഭൂതപ്രത്യയം 'ഇതു' ആയിരുന്നിരിക്കുമെന്നാണ് തെലുങ്ക് - കർണാടക രൂപങ്ങൾ നോക്കുമ്പോൾ ഊഹിക്കാനാവുക. കാൽഡ്വൽ ഈ വാദം ഉന്നയിക്കുകയും തിരസ്കരിക്കുകയും ചെയ്തിട്ടുണ്ട്. തമിഴിന് വർത്തമാനകാല സൂചകങ്ങളായ രണ്ട് പ്രത്യയങ്ങളുണ്ട്. 'കിന്റു', 'കിറു' എന്നിവയാണവ. 'കിന്റു'വിന്റെ നിഷ്പത്തിയെക്കുറിച്ച് ഡോ. ഗ്രാൽ, ഗുണ്ടർട്ട്, കാൽഡ്വൽ എന്നിവർ അന്വേഷണം നടത്തിയിട്ടുണ്ട്. 'കിന്റു'വിൽ നിന്ന് അനുനാസികം പരിത്യജിച്ചാണ് 'കിറു' എന്ന രൂപമുണ്ടായത്. കേരളപാണിനി ഇവരുടെ അഭിപ്രായത്തോട് വിയോജിച്ചു. മലയാളത്തിലെ വർത്തമാനകാലരൂപം അനുപ്രയോഗത്താൽ നിഷ്പന്നമാകുന്നു എന്നാണ് കേരളപാണിനി അഭിപ്രായപ്പെടുന്നത്. ഈ അഭിപ്രായങ്ങളെല്ലാം ആധുനിക വൈയാകരണന്മാർ തിരസ്ക്കരിച്ചിട്ടുണ്ട്. പ്രാചീനഭാഷയിൽ ഉണ്ടായിരുന്ന 'ഉതു' എന്ന പ്രത്യയത്തെ കേന്ദ്രമാക്കിയാണ് ഈ ആലോചനകൾ ഉണ്ടായത്.

ഒരു ധാതുവിന്റെ രൂപത്തേയോ അർഥത്തേയോ പരിഷ്കരിക്കാൻ അതിന്റെ പുറകിൽ ഉപയോഗിക്കുന്ന ധാതുവാണ് അനുപ്രയോഗം. അനുപ്രയോഗത്തിന് മുമ്പുള്ള ധാതു പ്രാക്പ്രയോഗം എന്നും വിളിക്കപ്പെടുന്നു. അനുപ്രയോഗങ്ങളെ ഗുണ്ടർട്ട് സഹായക്രിയകൾ എന്നും ശേഷഗിരിപ്രഭു ക്രിയോപപദം എന്നുമാണ് പേര് വിളിക്കുന്നത്. 'കേരളപാണിനീയം' മൂന്നുതരം അനുപ്രയോഗങ്ങളെക്കുറിച്ച് പറയുന്നുണ്ട്. വിശേഷിപ്പിക്കുന്ന അനുപ്രയോഗത്തെ ഭേദകാനുപ്രയോഗം എന്നും കാലങ്ങളുടെ താരതമ്യം സാധിക്കുന്നത് കാലാനുപ്രയോഗം എന്നും ഖിലധാതുക്കളെ പൂരിപ്പിക്കുന്നത് പൂരണാനുപ്രയോഗം എന്നും കേരളപാണിനി തിരിച്ചിട്ടുണ്ട്. ഭേദകാനുപ്രയോഗത്തോടൊപ്പം കാലാനുപ്രയോഗവും പ്രാക്പ്രയോഗത്തെ വിശേഷിപ്പിക്കുന്നതാണ് എന്നതിനാൽ അവ രണ്ടും വേർതിരിക്കേണ്ടതില്ല എന്നാണ് ആധുനിക വൈയാകരണന്മാർ അഭിപ്രായപ്പെടുന്നത്.

## Assignments

1. മലയാളത്തിലെ കാലപ്രത്യയങ്ങൾ ഏതെല്ലാം? വിശദമാക്കുക.
2. കാലപ്രത്യയങ്ങളുടെ നിഷ്പത്തിയെക്കുറിച്ചുള്ള പണ്ഡിതാഭിപ്രായങ്ങൾ ക്രോഡീകരിക്കുക.
3. വർത്തമാനകാലാഖ്യാതത്തെക്കുറിച്ചുള്ള പരമ്പരാഗത അഭിപ്രായങ്ങളെ ആധുനിക വൈയാകരണന്മാർ ഖണ്ഡിക്കുന്നതെങ്ങനെയെന്ന് വിവരിക്കുക.
4. അനുപ്രയോഗം എന്നാൽ എന്ത്? ഉപവിഭാഗങ്ങളേവ? ഉദാഹരണസഹിതം വിശദീകരിക്കുക.
5. വർത്തമാനകാലപ്രത്യയങ്ങളുടെ ഉല്പത്തി വിവരിക്കുക.

## Reference


1. എ. ആർ. രാജരാജവർമ്മ, കേരളപാണിനീയം, എൻ. ബി. എസ്., കോട്ടയം.
2. സി. എൽ. ആന്റണി, കേരളപാണിനീയഭാഷ്യം, ഡി. സി. ബുക്സ്, കോട്ടയം.
3. പുതുശ്ശേരി രാമചന്ദ്രൻ (സമ്പാദനം), കേരളപാണിനീയവിമർശനം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## Suggested Reading


1. കെ. എം. പ്രഭാകരവാരിയർ, പൂർവകേരള ഭാഷ, മദിരാശി സർവകലാശാല.
2. സി. ആർ. പ്രസാദ്, വ്യാകരണം, ഡി. സി. ബുക്സ്, കോട്ടയം.
3. സി. വി. വാസുദേവഭട്ടതിരി, കേരളപാണിനീയപാഠങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

Unit 4

# പ്രകാരം – കൃത്ത്

## Learning Outcomes

- പ്രകാരങ്ങളെക്കുറിച്ച് അറിവ് നേടുന്നു
- നിഷേധ പ്രത്യയത്തെക്കുറിച്ച് ധാരണ നേടുന്നു
- ക്രിയാവിനാമങ്ങളെക്കുറിച്ച് അറിവ് ലഭിക്കുന്നു

## Background

ധാതുവെന്നാൽ ക്രിയയെ കുറിക്കുന്ന ശബ്ദമെന്നാണർഥം. ധാതുവിന് രൂപഭേദങ്ങൾ വരും. രൂപഭേദം വരുത്തുന്ന ഉപാധികൾ, പ്രകൃതി, സ്വഭാവം, കാലം, പ്രകാരം, പ്രയോഗം, പുരുഷൻ, ലിംഗം, വചനം എന്നിവയാണ്. പ്രകാരമാണ് ഈ യൂണിറ്റിൽ ചർച്ച ചെയ്യപ്പെടുന്നത്. രീതി, മട്ട് എന്നൊക്കെയാണ് പ്രകാരത്തിന് അർഥം. ക്രിയാധാതു അതിന്റെ അർഥത്തെ വെളിപ്പെടുത്തുന്ന രീതിഭേദത്തിനാണ് പ്രകാരം എന്ന് പറയുന്നത്. 'വര്' എന്ന ധാതുവിനെ വെച്ച് വരട്ടെ, വരണം, വരാം എന്നിങ്ങനെ പ്രയോഗിക്കുമ്പോൾ അർഥത്തിന് ഉപരിയായി നിയോഗം, വിധി, അനുജ്ഞ മുതലായ അർഥഭേദങ്ങൾ കൂടി സൃഷ്ടിക്കപ്പെടുന്നുണ്ട്. ഈ അർഥഭേദമാണ് പ്രകാരം എന്നറിയപ്പെടുന്നത്. നാല് വിധത്തിലാണ് പ്രകാരങ്ങളുള്ളത്. നിയോജകപ്രകാരം, വിധായകപ്രകാരം, അനുജ്ഞായകപ്രകാരം, നിർദ്ദേശകപ്രകാരം എന്നിവയാണവ. പ്രകാരപ്രത്യയങ്ങളുടെ ആഗമവുമായി ബന്ധപ്പെട്ട് വിവിധവാദങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

## Key themes

പ്രകാരം – പ്രത്യയചരിത്രം – കർത്തരിപ്രയോഗം – കർമ്മണിപ്രയോഗം – നിഷേധപ്രത്യയം – ക്രിയാനാമങ്ങൾ – വിവർത്തനപ്രക്രിയ

## Discussion

### പ്രകാരം

ഒരു ധാതുവിന്റെ അർഥം ഏതു രീതിയിൽ വെളിപ്പെടുത്തുന്നുവോ അതിന് വ്യാകരണത്തിൽ പ്രകാരം എന്നു പറയുന്നു. മലയാളത്തിൽ പ്രകാരങ്ങളിലെ അനുപ്രയോഗങ്ങൾ ആദ്യകാലത്ത് ധാതുക്കളുടെ ഭാവിരൂപങ്ങൾ തന്നെ ആയിരുന്നുവെങ്കിലും പിൽക്കാലത്ത് അവയ്ക്ക് തേയ്മാനം സംഭവിച്ച് പ്രത്യയങ്ങളുടെ അവസ്ഥയിൽ എത്തിച്ചേരുന്നു. അതിനാൽ ധാതുക്കളുടെ രൂപഭേദോപാധികളിൽ ഒന്നായി പ്രകാരത്തെ പരിഗണിക്കേണ്ടതാണ്. ഭാഷയിൽ ക്രിയകൾക്ക് ഭൂതം, ഭാവി, വർത്തമാനം എന്ന കാലവാചിത്വത്തിനു പുറമേ നിയോഗം, ശാസന,

- പ്രകാരം നാലു വിധം

സമ്മതം എന്നിങ്ങനെ ചില വിശേഷാർഥങ്ങളുമുണ്ട്. ക്രിയാരൂപങ്ങളുടെ ഇപ്രകാരമുള്ള വിശേഷാർഥം വെളിപ്പെടുത്തലാണ് പ്രകാരത്തിന്റെ ധർമ്മം.

പ്രകാരം നാലു വിധം. നിയോജകപ്രകാരം, വിധായകപ്രകാരം, അനുജ്ഞായകപ്രകാരം, നിർദ്ദേശകപ്രകാരം.

### നിയോജകപ്രകാരം

▶ നിയോജകപ്രകാര പ്രത്യയം-അട്ടെ

നിയോജകപ്രകാരത്തിൽ നിയോഗത്തിന്റെ (കല്പനയുടെ) രീതിയിൽ ധാതുവിന്റെ ശുദ്ധമായ അർഥം കുറിക്കുന്നു. പ്രത്യയം 'അട്ടെ' ഉദാ: പോകട്ടെ, വരട്ടെ. 'ഒട്ടും' എന്ന ഭാവിരൂപത്തിൽനിന്ന് നിഷ്പന്നമാണ് നിയോജകപ്രകാരപ്രത്യയമായ 'അട്ടെ'. 'ഒട്ടും' എന്നതിനോട് 'ഏ' എന്ന നിപാതം ചേർന്ന് ഒട്ടുമേ എന്നാക്കുന്നു. അന്ത്യ'മ'കാരം ലോപിക്കുകയും 'ഏ' 'ട്ട'കാരത്തോട് ചേരുകയും ചെയ്യുമ്പോൾ ഒട്ടെ - അട്ടെ. 'ഒ' കാരം 'അ' കാരമായി മാറുന്ന സ്വരമാറ്റം ഭാഷയിൽ സാധാരണമാണ്.

ചെയ് - ചെയ് ഒട്ടും - ചെയ്യൊട്ടും - ചെയ്യൊട്ടുമേ - ചെയ്യട്ടുമേ - ചെയ്യട്ടേ

### വിധായകപ്രകാരം

▶ വിധി, ശാസനയുടെ രീതിയിൽ ധാത്വർഥം

വിധായകപ്രകാരത്തിൽ വിധി അഥവാ ശാസനയുടെ രീതിയിൽ ധാതുവിന്റെ അർഥം കുറിക്കുന്നു. പ്രത്യയം : അണം. ഉദാ: വരണം, പോകണം. വേണ്ടും എന്ന ഭാവിരൂപത്തിൽനിന്ന് നിഷ്പന്നമാണ് വിധായകപ്രകാരപ്രത്യയമായ 'അണം'. വേണ്ടും 'ട' കാരലോപത്താൽ - വേണ്ടും - വേണം (അന്ത്യ 'ഉ'കാരം 'അ'കാരം) - ഏണം ('വ'കാര ലോപം) - എണം - അണം

ചെയ് - ചെയ്യ വേണ്ടും - ചെയ്യ വേണം - ചെയ്യ വേണം - ചെയ്യേണം - ചെയ്യണം

### അനുജ്ഞായകപ്രകാരം

▶ സമ്മതരീതിയിൽ ധാത്വർഥം

അനുജ്ഞ അഥവാ സമ്മതത്തിന്റെ രീതിയിൽ ധാതുവിന്റെ അർഥം കുറിക്കുന്നത് അനുജ്ഞായകപ്രകാരം. പ്രത്യയം: ആം. ഉദാ:- വരാം, പോകാം. 'ആകും' എന്ന ഭാവിരൂപത്തിൽ നിന്ന് നിഷ്പന്നമാണ് 'ആം' എന്ന അനുജ്ഞായകപ്രകാരം പ്രത്യയം. 'ആകും' എന്നതിലെ 'കു' കാരം ലോപിച്ച് 'ആം' എന്നായി.

ചെയ് - ചെയ്യ ആകും - ചെയ്യാം.

### നിർദ്ദേശകപ്രകാരം

▶ അർഥവിശേഷമില്ല

ക്രിയയുടെ കേവലമായ അർഥത്തെ കാണിക്കുന്നതാണ് നിർദ്ദേശകപ്രകാരം. ഇതിന് അർഥവിശേഷം ഇല്ലാത്തതുകൊണ്ട് രൂപവിശേഷവുമില്ല. ധാതുവിനോട് കാലപ്രത്യയം ചേർന്ന രൂപം നിർദ്ദേശകപ്രകാരം. ഇതിന് പുരുഷവചനഭേദമുണ്ട്. നിർദ്ദേശകപ്രകാരമാണ് ഭാഷയിൽ ഏറെ ഉറച്ചുപോയത്. ഉദാ: വരുന്നു, പോകുന്നു.

> ▶ 'അട്ടെ' പ്രത്യയം വേണ്ടാത്ത സാഹചര്യങ്ങൾ

പ്രഥമപുരുഷൻ, ഉത്തമപുരുഷൻ എന്നിവക്കു മാത്രമാണ് 'അട്ടെ' എന്ന പ്രത്യയം. ഉദാ: ഞാൻ പോകട്ടെ, അവർ പോകട്ടെ, മധ്യമപുരുഷനിൽ (നീ) ഒരു പ്രത്യേകതയുണ്ട്. മധ്യമപുരുഷ ഏകവചനത്തിൽ (നീ) നിയോജകപ്രകാരം കുറിക്കാൻ 'അട്ടെ' എന്ന പ്രത്യയം വേണ്ട. ക്രിയാധാതു മാത്രം മതിയാകും. ഉദാ: നീ വാ, നീ പോ. മധ്യമപുരുഷ ബഹുവചനത്തിലും (നിങ്ങൾ) 'അട്ടെ' എന്ന പ്രത്യയം വേണ്ട. പകരം 'ഇൻ' എന്ന പ്രത്യയം മതി. ഉദാ: നിങ്ങൾ വരിൻ, നിങ്ങൾ പോകിൻ. വരിൻ, പോകിൻ എന്നതിനെ ഭാവി സൂചകമായ 'വ' എന്നത് കൂട്ടിച്ചേർത്ത് വരുവിൻ, പോകുവിൻ എന്നും ആക്കാം.

> ▶ പ്രകാരത്തിന്റെ ഇന്നത്തെ രൂപഭേദങ്ങൾ

ഇന്നത്തെ ഭാഷയിൽ പ്രകാരത്തിന് രൂപഭേദങ്ങളുണ്ട്. ആജ്ഞയുടെ അർഥത്തിലല്ല അട്ടെ എന്ന നിയോജകപ്രകാരം ചേർക്കുന്നത്. ഉദാ– നന്നായി വരട്ടെ, വല്ലതും തരട്ടെ. ആം എന്ന അനുജ്ഞായകപ്രകാരം ഇന്ന് സമ്മതമായല്ല ഭാഷയിൽ പ്രയോഗിക്കുന്നത്. ഉദാ– പുറത്തു കടക്കാം, നിനക്ക് പോകാം. ആജ്ഞയുടെ അർഥത്തിലാണ് ഇവിടെ ആം ചേർത്തിട്ടുള്ളത്.

## 3.4.1 പ്രകാര പ്രത്യയങ്ങളുടെ ആഗമചരിത്രം

> ▶ പ്രകാരപ്രത്യയങ്ങൾ

പ്രകാരങ്ങളെ നിർവചിക്കുകയും വിഭജനങ്ങളെ വിശദീകരിക്കുകയും ചെയ്തു കഴിഞ്ഞു. ഇനി ഈ പ്രത്യയങ്ങളുടെ ആഗമചരിത്രം അന്വേഷിക്കുകയാണ് വേണ്ടത്. വർത്തമാനകാല പ്രത്യയം 'ഉന്നു' അനുപ്രയോഗ നിഷ്പന്നമാണെന്ന് പറഞ്ഞതുപോലെ പ്രകാരപ്രത്യയങ്ങളും അനുപ്രയോഗ നിഷ്പന്നമാണ് എന്ന് എ. ആർ. പറയുന്നു. പ്രകാരപ്രത്യയങ്ങൾ ചേർന്ന് 'മാതിരി' എന്ന അർഥം കുറിക്കേണ്ടത് ഈ വിധമാണ്. ആ ധാതുവിനെ ആദ്യം നടുവിനയെച്ചത്തിലാക്കണം. 'അ, ക, ഉക' എന്ന് മൂന്നു നടുവിനയെച്ച പ്രത്യയങ്ങളുള്ളതിൽ ആദ്യത്തെ നടുവിനയെച്ചരൂപമാണ് ഉണ്ടാക്കേണ്ടത്. ഉദാ: വര് – വര. അതിനുമേൽ 'ഒട്ടുക' ക്രിയയുടെ ഭാവികാലരൂപമായ 'ഒട്ടും' (മലയാളത്തിൽ ഒട്ടുമേ) അനുപ്രയോഗിച്ചു പോക + ഒട്ടും = പോകൊട്ടും ("പോനാൽ പോകൊട്ടും പോടാ'') എന്ന് തമിഴിൽ നിയോജക രൂപം ഉണ്ടാകുന്നു. മലയാളത്തിൽ നടുവിനയെച്ചത്തിന്റെ 'അ'കാരം ലോപിച്ച് ആദ്യം 'ഒട്ടുമേ' എന്ന രൂപം ഉണ്ടായി. പിന്നെ 'ഒ' പോയി 'അ' ചേർന്നു 'പോകട്ടുമേ' എന്ന രൂപം വന്നു. പിന്നെ 'ഉ'കാരവും 'മ'കാരവും ലോപിച്ച് 'പോകട്ടെ' എന്ന രൂപം ഉണ്ടായി. 'ഒട്ടുമേ' എന്ന ക്രിയയുടെ ഭാവികാലരൂപം അക്ഷരലോപം വന്ന് തേഞ്ഞ് 'അട്ടെ' എന്ന പ്രത്യയമായി. 'അട്ടെ' പൂർണ്ണമായും പ്രത്യയമായി ഉറച്ചു പോയതിനാലാണ് അതിനെ പ്രാക്പ്രയോഗധാതുവിൽനിന്ന് വിശ്ലേഷിച്ചു കാണിക്കാൻ വയ്യാത്തത്. 'അട്ടെ, ട്ടെ, ട്ട്' എന്നിപ്പോൾ ഈ രൂപം ചുരുങ്ങിപ്പോയിട്ടുണ്ട്.

വിധായകപ്രകാരത്തിന്റെ പ്രത്യയം 'അണം' ആണ്. 'വേണുക' (ആവശ്യമായിരിക്കുക) എന്ന ധാതുവിന്റെ ഭാവികാല രൂപം 'വേണു' ആണ്. പ്രാക്ധാതുവിന്റെ 'അ' നടുവിനയെച്ചം ചേർന്ന രൂപത്തോട് 'വേണം' അനുപ്രയോഗിച്ചുണ്ടാക്കുന്നതാണിത്. പോക + വേണും = പോകവേണും. പിന്നെ 'വേണും' എന്നതിൽ ആദ്യം 'ഉം' -ലെ 'ഉ'കാരം പോയി വേണം ആയി. അനന്തരം 'വേണം' എന്നതിലെ 'വ'കാരം

പോയി ഏണം ആയി –പിന്നെ 'ഏണം', 'അണം', 'ണം' എന്നുകുറുകി. 'പോണം മിസ്റ്റർ' എന്നിടത്ത് 'ണം' മാത്രമേയുള്ളൂ. നിയോജകപ്രകാരപ്രത്യയം പോലെ ധാതുവിന്റെയും അനുപ്രയോഗധാതുവിന്റെയും ഉദ്ഗ്രഥനം ഇവിടെ പൂർണ്ണമായി നടപ്പായിട്ടില്ല. രൂപമാറ്റം നോക്കുക. പോക + വേണം = പോകവേണം എന്നുതന്നെ ഇപ്പോഴും പറയാം. പോക + വേണം, പോകവേണം, പോകേണം, പോകെണം, പോകണം, പോണം.

- വിധായക പ്രകാര പ്രത്യയം – അണം

അനുജ്ഞായകപ്രകാര പ്രത്യയത്തിന്റെ പൂർവരൂപമായ 'ആവുക'യുടെ ഭാവികാലരൂപം 'ആവും' അഥവാ 'ആകും'. നില്ക്ക + ആവും = നില്ക്ക ആവും. പിന്നെ നില്ക്കാവും. അതിനുമേൽ നിൽക്കാം. അനുജ്ഞായകത്തിൽ 'ആവും' എന്ന അനുപ്രയോഗരൂപമാണ് പ്രത്യയമായ 'ആം' ആയത്. അനുജ്ഞായകത്തിനും സംശ്ലേഷം പൂർണ്ണമായിട്ടില്ല. അതിനാലാണ് കേരളപാണിനി, 'പിരിച്ചിട്ടും പ്രയോഗിക്കാം വിധ്യനുജ്ഞായകങ്ങളെ' എന്നു പറഞ്ഞത്. വിധ്യനുജ്ഞായകങ്ങൾ സംശ്ലിഷ്ടതയുടെ വഴിയിലാണ്. നിയോജകപ്രകാരം 'അട്ടെ' അങ്ങനെയല്ല. അതിന് സ്വതന്ത്രപദവിയും ധാതുപദവിയും നഷ്ടപ്പെട്ടുകഴിഞ്ഞു. ഇങ്ങനെ ഒട്ടുക, വേണുക, ആവുക എന്നീ മൂന്നു ക്രിയകളുടെ ഭാവികാലരൂപങ്ങളെ അനുപ്രയോഗിച്ചു പ്രകാരപ്രത്യയങ്ങളുണ്ടാക്കിയിരിക്കുന്നതിനാലാണ് ഭാഷയിലെ പ്രകാരപ്രത്യയങ്ങൾ അനുപ്രയോഗനിഷ്പന്നമെന്നും 'പ്രത്യയം ഭാവിരൂപജം' എന്നും കേരളപാണിനി വിധിക്കുന്നത്.

- കേരളപാണിനിയുടെ മതം

### പ്രയോഗം

ക്രിയകൾ കാരകങ്ങളെ ആശ്രയിച്ചാണ് നിൽക്കുന്നത്. ഒരു ക്രിയ പ്രയോഗിക്കുമ്പോൾ അതിന്റെ ആശ്രയങ്ങളായ കാരകങ്ങളിൽ ഒന്നിനുമാത്രം പ്രാധാന്യം കല്പിക്കുന്നു. ഏതു കാരകത്തിനു പ്രാധാന്യം കല്പിക്കുന്നുവോ ആ കാരകത്തിൽ ആ ക്രിയയ്ക്ക് പ്രയോഗം എന്നാണ് വ്യാകരണത്തിലെ വ്യവസ്ഥ. രണ്ടു പ്രയോഗങ്ങളാണ് ഭാഷയിലുള്ളത്.

## 3.4.2 കർത്തരി– കർമ്മണിപ്രയോഗങ്ങൾ

കർത്തൃകാരകത്തിന് പ്രാധാന്യമുള്ളത് കർത്തരി പ്രയോഗം. കർമ്മകാരകത്തിന് പ്രാധാന്യമുള്ളത് കർമ്മണി പ്രയോഗം.

- കർത്തരിപ്രയോഗം–കർത്തൃകാരകത്തിന് പ്രാധാന്യം
- കർമ്മണി പ്രയോഗം–കർമ്മകാരകത്തിന് പ്രാധാന്യം

ഉദാ: അർജ്ജുനൻ കർണ്ണനെ കൊന്നു (കർത്തരി).

കർണ്ണൻ അർജ്ജുനനാൽ കൊല്ലപ്പെട്ടു (കർമ്മണി).

കർത്തരിപ്രയോഗത്തിൽ കർത്താവ് നിർദ്ദേശികാവിഭക്തിയിലും കർമ്മം പ്രതിഗ്രാഹികാവിഭക്തിയിലുമായിരിക്കും. കർമ്മം നപുംസകമാണെങ്കിൽ നിർദ്ദേശികാരൂപം മതി.

ഉദാ: അയാൾ മരം മുറിച്ചു.

കാരകങ്ങളിൽ പ്രധാനം കർത്താവ് ആയതിനാൽ കർത്തരിപ്രയോഗം പ്രധാനമായി അംഗീകരിച്ചു. ക്രിയയ്ക്ക് രൂപഭേദം സംഭവിക്കുന്നതി

നാൽ കർമ്മണിപ്രയോഗത്തെയും അംഗീകരിച്ചു. പ്രാചീനഭാഷയിൽ കർമ്മണിപ്രയോഗത്തിന്റെ ഉപയോഗം കാണാനില്ല. സംസ്കൃതത്തെ അനുകരിച്ചാണ് അതിന്റെ പ്രയോഗം. ഗദ്യഭാഷയിലും പ്രഭാഷണങ്ങളിലും കർമ്മണിപ്രയോഗം കടന്നുവന്നിട്ടുണ്ട്. ഒരു ധാതുവിനെ കർമ്മണിപ്രയോഗമാക്കുന്നതിന് ഭാഷയിൽ പ്രത്യയമൊന്നുമില്ല. 'അ' എന്ന നടുവിനയെച്ച പ്രത്യയം ചേർന്ന ധാതുവിനോട് 'പെട്' ധാതുവിനെ അനുപ്രയോഗിച്ചാൽ കർമ്മണിപ്രയോഗമാകും. വാക്യത്തിൽ കർത്താവിനു പ്രാധാന്യമുള്ള ക്രിയാപ്രയോഗത്തിനു കർത്തരിപ്രയോഗമെന്നും കർമ്മത്തിനു പ്രാധാന്യമുള്ള ക്രിയാപ്രയോഗത്തിന് കർമ്മണിപ്രയോഗമെന്നും പറയാം. വാക്യത്തിൽ കർമ്മത്തിനു പ്രാധാന്യം നൽകുമ്പോൾ ക്രിയാരൂപത്തിനു മാത്രമല്ല വാക്യത്തിന്റെ ഘടനയ്ക്കും മാറ്റം സംഭവിക്കുന്നു. കർമ്മം നിർദ്ദേശികയിലും കർത്താവു പ്രയോജികയിലും ആയിരിക്കും. ക്രിയാരൂപം 'അ' എന്ന നടുവിനയെച്ച പ്രത്യയം ചേർത്ത ധാതുരൂപത്തിൽ 'പെട്' എന്ന ധാതുവിനെ അനുപ്രയോഗിച്ച രൂപവും ആയിരിക്കും. ഉദാ: രാമൻ രാവണനെ കൊന്നു; രാവണൻ രാമനാൽ കൊല്ലപ്പെട്ടു.

▶ കർത്തരി-കർമ്മണി പ്രയോഗങ്ങൾ

കർത്തരിപ്രയോഗമാണ് ഭാഷയ്ക്ക് സ്വന്തമായുള്ളത്. സംസ്കൃതം, ഇംഗ്ലീഷ് തുടങ്ങിയ ആര്യഭാഷകളിൽ കർമ്മണിപ്രയോഗം സ്വാഭാവികവും സുലഭവുമാണ്. വൈചിത്ര്യം, വ്യക്തത, സൗകര്യം, അർഥശക്തി മുതലായവയ്ക്ക് വേണ്ടി മാത്രമേ കർമ്മണിപ്രയോഗം ഭാഷയിൽ പ്രയോഗിക്കാവൂ. ശുദ്ധദ്രാവിഡപദങ്ങൾ കഴിവതും കർത്തരിയിൽ വേണം പ്രയോഗിക്കാൻ. സംസ്കൃതപദമാണെങ്കിൽ കർമ്മണിപ്രയോഗത്തിന് കൂടുതൽ സ്വാഭാവികതയുണ്ടായിരിക്കും.

▶ കർത്തരി-കർമ്മണി പ്രയോഗം- വിചിന്തനം

## നിഷേധപ്രത്യയങ്ങൾ-ആഗമചിന്ത

വാക്യഗതി 'വിധി' എന്നും 'നിഷേധം' എന്നും രണ്ടു വിധത്തിലുണ്ട്. ഒന്ന് ഉണ്ടെന്നു പറയുന്നത് വിധി. ഇല്ലെന്ന് പറയുന്നത് നിഷേധം.

ഉദാ: വരുന്നു (വിധി)

വരുന്നില്ല (നിഷേധം)

വിധി രണ്ട് വിധം വരും.

## സമാനാധികരണവിധി

ഒരു വാക്യത്തിൽ ഉദ്ദേശ്യം, വിധേയം എന്നും രണ്ട് അംശമുണ്ട്. നാം ഏതിനെപ്പറ്റി പറയുന്നുവോ അത് ഉദ്ദേശ്യം. അതെന്തിനുണ്ടാകുന്നു എന്ന് പറയുന്നുവോ അത് വിധേയം.

ഉദാ: 'കാക്ക കറുത്തതാകുന്നു' എന്നതിൽ 'കാക്ക' ഉദ്ദേശ്യം 'കറുത്തതാകുന്നു' എന്നത് വിധേയം. ഇങ്ങനെ ഉദ്ദേശ്യവിധേയങ്ങൾ ഒരേ വിഭക്തിയിൽ വരുന്നത് സമാനാധികരണവിധി.

▶ ഉദ്ദേശ്യവിധേയങ്ങൾ ഒരേ വിഭക്തിയിൽ വരുന്നത് സമാനാധികരണ വിധി

## വ്യധികരണവിധി

ഉദ്ദേശ്യവിധേയങ്ങൾ വിഭിന്ന വിഭക്തിയിൽ വരുന്നത് വ്യധികരണ വിധി.

ഉദാ: കാക്കയ്ക്ക് കറുപ്പുണ്ട്.

▶ ഉദ്ദേശ്യവിധേയങ്ങൾ വിഭിന്ന വിഭക്തിയിൽ വരുന്നത് വ്യധികരണ വിധി

സംസ്കൃതത്തിൽ ഏതൊരു വിധിരൂപവും 'ന' എന്ന നിപാതത്തിന്റെ യോഗം വഴി നിഷേധമാകും. സമാസം ഉള്ളയിടത്തുമാത്രം 'അ' എന്നാണ് നിഷേധാർഥനിപാതം എന്നേ വ്യത്യാസമുള്ളു. 'ന ഭവതി', 'ന ഭവിഷ്യതി', 'ന ഭവതു', 'ന ഭുക്ത്വാ' തുടങ്ങിയ പ്രയോഗങ്ങൾ ഉദാഹരണങ്ങളാണ്. ദ്രാവിഡത്തിലെ നിഷേധരൂപനിഷ്പത്തി ഇമ്മട്ടിലല്ല. ഭാഷയിൽ നിഷേധത്തിന്റെ ഉല്പത്തി പലവിധത്തിലാണ്. കൂടാ, അരുത്, വേണ്ട, അല്ല, ഇല്ല, വയ്യ തുടങ്ങിയ പദങ്ങളുടെ സഹായം കൊണ്ടാണ് ഭാഷയിൽ നിഷേധമുണ്ടാക്കുന്നത്. സംസ്കൃതത്തിൽ 'അ', 'ന' എന്നീ നിപാതങ്ങളുടെ കൂട്ടിച്ചേർക്കൽ കൊണ്ടാണ് നിഷേധം ഉണ്ടാക്കുന്നത്. ഭാഷയിൽ നിഷേധസിദ്ധി ഓരോയിടത്തും ഓരോ വിധത്തിലാണെങ്കിലും 'ആ' എന്ന അംശം എല്ലായിടത്തും ഒരുപോലെ കാണുന്നുണ്ട്. 'ഇല്ല' എന്ന നിഷേധക്രിയയെ അനുപ്രയോഗിക്കുകയാണ് നിർദ്ദേശകപ്രകാരത്തിലുള്ള ക്രിയകളുടെ കാര്യത്തിൽ ഇന്ന് സാർവത്രികമായി സ്വീകരിക്കപ്പെടുന്ന രീതിയെങ്കിലും അവിടെപ്പോലും സ്വന്തമായ രൂപനിഷ്പത്തിനയം ദ്രാവിഡങ്ങളിലുണ്ട്.

- വാക്യഗതി രണ്ടു വിധം-വിധി-നിഷേധം

ഉദാ: വരുന്നു - വരുന്നില്ല, വന്നു - വന്നില്ല, വരും - വരുകയില്ല.

എല്ലാ ദ്രാവിഡഭാഷകളും ആദ്യകാലത്ത് 'ആ' പ്രത്യയം ചേർത്താണ് നിഷേധപ്രകൃതി ഉണ്ടാക്കിയിരുന്നത്. ഇൽ, കൽ എന്നിവയുടെ പ്രയോഗം പിന്നീടുണ്ടായതാണ്. തമിഴ്, തെലുങ്ക്, കർണ്ണാടകം എന്നീ ഭാഷകൾ ശീലഭാവിയെത്തന്നെ മൂന്നുകാലത്തിലും ഒരു ഭേദവും കൂടാതെ നിഷേധമായി പ്രയോഗിക്കുന്നു. 'പോകേൻ' എന്ന തമിഴ് രൂപത്തിന് 'ഞാൻ പോയില്ല', 'ഞാൻ പോകുന്നില്ല', 'പോവുകയില്ല' എന്ന് മൂന്ന് അർഥവുമുണ്ട്. ശീലഭാവിയിൽ മാത്രമേ പുരുഷപ്രത്യയം ചേർക്കുകയുള്ളൂ. പുരുഷഭേദം ഉള്ള ശീലഭാവി രൂപങ്ങളിൽ ഒന്നും തന്നെ ആ പ്രത്യയം കാണുന്നില്ല. 'എൻ' എന്ന പുരുഷപ്രത്യയം ഉപയോഗിക്കുമ്പോളാകട്ടെ 'ആ' പ്രത്യയം കാണുന്നുണ്ട്. അതിനാൽ 'ആ' എന്ന നിഷേധ പ്രത്യയത്തിന്റെ സാന്നിധ്യം ഉണ്ടെന്ന കാര്യം വ്യക്തമാണ്.

- 'ആ' നിഷേധ പ്രത്യയം

ഏൻ, ആയി, ആൻ തുടങ്ങിയ പുരുഷപ്രത്യയങ്ങളിലെ ആദ്യസ്വരങ്ങൾ വിധിരൂപങ്ങളിൽ ദീർഘമായും നിൽക്കും, ഹ്രസ്വമായും നിൽക്കും. എന്നാൽ നിഷേധരൂപങ്ങളിൽ ദീർഘമായി മാത്രമേ നിൽക്കുകയുള്ളൂ. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാകുന്നു. അതായത് നിഷേധപ്രത്യയമായ 'ആ' ലയിച്ച് ചേർന്നാണ് പുരുഷപ്രത്യയങ്ങളുടെ ആദ്യ സ്വരങ്ങൾ ദീർഘമായത്. നിഷേധത്തെ അനുപ്രയോഗങ്ങളുടെ കൂട്ടത്തിൽ ചേർക്കാം. ഇവ പ്രത്യയങ്ങളാണെങ്കിലും പ്രകൃതി എന്ന ഇനത്തിലും ഉൾപ്പെടും. കാരണം 'ഇ' എന്ന പ്രത്യയം ചേർക്കുമ്പോൾ പ്രയോജകപ്രവൃത്തി ഉണ്ടാകുന്നതുപോലെ 'ആ' എന്ന പ്രത്യയം ചേർക്കുമ്പോൾ നിഷേധപ്രകൃതി ഉണ്ടാകുന്നു.

- കേരളപാണിനിയുടെ നിഷേധ കല്പന

പഴയസ്ഥിതി നോക്കുമ്പോൾ നിഷേധത്തെ 'പ്രകൃതി' എന്ന വിഭാഗത്തിലും ഇപ്പോഴത്തെ സ്ഥിതി നോക്കുമ്പോൾ അനുപ്രയോഗം എന്ന വിഭാഗത്തിലും ഉൾപ്പെടുത്തേണ്ടിവരുന്നു. അതുകൊണ്ടാണ് കേരളപാണിനി രണ്ടും ഉപേക്ഷിച്ച് 'നിഷേധം' എന്ന ഒരു പ്രത്യേകമാർഗത്തെ കല്പിക്കുന്നത്.

'ആ' എന്ന പ്രത്യയം ധാതുവിൽ ചേർത്താൽ നിഷേധാർഥം. ഈ പ്രകൃതിയിൽ പിന്നെ കാലപ്രത്യയം ചേർക്കാം. എന്നാൽ ശീലഭാവിയെ സൂചിപ്പിക്കുമ്പോൾ 'ഉം' എന്ന പ്രത്യയം പ്രയോഗിക്കാതെ ധാതുമാത്രം പ്രയോഗിച്ചാൽ മതി. അതായത് 'ചെയ്യും' എന്ന ഭാവിക്ക് 'ചെയ്യായും' എന്ന് ഭാവിനിഷേധം വേണ്ട. 'ചെയ്യ' എന്നുമാത്രം മതി. ഭൂതകാല പ്രത്യയം ചേരുമ്പോൾ 'ധാതു(ചെയ്യ) + അ + തു' എന്നിങ്ങനെ 'ചെയ്യാതു' ആകുന്നു. 'തു', 'ഞ്ഞു' ആകുകയും ചെയ്യുമ്പോൾ 'ചെയ്യാഞ്ഞു' ആകുന്നു. 'ചെയ്യുന്നു' എന്ന വർത്തമാനവിധിക്ക് 'ആ' എന്ന പ്രത്യയം ചേർത്ത് 'ചെയ്യായുന്നു' എന്നാണ് വർത്തമാന നിഷേധം. ഇത് മലയാളത്തിൽ ലുപ്തപ്രചാരമായി. അതിനാൽ ഇല്ല എന്നതിനെ അനുപ്രയോഗിച്ച് വർത്തമാനകാലനിഷേധം സൃഷ്ടിക്കുന്നു.

▶ 'ഇല്ല' അനുപ്രയോഗിച്ച് നിഷേധാർഥം നിർമ്മിക്കുന്നു

വിധിവാക്യത്തിലെ ക്രിയാപദങ്ങളോട് ആ, ഇൽ, അൽ, ഒൽ, അരു, വഹി എന്നും ആറുവിധം ഖിലാധാതുരൂപങ്ങൾ ചേർത്തും നിഷേധവാക്യം ഉണ്ടാക്കാം.

വരും - വരാ
വരുന്നു - വരുന്നില്ല
പോകൂ - പോകരുതു
വരു - വരരുതു
കേൾക്കാം - കേൾക്കവഹിയാ

ഉണ്ട്, ആണ് എന്നീ രണ്ടു വർത്തമാനകാലവിധി രൂപങ്ങൾക്കു പകരം 'ഇല്ല', 'അല്ല' എന്നിവയാണ് നിഷേധരൂപമായി ഉപയോഗിക്കുന്നതും. മറ്റെല്ലാ ത്രികാലരൂപങ്ങളോടും ഇല്ല ചേർത്തുപയോഗിക്കുന്നു. അല്ല, ഇല്ലകൾക്കും അർഥം ഒന്നാണെങ്കിലും പ്രയോഗഭേദമുണ്ട്. 'അല്ല' നാമത്തോടേ ചേരൂ. അത്, ആകുന്നില്ല എന്നതിനു തുല്യമാകുന്നു. ക്രിയയിൽ അന്വയിക്കാത്തതിനാൽ അതിനു കാലഭേദമില്ല. 'ഇല്ല' ക്രിയയോടേ ചേരൂ. അതും ഉണ്ടാകുന്നില്ല എന്നതിനു തുല്യമാകുന്നു. ക്രിയാന്വയമുള്ളതിനാൽ അതിനും കാലഭേദം കാണും. 'ഇല്ല', 'അല്ല'കൾ നിഷേധാർഥക ധാതുക്കൾ തന്നെ ആകയാൽ അവയെത്തന്നെ 'ഉണ്ടാക്കുന്നില്ല', 'ആകുന്നില്ല' എന്നിവയ്ക്കുപകരം സ്വതന്ത്രമായി പ്രയോഗിക്കും.

▶ 'അല്ല'ക്ക് കാലഭേദമില്ല

'ഇല്ല'യെ കവികൾ 'ഈല'യാക്കാറുണ്ട്.

ഉദാ: 'ഇന്നലെയോളമെന്തെന്നറിഞ്ഞീല
ഇനി നാളെയുമെന്തെന്നറിഞ്ഞീല'
'ഒരു ശസ്ത്രാസ്ത്രങ്ങൾ വഴിയെ തോന്നീല"

ഈല - നിഷേധരൂപം - നിയോജകവിധായകങ്ങൾക്ക് ഒലാ, അരുത് എന്നിവ ചേർത്ത് നിഷേധരൂപങ്ങളുണ്ടാക്കുന്നു.

▶ ഒലാ, അരുത്- നിഷേധരൂപങ്ങൾ

പോക - പോകരുത്, പോകൊലാ
നില്ക്കണം - നില്ക്കരുത്, നില്ക്കൊലാ

ഭൂതകാലരൂപത്തോടും 'കൂടാ' ചേർത്തും തൻവിനയെച്ചത്തോട് (വയ്യാ) ചേർത്തും നിഷേധരൂപം സൃഷ്ടിക്കാം. ഉദാ:- പോയിക്കൂടാ- ചെയ്തുകൂടാ, പറകയ്യ - ചെയ്കവയ്യാ

ധാതുക്കളോട് 'ആ' എന്നൊരു പ്രത്യയം ചേർത്തും നിഷേധരൂപങ്ങൾ ഉണ്ടാക്കാറുണ്ട്.

▶ ധാതുക്കളോട് 'ആ' ചേർത്തും രണ്ടു നിഷേധരൂപങ്ങൾ ഒരുമിച്ച് ചേർത്തും നിഷേധം ഉണ്ടാക്കാം

ഉദാ: പറ + ആ = പറയാ
ചെയ് + ആ = ചെയ്യാ

രണ്ടു നിഷേധരൂപങ്ങൾ അടുത്തടുത്തു ചേർത്താൽ വിധിയുടെ അർഥം കിട്ടും.

ഉദാ: പട്ടിണിമരണം ഇല്ലാതില്ല. (ഉണ്ട് എന്നർഥം) ഇങ്ങനെ വ്യത്യസ്തമായ രീതിയിലാണ് ഭാഷയിൽ നിഷേധപ്രത്യയങ്ങൾ ഉള്ളത്.

### 3.4.3 കൃതികൃത്ത്, കാരകകൃത്ത്

▶ ക്രിയയിൽ നിന്നുല്പാദിപ്പിക്കുന്ന നാമങ്ങൾ

ക്രിയയിൽനിന്ന് നിഷ്പന്നങ്ങളാകുന്ന നാമങ്ങളാണ് കൃത്തുകൾ. കൃത്തുകൾ കൃതികൃത്ത്, കാരകകൃത്ത് എന്നിങ്ങനെ രണ്ട് തരത്തിലുണ്ട്. കൃതികൃത്ത് കേവലമായ ക്രിയാസ്വരൂപത്തെയും കാരകകൃത്ത് ക്രിയ നടത്തുന്ന കാരകങ്ങളിൽ ഒന്നിനെയുമാണ് സൂചിപ്പിക്കുന്നത്.

#### കൃതികൃത്ത്

▶ കേവല ക്രിയാസ്വരൂപം കൃതികൃത്ത്

കേവലമായ ക്രിയാസ്വരൂപമാണ് കൃതികൃത്ത്. ഗുണ്ടർട്ട് അതിനെ 'ഭാവനാമങ്ങൾ' എന്നാണു വ്യവഹരിക്കുന്നത്. കേരളപാണിനി ഇരുപതോളം കൃതികൃത്ത് രൂപങ്ങളെ വിധിച്ചിട്ടുണ്ട്. അൽ(തുമ്മൽ), തൽ(കെടുതൽ), പ്പ്(തേപ്പ്), വ് (നോവ്), ച(വീഴ്ച), തി(പൊറുതി), ത്ത്(കൊയ്ത്ത്), ത്തം(പിടിത്തം), അ(നില), ഇ(വേളി), അം(ആഴം), മ(താഴ്മ), വി(തോൽവി), ഇൽ(വെയിൽ), പടി(നടപടി), തല(നടുതല), മാനം(വരുമാനം), ട്(ചുമട്), മ്പ് (കെടുമ്പ്) തുടങ്ങിയവയാണ് പ്രത്യയങ്ങൾ. ഇവ വ്യവസ്ഥാപിതമല്ല. ചേർച്ചപോലെ ഉപയോഗിക്കേണ്ടതാണ്. നിഷേധപ്രകൃതികളോട് 'മ' പ്രത്യയം ചേരും. ധാതുവിനോട് 'ആ' എന്ന നിഷേധപ്രത്യയം ചേർത്തതിനുശേഷം 'മ' പ്രത്യയം ചേർത്താൽ കൃതികൃത്ത് രൂപമാകും. ഉദാ: ഇല്ലായ്മ, വല്ലായ്മ, പോരായ്മ. മിക്ക പ്രകൃതികളോടും 'അൽ' പ്രത്യയം ചേരും. ഉദാ: വരൽ, തോന്നൽ, കൊടുക്കൽ. കാരിതധാതുക്കളിൽ 'പ്പ്' പ്രത്യയം ചേരും. ഉദാ: ഇരിപ്പ്, കിടപ്പ്, നടപ്പ്, റ, ല, ള, ഴ എന്നീ വർണ്ണങ്ങളിലവസാനിക്കുന്ന ധാതുക്കളോട് 'ച' പ്രത്യയം ചേരും. ഉദാ: നേർച്ച, വളർച്ച, തളർച്ച. 'ങ' കാരാന്ത ധാതുവിൽ ഖരാദേശദിത്വവും വരും.

ഉദാ: പിണങ് – പിണക്കം, ഉറങ് – ഉറക്കം

#### കാരകകൃത്ത്

▶ 'അൻ', 'ഇ'– പ്രത്യയങ്ങൾ

കാരകങ്ങളിൽ ഒന്നിനെ പ്രധാനപദവിയിൽ കാണിക്കുന്നതാണ് കാരകകൃത്ത്. കാരകങ്ങളിൽ പ്രധാനം കർത്താവാണ്. മറ്റു കാരകങ്ങളെ വിവക്ഷപോലെ കർത്താവാക്കുകയും ചെയ്യാം. 'അൻ', 'ഇ' എന്ന പ്രത്യയങ്ങളാണ് കാരകകൃത്തിനുള്ളത്. ഇത് ചേർക്കുന്ന പ്രക്രിയയിൽ വ്യവസ്ഥാരാഹിത്യം ഉണ്ട്. ഉദാ: നൊണയൻ, ചതിയൻ, കാടൻ. 'ഇ' പ്രത്യയം അധികവും സമാസത്തിലാണ് കാണുക. ഉദാ: മരം ചാടി(മരത്തിൽ ചാടുന്നു), നാണം കുണുങ്ങി(നാണം കൊണ്ട് കുണുങ്ങു

ന്നു).

## ക്രിയാനാമങ്ങൾ

ഒരു ദ്രവ്യത്തിന്റെയോ ഗുണത്തിന്റെയോ ക്രിയയുടെയോ പേരായ ശബ്ദമാണ് നാമം. ഉദാ: മരം, കല്ല്, ഓട്ടം, ചാട്ടം. നാമത്തിനെ പ്രധാനമായും കേരളപാണിനി മൂന്നായി വിഭജിച്ചിട്ടുണ്ട്. ദ്രവ്യനാമം, ക്രിയാനാമം, ഗുണനാമം എന്നിവയാണവ. ഒരു ദ്രവ്യത്തിന്റെ പേരായ ശബ്ദത്തിനെയാണ് 'ദ്രവ്യനാമം' എന്നു പറയുന്നത്. ഉദാ: പേന, വസ്ത്രം, മല. ഒരു പ്രവൃത്തിയുടെ പേരായ ശബ്ദത്തിനെയാണ് 'ക്രിയാനാമം' എന്നു പറയുന്നത്. ഉദാ: ഉറക്കം, ചാട്ടം, ഓട്ടം, നോട്ടം. ഒരു ഗുണത്തെ കുറിക്കുന്ന നാമം 'ഗുണനാമം'. ഉദാ: വെളുപ്പ്, ധൈര്യം, തിന്മ, നന്മ. സർവത്തിന്റെയും നാമമായ സർവനാമത്തെ ദ്രവ്യനാമത്തിലാണ് കേരളപാണിനി ഉൾപ്പെടുത്തിയിരിക്കുന്നത്.

▶ ദ്രവ്യനാമം, ഗുണനാമം, ക്രിയാനാമം

ക്രിയാവാചകമായ ശബ്ദത്തെയാണ് 'കൃതി' എന്ന് വിളിക്കുന്നത്. ഒരു പ്രവൃത്തി ചെയ്യുന്നു എന്നോ, ഒന്ന് ഒരു വിധത്തിൽ ഇരിക്കുന്നു വെന്നോ കാണിക്കുന്ന ശബ്ദങ്ങൾ എല്ലാം കൃതികൾ. പ്രവൃത്തി, സ്ഥിതി ഇവയിൽ ഒന്നായിരിക്കും ക്രിയയുടെ വാച്യം. ഉദാഹരണത്തിന് 'കോഴി കൂവുന്നു' എന്ന വാക്യത്തിൽ 'കൂവുന്നു' എന്നത് കോഴി ചെയ്യുന്ന പ്രവൃത്തിയും 'നേരം വെളുക്കുന്നു' എന്ന വാക്യത്തിൽ 'വെളുക്കുന്നു' എന്നത് സ്ഥിതിയുമാണ്.

▶ കൃതിയുടെ വാച്യം-പ്രവൃത്തി, സ്ഥിതി ഇവയിൽ ഒന്നാണ്

കൃതികളെ അർഥം പ്രമാണിച്ച് സകർമ്മകം, അകർമ്മകം എന്നും കർത്താവ് ചെയ്യുന്ന പ്രേരണയെ ആസ്പദമാക്കി കാരിതം, അകാരിതം എന്നും ക്രിയയുടെ പ്രാമാണ്യത്തെ ആസ്പദമാക്കി മുറ്റുവിന, പറ്റുവിന എന്നും തിരിക്കുന്നുണ്ട്.

▶ അർഥം - പ്രേരണ - പ്രാമാണ്യം അടിസ്ഥാനമാക്കിയുള്ള കൃതി വിഭജനം

## ക്രിയാവിശേഷണം

ശരിയായ അർഥത്തിൽ ക്രിയാവിശേഷണങ്ങൾ തമിഴ് മലയാളങ്ങളിലുള്ളതായി കാൽഡ്വലും ഗുണ്ടർട്ടും പറയുന്നില്ല. അവരുടെ അഭിപ്രായത്തിൽ 'വിനയെച്ച'ങ്ങളാണ് ക്രിയാവിശേഷണങ്ങളായി കാണുന്നത്. കേരളപാണിനി 'ശബ്ദവിഭാഗ'ത്തിൽ ഭേദകവിഭാഗങ്ങളെ വിവരിക്കുന്നിടത്ത് ക്രിയാംഗജം എന്നതിനെക്കുറിച്ച് പറയുന്നുണ്ട്. 'ഇതുമാത്രം ക്രിയയിൽ അന്വയിക്കുന്നതാകയാൽ ക്രിയാവിശേഷണമായിട്ടേ വരൂ' എന്ന വിശദീകരണത്തിൽനിന്ന് അവ വിനയെച്ചമാണെന്ന് അദ്ദേഹവും സമ്മതിക്കുന്നു എന്ന് മനസിലാക്കാം.

▶ വിനയെച്ചങ്ങളാണ് ക്രിയാവിശേഷണങ്ങൾ

രൂപത്തിലും അർഥത്തിലും ശരിയായ ക്രിയാവിശേഷണങ്ങൾ ഇന്നത്തെ ഭാഷയിലുള്ളത് സി. എൽ. ആന്റണി 'കേരളപാണിനീയഭാഷ്യ'ത്തിൽ എടുത്തുകാണിക്കുന്നുണ്ട്. കുറെ, കൂടെ, ഉയരെ, ഒഴികെ, താഴെ, പരക്കെ തുടങ്ങിയ രൂപങ്ങളാണ് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത്. ഇവയെല്ലാം നടുവിനയെച്ചത്തിൽ 'എ' പ്രത്യയം ചേർന്ന രൂപമാണെങ്കിലും വാക്യത്തിൽ അവ ക്രിയാർഥം ജനിപ്പിക്കുന്നില്ല. വിശേഷണാർഥത്തിൽ മാത്രമാണ് ഇവയുടെ പ്രയോഗം. തമിഴിലും പ്രാചീനമലയാളത്തിലും ഇല്ലായിരുന്ന, മലയാളത്തിൽ പിൽക്കാലത്തു രൂപംകൊണ്ട ഈ തൻവിനയെച്ചങ്ങൾ ഭിന്നമായൊരു വ്യാകരണ

ധർമ്മം നിർവഹിക്കുന്നതായി കണ്ടെത്താൻ കേരളപാണിനിക്കു കഴിഞ്ഞില്ല. പദവിഭജനത്തിൽ രൂപത്തെയും അർത്ഥത്തെയും ഒരുപോലെ നിയാമകമാക്കണം എന്ന ഭാഷാശാസ്ത്രതത്ത്വമാണ് ഇതിൽ അന്തർഭവിക്കുന്നത്. 'പൊടുന്നനെ', 'കുത്തനെ' എന്നീ ഉദാഹരണങ്ങളെ മുൻനിർത്തി 'അനെ' എന്നൊരു പ്രത്യയത്തിന്റെ യോഗം കൊണ്ടും മലയാളത്തിൽ ക്രിയാവിശേഷണമുണ്ടാകുമെന്ന് സി. എൽ ആന്റണി ചൂണ്ടിക്കാണിക്കുന്നു. വില കുത്തനെ ഇടിഞ്ഞു, പൂച്ച വിലങ്ങനെ ചാടി എന്നീ ഉദാഹരണവാക്യങ്ങളിൽ അവ ക്രിയാവിശേഷണമാണെന്ന് വ്യക്തമാകുന്നു. 'എൻ' എന്ന ധാതുവിന്റെ തൻവിനയെച്ചമായ 'എന്നെ' എന്നതിന് വർണ്ണവികാരം വന്ന രൂപമാണ് 'അനെ' കേരളപാണിനീയത്തിലെ 167-ാം കാരികയിൽ,

> "എൻ നിരൂപകമാം ധാതു,
> സമ്പത്തി ക്രിയയാവുക;
> ഇവരണ്ടിൽ പറ്റുവിന-
> രൂപമവ്യയമായ് വരും'' എന്ന് സൂചിപ്പിക്കുന്നുണ്ട്.

'എൻ' എന്ന ഖിലധാതുവിന് ഒരു വസ്തുവിന്റെയോ സംഗതിയുടെയോ സ്വരൂപത്തെ നിരൂപണം ചെയ്ക അർഥമാകയാൽ അതിനെ 'നിരൂപകക്രിയ' എന്നു വിളിക്കാമെന്ന് എ. ആർ. അഭിപ്രായപ്പെടുന്നുണ്ട്. വാക്യത്തിൽ സ്വാതന്ത്ര്യപ്രയോഗാർഹതയുള്ള, സ്വന്തമായ വ്യാകരണരൂപവും അർഥവുമുള്ള ക്രിയാവിശേഷണങ്ങൾ മലയാളത്തിലുണ്ടെന്ന് ഇതിൽ നിന്നു വ്യക്തമാകുന്നു.

> ▶ പദവിഭജനത്തിൽ രൂപത്തിനും അർഥത്തിനും പ്രാധാന്യം നൽകണം

## വിവർത്തനപ്രക്രിയ

> 'മൂലപ്രകൃതിയിൽ സാരം
> ബീജമക്ഷരമൊന്നുതാൻ;
> വിവർത്തനപ്രക്രിയയാ
> ലതു പിന്നൂതിവീർത്തിടും'. (കേരളപാണിനീയം കാരിക - 188)

മൂലഭൂതമായ പ്രകൃതി സത്ത്വമായാലും ധാതുവായാലും ആദ്യത്തിൽ ഏകാക്ഷരമായിരിക്കണം എന്നാണ് ഊഹം. എന്നാൽ ഇപ്പോൾ പ്രകൃതിയായി കാണുന്ന സത്ത്വങ്ങളും ധാതുക്കളും ഊതിവീർത്ത് അനേകാക്ഷരങ്ങളായിത്തീർന്നിട്ടുണ്ട്. ഇതിനുള്ള കാരണം വിവർത്തനപ്രക്രിയയാകുന്നു. ഇത്തരത്തിൽ ഏകാക്ഷരധാതുക്കളെ അനേകാക്ഷരധാതുക്കളാക്കുന്ന പ്രക്രിയയാണ് വിവർത്തന പ്രക്രിയ. അതിന്റെ സ്വഭാവം വിവരിക്കാം.

> ▶ ഏകാക്ഷരധാതുക്കളെ അനേകാക്ഷരധാതുക്കളാക്കുന്ന പ്രക്രിയ

ഉദാ: സത്ത്വം: കൈ, തീ, കാൽ, കൽ, നെൽ, മൺ, ഉൾ, നേർ

ധാതു: ആ, ചീ, തൂ, തേ, പോ, അറ്, വിട്, പുക്, ഉണ്

ഈ ഊഹത്തിനുള്ള അടിസ്ഥാനമെന്നത് ഒന്നാമത് പണ്ടുണ്ടായിരുന്ന ഏകമാത്രകധാതുക്കളിൽ മിക്കതും ഇപ്പോൾ ഖിലങ്ങളായിത്തീർന്നിരിക്കുന്നു. എൻ, ഉൾ, ഇൽ, അൽ, വേൺ, തക്, മിക് ഇത്യാദികൾ നോക്കുക. എൻ എന്നു, എന്ന; ഉൾ-ഉണ്ട്, ഉള്ളൂ; ഇൽ-ഇല്ല; അൽ-അല്ല; വേൺ-വേണ്ടും, വേണ്ടി; തക്-തക്ക; മിക്-മിക്ക ഇങ്ങനെ ഏതാനും രൂപങ്ങൾ മാത്രമേ ഇന്നു നടപ്പുള്ളൂ. ഇതിൽ എൻ മുതലായ ചില

> ▶ ഏകമാത്രകധാതുക്കളിൽ മിക്കതും ഇപ്പോൾ ഖിലങ്ങളായിത്തീർന്നിരിക്കുന്നു.

ധാതുക്കൾ അവ്യയങ്ങളായിപ്പോയി; ചിലതിന് അനുപ്രയോഗമായിട്ടേ പ്രചാരമുള്ളൂ; തക്, മിക് മുതലായവയ്ക്കു മുറ്റുവിനയിൽ പ്രയോഗമേ ഇല്ല. ഖിലമാകാതെ നടപ്പിൽത്തന്നെ ഇരിപ്പുള്ളവയിൽ മിക്കതും മാത്രയോ വർണ്ണമോ അക്ഷരമോ ചേർന്നു നീണ്ടിരിക്കുന്നു. പുക്-പുക്ക്. ഇതിപ്പോൾ സ്വരം ദീർഘിച്ചു പൂക് എന്നായിട്ട് പൂകുന്നു, പൂകി, പൂകും എന്ന മട്ടിൽ എല്ലാ രൂപങ്ങളിലും നടക്കുന്നു. മീതു, മീതേ, മീത്തു, മീത്തൽ എന്ന പദങ്ങളിൽ മാത്രം ശേഷിച്ചിരിക്കുന്നതും ഉപരി എന്നർഥമുള്ളതുമായ മീ എന്ന പ്രകൃതിക്ക് ഇപ്പോൾ മികക്കുന്നു, മികത്തു, മികക്കും എന്നോ, മികയ്ക്കുന്നു, മികച്ചു, മികയ്ക്കും എന്നോ നീണ്ടിട്ടുള്ള വേഷത്തിലാണു പ്രചാരം. ഒടുങ്ങുക എന്നതിന്റെ ക്രിയാനാമം ആയിട്ട് നാം ഒടുവ് എന്ന് പ്രയോഗിക്കാറുണ്ട്. ഇതിൽ ങ കാരം കാണായ്കയാൽ ആദ്യകാലത്ത് ധാതു ഒട് എന്നു മാത്രമായിരുന്നിരിക്കണം എന്നു പറയേണ്ടിവരുന്നു.

## Summarised Overview

ഒരു ധാതുവിന്റെ അർഥം ഏതു രീതിയിൽ വെളിപ്പെടുത്തുന്നുവോ അതിനെയാണ് പ്രകാരം എന്നു പറയുന്നത്. ക്രിയാരൂപങ്ങളുടെ വിശേഷാർഥം വെളിപ്പെടുത്തലാണ് പ്രകാരത്തിന്റെ ധർമ്മം. നിയോജകപ്രകാരം, വിധായകപ്രകാരം, അനുജ്ഞായകപ്രകാരം, നിർദ്ദേശകപ്രകാരം എന്നിങ്ങനെ പ്രകാരം നാലു വിധത്തിൽ ഉണ്ട്. പ്രകാരപ്രത്യയങ്ങൾ അനുപ്രയോഗ നിഷ്പന്നമാണ് എന്നാണ് കേരളപാണിനിയുടെ അഭിപ്രായം. ക്രിയ പ്രയോഗിക്കുമ്പോൾ അതിന്റെ ആശ്രയങ്ങളായ കാരകങ്ങളിൽ പ്രാധാന്യം കല്പിക്കപ്പെടുന്ന കാരകത്തിന്റെ അടിസ്ഥാനത്തിൽ രണ്ടു പ്രയോഗങ്ങൾ ഭാഷയിലുണ്ട്. കർത്തൃകാരകത്തിന് പ്രാധാന്യമുള്ളതിനെ കർത്തരിപ്രയോഗം എന്നും കർമ്മകാരകത്തിന് പ്രാധാന്യമുള്ളതിനെ കർമ്മണിപ്രയോഗം എന്നും തിരിച്ചിട്ടുണ്ട്. പ്രാചീനഭാഷയിൽ കർമ്മണിപ്രയോഗത്തിന്റെ ഉപയോഗം കാര്യമായി ഇല്ല. കർത്തരിപ്രയോഗമാണ് ഭാഷയ്ക്ക് സ്വന്തമായുള്ളത്.

വാക്യഗതി 'വിധി' എന്നും 'നിഷേധം' എന്നും രണ്ടുവിധത്തിലുണ്ട്. ഉണ്ട് എന്നുപറയുന്നത് വിധി എന്നും ഇല്ല എന്നുപറയുന്നത് നിഷേധം എന്നും അറിയപ്പെടുന്നു. ക്രിയയിൽ നിന്ന് നിഷ്പന്നങ്ങളാകുന്ന നാമങ്ങളെ 'കൃത്തുകൾ' എന്നു വിളിക്കുന്നു. കേവലമായ ക്രിയാസ്വരൂപത്തെ കൃതികൃത്ത് എന്നും കാരകങ്ങളിലൊന്നിനെ പ്രധാന പദവിയിൽ കാണിക്കുന്നത് കാരകകൃത്ത് എന്നുമാണ് അറിയപ്പെടുന്നത്. നാമത്തിനെ കേരളപാണിനി മൂന്നായി തിരിച്ചതിൽ ഒരു പ്രവൃത്തിയുടെ പേരായ ശബ്ദത്തിനെയാണ് ക്രിയാനാമം എന്നു പറയുന്നത്. ക്രിയാവാചകമായ ശബ്ദം, കൃതി എന്നു വിളിക്കപ്പെടുന്നു. സ്വന്തമായ വ്യാകരണരൂപവും അർഥവുമുള്ള ക്രിയാവിശേഷണങ്ങൾ മലയാളത്തിൽ ഉണ്ടെന്ന് മുൻകാല വൈയാകരണന്മാരെ തിരുത്തി ആധുനിക വ്യാകരണം സ്ഥാപിച്ചിട്ടുണ്ട്.

## Assignments

1. പ്രകാരപ്രത്യയങ്ങളുടെ ആഗമം വിശദമാക്കുക.
2. കർമ്മണിപ്രയോഗം ഭാഷയിൽ ആവശ്യമോ? ചർച്ച ചെയ്യുക.
3. ഭാഷയിലെ നിഷേധപ്രത്യയങ്ങൾ ഏതൊക്കെയെന്ന് വിവരിക്കുക
4. കൃതികൃത്ത്, കാരകകൃത്ത് ഇവ എന്തെന്ന് വിശദമാക്കുക.
5. ക്രിയാനാമം എന്തെന്ന് വിശദമാക്കുക.
6. നിഷേധപ്രത്യയങ്ങളുടെ ആഗമം വിശദമാക്കുക.
7. വിവർത്തന പ്രക്രിയ എന്നാലെന്തെന്നു വിശദമാക്കുക.

## Reference


1. എ. ആർ. രാജരാജവർമ്മ, കേരളപാണിനീയം, എൻ. ബി. എസ്., കോട്ടയം.
2. സി. എൽ. ആന്റണി, കേരളപാണിനീയഭാഷ്യം, ഡി. സി. ബുക്സ്, കോട്ടയം.
3. കെ. ശ്രീകുമാരി., മലയാളത്തിലെ നാമവർഗം, താരതമ്യപഠനസംഘം, ചങ്ങനാശ്ശേരി.
4. പുതുശ്ശേരി രാമചന്ദ്രൻ (സമ്പാദനം), കേരളപാണിനീയവിമർശനം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## Suggested Reading


1. കെ. സുകുമാരപിള്ള, ആധുനികമലയാളവ്യാകരണം, ഉഷാ പബ്ലിക്കേഷൻ, ചടയമംഗലം.
2. എൻ. കെ. മേരി, മലയാള വ്യാകരണസിദ്ധാന്തങ്ങൾ കേരളപാണിനീയത്തിനുശേഷം, താരതമ്യപഠനസംഘം, ചങ്ങനാശ്ശേരി.
3. ഡോ. ഉണ്ണി ആമപ്പാറയ്ക്കൽ, മലയാള വ്യാകരണം: സംവാദങ്ങൾ സമന്വയങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# സമാസം-വർണ്ണം-വാക്യം

## BLOCK-04

Unit 1

# സമാസം

## Learning Outcomes

- സമാസത്തിന്റെ നിർവചനങ്ങൾ തിരിച്ചറിയുന്നു
- സമാസത്തിന്റെ ഉപവിഭാഗങ്ങൾ മനസിലാക്കുന്നു
- സമാസത്തെക്കുറിച്ചുള്ള വിവിധ അഭിപ്രായങ്ങൾ ക്രോഡീകരിക്കുന്നു

## Background

വാക്യാന്തർഗതമായ വിഭിന്നരീതിയിലുള്ള പദങ്ങളുടെ ചർച്ചയിൽ സമാസം പ്രധാനമായ ഒരു വിഷയം ആണ്. പൂർവവൈയാകരണന്മാർ 'സമാസം' എന്നൊരു നാമപദസംവിധാനത്തെ പൊതുവേ അംഗീകരികരിക്കുന്നുണ്ടെങ്കിലും ഓരോരുത്തരും അതിനെ സംബന്ധിച്ച് ആവിഷ്കരിച്ചിരിക്കുന്ന അഭിപ്രായങ്ങളിൽ കുറേയൊക്കെ വ്യത്യാസങ്ങളുണ്ട്. സമാസത്തിലെ ഘടകപദങ്ങളുടെ ചേരുവയെപ്പറ്റിയുള്ള സംഗതികളിലൂന്നിയാണ് ഇവർ ഈ വ്യത്യസ്ത നിർവചനങ്ങൾ നൽകിയിരിക്കുന്നത്. ശേഷഗിരി പ്രഭുവിന്റെ സമാസ ചർച്ചയിൽ 'തമ്മിൽ സംബന്ധമുള്ള പദങ്ങൾ ഒന്നായിച്ചേർന്ന് ഒരു പദമായി അർഥം മാത്രം കാണിക്കുന്ന പദകദംബത്തിനു സമാസം എന്നു പേര്'. 'സമാസത്തിന്റെ അർഥം കാണിപ്പാൻ ഉപയോഗിക്കുന്ന വാക്യമാകുന്നു വിഗ്രഹവാക്യം' എന്നും നിർവചനങ്ങൾ കാണാം. സമാസത്തിൽ ഒഴിവായ ശബ്ദങ്ങളെല്ലാം സമാസം വിഗ്രഹിക്കുമ്പോൾ കടന്നുവരും. സമാസത്തിന്റെ ഇടയിൽ അന്യപദങ്ങൾക്ക് പ്രവേശനം ഇല്ല. ഐകപത്യവും ഏകാർഥീഭാവവും ഉള്ളപദമാണ് സമാസം. വിഭക്ത്യാദി പ്രത്യയങ്ങൾ അന്ത്യപദത്തിനു ശേഷമേ ചേർക്കാവൂ. വിശേഷണാദികൾ സമാസാർഥത്തോട് (ഉത്തരപദമോ അന്യപദമോ നൽകുന്ന അർഥത്തോട്) അന്വയിക്കയല്ലാതെ അതിലെ അവയവങ്ങളോടു ചേരുകയില്ല. ഇങ്ങനെ സമാസത്തെ സംബന്ധിക്കുന്ന എല്ലാ സംഗതികളും ശേഷഗിരിപ്രഭു സ്പർശിച്ചിട്ടുണ്ട്.

കേരളപാണിനീയത്തിലെ സമാസചർച്ചയിൽ എ.ആർ 'വിഭക്തികളുടെയും മറ്റും സഹായം കൂടാതെ ശബ്ദങ്ങളെ കേവലം കൂട്ടിച്ചേർക്കുന്നതിനാൽത്തന്നെ അവയ്ക്കു തമ്മിലുള്ള സംബന്ധത്തെക്കുറിക്കുകയാകുന്നു സമാസത്തിന്റെ സ്വഭാവം' എന്നു പറഞ്ഞിരിക്കുന്നു. ഈ നിർവചനപ്രകാരം എല്ലാത്തരം വാചകശബ്ദങ്ങളുടെയും കൂടിച്ചേരൽ സമാസമാകുമെന്നാണ് കേരളപാണിനിയുടെ നിഗമനം. തലവേദന, ചെന്താമര, താമരപ്പൂമണം എന്നിങ്ങനെ സമാസത്തിന് നൽകുന്ന ഉദാഹരണ വിശദീകരണങ്ങളും തൃപ്തികരം തന്നെ. കേരളപാണിനി - തൽപുരുഷസമാസം, ദ്വന്ദ്വ സമാസം , ബഹുവ്രീഹി സമാസം, അവ്യയീഭാവ സമാസം എന്നിങ്ങനെ പൊതുവിൽ നാലായി സമാസത്തെ തിരിച്ചിരിക്കുന്നു.

## Key themes

സമാസം - തൽപുരുഷസമാസം - ദ്വന്ദ്വസമാസം - ബഹുവ്രീഹിസമാസം - അവ്യയീഭാവസമാസം - ദ്വിഗുസമാസം - മധ്യമപദലോപി - നിത്യസമാസം

## Discussion

### സമാസം

> ▶ വ്യാകരണപരമായി ഒറ്റപ്പദം ആയിരിക്കത്തക്കവണ്ണമുള്ള പദസംയോഗമാണ് സമാസം

'വിഭക്തിക്കുറിക്കൂടാതെ പദയോഗം സമാസമാം' (കേരളപാണിനീയം, കാരിക 181) എന്ന് കേരളപാണിനി സമാസത്തെ നിർവചിച്ചിരിക്കുന്നു. അതായത് വ്യാകരണപരമായി ഒറ്റപ്പദം ആയിരിക്കത്തക്കവണ്ണമുള്ള പദസംയോഗമാണ് സമാസം. രണ്ടോ അതിലധികമോ പദങ്ങൾ കൂടിച്ചേർന്ന് സമാസങ്ങൾ ഉണ്ടാകുന്നു. അപ്രകാരം പദങ്ങൾ സമാസിച്ചുണ്ടാകുന്ന ഒറ്റ പദത്തെ സമസ്തപദം എന്നും ഒരു സമസ്തപദം ഉണ്ടാക്കാനായി തമ്മിൽ ചേരുന്ന പദങ്ങളെ ഘടകപദങ്ങൾ എന്നും പറയുന്നു. അവയിൽ ആദ്യത്തെ പദത്തെ പൂർവപദമെന്നും രണ്ടാമത്തെ പദത്തെ ഉത്തരപദമെന്നും പറയുന്നു. പൂർവ്വോത്തരപദങ്ങളുടെ പ്രാധാന്യമനുസരിച്ച് സമാസം മൂന്നുരീതിയിൽ വരാം.

| | | |
|---|---|---|
| ഉത്തരപദാർഥ പ്രധാനം | - | തൽപുരുഷൻ - താമരക്കുളം |
| ഉഭയപദാർഥ പ്രധാനം | - | ദ്വന്ദ്വൻ - രാപകൽ |
| അന്യപദാർഥ പ്രധാനം | - | ബഹുവ്രീഹി - പീതാംബരൻ |

> ▶ സമാസം മൂന്ന് വിധം - തൽപുരുഷൻ, ബഹുവ്രീഹി, ദ്വന്ദൻ

വിഭക്തികളുടെയും മറ്റും സഹായം കൂടാതെ ശബ്ദങ്ങളെ കേവലം കൂട്ടിച്ചേർക്കുന്നതിനാൽത്തന്നെ അവയ്ക്ക് തമ്മിലുള്ള സംബന്ധത്തെക്കുറിക്കുകയായിരുന്നു, സമാസത്തിന്റെ സ്വഭാവം തലയിലെ വേദന എന്ന് പറയുന്നതിനു പകരം 'തല', 'വേദന' എന്നീ ശബ്ദങ്ങളെ ഒന്നിച്ചുചേർത്ത് പറയുന്നതാണ് സമാസം. ഇവിടെ പ്രത്യയങ്ങൾ ഇല്ല. പ്രത്യയങ്ങൾ ലോപിച്ചുപോകാതെ നിൽക്കുന്ന സമാസവും ഉണ്ട്. ഉദാ:- ഉമ്മത്തിൻകായ്, കൂവളത്തുംവേര്.

### 4.3.1 തൽപുരുഷ സമാസം

> ▶ ഉത്തരപദപ്രധാനമായ സമാസമാണ് തൽപുരുഷ സമാസം

ഉത്തരപദപ്രധാനമായ സമാസമാണ് തൽപുരുഷ സമാസം. പൂർവപദം വിശേഷണവും ഉത്തരപദം വിശേഷ്യമെന്ന നിലയിൽ ഘടകപദങ്ങൾ ചേർന്നുണ്ടാകുന്ന സമാസമാണ് തൽപുരുഷസമാസം. പൂർവപദം നാമമോ ക്രിയയോ ഭേദകമോ ആകാം. ഘടകപദങ്ങളിൽ പൂർവപദത്തിന്റെ വിഭക്തിക്കനുസരിച്ച് തൽപ്പുരുഷൻ പലരീതിയിൽ വരാം.

ഉദാ:

| | | |
|---|---|---|
| സീതാപതി | - | സീതയുടെ പതി |
| രാമബാണം | - | രാമന്റെ ബാണം |

ഉത്തരപദാർഥപ്രധാനം

## തൽപുരുഷസമാസം ഏഴു വിധം

**1. നിർദ്ദേശികാതൽപുരുഷൻ**

വിശേഷണം സമാനാധികരണമായി വരുന്നത് - വിശേഷണവും വിശേഷ്യവും ഒരേ വിഭക്തിയിൽ വരുന്നത്.

ഉദാ:

| | | |
|---|---|---|
| നളരാജാവ് | - | നളൻ എന്ന രാജാവ് |
| കേരളദേശം | - | കേരളം എന്ന ദേശം |

**2. പ്രതിഗ്രാഹികാതൽപുരുഷൻ**

ഉദാ:

| | | |
|---|---|---|
| പാക്കുവെട്ടി | - | പാക്കിനെ വെട്ടുന്നത് |
| നിലന്തല്ലി | - | നിലത്തെ തല്ലുന്നത് |
| ചവറുമാന്തി | - | ചവറിനെ മാന്തുന്നത് |

**3. സംയോജികാതൽപുരുഷൻ**

ഉദാ:

| | | |
|---|---|---|
| പന്തൊക്കും | - | പന്തിനോടൊക്കും |
| സിംഹതുല്യൻ | - | സിംഹത്തോടു തുല്യൻ |
| പിതൃസമൻ | - | പിതാവിനോട് സമൻ |

**4. ഉദ്ദേശികാതൽപുരുഷൻ**

ഉദാ:

| | | |
|---|---|---|
| പടക്കുതിര | - | പടയ്ക്കുള്ള കുതിര |
| ഗുരുദക്ഷിണ | - | ഗുരുവിനുള്ള ദക്ഷിണ |
| ഭൂതബലി | - | ഭൂതങ്ങൾക്കുള്ള ബലി |

► തൽപ്പുരുഷസമാസ വിഭാഗങ്ങൾ ഏഴു വിധം

**5. പ്രയോജികാതൽപുരുഷൻ**

ഉദാ:

| | | |
|---|---|---|
| മാങ്ങാക്കറി | - | മാങ്ങകൊണ്ടുള്ള കറി |
| വാൾപയറ്റ് | - | വാളുകൊണ്ടുള്ള പയറ്റ് |
| രോഗഭീതിതൻ | - | രോഗം കൊണ്ട് ഭീതിതൻ |

**6. സംബന്ധികാതൽപുരുഷൻ**

ഉദാ:

| | | |
|---|---|---|
| പൂമണം | - | പൂവിന്റെ മണം |
| കടൽക്കര | - | കടലിന്റെ കര |
| പർവതശിഖരം | - | പർവതത്തിന്റെ ശിഖരം |

**7. ആധാരികാതൽപുരുഷൻ**

ഉദാ:

| | | |
|---|---|---|
| തലവേദന | - | തലയിലെ വേദന |
| തോൾവള | - | തോളിലെ വള |
| കലാപ്രവീണൻ | - | കലകളിൽ പ്രവീണൻ |

## 4.3.2 ദ്വന്ദ്വസമാസം

ഘടകപദങ്ങൾക്ക് തുല്യപ്രാധാന്യമുള്ള സമാസത്തെയാണ് ദ്വന്ദ്വസമാസം എന്നു പറയുന്നത്. സമുച്ചയാർഥത്തിലും വികല്പാർഥത്തിലും ഇതിനു പ്രയോഗമുണ്ട്.

(സർവ്വപദാർഥ പ്രധാനോദ്വന്ദ്വ) വചന പ്രത്യയം ചേർത്തോ ചേർക്കാതെയോ പ്രയോഗിക്കാവുന്നതാണ്.

> ▶ ദ്വന്ദ്വൻ - സർവ്വപദാർഥപ്രധാനം

ഉദാ:

| | | |
|---|---|---|
| അച്ഛനമ്മമാർ | - | അച്ഛനും അമ്മയും |
| വാഗർഥങ്ങൾ | - | വാക്കും അർഥവും |
| സീതാസാവിത്രിമാർ | - | സീതയും സാവിത്രിയും |
| രാപകൽ | - | രാവും പകലും |

### ദ്വന്ദ്വവിഭാഗങ്ങൾ

**1. സമാഹാരദ്വന്ദ്വൻ**

പ്രത്യയം കൂടാതെ ഒന്നിലധികം പദങ്ങളെ ചേർത്ത് പ്രയോഗിക്കുന്നതാണ് സമാഹാരദ്വന്ദ്വൻ.

ഉദാ:

കുടതഴചാമരം

ആനകുതിരതേരുകാലാൾ

> ▶ ദ്വന്ദ്വസമാസം രണ്ട് വിധം

**2. ഇതരേതരദ്വന്ദ്വൻ**

ലിംഗവചനപ്രത്യയങ്ങൾ സമാസിക്കുന്ന പദത്തിന്റെ ഒടുവിൽ ചേർത്തു പ്രയോഗിക്കുന്നതാണ് ഇതരേതരദ്വന്ദ്വൻ.

ഉദാ: ഉമാരമാസരസ്വതിമാർ (മാർ - പ്രത്യയം )

നരമൃഗാദികൾ (കൾ -പ്രത്യയം )

## 4.3.3 ബഹുവ്രീഹിസമാസം

വിഗ്രഹിക്കുമ്പോൾ ഘടകപദങ്ങൾക്കല്ലാതെ മറ്റൊരു പദത്തിന് പ്രാധാന്യം വരുന്ന സമാസം.

> ▶ ബഹുവ്രീഹി - അന്യപദാർഥ പ്രധാനം

ഉദാ:

| | | |
|---|---|---|
| നാന്മുഖൻ | - | നാലുമുഖമുള്ളവൻ |
| മുക്കണ്ണൻ | - | മൂന്നു കണ്ണുള്ളവൻ |

ബഹുവ്രീഹി സമാസത്തിന് മൂന്ന് വിഭാഗങ്ങൾ ഉണ്ട്.

**1. ഉപമാഗർഭ ബഹുവ്രീഹി**

ഉപമാവാചകപദം കൂടി ചേർത്ത് സമാസിക്കുന്നതാണ് ഉപമാഗർഭ ബഹുവ്രീഹി.

ഉദാ:

| | | |
|---|---|---|
| കഞ്ജനേർമിഴി | - | കഞ്ജത്തോടു നേരായ മിഴിയുള്ളവൾ |
| കായാമ്പൂസമവർണ്ണൻ | - | കായാമ്പൂവിന് സമമായ വർണ്ണമുള്ളവൻ |

**2. ഉപമാലുപ്ത ബഹുവ്രീഹി**

ഉപമാവാചകം ലുപ്തമായ ബഹുവ്രീഹിയാണ് ഉപമാലുപ്ത ബഹുവ്രീഹി.

ബഹുവ്രീഹി സമാസം നാലു വിഭാഗങ്ങൾ

ഉദാ:

| | | |
|---|---|---|
| മതിമുഖി | - | മതിയെപ്പോലുള്ള മുഖത്തോട് കൂടിയവൾ |
| കായാമ്പൂവർണ്ണൻ | - | കായാമ്പൂ പോലുള്ള വർണ്ണമുള്ളവൻ |
| ചന്ദ്രമുഖി | - | ചന്ദ്രനെപ്പോലെ മുഖമുള്ളവൾ |

**3. ഉപമാനലുപ്ത ബഹുവ്രീഹി**

ഉപമാനപദം ലോപിച്ചിട്ടുള്ളത് ഉപമാനലുപ്തം.

ഉദാ:

| | | |
|---|---|---|
| പേടക്കണ്ണി | - | പേടയുടെ കണ്ണുപോലുള്ള കണ്ണുകൾ ഉള്ളവൾ |
| അന്നനടയാൾ | - | അന്നത്തിന്റെ നടപോലുള്ള നടയുള്ളവൾ |

**4. ഉപമേയലുപ്ത ബഹുവ്രീഹി**

മൂന്നാമതൊരു പദാർഥ പ്രതീതി ജനിപ്പിക്കുന്നത്

ഉപമേയപദം കാണിക്കാതെ ഉപമാനപദത്തിലൂടെ മൂന്നാമതൊരു പദത്തിന്റെ അർഥപ്രതീതി ഉണ്ടാക്കുന്നത്. മാൻകണ്ണി എന്ന സമസ്ത പദത്തിൽ മാനിന്റെ കണ്ണുപോലുള്ള കണ്ണുള്ള ഒരു സുന്ദരിയെയാണ് അർഥമാക്കുന്നത്. സുന്ദരിയുടെ കണ്ണാണ് ഉപമേയം. മാനിന്റെ കണ്ണ് ഉപമാനം. ഈ സമസ്തപദം കാണിക്കുന്നത് ഒരു സുന്ദരിയെയാണ്. മാനിന്റെ കണ്ണോ, സുന്ദരിയുടെ കണ്ണോ അല്ല. മാൻകണ്ണ് എന്ന ഉപമാനത്തിലൂടെയാണ് അതുള്ളവൾ എന്നർഥത്തിൽ സുന്ദരിയെ അർഥമാക്കുന്നത്. ഉപമേയം പറഞ്ഞിട്ടില്ല. അതിനാൽ ഉപമേയലുപ്ത ബഹുവ്രീഹിയിൽ ഇതുപെടുന്നു.

## D. അവ്യയീഭാവസമാസം

പൂർവപദത്തിന് പ്രാധാന്യമുള്ള സമാസം

വിഗ്രഹിക്കുമ്പോൾ ഘടകപദങ്ങളിൽ പൂർവപദത്തിന് പ്രാധാന്യമുള്ള സമാസത്തെ അവ്യയീഭാവസമാസം എന്നുപറയുന്നു. ക്രിയാവിശേഷണമായി വരുന്ന ഈ സമാസം സംസ്കൃതശബ്ദങ്ങൾക്കു മാത്രം വരുന്നു. (സമസ്തപദത്തിലെ പൂർവപദം ഒരു അവ്യയമായിരിക്കും. സംസ്കൃതത്തിലെ യഥാ, തഥാ, മദ്ധ്യേ, സ, പ്ര, അനു, നിർ, ദുർ മുതലായവ അവ്യയങ്ങൾ പൂർവപദമായി സമാസിക്കുന്നു.) സംസ്കൃത സമാസമാണ് അവ്യയീഭാവസമാസം. ഇത് ഭാഷയിൽ സാധാരണമല്ല.

ഉദാ:

| | | |
|---|---|---|
| പ്രതിദിനം | - | ദിനം തോറും |
| യഥേഷ്ടം | - | ഇഷ്ടംപോലെ |

**ദ്വിഗുസമാസം**

പൂർവപദം സംഖ്യാവാചി - ദ്വിഗുസമാസം

പൂർവപദം സംഖ്യാവാചിയായ തൽപുരുഷനെ ദ്വിഗു എന്നുപറയുന്നു.

ഉദാ:

| | | |
|---|---|---|
| പഞ്ചവാദ്യം | - | അഞ്ചുവാദ്യം |
| നവരസങ്ങൾ | - | ഒൻപതുരസങ്ങൾ |

**രൂപകതൽപുരുഷൻ**

വിശേഷണവിശേഷ്യങ്ങൾക്ക് അഭേദം കല്പിക്കുന്നത്

പൂർവ്വോത്തരപദങ്ങളെ അഭേദാർഥത്തിൽ സമാസിക്കുന്നത് രൂപകസമാസം (രൂപകതൽപുരുഷസമാസം). രണ്ടു നാമങ്ങളെ ഭേദം കൂടാതെ സമാസിക്കുന്നത് (വിശേഷണ വിശേഷ്യങ്ങൾക്ക് അഭേദം കൽപ്പിക്കുന്നത്) രൂപകതൽപുരുഷൻ ആകുന്ന എന്ന ക്രിയാരൂപം വിശേഷണത്തിന്റെ കൂടെ ചേർത്ത് വിഗ്രഹിക്കാം.

ഉദാ:

| | | |
|---|---|---|
| അടിമലർ | - | അടിയാകുന്ന മലർ |
| മുഖകമലം | - | മുഖമാകുന്ന കമലം |

**ഉപമിത സമാസം**

▶ സാദൃശ്യ സൂചന

സാദൃശ്യം സൂചിപ്പിക്കത്തക്കവണ്ണം സമാസിക്കുന്നത് ഉപമിത സമാസം (പൂർവ്വോത്തരപദങ്ങൾക്ക് സാദൃശ്യകൽപ്പന ചെയ്യുന്നത് -ഉപമാനോപമേയങ്ങൾ പൂർവ്വോത്തരപദങ്ങളായി വരുന്നത് - ഇതിന് ഉപമാതൽപുരുഷൻ എന്നും പറയും).

ഉദാ:

| | | |
|---|---|---|
| മലരടി | - | മലർപോലെയുള്ള അടി (പാദം) |
| മേഘശ്യാമൻ | - | മേഘംപോലെയുള്ള ശ്യാമൻ |

**മധ്യമപദലോപി**

▶ മധ്യമപദം ലോപിക്കുന്നത്

അർഥസിദ്ധമായ മധ്യമപദം പ്രയോഗിക്കാതെ വിട്ടുകളഞ്ഞിട്ടുള്ളത് മധ്യമപദലോപി (അർഥംകൊണ്ടു ഗ്രഹിക്കാൻ കഴിയുന്ന മധ്യമപദം ലോപിക്കുന്നത്/നടുക്കുള്ള പദം ഇല്ലാതാകുന്നത് എന്നർഥം).

ഉദാ:

| | | |
|---|---|---|
| പാമരം | - | പായകെട്ടാനുള്ള മരം |
| മഴക്കോട്ട് | - | മഴയെ തടയുന്ന കോട്ട് |

**നിത്യസമാസം**

▶ ഘടകപദങ്ങൾ ഉപയോഗിച്ച് വിഗ്രഹിക്കാനാകാത്തത്

സമാസത്തിലെ ഘടകപദങ്ങൾ ഉപയോഗിച്ച് വിഗ്രഹിക്കാൻ സാധിക്കാത്ത സമസ്തപദങ്ങളെ നിത്യസമാസങ്ങൾ എന്നുപറയുന്നു.

ഉദാ: പൈന്തേൻ, നറുമൊഴി, ചെങ്കോൽ

# Summarised Overview

പ്രകൃതിയെ പദമാക്കി മാറ്റുന്നത് പ്രത്യയങ്ങളാണ്. നാമപ്രകൃതിയോട് ചേരുന്ന പ്രത്യയങ്ങൾ ലിംഗം, വചനം, വിഭക്തി എന്നിവയെക്കുറിക്കുന്നു. സമാനരൂപങ്ങളുള്ള സജാതീയപദങ്ങളെയും സമാനഭാഗങ്ങളുള്ള വാക്യങ്ങളെയും ഒന്നിച്ച് ചേർക്കുന്നതാണ് സമുച്ചയം. വ്യാകരണപരമായി ഒറ്റപ്പദം ആയിരിക്കത്തക്കവണ്ണമുള്ള പദസംയോഗമാണ് സമാസം.

കേരളപാണിനി തൽപുരുഷസമാസം, ദ്വന്ദ്വസമാസം, ബഹുവ്രീഹി സമാസം, അവ്യയീഭാവസമാസം എന്നിങ്ങനെ പൊതുവിൽ നാലായി സമാസത്തെ തിരിച്ചിരിക്കുന്നു. ഇവ ഓരോന്നിനും പല ഉപവിഭാഗങ്ങളുമുണ്ട്. തൽപുരുഷസമാസത്തിന് നിർദ്ദേശിക തൽപുരുഷൻ, പ്രതിഗ്രാഹികാതൽപുരുഷൻ, സംയോജിക തൽപുരുഷൻ, ഉദ്ദേശികാതൽപുരുഷൻ, പ്രയോജികാതൽപുരുഷൻ, സംബന്ധികാതൽപുരുഷൻ, ആധാരികാതൽപുരുഷൻ എന്നീ പിരിവുകളുണ്ട്. ദ്വന്ദ്വസമാസത്തിന് സമാഹാരദ്വന്ദ്വൻ, ഇതരേതരദ്വന്ദ്വൻ എന്നീ വിഭാഗങ്ങളുണ്ട്. ബഹുവ്രീഹിക്ക് ഉപമാഗർഭബഹുവ്രീഹി, ഉപമാലുപ്തബഹുവ്രീഹി, ഉപമാനലുപ്തബഹുവ്രീഹി, ഉപമേയലുപ്തബഹുവ്രീഹി എന്നിങ്ങനെ ഉപവിഭാഗങ്ങളുണ്ട്. ദ്വിഗുസമാസം, രൂപകസമാസം, ഉപമിതസമാസം, മധ്യമപദലോപി, നിത്യസമാസം എന്നിങ്ങനെ സമാസത്തിന്റെ വിഭാഗങ്ങൾ നിരവധിയാണ്.

## Assignments

1. സമാസത്തെക്കുറിച്ചുള്ള ശേഷഗിരിപ്രഭുവിന്റെ നിർവചനത്തെ അപഗ്രഥിക്കുക.
2. സമാസത്തെക്കുറിച്ച് എ.ആറിന്റെ നിർവചനം വിശദീകരിക്കുക.
3. പൊതുവിൽ സമാസത്തിന്റെ നാലു വിഭാഗങ്ങൾ ഏതെല്ലാം? ഉദാഹരണ സഹിതം വിശദമാക്കുക.
4. തൽപുരുഷസമാസം എത്ര വിധം? ഏതെല്ലാമെന്നു വിവരിക്കുക.
5. ദ്വന്ദ്വസമാസത്തിന്റെ പിരിവുകൾ ഏതെല്ലാമെന്നു വിലയിരുത്തുക.
6. ബഹുവ്രീഹി സമാസത്തിന്റെ ഉപവിഭാഗങ്ങളേതെല്ലാമെന്നു വിശദീകരിക്കുക.
7. നിത്യസമാസം എന്നാലെന്ത്? ഉദാഹരണസഹിതം വ്യക്തമാക്കുക.
8. ദ്വിഗുസമാസം എന്നാലെന്ത്? ഉദാഹരണസഹിതം വ്യക്തമാക്കുക.

## Reference


1. എ. ആർ. രാജരാജവർമ്മ, കേരളപാണിനീയം, ഡി. സി. ബുക്സ്, കോട്ടയം.
2. സി. എൽ. ആന്റണി, കേരളപാണിനീയ ഭാഷ്യം, ഡി. സി. ബുക്സ്, കോട്ടയം.
3. സി. വി. വാസുദേവ ഭട്ടതിരി, അഭിനവ മലയാള വ്യാകരണം, നാഷണൽ ബുക് സ്റ്റാൾ, കോട്ടയം.
4. കെ. എം. പ്രഭാകരവാരിയർ, മലയാളവ്യാകരണസമീക്ഷ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.


## Suggested Reading


1. കെ. ശ്രീകുമാരി, മലയാളത്തിലെ നാമവർഗം, താരതമ്യപഠന സംഘം, ചങ്ങനാശ്ശേരി.
2. ആദിനാട് ഗോപി, മലയാളഭാഷാവ്യാകരണം ഒരു സമഗ്രപഠനം, രചന ബുക്സ്, കൊല്ലം.
3. സി. ആർ. പ്രസാദ്, വ്യാകരണം, ഡി. സി. ബുക്സ്, കോട്ടയം.
4. എൻ. രാജേന്ദ്രൻ, സന്ധിനിയമങ്ങൾ മലയാള വ്യാകരണരചനകളിൽ, ഹരിതം ബുക്സ്, കോഴിക്കോട്,

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

Unit 2

# വർണ്ണവികാരം

## Learning Outcomes

- വർണ്ണപരിണാമത്തെപ്പറ്റി ചർച്ച ചെയ്യുന്നു
- വർണ്ണപരിണാമങ്ങളുടെ കാരണങ്ങളെപ്പറ്റി അപഗ്രഥിക്കുന്നു
- പ്രധാനപ്പെട്ട വർണ്ണവികാരങ്ങളെപ്പറ്റിയുള്ള അറിവു നേടുന്നു
- സ്വരസംവരണത്തെക്കുറിച്ച് മനസ്സിലാക്കുന്നു
- ദ്രാവിഡഭാഷയിലെ വർണ്ണമാറ്റത്തെ വിശകലനം ചെയ്യുന്നു
- സംവൃതോകാരത്തെക്കുറിച്ച് എ. ആറിന്റെയും ഗുണ്ടർട്ടിന്റെയും അഭിപ്രായങ്ങൾ വിലയിരുത്തുന്നു

## Background

വർണ്ണപരിണാമത്തെപ്പറ്റിയും വർണ്ണപരിണാമങ്ങളുടെ കാരണങ്ങളെപ്പറ്റിയും ഈ യൂണിറ്റിൽ അപഗ്രഥിക്കുന്നു. വർണ്ണങ്ങൾക്കുണ്ടാകുന്ന വികാരം അഥവാ മാറ്റം ആണ് വർണ്ണവികാരം. വർണ്ണങ്ങൾക്ക് വരുന്ന ഉച്ചാരണമാറ്റം അഥവാ ധ്വനിഭേദം ആണിത്. വർണ്ണമാറ്റത്തിന്റെ പ്രധാന കാരണങ്ങളെ വിശദമാക്കുന്നു. അജ്ഞന്മാർ അറിവില്ലായ്മയാൽ ഒരു വർണ്ണത്തിന്റെ സ്ഥാനത്തു മറ്റൊന്ന് ഉച്ചരിക്കുന്നു. സന്ധിയിൽ ഉച്ചാരണ സുഗമതയ്ക്കുവേണ്ടി ചില വർണ്ണവികാരങ്ങൾ വരുത്തുന്നുണ്ട്. സംസ്കാരഭേദം കൊണ്ടും ഒരു വർണ്ണം മറ്റൊന്നാകാം. മറ്റൊരു ഭാഷയിലെ പദം കടം വാങ്ങുമ്പോൾ നമ്മുടെ ഭാഷയിൽ ഇല്ലാത്ത വർണ്ണങ്ങൾ ഏതെങ്കിലും സാമ്യമുള്ള വർണ്ണമായി മാറ്റുന്നു. സംസ്കൃതത്തിലെ അതിഖരമൃദുഘോഷങ്ങൾ അതതു വർഗത്തിലെ ഖരമാകുന്നത് ഇതിനുദാഹരണമാണ്. ഔദാസീന്യന്യായം എന്നൊരുപായത്തെക്കുറിച്ച് സൂചിപ്പിക്കുന്നു. ശബ്ദങ്ങളെ ലഘുപ്പെടുത്തി ഉച്ചരിക്കാൻ വേണ്ടിയുള്ള വർണ്ണവികാരമാണിത്. ഇത് എല്ലാ ഭാഷകളിലുള്ളതും ശബ്ദശാസ്ത്രകാരന്മാർ അംഗീകരിച്ചിട്ടുള്ളതുമായ മാറ്റമാണ്. ഉച്ചാരണപ്രയാസത്തെ ഒഴിവാക്കാൻ വേണ്ടി വർണ്ണങ്ങളെ മാറ്റുന്നു. ഈ വർണ്ണവികാരം ഉച്ചാരണത്തിലേയുള്ളൂ. എഴുത്തിലില്ല.

ഭാഷാസ്വരങ്ങൾ ഓഷ്ഠ്യമെന്നും താലവ്യമെന്നും രണ്ടായി പിരിയുന്നു. പദാന്തത്തിൽ വരുന്ന വ്യഞ്ജനം തനിയെ നിൽക്കാത്തതുകൊണ്ട് അതിനെ ഉച്ചരിച്ച് ഉറപ്പിക്കാൻ സംവൃതോകാരം കൂടി ചേർക്കുന്നു. വ്യഞ്ജനങ്ങൾ ഉച്ചരിച്ച് നിർത്താൻ ചേർക്കുന്ന സംവൃതോകാരം ലഘുപ്രയത്നമാണ്. അത് അരയുകാരമാണ്. ചിലപ്പോൾ സംവൃതോകാരം ലോപിക്കാറുണ്ട്. ചില വർണ്ണവികാരങ്ങൾ വ്യാകരണത്തെക്കൂടി സ്വാധീനിക്കുന്നതാണ്. പദാന്തത്തിലെ വ്യഞ്ജനത്തെ ഉറപ്പിക്കാൻ സംവൃതോകാരം ചേർക്കുന്നു. സന്ധിചെയ്യുമ്പോൾ ഉപയോഗിക്കുന്ന ആദിസ്വരാഗമനിയമത്തെക്കുറിച്ചും ഈ യൂണിറ്റിൽ ചർച്ച ചെയ്യുന്നു.

## Key themes

വർണ്ണപരിണാമം - വർണ്ണഭേദകാരണങ്ങൾ -ഔദാസീന്യന്യായം -വർണ്ണവികാരങ്ങൾ -ഭാഷാ സ്വരങ്ങളുടെ പിരിവുകൾ - ഓഷ്ഠ്യം - താലവ്യം - സംവൃതോകാരം - കേരളപാണിനി, ഗുണ്ടർട്ട് -അഭിപ്രായങ്ങൾ

## Discussion

### വർണ്ണപരിണാമം (വർണ്ണവികാരം)

വികാരം എന്നാൽ മാറ്റം എന്നാണർഥം. വർണ്ണവികാരം, വർണ്ണങ്ങൾക്ക് വരുന്ന ഉച്ചാരണമാറ്റം അഥവാ ധ്വനിഭേദം ആണ്. വർണ്ണമാറ്റത്തിന് പല കാരണങ്ങളുണ്ട്.

(1). അജ്ഞന്മാർ ഒരു വർണ്ണത്തിന്റെ സ്ഥാനത്തു മറ്റൊന്ന് ഉച്ചരിക്കുന്നു. ചെലവ്, ചിലവ് ആകുന്നതും വിമ്മിട്ടം, വിമ്മിഷ്ടം ആകുന്നതും ഇത്തരം മാറ്റമാണ്. അനിവാര്യത്തെ ചിലർ അനിർവാര്യവും സൈ്വരത്തെ സൈ്വര്യവും ആക്കുന്നു.

(2). സന്ധിയിൽ ഉച്ചാരണസുഗമതയ്ക്കുവേണ്ടി ചില വർണ്ണവികാരങ്ങൾ വരുന്നുണ്ട്. ഉദാ: തൺ +താർ = തണ്ടാർ; നിലം + അറ = നിലവറ

(3). സംസ്കാരഭേദം കൊണ്ടും ഒരു വർണ്ണം മറ്റൊന്നാകാം. തമിഴിലെ 'ത,ന'- കൾ മലയാളി ചിലപ്പോൾ ച, ഞ-കൾ ആക്കുന്നു. ഉദാ: വൈത്താൻ > വച്ചു; നാൻ > ഞാൻ

▶ വർണ്ണഭേദകാരണങ്ങൾ

(4). മറ്റൊരു ഭാഷയിലെ പദം കടം വാങ്ങുമ്പോൾ നമ്മുടെ ഭാഷയിൽ ഇല്ലാത്ത വർണ്ണങ്ങൾ ഏതെങ്കിലും സാമ്യമുള്ള വർണ്ണമായി മാറ്റുന്നു. സംസ്കൃതത്തിലെ അതിഖരമൃദുഘോഷങ്ങൾ അതതു വർഗത്തിലെ ഖരമാകുന്നത് ഇതിനുദാഹരണമാണ്. ഉദാ: ജട–ചട; ഭയം–പയം; ഫലം–പലം

▶ ഔദാസീന്യന്യായം

(5). ഔദാസീന്യന്യായം എന്നൊരുപായമുണ്ട്. ശബ്ദങ്ങളെ ലഘൂകരിച്ചു ഉച്ചരിക്കാൻ വേണ്ടിയുള്ള വർണ്ണവികാരമാണിത്. ഇത് എല്ലാ ഭാഷകളിലും ഉള്ളതാണ്. ഭാഷാശാസ്ത്രകാരന്മാർ അംഗീകരിച്ചിട്ടുള്ള മാറ്റമാണിത്. ഉച്ചാരണപ്രയാസത്തെ ഒഴിവാക്കാൻ വേണ്ടി വർണ്ണങ്ങളെ മാറ്റുന്നു. ഗ, ജ, ഡ, ദ, ബ, യ, ര, ല എന്നീ വ്യഞ്ജനങ്ങൾക്ക് പരമായുള്ള അകാരത്തെ നാം എകാരമാക്കുന്നു. ഈ വർണ്ണവികാരം ഉച്ചാരണത്തിലേയുള്ളൂ. എഴുത്തിൽ ഇല്ല. ഉദാ: ഗന്ധം - ഗെന്ധം, ഗണം- ഗെണം

പദാദിയിലെ വ്യഞ്ജനങ്ങൾക്ക് പരമായി വരുന്ന 'ഇ'കാരവും കേവലമായ 'ഇ'കാരവും 'എ'കാരം ആകുന്ന സമ്പ്രദായം ഭാഷയിലുണ്ട്. ഇവിടെ പദങ്ങൾ തനി മലയാളമായിരിക്കും. ഉദാ: ഇല - എല, ഇറയം - എറയം, ഇര - എര

സംസ്കൃതപദങ്ങളുടെ അന്ത്യത്തിലെ ദീർഘമായ 'അ'കാരം നാം ഹ്രസ്വമാക്കി ഉച്ചരിക്കുന്നു. മലയാളത്തിൽ ദീർഘാന്ത ശബ്ദങ്ങൾ അപൂർവമാകയാലാണ് ഈ വിധം സംഭവിക്കുന്നത്. ഉദാ: ആശാ - ആശ, സീതാ- സീത

സംസ്കൃതശബ്ദം പുല്ലിംഗമാണെങ്കിൽ പരമായി അന്ത്യാഗമം എന്ന നിലയിൽ 'വ്' എന്ന വ്യഞ്ജനം വരുന്നതും പദാന്ത്യദീർഘം ഒഴിവാക്കാനാണ്. ഉദാ: രക്ഷാകർത്താ- രക്ഷകർത്താവ്, ശ്രോതാ - ശ്രോതാവ്, പിതാ-പിതാവ്

(6) വർണ്ണവികാരം ഉണ്ടാകുന്നതിനുള്ള മറ്റൊരു കാരണം വംശപാരമ്പര്യമാണ്. പല മതത്തിലും സമുദായത്തിലും വംശത്തിലും പെട്ടവർ ഒരു ഭാഷ സംസാരിക്കുന്ന ജനസമൂഹത്തിൽ ഉണ്ടാകും. അവരുടെ ഉച്ചാരണ സവിശേഷതമൂലം വർണ്ണവികാരം ഉണ്ടാകും. നമ്പൂതിരിമാർ വക, പുക എന്നീ വാക്കുകളെ വഹ, പുഹ എന്ന് ഉച്ചരിക്കാറുണ്ട്. മുസ്ലീങ്ങൾ വാപ്പ - ബാപ്പ, ചെകുത്താൻ - ശെയ്ത്താൻ, വരിൻ - ബരിൻ എന്നിങ്ങനെയെല്ലാം ഉപയോഗിക്കാറുണ്ട്.

► വംശപാരമ്പര്യം

## 4.4.1 പ്രധാനപ്പെട്ട വർണ്ണവികാരങ്ങൾ

മലയാളത്തിൽ 'അ, ഇ, ഉ' എന്ന് മൂന്ന് കേവലസ്വരങ്ങൾ ഉള്ളതിൽ അകാരം ഉച്ചരിക്കുന്നതിനാണ് അധികം പ്രയാസം. 'ഉ'കാരത്തിന് അതിൽകുറയും. 'ഇ'കാരത്തിന് ഏറ്റവും കുറച്ചു പ്രയത്നം മതി. അതിനാൽ 'അ' തീവ്രപ്രയത്നം, 'ഇ' മൃദുപ്രയത്നം, 'ഉ' കാരം മധ്യപ്രയത്നം. എന്നാൽ സംവൃതോകാരത്തിന് ഇതിലും കുറയും. 'അ'കാരം തീവ്രപ്രയത്നമാകയാൽ അതിന്റെ ഉച്ചാരണം പല വാക്കുകളിലും ദുഷിച്ചിട്ടുണ്ട്.

► 'അ'കാരത്തിന് തീവ്രപ്രയത്നം

ഭാഷയിൽ 'അ' കാരത്തിന്റെ ദുഷിച്ച ധ്വനി 'എ' കാരത്തിന്റെ ഛായയിൽ ഉച്ചരിക്കുന്നു. സംസ്കൃതത്തിലെ മൃദുക്കളിലും (ഗ, ജ, ഡ, ദ, ബ) മധ്യമങ്ങളിലും (യ, ര, ല, വ) കലർന്നുവരുന്ന 'അ'കാരമാണ് ദുഷിച്ച 'എ' കാരമാകുന്നത്.

ഉദാ: ഗന്ധം - ഗെന്ധം, ബന്ധു -ബെന്ധു, ജനം -ജെനം, യശസ്സ് - യെശസ്സ്, രവി -രെവി, ദയ -ദെയ, ലജ്ജ - ലെജ്ജ

ദേവകൾ - ദേവെകൾ എന്ന് പദമധ്യത്തിൽ 'അ'കാരത്തിന് 'എ' കാരാച്ചാരണം വന്നുകാണുന്നു. ഇങ്ങനെ ദുഷിച്ച 'എ' കാരഛായയിൽ വരുന്ന 'അ'കാരത്തിന് താലവ്യ 'അ'കാരം എന്ന പേർ പറയാം.

അല്ലാത്തത് ശുദ്ധമായ 'അ' കാരം. സംസ്കൃതപദങ്ങളുടെ ഒടുവിൽ കാണുന്ന 'ആ' കാരത്തെ കുറുക്കി മലയാളത്തിൽ താലവ്യമാക്കുന്നു.

ഉദാ: കലാ - കല, ആശാ - ആശ, രേഖാ - രേഖ, പ്രഭാ - പ്രഭ

ആശയുടെ - ആശയാൽ എന്നിങ്ങനെ വിഭക്തി പ്രത്യയം ചേർത്താൽ 'അ'കാരം താലവ്യമാണെന്ന് വ്യക്തമാക്കാം. 'യ' കാരാഗമം അതിന്റെ താലവ്യസ്വഭാവം മൂലമാണ്. പദാന്തത്തിലെ 'അ'കാരം തമിഴിൽ 'ഐ' കാരമായിട്ടും കന്നടത്തിൽ 'എ' കാരമായിട്ടും മാറും.

► 'അ'കാര ത്തിന്റെ വർണ്ണ മാറ്റങ്ങൾ

| സംസ്കൃതം | തമിഴ് | കന്നട | മലയാളം |
|---|---|---|---|
| ആശാ | ആശൈ | ആശെ | ആശ |
| രേഖാ | രേകൈ | രേഖെ | രേഖ |

മിക്ക നാമങ്ങളുടെയും ക്രിയകളുടെയും അന്ത്യത്തിലുള്ള 'അ' കാരം താലവ്യമാണ്. ധാതുവിന്റെ ഈ താലവ്യസ്വഭാവം പലപ്പോഴും അർഥഭേദത്തിനു ഇടയാക്കുന്നു.

ശുദ്ധം -മറക്കുക - ഓർമ്മവിടുക, കിടക്കുക - ശയിക്കുക

താലവ്യം - മറയ്ക്കുക - മൂടിവയ്ക്കുക, കിടയ്ക്കുക - ലഭിക്കുക

ഉച്ചരിക്കുമ്പോൾ 'അ' കാരത്തിന് ശുദ്ധം - താലവ്യം എന്ന ഭേദം ഉണ്ടാകുമെങ്കിലും എഴുത്തിൽ അത് പ്രകാശിപ്പിക്കാറില്ല. 'അ'കാരം താലവ്യമായി ദുഷിക്കുന്നത് വ്യാകരണവിഷയത്തെക്കൂടി സ്വാധീനിക്കുന്നുണ്ട്. താലവ്യമായി ദുഷിക്കുന്ന 'അ'കാരമുള്ള നാമങ്ങളിലും കൃതികളിലും സ്വരമോ, പ്രത്യയത്തിന്റെ ആദിയിലുള്ള 'ക' കാരമോ ചേരുമ്പോൾ 'യ' കാരം ആഗമിക്കും.

ഉദാ: രേഖ -രേഖയുടെ, രേഖയ്ക്ക്
ലത - ലതയുടെ, ലതയ്ക്ക്
അണ - അണയും, അണയ്ക്കുക.

▶ 'അ'കാരത്തിന് ശുദ്ധ - താലവ്യഭേദം

വടക്കൻദിക്കിൽ, അണയുക, ചമയുക, എന്ന കേവലരൂപത്തിൽ 'അ' കാരവും അണെയ്ക്കുക, ചെമെക്കുക എന്ന് 'എ' ചേർന്ന പ്രയോജക രൂപവും എഴുതാറുണ്ട്. തമിഴിലെ 'അ'കാരത്തെ ഭാഷയിൽ 'എ'കാരമായും ചിലേടത്ത് 'ഇ'കാരമായും മാറ്റുന്നു.

| തമിഴ് | മലയാളം |
|---|---|
| പരുമാറ്റം | പെരുമാറ്റം |
| കട്ടുകിറാൻ | കെട്ടുന്നു |
| കനാവ് | കിനാവ് |

▶ 'അ'കാരം എകാരമായും ഇകാരമായും ദുഷിക്കും

'അ'കാരം താലവ്യമായിട്ടു ദുഷിക്കുന്നതു പോലെ തന്നെ ഓഷ്ഠ്യമായിട്ടും ദുഷിക്കും. എന്നാൽ അത് വ്യാകരണപരമായി പ്രാധാന്യമില്ലാത്ത ഒരു ഉച്ചാരണവൈകല്യം മാത്രമാണ്. ഓഷ്ഠ്യമായ 'അ' കാരം 'ഒ'കാര ഛായയിലിരിക്കും. മിക്കവാറും ഇത് അനുസ്വാരത്തിന് മുൻപാണ് കണ്ടുവരുന്നത്.

ഉദാ: ഇടവം - ഇടവോം, നാം - നോം

ഭാഷയിൽ ദീർഘത്തിൽ അവസാനിക്കുന്ന ശബ്ദങ്ങൾ കുറവാണ്. വാക്കുകൾ ഹ്രസ്വത്തിൽ അവസാനിക്കണമെന്നാണ് വ്യവസ്ഥ. മറ്റു ഭാഷകളിൽ നിന്നും സ്വീകരിക്കുന്ന ദീർഘാന്തപദങ്ങളെ മലയാളത്തിൽ സ്വരസംവരണംചെയ്യുന്നു. പദം ദീർഘത്തിൽതന്നെ അവസാനിച്ചാൽ 'യ' കാരമോ 'വ' കാരമോ ആഗമിക്കും. താലവ്യസ്വരത്തിന്ന് 'യ' കാരവും ഓഷ്ഠ്യസ്വരത്തിന്ന് 'വ'കാരവും ആഗമിക്കുമെന്നാണ് വ്യവസ്ഥ. ഇതിൻപ്രകാരം ഭാഷാസ്വരങ്ങൾ ഓഷ്ഠ്യമെന്നും താലവ്യ

മെന്നും രണ്ടായി പിരിയുന്നു.

അ, ഇ, എ, ഐ - താലവ്യം

അ, ഉ, ഒ, ഔ - ഓഷ്ഠ്യം

ഉദാ: കാ - കായ് - കായ്യ്
പൂ - പൂവ് - പൂവ്വ്
നി - നിയ് - നീയ്യ്
ഗോ - ഗോവ് - ഗോവ്വ്
കൈ - കൈയ് - കൈയ്യ്

▶ ഓഷ്ഠ്യമെന്നും താലവ്യമെന്നും രണ്ടായി പിരിയുന്നു

പദാന്തത്തിൽ വരുന്ന വ്യഞ്ജനം തനിയെ നിൽക്കാത്തതുകൊണ്ട് അതിനെ ഉച്ചരിച്ച് ഉറപ്പിക്കാൻ സംവൃതോകാരം കൂടി ചേർക്കുന്നു. വ്യഞ്ജനങ്ങൾ ഉച്ചരിച്ച് നിർത്താൻ ചേർക്കുന്ന സംവൃതോകാരം വളരെ ലഘുപ്രയത്നമാണ്. കാട്, നാട്, ഇവിടെല്ലാം അത് അരയുകാരമാണ്. ചിലപ്പോൾ സംവൃതോകാരം ലോപിക്കാറുണ്ട്. കായ് -കായ, പായ് -പായ എന്നെല്ലാം ദേശഭേദംകൊണ്ട് രൂപം മാറുന്നു. 'അ' വർണ്ണവികാരം വ്യാകരണത്തെക്കൂടി സ്വാധീനിക്കുന്നതാണ്.

▶ വ്യഞ്ജനത്തെ ഉറപ്പിക്കാൻ സംവൃതോകാരം ചേർക്കുന്നു

പദാദിയിൽ തനിയേയോ വ്യഞ്ജനത്തിനു പിന്നാലെയോ നിൽക്കുന്ന 'ഇ'കാരം 'എ'കാരമായി ഉച്ചരിക്കപ്പെടുന്നു. ഇത് ഉച്ചാരണത്തിൽ മാത്രമേ കാണുന്നുള്ളൂ, എഴുത്തിലില്ല.

ഉദാ: ഇല - എല, വില -വെല, പിട -പെട

'ഈ' കാരം ഒന്നിലധികം അക്ഷരമുള്ള പദങ്ങളുടെ ഒടുവിൽ വന്നാൽ 'ഇ'കാരമാകും.

ഉദാ: വല്ലീ - വല്ലി (വള്ളി ) മാലതീ - മാലതി.

പദാദിയിലെ 'ഉ'കാരം ചിലപ്പോൾ 'ഒ'കാരമാകും.

ഉദാ: ഉരൽ - ഒരൽ
കുട്ട - കൊട്ട
മുട്ട - മൊട്ട

പദാന്തത്തിൽ 'ഊ' കാരം ഹ്രസ്വമാകും

ഉദാ: വധൂ - വധു

▶ പദാദിയിലെ 'ഉ'കാരം 'ഒ'കാരവും പദാന്തത്തിലേത് 'ഊ'കാരവും ആകും

ശുദ്ധമായ 'അ'കാരവും ശുദ്ധമായ 'ഇ'കാരവും ഉച്ചരിക്കുന്നതിനേക്കാൾ ലഘുത്വം 'എ'കാരത്തിന്റെ ഉച്ചാരണത്തിലുണ്ട്. എന്നാൽ 'എ' കാരം വേണ്ടിടത്ത് ചിലപ്പോൾ 'ഇ'കാരം ചേർക്കാറുണ്ട്.

ഉദാ: എനിക്ക് - ഇനിക്ക്, ചെലവ് - ചിലവ്. ഇതു കൂടാതെ പിറക് എന്നതിന് പകരം പുറകേ എന്ന് ചേർക്കാറുണ്ട്. 'ഇ' യ്ക്ക് പകരം 'ഉ'ചേർക്കുന്നു.

ക്രിയകളിൽ 'ഉ' കാരം ശോഷിച്ച് അര 'ഉ'കാരമാകുന്നു. ഇത് പറ്റുവിനയെയും മുറ്റുവിനയെയും വേർതിരിക്കാൻ സഹായിക്കുന്നു.

ഉദാ: പറഞ്ഞ് - പറഞ്ഞു, കണ്ട് - കണ്ടു.

▶ 'എ'കാരത്തിന്റെ വർണ്ണമാറ്റം

'ഋ' സ്വരം സംസ്കൃതത്തിലേയുള്ളൂ. തത്ഭവങ്ങളിൽ 'ഋ'കാരത്തിനു

പകരം

'ഇ'കാരവും 'ഉ'കാരവും ഉപയോഗിക്കുന്നു .

ഉദാ: കൃഷ്ണൻ - കണ്ണൻ, വൃഷഭം - ഇടവം

▶ ഖരവും അനുനാസികവും മാത്രമേ ദ്രാവിഡത്തിലുള്ളൂ

'ക' വർഗത്തിൽ ഖരവും അനുനാസികവും മാത്രമേ ദ്രാവിഡത്തിലുള്ളൂ. അതിന് ചില വികാരങ്ങൾ പ്രകടമാണ്. ഓഷ്ഠ്യസ്വരത്തിന് ശേഷം സ്വരം വരുമ്പോൾ 'വ'കാരം ആഗമിക്കുന്നിടത്ത് 'ക' കാരം വരാറുണ്ട്.

ഉദാ: തട + ഉന്നു - തടവുന്നു - തടകുന്നു

കൂ + ഉന്നു - കൂവുന്നു, കൂകുന്നു. ചിലേടത്ത് 'ക' കാരം ലോപിച്ചാൽ അടുത്ത സ്വരം ദീർഘിക്കും.

ഉദാ: ചെയ്തു കൊള്ളുന്നു - ചെയ്തോളൂന്നു

പകുതി - പാതി

'ക' കാരത്തിന് മുൻപ് താലവ്യസ്വരമുണ്ടായാൽ ഇടയിൽ 'യ' ആഗമിക്കും.

ഉദാ: വഴുതനങ്ങാ - വഴുതനയ്ങ്ങ

ഉതളങ്ങാ - ഉതളയ്ങ്ങാ

തമിഴിലെപ്പോലെ 'ശ'കാരധ്വനി മലയാളത്തിലെ 'ച'കാരത്തിന് ഇല്ല. തമിഴിലെ 'ന'

▶ ദ്രാവിഡത്തിലെ വർണ്ണമാറ്റം

ചിലപ്പോൾ 'ഞ' ആകുന്നു.

ഉദാ: നാൻ - ഞാൻ
നണ്ട് - ഞണ്ട്
നരുക്കം - ഞെരുക്കം

സംസ്കൃതത്തിലെ 'ത'വർഗം മലയാളത്തിൽ ചിലപ്പോൾ 'ട'വർഗം ആകും.

'ട'വർഗം പദാദിയിൽ വരുകയില്ല. പദമധ്യത്തിൽ സംസ്കൃതത്തിലെ 'ത' വർഗത്തിന്റെ സ്ഥാനത്ത് ഭാഷയിൽ 'ട' വർഗം ആദേശിക്കും.

ഉദാ: പത്തനം - പട്ടണം
വൈദൂര്യം - വൈഡൂര്യം

▶ സംസ്കൃതത്തിലെ വർണ്ണമാറ്റം

സംസ്കൃത 'ഡ'കാരം മലയാളത്തിൽ 'ള, ഴ' കൾ ആകാം.

ഉദാ: വ്രീഡാ - വ്രീള
നാഡിക - നാഴിക

തമിഴിലെ 'ണ' ചിലപ്പോൾ മലയാളത്തിൽ 'ഞ' ആകാം.

ഉദാ: തുണികിറേൻ - തുനിയുന്നേൻ

ഇരട്ടിച്ച 'റ' കാരത്തിന്റെ സ്ഥാനത്ത് 'ത്ത'ആദേശിക്കും.

ഉദാ: അകറ്റുക - അകത്തുക

എല്ലാറ്റിലും - എല്ലാത്തിലും

‘ണ’കാരത്തി നുള്ള വർണ്ണമാറ്റം

പദാന്ത ‘ണ’കാരം ഖരത്തിനു മുന്നിൽ വന്നാൽ ‘ല’കാരമായി മാറും

ഉദാ: പൊൻകുടം - പൊൽക്കുടം
പിൻകാലം - പില്ക്കാലം

കാരിതധാതുക്കളിലെ ‘ക്ക്’, ‘പ്പ്’ ആകും.

ഉദാ: കേൾക്കാൻ - കേൾപ്പാൻ
നടക്കാൻ - നടപ്പാൻ

സന്ധിയിൽ ‘മ’കാരം’ വ’കാരവും പ്രകൃതികളിൽ മറിച്ചും ആകും.

ഉദാ: ധനമു + ഉം = ധനവും
ചൊല്ലുമ് + ആൻ = ചൊല്ലുവാൻ

വിന - മിന (ക്കേട് )
വണ്ണാൻ - മണ്ണാൻ

മധ്യമമായ ‘യ’കാരം കൃതികളിൽ സാധാരണമായും നാമങ്ങളിൽ ചുരുക്കമായും ‘ന’കാരമായി മാറുന്നു.

ഉദാ: ചൊല്ലിയ - ചൊല്ലിന
യാൻ - നാൻ

മധ്യമമായ ‘യ’കാരം കൃതി കളിലും നാമങ്ങ ളിലും ‘ന’കാര മാകുന്നു

‘ശ’കാരം ബലം കുറച്ചു ‘യ’കാരവും ‘യ’ കാരം ബലപ്പിച്ച് ‘ശ’കാരവും ആക്കാറുണ്ട്.

ഉദാ: പശു - പയു (പയ്, പയ്യ്)
കശപ്പ് - കയ്പ്പ്
ഉയിര് - ഉശിര്

രേഫം പദാന്തത്തിൽ ‘റ’കാരമാകും.

ഉദാ: ആര് - ആർ
മലര് - മലർ

‘ഴ’കാരം ചിലപ്പോൾ ‘ള’കാരം ആകും

ഉദാ: അപ്പൊഴുത് - അപ്പോഴ് - അപ്പോള്

‘ത,ന’കൾ താലവ്യ വർണ്ണത്തിനു ശേഷം ‘ച, ഞ’കൾ ആകും.

(തവർഗ്ഗോപമർദ്ദത്താൽ )

ഉദാ: വൈത്ത് - വച്ച്
നാൻ - ഞാൻ

ആദിസ്വരാഗമ നിയമം

‘ല, ള’കൾ സന്ധിയിയിൽ ‘ഞ’, ‘ണ’കൾ ആകും.

ഉദാ: നെല് + മണി = നെൻമണി
വെള് + മ = വെണ്മ

‘ര, ല’കൾ പണ്ടു പദാദിയിൽ വരാൻ പാടില്ലായിരുന്നു. അന്നു പദാ

ദിയിൽ 'ര,ല'-കൾ ആദിയിൽ ഉള്ള പദം കടം എടുത്താൽ 'അ, ഇ, ഉ'- ഇതിൽ ഒരു സ്വരം ചേർക്കുമായിരുന്നു. ആദിസ്വരാഗമനിയമം എന്നാണതിനു പറയുന്നത്.

ഉദാ: രാജാ - അരചൻ
രാമൻ - ഇരാമൻ
ലക്ഷ്മണൻ - ഇലക്കണൻ

ഊഷ്മ 'ഹ'കാരങ്ങൾ ദ്രാവിഡത്തിൽ ഇല്ലായ്കയാൽ സംസ്കൃത പദത്തിലെ ഈ വർണ്ണങ്ങൾ പൊരുത്തം നോക്കി ഖരങ്ങളാക്കി മാറ്റിയിരിക്കുന്നു. ചിലപ്പോൾ വിട്ടുകളയുകയും ചെയ്യുന്നു.

ഉദാ: ഈശ്വരൻ - ഈച്ചരൻ
സന്ധ്യ - അന്തി
ശുഷ്കം -ചുക്ക്

▶ മലയാളത്തിലെ വർണ്ണമാറ്റങ്ങൾ

ചില പ്രത്യേക സാഹചര്യത്തിൽ ഏതു വർണ്ണത്തിനും വികാരമുണ്ടാകാം. അത് ഒരു നിയമംകൊണ്ട് വിശദമാക്കാനാവില്ല. ഭാഷാശാസ്ത്രപരമായ ചില കാരണമാണ് വർണ്ണവികാരമുണ്ടാക്കുന്നത്.

**സംവൃതമായ ഉകാരം**

അത്, ഉണ്ട് മുതലായ പദങ്ങളുടെ അന്ത്യത്തിൽ വ്യഞ്ജനോച്ചാരണത്തെ സഹായിക്കാൻ ചേർക്കുന്ന ഒരു സ്വരം ഉണ്ട്. പിന്നിൽ സ്വരം വന്നാൽ ഇത് എപ്പോഴും ലോപിച്ചു പോകും. അത്+ഇല്ല = അതില്ല; ഉണ്ട്+ അല്ലോ =ഉണ്ടല്ലോ. ഈ സ്വരം എപ്പോഴും വ്യഞ്ജനത്തോടു ചേർന്നു മാത്രം വരുകയാൽ ഇതിനു ലിപിയില്ല. മറ്റു സ്വരങ്ങളുടെ മാതിരി വ്യഞ്ജനത്തോടു ചേർന്നു വരുമ്പോൾ മുകളിൽ മീത്തൽ ( ് ) കൊണ്ട് ഈ സ്വരത്തെ സൂചിപ്പിക്കുന്നു. ഈ സ്വരം സംവൃതമായ 'ഉ'കാരം ആണെന്നും ഇതിനെ സൂചിപ്പിക്കാൻ മീത്തലിനോടൊപ്പം അടിയിൽ 'ഉ'കാര ചിഹ്നം കൂടി (ു) വേണമെന്നും കേരളപാണിനി പറയുന്നു. ശുദ്ധവ്യഞ്ജനത്തെ മീത്തൽകൊണ്ടും (ഉത്സവം) സംവൃതസ്വരം ചേർന്നതിനെ ഉകാരചിഹ്നത്തോടുകൂടിയ മീത്തൽ ( ് ) കൊണ്ടും (അതു) സൂചിപ്പിച്ചാൽ രണ്ടും തിരിച്ചറിയാൻ കഴിയും എന്നുള്ളതാണ് ഇതിന്റെ ന്യായം. ഈ സംവൃതോകാരത്തിന് അരമാത്ര ആണെന്നു ഗുണ്ടർട്ട് പറയുന്നു. എന്നാൽ 'നാട് വിട്ട് നടന്നിട്ട് കാട് പുക്ക് വസിച്ചിത്' മുതലായ പദ്യങ്ങളിൽ എല്ലാ പദങ്ങളുടെയും അന്ത്യസ്വരം മറ്റു സ്വരങ്ങളെപ്പോലെ തന്നെയുള്ള ഒരു ഹ്രസ്വമായി ഉച്ചാരണത്തിൽ തോന്നുകയാൽ അതിന് മാത്ര ഒന്നിൽ കുറയാൻ ന്യായമില്ല. പദാന്തത്തിലെ (വസിച്ചിത് എന്നതിലെ) അന്ത്യസ്വരത്തിനു പദാന്തത്തിലെ മറ്റു ലഘുക്കളെപ്പോലെ മാത്ര രണ്ടില്ലേ എന്നും സംശയം തോന്നുന്നു.

▶ സംവൃതോകാരം - കേരള പാണിനി, ഗുണ്ടർട്ട് അഭിപ്രായങ്ങൾ

തമിഴിൽ സംവൃതമായ 'ഉ'കാരത്തിനു ചിഹ്നമില്ല. അതു വ്യാകരണ പ്രധാനമല്ല. എന്നാൽ മലയാളത്തിൽ അർഥഭേദകാരണമായ ഒരു പൂർണസ്വരമാണ് ഇത്. അപൂർണ്ണക്രിയ (മുൻവിനയെച്ചത്തെ) പൂർണ്ണക്രിയ ആക്കാൻ സംവൃത 'ഉ'കാരത്തെ വിവൃത (തുറന്നുച്ചരിക്കുന്ന) 'ഉ'കാരം ആക്കിയാൽ മതി.

▶ ഉകാരം - അർഥ ദേദകമായ പൂർണ്ണ സ്വരം

ഉദാ: ചെന്ന്, കണ്ട് - വിനയെച്ചം
ചെന്നു, കണ്ടു - മുറ്റുവിന

വ്യഞ്ജനാന്തമായ ഇതരഭാഷാശബ്ദങ്ങൾ കടമെടുക്കുമ്പോൾ നമ്മൾ ആ അന്ത്യവ്യഞ്ജനത്തെ ഇരട്ടിച്ചോ ഇരട്ടിക്കാതെയോ സംവൃതോകാരം ചേർത്തുച്ചരിക്കുന്നു.

ഉദാ: മരുത് (സംസ്കൃതം) - മരുത്ത്
മനസ് (സംസ്കൃതം) - മനസ്സ്
വാച് (ഇംഗ്ലീഷ്) - വാച്ച്
ബസ് (ഇംഗ്ലീഷ്) - ബസ്സ്

ചില്ലുകളെയും വ്യഞ്ജനമാക്കി സംവൃതം ചേർത്ത് എഴുതാറുണ്ട്. കാൽ - കാല്, കാർ-കാറ്, കൺ-കണ്ണ്, തേൾ - തേള്

- ഇന്ന് സംവൃതോകാരത്തെ വിട്ടുകളയുക അച്ചടിയിൽ പതിവാണ്

ഇന്ന് അച്ചടിയിൽ സംവൃതസ്വരത്തിന്റെ 'ഉ'കാരചിഹ്നം വിട്ടുകളയുക പതിവാണ്. 'ന, ഩ'കളെ ഒരേ ലിപി കൊണ്ടു കുറിക്കുന്നതുപോലെ ശുദ്ധ വ്യഞ്ജനത്തെയും സംവൃതോകാരത്തെയും ഒരേവിധം മീത്തൽ കൊണ്ടു കുറിച്ചാലും മലയാളിക്ക് തെറ്റുപറ്റില്ല. പദാന്തത്തിലെ മീത്തൽ സംവൃതോകാരത്തെയും പദമധ്യത്തിലേതു ശുദ്ധവ്യഞ്ജനത്തെയും കുറിക്കുന്നു എന്നു ധരിച്ചാൽ മതിയല്ലോ. ചില്ലായിവരുന്ന 'യ'കാരത്തിനു പ്രത്യേകം ചിഹ്നം ഇല്ലായ്കയാൽ ശുദ്ധമായ 'യ'കാരത്തെ കുറിക്കാനും 'യ' എന്ന് എഴുതേണ്ടിവരും.

## Summarised Overview

സംവൃതമായ 'ഉ' കാര ( സംവൃതോകാരം) ത്തിന്റെ സൂക്ഷ്മപഠനം ഈ യൂണിറ്റിൽ നടത്തിയിരിക്കുന്നു. മറ്റു സ്വരങ്ങളുടെ മാതിരി വ്യഞ്ജനത്തോടു ചേർന്നു വരുന്ന ഉകാരസ്വരത്തെ മുകളിൽ ആ ( ˘ ) ഈ ചിഹ്നം കൊണ്ട് സൂചിപ്പിക്കുന്നു. ഈ സ്വരം സംവൃതമായ 'ഉ'കാരം ആണെന്നും ഇതിനെ സൂചിപ്പിക്കാൻ ഈ ചിഹ്നത്തോടൊപ്പം അടിയിൽ 'ഉ'കാര ചിഹ്നം കൂടി (ു )വേണമെന്നും കേരളപാണിനി പറയുന്നു. ഈ സംവൃതോകാരത്തിന് അരമാത്ര (അരയുകാരം) ആണെന്നു ഗുണ്ടർട്ട് പറയുന്നു. സംവൃതോകാരത്തെപ്പറ്റിയുള്ള കേരളപാണിനിയുടെയും, ഗുണ്ടർട്ടിന്റെയും അഭിപ്രായങ്ങൾ ക്രോഡീകരിക്കുന്നു. തമിഴിൽ സംവൃതമായ 'ഉ'കാരത്തിനു ചിഹ്നമില്ല. അതു വ്യാകരണപ്രധാനമല്ല. എന്നാൽ മലയാളത്തിൽ അർഥഭേദകാരണമായ ഒരു പൂർണ്ണസ്വരമാണ് ഇത്. അപൂർണ്ണക്രിയ (മുൻവിനയെച്ചത്തെ) പൂർണ്ണക്രിയ ആക്കാൻ സംവൃത 'ഉ'കാരത്തെ വിവൃത (തുറന്നുച്ചരിക്കുന്ന) 'ഉ'കാരം ആക്കിയാൽ മതി. വ്യഞ്ജനാന്തമായ ഇതരഭാഷാശബ്ദങ്ങൾ കടമെടുക്കുമ്പോൾ നമ്മൾ ആ അന്ത്യവ്യഞ്ജനത്തെ ഇരട്ടിച്ചോ ഇരട്ടിക്കാതെയോ സംവൃതോകാരം ചേർത്തുച്ചരിക്കുന്നു. ചില്ലുകളെയും വ്യഞ്ജനമാക്കി സംവൃതം ചേർത്ത് എഴുതാറുണ്ട്. 'ഉ'കാരം -അർഥദേദകമായ പൂർണ്ണസ്വരമാണ്.

ഇന്ന് അച്ചടിയിൽ സംവൃതസ്വരത്തിന്റെ 'ഉ'കാര ചിഹ്നം വിട്ടുകളയുക പതിവാണ്. ശുദ്ധ വ്യഞ്ജനത്തെയും സംവൃതോകാരത്തെയും ഒരേവിധം മീത്തൽ കൊണ്ടു കുറിച്ചാലും മലയാളിയ്ക്ക് തെറ്റുപറ്റില്ല. പദാന്തത്തിലെ ഈ ചിഹ്നം സംവൃതോകാരത്തെയും പദമധ്യത്തിലേതു ശുദ്ധവ്യഞ്ജനത്തെയും കുറിക്കുന്നു. ചില്ലായിവരുന്ന 'യ'കാരത്തിനു പ്രത്യേകം ചിഹ്നം ഇല്ലായ്കയാൽ ശുദ്ധമായ 'യ'കാരത്തെ കുറിക്കാനും 'യ' എന്ന് എഴുതേണ്ടിവരും. വർണ്ണപരിണാമത്തെപ്പറ്റിയും വർണ്ണപരിണാമങ്ങളുടെ കാരണങ്ങളെപ്പറ്റിയും ഈ യൂണിറ്റിൽ അപഗ്രഥിക്കുന്നു, വർണ്ണമാറ്റത്തിന്റെ പ്രധാന കാരണങ്ങളെ വിശദമാക്കുന്നു. അറിവില്ലായ്മ, ഉച്ചാരണസുഗമത, സംസ്കാരഭേദം, ഔദാസീന്യന്യായം എന്നിവയെ സൂക്ഷ്മമായി അപഗ്രഥിച്ച് ഉദാഹരണ സഹിതം വർണ്ണഭേദകാരണങ്ങൾ വിവരിക്കുന്നു. പ്രധാനപ്പെട്ട വർണ്ണവികാരങ്ങളെപ്പറ്റിയുള്ള അറിവു ഈ യൂണിറ്റിൽ വിലയിരുത്തുന്നു.

## Assignments

1. വർണ്ണവികാരത്തിന്റെ പ്രധാന കാരണങ്ങൾ ഏതെല്ലാമെന്നു വിലയിരുത്തുക.
2. ഔദാസീന്യന്യായം എന്നാലെന്ത്? ഉദാഹരണ സഹിതം വിവരിക്കുക.
3. ഭാഷയിലെ പ്രധാനപ്പെട്ട വർണ്ണവികാരങ്ങളെപ്പറ്റി വിവരിക്കുക.
4. ഭാഷാസ്വരങ്ങളെ എങ്ങനെ തരംതിരിച്ചിരിക്കുന്നു? അവ ഏതെല്ലാമെന്നു വിശദമാക്കുക.
5. ദ്രാവിഡഭാഷകളിലെ വർണ്ണമാറ്റങ്ങളെപ്പറ്റി വിവരിക്കുക.
6. സംവൃതോകാരത്തെപ്പറ്റി കേരളപാണിനിയുടെയും ഗുണ്ടർട്ടിന്റെയും അഭിപ്രായങ്ങൾ വിലയിരുത്തുക?
7. അച്ചടിയിൽ സംവൃതോകാരത്തെ വിട്ടുകളയുന്നതിന്റെ കാരണമെന്തെന്നു വിശദീകരിക്കുക.

## Reference


1. എ. ആർ. രാജരാജവർമ്മ, കേരളപാണിനീയം, ഡി. സി. ബുക്സ്, കോട്ടയം.
2. പുതുശ്ശേരി രാമചന്ദ്രൻ (സമ്പാദനം), കേരളപാണിനീയവിമർശനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. സി. വി. വാസുദേവഭട്ടതിരി, കേരളപാണിനീയപാഠങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.
4. എം. ശേഷഗിരിപ്രഭു., വ്യാകരണമിത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ.
5. ശൂരനാട് കുഞ്ഞൻപിള്ള, ലീലാതിലകം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവന്തപുരം.


## Suggested Reading


1. കെ. സുകുമാരപിള്ള, ആധുനികമലയാളവ്യാകരണം, ഉഷാപബ്ലിക്കേഷൻ, ചടയമംഗലം.
2. ആദിനാട് ഗോപി, മലയാളഭാഷാവ്യാകരണം ഒരു സമഗ്രപഠനം, രചന ബുക്സ്, കൊല്ലം.
3. രാധാകൃഷ്ണൻ മല്ലിശ്ശേരി, മലയാളവ്യാകരണപഠനങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. കെ. എം. പ്രഭാകരവാരിയർ, ഭാഷാശാസ്ത്രവിവേകം, വള്ളത്തോൾ വിദ്യാപീഠം പ്രസിദ്ധീകരണം, ശുകപുരം.
5. കെ. എം. പ്രഭാകരവാരിയർ, മൊഴിവഴികൾ, താപസം, ചങ്ങനാശ്ശേരി.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

## Unit 3

# വാക്യം

## Learning Outcomes

- വാക്യം എന്ന ഏകകത്തെ മനസ്സിലാക്കുന്നു
- വാക്യം സ്വയംപര്യാപ്തമാണോ എന്ന് പരിശോധിക്കുന്നു
- വാക്യഘടനയുടെ സ്ഥാനം എന്താണെന്ന് ഗ്രഹിക്കുന്നു
- വൈയാകരണന്മാരുടെ നിരീക്ഷണങ്ങളെ അടിസ്ഥാനമാക്കി ഭാഷയുടെ സവിശേഷതകൾ വിശകലനം ചെയ്യുന്നു
- ആഖ്യ-ആഖ്യാതം എന്നിവയെക്കുറിച്ച് അറിയുന്നു
- പദക്രമത്തെക്കുറിച്ച് മനസ്സിലാക്കുന്നു
- വാക്യവർഗീകരണത്തിന്റെ സവിശേഷതകളെക്കുറിച്ച് അറിവ് നേടുന്നു

## Background

ആശയവിനിമയത്തിന് ഉപയുക്തമാകുന്ന അടിസ്ഥാന ഏകകമാണ് വാക്യം. ഭാഷയുടെ വ്യത്യസ്ത ഏകകങ്ങളായ സ്വനം, സ്വനിമം, രൂപിമം, പദം എന്നിവയെല്ലാം ആശയസംവേദനത്തിന് അപര്യാപ്തമാണ്. ഭാഷയുടെ ഏറ്റവും പ്രധാനലക്ഷ്യം ആശയവിനിമയമായതുകൊണ്ട് അതിനുപയുക്തമാകുന്ന വാക്യത്തിന്റെ പ്രാധാന്യം ഭാഷാപഗ്രഥനത്തിൽ നിർണ്ണായകമാണ്. പൂർണ്ണമായ ആശയത്തിന്റെ ഏറ്റവും ചെറിയ ഏകകമാണ് വാക്യം. ബാഹ്യഘടനയും ആന്തരികഘടനയും തമ്മിലുള്ള സമന്വയമാണ് വാക്യരചനയിൽ മൗലികമാകുന്നത്. സാധാരണ ഭാഷകനെ സംബന്ധിച്ച് വാക്യമാണ് ചിരപരിചിതമായ ഭാഷാഘടകം. പദം സ്വനസംഘാതമാണ്. വാക്യമാകട്ടെ പദസംഘാതവും. സാങ്കേതികമായി ഈ വാക്യത്തെ സ്വനസംഘാതമായി കണക്കാക്കാറുണ്ട്. കാരണം, സ്വനങ്ങൾ ചേർന്ന് ഉണ്ടാകുന്ന പദങ്ങൾ ചേർന്നാണ് വാക്യമുണ്ടാകുന്നത്. എന്നാൽ ഭാഷയുടെ സങ്കീർണ്ണമായ ഘടന പദത്തെയും വാക്യത്തെയും വ്യത്യസ്ത തലങ്ങളായി കാണുന്നു. വാക്യതലത്തിലെ ഒരു ഏകകം മാത്രമാണ് പദം. എന്നാൽ, വാക്യം ഭാഷണ ക്രിയാതലത്തിലെ അതിവിശാലമായ ഏകകമാണ്. വാക്യഘടനയിൽ അർഥബന്ധത്തോടൊപ്പം വ്യാകരണബന്ധവും തുല്യപ്രാധാന്യത്തോടെ നിലനിൽക്കുന്നു. വാക്യവിചാരവും വ്യാകരണവും അതുകൊണ്ടുതന്നെ പര്യായപദങ്ങളായി ഉപയോഗിക്കാറുണ്ട്.

വാക്യങ്ങളാണ് ഭാഷയെ ആശയസംവേദനത്തിനുതകുന്ന മാധ്യമമാക്കി മാറ്റുന്നത്. അക്ഷരങ്ങൾ ചേർന്നു വാക്കുകളും വാക്കുകളുടെ അനുയോജ്യമായ സമ്മേളനത്തിലൂടെ വാക്യങ്ങളുമുണ്ടാകുന്നു. വാക്യം എന്നതിന് കൃത്യമായ ഒരു നിർവചനം നൽകുക പ്രയാസമാണ്. വൈയാകരണന്മാർ അവരവരുടെ യുക്തിബോധത്തിനുള്ളിൽ നിന്നുകൊണ്ട് വാക്യത്തെ നിർവചിക്കാൻ ശ്രമിച്ചിട്ടുണ്ട്. വാക്യത്തിന്റെ ഘടനയെ മുൻനിർത്തിയും അതു പ്രദാനം ചെയ്യുന്ന ആശയതലങ്ങളെ മുൻനിർത്തിയും പല നിലയിൽ വാക്യത്തെ വിഭജിച്ചിരിക്കുന്നതായി കാണാം. ആഖ്യയും ആഖ്യാതവും വാക്യത്തിന്റെ ശരീരഘടനയെ നിർണയിക്കുന്ന അടിസ്ഥാന ഏകകങ്ങളാണ്. കർത്തൃ-കാരകബന്ധങ്ങൾ അവയിൽ ഏറെ പ്രാധാന്യമർഹിക്കുന്നു. പദങ്ങളുടെ ക്രമത്തിന് ഒരു ഭാഷയുടെ വ്യാകരണഘടനയിൽ സവിശേഷമായ സ്ഥാനമുണ്ടെന്നു കാ

ണാം. മലയാളത്തിൽ കർത്താവ്-കർമ്മം-ക്രിയ എന്നാണ് വാക്യഘടനയെങ്കിൽ ഇംഗ്ലീഷിൽ കർത്താവ്-ക്രിയ-കർമ്മം എന്ന നിലയിലാണ് വാക്യഘടന ചിട്ടപ്പെടുത്തിയിരിക്കുന്നത്. അതു കൊണ്ടു തന്നെ വ്യാകരണയുക്തിയാൽ ചിന്തിച്ചാൽ ഭാഷയുടെ സവിശേഷമായ തന്മയെ നിർ ണയിക്കുന്നതിൽ വാക്യങ്ങൾ പ്രധാന പങ്കു വഹിക്കുന്നു. അനേകങ്ങളും നാനാജാതികളുമായ പദങ്ങൾ കൊണ്ടു നിർമ്മിതമായ ഒരു വാക്യത്തെ നാം അഴിച്ചു നോക്കിയാൽ സർവസാധാര ണമായി രണ്ടു ഭാഗങ്ങൾ കാണാം. ആഖ്യ എന്നും ആഖ്യാതം എന്നും അതിന് നാമകരണം ചെയ്തിരിക്കുന്നു. ഒരു ഭാഷണസന്ദർഭത്തിലെ സാമാന്യവിഷയമാണ് ആഖ്യ(Subject). ഒരു വാക്യത്തിൽ ആരെ അല്ലെങ്കിൽ എന്തിനെപ്പറ്റി പറയുന്നുവോ അതാണ് ആഖ്യ. ഈ സാമാ ന്യവിഷയത്തെക്കുറിച്ചുള്ള വിശേഷണപ്രസ്ഥാവനയാണ് ആഖ്യാതം (Predicate). അതായത് ആഖ്യയെ പറ്റി എന്തു പറയുന്നുവോ അതാണ് ആഖ്യാതം.

## Keywords

വാക്യം - ആഖ്യ - ആഖ്യാതം - വാക്യഘടന - പദക്രമം - നാമപദസംഹിത - ക്രിയാപദസം ഹിത - ചൂർണ്ണിക - സങ്കീർണ്ണവാക്യം - വിശിഷ്ടക്രിയ - അംഗ-അംഗിവാക്യം - മഹാവാക്യം

## Discussion

### 1.4.1 വാക്യം എന്ന ഏകകം (ഉച്ചാരണ സവി ശേഷതകളാണ് ലീനധ്വനി)

വാക്യത്തിനുള്ളിലുള്ള പദങ്ങളുടെ വിന്യാസവും പരസ്പരബന്ധ വും അവയുടെ ലീനധ്വനികളും ചേർന്ന പഠനമാണ് വാക്യവിചാര ത്തിൽ ഉൾപ്പെടുന്നത്. ആഖ്യയും ആഖ്യാതവും ആണ് വാക്യത്തിലെ പ്രധാനപ്പെട്ട ഘടകങ്ങൾ എന്ന് ചില വൈയാകരണന്മാർ സൂചിപ്പിക്കു ന്നു. എന്നാൽ, പുതിയ വ്യാകരണബോധം ഇക്കാര്യം അതേപടി പ ൂർണ്ണമായി അംഗീകരിക്കുന്നില്ല. ആഭ്യന്തര രൂപഘടനയെ ആസ്പദ മാക്കി വാക്യങ്ങളെ പൂർണ്ണവാക്യം, ലഘുവാക്യം എന്നിങ്ങനെ രണ്ടാ യി തിരിക്കാം. ഘടനാപരമായി ആഖ്യയും ആഖ്യാതവുമുള്ളവയാണ് പൂർണ്ണവാക്യങ്ങൾ. ഘടനാപരമായി പൂർണ്ണമല്ലാത്തവയാണ് ലഘുവാ ക്യങ്ങൾ. വാക്യത്തിന്റെ പ്രയോഗസാധുത്വവും പ്രധാനമാണ്. വ്യാ കരണസാധുക്കളായ എല്ലാ വാക്യങ്ങളും പ്രയോഗസാധുവായിക്കൊ ള്ളണമെന്നില്ല. വാക്യാർഥം അസംബന്ധമാണെങ്കിൽ സ്വീകാര്യമല്ല എന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഭാഷയിലെ എല്ലാ വാക്യ ങ്ങളും ഒരു വ്യക്തിക്ക് പഠിക്കാനാവില്ല. ആകാംക്ഷയ്ക്കെല്ലാം പൂർ ത്തിവരുന്ന വിധത്തിൽ ഒരു സംഗതിയെ പൂർണ്ണമായും വിവരിക്കുന്ന പദക്കൂട്ടമാണ് വാക്യം. കർത്താവ്, കർമ്മം, ക്രിയ എന്ന ക്രമത്തിലാണ് വാക്യത്തിൽ പദങ്ങൾ വരേണ്ടത്. ഒരു വാക്യത്തെ അഴിച്ചു നോക്കി യാൽ സാധാരണമായി രണ്ടു ഭാഗം കാണും, ആഖ്യയും ആഖ്യാ തവും. പരസ്പരബന്ധമുള്ള പദങ്ങളെ ഒരു പൂർണ്ണമായ ആശയം വിശദമാക്കത്തക്കവണ്ണം പ്രയോഗിക്കുന്നതിലാണ് വാക്യം എന്നു പറയുന്നത്. എന്തിനെക്കുറിച്ച് പറയുന്നുവോ അത് ആഖ്യ. ആഖ്യയെ ക്കുറിച്ച് പറയുന്നത് ആഖ്യാതം.

- ആഖ്യയും, ആഖ്യാതവും വാക്യത്തിൽ പ്രധാനമാണ്

### വാക്യം - വിവിധ വ്യാകരണകൃതികളിൽ

1. **കേരളപാണിനി** - ആകാംക്ഷയ്ക്കെല്ലാം പൂർത്തിവരുന്ന വിധത്തിൽ ചേർത്ത് ഒരു സംഗതിയെ പൂർണ്ണമായി വിവരിക്കുന്ന പദക്കൂട്ടാണ് വാക്യം (കേരളപാണിനീയം).
2. **ശേഷഗിരിപ്രഭു** - ഒരു വിചാരത്തെ പൂർണ്ണമായി പറയാൻ ഉപയോഗിക്കുന്ന പദങ്ങളുടെ കൂട്ടമാകുന്നു വാക്യം (വ്യാകരണമിത്രം).
3. **വാസുദേവ ഭട്ടതിരി** - ഒരാശയം വെളിവാക്കുന്ന പദമോ പദസഞ്ചയമോ ആണ് വാക്യം (അഭിനവ മലയാളവ്യാകരണം).
4. **ജോൺ കുന്നപ്പള്ളി** - ആകാംക്ഷയ്ക്കു പൂർത്തിവരത്തക്കവിധം കാരകം, ക്രിയ, വിശേഷണം, ഗതി, വിഭക്തി എന്നിവ ചേർന്ന് ഒരു സംഗതി പൂർണ്ണമായി വിവരിക്കുന്ന പദസമൂഹമാകുന്നു വാക്യം (ശബ്ദസൗഭഗം).
5. **ഡോ. കെ. സുകുമാരപിള്ള** - വ്യവഹാരദൃഷ്ട്യാ പൂർണ്ണമായ ഒരാശയത്തിന്റെ ഭാഷണരൂപമാണ് വാക്യം (കൈരളീശബ്ദാനുശാസനം).

### വാക്യം സ്വയംപര്യാപ്തമാണെന്ന കാഴ്ചപ്പാടിന്റെ യുക്തി - അവലോകനം

ഒരാശയം പൂർണ്ണമായി പ്രകാശിപ്പിക്കാൻ പര്യാപ്തമായ ഭാഷാഘടകമാണ് വാക്യം. വാക്യത്തിന്റെ ഘടകങ്ങളായി വരുന്ന പദങ്ങളുടെ പാരസ്പര്യത്തെ, ക്രിയയും നാമങ്ങളും തമ്മിലും വിശേഷണവിശേഷ്യങ്ങൾ തമ്മിലും ഉള്ള ബന്ധം വ്യാകരണം വിവരിക്കുന്നു. ഈ ബന്ധങ്ങൾക്ക് വ്യാകരണം ആകാംക്ഷ എന്ന പേര് നൽകിയിരിക്കുന്നു. ആകാംക്ഷക്ക് പൂർത്തി വരത്തക്കവണ്ണം ഘടകപദങ്ങളെല്ലാം വിന്യസിക്കുമ്പോൾ വാക്യം രൂപംകൊള്ളുകയും പൂർണ്ണമായ ആശയപ്രകാശനം സാധ്യമാവുകയും ചെയ്യുന്നു. ഏതൊരു വാക്യത്തിലും രണ്ടു മുഖ്യഘടകങ്ങൾ അടങ്ങിയിരിക്കുന്നു. വക്താവ് എന്തിനെപ്പറ്റി പറയുന്നുവോ അതാണ് ഒരു ഘടകം; അതിനെപ്പറ്റി എന്തു പറയുന്നുവോ അത് രണ്ടാമത്തെ ഘടകം. ആദ്യത്തെ ഘടകത്തിന് ആഖ്യ എന്നും, രണ്ടാമത്തേതിന് ആഖ്യാതം എന്നും പേരു നൽകിയിരിക്കുന്നു. ഒന്ന് ഒരു സ്ഥിതിയിൽ ഇരിക്കുന്നുവെന്നോ ഒരു പ്രവൃത്തി ചെയ്യുന്നുവെന്നോ പറയുമ്പോഴാണ് ഒരു വാക്യം പൂർണ്ണമാകുന്നത്. ഒന്നിൽ കൂടുതൽ പദങ്ങളെ വ്യവസ്ഥാപിതമായി കൂട്ടിച്ചേർത്ത് ഒരാശയത്തെ ദ്യോതിപ്പിക്കുന്നതാണ് വാക്യം. ആകാംക്ഷയ്ക്കെല്ലാം പൂർത്തിവരുന്ന വിധത്തിൽ ചേർത്ത് ഒരു സംഗതിയെ പൂർണ്ണമായും വിവരിക്കുന്ന പദക്കൂട്ടമാണ് വാക്യം എന്ന് എ. ആറും. ഒരു വിചാരത്തെ പൂർണ്ണമായിപ്പറയാൻ ഉപയോഗിക്കുന്ന പദങ്ങളുടെ കൂട്ടമാകുന്ന വാക്യം എന്ന് ശേഷഗിരിപ്രഭുവും വ്യവഹാരദൃഷ്ട്യാ പൂർണ്ണമായി ഒരാശയത്തിന്റെ ഭാഷണരൂപമാണ് വാക്യമെന്ന് കെ. സുകുമാരപിള്ളയും വാക്യത്തെ നിർവചിക്കുന്നു.

- ▶ വാക്യത്തിന്റെ പ്രധാനപ്പെട്ട രണ്ട് ഘടകങ്ങളാണ് ആഖ്യയും ആഖ്യാതവും

## 1.4.2 നാമപദസംഹിത - ക്രിയാപദസംഹിത എന്നീ സങ്കല്പനങ്ങൾ

ഒരു ഭാഷയുടെ വ്യാകരണം എന്നത് പദവാക്യങ്ങളെ സംബന്ധിച്ച നിയമങ്ങളുടെ ആകെത്തുകയാണ്. വാക്യഘടനയുടെ കാര്യത്തിനു

ള്ളതിനേക്കാൾ ദൃഢമായ നിയമങ്ങളാണ് ഏത് ഭാഷയിലും പദപക്ഷത്തിലുള്ളത്. ചില ഭാഷകളിലെങ്കിലും ഈ രണ്ടുതലങ്ങളേയും വേർതിരിക്കുന്ന അതിർത്തിരേഖ അതീവ ദുർബലവും അവ്യക്തവുമാണ്. അതുകൊണ്ട് വാക്യം എന്നതിന് സർവ ഭാഷാസാമാന്യമായ ഒരു നിർവചനം നൽകുക പ്രയാസമാണ്. മലയാളത്തിനും മറ്റ് ഒട്ടേറെ ഭാഷകൾക്കും യോജിക്കുന്ന രീതിയിലുള്ള ഒരു വിവരണം മാത്രമാണ് ഇവിടെ നൽകുന്നത്. വാക്യഘടനയിൽ നിബന്ധിതങ്ങളായ രണ്ട് ഘടകങ്ങളാണുള്ളത്- ആഖ്യയും ആഖ്യാതവും. ഉദ്ദേശ്യമെന്നും വിധേയമെന്നും ഇവയെ വിളിക്കാറുണ്ട്. ഇവയിൽ ആദ്യത്തേത് നാമമോ പരിച്ഛദങ്ങളോടുകൂടിയ ഒരു നാമപദസംഹിതയോ ആയിരിക്കും. അതുപോലെ രണ്ടാമത്തേത് ക്രിയയോ പരിച്ഛദങ്ങളോടുകൂടിയ ഒരു ക്രിയാപദസംഹിതയോ ആയിരിക്കും. നാമമോ സർവനാമമോ നാമവാക്യമോ ആഖ്യയായിട്ടു വരാം. ആഖ്യാതപക്ഷത്തിൽ മുറ്റുവിന നിർബന്ധമാണ്. കേരളപാണിനി കൊടുക്കുന്ന ഉദാഹരണം നോക്കുക; 'വിവാഹം കഴിഞ്ഞ് നഗരത്തിലേക്ക് മടങ്ങിവന്ന രാമൻ അച്ഛന്റെ നിയോഗത്താൽ വനവാസത്തിനുപോയി'. എന്ന വാക്യത്തിൽ പരിച്ഛദങ്ങളെ ഒഴിവാക്കിയാൽ 'രാമൻ പോയി.' എന്ന മൂലവാക്യത്തിൽ എത്തും. ആഖ്യയായി നിൽക്കുന്ന 'രാമൻ' എന്ന നാമപദത്തിന് വിവാഹം കഴിഞ്ഞ് നഗരത്തിലേക്ക് മടങ്ങി വന്ന എന്ന പരിച്ഛദവും 'പോയി' എന്ന ആഖ്യാതപദത്തിന് 'അച്ഛന്റെ നിയോഗത്താൽ വനവാസത്തിന്' എന്ന പരിച്ഛദവും ഉണ്ട്.

► ഭാഷാപഠനത്തിൽ വാക്യത്തിന് പ്രാധാന്യമുണ്ട്

## 1.4.3 ആഖ്യ - ആഖ്യാതം

**ആഖ്യ** - വാക്യത്തിൽ ആരെപ്പറ്റി പറയുന്നുവോ അല്ലെങ്കിൽ എന്തിനെപ്പറ്റി പറയുന്നുവോ അതാണ് ആഖ്യ. നാമമോ സർവനാമമോ നാമവാക്യമോ ആഖ്യയായി വരാം. കർത്താവും കർത്താവിന്റെ പരിച്ഛദവും കൂടി ചേർന്ന വാക്യാംഗമാണ് ആഖ്യ.

ഉദാ: റോബിൻ ഉറങ്ങി (റോബിൻ-ആഖ്യ), മിടുക്കനായ റോബിൻ ഉറങ്ങി (മിടുക്കനായ റോബിൻ-ആഖ്യ)

► ആഖ്യ: പ്രധാനാംശം കർത്താവ്, ആഖ്യാതം: പ്രധാനാംശം ക്രിയ

**ആഖ്യാതം** - ആഖ്യയെപ്പറ്റി എന്ത് പറയുന്നുവോ അതാണ് ആഖ്യാതം. ക്രിയാപദവും പരിച്ഛദങ്ങളും ചേർന്നതാണിത്. മുറ്റുവിനയാണ് ആഖ്യാതം.

ഉദാ: റോബിൻ ഉറങ്ങി (ഉറങ്ങി ആഖ്യാതം), റോബിൻ നന്നായി ഉറങ്ങി (ഉറങ്ങി - ആഖ്യാതം)

### ആഖ്യാതവും ആഖ്യയും തമ്മിലുള്ള ഘടനാപരമായ ബന്ധം

ആധുനിക ഭാഷാശാസ്ത്രത്തിന്റെ ആദ്യഘട്ടത്തിൽ വാക്യാപഗ്രഥനത്തിന് ഘടനാത്മകരീതിയെയാണ് അവലംബമാക്കിയത്. ആ രീതിയനുസരിച്ച് വാക്യാപഗ്രഥനം എങ്ങനെ നടത്തുന്നു എന്നാണ് ഇവിടെ പരിശോധിക്കുന്നത്.

വാക്യം ഘടനയാണ്, ഘടകങ്ങളുടെ വ്യവസ്ഥപൂർവമായ സംയോഗത്തെയാണ് ഘടന എന്ന് പറയുന്നത്. വാക്യത്തിലെ പ്രാഥമികഘ


ടകങ്ങൾ പദങ്ങളാണ്. പദങ്ങളിൽ പ്രകൃതിയും പ്രത്യയവും ഘടകങ്ങളായി വരുന്നു. പ്രകൃതി-പ്രത്യയങ്ങൾ വാക്യഘടനയുടെ പ്രഥമ ഘടകങ്ങളല്ല. അവ വാക്യഘടനയുടെ വിശദീകരണത്തിന് നേരിട്ട് പ്രയോജനപ്പെടുന്നില്ല. വാക്യത്തിൽ ഏതെല്ലാം പദങ്ങൾ ഏതേത് സ്ഥാനങ്ങളിൽ പ്രത്യക്ഷപ്പെടും എന്നും അങ്ങനെ പ്രത്യക്ഷപ്പെടുന്ന പദങ്ങൾക്ക് തമ്മിലുള്ള ബന്ധവും വാക്യവിശകലനത്തിൽ വ്യക്തമാക്കുന്നു. വാക്യത്തിൽ അടുത്ത ബന്ധം പുലർത്തുന്ന ഘടകങ്ങളെ സന്നിഹിതഘടകങ്ങൾ എന്ന് പറയുന്നു. ഒരു വാക്യത്തിലെ സന്നിഹിതഘടകങ്ങളെ ക്രമമായി പിരിച്ചുകാണിക്കുന്ന പ്രക്രിയയാണ് സന്നിഹിതഘടനാപഗ്രഥനം. ഈ രീതിയുടെ സ്വഭാവം താഴെ കാണിക്കുന്നു.

▶ വാക്യം സന്നിഹിത ഘടകങ്ങൾ

<table>
<tr><td colspan="7">കേരള വിദ്യാഭ്യാസമന്ത്രി അടുത്ത വെള്ളിയാഴ്ച ദില്ലിക്ക് പോകുന്നുണ്ട്.</td></tr>
<tr><td>1</td><td colspan="2">കേരള വിദ്യാഭ്യാസമന്ത്രി</td><td colspan="4">അടുത്ത വെള്ളിയാഴ്ച ദില്ലിക്ക് പോകുന്നുണ്ട്.</td></tr>
<tr><td>2</td><td>കേരള</td><td colspan="2">വിദ്യാഭ്യാസമന്ത്രി</td><td colspan="2">അടുത്ത വെള്ളിയാഴ്ച</td><td>ദില്ലിക്ക് പോകുന്നുണ്ട്.</td></tr>
<tr><td>3</td><td>കേരള</td><td>വിദ്യാഭ്യാസമന്ത്രി</td><td>അടുത്ത</td><td colspan="2">വെള്ളിയാഴ്ച</td><td>ദില്ലിക്ക് പോകുന്നുണ്ട്.</td></tr>
<tr><td>4</td><td>കേരള</td><td>വിദ്യാഭ്യാസമന്ത്രി</td><td>അടുത്ത</td><td>വെള്ളിയാഴ്ച</td><td>ദില്ലിക്ക് പോകുന്നു</td><td>ഉണ്ട്.</td></tr>
</table>

ഇവിടെ വാക്യഘടകങ്ങളെ പടിപടിയായി പിരിച്ചുകാണിക്കുന്നു. വിഭജനത്തിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം ഘടകങ്ങൾക്ക് തമ്മിലുള്ള ബന്ധമാണ്. വാക്യത്തെ ആദ്യമായി (1) ആഖ്യ-ആഖ്യാതം ആയും അടുത്തതായി (2) ആഖ്യയിലെ വിശേഷണവിശേഷ്യങ്ങളെയും ആഖ്യാതത്തിലെ കാലവാചി നാമപദബന്ധം, സ്ഥലസൂചകത്തോട് കൂടിയ ക്രിയാപദം എന്നിവയെയും വേർതിരിച്ചിരിക്കുന്നു. പിന്നീട് (3) ആഖ്യാതത്തിലെ കാലാവാചി നാമപദബന്ധത്തിലെ വിശേഷണവിശേഷ്യങ്ങളേയും ആഖ്യാതത്തിലെ ലക്ഷ്യം (വ്യാകരണത്തിലെ ഉദ്ദേശികാവിഭക്തികളുടെ പല അർഥങ്ങളിൽ ഒന്ന്), ക്രിയ എന്നിവയെയും വേർപെടുത്തിയിരിക്കുന്നു. അവസാനമായി (4) സമസ്തക്രിയയിലെ മുഖ്യക്രിയ, സഹായക്രിയ എന്നിവയെ തിരിച്ചു കാണിച്ചിരിക്കുന്നു. ഘടനാബന്ധത്തെ അവലംബമാക്കിയുള്ള വാക്യവിഭജനം വേറൊരു രീതിയിലും ചിത്രീകരിക്കാം.

▶ ഘടനാബന്ധത്തെ അവലംബമാക്കിയുള്ള വാക്യവിഭജനം




ഇവിടെ സരളവാക്യമാണ് ഉദാഹരിച്ചത്, ഒരു ക്രിയ മാത്രമുള്ള ഘടനയാണ് സരളവാക്യം. ഘടനപരമായി, സരളവാക്യങ്ങൾക്ക് പല ഉപവിഭാഗങ്ങൾ ഉണ്ട്. സംയോജകവാക്യം (അദ്ദേഹം എന്റെ ഗുരുനാഥനാണ്), സ്ഥിതിവാക്യം (ആ ചെടിയിൽ ധാരാളം പൂക്കൾ ഉണ്ട്), അകർമ്മകവാക്യം, സകർമ്മകവാക്യം, പ്രയോജകവാക്യം, കർമ്മണിവാക്യം, നിഷേധവാക്യം, ചോദ്യവാക്യം, വിധിവാക്യം, നിയോജകവാക്യം, ആശംസാവാക്യം, അവധാരണവാക്യം മുതലായവ. ഇവയിൽ ചിലതിന് ഉപഘടനകളും ഉണ്ടാകും. ഉദാഹരണമായി, നിഷേധവാക്യത്തിന് അനോന്യനിഷേധം (അവൾ ഉദ്യോഗസ്ഥയല്ല), സംസർഗനിഷേധം(ആ മുറിയിൽ വെളിച്ചമില്ല), അതുപോലെ ചോദ്യവാക്യത്തിന് പ്രത്യയാധിഷ്ഠിതം(ബസ് പുറപ്പെട്ടോ?), പദാധിഷ്ഠിതം(നീ എപ്പോൾ വന്നു?) എന്ന് രണ്ട് മുഖ്യവിഭാഗങ്ങൾ ഉണ്ട്. ഒന്നിലധികം സരളവാക്യങ്ങൾ ചേർന്ന് സംയുക്തവാക്യങ്ങൾ ഉണ്ടാകുന്നു. ഒന്നിലധികം അംഗിവാക്യങ്ങൾ ചേരുന്നത് സങ്കരവാക്യം. അംഗിവാക്യത്തോട് ഒന്നോ അതിലധികമോ അംഗവാക്യങ്ങൾ ചേർന്ന് പലതരത്തിലുള്ള സങ്കീർണ്ണവാക്യങ്ങൾ ഉണ്ടാവുന്നു. ഇങ്ങനെ സംയുക്തവാക്യത്തിന് പ്രധാനമായും രണ്ട് തരത്തിലുള്ള ഘടനകളുണ്ട്. 'അവൾ നന്നായി പഠിച്ച്, പരീക്ഷയിൽ ജയിച്ചു' (ഇതിലെ അംഗവാക്യം വിനയെച്ചോപവാക്യമാണ്). 'അടികൊണ്ട കുട്ടി കരയാൻ തുടങ്ങി' (ഇതിലെ അംഗവാക്യം പേരച്ചോപവാക്യമാണ്). ഇങ്ങനെ പല തരത്തിലുള്ള സങ്കീർണ്ണവാക്യങ്ങൾ എല്ലാ ഭാഷകളിലും പ്രയോഗത്തിലുണ്ട്.

- ഒന്നോ അതിലധികമോ അംഗവാക്യങ്ങൾ ചേർന്ന് സങ്കീർണ്ണവാക്യങ്ങൾ ഉണ്ടാവുന്നു

ഘടനാബന്ധത്തിന്റെ അടിസ്ഥാനത്തിൽ പദബന്ധങ്ങളെ രണ്ടായി വർഗീകരിക്കാം. മുമ്പുദാഹരിച്ച വാക്യത്തിൽ കേരള വിദ്യാഭ്യാസമന്ത്രി, അടുത്ത വെള്ളിയാഴ്ച, ദില്ലിക്ക് പോകുന്നുണ്ട്, എന്നീ മൂന്ന് പദബന്ധങ്ങളുണ്ട്. ആദ്യത്തെ രണ്ടെണ്ണം ഒരു വിശേഷപദവും ഒരു ശീർഷകപദവും ചേർന്നതാണ്. രണ്ടിലും ശീർഷകങ്ങൾ നാമങ്ങളാണ്. ഇത്തരം ഘടനകളെ നാമബന്ധങ്ങൾ എന്ന് പറയുന്നു. വേറെ ചില നാമബന്ധങ്ങൾ: ഈ കുട്ടി, ഒരു പുസ്തകം, വായിച്ച പുസ്തകം,

ധാരാളം ആളുകൾ. ഇവയിൽ രണ്ടാമത്തെപദമാണ് കേന്ദ്രം. പദബന്ധത്തിന്റെ മൊത്തത്തിലുള്ള വ്യാകരണസംവർഗം ശീർഷകപദത്തിന്റേതായിരിക്കും. വിശേഷണപദം ഇല്ലാതിരുന്നാലും ഘടനാപരമായി വാക്യത്തിന് വ്യത്യാസം വരുന്നില്ല. വിദ്യാഭ്യാസമന്ത്രി വെള്ളിയാഴ്ച്ച ദില്ലിക്ക് പോകുന്നുണ്ട്. എന്ന ഘടന തന്നെയാണ് മുൻപ് ഉദാഹരിച്ച വാക്യത്തിനുള്ളത്. ഈ മാതിരി പദബന്ധങ്ങളെ കേന്ദ്രീകൃതഘടന എന്ന് പറയും. ക്രിയാപദബന്ധങ്ങളും കേന്ദ്രീകൃതഘടനകളായി വരും, ഉദാ: കുളിച്ചു വന്നു, ഉറക്കെ കരഞ്ഞു. കേന്ദ്രീകൃതഘടനയിൽ സാധാരണനിലയിൽ വിശേഷണപദങ്ങൾക്ക് ശേഷമാണ് ശീർഷകപദം വരുക. ചുരുക്കം ഘടനകളിൽ വിശേഷണപദം ശീർഷകത്തിന് ശേഷവും വരാറുണ്ട്. ആളുകൾ എല്ലാം, കുട്ടികൾ ധാരാളം. രണ്ട് ശീർഷകപദങ്ങൾ സമുച്ചയിച്ചും പദബന്ധങ്ങളുണ്ടാകും, അവനും അവളും, അവനോ അവളോ, എന്നിങ്ങനെ. ഇവയിൽ രണ്ട് പദങ്ങളും ശീർഷകങ്ങളാണ്. ഈ മാതിരി ഘടനകളെയും കേന്ദ്രീകൃതഘടനകളായി ഗണിക്കാം. കാരണം, രണ്ട് പദങ്ങളും ചേർന്ന് ഘടനയുടെ വ്യാകരണസംവർഗം ഓരോ പദത്തിന്റെയും വ്യാകരണരൂപത്തോട് സമാനമാണ്. ഉദാഹരിച്ച വാക്യത്തിലെ ദില്ലിക്ക് പോകുന്നുണ്ട് എന്ന ഘടനയെ വിശേഷണം, ശീർഷകം എന്ന രീതിയിൽ വ്യാഖ്യാനിക്കാനാവില്ല. ആ ഘടന വ്യാകരണപരമായി ഏതെങ്കിലും ഒരു പദവർഗത്തിൽപെടുന്നില്ല. വിശേഷണവിശേഷ്യബന്ധത്തെപ്പോലെ ഘടനാപരമായി ദൃഢബന്ധമുള്ളതല്ല വിഭക്തിബന്ധം. ഇത്തരം ഘടനകളെ വികേന്ദ്രീകൃതഘടന എന്ന് പറയാം.

- ▶ വിശേഷണവിശേഷ്യബന്ധത്തെപ്പോലെ ഘടനാപരമായി ദൃഢബന്ധമുള്ള ഘടനകളാണ് വികേന്ദ്രീകൃതഘടന

### ആകാംക്ഷാപൂർത്തി - അന്വയം എന്നീ സങ്കല്പനങ്ങൾ

വാക്യത്തിൽ ആരെപ്പറ്റി പറയുന്നുവോ അല്ലെങ്കിൽ എന്തിനെപ്പറ്റി പറയുന്നുവോ അത് ആഖ്യ.

ഉദാ: രാമൻ രാവണനെ വധിച്ചു. ആഖ്യയുടെ പ്രവൃത്തി അല്ലെങ്കിൽ അവസ്ഥയെപ്പറ്റി പറയുന്നത് ആഖ്യാതം.

ഉദാ: രാമൻ രാവണനെ വധിച്ചു. വാക്യത്തിന്റെ ഓരോ ഭാഗവും കൂടുതൽ അറിവിനുവേണ്ടി അന്വേഷിക്കുന്നതിന് ആകാംക്ഷ എന്നു പേർ. ഒരാഖ്യയും ഒരാഖ്യാതവുമുള്ള വാക്യത്തെ കേവലാന്വയം എന്ന് വിളിക്കാം. പദങ്ങളുടെ അർഥങ്ങൾ തമ്മിൽ വിരോധമില്ലാതിരിക്കുന്നതിനെയാണ് യോഗ്യത എന്നു പറയുന്നത്.

- ▶ വാക്യം - യോഗ്യത - ആകാംഷ - അന്വയം

ഉദാ: കർഷകൻ തീ കൊണ്ട് നനയ്ക്കുന്നു. എന്ന വാക്യത്തിൽ അന്വയവും ആകാംക്ഷയും ഉണ്ട്. എന്നാൽ അനുഭവവിരോധമായ അർഥം -വെള്ളം കൊണ്ടാണ്, തീ കൊണ്ടല്ല നനയ്ക്കുന്നത് - ആ വാക്യത്തിന് യോഗ്യതയില്ലാതെ ആവുന്നു.

## 1.4.4 പദക്രമം-കർത്താവ്-കർമ്മം-ക്രിയ

വാക്യത്തിൽ പദങ്ങൾ പ്രയോഗിക്കുമ്പോൾ പദങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ പ്രത്യയങ്ങളെക്കൊണ്ട് വ്യക്തമാക്കുന്നതിന് പുറമെ നിയതമായ ക്രമം പാലിക്കുക കൂടി ചെയ്യണം. വാക്യത്തെ സംഘടിതവും സാർഥകവും ആകർഷകവും ആക്കുന്നതിൽ പദക്രമത്തിന് പ്രധാനപങ്കുണ്ട്. പദക്രമം എല്ലാ ഭാഷകളിലും

അത്യന്താപേക്ഷിതമാണെങ്കിലും അത് സംബന്ധിച്ച് പൊതുവായ നിയമം ഒന്നുമില്ല. ഓരോ ഭാഷയും അതിന്റേതായ പദക്രമം അനുവർത്തിക്കുന്നു. അതത് ഭാഷയുടെ ഘടനപരവും ശൈലീപരവുമായ സവിശേഷതകളോട് ബന്ധപ്പെട്ട കാര്യമാണിത്. മലയാളത്തിലെ വാക്യങ്ങൾ സാധാരണ ആരംഭിക്കുന്നത് ആഖ്യയിലായിരിക്കും. വാക്യം അവസാനിക്കുന്നത് മിക്കപ്പോഴും ആഖ്യാതത്തിലാണ്. കർമ്മമോ മറ്റേതെങ്കിലും കാരകത്തെക്കുറിക്കുന്ന നാമമോ വാക്യത്തിൽ ഉണ്ടെങ്കിൽ അത് ആഖ്യയ്ക്കും, ആഖ്യാതത്തിനും ഇടയ്ക്ക്, പലപ്പോഴും ആഖ്യാതത്തിനു തൊട്ടുമുൻപ് ഉപയോഗിക്കപ്പെടുന്നു. അതായത് ആഖ്യ, കർമ്മം, ആഖ്യാതം എന്നതാണ് സാമാന്യമായ പദക്രമം. ഏതെങ്കിലും ഘടകത്തിന് പ്രത്യേകപ്രാധാന്യം കൽപ്പിച്ച് അതിനെ ഊന്നി പറയേണ്ടിവരുമ്പോൾ മാത്രം ഈ പദക്രമത്തിന് മാറ്റം വരുത്താറുണ്ട്. എന്നാൽ ക്രിയാപദം വാക്യാന്തത്തിലല്ലാതെ ആരംഭത്തിലോ മദ്ധ്യത്തിലോ പ്രയോഗിക്കുന്ന സമ്പ്രദായം അപൂർവമാണ്.

▶ ഓരോ ഭാഷയും പദക്രമം അനുവർത്തിക്കുന്നു

## സാധാരണപദക്രമം ഉദാഹരണങ്ങൾ:

സൂര്യൻ പ്രകാശിക്കുന്നു (കർത്താവ് -> പൂർണ്ണക്രിയ).

സൂര്യൻ ഒരു തേജോഗോളമാണ് (കർത്താവ് -> നിർദ്ദേശികാവിഭക്തിയുള്ള മറ്റൊരു നാമം -> പൂർണ്ണക്രിയ).

സൂര്യൻ പ്രകാശകിരണങ്ങൾ പ്രസരിപ്പിക്കുന്നു (കർത്താവ്-> കർമ്മം-> പൂർണ്ണക്രിയ).

അദ്ധ്യാപകൻ വിദ്യാർഥിയോട് ചോദ്യം ചോദിച്ചു (കർത്താവ് -> സാക്ഷികാരകം -> കർമ്മം -> പൂർണ്ണക്രിയ).

▶ വാക്യത്തിലെ പദപ്രയോഗ ക്രമം

അദ്ധ്യാപകൻ വിദ്യാർഥിക്ക് പുസ്തകം കൊടുത്തു (കർത്താവ്-> സ്വാമികാരകം -> കർമ്മം -> പൂർണ്ണക്രിയ).

## കർത്താവ്

**ആഖ്യ** - ഒരു വാക്യത്തിൽ ആരെ അല്ലെങ്കിൽ എന്തിനെപ്പറ്റി പരാമർശിക്കുന്നു എന്ന് കാണിക്കുന്ന പദമോ പദസമൂഹമോ ആണ് ആഖ്യ.

**കർത്താവ്** - ക്രിയാവ്യാപാരം ചെയ്യുന്ന ആൾ കർത്താവ്

ഉദാ: കുട്ടി ഉറങ്ങി, ടീച്ചർ പഠിപ്പിച്ചു, കിളി പാടി, അവൻ നടന്നു എന്നീ വാക്യങ്ങളിലെ ക്രിയാവ്യാപാരങ്ങൾ ഉറങ്ങി, പഠിപ്പിച്ചു, പാടി, നടന്നു എന്നിവയാണ്. കുട്ടി, ടീച്ചർ, കിളി, അവൻ എന്നിവയാണ് മുകളിൽ പറഞ്ഞ വാക്യങ്ങളിൽ കർത്താവായി വരുന്നത്. വ്യാപാരമെന്നും ഫലമെന്നും ക്രിയയെ രണ്ടു വിഭാഗങ്ങളായി തിരിച്ചാൽ വ്യാപാരാശ്രയം കർത്താവും ഫലാശ്രയം കർമ്മവുമാകും. കർത്താവും മറ്റുള്ളവരുടെ നിർബന്ധത്തിന് വിധേയമായി ഒരു പ്രവൃത്തി ചെയ്യുന്നുവെങ്കിൽ ആ കർത്താവിനെ പ്രയോജ്യകർത്താവെന്നും സ്വന്തം ഇഷ്ടപ്രകാരമാണ് പ്രവൃത്തിചെയ്യുന്നുവെങ്കിൽ പ്രയോജക കർത്താവെന്നും പറയാം.

▶ കർത്താവ് 2 വിധം - പ്രയോജക കർത്താവ്, പ്രയോജ്യകർത്താവ്.

ഉദാ: 'രാജാവ് (പ്രയോജക കർത്താവ്) മന്ത്രിയെക്കൊണ്ട് (പ്രയോജ്യകർത്താവ്) രാജ്യം ഭരിപ്പിക്കുന്നു'.

### കർമ്മം

> ▶ ഫലാശ്രയമായിട്ടുള്ളതാണ് കർമ്മം

ക്രിയയുടെ വ്യാപാരഫലങ്ങൾ വെവ്വേറെ നാമങ്ങളെയാണ് ആശ്രയിക്കുന്നത് എങ്കിൽ, അപ്പോൾ ക്രിയയുടെ ഫലം ഏതിൽ ചെന്നു ചേരുന്നുവോ അതു കർമ്മം. ഫലാശ്രയമായിട്ടുള്ളതാണ് കർമ്മം. കർത്താവ് ചെയ്യുന്ന പ്രവൃത്തിയുടെ ഫലം അനുഭവിക്കുന്നതാരാണോ, എന്താണോ അതാണ് കർമ്മം. കർത്താവിനെ ക്രിയയുമായി ബന്ധിപ്പിച്ചു നിർത്തുന്ന കാരകമാണ് കർമ്മം.

ഉദാ:

| | | |
|---|---|---|
| കുട്ടി പട്ടിയെ അടിച്ചു | - | പട്ടി (കർമ്മം) |
| പട്ടി കുട്ടിയെ കടിച്ചു | - | കുട്ടി (കർമ്മം) |
| പട്ടി കുട്ടിയാൽ അടിക്കപ്പെട്ടു | - | പട്ടി (കർമ്മം) |

> ▶ കർമ്മം ഉള്ള ക്രിയയെ സകർമ്മകമെന്നും കർമ്മമില്ലാത്ത ക്രിയയെ അകർമ്മകമെന്നും പറയുന്നു

കർമ്മം ഉള്ള ക്രിയയെ സകർമ്മകമെന്നും കർമ്മമില്ലാത്ത ക്രിയയെ അകർമ്മകമെന്നും പറയുന്നു. വ്യാപാരമെന്നും, ഫലമെന്നും ക്രിയയെ രണ്ടായി തിരിച്ചാൽ വ്യാപാരാശ്രയം കർത്താവും ഫലാശ്രയം കർമ്മവുമാകും. ചില സന്ദർഭങ്ങളിൽ വ്യാപാരവും ഫലവും ഒന്നിൽ ത്തന്നെ വരാം. അങ്ങനെയുള്ള ക്രിയയ്ക്ക് കർമ്മമില്ല. വ്യാപാരമൊന്നിൽ, ഫലം മറ്റൊന്നിൽ എന്നു വന്നാലേ ക്രിയക്ക് കർമ്മമുള്ളൂ. 'കുട്ടി പട്ടിയെ അടിച്ചു' എന്ന വാക്യത്തിൽ 'അടിച്ചു' എന്ന ക്രിയയുടെ വ്യാപാരം കുട്ടിയിലും ഫലം പട്ടിയിലും എത്തിച്ചേരുന്നതിനാൽ 'അടിച്ചു' എന്ന ക്രിയയ്ക്ക് കർമ്മം ഉണ്ട്. എന്നാൽ 'കുട്ടി ഓടി' എന്ന വാക്യത്തിൽ വ്യാപാരവും ഫലവും കുട്ടിയെത്തന്നെയാണ് ആശ്രയിക്കുന്നത്. അതിനാൽ 'ഓടി' അകർമ്മക ക്രിയയാണ്.

### വിശിഷ്ടക്രിയ (ദ്വികർമ്മകക്രിയ)

> ▶ കർമ്മത്താൽ വിശേഷിപ്പിക്കപ്പെട്ട ക്രിയയാണ് വിശിഷ്ടക്രിയ

കർമ്മത്താൽ വിശേഷിപ്പിക്കപ്പെട്ട ക്രിയയാണ് വിശിഷ്ടക്രിയ എന്നു പറയുന്നത്. 'അവൻ ഭാര്യയെ കുറ്റം പറഞ്ഞു' എന്ന വാക്യത്തിൽ ഭാര്യ, കുറ്റം എന്നീ നാമങ്ങൾ കർമ്മമാണ് എന്ന് പെട്ടെന്ന് തോന്നിയേക്കാം. എന്നാൽ യഥാർഥത്തിൽ 'കുറ്റം' എന്ന നാമം 'പറഞ്ഞു' എന്ന ക്രിയയുമായി ചേർന്ന് 'പഴിക്കുക' എന്ന വിശേഷ അർഥത്തിലാണ് ക്രിയ പ്രയോഗിച്ചിരിക്കുന്നത്. ഇങ്ങനെയുള്ള ക്രിയയെയാണ് വിശിഷ്ട ക്രിയ എന്നു പറയുന്നത്. ആ വാക്യത്തിൽ 'ഭാര്യ' എന്ന പദം മാത്രമാണ് അപ്പോൾ കർമ്മമായി ഉള്ളൂ. ഇങ്ങനെ ഒരു കർമ്മം ഉള്ളതുകൊണ്ടാണ് ഇതിനെ ദ്വികർമ്മകക്രിയ എന്നുകൂടി പറയുന്നത്.

### ക്രിയ

കർത്താവ് ചെയ്യുന്ന പ്രവൃത്തിയാണ് ക്രിയ

ഉദാ: ബീന പഠിക്കുന്നു, ബീനയ്ക്ക് പുസ്തകമുണ്ട്, അവൾക്ക് സുഖമില്ല.

ഒന്നാം വാക്യത്തിൽ പഠിക്കുന്നു എന്ന പദം പ്രവൃത്തിയെ കുറിക്കുന്നു. രണ്ടാം വാക്യത്തിൽ ഉണ്ട് എന്ന പദവും, മൂന്നാം വാക്യത്തിലെ 'സുഖമില്ല' എന്ന പദവും ഓരോ അവസ്ഥയെ കുറിക്കുന്നു. ഒരു പ്രവൃത്തിയെയോ അവസ്ഥയെയോ കുറിക്കുന്ന പദത്തിന് ക്രിയയെന്നു പറയുന്നു. പാടുന്നു, ഓടുന്നു, നടക്കുന്നു - പ്രവൃത്തി. ഉറങ്ങുന്നു, ഉണ്ട്, ഇല്ല, ആകുന്നു - സ്ഥിതി, ക്രിയയുടെ വ്യാപാരത്തിലുള്ള പ്രാധാന്യമനുസരിച്ച് മുറ്റുവിന, പറ്റുവിന അതായത് പൂർണ്ണക്രിയ, അപൂർണ്ണക്രിയ. രൂപം പ്രമാണിച്ച് കാരിതം, അകാരിതം. അപൂർണ്ണക്രിയയെ പേരെച്ചം, വിനയെച്ചം എന്ന് രണ്ടായി തിരിക്കാം. മുറ്റുവിനയെ സകർമ്മകം, അകർമ്മകം എന്ന് രണ്ടായി തിരിക്കാം.

- ക്രിയ - മുറ്റുവിന, പറ്റുവിന. പൂർണ്ണ ക്രിയ - സകർമ്മകം, അകർമ്മകം. അപൂർണ്ണ ക്രിയ - പേരെച്ചം, വിനയെച്ചം

## 1.4.5 വാക്യവർഗീകരണം - ചൂർണ്ണിക - സങ്കീർണ്ണവാക്യം - മഹാവാക്യം

അക്ഷരങ്ങൾ ചേർന്ന് പദങ്ങളും, പദങ്ങൾ ചേർന്ന് വാക്യങ്ങളും ഉണ്ടാകുന്നു. പൂർണ്ണമായ ആശയം പ്രകാശിപ്പിക്കുന്ന പരസ്പരബന്ധമുള്ള ശബ്ദസമൂഹത്തിന് വാക്യം എന്ന് പറയുന്നു. ആകാംക്ഷക്കെല്ലാം പൂർത്തിവരുന്ന വിധത്തിൽ ചേർത്ത് ഒരു സംഗതിയെ പൂർണ്ണമായി വിവരിക്കുന്ന പദക്കൂട്ടമാണ് വാക്യം എന്ന് കേരളപാണിനി പറയുന്നു. പൂർണ്ണമായ ആശയത്തെ പ്രകാശിപ്പിക്കുന്ന പദസമൂഹമാണ് വാക്യം എന്നു പറയാം. ഒരു വാക്യത്തിൽ കുറഞ്ഞപക്ഷം ഒരു ആഖ്യയും (കർത്താവ്) ഒരു ആഖ്യാതവും (ക്രിയ) ഉണ്ടായിരിക്കും. ആഖ്യാതം സകർമ്മകമോ അകർമ്മകമോ ആയ പൂർണ്ണക്രിയ ആയിരിക്കും.

- പൂർണ്ണമായ ആശയം പ്രകാശിപ്പിക്കുന്ന പരസ്പരബന്ധമുള്ള ശബ്ദസമൂഹത്തിന് വാക്യം എന്ന് പറയുന്നു

"കർത്താ , കർമ്മം, ക്രിയ - ഇതേ
വാക്യത്തുങ്കൽ പദക്രമം
ഇതു മാറ്റി പ്രധാനത്തെ
മുന്നിലാക്കാം വിവക്ഷപോൽ'' (കേരളപാണിനീയം കാരിക 172)

ആദ്യം കർത്താവ്, പിന്നീട് കർമ്മമുണ്ടെങ്കിൽ അത്. ഒടുവിൽ, ക്രിയാപദം എന്നാണ് മലയാളവാക്യത്തിൽ പദങ്ങളെ അടുക്കുന്നത്. എന്നാൽ ഈ ക്രമം ഭേദപ്പെടുത്തുന്നതിനു വിരോധമില്ല എന്നു കേരളപാണിനി പറയുന്നു. ഏതിനു പ്രാധാന്യം കൽപ്പിക്കുന്നുവോ അതിനെ വാക്യാദിയിലാക്കുന്നതിൽ തെറ്റില്ല. കർത്താവ്, കർമ്മം, ക്രിയ ഇവയ്ക്ക് ചേർച്ചപോലെ പരിച്ഛദങ്ങൾ ചേർത്തു വാക്യങ്ങളെ നീട്ടാവുന്നതാണ്. കർത്താവും കർമ്മവും ക്രിയാപൂരകവും നാമങ്ങളാണ്. അതിനാൽ ഇവയോട് ചേർന്ന് പരിച്ഛദങ്ങൾ വരാറുണ്ട്. ചില വാക്യങ്ങളിൽ കർത്താവിന്റെ സ്ഥാനത്ത് നാമതുല്യങ്ങളായ വാക്യങ്ങൾ വരാറുണ്ട്. അങ്ങനെയുള്ള വാക്യങ്ങളാണ് നാമവാക്യങ്ങൾ. അതുപോലെ വിശേഷണങ്ങളുടെ സ്ഥാനത്ത് വിശേഷണവാക്യങ്ങളും വരും. നാമത്തിന്റെ വിശേഷണങ്ങളായി വരുന്ന വാക്യം നാമവിശേഷണവാക്യം, ക്രിയയുടെ വിശേഷണമായി വരുന്ന വാക്യം ക്രിയാവിശേഷണവാക്യം. ഏതെങ്കിലും ഒരു ആശയം പൂർണ്ണമായി പ്രകാശിപ്പിക്കാൻ പര്യാപ്തമായ ഭാഷാഘടകം വാക്യം ആണെന്നും ചൂണ്ടികാണിച്ചു. വാക്യത്തിന്റെ ഘടകങ്ങളായി വരുന്ന പദങ്ങളുടെ പരസ്പരബന്ധത്തെ, ക്രിയയും നാമങ്ങളും തമ്മിലും വിശേഷണ വിശേഷ്യങ്ങൾ തമ്മിലുമുള്ള ബന്ധത്തെക്കുറിച്ച് വിവരിച്ചു. ഈ ബന്ധങ്ങൾക്ക് വ്യാകരണം

- കർത്താവിന്റെ സ്ഥാനത്ത് നാമതുല്യങ്ങളായ വാക്യങ്ങൾ വരുന്നതാണ് നാമവാക്യങ്ങൾ

ആകാംക്ഷ എന്ന പേര് നൽകിയിരിക്കുന്നു. ആകാംക്ഷാപൂർത്തി വരത്തക്കവണ്ണം, അതായത് വേണ്ട വിധത്തിൽ ചേർന്ന് സുഘടിതമാക്കത്തക്കവണ്ണം, ഘടകപദങ്ങളെയെല്ലാം വിന്യസിക്കുമ്പോൾ വാക്യം രൂപംകൊള്ളുകയും പൂർണ്ണമായ ആശയപ്രകാശനം സാധ്യമാവുകയും ചെയ്യുന്നു. ഏതൊരു വാക്യത്തിലും രണ്ടു മുഖ്യഘടകങ്ങൾ അടങ്ങിയിരിക്കുന്നു. വക്താവ് എന്തിനെപ്പറ്റി പറയുന്നുവോ അതാണ് ആദ്യഘടകം, അതിനെപ്പറ്റി എന്തുപറയുന്നുവോ അത് രണ്ടാമത്തെ ഘടകം. ആദ്യത്തെ ഘടകത്തിന് 'ആഖ്യ'യെന്നും, രണ്ടാമത്തേതിന് 'ആഖ്യാതം' എന്നും വ്യാകരണം പേരു നൽകിയിരിക്കുന്നു. ഒന്ന് ഒരു സ്ഥിതിയിലിരിക്കുന്നുവെന്നോ ഒരു പ്രവൃത്തി ചെയ്യുന്നുവെന്നോ പറയുമ്പോഴാണ് വാക്യം പൂർണ്ണമാകുന്നത്.

- പൂർണ്ണമായ ആശയപ്രകാശനം ഉള്ളവയാണ് വാക്യങ്ങൾ

## ചൂർണ്ണിക

ആഖ്യയായി ഒരു നാമപദവും ആഖ്യാതമായി ഒരു ക്രിയാപദവും അടങ്ങുന്നതാണ് ഏറ്റവും ചെറിയ വാക്യം.

ഉദാ: സൂര്യൻ പ്രകാശിക്കുന്നു.

ഈ വാക്യത്തിലെ ആഖ്യയായ 'സൂര്യൻ' എന്ന പദത്തെയോ 'പ്രകാശിക്കുന്നു' എന്ന ആഖ്യാതത്തെയോ വിശേഷിപ്പിക്കുകയും അവയ്ക്ക് പൂരകമായി വർത്തിക്കുകയും ചെയ്യുന്ന പദാവലി ഈ വാക്യത്തോട് കൂട്ടിച്ചേർക്കാം.

ഉദാ: ലോകസാക്ഷിയായ സൂര്യൻ ആകാശമധ്യത്തിൽ ഉജ്ജ്വലമായി പ്രകാശിക്കുന്നു.

ഇവിടെ ആഖ്യയെ വിശേഷിപ്പിക്കാൻ ഒരു ഭേദകവും ആഖ്യാതത്തെ വിശേഷിപ്പിക്കാൻ ക്രിയാവിശേഷണവും, ക്രിയയുടെ അധികരണത്തെ കുറിക്കുന്ന ഒരു നാമം എന്നിവയും പ്രയോഗിച്ചിരിക്കുന്നു. ഇതുപോലെ വേറെയും പല വിശേഷണങ്ങളും പൂരകശബ്ദങ്ങളും ആഖ്യയോടോ ആഖ്യാതത്തോടോ ചേർത്തു പ്രയോഗിക്കാം. അപ്രകാരം പ്രയോഗിക്കുന്നത് ഒറ്റപ്പദങ്ങൾ മാത്രമല്ല, പദസംഹിതകളും ആകാം. ഇത്രയും ഘടകങ്ങൾ മാത്രം അടങ്ങുന്ന വാക്യത്തിന്റെ ഘടന ലളിതമാണ്. ഇപ്രകാരമുള്ള വാക്യത്തെ 'ചൂർണ്ണിക' അഥവാ 'കേവലവാക്യം' എന്ന് പറയുന്നു.

- ചൂർണ്ണിക അംഗ വാക്യം ഇല്ലാത്ത വാക്യം

## സങ്കീർണ്ണവാക്യം

ആഖ്യയെയോ ആഖ്യാതത്തെയോ വിശേഷിപ്പിക്കാൻ ഒറ്റപദത്തിനും പദസംഹിതയ്ക്കും പകരം കർത്താവും കർമ്മവും ക്രിയയും അടങ്ങുന്ന ഒരു വാക്യം തന്നെ പ്രയോഗിക്കുമ്പോൾ വാക്യഘടന സങ്കീർണ്ണമാകുന്നു. അതിനാൽ ഈ രൂപത്തിലുള്ള വാക്യത്തെ 'സങ്കീർണ്ണവാക്യം' എന്നുപറയുന്നു.

- ഒരു അംഗിവാക്യവും ഒന്നോ അതിലധികമോ അംഗ വാക്യങ്ങളുമുള്ള വാക്യം - സങ്കീർണ്ണ വാക്യം

ഉദാ: അവൻ നന്നായി പഠിച്ച് പരീക്ഷയിൽ ജയിച്ചു.

അടി കൊണ്ട കുട്ടി കരയാൻ തുടങ്ങി.

## അംഗ - അംഗിവാക്യങ്ങൾ

പ്രധാനവാക്യത്തിന്റെ അപ്രധാനഭാഗമായി വരുന്ന വാക്യം അതിന്റെ ഒരംഗം അഥവാ ആശ്രിതവാക്യം ആയിരിക്കും. അതിന് അംഗവാക്യം

അഥവാ ഉപവാക്യം എന്നു പേരു നൽകിയിരിക്കുന്നു. അംഗവാക്യം അടങ്ങുന്ന സങ്കീർണ്ണവാക്യത്തിലെ ആഖ്യയും ആഖ്യാതവും അട ങ്ങുന്ന മുഖ്യഭാഗത്തെ അംഗിവാക്യം എന്ന് പറയുന്നു. ഒരു അംഗി വാക്യത്തോട് പല അംഗവാക്യങ്ങളും ഘടിപ്പിക്കാവുന്നതാണ്. അം ഗിവാക്യത്തോടുള്ള ബന്ധത്തെ ആസ്പദമാക്കി അംഗവാക്യങ്ങളെ പലതരമായി തിരിക്കാം. ആഖ്യയെയോ ആഖ്യാതത്തെയോ വാക്യ ത്തിലെ മറ്റേതെങ്കിലും നാമത്തെയോ ക്രിയയെയോ വിശേഷിപ്പിക്കു ന്നവ, ആഖ്യയുടെയോ മറ്റൊരു നാമത്തിന്റെയോ സ്ഥാനത്തുനിന്ന് അതിന്റെ ധർമ്മം നിർവഹിക്കുന്നവ എന്നിങ്ങനെ. അംഗിവാക്യത്തി ന് ഒരു കർത്താവും ക്രിയയും ഉണ്ടായിരിക്കുമെങ്കിലും ആ ക്രിയ മുറ്റുവിന ആയിരിക്കുകയില്ല. നാമത്തെയോ മറ്റൊരു ക്രിയയെയോ വിശേഷിപ്പിക്കുന്ന ക്രിയാരൂപം ആയിരിക്കും.

- സങ്കീർണ്ണവാക്യത്തിലെ ആഖ്യയും ആഖ്യാതവും അടങ്ങുന്ന മുഖ്യഭാഗത്തെ അംഗിവാക്യം എന്ന് പറയുന്നു

ഉദാ: മഴക്കാലത്ത് മേഘങ്ങളുടെ പിന്നിൽ മറഞ്ഞിരുന്ന സൂര്യൻ ശരത്ക്കാലം വന്നെത്തിയപ്പോൾ ആകാശമധ്യത്തിൽ ഉജ്ജ്വലമായി പ്രകാശിക്കുന്നു.

ഈ വാക്യത്തിൽ 'മഴക്കാലത്ത് മേഘങ്ങളുടെ പിന്നിൽ മറഞ്ഞി രുന്ന' എന്ന അംഗവാക്യവും അതിനാൽ വിശേഷിക്കപ്പെടുന്ന സൂ ര്യൻ എന്ന നാമവും ചേർന്നതാണ് ആഖ്യ. 'ശരത്ക്കാലം വന്നെത്തി യപ്പോൾ' എന്ന ഉപവാക്യവും അധികരണകാരകത്തെ കുറിക്കുന്ന ആകാശമധ്യത്തിൽ എന്ന (ആധാരികാവിഭക്തിയിലുള്ള) നാമവും 'ഉജ്ജ്വലമായി' എന്ന ക്രിയാവിശേഷണവും പൂർണ്ണക്രിയയും ചേർ ന്നതാണ് ആഖ്യാതം.

പൂർണ്ണക്രിയയുടെ കർമ്മമായി വരുന്ന അംഗവാക്യം ഒരു ഉദ്ധൃ തവാക്യം തന്നെയാകാം. ഒരാൾ പറയുകയോ ചിന്തിക്കുകയോ ചെയ്തകാര്യം, ഒരു പ്രസ്താവന, ഒരു പാഠഭാഗം എന്നിവയിൽ ഏതെങ്കിലുമൊന്ന് സങ്കീർണ്ണവാക്യത്താൽ ഉദ്ധരിക്കുമ്പോൾ അത് കർമ്മത്തിന്റെ രൂപത്തിലുള്ള ഉപവാക്യമായിത്തീരുന്നു. അത്തരം ഉപവാക്യത്തെ ക്രിയയോട് ഘടിപ്പിക്കാൻ മലയാളത്തിൽ 'എന്ന്' എന്ന ഗതി ചേർക്കുന്നു.

- അംഗിവാക്യം - പ്രധാന വാക്യം
- അംഗവാക്യം - അപ്രധാന വാക്യം

ഉദാ: രാമകൃഷ്ണൻ പരീക്ഷയിൽ ജയിച്ചുവെന്ന് അയാൾ എന്നോട് പറഞ്ഞു.

## മഹാവാക്യം

രണ്ടോ അതിലധികമോ അംഗിവാക്യങ്ങൾ അടങ്ങിയവയാണ് മൂ ന്നാമത്തെ വാക്യവിഭാഗം. ഇത്തരം വാക്യത്തെ മഹാവാക്യം എന്ന് പറയുന്നു. ഒരു മഹാവാക്യത്തിൽ ഒന്നിലധികം അംഗിവാക്യങ്ങൾ ക്ക് പുറമേ, അംഗവാക്യങ്ങളും ഉണ്ടായിരുന്നെന്നു വരാം. അംഗിവാ ക്യങ്ങളിൽ ഓരോന്നിനും പ്രത്യേകം ആഖ്യാതം ഉണ്ടായിരിക്കും. ഈ ആഖ്യാതങ്ങളെ 'ഉം' എന്ന സമുച്ചയനിപാതമോ 'ഓ' എന്ന വികല്പനിപാതമോ ചേർത്ത് ഘടിപ്പിച്ചിരിക്കും. അംഗിവാക്യങ്ങളെ കൂട്ടിച്ചേർക്കുമ്പോൾ അവയിലെ കാലപ്രത്യയം ചേർന്ന മുറ്റുവിനക ളെ അതേ രൂപത്തിൽ നിപാതം കൊണ്ട് ഘടിപ്പിക്കുന്നതിന് പകരം 'ഉക' എന്ന പ്രത്യയം ചേർന്ന നടുവിനയെച്ചങ്ങളാക്കി ഘടകനിപാ തം ചേർത്തതിനുശേഷം അവസാനം 'ചെയ്യുക' എന്ന ക്രിയയുടെ

- മഹാവാക്യം - രണ്ടോ അതിലതികമോ അംഗിവാക്യങ്ങൾ ഉള്ളത്

കാലപ്രത്യയം ചേർന്ന രൂപം കൂടി പ്രയോഗിക്കുകയാണ് ചെയ്യുന്നത്.

ഉദാ; മഴക്കാലം അവസാനിക്കുകയും സൂര്യൻ ഉജ്ജ്വലമായി പ്രകാശിച്ചു തുടങ്ങുകയും ചെയ്തു(സമുച്ചയനിപാതം ചേർത്ത് ).

എന്നാൽ അംഗവാക്യങ്ങളെ പരസ്പരം കൂട്ടിച്ചേർക്കുമ്പോൾ അവയിലെ ക്രിയകളുടെ പ്രത്യയം ചേർന്ന രൂപങ്ങളോടുതന്നെ ഘടകനിപാതം ചേർക്കുകയോ മുറ്റുവിനകളെ ഘടിപ്പിക്കുന്ന രീതി അവലംബിക്കുകയോ ചെയ്യാം.

# Summarised Overview

ആഖ്യ - വാക്യത്തിൽ ആരെപ്പറ്റി പറയുന്നുവോ അല്ലെങ്കിൽ എന്തിനെപ്പറ്റി പറയുന്നുവോ അതാണ് ആഖ്യ. നാമമോ സർവനാമമോ നാമവാക്യമോ ആഖ്യയായി വരാം. ആഖ്യയെപ്പറ്റി എന്ത് പറയുന്നുവോ അതാണ് ആഖ്യാതം. ക്രിയാപദവും പരിച്ഛദങ്ങളും ചേർന്നതാണിത്. മുറ്റുവിനയാണ് ആഖ്യാതം.വാക്യം ഘടനയാണ്, ഘടകങ്ങളുടെ വ്യവസ്ഥാപൂർവമായ സംയോഗത്തെയാണ് ഘടന എന്ന് പറയുന്നത്. വാക്യത്തിലെ പ്രാഥമികഘടകങ്ങൾ പദങ്ങളാണ്. ഘടനാബന്ധത്തിന്റെ അടിസ്ഥാനത്തിൽ പദബന്ധങ്ങളെ രണ്ടായി വർഗീകരിക്കാം.

കർമ്മം ഉള്ള ക്രിയയെ സകർമ്മകമെന്നും കർമ്മമില്ലാത്ത ക്രിയയെ അകർമ്മകമെന്നും പറയുന്നു. കർമ്മത്താൽ വിശേഷിപ്പിക്കപ്പെട്ട ക്രിയയാണ് വിശിഷ്ടക്രിയ എന്നു പറയുന്നത്.കർത്താവ് ചെയ്യുന്ന പ്രവൃത്തിയാണ് ക്രിയ. അക്ഷരങ്ങൾ ചേർന്ന് പദങ്ങളും, പദങ്ങൾ ചേർന്ന് വാക്യങ്ങളും ഉണ്ടാകുന്നു. പൂർണ്ണമായ ആശയം പ്രകാശിപ്പിക്കുന്ന പരസ്പരബന്ധമുള്ള ശബ്ദസമൂഹത്തിന് വാക്യം എന്ന് പറയുന്നു. ആഖ്യയായി ഒരു നാമപദവും ആഖ്യാതമായി ഒരു ക്രിയാപദവും അടങ്ങുന്നതാണ് ഏറ്റവും ചെറിയ വാക്യം. ആഖ്യയെയോ ആഖ്യാതത്തെയോ വിശേഷിപ്പിക്കാൻ ഒറ്റപ്പദത്തിനും പദസംഹിതയ്ക്കും പകരം കർത്താവും കർമ്മവും ക്രിയയും അടങ്ങുന്ന ഒരു വാക്യം തന്നെ പ്രയോഗിക്കുമ്പോൾ വാക്യഘടന സങ്കീർണ്ണമാകുന്നു. പ്രധാന വാക്യത്തിന്റെ അപ്രധാനഭാഗമായി വരുന്ന വാക്യം അതിന്റെ ഒരംഗം അഥവാ ആശ്രിതവാക്യം ആയിരിക്കും. അതിന് അംഗവാക്യം അഥവാ ഉപവാക്യം എന്നു പേരു നൽകിയിരിക്കുന്നു. രണ്ടോ അതിലധികമോ അംഗിവാക്യങ്ങൾ അടങ്ങിയവയാണ് മൂന്നാമത്തെ വാക്യവിഭാഗം. ഇത്തരം വാക്യത്തെ 'മഹാവാക്യം' എന്ന് പറയുന്നു. വാക്യഘടനയുടെ വിവിധ സ്വഭാവങ്ങളാണ് ഈ യൂണിറ്റിൽ ചർച്ച ചെയ്തിട്ടുള്ളത്.

# Assignments

1. അഗാധഘടന, ഉപരിതലഘടന എന്നീ ഭാഷാശാസ്ത്രസങ്കല്പങ്ങൾക്ക് വാക്യഘടനാപഗ്രഥനത്തിലുള്ള സ്ഥാനം നിർണ്ണയിക്കുക.
2. ആഖ്യ, ആഖ്യാതം ഇവ എന്തെന്ന് ഉദാഹരണം സഹിതം വ്യക്തമാക്കുക.
3. വാക്യനിർമ്മിതിക്ക് അടിസ്ഥാനമാക്കേണ്ട ഘടകങ്ങളേതെന്നു വിശദമാക്കുക
4. വാക്യം സ്വയംപര്യാപ്തമാണെന്ന കാഴ്ച്ചപ്പാടിന്റെ യുക്തി പരിശോധിക്കുക.
5. വാക്യം എന്ന ഏകകത്തെക്കുറിച്ച് കുറിപ്പെഴുതുക.

## Reference


1. എ. ആർ. രാജരാജവർമ്മ, കേരളപാണിനീയം, ഡി. സി. ബുക്സ്, കോട്ടയം.
2. സി. എൽ. ആന്റണി, കേരളപാണിനീയഭാഷ്യം, ഡി. സി. ബുക്സ്, കോട്ടയം.
3. സി. ആർ. പ്രസാദ്, വ്യാകരണം, ഡി. സി. ബുക്സ്, കോട്ടയം.
4. പുതുശ്ശേരി രാമചന്ദ്രൻ (സമ്പാദനം), കേരളപാണിനീയവിമർശനം, കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. സി. വി. വാസുദേവഭട്ടതിരി, കേരളപാണിനീയപാഠങ്ങൾ ഡി. സി. ബുക്സ്, കോട്ടയം.
6. ശ്രീകുമാരി. കെ, മലയാളത്തിലെ നാമവർഗം, തരതമ്യപഠനസംഘം, ചങ്ങനാശ്ശേരി.
7. എം. ശേഷഗിരിപ്രഭു., വ്യാകരണമിത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ.
8. കെ. സുകുമാരപിള്ള, ആധുനികമലയാളവ്യാകരണം, ഉഷാ പബ്ലിക്കേഷൻ, ചടയമംഗലം.


## Suggested Reading


1. എ. ആർ. രാജരാജവർമ്മ, കേരളപാണിനീയം, ഡി. സി. ബുക്സ്, കോട്ടയം.
2. സി. എൽ. ആന്റണി, കേരളപാണിനീയഭാഷ്യം, ഡി. സി. ബുക്സ്, കോട്ടയം.
3. എൻ. കെ. മേരി, മലയാളവ്യാകരണസിദ്ധാന്തങ്ങൾ കേരളപാണിനീയത്തിനുശേഷം, താരതമ്യപഠനസംഘം, ചങ്ങനാശ്ശേരി.
4. കുട്ടികൃഷ്ണമാരാർ, ഭാഷാപരിചയം, പി. കെ. ബ്രദേഴ്സ്, കോഴിക്കോട്.
5. ഹെർമൻ ഗുണ്ടർട്ട്, മലയാള ഭാഷാവ്യാകരണം, ഡി. സി. ബുക്സ്, കോട്ടയം.


### Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# Model Question Paper Sets

**SET A**

# SREENARAYANAGURU OPEN UNIVERSITY

QP CODE: ……… Reg. No : ……….............

Name : ………………...

**FIRST SEMESTER M.A. MALAYALAM LANGUAGE AND LITERATURE EXAMINATION**

**DISCIPLINE CORE - 4- M21ML04DC - വ്യാകരണപഠനം**

( CBCS - PG )

2022-23 - Admission Onwards

Time: 3 Hours Max Marks: 70

## SECTION - A

**I ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക**

1. 'മാനകഭാഷ' എന്നാലെന്ത്?
2. 'ഏകകാലിക' പഠനത്തിന്റെ സവിശേഷത?
3. നിപാതം, അവ്യയം - വ്യക്തമാക്കുക.
4. 'തന്മാത്രാതദ്ധിതം' എന്നാലെന്ത്
5. ക്രിയ വിഭജനങ്ങൾ വ്യക്തമാക്കുക.
6. 'ഖിലധാതുക്കൾ' എന്നാലെന്ത്
7. 'നാദികൾ' 'ശ്വാസികൾ' കുറിപ്പെഴുതുക.
8. വർണ്ണ വികാരങ്ങൾ എന്നാലെന്ത്

(5× 2=10)

## SECTION - B

**II ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക**

9. കൊടുംതമിഴ് മലയാളമായി പരിണമിച്ചതിന് ഏ.ആർ.ഉദാഹരിക്കുന്ന ആറു നയങ്ങളെപ്പറ്റി വിശദീകരിക്കുക.
10. ഭേദകം എന്നാലെന്ത്? അവയുടെ വിഭാഗങ്ങളേതെല്ലാം?
11. കേരളപാണിനി വാചകത്തെ വിഭജിച്ചിരിക്കുന്നത് എത്രവിധം? ഏതൊക്കെ?
12. മലയാളത്തിലെ ലിംഗ വ്യവസ്ഥകളെക്കുറിച്ച് ഉപന്യസിക്കുക.
13. ക്രിയകളെ സകർമ്മകം, അകർമ്മകം എന്നിങ്ങനെ തിരിക്കുന്നതിൻറെ അടിസ്ഥാനമെന്ത്? ഉദാഹരണസഹിതം വിശദമാക്കുക.
14. വിവിധ ധാതുരൂപങ്ങളേവ? വിശദമാക്കുക.
15. വർണങ്ങൾക്ക് ശ്രുതിഭേദമുണ്ടാകുന്നതിന് ഏ.ആർ.സൂചിപ്പിക്കുന്ന കാരണങ്ങൾ ഏതെല്ലാം?

16. കേരളപാണിനീയത്തിലെ സന്ധി വിഭജനത്തെക്കുറിച്ച് വിവരിക്കുക.
17. വിനാമം – ഉന്നാമം എന്നിവയെക്കുറിച്ച് കേരളപാണിനീയുടെ അഭിപ്രായമെന്ത്?
18. ഔദാസീന്യനായം എന്നാലെന്ത്? ഉദാഹരണ സഹിതം വിവരിക്കുക ?

(6× 5=30)

## SECTION - C

**III ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരം എഴുതുക**

19. വ്യാകരണപഠനത്തിലെ വിവിധ സമീപനങ്ങളെക്കുറിച്ച് വിമർശനാത്മകമായി ചർച്ച ചെയ്യുക.
20. ലീലാതിലകത്തിലെയും കേരളപാണിനീയത്തിലെയും ലിംഗ -വചന – വിഭക്തി ചർച്ചകൾ ക്രോഡീകരിക്കുക?
21. എന്താണ് ക്രിയ? ക്രിയയെക്കുറിച്ച് പ്രമുഖ വൈയാകരണന്മാർ നടത്തിയ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.
22. സന്ധിയെ എത്ര തരത്തിൽ വർഗ്ഗീകരിക്കാം. ഏതെല്ലാം? ഉദാഹരണ സഹിതം വിശദമാക്കുക.

(2×15=30)

**SET B**

# SREENARAYANAGURU OPEN UNIVERSITY

QP CODE: ……… Reg. No : ………...............

Name : ………………...

FIRST SEMESTER M.A. MALAYALAM LANGUAGE AND LITERATURE EXAMINATION

DISCIPLINE CORE - 4- **M21ML04DC -വ്യാകരണപഠനം**

( CBCS - PG )

2022-23 - Admission Onwards

Time: 3 Hours Max Marks: 70

## SECTION - A

**I ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക**

1. സാർവലൗകിക വ്യാകരണമെന്നാലെന്ത്?
2. നിർദ്ദേശാത്മക വ്യാകരണം എന്നാലെന്ത്? വ്യക്തംമാക്കുക.
3. 'ചുട്ടെഴുത്തുകൾ' എന്നാലെന്ത്?
4. സലിംഗബഹുവചനം എന്നാലെന്ത്?
5. മലയാളത്തിലെ കാലപ്രത്യയങ്ങൾ ഏതെല്ലാം? വിശദമാക്കുക.
6. ക്രിയാനാമം എന്തെന്ന് വിശദമാക്കുക.
7. സ്വരവ്യഞ്ജനഭേദമനുസരിച്ച് സന്ധിയെ എത്രയായി തിരിക്കാം. അവ ഏവ?
8. 'പരസവർണ്ണനം' എന്നാലെന്ത്?

(5×2=10)

## SECTION - B

**II ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ ഉത്തരം എഴുതുക**

9. വിനയെച്ചം എത്രവിധം? വിവരിക്കുക.
10. സർവ്വനാമവിഭാഗങ്ങളെക്കുറിച്ച് വിവരിക്കുക.
11. വചനപ്രത്യയങ്ങളെക്കുറിച്ചുള്ള വിവിധ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.
12. മലയാളത്തിലെ വിഭക്തിപ്രത്യയങ്ങളെക്കുറിച്ച് ഉപന്യസിക്കുക
13. അനുപ്രയോഗം എന്നാൽ എന്ത്? ഉപവിഭാഗങ്ങളേവ? ഉദാഹരണസഹിതം വിശദീകരിക്കുക.
14. കർമ്മണിപ്രയോഗം ഭാഷയിൽ ആവശ്യമോ? സമർഥിക്കുക.
15. ലീലാതിലകത്തിലെ സന്ധിക്കാര്യം വിശദമാക്കുക?
16. 'അം' അംഗപ്രത്യയമോ ലിംഗപ്രത്യയമോ – ഏ.ആറിന്റെയും കാൽഡ്വലിന്റെയും അഭിപ്രാ

യങ്ങളെ ക്രോഡീകരിക്കുക.

17. സന്ധി എന്നാലെന്ത്? എത്ര ഘടകങ്ങളെ മുൻനിർത്തിയാണ് ഭാഷയിൽ സന്ധി വിഭജനം നടത്തിയിരിക്കുന്നത് ?
18. സംവൃതോകാരത്തെപ്പറ്റി കേരളപാണിനിയുടെയും ഗുണ്ടർട്ടിന്റെയും അഭിപ്രായങ്ങൾ വിലയിരുത്തുക?

(6×5=30)

## SECTION - C

**III ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മൂന്നു പുറത്തിൽ ഉത്തരം എഴുതുക**

19. മലയാളത്തിലെ പ്രധാന വ്യാകരണഗ്രന്ഥങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
20. മലയാളത്തിലെ ലിംഗപ്രത്യയങ്ങളെ സംബന്ധിച്ച് വിമർശനാത്മകമായി പരിശോധിക്കുക.
21. കാലപ്രത്യയങ്ങളുടെ നിഷ്പത്തിയെക്കുറിച്ചുള്ള പണ്ഡിതാഭിപ്രായങ്ങൾ ക്രോഡീകരിക്കുക
22. സന്ധിക്കുന്ന വർണ്ണങ്ങൾക്കുണ്ടാകുന്ന വികാരത്തെ അടിസ്ഥാനമാക്കി സന്ധിയെ എത്രയായിതിരിക്കാം? ഏതെല്ലാം? ഉദാഹരണസഹിതം വിശദമാക്കുക

(2×15=30)

# Self Assessment
# Questions andAnswers

## ചോദ്യങ്ങൾ

1. രണ്ടു കർമ്മമുള്ള ക്രിയയുടെ പേര് ?
2. ഭാരതത്തിന് പുറത്തു മാത്രം പ്രചാരത്തിലുള്ള ദ്രാവിഡ ഭാഷ
3. ലീലാതിലകത്തിലെ പാട്ടു നിർവചനം ഏറെ യോജിക്കുന്ന കൃതി?
4. ന്യൂനത്വേ അധമം' എന്ന ലീലാതിലകസൂത്രമനുസരിച്ച് ന്യൂനമായി ഇരിക്കുന്നതെന്ത്?
5. ചെമ്പ് + ഏട് = ചെപ്പേട് -ഈ വർണ്ണവികാരത്തിലെ മാറ്റമെന്ത്?
6. ദൃഷ്ടാന്തമതിനെ ബിംബപ്രതിബിംബങ്ങളാക്കുകിൽ - ഏതിനെ?
7. സാധാരണ ധർമ്മത്തെ സംവൃതോകാരത്തെ സ്വരമായി പരിഗണിച്ച വൈയാകരണൻ?
8. അർണോസ് പാതിരി രചിച്ച നിഘണ്ടു ഏത്?
9. പ്രാചീന മലയാളം എന്ന കൃതിയുടെ ഉള്ളടക്കം?
10. മലയാള മഹാനിഘണ്ടു -പ്രസാധകർ ആര്?
11. കൊല്ലവർഷം ആദ്യമായി ഉപയോഗിച്ചിട്ടുള്ള ശാസനം ഏത്?
12. വിൽ+തു = വിറ്റു ആകുന്നതിന്റെ വ്യാകരണപരമായ ധർമ്മം എന്ത് ?
13. 'സമർത്ഥനായ'- ഇത് ഭേദകത്തിന്റെ ഏത് വിഭാഗത്തിൽപ്പെടുന്നു?
14. അർദ്ധസമവൃത്തത്തിന് ഒരുദാഹരണമെഴുതുക?
15. കൂത്തിലും കൂടിയാട്ടത്തിലും വിദൂഷകൻ ചൊല്ലുന്ന പ്രതിശ്ലോകങ്ങളുടെ ഭാഷ ?
16. മലയാളഭാഷ ഇന്തോ-ആര്യൻ ഭാഷകളിൽ നിന്നും കടമെടുത്ത പദസഞ്ചയത്തെക്കുറിച്ച് ഗവേഷണം നടത്തിയ ഭാഷാചരിത്രകാരൻ
17. തമിഴ് ഭാഷ ഏതു കക്ഷ്യയിൽ ഉൾപ്പെടുന്നു?
18. വിനയെച്ചത്തെ ഭേദകമായി ഉപയോഗിച്ചാൽ അത് എന്താകും?
19. ഉത്തരദ്രാവിഡ ശാഖയിൽപ്പെട്ട ഒരു ഭാഷ ?
20. "മലൈനാടായ മലയാളത്തിലെ ആദിമനിവാസികൾ തമിഴരും അവരുടെ ഭാഷ തമിഴും ആയിരുന്നു ആരുടെ പ്രസ്താവന ?
21. മലയാള ഭാഷാപരിണാമത്തെക്കുറിച്ചുള്ള ചർച്ചയിൽ നീചരാജഭാഷയക്കുറിച്ച് പരാമർശിച്ച താര് ?
22. കൃഷ്ണഗാഥയിൽ നിന്ന് എഴുത്തച്ഛൻ കൃതികളിലെത്തുമ്പോൾ ഭാഷാശാസ്ത്രപരമായി മലയാളഭാഷയ്ക്ക് ഒരു വികാസവും സംഭവിച്ചിട്ടില്ല - ആരാണ് ഇങ്ങനെ വാദിച്ചത്?
23. ഹോർത്തൂസ് മലബാറിക്കസ് പുന:പ്രസാധനം ചെയ്തത് ആര്?
24. കാകളി വൃത്തത്തിന്റെ ഒരു ഈരടിയിൽ എത്ര മാത്രയുണ്ട് ?
25. മലയാളിയായ ഒരാൾ മലയാളത്തിലെഴുതിയ മലയാളവ്യാകരണ ഗ്രന്ഥം?
26. സംസ്കൃതവും ദക്ഷിണേന്ത്യൻ ഭാഷകളും ഏകഗോത്രകമല്ലെന്നു നിരീക്ഷിച്ച പ്രഥമപണ്ഡിതൻ?
27. ദക്ഷിണ ദ്രാവിഡശാഖയിൽപ്പെട്ട ഭാഷകളുടെ ശരിയായ പട്ടിക ഏത്?
28. ദക്ഷിണദ്രാവിഡഭാഷകളിൽ പ്രധാനപ്പെട്ടവ ഏതെല്ലാം?
29. പുരാണകഥ സദസ്സിൽ വിസ്തരിക്കാൻ ഉപയോഗിച്ചിരുന്ന ഭാഷ ?
30. അഗഡിയ മലബാറിക്കയിലെ പ്രതിപാദ്യമെന്ത്?
31. ദ്രാവിഡഭാഷകൾ സംസ്കൃതജന്യമല്ല -ആരുടെ അഭിപ്രായം?

32. സംസ്കൃത ഹിമഗിരി ഗളിതാ- ആരുടെ വാക്കുകൾ
33. മലയാളം തമിഴിന്റെ ശാഖയാണെന്ന് അഭിപ്രായപ്പെട്ടതാര്?
34. സംസ്കൃതവും തമിഴും കലർന്ന മിശ്രഭാഷയിൽ നിന്നാണ് മലയാള ഭാഷോത്പത്തി -അഭിപ്രായപ്പെട്ടതാര്?
35. തമിഴ്മണി സംസ്കൃത പവിഴം കോക്കിന്റേൻ വൃത്തമാന ചെന്നൂന്മേൽ'' ഈ വരികൾ ഏതു കൃതിയിലുള്ളതാണ് ?
36. കൂടിയാട്ടത്തിന് ഉപയോഗിച്ചിരുന്ന പ്രഹസനം ?
37. കൗടല്യന്റെ അർത്ഥശാസ്ത്രത്തിൽ പരാമൃഷ്ടമായിട്ടുള്ള കേരളത്തിലെ നദി
38. ചെറുശ്ശേരി ഭാരതം' എന്നറിയപ്പെടുന്ന കൃതി ഏത്?
39. കിളിപ്പാട്ടിലെ ഭാഷ ഒരെടുത്തു ചാട്ടമല്ല' -വക്താവ് ആര്?
40. എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം ആദ്യമായി അച്ചടിച്ചതെന്ന് ?
41. കാന്താരതാരകം- ആരുടെ കൃതി?
42. രസികകൗതുകം - ആരുടെ കൃതി?
43. കൈരളി - ആരുടെ കൃതി?
44. സഹൃദയരഞ്ജിനി - ആരുടെ കൃതി?
45. ദീപിക - ആരുടെ കൃതി?
46. ചരിത്രം പ്രമേയമായിട്ടുള്ള ചമ്പുകാവ്യം ഏത്?
47. കുഞ്ചൻ നമ്പ്യാർ ശീതങ്കൻതുള്ളലിൽ ഉപയോഗിച്ചിട്ടുള്ള വൃത്തമേത്?
48. സാരോപദേശം പ്രമേയമായി കേരളവർമ്മ വലിയകോയിത്തമ്പുരാൻ രചിച്ച കൃതി ഏത്?
49. അലങ്കാരശാസ്ത്രം രചിച്ച മിഷണറി പ്രവർത്തകൻ
50. Grammar of the Malabar Language എന്ന ഗ്രന്ഥത്തിന്റെ കർത്താവ്?
51. വിനയെച്ചം എന്ന പദത്തിലെ 'വിന' സൂചിപ്പിക്കുന്നത് എന്ത്?
52. വക്കീലന്മാർ ഇതിലെ 'അൻ' എന്താണ് ?
53. 'സന്ദർഭേ സംസ്കൃതീ കൃതാച' എന്നതിലെ സന്ദർഭം ഏതാണ്?
54. ആദ്യം അച്ചടിയിലെത്തിയ ദീർഘമായ മലയാളഗദ്യകൃതി ഏത്?
55. വെൺമണി കവികൾ മുഖ്യമായി ഉപയോഗിച്ചത് ഏതു തരം വൃത്തമാണ്?
56. നളചരിതത്തിലെ വെങ്കലഭാഷയിൽ ഏതൊക്കെ ഭാഷകളാണ് ചേരുന്നത്?
57. മലയാളം എന്ന പദം ഭാഷാനാമമായി പ്രയോഗിച്ചിട്ടുള്ള പ്രഥമകൃതി ഏത്?
58. അഞ്ചുവണ്ണം, മണിഗ്രാമം എന്നിവ പരാമൃഷ്ടമായിട്ടുള്ള പാട്ടുകൃതി ഏത്?
59. വിലാപവർണനയ്ക്ക് നതോന്നത വൃത്തം ഉപയോഗിച്ച കവി ആര്?
60. നമ്പ്യാന്തമിഴ് മണിപ്രവാളമല്ല എന്നു പറയുന്നതെന്തുകൊണ്ട്?
61. ലീലാതിലകത്തിലെ പാട്ടിന്റെ നിർവ്വചനം ഇണങ്ങുന്ന രണ്ട് കൃതികൾ ?
62. കോളിൻസിന്റെ നിഘണ്ടുവിന്റെ പേരെന്ത്?
63. കേരളപഠനത്തിൽ ആലത്തൂർമണിപ്രവാളത്തിന്റെ പ്രാധാന്യമെന്ത് ?
64. Ezhuthachan and his Age എന്ന പ്രബന്ധത്തിന്റെ കർത്താവാര് ?
65. ദണ്ഡകം ഉയോഗിക്കുന്നത് എവിടെയൊക്കെയാണ്?
66. 1578 ൽ കൊല്ലത്ത് അച്ചടിച്ച ഗ്രന്ഥമേത്?

67. ലീലാതിലകത്തിൽ അധികാക്ഷര നിരൂപണം വരുന്ന ശില്പമേത്?

68. അധികാക്ഷരങ്ങൾ ഏതെല്ലാം?

69. A Progressive Grammar of Malayalam Grammar - എഴുതിയതാര്?

70. ദ്രാവിഡമെന്ന ഭാഷാഗോത്ര സംജ്ഞ ആദ്യമായി നല്കിയതാര്?

71. ഭാഷാ ഗദ്യചരിത്രത്തെ പരതന്ത്രഘട്ടം സംക്രമണഘട്ടം സ്വതന്ത്രഘട്ടം എന്ന വിഭജിച്ചതാര്?

72. കൂടിയാട്ടത്തിലെ അനൗചിത്യങ്ങളെ ചൂണ്ടിക്കാണിച്ച ഗ്രന്ഥമേത്?

73. കൃഷ്ണനാട്ടത്തിന് ആധാരമാക്കിയ സംസ്കൃതകാവ്യം?

74. പ്രാസാദ്യാഭരണങ്ങൾ വാങ്ങുവതിനായർത്ഥം കളഞ്ഞീടൊലാ - പറഞ്ഞതാര്?

75. മൂലദ്രാവിഡത്തിൽ നിന്നും അവസാനം വേർതിരിഞ്ഞ ഭാഷയേത്?

76. മൂലദ്രാവിഡത്തിൽ നിന്നും ആദ്യമേ വേർതിരിഞ്ഞ് വികസിച്ച ഭാഷയേത്?

77. ദ്രാവിഡ സംഘാത പാഠത്തിലെ സ്വരങ്ങളുടെ എണ്ണം എത്ര?

78. ഗുരുവായൂരിലെ പൂർവ്വരൂപമായ കൊരവയൂർ പരാമർശിക്കപ്പെടുന്ന കൃതി?

79. മാഴ്കുക എന്ന ക്രിയ സുലഭമായി പ്രയോഗിച്ചു കാണുന്ന പ്രാചീന കൃതി?

80. Ballads of North Malabar എന്ന കൃതിയുടെ പ്രസാധകർ ആര്?

81. ഗുണ്ടർട്ടിന്റെ നിഘണ്ടുവിന്റെ പ്രധാന സവിശേഷത എന്താണ്?

82. ഉദ്ദേശികാ വിഭക്തിയുടെ കാരകം ഏത്?

83. ദ്രാവിഡഭാഷകളുടെ നിരുക്തി നിഘണ്ടു തയ്യാറാക്കിയതാര് ?

84. Grammar in Leela Thilakam ആരുടെ കൃതിയാണ് ?

85. മധ്യകാലമലയാളം എന്ന കൃതിയുടെ കർത്താവ് ആര്?

86. ഭാഷാഎഴുകൗടലീയത്തിന്റെ പാഠസംസ്കരണവും വിശദപഠനവും നിർവഹിച്ചതാര്

87. ശ്വാസി-നാദിഭേദത്തിന് കാരണമെന്ത്?

88. മലയാളത്തിലെ കേന്ദ്രമധ്യസ്വരമേത് ?

89. നാമങ്ങൾക്ക് ക്രിയയോടുള്ള സംബന്ധം എന്താണ്?

90. വിണ്ടലം പോലുള്ള സന്ധിരൂപങ്ങൾ ചിട്ടപ്പെടുത്തുന്ന ലീലാതിലകസൂത്രമേത് ?

91. നമ്പ്യാന്തമിഴ് ഏത് കലാരൂപത്തിന്റെ ഭാഷാ വഴക്കമാണ് ?

92. മാനസ്വര വ്യവസ്ഥയുടെ ആവിഷ്കർത്താവ്?

93. പേരെച്ചത്തിനോട് ലിംഗപ്രത്യയം ചേർന്നാൽ കിട്ടുന്ന രൂപത്തിന് ഏ. ആർ നൽകിയ പേര് ?

94. ചതുപ്പിൽ താഴ്ന്ന ആനയെ ഉയർത്തി- ഇതിലെ പേരെച്ചം ഏത്?

95. പനിനീർ -പനീർ ആകുന്നതിലെ വർണപരിണാമം എന്ത്?

96. പടനിലം എന്നിടത്ത് ഇരട്ടിപ്പ് വരാത്തതെന്തുകൊണ്ട് ?

97. ഛന്ദസ്സിന്റെ വർഗീകരണത്തിൽ ഭരതമുനി ഉൾപ്പെടുത്താത്തത് എന്ത്?

98. കേരളപാണിനി കരിന്തമിഴ് കാലഘട്ടം എന്ന വിശേഷിപ്പിച്ച ഘട്ടമേത്?

99. ദ്രാവിഡധാതുക്കൾ മൗലികമായി ഏകാക്ഷരമാണ് എന്ന് നിരീക്ഷിച്ചതാര്?

100. കേരളപാണിനീയം ഏതു രീതിയിലുള്ള വ്യാകരണഗ്രന്ഥമാണ്?

**ഉത്തരസൂചിക**

1. വിശിഷ്ട ക്രിയ (ദ്വികർമ്മ ക്രിയ)
2. ബ്രാഹൂയി
3. രാമചരിതം
4. 'കേരളഭാഷയും രസവും
5. ഖരാദേശം
6. സാധാരണധർമം
7. ലീലാതിലകകാരൻ
8. മലയാളം പോർച്ചുഗീസ് നിഘണ്ടു
9. ദേശചരിത്രം - ചട്ടമ്പിസ്വാമികൾ
10. കേരള സർവകലാശാല
11. മാമ്പള്ളി ശാസനം
12. വിനാമക്രിയ
13. വിഭാവകം
14. പുഷ്പിതാഗ്ര
15. സംസ്കൃതവും മലയാളവും ഇടകലർന്നത്
16. ഡോ. കെ. ഗോദവർമ്മ
17. സംശ്ലിഷ്ട കക്ഷ്യ
18. ക്രിയാംഗജം
19. ബ്രാഹൂയി
20. ഏ. ആർ. രാജരാജവർമ്മ
21. സി.എൽ.ആന്റണി - ഭാഷാസംക്രമണവാദം
22. കെ.എം. പ്രഭാകരവാരിയർ
23. കേരള സർവകലാശാല
24. നാൽപ്പത്
25. മലയാഴ്മയുടെ വ്യാകരണം - റവ.ജോർജ് മാത്തൻ
26. എഫ്. ഡബ്ലിയൂ. എല്ലിസ്
27. തമിഴ് മലയാളം- കൊടക്- തോദ
28. തമിഴ്, കന്നട, മലയാളം, തുളു, തോത്, ബെല്ലാരി, കോട, ബഡശി, ഇരുള, കൊടക്
29. നമ്പ്യാന്തമിഴ്
30. കേരളത്തിലെ വാങ്മയങ്ങൾ
31. ലീലാതിലകകാരൻ
32. കോവുണ്ണി നെടുങ്ങാടി
33. കാൽഡ്വിൽ
34. ഇളംകുളം കുഞ്ഞൻപിള്ള
35. യോഗപഞ്ചശതം

36. പ്രതിജ്ഞാ യൗഗന്ധരായണം
37. ചൂർണ്ണി
38. ഭാരതഗാഥ
39. കെ.എൻ. എഴുത്തച്ഛൻ
40. 1858
41. എ.ആർ രാജരാജവർമ്മ
42. എം.എച്ച്.ശാസ്ത്രി
43. പന്മന രാമചന്ദ്രൻ നായർ
44. ആർ.നാരായണപ്പണിക്കർ
45. ദേശമംഗലത്ത് രാമവാര്യർ
46. സുജാതോദ്വാഹം- 1908- ഇന്ത്യാചരിത്രം
47. തരംഗിണി
48. അന്യാപദേശ ശതകം
49. ഫാദർ ജരാർദ്
50. റോബർട്ട് ഡ്രമണ്ട്
51. ക്രിയ
52. ഇടനില
53. കാവ്യനാടകാദിവിശേഷ വ്യവഹാരം
54. സംക്ഷേപവേദാർത്ഥം
55. സംസ്കൃത വൃത്തങ്ങൾ
56. സംസ്കൃതമാകുന്ന വെളുത്തീയവും മലയാളമാകുന്ന ചെമ്പും
57. ഭീമേശ്വരപുരാണമു
58. പയ്യന്നൂർ പാട്ട്
59. പുത്തൻകാവ് മാത്തൻ തരകൻ
60. അതിൽ വിഭക്ത്യന്തസംസ്കൃത പദങ്ങളില്ല
61. രാമചരിതവും തിരുനിഴൽമാലയും
62. മലയാളം മലയാളം നിഘണ്ടു
63. കേരള വൈദ്യപാരമ്പര്യം വെളിവാക്കുന്നു
64. ചേലനാട്ട് അച്യുതമേനോൻ
65. ആട്ടക്കഥയിലും ചമ്പുകളിലും
66. തമ്പിരാൻ വണക്കം (ഡോക്ട്രീന (ക്രിസ്റ്റം)
67. രണ്ടാംശില്പം
68. ന്റ, റ്റ, റ, ഴ, എ, ഒ, ന
69. ഫ്രോൺ മെയർ
70. ഡോ. കാൽഡ്വൽ
71. സി. എൽ.ആന്റണി
72. നടാങ്കുശം

73. കൃഷ്ണഗീതി
74. ഏ. ആർ. രാജരാജവർമ്മ
75. മലയാളം
76. തുളു
77. 12
78. കോകസന്ദേശം
79. കൃഷ്ണഗാഥ
80. മദിരാശി സർവ്വകലാശാല
81. മണിപ്രവാളകൃതികളിൽ നിന്നുള്ള ഉദ്ധരണികൾ ചേർത്തിരിക്കുന്നു
82. സ്വാമി കാരകം
83. എമിനോയും ബറോയും
84. എൽ. വി. രാമസ്വാമി അയ്യർ
85. പി. വി. വേലായുധൻ പിള്ള
86. കെ.എൻ. എഴുത്തച്ഛൻ
87. സ്വനതന്ത്രികളുടെ കമ്പനം
88. സംവൃതോകാരം
89. കാരകം
90. ണസ്തസ്യ ട :
91. കൂത്ത്
92. ഡാനിയൽ ജോൺസ്
93. ആഖ്യാതനാമം
94. താഴ്ന്ന
95. സമാക്ഷരലോപം
96. പൂർവപദം കേവലധാതുവായതിനാൽ
97. ചൂർണ്ണം
98. ക്രിസ്തുവർഷം 825 മുതൽ 1325 വരെ
99. കാൾഡ്വൽ
100. ആഗമികവ്യാകരണം

**സർവ്വകലാശാലാഗീതം**

--------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ്‌വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

## Regional Centres

### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin : 673002
Ph: 04952920228
email:rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery
Kannur, Pin : 670106
Ph: 04952990494
email:rctdirector@sgou.ac.in

### Tripunithura
Govt. College
Tirpunithura, Ernakulam
Kerala, Pin : 682301
Ph: 04842927436
email:rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad
Kerala, Pin : 679303
Ph: 04662912009
email:rcddirector@sgou.ac.in


DON'T LET IT
BE TOO LATE
SAY
NO
TO
DRUGS
LOVE YOURSELF
AND ALWAYS BE
HEALTHY
SREENARAYANAGURU
OPEN UNIVERSITY
SREENARAYANAGURU OPEN UNIVERSITY
The State University for Education, Training and Research in Blended Format, Kerala

വ്യാകരണം

COURSE CODE : M21ML04DC

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

ISBN 978-81-994027-9-9